KARIKKAMPALLY
SZ 382

# ജനേസിസ്



## തെക്കേത്തലയ്ക്കൽ കരിക്കംപള്ളി
## കുടുംബ ഡയറക്ടറി

# പാവനസ്മരണയ്ക്ക്



## ടി.വി. വർക്കി    റോസമ്മ

കരിക്കംപള്ളി,
തൊള്ളായിരത്തിൽ
ചെക്കിടിക്കാട്

# തെക്കേത്തലയ്ക്കൽ
# കരിക്കംപള്ളി
# കുടുംബ ഡയറക്ടറി



**THEKKETHALAKAL KARIKAMPALLY KUDUMBA DIRECTORY**
(Malayalam)
By
**T.J. Varkey Vachalil Karikampally &**
**Moncy Karikampally**

*Chief Editor:* **Rev. Dr. James Karikampally**

*Editor:* **Dr. Scaria Zacharia Karikampally**

*Collection of Photos & details :* **Jose Vachalil Karikampally**

*Layout & Design* **Jeeno Karikampally**

*Typesetting* **Color Park, Kottayam**

*Cover Design* **Moncy Karikampally**

*Printed at* **Maptho Printers, Ernakulam**

Copy right
**Thekkethalakal Karikampally Kudumba Yogam**

(For Private Circulation only)



**വി. ഗീവർഗ്ഗീസ് സഹദ**

**കുടുംബ മദ്ധ്യസ്ഥൻ**

## സമർപ്പണം

തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബാംഗങ്ങളുടെ
ഐക്യത്തിനും ശ്രേയസിനും വേണ്ടി പ്രവർത്തിക്കുകയും
ആദ്യകുടുംബ ചരിത്രം രചിക്കുകയും ചെയ്ത
പെ. ബഹു. ഗ്രിഗോറിയോസച്ചന്റെ
പാവനസ്മരണയ്ക്ക്



**തെക്കേത്തലയ്ക്കൽ കരിക്കംപള്ളിൽ**

## റവ. ഫാ. ഗ്രിഗോറിയോസ് സി.എം.ഐ.

**1861–1926**

# ഉള്ളടക്കം


ആമുഖം

അവതാരിക

ആശംസകൾ

ചരിത്ര പശ്ചാത്തലം - സ്മരണിക

തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബം - വംശാവലിയും ചരിത്രവും

ഫാ. ഗ്രിഗറിയോസ് സി.എം.ഐ - നാളാഗമം

ഫോട്ടോ - ഫാ. ഗ്രിഗറിയോസ് സി.എം.ഐ

ഫാ. എവുസേബിയോസ് സി.എം.ഐ.

ഫാ. ഗ്രിഗറി കരിക്കംപള്ളി

ഫാ. ജയിംസ് തെക്കേത്തലയ്ക്കൽ

ഫാ. തോമസ് മണലിൽ

വൈദികർ

സന്യാസിനികൾ

ജൂബിലി ഫോട്ടോകൾ

ചാർട്ടുകളും വിവരങ്ങളും

ചാർട്ട് വംശാവലി

കരിക്കംപള്ളി - ശാഖ

1. കളീക്കപ്പറമ്പ്
2. തൊള്ളായിരം
3. ഇലഞ്ഞിപ്പറമ്പ്
4. കളപ്പുരയ്ക്കൽ
5. നന്നാട്ടുമാലി
6. ചിറയിൽ
7. കരിക്കംപള്ളി

തെക്കേത്തലയ്ക്കൽ ശാഖ

1. അമ്പലത്തുംപറമ്പ്
2. വാണിയപ്പുരയ്ക്കൽ
3. അട്ടിച്ചിറ
4. മൂലയിൽ - നാലുപറ
5. കളത്തിപ്പറമ്പ്
6. പുത്തൻപറമ്പ്
7. തെക്കേത്തലയ്ക്കൽ
8. നന്നാട്

ടെലിഫോൺ ഡയറക്ട്രി

# പത്രാധിപ സമിതി


മോൻസി കരിക്കംപള്ളി


വക്കമ്മ വാച്ചാലിൽ കരിക്കംപള്ളി


ജോസ് വാച്ചാലിൽ
കരിക്കംപള്ളി


ജേക്കബ് ചാക്കോ
നന്നാട്ടുമാലി


റവ. ഡോ. ജയിംസ് കരിക്കംപള്ളി


ചാക്കോച്ചൻ
തെക്കേത്തലയ്ക്കൽ


തോമസ് മത്തായി കരിക്കംപള്ളി


സിബി കാട്ടാമ്പള്ളി


ജീനോ കരിക്കംപള്ളി


ഡോ. സ്കറിയ സക്കറിയാ കരിക്കംപള്ളി


അലൻ മാത്യു
വാണിയപ്പുരയ്ക്കൽ

# പത്രാധിപ സമിതി



എസ്. ബേബി
കരിക്കംപള്ളി



ജോർജ്ജുകുട്ടി
കരിക്കംപള്ളി



തോമസ് ജോസഫ്
കരിക്കംപള്ളി



സിബി കരിക്കംപള്ളി



പാപ്പച്ചൻ
കരിക്കംപള്ളി



ജയിംസൺ
കരിക്കംപള്ളി



ജേക്കബ് സെബാസ്റ്റ്യൻ
കരിക്കംപള്ളി



ജോർജ്ജുകുട്ടി
കരിക്കംപള്ളി



ജോയിച്ചൻ
കരിക്കംപള്ളി



ജോണിച്ചൻ
കരിക്കംപള്ളി



തോമസുകുട്ടി
കരിക്കംപള്ളി



ജോജി
കരിക്കംപള്ളി



ഷിബു
കരിക്കംപള്ളി



സജി
കരിക്കംപള്ളി



തോമ്മാച്ചൻ
കരിക്കംപള്ളി



വി.എം. ജോസഫ്
മുണ്ടൻകുന്നേൽ

# പത്രാധിപ സമിതി



അന്തോനിച്ചൻ
തെക്കേത്തലക്കൽ



സിബി
തെക്കേത്തലക്കൽ



ചാക്കപ്പൻ
തെക്കേത്തലക്കൽ



സാജു
തെക്കേത്തലക്കൽ



ഷാജി
തെക്കേത്തലക്കൽ



ജോജി
തെക്കേത്തലക്കൽ



ജോർജ്ജുകുട്ടി
തെക്കേത്തലക്കൽ



വക്കച്ചൻ
തെക്കേത്തലക്കൽ



ബിനീഷ്
തെക്കേത്തലക്കൽ



അന്തോനിച്ചൻ
തെക്കേത്തലക്കൽ



തങ്കച്ചൻ
തെക്കേത്തലക്കൽ



തങ്കച്ചൻ
തെക്കേത്തലക്കൽ



തങ്കച്ചൻ
തെക്കേത്തലക്കൽ



ഷോളി കരിക്കംപള്ളി



റോസ് കരിക്കംപള്ളി



റോജാ കരിക്കംപള്ളി

# കരിക്കംപള്ളിൽ

## പെയിന്റ് ഹൗസ്

**ബർജർ പെയിന്റ്സ് കളർവേൾഡ്**

**മാർക്കറ്റ് റോഡ്, എടത്വാ**

കംപ്യൂട്ടർ മിക്സിംഗ്, ഏഷ്യൻ പെയിന്റ്സ്, ഷാലിമാർ
പെയിന്റ്സ്, ബർജർ പെയിന്റ്സ്, സ്റ്റാർലാക് സിമന്റ്
പെയിന്റ്സ് മുതലായ കമ്പനികളുടെ
അംഗീകൃത വിതരണക്കാർ

10,000 പരം വർണങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്താൽ
നിമിഷങ്ങൾക്കുള്ളിൽ മിക്സ് ചെയ്ത് നൽകുന്നതാണ്.

**Ph: Shop 2214389**
**Res. 2212389**

---

# കരിക്കംപള്ളിൽ

## ട്രേഡേഴ്സ്

**മാർക്കറ്റ് റോഡ്, എടത്വാ**

**(പലചരക്കുകട)**

**A.V.T.**, കണ്ണൻദേവൻ, അബാൻ, ബ്രൂക്ക്ബോണ്ട്
മുതലായ കമ്പനികളുടെ അംഗീകൃത വിതരണക്കാർ
നല്ലയിനം തേയില, കാപ്പിപ്പൊടി, കറി പൗഡറുകൾ
എന്നിവ ഇവിടെ നിന്നും ലഭിക്കും

**Ph: Shop 2213089**
**Res. 2215089**

# ആമുഖം

തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബ ഡയറക്ടറി നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നതിന് ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

ബഹു. ഗ്രിഗോറിയോസച്ചൻ എഴുതുകയും പിന്നീട് പ്രസിദ്ധീകരിക്കുകയും ചെയ്ത "സ്മരണികയും" അഡ്വ. കെ.റ്റി. മത്തായി കരിക്കംപള്ളി കുടുംബത്തെകുറിച്ചെഴുതിയ ലഘു ചരിത്രവും ഫാ. കെ.സി. ജോർജ്ജ് കരിക്കംപള്ളിയുടെ "Called to the Companion by the Master" എന്ന ഇംഗ്ലീഷിലുള്ള ഡയറക്ടറിയും സമഗ്രമല്ല എന്നുള്ള തോന്നൽ കുടുംബാംഗങ്ങൾക്കിടയിൽ ഉണ്ടായപ്പോൾ കുടുംബാംഗവും വൈദീകനും ഇപ്പോൾ ജർമ്മനിയിൽ ഡോർമിറ്റ് ഇടവകയുടെ വികാരിയുമായ **റവ. ഡോ. ജയിംസ് കരിക്കംപള്ളി** കുടുംബാംഗങ്ങളെക്കുറിച്ച് സമഗ്രമായ ഡയറക്ടറി പ്രസിദ്ധീകരിച്ചാൽ നന്നായിരിക്കുമെന്നു അഭിപ്രായപ്പെടുകയും അന്നു മുതൽ ഈ സംരംഭത്തിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

എടത്വാ ചെക്കിടിക്കാട് പ്രദേശത്തെ അതിപുരാതനമായ നമ്മുടെ കുടുംബത്തിന്റെ പൂർവ്വ പിതാമഹൻ ചാക്കോ പെരുമാൾ കുടമാളൂരിൽ നിന്നും മദ്ധ്യതിരുവിതാംകൂറിലെ എടത്വാ പ്രദേശത്ത് എത്തിയത് മുതലുള്ള ചരിത്രം വസ്തുനിഷ്ടമായി പ്രസിദ്ധീകരിക്കുകയാണ് ഈ ഡയറക്ടറിയിൽ. അന്നു മുതൽ ഇപ്പോൾ പതിനൊന്നാമത്തെ തലമുറയിൽ എത്തി നിൽക്കുന്ന തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബാംഗങ്ങളെക്കുറിച്ചുള്ള ലഘുവിവരണമാണ് ഈ ഡയറക്ടറികൊണ്ട് ഉദ്ദേശിക്കുന്നത്.

ഉദ്യോഗത്തിനും ബിസിനസ്സിനുമായി ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലും വിദേശത്തും ജീവിക്കുകയാണ് നമ്മുടെ കുടുംബാംഗങ്ങൾ. എങ്കിലും നാടും കുടുംബവുമായി ഉറ്റ ബന്ധം പുലർത്തുകയും കുടുംബ ബന്ധങ്ങൾ വളരെ പരിപാവനമായി കരുതുകയും ചെയ്യുന്ന ആളുകളാണ് നമ്മുടെ കുടുംബക്കാർ. 11-ാം തലമുറയിലും ബന്ധംമുറിച്ച് വിവാഹം നടത്തുവാൻ നമ്മുടെ ആളുകൾ വൈമുഖ്യം കാട്ടുന്നു എന്നുള്ളതാണ് രസകരമായ വസ്തുത.

കരിക്കംപള്ളി തൊള്ളായിരം ശാഖയുടെ വിവരണങ്ങൾ അടങ്ങിയ ഡയറക്ടറി പ്രസിദ്ധീകരിക്കുക എന്നുള്ളതായിരുന്നു തുടക്കത്തിലെ ഉള്ള ലക്ഷ്യം. തുടർന്ന് കളീക്കപ്പറമ്പ്, ഇലഞ്ഞിപ്പറമ്പ്, നന്നാട്ടുമാലി, കളപ്പുരയ്ക്കൽ, ചിറയിൽ, കരിക്കംപള്ളി എന്നീ ശാഖകളുടെ വിവരണങ്ങൾ പ്രത്യേകമായി പ്രസിദ്ധീകരിക്കണമെന്നു ഞങ്ങൾ ആഗ്രഹിച്ചിരുന്നു. കുടുംബാംഗങ്ങളുടെ മൊത്തമായ അഭിപ്രായത്തെ മാനിച്ചുകൊണ്ട് എല്ലാശാഖകളേയും ഉൾപ്പെടുത്തി ഒറ്റ ഡയറക്ടറിയാക്കാം എന്നു പിന്നീട് തീരിമാനിച്ചു. പച്ച - ചെക്കിടിക്കാട് ഇടവകയിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബാംഗങ്ങളുടെ പൊതുവായ അഭിപ്രായത്തെ മാനിക്കാതിരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. നമ്മുടെ കുടുംബാംഗങ്ങളുടെ പരസ്പര ഐക്യത്തിലും സഹായസഹകരണങ്ങളിലും ഉള്ള ഉറച്ച വിശ്വാസം ഈ സംരംഭം വിജയിപ്പിക്കാം എന്നുള്ള ആത്മവിശ്വാസം ഞങ്ങളിലുണ്ടാക്കി. തുടർന്ന് പ്രസിദ്ധീകരണത്തെകുറിച്ച് ചിന്തിച്ചപ്പോഴാണ് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുമെന്ന് മനസ്സിലാക്കുന്നത്. ആളുകളെക്കുറിച്ചുള്ള വിവരണത്തോടൊപ്പം 2000ത്തിൽ പരം ഫോട്ടോകൾ ഉൾപ്പെടുത്തി ബൃഹത്തായ ഈ ഡയറക്ടറി ആധുനികരീതിയിൽ അച്ചടിക്കുന്നതിനു ഭീമമായ ചെലവു വരുമെന്നാണ് കണക്കാക്കിയത്. ഈക്കാലയളവിൽ മറ്റു കുടുംബങ്ങളുടേതായിവന്ന നിരവധി കുടുംബ ചരിത്രങ്ങൾ ഞങ്ങൾ കാണുകയുണ്ടായി. 11-ാം തലമുറയിൽ ജനിച്ച കുട്ടികളുടെ ഫോട്ടോവരെ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ഇത്തരത്തിലുള്ള ആദ്യ കുടുംബചരിത്രം തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബ ചരിത്രമാണെന്ന് ഞങ്ങൾ കരുതുന്നു. ഏതു കാര്യവും താരതമ്യേന മെച്ചമായും മികവുറ്റതായും ചെയ്യണമെന്നുള്ള ആഗ്രഹം നമ്മുടെ കുടുംബാംഗങ്ങൾക്ക് സ്വതസിദ്ധമാണല്ലോ. അതുകൊണ്ട് പ്രസിദ്ധീകരണ സംരംഭവുമായി ഞങ്ങൾ മുമ്പോട്ടു പോയി.

# കൃതജ്ഞത

തെക്കേത്തലയ്ക്കൽ കുടുംബ ഡയറക്ടറി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് സഹായിച്ച നിരവധി ആളുകളുണ്ട്. പ്രസിദ്ധീകരണ സംബന്ധമായ ഫോട്ടോകളും മററു വിവരങ്ങളും സമാഹരിച്ച തൊള്ളായിരത്തിൽ വാച്ചാലിൽ ജോസ്, ചീഫ് എഡിറ്ററായി പ്രവർത്തിച്ച **ഡോ.സ്കറിയ സഖറിയാ,** രചനയിൽ സഹായിച്ച **വി.എം ജോസഫ്** പള്ളിക്കത്തോട്, D.T.P-യും ലേഔട്ടും ചെയ്ത **ജീനോ** കരിക്കംപള്ളി എന്നിവരുടെ പേരുകൾ പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. അതോടൊപ്പം മറ്റു സഹായങ്ങൾ ചെയ്തു തന്ന കുഴിപ്പള്ളി ഇല്ലത്തെ **രാജീവ്,** മണർകാട് കോളേജിലെ മലയാളം അദ്ധ്യാപകൻ **Prof. M.G ചന്ദ്രശേഖരൻനായർ,** പ്രസ്സിലെ ജീവനക്കാർ എന്നിവരോട് ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബഡയറക്ടറി ബഹു. ഗ്രീഗോറിയോസച്ചന്റെ ഓർമ്മയ്ക്കായി കുടുംബാംഗങ്ങളുടെ പേരിൽ ഞങ്ങൾ ഈ ഡയറക്ട്രി സമർപ്പിക്കുന്നു.

**റ്റി.ജെ. വർക്കി** കരിക്കംപള്ളി വാച്ചാലിൽ

ചെക്കിടിക്കാട്
18-12-2004

**മോൻസി ജോർജ്ജ്** കരിക്കംപള്ളി തൊള്ളായിരത്തിൽ
ചെക്കിടിക്കാട്

# അവതാരിക

തൊക്കേത്തലയ്ക്കൽ കരിക്കംപള്ളി ഫാമിലി ഡയറക്ടറി പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ അഭിമാനം കൊള്ളുന്ന വ്യക്തിയാണ് ഞാൻ. 1974-76 കാലഘട്ടത്തിൽ ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ പരിചയപ്പെടുവാനും അടുത്തിടപഴകുവാനും കഴിഞ്ഞ റവ. ഫാ ഗ്രിഗറി കരിക്കംപള്ളി മനസ്സിനെ ഏറെ ആകർഷിച്ച വൈദികനായിരുന്നു. അന്നു മുതൽ ആ കുടുംബ പേര് മനസ്സിൽ തങ്ങി നിന്നിരുന്നു. കോളേജ് വിദ്യാഭ്യാസകാലം എടത്വാ, പുളിംങ്കുന്ന്, കൈനകരി, കാവാലം, തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ധാരാളം സഹപാഠികൾ എനിക്കുണ്ടായിരുന്നു. മഴക്കാലത്ത് കോളേജിൽ എത്തിച്ചേരുന്നതിനെക്കുറിച്ച് അവർ നടത്തിയിരുന്ന വർണ്ണനകൾ ഇപ്പോഴും മനസ്സിൽ മങ്ങാതെ നിൽക്കുന്നു. കുത്തുവരമ്പിലൂടെ നടന്ന് മട നീന്തിക്കയറി വള്ളത്തിൽ തോടുകടന്ന് കൈതയും കാരകവും തിങ്ങിനിറഞ്ഞ ഒറ്റയടിപാതയിലൂടെ കോളേജിൽ എത്തിച്ചേരുന്ന കഥ. കുട്ടനാടിനെ അന്ന് അത്ഭുതത്തോടെയാണ് കണ്ടിരുന്നത്. ഒരു വിദ്യാർത്ഥിയുടെ ജിജ്ഞാസയോടും വിനോദസഞ്ചാരിയുടെ ഉല്ലാസ മനോഭാവത്തോടെയും കുട്ടനാടൻ ജനങ്ങളെയും ഭൂപ്രദേശങ്ങളെയും കണ്ടിരുന്ന എനിക്ക് വിവാഹ ബന്ധത്തിലൂടെ ഈ പ്രദേശത്തെയും ആളുകളെയും അടുത്തറിയുവാൻ കഴിഞ്ഞു. പ്രകൃതി സൗന്ദര്യത്താൽ ദൈവത്തിന്റെ സ്വന്തം കൈയ്യൊപ്പുള്ള നാടെന്നു ലോകം വാഴ്ത്തുന്ന കുട്ടനാട്ടിലെ പ്രശസ്തമായ തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബ ഡയറക്ടറിയെക്കുറിച്ച് അവതാരിക എഴുതണം എന്നുള്ള നിർദ്ദേശത്തെ ഈ പശ്ചാത്തലങ്ങളിൽ അഭിമാനത്തോടുകൂടിയാണ് ഞാൻ കാണുന്നത്.

ജീവന്റെയും സംസ്കൃതിയുടെയും പ്രഹേളികസ്വഭാവം മനസ്സിലാക്കിക്കൊണ്ട് മാനവ സംസ്കാരത്തിന്റെ ഗതിവിഗതികൾ പഠിക്കുന്നത് രസകരമാണ്. ഒരു ദേശത്തിന്റെ ശതകാല ജീവിതവും പാരമ്പര്യവും ആചാരാനുഷ്ഠാന മര്യാദകളും സംസ്കാരവും നൽകുന്ന മിഴിവാർന്ന ചിത്രങ്ങൾ ആ ദേശത്തു താമസിക്കുന്ന വിവിധ സമുദായങ്ങളിലുള്ള കുടുംബങ്ങളുടെ ജീവിതരീതിയോട് ബന്ധപ്പെട്ടിരിക്കുന്നു. ഓരോ കുടുംബവും വിശാലമായ അർത്ഥത്തിൽ അധിവസിക്കുന്ന ദേശത്തിന്റെ ചരിത്രവുമായി അഭേദ്യമായി ഇണങ്ങിച്ചേരുന്ന അത്തരം വിവിധ സമുദായങ്ങളിൽപെടുന്ന സമൂഹത്തിന്റെ ഏറ്റവും അടിസ്ഥാന ഘടകമായ കുടുംബങ്ങളിൽ നിന്ന് ക്രിസ്ത്യൻ കുടുംബങ്ങളെ വ്യതിരിക്തമാക്കുന്ന നിരവധി ഘടകങ്ങളുണ്ട്.

കേരളത്തിലെ അതിപ്രശസ്തവും പ്രശസ്തവുമായ ക്രിസ്ത്യൻ കുടുംബങ്ങളുടെ വംശാവലി പരിശോധിക്കുമ്പോൾ വ്യതമായ ആദികാര്യം വിശ്വാസപാരമ്പര്യം സംരക്ഷിക്കുന്നതിൽ എല്ലാ കാലഘട്ടങ്ങളിലും ക്രിസ്താനികൾ മറ്റെന്തിനെക്കാളും മുൻതൂക്കം കൊടുത്തിരിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ടാണ് ക്രിസ്തുമതത്തോളം പഴക്കമുള്ള കേരളത്തിലെ ക്രൈസ്തവമായ സാമൂഹ്യ ജീവിത ശൈലി പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നത്. വർണ്ണവ്യവസ്ഥ നിലനിന്നിരുന്ന കേരളത്തിൽ ഇതര സമുദായങ്ങളിൽപെട്ടിരുന്ന ആളുകൾ സ്നേഹ ബഹുമാന ആദരവുകളോടെയാണ് ക്രൈസ്തവരെ കണ്ടിരുന്നത്. അതുകൊണ്ടു തന്നെ സാമൂഹിക ജീവിതത്തിൽ ഉൽകൃഷ്ടമായ സ്ഥാനം ക്രൈസ്തവർക്കുണ്ടായിരുന്നു. സത്യവിശ്വാസികൾ (തരിസാക്കൾ) നസ്രാണികൾ, മാർത്തോമ്മ ക്രിസ്ത്യാനികൾ, സുറിയാനികൾ, എന്നൊക്കെ അറിയപ്പെട്ടിരുന്ന ക്രിസ്ത്യാനികൾ ക്രമീകൃതമായ കുടുംബജീവിതമാണ് നയിച്ചിരുന്നത്. അങ്ങനെ ക്രൈസ്തവ വിശ്വാസവും സംസ്കാരവും ഇന്നാട്ടിലെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും, സംസ്കാരവുമായി സമജ്ഞസമായി സമ്മേളിച്ചുകൊണ്ട് ക്രൈസ്തവ ജീവിത ശൈലി രൂപപ്പെടുത്തിയതും ഇത്തരം അനേകം കുടുംബങ്ങൾ ഉൾക്കൊള്ളുന്നതാണ് കേരള ക്രൈസ്തവ ജനത. ഇതിൽ ഓരോ കുടുംബത്തിനും സ്വന്തമായ ഒരു സ്വത്വം ഉണ്ട്. കുടുംബചരിത്ര രചനകൊണ്ട് ഉദ്ദേശിക്കുന്നത് ഈ വ്യതിരക്തതയെ കണ്ടെത്തലാണ്. പൂർവ്വികരുടെ ജീവിതരീതികളും സ്വഭാവ പ്രത്യേകതകളും ഇതര കുടുംബങ്ങളുമായി അവർക്കുള്ള ബന്ധങ്ങളും മനസ്സിലാക്കുന്നത് അനന്തര തലമുറകൾക്ക് നവ്യമായ അനുഭവമായിരിക്കും

ചരിത്രത്തിന്റെ ജനകീയ രൂപമാണ് ജീവചരിത്രങ്ങൾ ഈ ജീവചരിത്രങ്ങളാണ് കുടുംബചരിത്ര രചനകൾക്ക് വഴിതെളിച്ചത്. ഒരു വ്യക്തി എത്ര ഉന്നതനായാലും ആ വ്യക്തി ഉൾപ്പെടുന്ന കുടുംബത്തിന്റെ സ്വാധീനം അയാളുടെ അഭ്യുന്നതിക്ക് വലിയ അളവു വരെ സഹായിച്ചിട്ടുണ്ട് തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബക്കാർ കേരളത്തിലെ മറ്റ് കുടുംബങ്ങളെപ്പോലെ തലയെടുപ്പുള്ള കുടുംബമായി പരിലസിക്കുന്നു.

നിരവധി പ്രശസ്ത വ്യക്തികളെ സമൂഹത്തിന് സംഭാവന ചെയ്യുവാൻ ഈ കുടുംബത്തിന് കഴിഞ്ഞിട്ടുണ്ട്. വിവിധ ശാഖകളിലായി ഇന്നറിയപ്പെടുന്ന സമഗ്രമായ അറിവ് അനന്ത തലമുറകൾക്ക് നൽകുന്നതിന് ഈ ഡയറക്ടറി സഹായകരമാകും എന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല. കുടുംബങ്ങൾക്കിടയിൽ പറഞ്ഞു പതിഞ്ഞ കഥകൾ പരാമർശിച്ചുകൊണ്ട്, പൂർവ്വപിതാക്കന്മാരെക്കുറിച്ചുള്ള നഖചിത്രം ഉൾപ്പെടുത്തി അതിജീവനത്തിനും കുടുംബബന്ധങ്ങൾ നിലനർത്തുന്നതിനും പ്രകൃതി സാഹചര്യങ്ങളെയും, രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക സാഹചര്യങ്ങളെയും പൂർവ്വികർ എങ്ങനെ നേരിട്ടുവെന്നും വിവരിക്കുന്ന ഈ ഡയറക്ടറി തീർച്ചയായും ഇതര ക്രിസ്ത്യൻ കുടുംബങ്ങൾക്ക് ഒരു മാതൃക കൂടിയാണ്.

അതികഠിനമായ ശ്രമങ്ങൾ ഈ ഡയറക്ടറി പൂർത്തീകരിക്കുന്നതിൽ ഉണ്ടായിട്ടുണ്ട്. വസ്തുതകൾ യഥാർത്ഥമായി അവതരിപ്പിക്കുന്നതിനു പരമാവധി ശ്രമിച്ചിട്ടുണ്ട് എന്ന് ഇത് വായിക്കുന്ന ആളുകൾക്ക് ബോധ്യമാകും.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രവചന രേഖയനുസരിച്ച് കുടുംബത്തെ ഗാർഹിക സഭയായാണ് ക്രൈസ്തവർ കാണുന്നത് നമ്മുടെ പഴയനിയമ വംശാവലിയുടെ ഉല്പത്തി വികാസപരിണാമങ്ങളെയാണഅ വിവരിക്കുന്നത്. ഗ്ലൈഹികപാരമ്പര്യം ഉള്ള കേരളത്തിലെ ക്രിസ്ത്യൻ കുടുംബങ്ങൾ എല്ലാ കാലഘട്ടങ്ങളിലും ഉദാത്തമായ കുടുംബജീവിതക്രമത്തിന് മാതൃകയാണ്. ശാസ്ത്രവും സംസ്കൃതിയും തമ്മിലുള്ള ചേർച്ച പുനർനിർവ്വഹിക്കുന്ന ഈ കാലയളവിൽ വംശസ്മരണകൾ ഉണർത്തുന്ന നിരവധി കുടുംബചരിത്രം പ്രസിദ്ധപ്പെടുത്തുന്നത് എന്തുകൊണ്ടും പ്രശംസനീയമാണ്. അതുകൊണ്ടുതന്നെ കരിക്കംപള്ളി തെക്കേത്തലയ്ക്കൽ കുടുംബ ഡയറക്ടറിക്കു കേരളത്തിലെ ഇതര കത്തോലിക്ക കുടുംബങ്ങൾക്കും ഇതര സമുദായങ്ങളിൽപ്പെട്ട ആളുകൾക്കും മാതൃകയായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

ജീവന്റെ തുടർച്ച കുടുംബങ്ങളിലുടെ നിലനിൽക്കുന്നു. ദൈവത്തോടും നമ്മളോടും സ്നേഹമുള്ള വ്യക്തികളായി വളരാൻ നല്ല കുടുംബ പശ്ചാത്തലങ്ങളാണ് വഴിതെഴിക്കുന്നത് അത്തരം നല്ല പശ്ചാത്തലമുള്ള തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബത്തിൽ നിന്നും മാനവരാശിയുടെ ശിരോഗാഥ വെട്ടിത്തിരുത്തുവാൻ പ്രാപ്തരായ അതിപ്രശസ്തരായ ആളുകൾ ഉണ്ടാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ കുടുംബഡയറക്ടറി കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടെയും കുടുംബചരിത്രങ്ങളിൽ തൽപരരായ വ്യതികളുടെയും മുമ്പിൽ വിനയപൂർവ്വം സമർപ്പിക്കുന്നു.

**വി.എം. ജോസഫ്**
നരിക്കാട് മുണ്ടൻകുന്നേൽ
(മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി)

പള്ളിക്കത്തോട്
31-12 - 2004



**VARKEY CARDINAL VITHAYATHIL**
MAJOR ARCHBISHOP OF
ERNAKULAM - ANGAMALY

Major Archbishop's House
P.B. No.2580, Cochin - 682031
Tel:0484-352629, 352906
Fax: 0484-355010
email:abperang@md3vsnl.net.in

# ആശംസ

എടത്വ പച്ച-ചെക്കിടിക്കാട് ഇടവക തെക്കേത്തലയ്ക്കൽ കരിക്കംപള്ളിൽ ക.നി.മൂ.സ. ഗ്രിഗോറിയോസച്ചന്റെ 75-ാം ചരമവാർഷിക സ്മരണികയായി പ്രസിദ്ധീകരിക്കുന്ന കുടുംബഡയറക്ടിക്ക് വിജയം നേരുന്നു.

കുടുംബബന്ധങ്ങളുടെ മൂല്യവും മഹത്വവും മനസ്സിലാക്കാതെ, സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി മനുഷ്യൻ ബന്ധങ്ങൾ മറന്ന് പ്രവർത്തിക്കുന്ന ഇക്കാലത്ത് ഇതുപോലുള്ള ഗ്രന്ഥങ്ങൾക്ക് വളരെ പ്രസക്തിയുണ്ട്. കുടുംബാംഗങ്ങൾക്ക് പരസ്പരം അറിയാനും അടുക്കുവാനും ഇത് സഹായകമാകും. കൂടാതെ ബ.ഗ്രിഗോറിയോസച്ചന്റെ ജീവിതത്തെക്കുറിച്ച് കൂടുതൽ അറിയാനും അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രചോദമുൾക്കൊള്ളാനും ഇന്നത്തെ തലമുറയ്ക്ക് ഈ ഡയറക്ടറി ഉപകരിക്കും.

തെക്കേത്തലയ്ക്കൽ കരിക്കംപള്ളിൽ കുടുംബ കൂട്ടായ്മ ഒരു മാതൃകാ കൂട്ടായ്മയായി വളരുന്നതിന് ഈ ഗ്രന്ഥം പ്രയോജനപ്രദമാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

+ Varkey Vithayathil

കർദ്ദിനാൾ വർക്കി വിതയത്തിൽ
മേജർ ആർച്ച് ബിഷപ്,
എറണാകുളം-അങ്കമാലി

മാർച്ച് 26, 2002



ARCHBISHOP GEORGE KOCHERRY
Apostolic Nuncio

P.O. Box 9675, Airport
ACCRA, GHANA
Phone (+233.21) 777.759
Fax (+233.21) 774.019

## സന്ദേശം

ലോകത്തിലെ ഏറ്റവും മനോഹരമായത് സ്നേഹസമ്പന്നമായ കുടുംബമാണ്. കുടുംബത്തിൽ നിറയുന്ന വിശുദ്ധിയാണ് കുടുംബങ്ങളെ മനോഹരമാക്കുന്നത്. നമ്മുടെ കേരളം കുടുംബഭദ്രതയ്ക്കും കൂട്ടായ്മകൾക്കും മാതൃക നൽകിയ പ്രദേശമാണ്. നമ്മുടെ സദാത്മകമായ ജീവിതവും അപ്പസ്തോലികമായ പാരമ്പര്യവും ഈ കെട്ടുറപ്പിന്റേയും വിജയങ്ങളുടേയും ആധാരശിലയാണ്.

നമ്മുടെ പൂർവ്വികന്മാർ അഭംഗുരം കാത്തുപരിപാലിച്ച കുടുംബജീവിതത്തിന്റേയും ശ്രേയസ്കരമായ നിലനിൽപ്പിന്റേയും പാഠങ്ങൾ നമ്മൾ എല്ലാവരും ജീവിതത്തിൽ പകർത്തണം. വിശ്വാസത്തിന്റെ സ്നേഹചരിത്രം ഓർത്ത് ഒന്നായിത്തീരുവാനും പങ്കുവയ്ക്കുവാനും കുടുംബയോഗങ്ങൾ ഇന്ന് സുപ്രധാന പങ്കുവഹിക്കുന്നു.

ഈ ദിശയിൽ സഭയ്ക്കും സമുദായത്തിനും മഹത്തരമായ സംഭാവനകൾ നൽകാൻ തെക്കേത്തലയ്ക്കൽ-കരിക്കംപള്ളി കുടുംബയോഗത്തിനും കുടുംബാംഗങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. സഭയുടെ നേതൃത്വനിരയിൽ ഒട്ടേറെ വൈദീകരേയും സന്ന്യാസിനികളേയും സംഭാവന ചെയ്യാൻ കഴിഞ്ഞ മാതൃകാചരിത്രവും പ്രത്യേകം ഞാൻ അനുസ്മരിക്കുന്നു. ഈ കുടുംബകൂട്ടായ്മയെ കൂടുതൽ വിശ്വാസത്തിലും അറിവിലും ഉണർത്താനും ഇന്നലെകളിലെ നല്ലകാര്യങ്ങൾ അക്ഷരങ്ങളായി സംഗ്രഹിക്കാനും പുറത്തിറക്കുന്ന കുടുംബചരിത്രത്തിന് എന്റെ എല്ലാഭാവുകങ്ങളും നേരുന്നു. ആശംസകൾ അർപ്പിക്കുന്നു.

പ്രാർത്ഥനാപൂർവ്വം

ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കോച്ചേരി
അപ്പസ്തോലിക് ന്യൂൺസിയോ



JOSEPH POWATHIL
METROPOLITAN ARCHBISHOP
OF
CHANGANASSERY

ARCHBISHOP'S HOUSE
CHANGANASSERY - 686 101
KERALA, INDIA

TEL. 0481/420040
FAX 422540

# ആശംസ

ചരിത്രബോധം ഉണർത്തുന്നതിനും കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനുമുള്ള ഒരുപകരണമായി തീർന്നിട്ടുണ്ട് ഇന്ന് കുടുംബയോഗങ്ങൾ. ഈ രണ്ടു രംഗത്തും കേരളീയർ വിമുഖരായുതുകൊണ്ട് കുടുംബയോഗങ്ങളുടെ ആഗമനത്തെ പുരോഗതിയിലേയ്ക്കുള്ള ഒരു നീക്കമായി കാണാവുന്നതാണ്. ശിഥിലമായ കുടുംബബന്ധങ്ങളുടെയും തൻപോരിമ ഭാവത്തിന്റെയും നടുവിൽ കുടുംബയോഗം പ്രത്യാശയ്ക്കു വക നൽകുന്നു.

പുരാതനമായ തെക്കേത്തലയ്ക്കൽ കരിക്കംപള്ളിൽ കുടുംബാംഗങ്ങൾ കുടുംബ ഡയറക്ടറി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചതു നന്നായി. പരസ്പരബന്ധങ്ങൾ പുലർത്തുന്നതിന് ഇത് വളരെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കാം. ഈ പരിശ്രമത്തിൽ സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ!

ഈശോ നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ.

+ J Powathil

ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിൽ

ഏപ്രിൽ 8, 2002

# ആശംസ

പ്രശസ്തവും, പൂരാതനവുമായ തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബഡയറക്ടറി പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ അതീവസന്തോഷമുണ്ട്. കേരളത്തിലും പുറത്തും സാമൂഹ്യസാംസ്ക്കാരിക ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ വ്യക്തിമുദ്രപതിച്ച പലരും ഈ കുടുംബത്തിൽനിന്നാണ്. അവർ പകർന്നു നല്കിയ വെളിച്ചവും ശക്തിയും ഈ ലോകത്തെ കുറേ കൂടി മനോഹരമാക്കി. എടത്വാ കോളജിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചകാലത്താണ് ഈ കുടുംബത്തെ കൂടുതൽ അറിയുവാനും പരിചയപ്പെടുവാനും സാധിച്ചത്. അത് ഒരു വലിയ അനുഗ്രഹമായി ഞാൻ കാണുന്നു.

കുടുംബഡയറക്ടറിക്ക് എല്ലാ വിജയങ്ങളും നന്മകളും നേരുന്നു. ഇതു തയ്യാറാക്കിയവരെ ഹാർദവമായി അനുമോദിക്കുന്നു.

**ഫാ. ചെറിയാൻ തലക്കുളം സി.എം.ഐ.**
**മുൻ പ്രിൻസിപ്പൽ**
**സെന്റ് അലോഷ്യസ് കോളജ്**
**എടത്വ**

**കോട്ടയം**
**25-08-2003**



**Bishop George Alencherry**
DIOCESE OF THUCKALAY

**Bishop's House**
Thuckalay - 629 175, Post Box 12
K.K.Dist, Tamil Nadu, India.

Tel: 04651-650633. Fax:0091-4651-653167
E-mail:mystery@md4.vsnl.net.in

# ആശംസ

തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബയോഗം തങ്ങളുടെ കുടുംബ ഡയറക്ടറി പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. അതിനു മുൻകൈ എടുത്ത എല്ലാവരേയും അനുമോദിക്കുന്നു.

ചെക്കിടിക്കാട് പ്രദേശത്തിന്റെയും പച്ച-ചെക്കിടിക്കാട് ഇടവകയുടെയും ചരിത്രത്തോട് അഭേദ്യം ബന്ധപ്പെട്ടുനില്ക്കുന്നതാണല്ലോ തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബത്തിന്റെ വംശാവലി. ക്രൈസ്തവസഭയ്ക്കും നാട്ടിലെ ജനങ്ങൾക്കും ചരിത്രത്തിലൂടെ നിലനില്ക്കുന്ന സംഭാവനകൾ ഈ കുടുംബം നല്കിയിട്ടുണ്ട്. സഭയെ സംബന്ധിച്ചിടത്തോളം ഈ കുടുംബത്തിൽ നിന്ന് ബഹുമാനപ്പെട്ട ഗ്രിഗോരിയോസച്ചൻ മുതലുള്ള വൈദീകവരേണ്യർ നല്കിയിട്ടുള്ള സേവനങ്ങൾ അവിസ്മരണീയമാണ്.

ഈ കുടുംബത്തിലെ പിൻതലമുറയ്ക്കു മാത്രമല്ല ചരിത്രാന്വേഷികളായ ഏവർക്കും ഉപകാരപ്രദമായ ഈ ഗ്രന്ഥത്തിന്റെ പ്രകാശനത്തിനു സർവ്വവിധ മംഗളങ്ങളും ആശംസിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രസാധകരെയും കുടുംബയോഗാംഗങ്ങളെവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ.

ഈശോയിൽ സസ്നേഹം

22-03-2002

തക്കലൈ

+ GAlencherry

ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി

# ചരിത്ര വഴികളിലൂടെ......

ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേക്കുള്ള പ്രയാണത്തിലാണ് തിരുസഭാമക്കൾ. ലോകത്തിൽ ആകമാനമായി വ്യാപിച്ചു കിടക്കുന്ന സഭാമക്കളുടെ ആത്യന്തികമായ ലക്ഷ്യം മാനുഷിക പരിമിതികളിൽ നിന്നു കൊണ്ട്, ദൈവീക പൂർണ്ണതയിലേക്ക് ഉന്മുഖമായി ജീവിക്കുക എന്നുള്ളതാണ്. ചരിത്രപരമായും, സാംസ്കാരികമായും, സാമൂഹികമായും, സാമ്പത്തികമായും, ഭൂമിശാസ്ത്രപരമായും വിഭിന്ന പശ്ചാത്തലങ്ങളിൽ ഇരുപതുനൂറ്റാണ്ടുകളായി ക്രിസ്തുമാർഗ്ഗത്തിലൂടെ സഞ്ചരിച്ചുകൊണ്ട്, ദൈവരാജ്യത്തിനു സാക്ഷികളായവരാണ് സഭാമക്കൾ. യഹൂദ സംസ്കാരത്തിലേക്കു പിറന്നു വീണ സഭയ്ക്ക് യഹൂദപാരമ്പര്യത്തിൽനിന്നും വളരെയേറെ കാര്യങ്ങൾ പൈതൃകമായി ലഭിച്ചു. എന്നാൽ ഇടുങ്ങിയ യഹൂദ മനസ്തിതിയിൽ ഒതുങ്ങി നില്ക്കാതെ, സാർവ്വത്രികമായി സഭ വളരുന്നതിന്റെ ചരിത്രമാണ് പിന്നീടുകാണുന്നത്. പാലസ്തീനയുടെ അതിർത്തിവിട്ട്, ഗ്രേക്കോ-റോമൻ സാംസ്കാരത്തിലേക്കും ക്രൈസ്ത ചൈതന്യം വിതറിക്കൊണ്ട് സഭവളരുന്ന ചരിത്രമാണ് നാം പിന്നീട് കാണുന്നത്. ലൗകീക ചിന്തയ്ക്ക് പ്രാമുഖ്യം നൽകുന്ന നാഗരികതയും, പതിനാലാം നൂറ്റാണ്ടിലാരംഭിക്കുന്ന ശാസ്ത്ര ചിന്താഗതിയും, ഹ്യൂമനിസത്തിന്റെയും, നവോത്ഥാന പ്രസ്ഥാനത്തിന്റെയും, നവീകരണ പ്രസ്ഥാനത്തിന്റെയും പ്രബോധോദയവും 18-ാം നൂറ്റാണ്ടിലാരംഭിക്കുന്ന വ്യാവസായിക ശാസ്ത്രസാങ്കേതിക പുരോഗതിയും, ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിലാരംഭിക്കുന്ന കമ്പ്യൂട്ടർവൽക്കരണവും സഭാജീവിതത്തെ ഏറെ സ്വാധീനിച്ച ലോക ചരിത്രത്തിലെ സംഭവഗതികളാണ്.

മതാത്മക ജീവിതത്തിന് എക്കാലവും പ്രാമുഖ്യം നൽകുന്ന ലോകത്തിലെ പ്രമുഖ രാജ്യമാണ് ഭാരതം. ലോകത്തിലെ എല്ലാ സമൂഹങ്ങളും മതാത്മക ജീവിതത്തിന് എല്ലാകാലഘട്ടങ്ങളിലും നിർണ്ണായകമായ പ്രാധാന്യം നൽകിയിരുന്നു. എന്നാൽ ലോകത്തിലെ ഏറ്റവും പഴക്കംചെന്ന ഹിന്ദു വിശ്വാസം ലോകത്തിലെ മതങ്ങളുടെ അമ്മയായി ഗണിക്കപ്പെടുന്നു. ക്രിസ്തുവിന്റെ കാലത്തിനു മുമ്പുതന്നെ പാശ്ചാത്യദേശങ്ങളുമായി ഭാരതത്തിനു വ്യാപാര ബന്ധങ്ങളുണ്ടായിരുന്നു. ഇന്ത്യാ സമുദ്രത്തിലൂടെ അറബികൾ, അസീറിയാക്കാർ, ബാബിലോണിയക്കാർ, യഹൂദന്മാർ, റോമാക്കാർ. ചീനാക്കാർ എന്നിവരുമായി ബി.സി. 4-ാം ശതകത്തിനു മുമ്പായിതന്നെ ഭാരതീയർ വാണിജ്യ ബന്ധങ്ങൾ തുടങ്ങിയതായി ചരിത്രം പറയുന്നു. ഭാരതത്തിന്റെ ഭാഗമായ മലബാർ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഇന്നത്തെ കേരളം ഏതാണ്ട് നാന്നൂറു മൈലുകളോളം വരുന്ന കടൽത്തീരത്താൽ സമ്പന്നമാണ്. അതുകൊണ്ടുതന്നെ അക്കാലത്ത് മുസീറിസ്, തിണ്ടിസ്, ബറേക്ക, നെൽക്കിണ്ട തുടങ്ങിയ പ്രമുഖ തുറമുഖ പട്ടണങ്ങളിലൂടെ സുഗന്ധവ്യഞ്ജനങ്ങളും ചന്ദനം, ആനക്കൊമ്പ്, മയിൽ തുടങ്ങിയവയും പാശ്ചാത്യ ദേശങ്ങളിലേക്ക് കയറ്റുമതി ചെയ്തിരുന്നു.

ബത്‌ലേഹേമിലെ കാലിത്തൊഴുത്തിൽ ജനിച്ച്, നസ്രത്തിൽ വളർന്ന് കാൽവരിമലയിൽ ക്രൂശിക്കപ്പെട്ട് മൂന്നാം നാൾ ഉത്ഥാനം ചെയ്ത യേശുമിശിഹാ തന്റെ രക്ഷാകരദൗത്യത്തിങ്കൽ പങ്കുചേരുവാൻ ജനങ്ങളെ ക്ഷണിച്ചു. അവരിൽനിന്നും പന്ത്രണ്ടുപേരെ അവൻ തിരഞ്ഞെടുത്തു. അവർക്ക് അവൻ അപ്പസ്തോല പദവി നൽകി. വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നതിങ്ങനെ. 'അവൻ പ്രാർത്ഥിക്കാനായി ഒരു മലയിലേക്ക് പോയി അവിടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് രാത്രി മുഴുവൻ ചെലവഴിച്ചു. പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ അടുത്തു വിളിച്ച് അവരിൽ നിന്നും പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് അവർക്ക് അപ്പസ്തോലന്മാർ എന്ന പേരു നൽകി. അവർ പത്രോസ് എന്ന പേരു നൽകിയ ശിമയോൻ, അവന്റെ സഹോദരൻ അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, പീലിപ്പോസ്, ബർത്തലോമിയ, മത്തായി, തോമസ്, ഹൽപെയുടെ പുത്രനായ യാക്കോബ്, തീവ്രവാദിയായി അറിയപ്പെടുന്ന ശിമയോൻ, യാക്കോബിന്റെ മകനായ യൂദാ, ഒറ്റുകാരനായിതീർന്ന യൂദാസ് സ്കറിയാത്തോ എന്നിവരാണ്. (ലൂക്കാ 6:1216)

ഈ പന്ത്രണ്ടുപേരെയും യേശു ഇപ്രകാരം ചുമതലപ്പെടുത്തി അയച്ചു. നിങ്ങൾ വിജാതിയരുടെ അടുത്തേയ്ക്ക് പോകരുത്. സമരിയാക്കാരുടെ പട്ടണത്തിലേക്കു പ്രവേശിക്കുകയും അരുത്. പ്രത്യുത ഇസ്രേയേൽ വംശത്തിൽ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേയ്ക്ക് പോകുവിൻ. പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രസംഗിക്കുവിൻ (മത്താ 10:57). അങ്ങനെ അപ്പസ്തോലന്മാരുടെ പ്രേഷിത പ്രവർത്തനങ്ങൾക്കു പ്രാരംഭമായി. തുടർന്ന് മിശിഹാ തന്റെ രക്ഷാകരദൗത്യം അവർക്ക് വെളിപ്പെടുത്തി. അവർക്ക് അവൻ പരിശുദ്ധാത്മാവിനെ നൽകി. പരിശുദ്ധാത്മാവ് അവരുടെ മേൽ ആവസിച്ചു.

പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും ജറുസലേമിലും യഹൂദിയ മുഴുവനിലും സമരിയായിലും ഭൂമിയുടെ

അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും (അപ്പ. 18) എന്ന യേശുവിന്റെ വചനങ്ങൾ ശിഷ്യന്മാർ നടത്തേണ്ടിയിരുന്ന പ്രവർത്തനങ്ങളുടെ രുപരേഖയായിരുന്നു. പ്രവചനപരമായ ക്രിസ്തുനാഥന്റെ വചനങ്ങൾ സാക്ഷാത്ക്കരിച്ചുകൊണ്ട് ജറുസലേമിൽ രുപംകൊണ്ട സഭ വളർന്ന് റോമാസാമ്രാജ്യത്തിന്റെ എല്ലാ കേന്ദ്രങ്ങളിലും വ്യാപിച്ച് ഭൂമിയുടെ എല്ലാ അതിർത്തികളിലും ചെന്നെത്തുന്നു. ക്രിസ്തുവിന്റെ അരുമ ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായിലൂടെ ഭാരതത്തിൽ ആദ്യനൂറ്റാണ്ടിൽതന്നെ ക്രിസ്തു സഭ ഉടലെടുക്കുന്നു.

## മാർത്തോമ്മാ ശ്ലീഹാ

യേശുവിന്റെ അരുമശിഷ്യൻ, പാലസ്തീൻകാരനായ യഹൂദൻ, ദിദിമോസ് എന്ന പേരുള്ള തോമസ്, സ്പർശിച്ചു നോക്കിമാത്രം വിശ്വസിച്ചവൻ, അപ്പസ്തോലൻ, ഭാരതസഭാ സ്ഥാപകൻ, ഭാരതത്തിൽ രക്തസാക്ഷിത്വം പ്രാപിച്ചവൻ എന്നീ വിശേഷണങ്ങളിൽ അറിയപ്പെടുന്ന കേരളസഭയുടെ പ്രഥമ ആചാര്യൻ മാർത്തോമ്മാശ്ലീഹാ.

എ.ഡി. ഒന്നാം ശതകത്തിൽ കേരളതീരത്തുണ്ടായിരുന്ന ഏറ്റവും തിരക്കേറിയ തുറമുഖ പട്ടണമായിരുന്നു മുചിരിപട്ടണം അഥവാ കൊടുങ്ങലൂർ. റോം, ഈജിപ്റ്റ്, അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും വ്യാപാരികൾ സുഗന്ധവിളതേടി ഇവിടെ വന്നിരുന്നതിന്റെ കാരണം ഈ പട്ടണങ്ങളെ ബന്ധിപ്പിച്ച് സുഗമമായ ഒരു ജലപാതയുണ്ടായിരുന്നു എന്നുള്ളതാണ്. ഈ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചാണ് മാർത്തോമ്മ എ.ഡി. 52 ൽ മുചിരി പട്ടണത്തിൽ വന്നിറങ്ങിയത് എന്നു വിശ്വസിക്കപ്പെടുന്നു.

അക്കാലത്ത് കേരളത്തിൽ ഉന്നത ആദർശങ്ങളാലും, തത്വോപദേശങ്ങളാലും, പടർന്നു പന്തലിച്ചിരുന്ന മൂന്നു തദ്ദേശിയ മഹാമതങ്ങളുടെയും (ബുദ്ധമതം, ജൈനമതം, ബ്രാഹ്മണമതം.) ഇവിടെ പ്രവാസികളായി വന്നു പാർത്തിരുന്ന തന്റെ സ്വജാതിക്കാരുടെയും, ഒരു സംഘടിതമതത്തിലും പെടാത്തവരുടെയും, ഒന്നിലധികം മതങ്ങളോടു ചായ്‌വുള്ളവരും ദ്രാവിഡരുടെയും, നാഗരികതയിൽ ഉയർന്ന നിലവാരമുള്ള ജനമദ്ധ്യത്തിലേക്കാണ് മാർത്തോമ്മശ്ലീഹാ തന്റെ സുവിശേഷം അടങ്ങുന്ന നവമതം അവതരിപ്പിച്ചത്. ഇവരിൽ ക്രൈസ്തവ ദർശനം ശ്രവിച്ച് ആദ്യമായി ജ്ഞാനസ്നാനം സ്വീകരിച്ചത് യേശുവിന്റെ സ്വന്തം ജനത (യഹൂദർ)തന്നെയായിരിക്കണം. കാരണം രക്ഷകന്റെ വരവ് പ്രതീക്ഷിച്ചിരുന്ന ജനസമൂഹമായിരുന്നല്ലോ അവർ. പിന്നീട് വിവിധ മതസ്ഥരും വർഗ്ഗക്കാരുമായ അനേകം വിജാതിയർ ക്രിസ്തുമതാവലംബികളായി ഇവർ ഗണ്യമായ സംഖ്യയായിരുന്നു എന്ന് അനുമാനിക്കാം. കാരണം നാലാം നൂറ്റാണ്ടിൽ ക്നായിതോമ്മായുടെ കൂടെ കുടിയേറിയവരെയും പേർഷ്യയിൽ നിന്നുവന്നവരേയും പരിഗണിച്ചാൽ മാർത്തോമ്മാ ക്രിസ്ത്യാനികളായിരുന്നു അംഗസംഖ്യയിൽ മുന്നിട്ടുനിന്നത്.

സുറിയാനി ക്രിസ്ത്യാനികളുടെ പരമ്പരാഗതമായ വിശ്വാസം ക്രിസ്തുമതം സ്വീകരിച്ചവർക്കുവേണ്ടി അപ്പസ്തോലൻ ഏഴുപള്ളികൾ സ്ഥാപിച്ചുവെന്നാണ്. അതായത് ഏഴു വലിയ സഭാ കൂട്ടായ്മകൾ. അവ കൊടുങ്ങല്ലൂർ, കോട്ടക്കാവ്, പാലയൂർ, കോക്കമംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിലാണ്. അപ്പസ്തോലൻ തന്റെ വചന പ്രഘോഷണം ആരംഭിച്ചത് കൊടുങ്ങല്ലൂരിലാണ്. ഇവിടെത്തന്നെയാണ് 4-ാം നൂറ്റാണ്ടിൽ ക്നായിതൊമ്മനും അനുയായികളും ബാബിലോണിൽ നിന്നു വന്നു കുടിയേറിയത്. 9-ാം നൂറ്റാണ്ടിൽ കൊല്ലം വഴി രണ്ടു വിദേശ മെത്രാന്മാർ കൊടുങ്ങല്ലൂരിൽവന്ന് അജപാലനം നടത്തി എന്നു ചരിത്രം പറയുന്നു. അതിനുശേഷം ഏതാണ്ട് 6 നൂറ്റാണ്ടു കാലം ഭാരത സഭയ്ക്ക് ചരിത്രപരമായി എന്തു സംഭവിച്ചു എന്നുള്ളത് ഇന്നും അജ്ഞാതമാണ്. ഒരു പക്ഷെ നമ്മുടെ ബഹുമാനപ്പെട്ട ഗ്രിഗോറിയോസച്ചന്റെ കുറിപ്പിൽ പറഞ്ഞതുപ്രകാരം 'തുലുക്കരുടെ ഞെരുക്കം മൂലം മാകാം' മാലിക് കഫുറിന്റെയും ഗിയാസുദിൻ തുഗ്ളക്കിന്റെയും ആക്രമണങ്ങൾ നടന്നത് ഈ കാലഘട്ടങ്ങളിലായിരുന്നു. അറബികൾ ഇന്ത്യൻ സമുദ്രത്തിലും, പേർഷ്യൻ ഉൾക്കടലിലും ശക്തി ഉറപ്പിച്ചതോടെ ഇന്ത്യയുമായുള്ള വാണിജ്യബന്ധത്തിന്റെ കുത്തക അറബികൾക്കായി. എന്നാൽ 1498 മെയ് മാസത്തിൽ വാസ്ഗോഡിഗാമയുടെ നേതൃത്വത്തിൽ കോഴിക്കോട്ടു വന്ന നാവികസംഘം തുറന്നുകൊടുത്ത പുതിയ സമുദ്രമാർഗ്ഗം ഭാരതസഭയുടെ ചരിത്രഗതിയിൽ നിർണ്ണായക സ്വാധീനത്തിനും വഴിത്തിരിവിനും കാരണമായി. പിന്നീട് പോർച്ചുഗീസുകാരുടെ വരവോടുകൂടിയാണ് കേരള ക്രൈസ്തവ സഭ ഉണർന്നതും വളർന്നു പന്തലിച്ച് ഇന്നത്തേ നിലയിലായതും.

## മാർത്തോമ്മാ ക്രിസ്ത്യാനികൾ

ഭാരതത്തിലെ അതിപുരാതനമായ ക്രൈസ്തവ സമൂഹമാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ. ആദ്യനൂറ്റാണ്ടുകളിൽ തന്നെ മലബാറിലെ ക്രിസ്ത്യാനികളെ ഹൈന്ദവ രാജാക്കന്മാർ പലവിധ ആനുകൂല്യങ്ങളും അവകാശങ്ങളും പദവികളും നൽകി ബഹുമാനിച്ചിരുന്നു. സെലൂഷ്യയിൽ നിന്നു മെത്രാന്മാരെ നമ്മൾ സ്വീകരിച്ചെങ്കിലും മാർത്തോമ്മ ക്രിസ്ത്യാനികളുടെ

ഭരണം നടത്തിയിരുന്നത് നാട്ടുകാരായ ആർച്ച് ഡീക്ക ന്മാരായിരുന്നു. അതുപോലെ മെത്രാന്മാരുടെ പ്രവർത്തനം, ആരാധനാക്രമം, പട്ടം നൽകൽ തുട ങ്ങിയ കാര്യങ്ങളിൽ ഒതുങ്ങിനിന്നിരുന്നു. അതൊടൊ പ്പംതന്നെ മലബാർ സഭയിൽ അല്മായർക്കു പ്രധാന സ്ഥാനം ഉണ്ടായിരുന്നു. സ്വതന്ത്രവും മാതൃകാപരവും അനുകരണീയവും ആയിരുന്നു ഭാരതസഭയുടെ വ്യക്തിത്വം. കുടുംബത്തിനും, അതുവഴി കുടുംബത്ത ലവനും പ്രമുഖമായ സ്ഥാനം നൽകുന്നതായിരുന്നു മാർത്തോമ്മ ക്രിസ്ത്യാനികളുടെ പാരമ്പര്യം.

## തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബ ഡയറക്ട്രി

ഒരു കുടുംബത്തിന്റെ അന്ത:സത്തയിലേക്ക് ഇറ ങ്ങിച്ചെല്ലുവാൻ അതിന്റെ ചരിത്രം മനസിലാക്കണം. ആരംഭം മുതൽ ഇന്നുവരെയുള്ള തെക്കേത്തല യ്ക്കൽ കരിക്കംപള്ളി കുടുംബത്തിന്റെ ആന്തരികവും ബാഹ്യവുമായ വികാസ പരിണാമങ്ങളുടെ ഏകദേശ ചരിത്രമാണ് ഈ ഡയറക്ട്രി. കുടുംബത്തിനും, കുടും ബത്തലവനും പ്രാമുഖ്യം നൽകിക്കൊണ്ട് കഴിഞ്ഞ 20 നൂറ്റാണ്ടുകളിലൂടെ ഉരുത്തിരിഞ്ഞ കുടുംബഘടന, മറ്റു കുടുംബങ്ങളുമായുള്ള ബന്ധം, ഇതരമതസ്ഥ രോടും, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, ഭരണ പശ്ചാത്തലങ്ങളോടുമുള്ള ഇടപെടലുകൾ സർവ്വോപരി സാർവ്വത്രിക സഭയ്ക്ക് ഈ കുടുംബം നൽകിയ സംഭാവന എന്നിവ ഹൃസ്വമായി വിവരിക്കു കയാണ് ഈ ഡയറക്ട്രി കൊണ്ട് ഉദ്ദേശിക്കുന്നത്.

എന്നാൽ ഈ ഡയറക്ട്രിയുടെ പ്രസിദ്ധീകരണ ത്തിന് പ്രചോദനമായ മറ്റൊരു വസ്തുതകൂടിയുണ്ട്. ഒരു നൂറ്റാണ്ടുമുമ്പ് പുണ്യശ്ലോകനായ ക.നി.മൂ.സ. ഗ്രിഗോറിയോസച്ചൻ രചിച്ച നാളാഗമ രൂപത്തിലുള്ള തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബ ചരിത്രം. ഒരു നൂറ്റാണ്ടു മുമ്പുതന്നെ രചിച്ച കുടുംബചരിത്രം സ്മരണികയായി 1977 ൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച കാര്യം കുടുംബാംഗങ്ങൾക്ക് അറിവുള്ളതാണല്ലോ. ഇന്നു ലഭ്യമായ പല കുടുംബചരിത്രങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്ന ഒന്നാണ് ബഹു. ഗ്രിഗോറിയോ സച്ചന്റെ നാളാഗമ രൂപത്തിലുള്ള സ്മരണിക. ഭാഷാ പരമായ തിരുത്തലുകൾ ഒന്നും നടത്താതെ ആ സ്മര ണിക അതേപടി ഈ ഡയറക്ട്രിയോടൊപ്പം പുന:പ്ര സിദ്ധീകരിക്കുവാൻ കഴിയുന്നതിൽ നമുക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. കുടുംബാംഗങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങളിലും കേന്ദ്രബിന്ദുവായി നില കൊള്ളുന്ന നല്ലവനായ ദൈവത്തിന് സ്തുതിയും കൃത ജ്ഞതയും അർപ്പിക്കുന്നു.

പത്രാധിപസമിതി

## സ്മരണിക

(1977 ൽ പുറത്തിറക്കിയ സ്മരണിക പുനഃപ്രസിദ്ധീകരണം)

'കർത്താവിന്റെ അനുഗ്രഹങ്ങളെ ഞാൻ നിത്യമായി പാടും '
അളവറ്റ കൃപാധിക്യത്താൽ സകലത്തെയും സൃഷ്ടിക്കയും പിതൃപക്ഷത്തോടെ സകലത്തെയും പരിപാലിക്കയും ചെയ്യുന്ന ത്രിത്വൈക സർവ്വേശ്വ രനു സർവഥാ സ്തുതി പാടുവാൻ കടം.

സർവ്വേശ്വരൻ മനുഷ്യവർഗ്ഗത്തെ തന്റെ ഛായയാ യിട്ടു സൃഷ്ടിക്കയും നിത്യമായി തന്നോടുകൂടെ സകല മനുഷ്യരും സ്വർഗ്ഗീയഭാഗ്യങ്ങളെ അനുഭവിച്ചു ഭാഗ്യപ്പെടുന്നതിനു ചിത്തമായിരിക്കയും ചെയ്യുന്നതി നാൽ സകലരും ദൈവത്തിന്റെ മക്കളും തൻനിമിത്തം സ്നേഹിക്കപ്പെടുവാൻ യോഗ്യരുമാണ്. ഇതിനാൽ മനുഷ്യരു തങ്ങളിൽ യാതൊരു വ്യത്യാസവുമില്ല. എന്നാൽ കുലശ്രേഷ്ഠതകൊണ്ടും സമ്പത്തു കൊണ്ടും ശാസ്ത്രവിദ്യകൊണ്ടും ചിലരു മികച്ചവ രായിരുന്നാലും സൃഷ്ടിതാവിൻ സന്നിധിയിൽ യാതൊരു വ്യത്യാസവുമില്ലാത്തതിനാൽ പരലോക ത്തിൻ മുമ്പാകെ ഇവയെല്ലാം നിസ്സാരമായി വിചാരി ക്കപ്പെടുന്നു. സാക്ഷാലുള്ള ശ്രേഷ്ഠത ഏതെന്നുവ ച്ചാൽ അകൃത്യമായ യാതൊന്നു ചെയ്യാതെ നീതിമ ര്യാദയായി ജീവിക്കുന്നത് : യഥാർത്ഥമായ സമ്പത്തു സർവ്വത്തിന്റേയും ഉടയവനായ ദൈവത്തെ സ്നേഹിച്ച് അങ്ങേക്കു ഇഷ്ടനായി ജീവിക്കുന്നതും, സാക്ഷാ ലുള്ള ശാസ്ത്രവിദ്യ, ദൈവകല്പനകളെ കൃത്യമായി അനുസരിക്കുന്നതും ആണ് എന്നതു സത്യമായ കാര്യം. ഇതിനാൽ ലൗകിക ശ്രേഷ്ഠതയും സമ്പത്തും ശാസ്ത്രവുമില്ലെങ്കിലും ദൈവത്തെ സ്നേഹിപ്പാൻ അറിയാവുന്നവൻ മേല്പറഞ്ഞ ഗുണങ്ങളെല്ലാം ഉള്ള വനെക്കായിലും ഭാഗ്യവാനാകുന്നു. മേല്പറഞ്ഞവയെ പ്രാപിക്കുന്നതിനു എല്ലാവർക്കും പ്രയാസമാണ്, സാധി ക്കുകയുമില്ല. എന്നാൽ കടശി (അവസാനം) പറയ പ്പെട്ട ഗുണങ്ങൾ നല്ല മനസ്സുള്ള എല്ലാവനും എളുപ്പ ത്തിൽ സാധിക്കാവുന്നതാണ്. എന്നുമാത്രമല്ല ഇഹ ലോക ഭാഗ്യങ്ങള് നിലനില്ക്കണമെങ്കിൽ ദൈവഭക്തി അത്യന്തം അവശ്യകമാണ്. ഇതിനാൽ ഇഹത്തിലും പരത്തിലും മനുഷ്യനെ ഭാഗ്യവാനാക്കിത്തീർക്കുന്ന ദൈവശാസ്ത്രം പഠിപ്പാൻ എല്ലാവരും ഉത്സാഹിക്കട്ടെ.

മേല്പറയപ്പെട്ട പ്രകാരം ലൌകിക ഭാഗ്യങ്ങളായ ഐശ്വര്യങ്ങളും ശ്രേഷ്ഠതയും നിലയില്ലാത്തതും തല്ക്കാലത്തേക്കു മാത്രമുള്ളതാണെങ്കിലും ഈ പ്രപ ഞ്ചത്തിൽ വളരെ സ്തുതിക്കപ്പെടുന്നവകളാണ്. സകല നന്മകളുടെയും കാരണഭൂതനായ സർവ്വേശ്വരൻതന്നെ

തനിക്കു ഇഷ്ടമുള്ളവർക്കു അവയെ കൊടുക്കുകയും മനസ്സാകുമ്പോൾ അവരിൽ നിന്നു എടുത്തുകളകയും ചെയ്യുന്നു.

ഇതിനാൽ സകല സംഭവങ്ങളിലും അങ്ങേ ചിത്തത്തിനു കീഴ്വഴങ്ങിയിരിപ്പാനും ഒരുത്തനു ശേഷമ്പേരിലെന്യേ ഏതെങ്കിലും ഒരു വിശേഷതയുണ്ടായിരുന്നാൽ ദൈവാനുഗ്രഹത്താൽ ലഭിച്ചതെന്നു വിചാരിച്ച് അത്യന്ത നന്ദിയോടും എളിമയോടും കൂടെ അങ്ങേയ്ക്ക് സ്തോത്രം ചെയ്യേണ്ടതുമാണ്. എന്നല്ലാതെ ദൈവാനുഗ്രഹത്താൽ കിട്ടിയിരിക്കുന്ന വല്ല ഗുണത്തെക്കുറിച്ച് നിഗളഭാവം നടിക്കയോ മറ്റുള്ളവരെ ഹീനമായി വിചാരിക്കയോ ചെയ്യുന്നത് ബുദ്ധിഹീനതയും പാപവുമാണ്. പ്രത്യുത ആയതു മുഖാന്തരം ശേഷമ്പേരിലെന്യേ ക്രമമായിട്ടും ദൈവഭക്തിയോടും ജീവിപ്പാൻ ആവശ്യം. മൂശ എന്ന ദീർഘദർശി ഇസ്രായേൽ ജനങ്ങളോട് സദാ പറഞ്ഞിരുന്ന വാക്യങ്ങൾ ഓർക്കേണ്ടതാണ്. അതായത്: ' എന്റെ ജനമേ ദൈവം നിന്റെ കാരണവന്മാരോടും നിന്നോടും ചെയ്ത അനുഗ്രഹങ്ങളും തന്ന ദാനങ്ങളും ഓർത്തുകൊണ്ട് തന്റെ പ്രമാണങ്ങളും കല്പനകളും സൂക്ഷ്മമായി അനുസരിക്കയും ദൈവകല്പനകളെ നീ അനുസരിച്ചു നടന്നാൽ നിനക്ക് ഒന്നിലും പോരായ്കയുണ്ടാകയില്ല. (നിന്റെ കാരണവന്മാർക്കു കൊടുത്തതൊക്കയും നിനക്കുമുണ്ടാകും). എന്നിരിക്കെ ദൈവം ചെയ്ത മനോഗുണങ്ങളെ അറിഞ്ഞിരിക്കേണ്ടതും ഞങ്ങളുടെ കാരണവന്മാർക്കുണ്ടായിരുന്ന വിശേഷഗുണങ്ങളെ മറക്കാതെ ഇരിക്കേണ്ടതുമാണു്. ആയതിനാൽ ദൈവസ്തുതിക്കായി ചില സംഗതികളെ അറിഞ്ഞിരിക്കുന്നിടത്തോളം വിവരിക്കുന്നു.

### തെക്കേത്തലക്കൽ പെരുമാൾ മാപ്പിളയുടെ വരവും പാർപ്പും

മഹാധനികനും വല്ലഭനുമായിരുന്ന നന്നാട്ടുപണിക്കരുടെ കുടുംബത്തോടുകൂടെ തെക്കേത്തലക്കൽ മാപ്പിളയും കുടുംബസഹിതം വടക്കേ പ്രദേശത്തിൽ നിന്ന് യാത്ര പുറപ്പെട്ടു വന്നപ്രകാരം പ്രസ്താവമാണ്. ഇവരു വരികയിൽ തങ്ങളുടെ അനവധി സ്വത്തുകളെയും മറ്റും കൊണ്ടുവന്നുവെന്നും കള്ളന്മാരെ ഭയന്ന് നന്നാട്ടു കിഴക്കുവശത്തുള്ള കുളത്തിൽ അവയൊക്കെയും താഴ്ത്തി എന്നും ഇവരു വന്ന സമയം അവിടെ നന്നാട്ടുപറമ്പിൽ കുടിയായി പാർത്തിരുന്ന നാടികളെയെല്ലാം (നായാടികൾ/അപരിഷ്കൃതർ) പണിക്കർ ഓടിക്കുകയോ കൊല്ലുകയോ ചെയ്തുവെന്നും മറ്റാരും ആ കരയിൽ ഇല്ലായിരുന്നുവെന്നും പറയപ്പെടുന്നു. ഇവരു വന്ന സമയം ആ സ്ഥലം കുറുംകാടു നിറഞ്ഞിരുന്നതിനാൽ ചെക്കിടിക്കാട് എന്നു പേരു വിളിച്ചുവെന്നും പിന്നീട് ഓരോ സ്ഥലങ്ങളെ തെളിച്ചെടുത്തെന്നും പറയപ്പെടുന്നു. തെക്കേത്തലക്കൽ മാപ്പിള ആദ്യ പല്ലാപറമ്പിലും പിന്നീട് തെക്കേത്തലക്കലും മാറി പാർത്തുവെന്നും പറയപ്പെടുന്നു. ആദ്യം വന്ന ആളിന്റെ പേരും കാലവും പറയപ്പെട്ട സ്ഥലവും ഇന്നതെന്നു നിശ്ചയിച്ചു പറവാൻ പ്രയാസം.

എംകിലും ആദ്യമുള്ള പേരു് ഇന്നതെന്നു പിന്നീടുള്ള സന്തതികളുടെ പേരുകൊണ്ട് നിശ്ചയിക്കാവുന്നതാണ്. ആയതു പെരുമാൾചാക്കോ അല്ലെങ്കിൽ ചാക്കോപെരുമാൾ എന്നായിരുന്നു. എന്തെന്നാൽ പിന്നീടു കുറെ സന്തതികൾ കഴിഞ്ഞിട്ടും ഈ പേരുമാറ്റം കൂടാതെ ഉപയോഗിച്ചു വന്നിരുന്നതിനാൽ ഇത് അവരുടെ പൂർവ്വന്മാരുടെ പേരും അവരുടെ ജാതിയെ പ്രത്യേകിച്ചും പ്രദർശിപ്പിക്കുന്നതിനാൽ ഈ പേരിനെത്തന്നെ തലമുറകൾ തോറും ഉപയോഗിച്ചുവന്നുവെന്നും സ്പഷ്ടമാണ്.

പെരുമാൾ എന്ന നാമം ദേശത്തിന്റെ അധിപതികൾക്കും അവരുടെ സംബന്ധക്കാർക്കും അടുത്തതും ഒരു സ്ഥാനപ്പേരുപോലെ പറയപ്പെടുന്നതുമാണ്. ഇതു പൂർവ്വകാലം മുതൽ ഇന്ത്യയിൽ പ്രത്യേകം പാണ്ടിയിലും മലയാളത്തിയും ചക്രവർത്തികളായിരുന്നവർ ഉപയോഗിച്ചുവന്നതും ഇപ്പോഴും ഉപയോഗിക്കുന്നതുമാണ്. വി. തോമാശ്ലീഹാ പെരുമാളന്മാരിൽ രണ്ടുപേരെ മെത്രാന്മാരാക്കിയെന്നും, നാലുപേരെ കാര്യസ്ഥന്മാരായും ഏർപ്പെടുത്തി എന്നും പൂർവ്വചരിത്രത്തിൽ വായിക്കപ്പെടുന്നു. മാർ തോമ്മാശ്ലീഹായുടെ അറിയിപ്പിൽ അനേക ശ്രേഷ്ഠകുലക്കാരും ബ്രാഹ്മണരും രാജകുലക്കാരും പ്രഭുക്കളും മറ്റും അനേകായിരം ആളുകൾ സത്യവേദം കൈക്കൊണ്ടിരിക്കെ അവരിൽ പ്രധാനപ്പെട്ട ഒരു ജാതിക്കു് ഈ പേരു വിളിക്കപ്പെട്ടിരുന്നു. ഇതിനാൽ തങ്ങളുടെ സന്തതികളും തങ്ങളുടെ ജാതിയെ അറിഞ്ഞിരിപ്പാനായി കാരണവന്മാരു തങ്ങളുടെ പൂർവ്വസംബന്ധപ്പേരിനെ ഏറെക്കാലം കാത്തു സൂക്ഷിച്ചുവെന്നും പറവാൻ ന്യായം.

എന്നാൽ വലിയ ജനങ്ങൾ സാധാരണ നിവസിച്ചിരുന്ന സ്ഥലം വടക്കേപ്രദേശങ്ങളിലായിരുന്നു: ചോഴമണ്ഡലം; പാണ്ടിമണ്ഡലം, കല്യാണപുരി, മയിലാപ്പൂർ, കൊടുങ്ങല്ലൂർ, കണ്ണൂർ, കോഴിക്കോട്, പാളയംകോട്, ഇത്യാദിയാകുന്നു.

പൂർവ്വകാലത്തിൽ വളരെപ്പേർ, അജ്ഞാനികളും ക്രിസ്ത്യാനികളും, വടക്കേദേശങ്ങളിൽനിന്നു, ചിലർ തുലുക്കരുടെ ഞെരുക്കം ഹേതുവായും ചിലർ പുതുതായ വാസസ്ഥലം മോഹിച്ചും, മലയാളത്തിൽ പല യുഗങ്ങളിൽ വന്നതായി കാണ്മാനുണ്ടു്. എന്നാൽ ഇവരുടെ വരവു് ആദ്യയുഗങ്ങളിലല്ലെങ്കിലും മദ്ധ്യത്തിലെന്നു നിശ്ചയമാണ്.

മിശിഹാകാലം 1493ൽ (എ.ഡി. 1498 മേയ് മാസ

ത്തിലാണ് പോർത്തുഗീസുകാർ കേരളത്തിലെത്തിയ ത്-എഡിറ്റർ) പോർത്തുഗാൾ ദേശത്തുകാർ ഇന്ത്യയിൽ വന്നുവെന്നു ആ കാലങ്ങളിൽ അമ്പലപ്പുഴ രാജാവിന്റെ വാഴ്ച പ്രബലപ്പെട്ടിരുന്നുവെന്നും ചരിത്രങ്ങളിൽ കാണ്മാനുണ്ട്. എന്തെന്നാൽ യുദ്ധവിഷയങ്ങളിൽതന്നെയും പോർത്തുഗൾക്കാര് തങ്ങളുടെ സ്നേഹിതനായ ഈ രാജാവിനെ സഹായിച്ചിരുന്നു. ചേരമാൻ പെരുമാൾ മലയാളത്തിലെ ക്രിസ്ത്യാനികൾക്കു അനേക സ്ഥാനമാനങ്ങൾ കല്പിക്ക ഹേതുവാൽ മറ്റു വടക്കേദേശങ്ങളിൽനിന്നു അനേകർ വന്നു ചേർന്നിരുന്നു. ആയത് ഏകദേശം 9-ാം യുഗത്തിലാണ് 9-ാം കാലത്തിൽ (നൂറ്റാണ്ടിൽ) അല്ലെങ്കിൽ അതിനു ശേഷമത്രെ. ആകയാൽ ശ്ലീഹാക്കാലം (എ.ഡി.) 1000 കഴിഞ്ഞിട്ട് ഇവരു വന്ന പ്രകാരം നിശ്ചയിക്കാവുന്നതാണ്. അതിനു മുമ്പിലെന്നൂഹിപ്പാൻ ന്യായങ്ങളൊന്നുമില്ല. അമ്പലപ്പുഴ പട്ടണത്തിൽ ആദ്യകാലങ്ങളിൽ ഊരാഴ്മക്കാരു (ക്ഷേത്രഭരണാധികാരികൾ/പ്രാദേശിക നാടുവാഴികൾ) നമ്പൂരിമാരു വാണിരുന്നു. പിന്നീട് അത്രേ കൊടമാളൂർ ദേശത്തുകാരൻ ചെമ്പകച്ചേരി രാജാവ് ആ സ്ഥലം പിടിച്ചു വാഴുവാൻ തുടങ്ങിയത്.

ചെമ്പകശേരി രാജാവും വാണിരുന്ന കാലത്തിൽ ഇവരു വന്നപ്രകാരം പറയപ്പെടുന്നു. ആയതു മേല്പറയപ്പെട്ട കാലങ്ങളോടു ഒത്തുവരുന്നതാണ്. ചെമ്പകശേരി രാജാവു ബ്രാഹ്മണവംശത്തിലുള്ളവനും ചേരമാൻ പെരുമാളിനാൽ രാജിതത്തിന്റെ (രാജ്യം) അവകാശികളിലൊരുത്തനുമായി നിശ്ചയിക്കപ്പെട്ടവനുമാണ്. അനന്തരം ആ കുടുംബത്തിൽ പ്രധാനികൾ മരിച്ചുപോകയാൽ മറ്റു ബ്രാഹ്മണരു രാജിതം അപഹരിച്ചു. പിന്നീട് കുറേക്കാലം കഴിഞ്ഞപ്പോൾ ആ സന്തതിയിൽ വിദ്വാനായ ഒരു യുവാവു് ഉണ്ടാകയാൽ അവൻ പ്രധാന നമ്പൂതിരിമാരെ ഒക്കെ കൊന്നു സ്വന്ത രാജ്യം കൈവശപ്പെടുത്തിയതുകൂടാതെ സൈന്യത്തെ ക്കൂട്ടി ചുണ്ടൻ വള്ളത്തിൽ കയറി അമ്പലപ്പുഴയെ ച്ചെന്ന് ആദേശവും പിടിച്ചടക്കി വാണുപോൽ. മാർത്തോമ്മാ ശ്ലീഹായുടെ ശ്രമത്താൽ ഏറിയ ജനങ്ങൾ സത്യവേദം അനുസരിച്ചു വെംകിലും പിന്നീട് അജ്ഞാനികളും ക്രിസ്ത്യാനികളും തമ്മിൽ വിശേഷ വെറുകൃത്യമൊന്നും കൂടാതെ മുമ്പിൽ നടന്നിരുന്ന ജാതിമുറ പോലെ ഓരോ അടിയന്തരങ്ങളിൽ കൂടിക്കഴിഞ്ഞും അമ്പലങ്ങളിലും ദൈവാലയങ്ങളിലും ആഘോഷങ്ങൾക്കു തമ്മിൽ സഹായിച്ചും ആദ്യയുഗങ്ങളിൽ നടന്നുവന്നു. എന്നുമാത്രമല്ല ക്രിസ്തീയരുടെ നേരെ വലിയ മതിപ്പുമായിരുന്നതിനാൽ പ്രധാന മനകളുടേയും മഠങ്ങളുടെയും സമീപത്തിൽ ഒരു ക്രൈസ്തവന്റെ വീടും ഉണ്ടാകുന്നതു മഹാകാര്യം പോലെ വിചാരിച്ചു വന്നിരുന്നു. ഈ മുഖാന്തിരത്താൽ മലയാളത്തിൽ പല സ്ഥലങ്ങളിലുമൂണ്ടായിരുന്ന പ്രധാന നമ്പൂരിമാർ, യജമാനന്മാർ ആദിയായവരുടെ ഭവനങ്ങൾക്കു സമീപം മാപ്പിളമാരും വന്നു പാർത്തു കൊള്ളുന്നതിനു സംഗതിയായത്. ഈ മുഖാന്തരമായി തെക്കേത്തലയ്ക്കൽ മാപ്പിളയും ചെക്കിടിക്കാട്ടു വന്നു വസിപ്പാൻ സംഗതിയായി.

നന്നാട്ടു പണിക്കർ ധന ഐശ്വര്യങ്ങളിൽ പ്രബലപ്പെട്ടവനായിരുന്നതിനാൽ ആ ദേശത്തിലെ രാജാവിനും മഹാപ്രിയനായിരുന്നു. ഈ വഴിയായിട്ടും മറ്റും അനുഗ്രഹ പിതാവായ സർവ്വേശ്വരൻ തെക്കേത്തലക്കൽ മാപ്പിളയേയും ഉയർത്തുവാൻ ചിത്തമായി എന്നു പറയേണ്ടു. ആദ്യ കാലങ്ങൾ തൊട്ടു തന്നെ അമ്പലപ്പുഴെ, ചെമ്പകശ്ശേരി നൃപന്മാർ ഇവരുടെ സന്തതികൾക്കും ഇവർക്കും ഓരോ സ്ഥാനമഹിമകളും, അവകാശങ്ങളും കൊടുത്തു വന്നപ്രകാരം പ്രസിദ്ധപ്പെട്ട കാര്യമാണ്. രാജാവിന്റെ കാര്യങ്ങളൊക്കെയിലും ഒരു പ്രധാനിയെപ്പോലെ കാര്യങ്ങൾ അന്വേഷിച്ചിരുന്ന പ്രകാരവും ആ മഹാനുഭാവന്മാർക്ക് ഇവരുടെ നേരെ അത്യന്ത മനോവിശ്വാസവും പ്രീതിയുമായി ഓരോ ജോലികളിൽ ഏർപ്പെടുത്തിയിരുന്ന പ്രകാരവും സ്പഷ്ടമായതാണു്. ഇതൊക്കെയും ഓർത്താൽ ഇവരുടെ ഒരു സാമർത്ഥ്യവും ധനപുഷ്ടിയും കൊണ്ടു് എന്നല്ല വിചാരിക്കേണ്ടതും ദൈവം തന്റെ മക്കളായ ക്രിസ്ത്യാനികളോടു് ആ രാജകുടുംബക്കാർക്കു ഒരു പ്രത്യേക താല്പര്യം ജനിപ്പിക്കയാൽ അങ്ങേ അനുഗ്രഹത്തിന്റെ പ്രവൃത്തിയെന്നു മാത്രമേ വിചാരിപ്പാനുള്ളു. എന്നാൽ ഇവരുടെ പൂർവ്വനാമം ഇതിനു സഹായിച്ചുവെന്നു പറയാവുന്നതാണു്. എന്തെന്നാൽ ഈ വഴിയാൽ ആദ്യകാലങ്ങളിൽ ഇവരു ഇന്ന വിധമുള്ളവരായിരുന്നു വെന്നു പ്രസിദ്ധപ്പെട്ടിരുന്നു. ആ രാജാവ് ആരംഭത്തിലെതന്നെ ക്രിസ്ത്യാനികളോടു മഹാ അനുകൂലവും പക്ഷവുമായിരുന്നു. മാപ്പിളമാരിൽ പ്രധാനപ്പെട്ടവർക്കു് ഓരോ സ്ഥാനമാനങ്ങൾ കൊടുത്തതുകൂടാതെ കൊടമാളൂർ, കല്ലൂർകാടു് എന്ന ദേവാലയങ്ങളെ പണിയിക്കുന്നതിനു സഹായിക്കുകയും അവയ്ക്ക് ഓരോ അനുഭവങ്ങളെയും (കരമൊഴിവായി നൽകുന്ന വസ്തുക്കൾ/അവകാശങ്ങൾ) കല്പിച്ചുകൊടുത്തുവെന്നതും അറിയപ്പെട്ട സംഗതിയാണു്.

തെക്കേത്തലയ്ക്ക മാപ്പിളയുടെ സന്തതിയിൽവച്ച് പെരുമാൾ ചാക്കോ എന്നയാൾ അത്രേ ഏറ്റം കീർത്തിയും മാനവും ഈ തറവാടിനു വരുത്തിയതും ഇയാൾ ഒടുവിലത്തെ പെരുമാൾ അപ്പൂപ്പന്റെ അപ്പൂപ്പനാണു്. (അപ്പന്റെ അപ്പൻ). ഇയാൾ മുമ്പും പിമ്പും ഉണ്ടായിരുന്നവരിൽ വച്ചു്; ബുദ്ധിസാമർത്ഥ്യവും കീർത്തിയുമുള്ളവനും രാജസേവകൊണ്ടും ഇഷ്ടം കൊണ്ടും ആ ദേശവാസികളാൽ വണങ്ങപ്പെട്ടവനുമാണു്. അമ്പലപ്പുഴ വാടകോരിച്ചതും (കിടങ്ങു കുഴിപ്പിക്കുക) മറ്റു സാരപ്പെട്ട ചില സർക്കാർ കാര്യങ്ങളും

ഇയാളുടെ പ്രയത്നത്താൽ നടത്തപ്പെട്ടതായി ഇന്നും ജനസമ്മതമാണു്. ഇവർക്കു് കച്ചകെട്ടും അഭ്യാസവും പരിചയമായിരുന്നു. തന്നിമിത്തം രാജാവു് ഇയാൾക്കു ഇയാളിന്റെ സന്തതിയ്ക്കും നല്കപ്പെട്ടതായ ചില സ്ഥാനമഹിമകളെ കല്പിച്ച് കൊടുത്തതിൽ ഒന്നു അമ്പലപ്പുഴെ അമ്പലത്തിലെ വലിയ ഉത്സവത്തിനും രാജ്യത്തില പ്രധാനികളൊക്കെ കൂടുന്നതാകയാൽ തെക്കേത്തലയ്ക്കൽ മാപ്പിളയുടെ

സന്തതിക്കാരിൽ ആരെങ്കിലും ആഘോഷത്തിനു ചെല്ലുമ്പോൾ പുല്പായും അഞ്ഞാഴി അവലും കാലാകാലത്തോളം കൊടുത്തുകൊള്ളണമെന്നുള്ള പ്രമാണവും വച്ചു. (അതിൻപടി നടന്നുവന്നു) ചുരുക്കിപ്പറഞ്ഞാൽ പ്രധാന മാപ്പിളമാർക്കു എന്നല്ല അജ്ഞാനികളിൽ പ്രധാനികൾക്കും ആ രാജാക്കന്മാരു കല്പിച്ചുകൊടുത്തിരിക്കുന്ന സ്ഥാനമഹിമകളിൽ ഒന്നിലും ഈ വീട്ടുകാരെ താഴ്ത്തിയില്ലായെന്നു തെളിയിച്ച സംഗതിയാണ്. എന്നുമാത്രമല്ല പെരുമാൾ ചാക്കോ അല്ലെങ്കിൽ അയാളുടെ മക്കളുടെ മക്കളുടെ കാലത്തിൽ ഒരു വിശേഷമായ ചുണ്ടൻ വള്ളം തീർത്തു ആയതു രാജാവിനു കാഴ്ചവച്ചതിൽ അദ്ദേഹം അത്യന്തം പ്രസാദിച്ചു വള്ളം നിങ്ങൾക്കു തന്നെയായിരിക്കട്ടെയെന്നും നാം പുറപ്പെടുമ്പോൾ രണ്ടു ചുണ്ടൻ വേണ്ടുന്നതാകയാൽ അതിൽ ഒന്നു നിങ്ങളുടേയും ഒന്നു പഴേരിക്കൽ കൈമ്മളുടെയും ആയിരിക്കണമെന്നു കല്പിച്ചു കൊണ്ട് മുന്നൂറു പറയ്ക്കു നിലം വിളവോടുകൂടെ ഇവർക്കു നിത്യമായി അനുഭവിക്കുന്നതിനു കൊടുത്തരുളി. ആയതു വടക്കനായ ഒരു പണിക്കന്റെ വകയായിരുന്നുവെന്നും അവൻ വിളവിറക്കി നെല്ലുവിളഞ്ഞുകിടക്കയാൽ ഇവർക്കു രാജാവു നിലം എടുത്തുകൊടുത്തുവെന്നും നിലം ഇത്രയ്ക്കെന്നു നിശ്ചയിക്കാതെ ഒരാട്ടിൻ തുകലെടുത്തു വട്ടത്തിൽ കണ്ടിച്ചു അതുകൊണ്ട് ചുറ്റളവെത്തിയിടത്തോളം വസ്തു ഇവർക്കായി കൊടുത്തുവെന്നും ഈ വസ്തു കേളമംഗലത്തായിരുന്നുവെന്നും പറയപ്പെടുന്നു. മേല്പറയപ്പെട്ട പെരുമാൾ ചാക്കോയ്ക്ക് രണ്ടു മക്കളുണ്ടായിരുന്നു അതിൽ ഇളയ ആൾ തെക്കേത്തലയ്ക്കൽ പാർത്തു; മറ്റെയാൾ ചെത്തിക്കളത്തിൽ അല്ലെങ്കിൽ കാട്ടുങ്കൽ പാർത്തു. ഇയാൾക്ക് ഏഴുമക്കൾ ഉണ്ടായി. അവരെല്ലാവരും ധൈര്യവന്മാരും അഭ്യാസം അറിയാവുന്നവരുമായിരുന്നു. തെക്കേത്തലയ്ക്കൽ പാർത്തയാളിന് ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ആയതു പെരുമാൾ ചാക്കോ അല്ലെങ്കിൽ ചാക്കോ പെരുമാൾ എന്നായിരുന്നു. (ഇവരിലുണ്ടായ ഒരു മുത്തിയെ വെട്ടുതോട്ടുങ്കൽ കെട്ടിച്ചുവെങ്കിലും സന്തതിയുണ്ടാകാതെ മരിച്ചു.

മേല്പറയപ്പെട്ടതുകൂടാതെ മറ്റും ഓരോ ന്യായങ്ങൾ പറഞ്ഞു വേറെ അവകാശങ്ങളും വിരുത്തികളും ഓരോ രാജാക്കളിൽനിന്നും വാങ്ങിച്ചുവെന്നു പറയപ്പെടുന്നു. എന്തെന്നാൽ വള്ള വിരുത്തികൂടാതെ വഞ്ചി വിരുത്തിയും വേറെ കാരണങ്ങൾക്കായി വേറെ നിലങ്ങളും ലഭിച്ചു. തറവാട്ടു വസ്തുക്കൾ കൂടാതെ രാജാക്കൾ കൊടുത്തതായി അഞ്ഞൂറോളം പറയ്ക്കുനിലം വിരുത്തികളും മറ്റുമായി ഉണ്ടായിരുന്നുവെന്നു പറഞ്ഞാൽ അവസാനിച്ചല്ലോ. ഇതു കൂടാതെയും നന്നാട്ടുമാലി തിരുവടയാളം പത്തും തെക്കേത്തലയ്ക്കൽ പറമ്പു തിരുവടയാളമായിട്ടും കരമൊഴിവായിട്ടും കല്പിച്ചുകൊടുത്തുവെന്നും പറയപ്പെടുന്നു. (അവ ഇന്നും അനുഭവിക്കുന്നു.)

സർവ്വശക്തനായ ദൈവം ഒരുത്തനോടു അനുഗ്രഹിച്ച് അവനെ ഉയർത്തിയാൽ ഇത്രത്തോളമെന്നു പറയുവാനില്ല. സകലത്തിലും ആശീർവ്വദിച്ച് തന്റെ നാമത്തിന്റെ മഹത്വത്തെ പ്രസിദ്ധപ്പെടുത്തുമാറാകുന്നു. ഇപ്രകാരം തെക്കേത്തലയ്ക്കൽ മാപ്പിളമാരും പല രാജാക്കളുടെ കാലങ്ങളിൽ ഐശ്വര്യഭാഗ്യങ്ങളിലും ധനപുഷ്ടി സ്ഥാനബഹുമാനാദിയായവകളിലും പ്രബലപ്പെട്ടിരുന്നു. ദൈവം ആ രാജകുടുംബത്തെ പിന്നീടുള്ള കാലങ്ങളിലും സ്വരാജ്യത്തിൽ നിറുത്തിയെങ്കിൽ ഇന്നും ആ ബഹുമതികൾ നിലനില്കുമായിരുന്നുവെന്നു ശരണപ്പെടാം. ഒന്നിനും സ്ഥിരതയും ഉറപ്പുമില്ല. ലോകത്തിനടുത്ത സകലത്തിനും മാറ്റവും പകർച്ചയുമുണ്ടു. ഇന്നു കണ്ടതല്ല നാളെ കാണുന്നത് എന്ന് എല്ലാവരും മനസ്സിൽ ധരിച്ച്, അനിത്യ നന്മകളിൽ ആശ്രയിക്കാതെ സർവ്വനന്മയായ ദൈവത്തിൽ തന്റെ മുഴുവൻ ശരണം വെയ്ക്കുന്നവൻ ഭാഗ്യവാൻ.

മേല്പറഞ്ഞ പ്രകാരം അമ്പലപ്പുഴ രാജാക്കളുടെ മുഖ്യകാര്യങ്ങളൊക്കെയിലും ഇവരുകൂടി ചെയ്കയോ ചെയ്യിക്കയോ ആയിരുന്നു. രാജാവിന്റെ പ്രധാനമന്ത്രിമാർ കൊടമാളൂർ ഭട്ടതിരിയും മാത്തൂച്ചെനുമായിരുന്നു. അതുകഴിഞ്ഞാൽ മാപ്പിളമാരിൽ വസ്തുകൊണ്ടല്ലെങ്കിലും രാജപ്രീതികൊണ്ടും ബഹുമതി ശ്രേയസ്സാദിയായ ഗുണങ്ങളാലും തെക്കേത്തലയ്ക്കകാരണവന്മാര് അത്രേ മുഖ്യപ്പെട്ടവർ. രാജാവിന്റെ എഴുന്നള്ളത്തിൽ ഇവരുടെ ചുണ്ടൻ മുൻ നടന്നിരുന്നു. മഹാ ഉത്സവഘോഷത്തിൽ ഇവരു ഇരുന്ന് കാര്യാതികൾ നടത്തി അവകാശങ്ങൾ കൈക്കൊണ്ടിരുന്നു. അന്തെന്നാൽ ആ കാലങ്ങളിൽ അമ്പലങ്ങളിൽ പോകുന്നതിനു തിരിച്ച മുടക്കില്ലാത്തതിനാലും ഓരോരുത്തൻ വിരുത്തി മുതലായ ന്യായങ്ങളാൽ ഓരോ തൊഴിൽ നടത്തുന്നതിന് കടപ്പെട്ടിരുന്നതിനാലും ക്രിസ്ത്യാനികളിൽ പലരും പ്രധാനികളും പോയിരുന്നു. ഇങ്ങനെ പോയിരുന്ന ക്രിസ്തീയർ കുടുമ്മി വളർത്തിയും കടുക്കനിട്ടും ഭസ്മം പൂശിയും പോയിരുന്നു. എന്നാൽ ഇതു പള്ളിക്രമത്തിനു വിരോധമാകയാൽ മെത്രാന

ച്ചൻ മുടക്കുകയും ഇന്ത്യയുടെ ഗവർണർക്കു പൊതുവായ ആവലാതി അയച്ചു (1840) പൂർവ്വരാജ നിബന്ധനയെ നീക്കുകയും ചെയ്തു. (വരാപ്പുഴ ലൂയിസ് മെത്രാനച്ചൻ).

പടസേവകത്തിലും തെക്കേത്തലയ്ക്കൽക്കാരു മികച്ചവരും പല പടയിലും രാജാവിനെ സഹായിച്ചവരും ആയിരുന്നു. തിരുവിതാംകൂർ മഹാരാജാവ് 1753ൽ മലയാളം ഒട്ടുക്ക് അടക്കുന്നതിനു ശ്രമിച്ച് തോട്ടപ്പിള്ളിയിൽ വച്ച് അമ്പലപ്പുഴ രാജാവിന്റെ സൈന്യങ്ങളുമായി എതിർത്തു കഠിനയുദ്ധം നടത്തി കടശി തോറ്റു പോകുകയും ചെയ്തു. ആ യുദ്ധത്തിൽ ഒടുവിലത്തെ അപ്പൂപ്പൻ പെരുമാളും ഉണ്ടായിരുന്നു. അമ്പലപ്പുഴരാജാവിന് 30000 നായർ പട്ടാളം ഉണ്ടായിരുന്നു. തിരുവിതാംകൂർ രാജാവു യുദ്ധംകൊണ്ട് അമ്പലപ്പുഴെ രാജാവിനെ പിടിപ്പാൻ പ്രയാസമെന്നുകണ്ട് മന്ത്രിമാരായ ഭട്ടതിരിയേയും മാത്തൂച്ചെനേയും തക്കതായ ദാനങ്ങൾ പറഞ്ഞൊത്ത് വശത്താക്കി ഉപായേന രാജിതം കൈവശപ്പെടുത്തി. അതെങ്ങിനെയെന്നാൽ തിരുവിതാംകൂർ രാജാവ് യുദ്ധം വിട്ടുമടങ്ങിപോയി എന്നുപറഞ്ഞ് സൈന്യങ്ങളെ അവരവരുടെ ഭവനങ്ങളിലേക്കു വിടുന്നതിനു രാജാവിനെ പറഞ്ഞു മനസ്സിലാക്കി. തദനന്തരം രാജാവ് ഒരു ദിവസം ചതുരംഗം കളിച്ചുകൊണ്ടിരിക്കയിൽ തിരുവിതാംകോട്ട പട്ടാളവും സേനാപതിയും വന്ന് അരമന വളഞ്ഞ് രാജാവിനെ പിടിച്ചു തിരുവനന്തപുരത്തിനയച്ചു. അവിടെ നിന്നും തിരുവിതാംകൂർ രാജാവു ഭയന്ന്, ബ്രാഹ്മണ ശ്രേഷ്ഠനാകയാൽ, യാതൊരു മാനഹാനിവരുത്താതെ തൃശൂരിലേക്കു നൃപനെ അയച്ച് അവിടെ സുഖമായി പാർപ്പിച്ചു. അമ്പലപ്പുഴ ദേശവാസികൾ കൊച്ചി രാജാവിന്റെ സഹായത്തോടെ വീണ്ടും തിരുവിതാംകോട്ടു സൈന്യവുമായി യുദ്ധം ചെയ്തുവെംകിലും തോറ്റു പോയി. അനന്തരം തിരുവിതാംകൂർ രാജാവ് അവരെ സമാധാനപ്പെടുത്തുവാനായി ഉടമ്പടിയും ചെയ്തു. അതായത് ചെമ്പകച്ചേരി അധിപതി ഓരോരുത്തനു കൊടുത്തിട്ടുള്ള അവകാശം അനുഭവിച്ചുകൊള്ളാമെന്നും ഓരോരുത്തനുള്ള ബഹുമതിയോ, സ്ഥാനമാനമോ, എല്ലാം താനും സ്ഥിരപ്പെടുത്തിയിരിക്കുന്നുവെന്നും മറ്റും മഹാദയവായ വാഗ്ദത്തം ആ ദേശവാസികളോടും ചെയ്കയാൽ തെക്കേത്തലയ്ക്കൽ മാപ്പിളയ്ക്കും അയാളുടെ സന്തതിക്കും മുന്നുണ്ടായിരുന്ന അവകാശങ്ങളും ബഹുമതിയും സ്ഥിരപ്പെടുത്തുകയും ചെയ്തു. കൊല്ലം 929 (എ.ഡി. 1754) തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും പ്രത്യുത തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുമെന്ന വേദവാക്യത്തിനു ഒരിക്കലും അന്തരം വരികയില്ല എന്നതു എല്ലാവരും പട്ടാങ്ങയായിട്ടു വിശ്വസിച്ച് എളിമയോടെ ജീവിച്ചിരുന്നെങ്കിൽ എത്രയോ ആളുകൾ തങ്ങൾക്കുണ്ടായിരുന്ന പൂർവ്വ അവസ്ഥയിൽ തന്നെ ഇപ്പഴും സുഖിക്കാമായിരുന്നു. എന്നാൽ തങ്ങളുടെ സ്വതേയുള്ള നീചത്വത്തേയും ഹീനത്വത്തേയും ഓർക്കായ്ക ഹേതുവാൽ നിഗളഭാവംനടിച്ച് സ്രഷ്ടാവിനെ മറന്നു നടക്കയും ചെയ്യുന്നതിനാൽ ഓർക്കാത്ത സമയത്തു നിർഭാഗ്യരായി ചമഞ്ഞതിനെ കണ്ടറിഞ്ഞിരിക്കുന്നു.

അമ്പലപ്പുഴ രാജിതത്തിന്റെ വീഴ്ചയോടെ തെക്കേത്തലയ്ക്കൽ കുടുംബത്തിനും വലുതായ ഇളക്കം ഭവിച്ചതുപോലായി തീർന്നു. എന്തെന്നാൽ അവസ്ഥയ്ക്ക് കഴിയ്ക്കുന്നതിനാവശ്യപ്പെട്ട വസ്തുക്കളൊക്കെയുണ്ടായിരുന്നാലും ഇവരു പൊതുവേ രാജസേവകയിലും ബഹുമതിയിലും ജീവിക്കുന്നതിനു തഴങ്ങിയിരുന്നതിനാൽ ആയതുപോയതിനോടുകൂടി ആകപ്പാടെ സകലത്തിലും ഒരു ക്ഷീണതയും മനസ്സിടിവും വന്നു ഭവിച്ചു.

ഇങ്ങനെയൊക്കെ സംഭവിച്ചാലും കൃപസ്വരൂപിയായ സർവ്വേശ്വരൻ താൻ അധികമായി ആഗ്രഹിച്ച് ഉയർത്തിയ തെക്കേത്തലയ്ക്കൽ മാപ്പിളയുടെ സന്തതിയെ ഒരുവിധ അവസ്ഥയിൽ ഇന്നും കാത്തുവരുന്നതു തന്റെ പിതൃസ്നേഹമാണ്.

തെക്കേത്തലയ്ക്കൽ പാർത്തുവെന്നു പറയപ്പെട്ട അപ്പൂപ്പനു ഏകപുത്രൻ മാത്രമേയുണ്ടായിരുന്നുള്ളുവെന്നു മേൽ പ്രസ്താവിച്ചല്ലോ. ആ പെരുമാൾ അപ്പൂപ്പൻ തന്റെ കാരണവന്മാരുടെ സ്വത്തുക്കൾ അധികമൊന്നും ലഭിച്ചില്ലെങ്കിലും ഉള്ളതുകൊണ്ട് സ്വന്ത അവസ്ഥയ്ക്ക് തക്കപോൽ ജീവിക്കുകയും പൂർവ്വന്മാരുടെ പഴയ നടപടിയേയും ക്രമമായ ജീവിതമുറയേയും അനുസരിച്ചു വന്നിരുന്നതിനാൽ പൂർവ്വനാമത്തെ ഒരുവിധം കാത്തുവെന്നു പറയാം. ഈ അപ്പൂപ്പൻ തന്റെ ബാല്യപ്രായത്തിൽ തന്റെ കാരണവന്മാരെപ്പോലെ രാജസേവയിലും ബഹുമതിയിലും ആദ്യകാലങ്ങളെ കഴിക്കയും ഒടുവിലത്തെ യുദ്ധത്തിലും തോട്ടപ്പള്ളിൽ വച്ച് രാജാവിനു സഹായമായി പോകുകയും ചെയ്ത ആ രാജാക്കളുടെ കാലം കഴിഞ്ഞിട്ടും പൂർവ്വന്മാരുടെ അവകാശങ്ങളെ അനുഭവിച്ച് ഒരുവിധ അവസ്ഥയോടെതന്നെ തന്റെ കാലങ്ങളെ കഴിച്ചു. ഒന്നാമത്തെ കെട്ടിൽ ഒരു പുത്രനുണ്ടായി അയാൾക്കു ചാക്കോയെന്ന പേരായിരുന്നു. രണ്ടാമത്തെ കെട്ടിൽ മറിയമെന്നും വർക്കിയെന്നും പേരായി രണ്ടു മക്കളുണ്ടായി. പിന്നീട് കരിക്കമ്പള്ളി പുരയിടവും കളീക്കപ്പറമ്പിൽ പുരയിടവും വാങ്ങിച്ചു. ഈ പുരയിടവും മക്കൾക്കു കൊടുക്കയും കരിക്കമ്പള്ളി പുരയിടത്തിലോട്ട് അപ്പൂപ്പനും അമ്മൂമ്മയും മാറിപാർത്തുകൊണ്ട് തെക്കേത്തലയ്ക്കൽ പുരയിടം ആദ്യകെട്ടിലെ മകനു കൊടുത്തുവെങ്കിലും അതിൽ ഒരു പകുതി വർക്കി എന്ന ഇളയ പുത്രനും ചെല്ലേണ്ടതെന്നു പറഞ്ഞിരുന്നു. തെക്കേത്തലക്കലെ അപ്പൂപ്പന്മാര് ആളുകൾ യോഗ്യരും വെളുത്തു ചുവന്നവരും നിഷ്കപടന്മാരും, ബഹുമാ

നപ്രിയരും സാധുക്കളും എന്നു പറയപ്പെടുന്നു. സാമാന്യം എല്ലാവരുംതന്നെ അഭ്യാസവും കച്ചകെട്ടും പഠിച്ചിട്ടുള്ളവരുമായിരുന്നു. പെരുമാൾ അപ്പൂപ്പനു കച്ച കെട്ടും മാറും വശമുണ്ടായിരുന്നതു കൂടാതെ ആൾ യോഗ്യനും വെളുത്തുതടിച്ചവനുമായിരുന്നു. തന്റെ പൂർവ്വന്മാരെപോലെ കാതുകളിൽ തോട്ടിക്കടുക്കനിട്ടിരുന്നു. കുടുമ്മി വളർത്തിയിരുന്നു. ആദ്യകാലങ്ങളിൽ ഭസ്മവും പൂശിനടന്നിരുന്നു. ഒരുനേരത്തുതന്നെ മുന്നാഴി അരിയുടെ ചോറും ഉരിയ നെയ്യും നന്നാ വയസ്സായിട്ടും കഴിച്ചിരുന്നു. ഇയാൾ പരമാർത്ഥിയും നന്നാ ദൈവഭയമുള്ളവനുമായിരുന്നു. ഏഴെട്ടു പശുക്കളെ വളർത്തി ദിവസേന താൻതന്നെ പാൽ കറന്നിരുന്നു. ഇപ്രകാരം 97ൽ പരം വയസ്സായിട്ടും അധികക്ഷീണമൊന്നും കൂടാതെ സുഖമായി ജീവിതം കഴിക്കയും മരുമക്കളെ കണ്ടുകൊണ്ടും പഴയ പുരാതന വർത്തമാനങ്ങളെ പറഞ്ഞറിയിച്ചുകൊടുത്തുകൊണ്ടും സന്തോഷമായി കാലം കഴിച്ചു. കടശി അന്ത്യകൂദാശകളെ കൈക്കൊണ്ടും ഇടവമാസത്തിൽ (1848) മരിക്കയും ആദ്യമായി എടത്വായിൽ ശവസംസ്കാരം ചെയ്യപ്പെടുകയും ചെയ്തു. (മുന്നുണ്ടായിരുന്ന അപ്പൂപ്പന്മാരു കല്ലൂർക്കാട്ടത്രേ അടക്കപ്പെട്ടത്). ഇപ്രകാരം തെക്കേത്തലയ്ക്കലുണ്ടായ പൂർവ്വന്മാരും പെരുമാളന്മാരെന്നും പറയപ്പെട്ടിരുന്നവരും ദൈവാനുഗ്രഹത്താലും രാജസേവകൊണ്ടും ഐശ്വര്യ ഭാഗ്യങ്ങളാലും മികച്ചവരുമായ അപ്പൂപ്പന്മാരുടെ ചരിതസംക്ഷേപാൽ വിവരിച്ചു. ഈ സംഗതികളിൽ പലതും അടുത്ത കാലങ്ങളിൽ ജീവിച്ചിരുന്ന പെരുമാളപ്പൂപ്പനിൽ നിന്നും അറിഞ്ഞവരും അയാളെ കണ്ടുകൂടി പാർത്തിരുന്നവരുമായ കാരണവന്മാരും സഹോദരന്മാരുമായ ആളുകളിൽ നിന്നും കേട്ടതും അറിഞ്ഞതുമത്രേ. പെരുമാളപ്പൂപ്പൻ ഈ കാലങ്ങളിൽ ജീവിച്ചിരുന്നതിനാലത്രേ ഇവ സൂക്ഷ്മമായി അറിയുന്നതിനും മറ്റും സംഗതിയായത്. അല്ലെങ്കിൽ കേട്ടാലും വിശ്വസിക്കുകയില്ലായിരുന്നു.

കടിഞ്ഞൂൽ പുത്രനായ പെരുമാൾ ചാക്കോയ്ക്കു നാലു പെൺമക്കളും മൂന്നു ആൺമക്കളുമുണ്ടായി. 90ൽപരം വയസ്സോളം ജീവിച്ചു. 1883 മകരമാസത്തിൽ മരിച്ചു. ഇയാൾ തന്റെ ക്രിയകളിൽ മഹത്വമുള്ളവനും മര്യാദ ഉള്ളവനുമായിരുന്നാലും അത്ര ത്രാണിയില്ലാത്തവനായിരുന്നതിനാൽ കുടുംബകാര്യ അന്വേഷണത്തിൽ ചില വീഴ്ചകളൊക്കെ ഭവിച്ചതുകൂടാതെ മക്കളെ ചൊല്പടിയ്ക്കു വളർത്തുന്നതിനും ഉപേക്ഷ വന്ന പ്രകാരം അറിയപ്പെടുന്നു.

പെരുമാൾ വർക്കിയ്ക്ക് അഞ്ച് ആൺമക്കളും ഒരു മകളും ഉണ്ടായി. ഇയ്യാൾ മഹാത്രാണിയും ബുദ്ധിയുമുള്ളവനും കാര്യശേഷി ഹേതുവാൽ ശേഷമ്പേർക്കു സമ്മതമുള്ളവനുമായിരുന്നു. അവസ്തമേലും മാനത്തിന്മേലും അതി തല്പരനും തന്നിമിത്തം പണസ്വത്തുക്കളിന്മേൽ അത്ര താല്പര്യമില്ലാത്തവനുമായിരുന്നു. തന്റെ പ്രായക്കാരിൽ ശേഷമാന്മാരെപ്പോലെ നെല്ലും പണവും നേടിയിരുന്നാലും സൂക്ഷ്മമില്ലായ്ക കൊണ്ടും അതിപരമാർത്ഥംകൊണ്ടും അന്യവരെ അധികം വിശ്വസിക്ക നിമിത്തം അവരുടെ കൈവശത്തിലായി. കടശി മഹാ സ്നേഹിതരെപ്പോലെ ആദ്യകാലങ്ങളിൽ ജീവിച്ചിരുന്നവർ അവരുടെ കാര്യങ്ങൾ കഴിഞ്ഞപ്പോൾ ഇയ്യാളിനെത്തന്നെ പലതിലും തട്ടിച്ചു. ദൈവം ഇയാളുടെ ഗുണത്തിനായിട്ടെന്നപോലെ പല സങ്കടങ്ങൾ ഒന്നായിട്ട് ഇയാൾക്കു വരുവാൻ ചിത്തമായി. അഞ്ചാറുവർഷം അടുപ്പിച്ചുള്ള കൃഷിപിഴ കൊണ്ടും പ്രത്യേകം ഒരു നെൽചിട്ടി മുതലിക്കയാലും 12000ൽ പറ നെല്ലോളം കടം വന്നു സമസ്തവും പാർത്തിരുന്ന പുരയിടവും പുരയും കൂടെ ജപ്തിയിലായി. സകല തട്ടുമുട്ടുകളും വിറ്റു. വലിയ വലച്ചിലുമായി. പഴയ സ്നേഹിതരും തക്കതായ ഒരു സഹായവും ചെയ്യുന്നതിനുണ്ടായില്ല. ഇതിനിടയ്ക്ക് രണ്ടു മക്കളുടെ സൽഗുണ സ്വഭാവം കൊണ്ട് സ്വന്ത പ്രയത്നത്താൽ അവരു ആ കുടുംബത്തെ രക്ഷിച്ചു കൊണ്ടും വേല ചെയ്തുകൊണ്ടും വന്നു. കുറെകാലം കഴിഞ്ഞപ്പോൾ ചാക്കോയെന്ന ഇളയപുത്രൻ നടപ്പുദീനത്താൽ മരിച്ചതിനാൽ ആ വീടു വീണ്ടും വലുതായ പരിതാപാവസ്ഥയിൽ വീണു എന്തെന്നാൽ നല്ല വേലക്കാരനും താഴ്മയുള്ളവനും ആയിരുന്നതിനാൽ എല്ലാവർക്കും താല്പര്യമായിരുന്നു. ഇയ്യാളുടെ പെട്ടെന്നുണ്ടായ മരണത്തെക്കുറിച്ച് എല്ലാവർക്കും പ്രത്യേകം കാരണവന്മാർക്കും മൂത്ത ജ്യേഷ്ഠനും വളരെ ദുഃഖമായിരുന്നു. ഇങ്ങനെയിരിക്കെ നാലഞ്ചു ദിവസങ്ങളുടെ ശേഷം മൂത്ത ജ്യേഷ്ഠൻ കരിക്കമ്പള്ളി പുറത്തെ തിണ്ണയിൽ രാത്രിസമയം വിഷാദം കൊണ്ടും മറ്റും അത്രേ ഉറക്കം വരാതെ മന്ദിച്ചു കിടന്നിരുന്നു. ആ സമയം ഒരാൾ അടുക്കൽ വന്നു വിളിക്കുന്നതു പോലെ തോന്നി. ഉടനെ മരിച്ചുപോയ ആളിന്റെ ഭാഷയിൽ (11) ഒരുത്തൻ വെള്ളവസ്ത്രത്തോടെ അരികിൽ ഇരുന്നു ജ്യേഷ്ഠനോട് 'കുഞ്ഞേ വിഷാദിക്കേണ്ട, ചങ്ങങ്കരി ഇന്നിടത്തു ഇന്ന ദിവസം മരിച്ച കിഴവനോടുകൂടെ ഞാനും ഒന്നിച്ച് ഒരു ദിവസം മോക്ഷപ്പെട്ടു' എന്നു പറഞ്ഞ ശേഷം ഒന്നും കണ്ടുമില്ല. ഇങ്ങനെ അനുഗ്രഹപിതാവായ ദൈവം ദുഃഖിച്ചിരുന്ന ആ പാവപ്പെട്ട തന്റെ മക്കളെ ആശ്വസിപ്പാൻ ചിത്തമായി എന്നു വിശ്വസിക്കപ്പെടുന്നു. എന്തെന്നാൽ ദൈവം ഓരോരുത്തനു വല്ല ദുഃഖാനർത്ഥങ്ങൾ യാത്രയാക്കുമ്പോൾ തക്കതായ ആശ്വാസവും പുറകെ ആസ്തമാക്കുന്നു. ഒരിക്കലും തന്നെ ആശ്രയിക്കുന്ന പാവപ്പെട്ടവരെ താൻ ഉപേക്ഷിക്കയില്ല എന്നതു തെറ്റില്ലാത്ത വേദോക്തമാണ്. ദൈവം തന്നെ ഭയപ്പെടുന്നവരെ ശിക്ഷിക്കുന്നതും വല്ല സങ്കടങ്ങൾ യാത്രയാക്കുന്നതും സ്നേഹത്തിന്റെ എല്ലായിലും വലിയ അടയാളമാകുന്നുവെന്നതു സത്യം. ആയതിനെ ക്ഷമയോടു സഹിക്കുന്നതു ദൈവമക്കളുടെ നിശ്ചയമുള്ള അടയാള

മെന്ന് ഒരു ശുദ്ധമാകപ്പെട്ടവൻ എഴുതിയിരിക്കുന്നു. ഇപ്രകാരം ദൈവം ഈ വീടിനെ പല പ്രകാരത്തിലും പരിശോധിച്ചു എന്നു പറയുവാൻ ന്യായം. എന്തെന്നാൽ തെക്കേത്തലയ്ക്ക് കുടുംബക്കാര് ഈ സ്ഥലത്തു വന്നിട്ടു ഇത്രയും ദരിദ്രപ്പെട്ടതും സങ്കടപ്പെട്ടതുമായ അവസ്ഥയിൽ വീണതായിട്ടു കേട്ടിട്ടില്ല.

എംകിലും ഈ ബുദ്ധിമുട്ടുകാലത്തിലും ഓരോ കാര്യാദികളൊക്കെയും ഒരുവിധ പൂർവ്വസ്ഥിതിയിൽതന്നെ നടന്നിരുന്നതു ദൈവാനുഗ്രഹംതന്നെ.

പെരുമാൾ വർക്കി പരമാർത്ഥശീലിയും ദൈവഭക്തനുമായിരുന്നു. കാര്യങ്ങൾക്കു ത്രാണിക്കാരനായിരുന്നാലും തന്റെ പരമാർത്ഥ സ്വഭാവത്താൽ

ചില സംഗതികളൊക്കെയിലും വലുതായ തെറ്റുകൾ വന്നുകൂടി

എന്നുവരികിലും ദൈവാനുഗ്രഹത്താൽ മക്കൾക്ക് അവയാൽ വലിയ അനർത്ഥങ്ങൾ ഭവിക്കാതെ കാര്യങ്ങൾ പിന്നീട് ഒരുവിധം ശുഭമായി നടന്നുപോകുന്നു.

ഇയാൾ പ്രാർത്ഥന വണക്കമാസങ്ങൾ ആദിയായ ഭക്തിക്കടുത്ത കൃത്യങ്ങൾ മുടക്കംകൂടാതെ കഴിക്കയും സകലക്രിയകളും ദൈവസഹായം അപേക്ഷിച്ചുകൊണ്ടും ചെയ്തിരുന്നു. കൃഷിയുടെ ആദ്യത്തിലും അവസാനത്തിലും ഒരു പാട്ടുകുർബാന ആണ്ടുതോറും ചൊല്ലിച്ചിരുന്നു. കൃഷിയിൽ അധികപ്പിഴ വന്നിരുന്നാലും മനം മടുക്കാതെ ആണ്ടുതോറും ആയതു നിറവേറ്റിയിരുന്നതു ദൈവചിത്തത്തിന്മേലുള്ള വണക്കമത്രേ കാരണം. ഇതിന്റെ ഫലമായിട്ടെന്നപോലെ മക്കളുടെ വേലകൾ ഫലമുള്ളതായും കൃഷി അധികപിഴയൊന്നും കൂടാതെ കണ്ടുവരുന്നതും ദൈവാനുഗ്രഹം തന്നെ. എന്തെന്നാൽ ശുദ്ധ ദാവീദു കീർത്തിക്കുംവണ്ണം ദൈവഭക്തന്റെ സന്തതി ഉപേക്ഷിക്കപ്പെട്ടതായും അപ്പം കിട്ടാതെ വലഞ്ഞതായിട്ടും താൻ ഒരിക്കലും കാണുകയും കേൾക്കുകയും ചെയ്തില്ലായെന്നു സാക്ഷിക്കുന്നു. ഒരു വീട് അധിക ബുദ്ധിമുട്ടൊന്നുംകൂടാതെ കഴിച്ചുപോകുന്നതും പെട്ടെന്ന് അധികസമ്പത്തുണ്ടായി മികക്കാതെയിരിക്കുന്നതും ദൈവപരിപാലനയുടെ പ്രത്യേക അടയാളമാകുന്നു. എന്തെന്നാൽ പെട്ടെന്ന് ഒരുത്തൻ വലിയ സമ്പന്നനായി ഭവിക്കുന്നത് എല്ലാംകൊണ്ടും ആപത്തുള്ളതും ഭയപ്പെടത്തക്കതുമാണ്. അങ്ങനെ ഒരുത്തനു ദൈവം കൊടുത്താൽ നല്ല എളിമയും ദൈവഭക്തനുമായി ജീവിക്കയില്ലെങ്കിൽ അവന്റെ നിത്യരക്ഷ അതിനാൽതന്നെ അപകടത്തിലാണെന്നു ഭയപ്പെടുവാൻ ന്യായം. എന്തെന്നാൽ അവന്റെ പ്രവൃത്തികളുടെ സമ്മാനമായി ലൗകികഭാഗ്യം കൊടുത്ത് അവസാനിപ്പിച്ചേക്കാം. പെരുമാൾ വർക്കി എല്ലാവരോടും മഹാസ്നേഹവും പക്ഷവുമുള്ളവനും പ്രത്യേകം തന്റെ ജ്യേഷ്ഠനോടും അയാളുടെ മക്കളോടും അതിസ്നേഹമായി കാലം കഴിച്ചു. ഇവരുതമ്മിലുള്ള സ്നേഹവിശ്വാസത്താൽ ജ്യേഷ്ഠൻ അനുജനും അനുജൻ ജ്യേഷ്ഠനും കീഴ്പെട്ടു പ്രധാന കാര്യങ്ങളിൽ ഒരുത്തൻ മറ്റവന്റെ മനസ്സുപോലെ ചെയ്കയും ചെയ്തിരുന്നു.

അറിയേണ്ടതായത്: അധികവസ്തുക്കളേക്കായിലും അന്യോന്യം സ്നേഹവും ഉപവിയും ഉത്തമവും അധികഫലസിദ്ധിയുള്ളതുമാണ്. വസ്തുക്കൾ പിന്നീടുമുണ്ടാകും. കൂട്ടത്തിൽ ഭിന്നതയുണ്ടാക്കിയാൽ അതു തീർക്കുവാൻ പ്രയാസം. അധികമെടുത്തവനു ആയത് ഉപകരിച്ചില്ല, കുറച്ചെടുത്തുവെന്നവന്ന് ഒട്ടും പോരായ്കയുമുണ്ടായില്ല എന്നു തെറ്റില്ലാത്ത വേദവാക്യമാണ്. ഇത് എല്ലാവരും മനസ്സിൽ ധരിച്ചു പ്രവർത്തിക്കുന്നെങ്കിൽ ഏറിയ വഴക്കുകൾ ഇല്ലാതെയായേനെ പല കുടുംബങ്ങളും വലുതായ ദുഃഖാനർത്ഥങ്ങളിൽ ഉൾപ്പെടാതെ പൂർവ്വ അവസ്ഥയിലും ചില സമയം അതിലും ശുഭമായും നിലനില്ക്കുമായിരുന്നു.

പെരുമാൾ വർക്കി തനിക്കുണ്ടായ ദീർഘനാളത്തേയ്ക്കുള്ള ദീനത്തെ നല്ല ക്ഷമയോടു സഹിച്ചും ഭക്തിപൂർവ്വം അന്ത്യകൂദാശകളെ കൈക്കൊണ്ടും (60 വയസ്സു പ്രായത്തിൽ) 1882 മിഥുനം 26ൽ മരിച്ചു. ഘോഷമായി അടക്കപ്പെട്ടു.

തോമ്മായെന്ന ഇയാളുടെ മൂന്നാമത്തെ പുത്രനെ വൈദികരുടെ ഗണത്തിൽ ചേർത്തിരുന്നതിനാൽ ദൈവാനുഗ്രഹത്താൽ ആയതു നിവൃത്തിയാക്കയും ചെയ്തു. 1861 ഇടവം 5നു പിറന്നു. ടി.12 നു പുളിങ്കുന്നു കളത്തിൽ വല്യച്ചനിൽനിന്നും ജ്ഞാനസ്നാനം കൈക്കൊണ്ടു. പെരുമാൾ ചാക്കോ തലതൊട്ടു. 73-ാം കാലം പുളിങ്കുന്നു സെമിനാരിയിൽ ചേർന്നു. 75-ാം കാലം ഇടവം 12ാം തീയതി കൂനമ്മാവ് ആശ്രമത്തിൽ ചേർന്നു. ഗ്രിഗോറിയോസ് ഔസേപ്പ് എന്നു പേരും ഇടപ്പെട്ടു. 76 മിഥുനത്തിൽ സന്യാസവസ്ത്രം ധരിച്ചു. 78 മേടം 26 ആസ്തഫാടേറ്റു. 84 മിഥുനം 7ന് അഞ്ചാം പട്ടവും 85 കർക്കടകം 19 ആറാം പട്ടവും 86 മീനം 20 ന് പുത്തമ്പള്ളി സെമിനാരിയിൽ വച്ച് അതി.മർസ്സലിനോസ് മെത്രാനച്ചനോടു കുർബാനപ്പട്ടവും ഏറ്റു. ടി മേടം 15നു കൂനമ്മാവു പള്ളിയിൽ വച്ചു നവപൂജ അണച്ചു. 86 ധനുവത്തിൽ മാന്നാനത്തു സെമിനാരിയിൽ പഠിപ്പിക്കുന്നതിനായി മെത്രാനച്ചൻ കല്പിച്ചു വിട്ടു. 94 കുംഭം വരെ അവിടെ പാർത്തു. കല്പനപ്രകാരം മേല്പറയപ്പെട്ട തൊഴിലിനെ നടത്തി.

ദൈവം നീതിമാനും അനുഗ്രഹകാരനും ആയിരുന്നാലും അനുഗ്രഹിക്കുന്നതിലും കൃപയായി പ്രവർത്തിക്കുന്നതിലും തനിക്ക് അളവും പരിമാണവുമില്ല. എന്തെന്നാൽ താൻ സ്വാഭാവികമായി അളവറ്റ കൃപാസ്വരൂപനായിരിക്കുന്നു ഈ വിധമത്രേ താൻ മേല്പറയപ്പെട്ട

പ്രകാരം അനുഗ്രഹിച്ച് തന്റെ സ്ഥാനത്തിൽ ഉയർത്തി ഒന്നിലും തന്റെ ശുശ്രൂഷിയെ താഴ്ത്തിയില്ല. ഈ പിതൃ സ്നേഹത്തിനും പക്ഷത്തിനും അങ്ങേയ്ക്കു നിത്യ സ്തുതിയുണ്ടായിരിക്കട്ടെ.

വിശേഷിച്ചും അറിയേണ്ടതായത് ദൈവഭക്തരായ ദൈവ ഊഴിയക്കാർ ഉണ്ടാകുന്നതു ആ വീട്ടിനും കുടുംബത്തിനും ദൈവാനുഗ്രഹത്തെ വർഷിപ്പിക്കുന്നതിന് കാരണമാകുന്നതുപോലെതന്നെ ഭക്തരല്ലാത്തവരു മൂലം ആ കുടുംബം ശിക്ഷിക്കപ്പെടുന്നതും കണ്ടുവരുന്നു. പട്ടക്കാരുടെ പണംകോണ്ടു വസ്തു നേടുന്നതിലും ഉള്ളതുകോണ്ട് കഴിക്കുന്നതും വേലചെയ്തു ജീവനം കഴിക്കുന്നതും ഉത്തമം. എന്തെന്നാൽ ഇതു നിലനില്ക്കുന്നതും സ്ഥിരമുള്ളതുമാകുന്നു.

ദൈവചിത്തമാകുമ്പോൾ വസ്തു ഏതു വഴിക്കെങ്കിലും ഉണ്ടാകും. ഇന്ന വഴിയ്ക്കെന്നില്ല. എല്ലായിലും ഉത്തമം സ്വന്തവേലകോണ്ടും പ്രയത്നം കോണ്ടും വല്ലതും ഉണ്ടാക്കുന്നതുമാകുന്നു. അന്യവസ്തു കൊണ്ടും അന്യായ പലിശകൊണ്ടും തട്ടിപ്പുകൊണ്ടും സമ്പന്നരാകുന്നതിൽ ദരിദ്രരായി കാലം കഴിക്കുന്നതു നല്ലത്. എന്തെന്നാൽ മേല്പറയപ്പെട്ടപ്രകാരം വസ്തുവുണ്ടാകുന്നവരുടെയും അവരുടെ സന്തതിയുടെയും അവസാനം മേല്പറഞ്ഞതു തന്നെ. ഇഹത്തിൽ ഭാഗ്യമായി ജീവിക്കുന്നതിനും മനുഷ്യന്റെ ഏക ഗതിയായ നിത്യഭാഗ്യം നേടുന്നതിനും യുക്തങ്ങളായവയും ആവശ്യങ്ങളുമായ ചില സംഗതികളെ ഇതിന്റെ അവസാനത്തിൽ സംക്ഷേപാൽ വിവരിക്കുന്നു. ഇവയെ നിസ്സാരമായി വിചാരിക്കാതെ ക്രിയകളാൽ നിറവേറ്റുമെന്നു ശരണപ്പെടുന്നു. എല്ലായിലും ഉത്തമമായ വഴി ദൈവത്തെ സ്നേഹിച്ചു നടക്കുന്നതും തന്റെമേൽ ആശ്രയിച്ചു തന്റെ ചിത്തത്തെ നിറവേറ്റുന്നതിന് തങ്ങളുടെ വേലകാര്യങ്ങളെ നടത്തുന്നതുമാകുന്നു.

ഓരോരുത്തന് ആയുസ്സും ആയതിനു വേണ്ടുന്ന മറ്റു വസ്തുക്കളും തന്നരുളിയിരിക്കുന്നത് അനുഗ്രഹപിതാവായ ദൈവമാണ് എന്നു വിശ്വസിക്കുന്നവർ തന്റെ സൃഷ്ടിനാഥനെ മറന്നു ലൗകികനന്മകളെ മാത്രം കാംക്ഷിച്ചുനടക്കുവാൻ അസാധ്യമാണ്. ആയുസ്സിനെ നൽകിയവൻ ആയതിനെ കഴിക്കുന്നതിന് ആവശ്യമായവയും തരും എന്ന് ഉറപ്പായി വിശ്വസിച്ച് ഓരോരുത്തൻ അവനവന്റെ ആത്മാവിന്റെ കാര്യം മുഖ്യമായി അന്വഷിക്കണം.

1. പഴക്കമായുള്ള ഭക്തികൃത്യങ്ങൾ, പ്രാർത്ഥനനമസ്കാരങ്ങൾ, ദൈവജനനിയുടെയും യൌസേപ്പുപിതാവിന്റെയും വണക്കമാസങ്ങൾ മുടക്കാതെ ഭക്തിപൂർവ്വം കഴിക്കുന്നതും മേല്പറയപ്പെട്ട വണക്കമാസങ്ങളുടെ അവസാനത്തിൽ കുമ്പസാരിച്ചു കുർബ്ബാനകൈക്കൊള്ളുന്നതും പാടുണ്ടെങ്കിൽ ഓരോ കുർബാന ചൊല്ലിക്കുന്നതും.

2. മാതാവിന്റേയും യൗസേപ്പിതാവിന്റെയും സ്തുതിക്കായിട്ടു വല്ല സൽകൃത്യങ്ങൾ ചെയ്യുന്നതും തങ്ങളുടെ വശം പോലെ ദാനധർമ്മം ചെയ്യുന്നതും (പ്രത്യേകം ബുധനാഴ്ച, ശനിയാഴ്ച എന്നീ ദിവസങ്ങളിൽ) ദൈവാനുഗ്രഹവും കൃപയും ലഭിക്കുന്നതിനും ഓരോ കുടുംബങ്ങളിൽ ന്യായമായ ദൈവശിക്ഷ ഉണ്ടാകാതെ ഇരിക്കുന്നതിനും മേൽ സ്തുതിക്കപ്പെട്ട കാരണവന്മാരുടെ നേരെയുള്ള വിശേഷ ഭക്തി സ്നേഹം ഉത്തമവഴിയാണ്. സകലത്തിലും വച്ച് വലിയ ഭാഗ്യമായ ഒരു നല്ല മരണം കിട്ടുന്നതിനും ഇവരുടെ പ്രത്യേക സഹായം വേണം.

3. രണ്ടുമൂന്നു മാസം കൂടുമ്പോഴെങ്കിലും വീട്ടിലുള്ളവരൊക്കെയും കുമ്പസാരിക്കുന്നതും പാടുള്ളവരു ഓരോ മാസത്തിന്റെ ആദ്യവെള്ളിയാഴ്ച കുമ്പസാരിച്ചു ദിവ്യകാരുണ്യം കൈക്കൊള്ളുന്നതും ദിവസേന വല്ല ജ്ഞാനപുസ്തകം സന്ധ്യയ്ക്ക് ഒരു നാഴികനേരത്തേക്ക് എല്ലാവരുംകൂടി വായിച്ചു കേൾക്കുന്നതും നിത്യസത്യങ്ങളെപ്പറ്റി അതായത് ഓരോരുത്തനു വരുവാനിരിക്കുന്ന മരണം, വിധി, നരകം, മോക്ഷം എന്നിവയെപ്പറ്റി കിടക്കുന്നതിനു മുമ്പ് കുറെനേരം ചിന്തിച്ച് തങ്ങളുടെ പാപങ്ങളുടെ പൊറുതിയെ ദൈവത്തോടു പ്രാർത്ഥിക്കുന്നതും ദിവ്യരക്ഷിതാവിന്റെ പാടുപീഡകളെ അവയ്ക്കു പരിഹാരമായി നിത്യപിതാവിനു സമർപ്പിക്കുന്നതും.

4. ഓരോ പ്രവൃത്തികളോ വേലകളോ ചെയ്യുമ്പോൾ ഇടയ്ക്കിടയ്ക്ക് അവയെ തങ്ങളുടെ സൃഷ്ടാവിനു കാഴ്ചവച്ച് അങ്ങേ സഹായം അപേക്ഷിക്കുന്നതും ഇപ്രകാരമുള്ള സൽകൃത്യങ്ങൾ എല്ലാവർക്കും ചെയ്യാവുന്നതും കടമുള്ളതുമാണ്. എന്തെന്നാൽ ക്രിസ്ത്യാനികൾ എന്നുപറയുന്നവരു ശ്ലീഹായുടെ മക്കളും അങ്ങേ ദൃഷ്ടാന്തങ്ങളെ വംശം പോലെ അനുസരിച്ച് ഇടവിടാതെ പരലോക നന്മകളെ പ്രാപിക്കുന്നതിനു ശ്രമിക്കേണ്ടിയവരുമാണ്, സാക്ഷാൽ തന്റെ മരണത്തെ ഓർത്തു ജീവിക്കുന്നവൻ മേല്പറഞ്ഞവയിൽ അധികം പ്രവർത്തിപ്പാൻ ആവശ്യമെന്നു ഗ്രഹിക്കുന്നതാണ്.

5. ഇഹലോകനന്മകളെ അത്യാശയോടെ ആഗ്രഹിക്കുന്നതും അന്യായമാർഗ്ഗങ്ങളാൽ അവയെ സമ്പാദിപ്പാൻ ശ്രമിക്കുന്നതും തങ്ങളുടെ ഗതി ആയതുതന്നെ എന്നുവച്ചു അവയെ സമ്പാദിക്കുന്നതിൽ മുഴുവൻ ചിന്തയായി നടക്കുന്നതും പാപകരമാണെങ്കിലും സർവ്വേശ്വരൻ അനുഗ്രഹമായി തരുന്ന വസ്തുക്കളെ സൂക്ഷിക്കുന്നതും ക്രമമായി അവയെ വർദ്ധിപ്പിച്ചു ആവശ്യമായ ചിലവുകളെ ചെയ്യുന്നതും സ്തുതിക്കത്തക്ക സംഗതിയാണ്. ഇതിൻവണ്ണം സൂക്ഷിച്ചു പ്രവർത്തിക്കായ്ക നിമിത്തം എത്രയോ പേരു പിന്നീട് പരിതപിക്കത്തക്ക സ്ഥിതിയിലായി. എന്തെന്നാൽ

ദൈവം തരുന്ന കാലത്ത് അവയെ സൂക്ഷിപ്പാനും വേലചെയ്തു ഫലിപ്പിപ്പാനും കടമാണ്. ഇതു കൂടാതെയും എല്ലാവർക്കും പ്രത്യേകം തങ്ങളുടെ ആളുകൾക്കും അധികം ചേതമില്ലാത്ത സഹായങ്ങൾ ചെയ്യുകയും വേണം. (എല്ലാവരും സ്വന്ത തറവാട്ടു പേരുവിടാതെ എഴുത്തുകളിൽ പ്രയോഗിക്കണം)

6. താഴ്മയുമായിരിക്കണം. തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുമെന്നതു വേദോക്തമാണു. അധിക അവസ്തയും പതം കടന്ന ഘോഷങ്ങളും ഒരിക്കലുമരുത്. എല്ലായ്പ്പോഴും ഓരോ ചിലവുകൾ ചെയ്യുന്നത് സ്വസ്ഥിതിയിൽ താണതായിരിക്കണം. ഇങ്ങനെ എംകിൽ ദൈവാശീർവ്വാദമുണ്ടാകും. ദുഃഖിപ്പാനിടവരില്ല.

7. ആരോടും പ്രത്യേക വിരോധമരുത്. ശേഷമ്പേർക്കു തിന്മ വരുവാൻ ആഗ്രഹിക്കുന്നവൻ അവൻതന്നെ അതിനെ പരീക്ഷിച്ചപോൽ ഇടവരുമെന്നതു ദൈവനീതിയിൽ കണ്ടുവരുന്ന സത്യമാണ്. പ്രത്യേകം സ്വന്ത വീട്ടുകാരു തമ്മിൽ അല്പ വിരോധത്തിനും കാരണം കൊടുക്കരുത്. ഓരോ വലിയ തറവാടുകൾ നശിക്കുന്നതിന്റെ മുഖ്യകാരണം ഈ വിധമായ കാരണങ്ങളാണ്. ഒരു വീട്ടുകാര് അന്യോന്യം പക്ഷവും സ്നേഹവുമായിരുന്നാൽ ക്രമേണ ആ വീടു പച്ചപിടിച്ചുവരും; ക്ഷയിക്കയില്ല. എന്നാൽ ലോകത്തിൽ ഓരോ സങ്കടങ്ങളും വിരോധങ്ങളുമുണ്ടാകയില്ലെന്നില്ല. പരീക്ഷിക്ക എന്നതുപോലെ ഇടയ്ക്കിടയ്ക്കു ഉണ്ടാകും. ആയതു ക്ഷമിച്ച് അറിയാത്ത പ്രകാരം നടക്കണം. ഇതു ദൈവചിത്തമാണ്. ഈ വഴിയായി ദൈവാശീർവാദമുണ്ടാകും. എന്തെന്നാൽ ലോകം സങ്കടങ്ങളുടെ സ്ഥലമെന്നു വേദത്തിൽ പറയപ്പെട്ടിരിക്കുന്നതു ഇഹത്തിൽ സാക്ഷാലുള്ള സമാധാനവും സന്തോഷവുമുണ്ടാകില്ലെന്നും ഉണ്ടായാലും സ്ഥിരമുള്ളതല്ലെന്നും എല്ലാവരേയും ഓർപ്പിക്കുന്നതിനായിട്ടാണ്.

സാക്ഷാലുള്ള തൃപ്തിയുണ്ടെങ്കിൽ സൃഷ്ടാവിനെ സ്നേഹിക്കുന്നതും സേവിക്കുന്നതുംകൊണ്ടും മാത്രമേയുള്ളൂ. ഇതുവഴിയായി സങ്കടങ്ങളും സന്തോഷവിഷയങ്ങളായി ഭവിക്കുന്നു.

8. ഹൃദയസമാധാനവും സന്തോഷവുമുണ്ടാകുന്നതിനും സകല പ്രവൃത്തികളിൽ ദൈവസഹായം ലഭിക്കുന്നതിനും ഉത്തമമായ മാർഗ്ഗം തങ്ങളേയും തങ്ങൾക്കുള്ള സമസ്തവും ദൈവചിത്തത്തിനു കൈയാളിക്കുന്നതും സംഭവിക്കുന്നതൊക്കെയും അങ്ങേ തിരുമനസാലെന്നും തങ്ങളുടെ ഗുണത്തിനായിട്ടെന്നും വിശ്വസിച്ചു കീഴ്പെട്ടിരിക്കുന്നതുമാകുന്നു. എന്തെന്നാൽ അങ്ങേ മനസ്സുകൂടാതെ ലോകത്തിലൊന്നും സംഭവിക്കയില്ല. നിശ്ചയം. ഒരു ദൃഷ്ടാന്തം കൊണ്ടു ഇതിനെ തെളിയിക്കാം. ശു. പിതാക്കന്മാരുടെ ചരിത്രത്തിൽ പറയപ്പെട്ടിരിക്കുന്ന സംഭവമെന്തെന്നാൽ: ഒരു കൃഷിക്കാരനുണ്ടായിരുന്നു, അവന്റെ കൃഷി ആണ്ടുതോറും എല്ലാവരിലും ഗുണമായിരുന്നതിനെകണ്ടു ശേഷംപേരു ഇതിന്റെ കാരണമെന്തെന്നു ചോദിച്ചു. അവൻ ഉത്തരമായി, ഞാൻ വിശേഷമൊന്നും ചെയ്യുന്നില്ല. ഞാൻ ക്രമമായ വേലചെയ്യുന്നതേയുള്ളൂ. പിന്നെ വിശേഷാലുള്ളതു ദൈവചിത്തത്തിന് തന്റെ വേല കൈയാളിച്ച് സന്തോഷമായിരിക്കുന്നു. മഴപെയ്താലും അധികം ഉഷ്ണമായാലും എനിക്കു എല്ലാം ശരിയാണ്. നടത്തുന്ന ആൾക്ക് എല്ലാം അറിയാം. വശമുണ്ട്. താൻ തരുന്നതു അങ്ങേ അനുഗ്രഹമത്രേ. ഇതിനാൽ ഞാൻ വിചാരിക്കുന്നതിലും ഗുണമായി ആണ്ടുതോറും കിട്ടിവരുന്നുവെന്നു പറഞ്ഞു. നാമും സകലത്തിലും ഇതുപോലെചെയ്താൽ സകലതും ശുഭമായിരിക്കും.

കടശിയായി മരിച്ചുപോയ കാരണവന്മാരെ മറക്കാതെയിരിക്കണമെന്നു ഓർപ്പിക്കുന്നു. അവർക്കുവേണ്ടി പ്രാർത്ഥിക്കയും കുർബാന കാണുകയോ ചൊല്ലിക്കയോ ചെയ്യണം. ചെയ്യുന്ന നമസ്കാരങ്ങൾ അവർക്കുവേണ്ടി കാഴ്ചവയ്ക്കയും ഓരോ കാരണങ്ങൾക്കു ചൊല്ലിക്കുന്ന കുർബ്ബാനകൾ അവർക്കുവേണ്ടിയും യാതൊരു സഹായമില്ലാത്ത ആത്മാവുകൾക്കുവേണ്ടിയും കൂടെ നിയോഗിച്ചാൽ അവർക്കു ആശ്വാസവും നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിപ്പാൻ അധിക ദൈവസഹായവുമുണ്ടാകുമെന്നുകൂടെ ഓർപ്പിക്കുന്നു. (പൂർവ്വതറവാടു നാമം വിടാതെയിരിക്കുന്നതു നല്ലതു.)

ഇതു കൂടാതെയും നമ്മുടെ കാരണവന്മാരുടെ നല്ല മാതൃകകളേയും ക്രിയകളെയും നാമും അനുസരിക്കണം. ദൈവസ്തുതിക്കായിട്ടും അനുസരണയുള്ള അനന്തരവരുടെ പ്രയോജനത്തിനായിട്ടും മേൽ പ്രസ്താവിച്ച സംഗതികളൊക്കെയും അനുസരിച്ച് പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. ദൈവം മുൻ നല്കിയിട്ടുള്ള അനുഗ്രഹങ്ങളറിഞ്ഞുകൊണ്ട് എളിമപ്പെട്ട് ദൈവഭക്തരായി ജീവിക്കുന്നതിനുള്ള ആന്തരമാണ് ഞാൻ കരുതിയിരിക്കുന്നത്. അല്ലാതെ മായസ്തുതിക്കും അഹങ്കാരത്തിനുമായിട്ടല്ല. അതിനാൽ സ്വന്ത സ്തുതിയും മറ്റും പറയാതെയും ആവശ്യം കൂടാതെ പഴയസംഗതികളെ വെളിപ്പെടുത്താതെയും ഇരിപ്പാൻ സൂക്ഷിക്കുന്നതുകൂടാതെ ഈ ചെറിയ ക്രാസിനെ (12) വീട്ടിൽ നിന്നും പുറത്തുകൊണ്ടുപോകയോ കൊടുക്കയോ ചെയ്തുകൂടാ. സ്വന്ത ആളുകൾക്കു വായിക്കാമെംകിലും മറ്റുള്ളവരുടെ കൈവശം കൊടുക്കയുമരുത്. (എന്റെ മനസ്സും ആഗ്രഹവും ഇതാണ്.)

# തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബത്തിലെ മൂന്ന് അപ്പന്മാർ

പുരാതന ക്രൈസ്തവകേന്ദ്രമായ കോട്ടയം ജില്ലയിലെ കുടമാളൂർ സ്വദേശികളായ ചെമ്പകശ്ശേരി രാജാക്കന്മാരുടെ അധീനതയിൽ രൂപം കൊണ്ട അമ്പലപ്പുഴ നാട്ടുരാജ്യം 14-ാം നൂറ്റാണ്ടു മുതൽ പ്രബലശക്തിയായി നിലനിന്നു. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിന്റെ പ്രശസ്തിയും പുറക്കാട് തുറമുഖത്തിന്റെ വ്യാപാര സമൃദ്ധിയും അനേകം ജനവിഭാഗങ്ങളെ ഫലഭൂയിഷ്ഠമായ പമ്പാ തീരങ്ങളിലേക്ക് ആകർഷിച്ചു. തെക്കേത്തലയ്ക്കൽ മാപ്പിളയും, നന്നാട്ടുപണിക്കരും കുടമാളൂരിൽ നിന്നും അമ്പലപ്പുഴ നാട്ടുരാജ്യത്തിൽപ്പെട്ട ചെക്കിടിക്കാട് എന്ന സ്ഥലത്ത് എത്തിച്ചേർന്ന് താമസം ആരംഭിച്ചു. തെക്കേത്തലയ്ക്കൽ മാപ്പിളമാർക്ക് ആയോധനകലകളിൽ ഉണ്ടായിരുന്ന പ്രാവീണ്യവും രാജാക്കന്മാരോടുണ്ടായിരുന്ന വിശ്വസ്തതയും യുദ്ധനൈപുണ്യവും ചെമ്പകശ്ശേരി രാജ്യത്തിന്റെ സംരക്ഷണത്തിനും വളർച്ചയ്ക്കും അടിത്തറയേകി. തെക്കേത്തലയ്ക്കൽ വന്നു താമസിച്ച മാപ്പിളയുടെ പിൻ തലമുറക്കാരാണ് തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബാംഗങ്ങൾ.

## ചാക്കോ പെരുമാൾ (1702-1790)

തെക്കേത്തലയ്ക്കൽ ഔസേഫിന്റേയും അന്നയുടേയും മകനായി 1702 ൽ ചെക്കിടിക്കാട് തെക്കേത്തലയ്ക്കൽ ചാക്കോ ജനിച്ചു. ഫലഭൂയിഷ്ഠമായ പമ്പയുടെ എക്കൽ നിലങ്ങളെ കൃഷിയോഗ്യമാക്കുന്നതിനു എല്ലാ പ്രതിബന്ധങ്ങളേയും അതിജീവിച്ചു വിജയിച്ച വ്യക്തിയാണ് ചാക്കോ. ചെമ്പകശ്ശേരി രാജാവിന്റേയും അമ്പലപ്പുഴ ക്ഷേത്രത്തിന്റേയും സംരക്ഷണത്തിനുവേണ്ടി നടത്തിയ നിരന്തരമായ ശ്രമങ്ങളെ മാനിച്ചുകൊണ്ട് ചെമ്പശ്ശേരി രാജാവ് കരം ഒഴിവായി 300 പറ നിലം വിളവോടു കൂടി നല്കി. അതോടൊപ്പം ചാക്കോയ്ക്കും അദ്ദേഹത്തിന്റെ സന്തതിപരമ്പരകൾക്കും ചില അവകാശ അധികാരങ്ങൾ കല്പിച്ച് അനുവദിച്ചിരുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിലെ ഉത്സവത്തിനു തെക്കേത്തലയ്ക്കൽ മാപ്പിളയുടെ സന്തതികളിൽ ഒരാളെ നാടകശാല സദ്യതുടങ്ങുന്നതിനുമുമ്പ് പുൽപായിൽ ഇരുത്തി "അഞ്ചേകാലും കോപ്പും" (അഞ്ചേകാൽ ഇടങ്ങഴി അവലും മറ്റും) കാലാകാലത്തോളം കൊടുകൊള്ളണമെന്നു രാജകല്പന ഉണ്ടായിരുന്നു. ഈ പതിവ് പെ.ബ. ഗ്രിഗോറിയോസച്ചന്റെ സെമിനാരിപ്രവേശനം വരെ നിലനിന്നിരുന്നു.

രാജാവിന്റെ ഔദ്യോഗിക എഴുന്നള്ളത്തിന് പഴയരിക്കൽ കൈമളുടേയും തെക്കേത്തലയ്ക്കൽ ചാക്കോമാപ്പിളയുടേയും ചുണ്ടൻ വള്ളങ്ങൾ അകമ്പടി സേവിക്കണമെന്നു കല്പന ഉണ്ടായിരുന്നു. അധിപൻ എന്നും രാജ്യത്തിലെ ഏറ്റവും ബഹുമാന്യനായ വ്യക്തിയെന്നുമുള്ള അർത്ഥത്തിൽ പെരുമാൾ സ്ഥാനം ചാക്കോയ്ക്ക് ചെമ്പകശ്ശേരി രാജാവ് കല്പിച്ചു നൽകി. അങ്ങനെ ചാക്കോ പെരുമാൾ ആയി തീർന്ന തെക്കേത്തലയ്ക്കൽ ചാക്കോ ദൈവത്തിനും കുടുംബത്തിനും വേണ്ടി നല്ലവണ്ണം അദ്ധ്വാനിച്ച് 1790 നിത്യസൗഭാഗ്യത്തിൽ പ്രവേശിച്ചു. ചമ്പക്കുളം കലൂർക്കാട് പള്ളിയിൽ ഭൗതീകദേഹം സംസ്കരിച്ചു. കുടമാളൂർ പണിക്കരേടം മറിയയെ വിവാഹം ചെയ്തിരുന്നു. ഇവർക്ക് ചാക്കോ, ഔസേഫ് എന്നീ രണ്ടു മക്കളുണ്ടായിരുന്നു.

## ഔസേഫ് പെരുമാൾ (1730-1815)

തെക്കേത്തലയ്ക്കൽ ചാക്കോപെരുമാളിന്റേയും കുടമാളൂർ പണിക്കരേടം മറിയയുടേയും മക്കളിൽ രണ്ടാമനാണ് ഔസേഫ് പെരുമാൾ. മൂത്തമകൻ ചാക്കോ ചെത്തികളത്തിലേയ്ക്ക് മാറി താമസിച്ചു. ചെത്തിക്കളം എന്നപേരിൽ ചാക്കോയുടെ പിൻതലമുറക്കാർ അറിയപ്പെടുന്നു. ഔസേഫ് ബുദ്ധിമാനും, അദ്ധ്വാനിയും, സർഗ്ഗവൈഭവമുള്ളവനുമായിരുന്നു. പമ്പയാറിന്റെ അതിവിശാലമായ തീരങ്ങൾ നികത്തി കൃഷിയോഗ്യമാക്കിയ പ്രായോഗിക കർഷകനായിരുന്നു ഔസേഫ് പെരുമാൾ. ആദ്ധ്യാത്മിക ജീവിതത്തിൽ തികഞ്ഞ നിഷ്ഠ പുലർത്തിയ ഔസേഫ് പെരുമാൾ തോട്ടപള്ളി യുദ്ധത്തിൽ നേതൃസ്ഥാനം വഹിച്ച് ഒരു പടയെ നയിച്ചു. രാജ്യം ദുർബലമായി പിന്നീട് തുടർച്ചയായ കൃഷി പിഴവുകളും ഔസേഫിന് നേരിടേണ്ടി വന്നു. എങ്കിലും ഭാര്യ ഏലിയുടെ താങ്ങും തണലും ഔസേഫിന് കരുത്തേകിയിരുന്നു. ഏകമകൻ ചാക്കോ പെരുമാൾ രണ്ടാമൻ. 1815 ൽ ഔസേഫ് പെരുമാൾ പൂർവ്വ പിതാക്കന്മാർക്കൊപ്പം ചേർന്നു. കല്ലൂർക്കാട് പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

## ചാക്കോ പെരുമാൾ II (1753-1848)

തെക്കേത്തലയ്ക്കൽ ഔസേഫ് പെരുമാളിന്റേയും ഏലിയുടേയും മകനാണ് ചാക്കോ. കുടുബത്തിലെ അവസാനത്തെ പെരുമാളായി ചാക്കോ അറിയപ്പെടുന്നു. അദ്ധ്വാനശീലനും ഊർജ്ജസ്വലനും, പരോപകാരതല്പരനും ആത്മീയ ജീവിതത്തിൽ നിഷ്ഠയുള്ളവനുമായ ചാക്കോപെരുമാൾ കോഴിമുക്ക് കറുകയിൽ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ചാക്കോ എന്ന മകൻ ജനിച്ചു. അന്നമ്മയുടെ അകാല വേർപാടിൽ മകൻ ചാക്കോയെ സംരക്ഷിക്കുന്നതിനു വേണ്ടി കേളമംഗലം കരിയിൽ മറിയത്തെ വിവാഹം ചെയ്തു. വർക്കി, മറിയം എന്നിവരാണ് മക്കൾ. മൂത്തമകൻ ചാക്കോ തെക്കേത്തലയ്ക്കൽ താമസമായി. ഈ ചാക്കോയുടെ പിൻതലമുറക്കാർ തെക്കേത്തലയ്ക്കൽക്കാർ എന്നറിയപ്പെടുന്നു. ചാക്കോ പെരുമാൾ കരിക്കംപള്ളി പുരയിടം, കളീക്കപറമ്പ് പുരയിടം എന്നിവ വിലയ്ക്കുവാങ്ങി. കരിക്കംപള്ളി പുരയിടത്തിൽ താമസമാക്കി ചാക്കോ പെരുമാളിന്റെയും കരിയിൽ മറിയത്തിന്റെയും പിൻതലമുറക്കാർ കരിക്കംപള്ളിക്കാർ എന്നറിയപ്പെടുന്നു.

പെരുമാൾ അപ്പൂപ്പൻമാരെക്കുറിച്ചു ബഹു. ഗ്രിഗോറിയോസച്ചൻ എഴുതിയിരിക്കുന്നതിങ്ങനെയാണ്. " തെക്കേത്തലയ്ക്കൽ പെരുമാൾ അപ്പൂപ്പൻമാർ യോഗ്യന്മാരും വെളുത്തു ചുവന്നവരും നിഷ്കപടരും ബഹുമാനപ്രീയരും ആയി പറയപ്പെടുന്നു. സമാന്യം എല്ലവരും തന്നെ കച്ച കെട്ടും അഭ്യാസവും പഠിച്ചിട്ടുള്ളവരും ആയിരുന്നു. പെരുമാൾ അപ്പൂപ്പന് (അവസാനത്തെ പെരുമാൾ) കച്ചകെട്ട് വശമായിരുന്നത് കൂടാതെ ആൾ യോഗ്യനും വെളുത്ത് തടിച്ചവനും ആയിരുന്നു. ഇപ്രകാരം 97-ൽ പരം വയസ്സായിട്ടും അധികക്ഷീണം ഒന്നും കൂടാതെ ജീവിക്കുകയും മരുമക്കളെ കണ്ടുകൊണ്ടും പുരാതനവർത്തമാനങ്ങളെ പറഞ്ഞറിയിച്ചുകൊണ്ടും കാലം കഴിച്ചു. ഇദ്ദേഹത്തിന്റെ മുത്തമകൻ ചാക്കോ തെക്കേത്തലക്കലിന് ഔസേഫ്, പോത്തൻ, ചാക്കോ എന്ന മൂന്ന് ആൺമക്കളും മറിയം, അന്ന, ത്രസ്യ എന്ന പെൺമക്കളും ഉണ്ടായിരുന്നു. മറിയത്തെ വെൺമേലിലും, അന്നയെ കൊച്ചുതറയിലും, ത്രസ്യയെ പനപ്പറമ്പിലും വിവാഹം ചെയ്തു. ഇദ്ദേഹം 1948 ൽ മരിച്ചു. എടത്വാപള്ളി സിമത്തേരിയിൽ ആദ്യം സംസ്കരിക്കുന്നത് ചാക്കോയെയാണ്.

# നാളാഗമം

# തെക്കേത്തലയ്ക്കൽ കരിക്കംപള്ളിൽ

# ക.നി.മൂ.സ.ബ. യൗസേപ്പ് ഗ്രിഗോരിയോസച്ചൻ

ഈദ്ദേഹം കോയിൽമുക്കു(എടത്വാ പള്ളിയുടെ പഴയ പേര്) ഇടവക കരിക്കംപള്ളി എന്ന മാന്യവും പുരാതനവുമായ കുടുംബത്തിൽ 1861 ഇടവം 12 നു ഭൂജാതനായി. 75 ൽ കർമ്മലീത്താ സഭയിൽ പ്രവേശിച്ച 86 - ൽ കുർബ്വാന പട്ടം സ്വീകരിച്ചു. 88 - ൽ നിത്യവ്രതം വാഗ്ദാനം ചെയ്തു. വൈദിക പഠനം കുനമ്മാവു കൊവേന്തയിൽ വച്ചു ഇറ്റാലിയിൻ കർമ്മലീത്താ മിഷനറിമാരുടെ മേൽനോട്ടത്തിലാണ് പൂർത്തിയാക്കിയത്. ലത്തീൻ സുറിയാനി ഭാഷകളിൽ അസാമാന്യമായ ജ്ഞാനം സമ്പാദിക്കുവാനിടയായി. പരോപകാരതയും, ദയാലുത്വവുമാണ് ഇദ്ദേഹത്തിൽ സർവ്വോപരി ശോഭിച്ചിരുന്നത്. ദൈവദത്തമായ തന്റെ കഴിവുകൾ മറ്റുള്ളവർക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണ്ണമായി വിനിയോഗിക്കുവാൻ ബദ്ധനായിരുന്നു ബഹു.യൗസേപ്പ് ഗ്രിഗോറിയോസച്ചൻ. ഇദ്ദേഹം സഭയുടെ അഭിവൃദ്ധിയ്ക്കായി വളരെ പ്രയത്നിച്ചിട്ടുണ്ട്.

സഭയിൽ ഒഫ്നിത്തോരായിട്ടും, പ്രയോരായിട്ടും, പ്രയോർ ജനറാളിന്റെ സെക്രട്ടറിയായിട്ടും ദീർഘകാലത്തേയ്ക്ക് ജോലി ചെയ്തിട്ടുണ്ട്. ഈ കൊവേന്തയിലേക്ക് വന്ന ഇദ്ദേഹം വാതരോഗംമൂലം പ്രസ്തുത ജോലികളിൽ നിന്നും ഒഴിഞ്ഞ് വിശ്രമിക്കാൻ തുടങ്ങിയിട്ട് മൂന്നു കൊല്ലമേ ആയുള്ളു. രോഗിയായിരിക്കയാൽ വൈദ്യനെ കാണാൻ 1926 ധനു 13-നു എടത്വായിൽ പോകുകയും വഴിമദ്ധ്യേ ദഹനക്കേടു നിമിത്തം ഛർദ്ദിയും മറ്റും ഉണ്ടായതിനോടുകൂടി ബോധക്ഷയം നേരിടുകയും ചെയ്തു. ദീനം അപകടമെന്നു കണ്ട് എടത്വാപള്ളി വികാരി ചങ്ങനാശ്ശേരി ചെറുകരയച്ചൻ അന്തിമ കൂദാശകൾ കൊടുത്തു. പിന്നീട് 14നു രാത്രി ഇവിടെ കൊണ്ടുവരികയും 16-നു ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ഇദ്ദേഹം സഹോദരന്മാരുടെ മദ്ധ്യേവച്ചു മരണം പ്രാപിക്കുകയും ചെയ്തു. അടുത്ത ദിവസമായ വെള്ളിയാഴ്ച കാലത്ത് ഇദ്ദേഹത്തിന്റെ ജേഷ്ഠപുത്രനും മുത്തോലി പ്രയോരുമായ ബ. എവുസേബിയോസച്ചൻ മാന്നാനത്തു കൊവേന്തയിൽ പൊതു സംഘത്തിൽ സംബന്ധിച്ചിരുന്ന മദ്ധ്യേ ഇവിടെ വന്നു ചേർന്നു. സംസ്കാര കർമ്മം നടത്തിയത് ഇദ്ദേഹമായിരുന്നു. ചമ്പക്കുളം ഫൊറോനാ വികാരി കടവിലച്ചൻ ഉൾപ്പെടെ അടുത്ത ഇടവകകളിൽ നിന്നും 12 അച്ചൻമാരോളം വന്നിരുന്നു. അതുകൂടാതെ മുത്തോലി, മാന്നാനം, ചമ്പക്കുളം എന്നീ കൊവേന്തകളിലെ സന്യാസ വൈദികരും സംസ്കാര കർമ്മത്തിൽ സംബന്ധിക്കുകയും ചെയ്തു. മൃതദേഹം പള്ളിയുടെ പ്രധാന വാതിലിനു സമീപമാണ് അടക്കിയിരിക്കുന്നത്.

പരേതൻ ഒരു ഗ്രന്ഥകാരൻ കൂടിയായിരുന്നു. ഇദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ വി. ഗ്രിഗോറിയോസിന്റെ ചരിത്രം, മാർത്തോമ്മാശ്ലീഹായുടെ ചരിത്രസംക്ഷേപം, ഒനോപീയൂസിന്റെ ചരിത്രം, ശുദ്ധീകരണാത്മ ഭക്തി, പറഞ്ഞൊപ്പുക്രാസ് (സുറിയാനി), തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബം - അല്പം ചരിത്രം തുടങ്ങിയവയാണ്.

**പുളിങ്കുന്ന് കൊവേന്തയിലെ നാളാഗമത്തെ അടിസ്ഥാനമാക്കിയാണ് ഈ ചെറുകുറിപ്പ് തയ്യാറാക്കിയിരിക്കുന്നത്**

# തെക്കേത്തലയ്ക്കൽ കരിക്കംപള്ളി

# റവ. ഫാ. ഗ്രിഗോറിയോസ് സി.എം.ഐ.

കുട്ടനാട്ടിലെ ഒരു ചെറിയ ഗ്രാമമായ ചെക്കിടിക്കാട്ടാണ് പുണ്യശ്ലോകനായ ഗ്രിഗോറിയോസച്ചന്റെ ജന്മസ്ഥലം. പുരാതനമായ തെക്കേത്തലയ്ക്കൽ കരിക്കംപള്ളിൽ തറവാട്ടിൽ വർക്കി- മറിയം ദമ്പതികളുടെ മൂന്നാമത്തെ മകനായി 1861 മേയ് 12ന് ഇദ്ദേഹം ജനിച്ചു. തോമ്മ എന്നായിരുന്നു പേര്. കുടുംബത്തിലെ ആഭിജാത്യമായ അന്തരീക്ഷവും മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതവും അദ്ദേഹത്തെ കുട്ടിക്കാലത്ത് വളരെയേറെ സ്വാധീനിച്ചിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഭക്തരായ മാതാപിതാക്കളുടെ അനുമതിയോടെ അദ്ദേഹം പുളിങ്കുന്ന് സെമിനാരിയിൽ ചേർന്നു. അവിടെനിന്ന് കൂനമ്മാവ് സെമിനാരിയിലേക്ക് പോയി. 1886 മാർച്ച് 20ന് ഗുരുപ്പട്ടം സ്വീകരിച്ചു. ഭാരതത്തിലെ ഏകദേശീയ സന്യാസസഭയെന്ന പദവിയുള്ള സി.എം.ഐ സഭയിൽ അംഗമായി 1888 ഫെബ്രുവരി 12ന് ക്രമപ്രകാരമുള്ള നിത്യവ്രതവാഗ്ദാനം ചെയ്തു.



ചെത്തിപ്പുഴ, എൽത്തുരുത്ത്, മുത്തോലി, പുളിങ്കുന്ന് എന്നീ സ്ഥലങ്ങളിലുള്ള സന്യാസാശ്രമങ്ങളിൽ ഇദ്ദേഹം പ്രിയോരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സി.എം.ഐ സഭയുടെ ദഫ്നിത്തോരായിട്ടും, പ്രയോരായിട്ടും, പ്രിയോർ ജനറാളിന്റെ സെക്രട്ടറിയായിട്ടും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. മാന്നാനം സെമിനാരിയിൽ കുറേക്കാലം അദ്ധ്യാപകനായി പ്രവർത്തിച്ചു. സുറിയാനി, ലത്തീൻ തുടങ്ങിയ ക്ലാസിക്ക് ഭാഷകളിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം അസാധാരണമായിരുന്നു. സി.എം.ഐ സഭയുടെ വളർച്ചയ്ക്കും സുസ്തിതിക്കും ഉതകുന്ന നിരവധി പ്രവർത്തനങ്ങളിൽ ഇദ്ദേഹം ഏർപ്പെട്ടിട്ടുണ്ട്. പച്ച - ചെക്കിടിക്കാട് ലൂർദ്ദ് മാതാപള്ളി സ്ഥാപനത്തിലും സ്മരിയപുരുഷൻ സാരമായ പങ്ക് വഹിച്ചിട്ടുണ്ട്. തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബത്തെ സി.എം.ഐ സഭയുമായി ബന്ധിപ്പിച്ച ആദ്യ കണ്ണിയായിരുന്നു ഇദ്ദേഹം. പുണ്യശ്ലോകന്റെ ജീവിതത്തിൽ പ്രകടമായിരുന്ന കളങ്കമില്ലായ്മയും ദീനദയാലുത്വവും കർമ്മോത്സുകതയും തലമുറകൾക്ക് പ്രചോദനമരുളുന്നു.

പച്ച - ചെക്കിടിക്കാട് ലൂർദ്ദ് മാതാപള്ളിക്ക് കാസായും, പീലാസായും, അരുളിക്കായും മാതാവിന്റെ ഒരു രൂപവും ഫ്രാൻസിൽനിന്ന് വരുത്തി നൽകുകയുണ്ടായി. ദിവംഗതനായ മാർ കുര്യാളശ്ശേരി പിതാവിന്റെ കുമ്പസ്സാരക്കാരനുമായിരുന്നു. കൊവേന്തയിൽ നിന്ന് വീട്ടിലെത്തിയാൽ കരിക്കംപള്ളിയിലെ എല്ലാ വീടുകളും സന്ദർശിച്ച് ക്ഷേമാന്വേഷണം നടത്തിയിരുന്ന ഈ പൂർവ്വപിതാമഹനെ ഞങ്ങൾ എന്നെന്നും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. റവ.ഫാ.ഗ്രിഗോറിയോസ് എടത്വായിൽ പോകും വഴി 1926 ധനു 13-ന് ഛർദ്ദിയും മറ്റും ഉണ്ടായതിനോടുകൂടി ബോധക്ഷയം നേരിട്ടു. 14-ന് രാത്രി പുളിങ്കുന്നിൽ കൊണ്ടുവരികയും 16-നു ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഇദ്ദേഹം സഹോദരന്മാരുടെ മദ്ധ്യേവച്ചു മരണം പ്രാപിക്കുകയും ചെയ്തു. മൃതദേഹം പുളിങ്കുന്ന് ആശ്രമദേവാലയത്തിന്റെ പള്ളിയുടെ പ്രധാന കവാടത്തിനു സമീപമാണ് അടക്കിയിരിക്കുന്നത്.

*Best Compliments from*

# KALAPURACKAL FAMILY



***Inserted by:***

Babu & Rani
Chacko & Lija
Muthu & Vakachan
Josekutty & Kochurani
Meriam & Vakachan
Joychen & Milan
Mekaha & Vakachan

# കരിക്കംപള്ളി റവ. ഫാ. എവുസേബിയോസ് സി.എം.ഐ.

വെരി റവ. ഫാ. ഗ്രിഗോറിയോസ് സി.എം.ഐയുടെ സഹോദരപുത്രനും ഔസേപ്പ് - കത്രീന ദമ്പതികളുടെ നാലാമത്തെ പുത്രനുമായ സ്കറിയ സി.എം.ഐ സഭയിൽ ചേർന്ന് എവുസേബിയോസ് എന്ന നാമകരണം സ്വീകരിച്ചു.



മാന്നാനം, വാഴക്കുളം, എൽത്തുരുത്ത്, പുളുങ്കുന്ന്, മുത്തോലി, ഐരൂർ, തലോർ, മുട്ടാർ എന്നിങ്ങനെ പലസ്ഥലങ്ങളിലുള്ള സി.എം.ഐ ആശ്രമങ്ങളുടെ ശ്രേഷ്ഠനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ ചങ്ങനാശേരി അതിരൂപതയിലെ കന്യാകാസമൂഹങ്ങളുടെ പൊതുസുപ്പീരിയറായും നടത്തിയിട്ടുള്ള സേവനം സ്തുത്യർഹമായിരുന്നു. മിതഭാഷിയും ക്ഷമയുടെ മൂർത്തീഭാവവുമായിരുന്ന അച്ചനോട് ഒരിക്കലെങ്കിലും ഇടപെട്ടിട്ടുള്ളവരുടെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടുവാൻ ഇദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. എവുസേബിയോസച്ചൻ മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെ കുമ്പസാരക്കാരനായിരുന്നു. 23-8-1962 ൽ വാർദ്ധ്യക്യസഹജമായ അസുഖത്താൽ മുട്ടാർ കൊവേന്തയിൽവച്ച് മരണമടഞ്ഞു. ആശ്രമദേവാലയത്തിൽ സംസ്കരിച്ചു.

# ഫാ. തോമസ് മണലിൽ



കരിക്കംപള്ളിൽ കളീക്കപറമ്പ് മറിയക്കുട്ടിയുടേയും മുട്ടാർ മണലിൽ മാണിച്ചന്റെയും പുത്രനായി 1930 ജൂൺ 5-ാം തീയതി ജനിച്ചു. 1950 ജൂൺ മാസം 15-ാം തീയതി പാറേൽ മൈനർ സെമിനാരിയിൽ അംഗമായി. 1959 മാർച്ച് മാസം 3-ാം തീയതി ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ടിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. കാഞ്ഞിരപ്പള്ളി രൂപതയിലെ എരുമേലി, ചിറക്കടവ് തുടങ്ങിയ ഇടവകളിലും ചങ്ങനാശ്ശേരി അതിരൂപതയിലെ വെരൂർ, പായിപ്പാട്, പൊടിപ്പാറ, പച്ച-ചെക്കിടിക്കാട് തുടങ്ങി നിരവധി പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. തന്നിൽ ഭരമേൽപ്പിക്കപ്പെട്ടിരുന്ന അജഗണങ്ങളെ എന്നും നേർവഴി നയിക്കുവാൻ ഉത്സുകനായിരുന്ന ഇടയനായിരുന്നു ഫാ തോമസ് മണലിൽ. 1998 ൽ തന്റെ കർമ്മനിരതമായ ജീവിതം അവസാനിക്കുന്നതുവരെ കുടുംബാഗങ്ങളോട് പ്രത്യേക മമത പുലർത്തുവാൻ ഫാ തോമസ് ശ്രദ്ധിച്ചിരുന്നു. മുട്ടാർ സെന്റ് ജോർജ് പള്ളി സിമിത്തേരിയിൽ ഭൗതികദേഹം സംസ്കരിച്ചു.

# റവ. ഫാ. ഗ്രിഗറി കരിക്കംപള്ളി



**വെ**രി. റവ. ഫാ.എവുസേബിയോസ് സി.എം.ഐയുടെ സഹോദരപുത്രനും ഔസേപ്പ് - മറിയം ദമ്പതികളുടെ മൂന്നാമത്തെ പുത്രനുമായ ഗ്രിഗറി വൈദികനായശേഷം മൂന്നു പള്ളികളിൽ അസിസ്റ്റന്റ് വികാരിയായി ജോലിനോക്കിയശേഷം അഭിവന്ദ്യ കാളാശേരി പിതാവിന്റെ സെക്രട്ടറിയായി വളരെക്കാലം സേവനം അനുഷ്ഠിച്ചു. അഭിവന്ദ്യ കാവുകാട്ടു തിരുമേനിയുടെ കുമ്പസാരക്കാരനായ ഇദ്ദേഹം എസ്.ബി. കോളജിൽ സുറിയാനി പ്രഫസറായും കോളേജിന്റെ ബർസാറായും ദീർഘകാലം സേവനം അനുഷ്ഠിച്ചു. റിട്ടയർ ചെയ്ത ശേഷം പാറേപ്പള്ളിക്കടുത്തുള്ള വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കവേ 5-9-1993-ൽ ദിവംഗതനായി. പച്ച - ചെക്കിടിക്കാട് ലൂർദ്ദ് മാതാ ദേവാലയത്തിന്റെ സിമിത്തേരി ചാപ്പലിൽ പ്രത്യേകമായി തയ്യാറാക്കിയ കല്ലറയിൽ സംസ്കരിച്ചു.

# ഫാ. ജെയിംസ് തെക്കേത്തല സി.എം.ഐ.



തെക്കേത്തലയക്കൽ ചാക്കോച്ചന്റെയും അന്നമ്മയുടെയും നാലാമത്തെ പുത്രനായി 1936 ഏപ്രിൽ 4-ാം തീയതി ചാച്ചൻ ജനിച്ചു. 1953 ജൂണിൽ കർമ്മലീത്ത സഭയിൽ ചേർന്നു. 8-12-1955 ൽ ഒന്നാമത്തെ വ്രതവാഗ്ദാനം. 8-12-1958 ൽ നിത്യ വ്രതവാഗ്ദാനവും. 1962 മേയിൽ പൗരോഹിത്യവും സ്വീകരിച്ചു.

മെക്കാനിക്കൽ എൻജിനീയറിംഗ് പാസായ ഫാ, ജയിംസ് ആന്ധ്രാ സംസ്ഥാനത്തിലെ ഈനാട് എന്ന ദിനപത്രത്തിന്റെ സാങ്കേതിക ഉപദേഷ്ടാവായും, ദീപികയുടെ പ്രൊഡക്ഷൻ മാനേജരായും സേവനം ചെയ്തിട്ടുണ്ട്. ബാംഗ്ളൂർ ധർമ്മാരാം കോളജിന്റെ അഡ്മിനിസ്ട്രേറ്റർ, മാന്നാനം സെന്റ് ജോസഫ് പ്രസിന്റെ മാനേജർ, കർമ്മലകുസുമം മാസികയുടെ ചീഫ് എഡിറ്റർ എന്നീ നിലകളിലും തന്റെ കഴിവ് പ്രകടമാക്കി. തിരുഹൃദയ ആശ്രമത്തിന്റെ പ്രിയോരും പള്ളിയുടെ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ചെത്തിപ്പുഴയിൽ കാർമ്മൽ ടെക്നോ ക്രാഫ്റ്റ് ട്രെയിനിംഗ് സെന്ററിന്റെ ഡയറക്ടറായിരിക്കെ 2002 ജനുവരി15 ന് നിത്യനാഥന്റെ പക്കലേയ്ക്ക് യാത്രയായി. ചെത്തിപ്പുഴ ആശ്രമദേവാലയത്തിൽ ഭൗതികദേഹം സംസ്കരിച്ചു.

*In Loving Memory of*

# Rev. Fr. K. V. Antony Karikkampally
## (Georgekutty)



**(1936 - 2006)**

*"You were loved by one and all*
*But God loved you the best of all"*



# Rev. Fr. K. V. Antony Karikkampally

## (1936 - 2006)

| | | |
|---|---|---|
| Father's Name | : | K. J. Varkey (Late) |
| Mother's Name | : | Thresiamma (Late) |
| Names of Brothers | : | 1. K. V. Thomas (Late) 2. K. V. Gregory<br>3. K. V. Chacko 4. K. V. George<br>5. K. V. Joseph 6. K. V. Mathew |
| **Date of Birth & Place** | : | **23. 09. 1936 - Checkidikkadu, Edathua** |
| Diocese of Origin | : | Arch-Diocese of Changanacherry |
| Baptised on | : | 01. 10. 1936 |
| Baptised at | : | Lourde Matha Church, Pacha-Checkidikkadu |
| Minister of Baptism | : | Fr. G. Vellakkalam |
| Commn. & Confn. | : | 13. 02. 1946 |
| Confirming Prelate | : | Rt. Rev. Dr. James Kalassery |
| **Seminary Studies at** | | |
| Minor Seminary | : | St. Thomas Seminary, Changanacherry |
| Major Seminary | : | St. Joseph's Pontifical Seminary, Aluva<br>Dharmaram College, Bangalore |
| **Date of Ordination** | : | **05. 07. 1978** |
| Ordination at | : | Lourde Matha Church, Pacha-Checkidikkadu |
| Ordaining Prelate | : | Most Rev. Dr. Aruldas James |
| Died on | : | 02. 02. 2006 at Doddagajanur |

### Served in the following Parishes/Institutions

| S. No. | Designation | Parish/Institution | Year |
|---|---|---|---|
| 1. | Asst. Parish Priest | St. John de Baptist, Gajanur | 1978 - 1979 |
| 2. | Manager and Asst. Parish Priest | Nally Farm, Mathampalayam St. Antony's Panakahalli | 1979 - 1980 |
| 3. | Asst. Parish Priest | St. Mary's, Gudalur | 1980 - 1982 |
| 4. | Parish Priest | St. Mary's, Masinagudi | 1982 - 1983 |
| 5. | Parish Priest | Sacred Heart, Metalavadi | 1983 - 1985 |
| 6. | Parish Priest | St. Sebastian's Cherambadi | 1985 - 1993 |
| 7. | Parish Priest | Annai Vailankanni, Teganare | 1993 - 1998 |
| 8. | Correspondent | Rex School, Ooty | 1998 - 1999 |
| 9. | Parish Priest | St. Joseph's, Soosaipuram | 1999 - 2000 |
| 10. | Parish Priest | St. Mary's, Talavadi | 2000 - 2006 |

*May his soul Rest in Peace*

# വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും മുദ്രിതമാക്കപ്പെടുകയും ചെയ്തവർ



റവ. ഡോ. കെ. സി. ജോർജ്ജ് എസ്. ജെ. കരിക്കംപള്ളി



റവ. ഫാ. തോമസ് മൂർ കരിക്കംപള്ളി സി.എം.ഐ.



റവ. ഫാ. ആന്റണി കരിക്കംപള്ളി



റവ. ഡോ. ജയിംസ് കരിക്കംപള്ളി

# വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും മുദ്രിതമാക്കപ്പെടുകയും ചെയ്തവർ



*റവ. ഫാ. തോമസ് തെക്കേത്തലയ്ക്കൽ എസ്.ജെ.*



*റവ. ഫാ. ജോബ് കരിക്കംപള്ളി*



*റവ. ഫാ. തോമസ് തെക്കേത്തല സി.എം.ഐ.*

# വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും മുദ്രിതമാക്കപ്പെടുകയും ചെയ്തവർ



ഫാ. ജോർജ്ജ് കളം



ഫാ. ആർ.സി. ചാക്കോ രണ്ടുപറ



ഫാ. ചാക്കോ മണ്ണിശ്ശേരി



ഫാ.സുരേഷ് മേലേട്ട്കൊച്ചി

# ദൈവസേവനത്തിനായി സമർപ്പിക്കപ്പെട്ടവർ


റവ. സിസ്റ്റർ ജോർജ്ജിറ്റ എസ്.ഡി
കരിക്കംപള്ളി


റവ. സിസ്റ്റർ ജസ്സി
കരിക്കംപള്ളി


റവ. സിസ്റ്റർ റീനാ മേരി
കരിക്കംപള്ളി


റവ. സിസ്റ്റർ മരീസാ
കരിക്കംപള്ളി


റവ. സിസ്റ്റർ റോസ്‌ലെറ്റ്
കളത്തിപ്പറമ്പ്


റവ. സിസ്റ്റർ മരിയറ്റ്
കളത്തിപ്പറമ്പ്


റവ. സിസ്റ്റർ മെരീന
കളത്തിപ്പറമ്പ്


റവ. സിസ്റ്റർ ബോർജിയ


റവ. സിസ്റ്റർ മരിയാ എലേന

# ദൈവസേവനത്തിനായി സമർപ്പിക്കപ്പെട്ടവർ



റവ. സിസ്റ്റർ കുസുമം



റവ. സിസ്റ്റർ സൂന



റവ. സിസ്റ്റർ ആൻസ് മരിയ



റവ. സിസ്റ്റർ ഹെൽനിറ്റ



റവ. സിസ്റ്റർ സിസി



റവ. സിസ്റ്റർ ഫിൽസ



റവ. സിസ്റ്റർ ടിൻസി



റവ. സിസ്റ്റർ കർമല



റവ. സിസ്റ്റർ സിൽവി കളം

*Best Compliments from:*

***Phone No. 0481 - 2421680 (off.)***
***2727680 (Res.)***
***0477 - 2219590 (Res.)***
***Mobile: 9847239791.***
***Fax: 0481 - 2423024***

# JESWIN VIDEO

**T.B. Road, Changanacherry**

**For,**

**VHS & Digital Video Recording**
**VHS & Digital Editing**
**Photography**
**DVD & CD Writing.**

# JES COMMUNICATION

**T.B. Road, Changanacherry**
**Phone: 2423024.**

**For,**

**STD, ISD & FAX.**
**D.T.P. & Photostat.**
**Courier Service.**



റവ. ഫാ. ഗ്രിഗോറിയോസ് സി.എം.ഐയുടെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന ജൂബിലിയിൽ എടുത്ത തെക്കേത്തലയ്ക്കൽ കരിക്കംപള്ളിൽ കുടുംബ ഫോട്ടോ.

ബഹു. ഗ്രിഗോറിയോസച്ചന്റെ 75–ാം ചരമവാർഷികത്തോനുബന്ധിച്ച് പുളിങ്കുന്ന് ആശ്രമ ദേവാലയത്തിൽ നടന്ന ചടങ്ങുകൾ



റവ. ഫാ. ജയിംസ് തെക്കേത്തലയ്ക്കലിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലി



പുളിങ്കുന്ന് ആശ്രമദേവാലയ സെമിത്തേരിൽ റവ. ഡോ. ജയിംസ് കരിക്കംപള്ളിയുടെ മുഖ്യകാർമ്മികത്വത്തിൽ ഒപ്പീസ് നടത്തുന്നു.



പുളിങ്കുന്നിൽ നടന്ന ചടങ്ങുകളിൽ പങ്കെടുത്ത ബഹു. വൈദീകരും സിസ്റ്റേഴ്സും കുടുംബാംഗങ്ങളും




പുളിങ്കുന്ന് ആശ്രമദേവായത്തിലെ
ബഹു. ഗ്രിഗോറിയോസച്ചന്റെ
കല്ലറ



പച്ച-ചെക്കിടിക്കാട് ലൂർദ്ദ്മാതാ പള്ളിയിൽ റവ. ഡോ. കെ.സി. ജോർജിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന സമൂഹബലി.



തെക്കേത്തലയ്ക്കൽ കരിക്കംപള്ളി ഡയറക്ട്രിയുടെ കരട് പതിപ്പിന്റെ ഉദ്ഘാടനം കർമ്മം ആലപ്പുഴ മെത്രാൻ റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴി നിർവ്വിഹക്കുന്നു.

# തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബം തലമുറകളിലൂടെ.....................




1. ചെറിയാൻ കിഴക്കേപ്പറമ്പ്
2. വർക്കി വലിയതുറ
3. ചാക്കോ വെൺമേലിൽ
4. മാമ്മി മാവുങ്കൽ
5. നാലുകണ്ടം
6. ഔസേപ്പ് വാണിയപ്പുര
7. കുട്ടി വാണിയപ്പുര
8. പുത്തൻപുര പുറക്കാട്
9. കാട്ടുങ്കൽ പച്ച
10. വള്ളുവംതറ
11. കൊച്ചുതറ
12. വിരിപ്പിൻ പടഹാരം
13. മണക്കളം പാണ്ടങ്കരി
14. കൊല്ലംകളം പടഹാരം
15. ത്രേസ്യ കല്ലുപുരയ്ക്കൽ
16. മറിയം തെക്കേപ്പറമ്പ്
17. അന്നമ്മ വെള്ളിമംഗലം
18. ക്ലാര കണ്ടത്തിപ്പറമ്പ്
19. ഔസേപ്പ് അട്ടിച്ചിറ
20. ഏലി എഴുന്നൂറ്റിൽ
21. മുടന്താഞ്ഞിലി മങ്കൊമ്പ്
22. മൂന്നുപറയിൽ എടത്വ
23. കാവിലവീട് പുത്തൻപുര
24. ഔസേപ്പ് പനപ്പറമ്പ് പാണ്ടങ്കരി
25. ഔസേപ്പ് പരുവക്കളം
26. ചാക്കോ കളത്തിപ്പറമ്പ്
27. വർക്കി പുത്തൻപുര
28. ദേവസ്യ തെക്കേത്തല
29. ത്രേസ്യ വളയത്തിൽ
30. മറിയം തുമ്പേചിറ
31. അന്തോനി നന്നാട്ട്
32. മറിയം പീടികയിൽ
33. ഔസേപ്പ് കളീക്കപ്പറമ്പ്
34. വർക്കി 900
35. ചാക്കോ ഇലഞ്ഞിപ്പറമ്പ്
36. റവ. ഫാ. എവുസേബിയോസ്
37. ഒറോമ്മ ഇളമത
38. അന്നമ്മ വടക്കേക്കളം
39. അന്തോനി കളപ്പുരയ്ക്കൽ
40. തോമ്മാ നന്നാട്ടുമാലി
41. മറിയം
42. ഈത്തമ്മ ഒട്ടാലം
43. ചാക്കോ ചിറയിൽ
44. വർക്കി ഈട്ടുകുഴി
44.A മത്തായി ചന്ദ്രത്തിൽ
45. വക്കച്ചൻ കരിക്കംമ്പള്ളി
46. മറിയം കടുമം

# കരിക്കംപള്ളി ശാഖ

## വർക്കി (1822-1882)

ചാക്കോ പെരുമാളിന്റേയും കരിയിൽ മറിയത്തിന്റേയും ഏകമകനാണ് വർക്കി. വർക്കി കാര്യശേഷിയുള്ളവനും, പരമാർത്ഥഹൃദയമുള്ളവനും, ദൈവഭക്തനും ക്ഷമാശീലനുമായിരുന്നു. തെക്കേത്തലയ്ക്കൽ പുരയിടത്തിന്റെ പകുതി വർക്കിക്ക് വീതമായി ചാക്കോ പെരുമാൾ വച്ചിരുന്നു. എങ്കിലും അത് ചാക്കോ തെക്കേത്തലയ്ക്കൽ നിന്നും കിട്ടിയില്ല. അതുകൊണ്ട് സാമ്പത്തികമായ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. പ്രാർത്ഥന വണക്ക മാസങ്ങളിൽ വളരെ കണിശക്കാരനായ വർക്കി കൃഷി തുടങ്ങുന്നതിനുമുൻപും കൊയ്ത്തിനു ശേഷവും പാട്ടു കുർബ്ബാന ചൊല്ലിക്കുന്നത് പതിവായിരുന്നു. ചേന്നംങ്കരി കാഞ്ഞുപറമ്പിൽ മറിയത്തെ വർക്കി വിവാഹം ചെയ്തു. ഔസേഫ്, ചാക്കോ, തോമസ്, വർക്കി, മറിയം, അന്തോനി, എന്നിവരാണ് മക്കൾ. **പെ.ബ.ഗ്രിഗോറിയോസച്ചൻ** വർക്കിയുടെ മകനാണ്. ഏക മകൾ മറിയത്തെ ഉലക്കപ്പാടിൽ ചന്ദ്രത്തിൽ ഔസേഫ് വിവാഹം ചെയ്തു. അതിൽ മത്തായിച്ചൻ എന്നൊരു പുത്രൻ. ഔസേഫിന്റെ അകാല നിര്യാണത്തെ തുടർന്ന് മറിയത്തെ കണ്ടത്തിപറമ്പിലായ ഈട്ടുകുഴിയിൽ കുഞ്ചെറിയാച്ചൻ വിവാഹം ചെയ്തു. അവർക്ക് വർക്കി എന്നൊരു മകനും മറിയം എന്നൊരു മകളുമുണ്ടായി. വർക്കിയുടെ ഏകമകനാണ് **ഫാ.K.G സഖറിയാസ് ഈട്ടുകുഴി**. 1882 മിഥുനം 26-ാം തീയതി വർക്കി നിത്യജീവിതത്തിലേക്ക് യാത്രയായി.

ആശംസകൾ!!

# Queen's Bakery

## Coffee & Cool Bar

**Church Road, Edathua**
**Phone: 2215026**

ടീപാർട്ടി ഓർഡർ അനുസരിച്ച് ചെയ്ത് കൊടുക്കപ്പെടും

ആശംസകളോടെ,

## പീടികയിൽ അഗ്രിക് ഏജൻസീസ്

ചർച്ച് റോഡ് - എടത്വാ, ആലപ്പുഴ (Dist)
ഫോൺ: 0477-2212251 (Off) 2213133 (Res)

ബ്രാഞ്ചുകൾ

മാർക്കറ്റ് റോഡ്
ചങ്ങനാശ്ശേരി
കോട്ടയം (Dist)
ഫോൺ: 0481-2421178

മൂന്നാർ റോഡ്
നെടുങ്കണ്ടം
ഇടുക്കി (Dist)
ഫോൺ: 0486-2832948

"എല്ലാവിധ കൃഷിസംരക്ഷണ മരുന്നുകളുടെ മൊത്ത വിതരണക്കാർ"

# കരിക്കംപള്ളി കുടുംബം തലമുറകളിലൂടെ..........



101. ഔസേപ്പ് തെക്കേത്തലയ്ക്കൽ, വാണിയപ്പുര
102. പോത്തൻ തെക്കേത്തലയ്ക്കൽ
103. ചാക്കോ തെക്കേത്തലയ്ക്കൽ
104. കുഞ്ഞുവർക്കി കരുവടി, ഒതളപ്പറമ്പ്
105. ചാക്കോ ചങ്ങനാശ്ശേരി, ചിങ്ങംപറമ്പ്
106. ഔസ മഠത്തിതെക്കേതിൽ, ഈരത്ര, എടത്വാ
107. തോമസ് അറുപത്തഞ്ചിൽ വെട്ടി
108. മറിയം വർക്കി വൈപ്പംമഠം. ചമ്പക്കുളം
109. മത്തായി ചന്ദ്രത്തിൽ ഉലക്കപ്പാടി, എടത്വാ
110. വർക്കി കണ്ടത്തിപ്പറമ്പ് ഈട്ടുകുഴി, എടത്വാ
111. മറിയം മെതിക്കളം, ചേന്നങ്കരി, ചങ്ങനാശ്ശേരി
112. വർക്കി പീടികയിൽ, എടത്വാ
113. തോമാച്ചി പീടികയിൽ, പുത്തൻപുരയ്ക്കൽ, എടത്വാ
114. വക്കച്ചൻ കളിക്കപ്പറമ്പ്, ചെക്കിടിക്കാട്
115. കറിയാച്ചൻ പുതിയറയ്ക്കൽ, ചെക്കിടിക്കാട്
116. റവ. ഫാദർ ഗ്രിഗറി കരിക്കംപള്ളി
117. ഔസക്കുട്ടി കളിക്കപ്പറമ്പ്, ചെക്കിടിക്കാട്
118. മറിയം മാണി, മണലിൽ, മുട്ടാർ
119. മാത്യു പുഷ്പമംഗലം, ചെക്കിടിക്കാട്
120. തോമസ് പുത്തൻപീടിക, ചെക്കിടിക്കാട്
121. മാമി പോത്തൻ കൊട്ടാരത്തിൽ മങ്കൊമ്പ്
122. ഔതച്ചൻ വാച്ചാലിൽ തൊള്ളായിരത്തിൽ, ചെക്കിടിക്കാട്
123. ചാക്കോച്ചി തൊള്ളായിരത്തിൽ ചെക്കിടിക്കാട്
124. വക്കച്ചൻ തൊള്ളായിരത്തിൽ, ചെക്കിടിക്കാട്
125. ദേവസ്യാ തൊള്ളായിരത്തിൽ ചെക്കിടിക്കാട്
126. മറിയക്കുട്ടി കുര്യൻ, കളരിക്കൽ, ഇടിഞ്ഞില്ലം
127. തെയ്യാമ്മ കുര്യൻ വല്ല്യശ്ശേരിൽ, ചെക്കിടിക്കാട്
128. ജോസഫ് (കുട്ടപ്പൻ) ഇലഞ്ഞിപ്പറമ്പ്, ചെക്കിടിക്കാട്
129. വർക്കി (തൊമ്മിക്കുഞ്ഞ്) കരിക്കംപള്ളി, ചെക്കിടിക്കാട്
130. ദേവസ്യാ കരിക്കംപള്ളി, പുത്തൻവീട്, ചെക്കിടിക്കാട്
131. പെണ്ണമ്മ തുരുത്തുമാലി, മാന്നാനം
132. മറിയാമ്മ തോമസ്, കൊട്ടാരത്തിൽ മങ്കൊമ്പ്
133. കുട്ടിയച്ചൻ, ഇളമത, പത്തനാപുരം
134. ആപ്പച്ചൻ ഇളമത, മദ്രാസ്
135. അന്നമ്മ മീനത്തേകോൺ, മിത്രക്കരി
136. കുഞ്ഞൂഞ്ഞ് ഇളമത, മാന്നാർ കുടുംബം

137. മറിയക്കുട്ടി മാപ്പിളശ്ശേരി വല്ല്യവീട്ടീൽ, ചമ്പക്കുളം
138. പെണ്ണമ്മ ജോൺ പഞ്ഞിക്കാരൻ, തുരുത്തിക്കാട്
139. ഒറോമ്മ വർഗീസ് ഒളശ്ശ, ചങ്ങനാശ്ശേരി
140. ക്ലാരമ്മ വക്കച്ചൻ മാലി, മെതിക്കളം
141. ഔസക്കുട്ടി കളപ്പുരയ്ക്കൽ, ചെക്കിടിക്കാട്
142. വക്കച്ചൻ കളപ്പുരയ്ക്കൽ. ചെക്കിടിക്കാട്
143. ചാക്കോ പുത്തൻപ്പറമ്പ്, നന്നാട്ടുമാലി. ചെക്കിടിക്കാട്
144. വക്കച്ചൻ പുത്തൻപറമ്പ് തെക്കേച്ചിറ, ചെക്കിടിക്കാട്
145. അന്തോണിക്കുട്ടി പുത്തൻപറമ്പ്, പുത്തൻപുരയ്ക്കൽ
146. ജോസഫ് (വാവച്ചൻ) കാട്ടുങ്കൽ
147. ശൗരിച്ചൻ കളത്തിൽ
148. ഔസേപ്പച്ചൻ നന്നാട്ടുമാലി
149. ദേവസ്യാച്ചൻ തിരുവനന്തപുരം, വല്യതുറ ഗുലാസ്
150. കറിയാച്ചൻ തെക്കേത്തലയ്ക്കൽ
151. മത്തായിക്കുട്ടി കരിക്കംപള്ളി, പായിപ്പാട്, തത്തംപള്ളി
152. അന്നക്കുട്ടികുഞ്ഞ് പുത്തൻപുരയ്ക്കൽ, മുട്ടാർ
153. വർക്കി (കുട്ടപ്പൻ) കരിക്കംപള്ളി, പായിപ്പാട്, നാലുകോടി
154. കറിയാച്ചൻ ചിറയിൽ കരിക്കംപള്ളി
155. ചിന്നാമ്മ വാവച്ചൻ മണ്ണിശ്ശേരിൽ, എടത്വാ
156. മറിയാമ്മ കല്ലൻചിറ, തത്തംപള്ളി
157. തെയ്യാമ്മ തോമസ് കൊച്ചീത്തറ, തൃക്കൊടിത്താനം
158. ജോസ് ചിറയിൽ കരിക്കംപള്ളി
159. സണ്ണി ചിറയിൽ കരിക്കംപള്ളി
160. തെറമ്മ (കുഞ്ഞമ്മ) കുഞ്ഞച്ചൻ, പുതിയമഠം, ചമ്പക്കുളം
161. ചിന്നമ്മ പോത്തൻ കാക്കാംതോട്, കുരിശുംമൂട്
162. മേരിക്കുട്ടി അപ്പുക്കുട്ടൻ മാവുങ്കൽ, മദ്രാസ്
163. തങ്കച്ചൻ കുരുവിള ഒട്ടാലം, തൃക്കൊടിത്താനം
164. ആന്റണി വാവച്ചൻ കരിക്കംപള്ളി
165. മേരിക്കുട്ടി ജോസഫ്, വൈപ്പംമഠം, കണ്ടങ്കരി
166. ഒറോമ്മ കുട്ടപ്പൻ കാഞ്ചിക്കൽ
167. കുഞ്ഞമ്മ ആന്റണി പോളയ്ക്കൽ, കൈനകരി
168. ജോസഫ് (കുട്ടപ്പൻ) കരിക്കംപള്ളി
169. തങ്കമ്മ ചാക്കോ വാണിയപ്പുരയ്ക്കൽ മാലി, എടത്വാ
170. കുഞ്ഞമ്മ കുര്യൻ കിഴക്കേക്കുറ്റ്, പുന്നകുന്നത്തുശ്ശേരി
171. ദേവസ്യാ (കുട്ടപ്പൻ) കടുമ്മത്തിൽ, ചെക്കിടിക്കാട്

# കരിക്കംപള്ളി - കളപ്പുരയ്ക്കൽ

## ഔസേപ്പ് *(1851 – 1926)*

കരിക്കംപള്ളി വർക്കിയുടെയും കരിയിൽ മറിയത്തിന്റെയും മൂത്തമകനായ ഔസേപ്പ്, പഴയരിക്കൽ കൈമളോടു വാങ്ങിയ കളപ്പുരയ്ക്കൽ പുരയിടത്തിൽ ഒരു നാലുകെട്ടു പണിത് മാറിത്താമസിച്ചു. പിതാവിന്റെയും, സഹോദരനായ പുത്തൻപറമ്പിലായ നന്നാട്ടുമാലിൽ ചാക്കോയുടെയും മരണം സൃഷ്ടിച്ച ആഘാതത്തിൽ നിന്ന് കരിക്കംപള്ളി കുടുംബത്തെ ശ്രേയസ്സിന്റെ പാതയിലേക്കുനയിച്ചത് കളപ്പുരയ്ക്കൽ ഔസേപ്പായിരുന്നു. കരിക്കംപള്ളി കുടുംബത്തിന് സാമ്പത്തിക ഭദ്രത വരുത്തിയ ഈ അപ്പനെ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. കാർഷികവൃത്തിയിൽ തല്പരനായിരുന്ന ഔസേപ്പിന് അമ്മവീടായ കാഞ്ഞൂപ്പറമ്പിൽ നിന്നും പലസഹായങ്ങളും ലഭിച്ചിട്ടുണ്ട്. കരിക്കംപള്ളി ശാഖയ്ക്കു കിട്ടേണ്ട തിരുവടയാള വസ്തുക്കൾ വ്യവഹാരം നടത്തി ഔസേപ്പ് തിരികെ എടുത്തു. കൂടാതെ മാലിയിൽ കൊച്ചുപാപ്പനുമായി മുപ്പത്തിമൂന്ന് കൊല്ലം പങ്കുകൃഷിചെയ്ത് ധാരാളം വസ്തുവകകൾ സമ്പാദിക്കുകയും ചെയ്തു. ഇദ്ദേഹം എടത്വാപള്ളിയുടെ കൈക്കാരനായിരുന്ന കാലത്താണ് പള്ളിക്ക് പൊൻകുരിശു പണിതത്. ഇത്തിത്താനത്ത് ചക്വായിൽ കത്രീനയായിരുന്നു ഔസേഫിന്റെ സഹധർമ്മിണി. മറിയം, ഔസേപ്പ്, വർക്കി, ചാക്കോ, സ്ക്കറിയാ, റോസ, അന്നമ്മ, അന്തോനി എന്നിവരാണ് മക്കൾ.

കളപ്പുരയ്ക്കൽ ഔസേപ്പ് 1926 ജൂണിലും കത്രീന 1928 ഫെബ്രുവരിയിലും നിത്യവിശ്രമത്തിനായി സർവ്വേശരന്റെ പക്കലേക്ക് യാത്രയായി. എടത്വാപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

# മറിയം



കളപ്പുരക്കൽ ഔസേപ്പിന്റെ മൂത്തമകൾ മറിയത്തെ കാവാലത്തു വാടയിൽ അന്തോനിച്ചൻ വിവാഹം ചെയ്തു. അന്തോനിച്ചന്റെ അകാല നിര്യാണത്തെ തുടർന്ന് എടത്വാ പീടികയിൽ കുര്യൻ മറിയത്തെ വിവാഹം ചെയ്തു. കുര്യൻ മറിയം ദമ്പതികളുടെ മക്കളാണ് വക്കച്ചനും, തോമസും എടത്വായിലെ സാമൂഹിക പ്രവർത്തനങ്ങളിലും കൃഷികാര്യങ്ങളിലും പള്ളിക്കാര്യങ്ങളിലും മുഴുകി ജീവിച്ചുവരവെ വക്കച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി. വക്കച്ചന്റെ മക്കളാണ് വലിയകുട്ടപ്പനും കൊച്ചുകുട്ടപ്പനും. രാഷ്ട്രീയത്തിൽ വലിയകുട്ടപ്പൻ പ്രശോഭിച്ചപ്പോൾ കൊച്ചുകുട്ടപ്പൻ അദ്ധ്യാപകനായി പ്രാഗത്ഭ്യം തെളിയിച്ച. ഇവരരുടെ രണ്ടാമത്തെ പുത്രൻ തോമസ് എന്ന പാച്ചിയുടെ മക്കളാണ് ജോർജ്ജുകുട്ടിയും, കുര്യൻകുഞ്ഞും. ജോർജുക്കുട്ടി സൈനീകസേവനത്തിൽനിന്നും വിരമിച്ച് എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ കായിക അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. രണ്ടാമത്തെ മകൻ കുര്യൻകുഞ്ഞ് വളം, കീടനാശിനി എന്നിവയുടെ എടത്വായിലെ നക്കാരനാണ്.



വക്കച്ചൻ



തോമസ്

# കരിക്കംപള്ളിൽ കളീക്കപ്പറമ്പിൽ കുടുംബം തലമുറകളിലൂടെ



*Best Compliments from*

# RINI
# &
# ASHOK PIUS DE-COSTA

# SUSMITHA,
# SADHANA
# &
# SHAMILY



(ENGLAND)

# കരിക്കംപള്ളി കളീക്കപ്പറമ്പു കുടുംബം തലമുറകളിലൂടെ

101. ജോസഫ് വക്കച്ചൻ, കളീക്കപ്പറമ്പ്
102. തോമാച്ചി വക്കച്ചൻ, കരിക്കംപള്ളിൽ, എറണാകുളം
103. കുഞ്ഞച്ചൻ വക്കച്ചൻ, കളീക്കപ്പറമ്പ്
104. ചാക്കോച്ചി വക്കച്ചൻ വല്യകളം, കളീക്കപ്പറമ്പ്
105. ബേബിച്ചൻ (വർക്കി) വക്കച്ചൻ, കളീക്കപ്പറമ്പ്
106. റവ. ഫാദർ ജോർജ്കുട്ടി (ആന്റണി കരിക്കംപള്ളി ഊട്ടി രൂപത)
107. ജോസഫ് (കുട്ടപ്പൻ) വക്കച്ചൻ കളീക്കപ്പറമ്പ്
108. മത്തച്ചൻ വർക്കി, കളീക്കപ്പറമ്പ്, ചങ്ങനാശ്ശേരി
109. ജോസഫ് (അപ്പച്ചൻ) കറിയാച്ചൻ, പുതിയറയ്ക്കൽ
110. കുഞ്ഞുവർക്കി കറിയാച്ചൻ, ചെറുപ്പത്തിൽ മരിച്ചു
111. അച്ചാമ്മ തോമാച്ചൻ, പോളച്ചിറ
112. വെ. ഫാദർ തോമസ്മൂർ സി.എം.ഐ. ആലപ്പുഴ
113. ഗ്രിഗറി (എസ്. ബേബി) കറിയാച്ചൻ, പുതിയറയ്ക്കൽ
114. ജോൺ സ്കറിയാ, കരിക്കംപള്ളി, ക്യാനഡാ മരിച്ചു
115. സ്കറിയാ സക്കറിയ (കുഞ്ഞൂഞ്ഞ്) കരിക്കംപള്ളി ചങ്ങനാശ്ശേരി
116. ജെയിംസ്കുട്ടി & സ്കറിയാ കരിക്കംപള്ളി, ക്യാനഡാ
117. ജോസഫ് (കുട്ടപ്പൻ) ഔതച്ചൻ കളീക്കപ്പറമ്പ്, തെക്കേതിൽ
118. കറിയാച്ചൻ (ജോളി) ഔതച്ചൻ, കൊപ്പാറ, ചെറുതന, പാണ്ടി
119. കുഞ്ഞമ്മ & കുട്ടിക്കുഞ്ഞ് പതാരംചിറ, തൃക്കൊടിത്താനം
120. പാപ്പച്ചൻ (ഗ്രിഗറി) ഔതക്കുട്ടി, കളീക്കപ്പറമ്പ്
121. ചിന്നമ്മ & പാപ്പൂട്ടി, തെക്കേടത്ത്, കുടമാളൂർ
122. ബേബിച്ചൻ ഔതക്കുട്ടി, ഗൾഫ്, മാവേലിക്കര
123. ടോമിച്ചൻ ഔതക്കുട്ടി, കരിക്കംപള്ളി, തൃക്കൊടിത്താനം
124. റവ. ഫാദർ തോമസ്, മണലിൽ, മുട്ടാർ, മരിച്ചു.
125. റവ. സി. മേരിലയോണി, കമ്മലീത്തമഠം
126. ത്രേസ്യാമ്മ & ഫിലിപ്പ്, പഴയകരി, മാന്നാനം
127. ജോസ് മാണി, മണലിൽ, മുട്ടാർ
128. ജോർജ്കുട്ടി മാണി, മണലിൽ, തടയ്ക്കപാടം
129. ഒറോമ്മ & കുറിയാക്കോസ്, ഒപോലിൽ, മാടപ്പള്ളിൽ
130. മറിയാമ്മ & കുട്ടപ്പൻ, ചെങ്ങോലിക്കുഴിയിൽ
131. ആനിമ്മ & ജോയിച്ചൻ, ചേപ്പിലക്കുഴി, ചുന്നക്കുന്നത്തുശ്ശേരി
132. മാത്തുകുട്ടി മാണി, മണലിൽ, ഇളംകുളം
133. ലിസമ്മ & ജോസഫ്, വാറ്റുപറമ്പിൽ, ചങ്ങനാശ്ശേരി
134. ഗ്രേസികുട്ടി & തോമാച്ചൻ, ഒഴുകയിൽ
135. ജോസഫ് (അപ്പച്ചൻ) മാത്യു, കരിക്കംപള്ളി, തിരുവനന്തപുരം
136. പൊന്നമ്മ (തങ്കച്ചി) പാപ്പച്ചൻ, ഇരുപ്പക്കാട് എരുമേലി
137. ജോസഫ് (ജോസ്) തോമസ്, പുത്തൻപീടിക, ആലുവ
138. മേരിമ്മ & തോമാച്ചൻ, മഞ്ഞാടി, ചിറക്കടവ്
139. തോമസ്കുട്ടി, പുത്തൻപീടിക, മരിച്ചു.
140. ജോർജ്ജുകുട്ടി തോമസ്, പുത്തൻപീടിക, ഡൽഹി
141. റവ.ഫാ. ജോബു M.S.F.S. ആസാം
142. വർക്കിച്ചൻ തോമസ്, പുത്തൻപീടിക, ചെക്കിടിക്കാട്
143. വത്സമ്മ ബേബിച്ചൻ, ഇടയാടി, പടഹാരം, കരുമാടി
144. മാത്യുതോമസ്, പുത്തൻപീടിക, ബറോഡ
145. ആൻസമ്മ ഫിലിപ്പുകുട്ടി, പടനിലം, വാഴപ്പള്ളി
146. സിസ്റ്റർ റീനാമേരി S.D ചുണങ്ങുവേലി
201. ഫാൻസി ചെറിയാൻ, പുത്തൻപറമ്പിൽ 27ൽ എടത്വാ
202. റവ. സിസ്റ്റർ ജസ്സി, S.T. ജോസഫ്, കോൺവെന്റൽ, കൽപ്പറ്റ
203. ജോർജ്തോമസ് കരിക്കംപള്ളി, തൃക്കാക്കര
204. ആൻസമ്മ മേൻസി, പത്തിപ്പറമ്പ്, പാണ്ടങ്കരി
205. ജിജോച്ചൻ തോമസ്, കരിക്കംപള്ളി, തൃക്കാക്കര
206. സിസമ്മ സുമ്മി, എരുമേലി, കിഴുകണ്ടയിൽ
207. തങ്കച്ചി ടോമി, മേപ്പുറത്ത്, വൈശ്യംഭാഗം
208. റീത്താമ്മ അനിയൻ, കൈലാത്ത്, തലവടി
209. സാലിമ്മ മോൻസി, ചിറേപ്പറമ്പ്, മുട്ടാർ
210. സാജു ചാക്കോച്ചി, വല്യകളം
211. ബിനു ബേബിച്ചൻ, കളീക്കപ്പറമ്പ്
212. ബീനാ ബേബിച്ചൻ, കളീക്കപ്പറമ്പ്
213. ബിജു ബേബിച്ചൻ, കളീക്കപ്പറമ്പ്
214. ഷില്ലോ കുട്ടപ്പൻ, കളീക്കപ്പറമ്പ്
215. ഷിന്റോ കുട്ടപ്പൻ, കളീക്കപ്പറമ്പ്
216. ഷോളാ കുട്ടപ്പൻ, കളീക്കപ്പറമ്പ്
217. ഷിനോ കുട്ടപ്പൻ, കളീക്കപ്പറമ്പ്
218. അജിത്ത് മാത്യു, കരിക്കംപള്ളി, ചങ്ങനാശ്ശേരി
219. മേഴ്സി മാത്യു, ഓച്ചാലിൽ തിരുവല്ല
219. A. ജോളി ജോസഫ് മരിച്ചു
220. ഷാം ജോസഫ് കരിക്കംപള്ളി, എറണാകുളം
221. ഗീതാ ചാക്കോച്ചൻ, കടുംകുന്നേൽ, എരുമേലി
222. സണ്ണി ജോസഫ്, K.S.A. എറണാകുളം
223. ബിജി ജോസഫ്, എറണാകുളം (ദുബായി)
224. ജോസ് തോമ്മാ പോളച്ചിറ, പായിപ്പാട്
225. ജോയിച്ചൻ തോമസ് പോളച്ചിറ, പായിപ്പാട്
226. ടോമച്ചൻ തോമസ് പോളച്ചിറ, പായിപ്പാട്
227. ടെസി ലാലിച്ചൻ, കടുക്കാത്തറ, ചമ്പക്കുളം
228. ജോമോൻ ബേബിച്ചൻ പുതിയറയ്ക്കൽ
229. ജിജി ബേബിച്ചൻ പുതിയറയ്ക്കൽ
230. ആഷാമോൾ പുതിയറയ്ക്കൽ
231. ജിജോമോൻ പുതിയറയ്ക്കൽ
232. സാബു ജോൺ, കരിക്കംപള്ളിൽ, ക്യാനഡാ
233. സോണി ജോൺ, കരിക്കംപള്ളിൽ, ക്യാനഡാ
234. ജിമ്മീ ജോൺ, കരിക്കംപള്ളിൽ, ക്യാനഡാ
235. കുസുമം സ്കറിയാ, കരിക്കംപള്ളി, ചങ്ങനാശ്ശേരി
236. അരുൺ, കരിക്കംപള്ളി, ചങ്ങനാശ്ശേരി
237. ക്യസ്റ്റി ജയിംസ്, കരിക്കംപള്ളിൽ, ക്യാനഡാ
238. മാർട്ടിൻ ജയിംസ്, കരിക്കംപള്ളിൽ, ക്യാനഡാ
239. ബാബു ജോസഫ്, കളീക്കപ്പറമ്പ്, ചെക്കിടിക്കാട്
240. സാബു ജോസഫ്, കളീക്കപ്പറമ്പ്, ചെക്കിടിക്കാട്
241. റീത്താമ്മ & കുഞ്ഞുമോൻ, വണ്ടകത്തിൽ, ചമ്പക്കുളം
242. സജി ജോസഫ്, കളീക്കപ്പറമ്പ്
243. റവ. സി.മരീസ് S.A.B.S. ഫാത്തിമാപുരം
244. ഷെർല്ലി & ജയിംസ്, പുല്ലാമഠം, കൊടുപ്പുന്ന
245. കൊച്ചുമോൾ & ജോയിക്കുട്ടി, പുത്തൻപ്പറമ്പ്
246. ബീനാ & ജെയിംസ്, കൊല്ലംകളം

247. ഷൈനി & ബാബു, കായംകുളം
248. ബിനു ചെറിയാൻ, കൊപ്പാറ
249. മോനിച്ചൻ സ്കറിയാ, കൊപ്പാറ, പാണ്ടി
250. വക്കച്ചൻ സ്കറിയാ, കൊപ്പാറ, പാണ്ടി
251. കുഞ്ഞുമോൻ കുട്ടിക്കുഞ്ഞ്, പതാരംചിറ, തൃക്കൊടിത്താനം
252. സണ്ണിച്ചൻ കുട്ടിക്കുഞ്ഞ്, പതാരംചിറ, തൃക്കൊടിത്താനം
253. പ്രകാശ് കുട്ടിക്കുഞ്ഞ്, പതാരംചിറ
254. കൊച്ചുറാണി & തോമസുകുട്ടി, മുലവിള, പുനലൂർ
255. റവ. സി. കുമ്പുമഠം, S.T. അഗസ്റ്റിൻ, ബാംഗ്ലൂർ
256. സിസ്റ്റർ സൂനാ മരിയ കർമ്മലീത്താമഠം, ഭോപ്പാൽ
257. കുട്ടിച്ചൻ കുഞ്ഞുകുട്ടി,പതാരംചിറ
258. താര സജി
259. മേരിക്കുട്ടി പയസ്, ഗോവാ
260. കൊച്ചുറാണി & മോനിച്ചൻ, താന്നിക്കാട്, തത്തംപള്ളിൽ
261. ജോസഫ് ഗ്രിഗറി (റോയിമോൻ) കളീക്കപ്പറമ്പ്
262. ജസ്സമ്മ ഗ്രിഗറി, കളീക്കപ്പറമ്പ്
263. റോണി തോമസ് ഗ്രിഗറി, കളീക്കപ്പറമ്പ്
264. ലൈസ്സാമ്മ & ജോസുകുട്ടി, തേവലക്കാട്
265. കൊച്ചുമോൻ പാപ്പുട്ടി, തെക്കേടത്ത്
266. ബിനുമോൻ ബേബിച്ചൻ കരിക്കംപള്ളിൽ മാവേലിക്കര
267. ഡേവിഡ് ബേബിച്ചൻ കരിക്കംപള്ളിൽ മാവേലിക്കര
268. എസ്തേർ ബേബിച്ചൻ കരിക്കംപള്ളിൽ മാവേലിക്കര
269. റ്റിൽമാ ടോമി, കരിക്കംപള്ളി, തൃക്കൊടിത്താനം
270. റ്റിസി ടോമി, കരിക്കംപള്ളി, തൃക്കൊടിത്താനം
271. തങ്കച്ചൻ ഫിലിപ്പ്, പഴയകരി, മാന്നാനം
272. ജസ്സി ഫിലിപ്പ്, പഴയകരി, മാന്നാനം
273. മോൻസി ജോസ്, മണലിൽ, മുട്ടാർ
274. സാബു ജോസ്, മണലിൽ, മുട്ടാർ
275. സുജ ജോസഫ്, മണലിൽ, മുട്ടാർ
276. സാജു ജോസഫ്, മണലിൽ, മുട്ടാർ
277. സുനിൽ ജോർജ്, മണലിൽ, നടയ്ക്കപ്പാടം
278. സുരേഷ് ജോർജ്, മണലിൽ, നടയ്ക്കപ്പാടം
279. സുനീഷ് ജോർജ്, മണലിൽ, നടയ്ക്കപ്പാടം
280. ജോൺസൺ കുറിയാക്കോസ്, ഓവേലിൽ, മാടപ്പള്ളി
281. ജോളി കുറിയാക്കോസ്, ഓവേലിൽ, മാടപ്പള്ളി
282. ജോജൻ കുറിയാക്കോസ്, ഓവേലിൽ, മാടപ്പള്ളി
283. ജോഷി കുറിയാക്കോസ്, ഓവേലിൽ, മാടപ്പള്ളി
284. ജോസി കുട്ടപ്പൻ, ചെങ്ങോലികുഴിയിൽ
285. ടെസി കുട്ടപ്പൻ, ചെങ്ങോലികുഴിയിൽ
286. ടോം തോമസ്, ചോപ്പിലക്കുഴി, പുന്നക്കുന്നത്തുശ്ശേരി
287. ടൈനി തോമസ്, ചോപ്പിലക്കുഴി, പുന്നക്കുന്നത്തുശ്ശേരി
287. A.ടോണി തോമസ്, ചോപ്പിലക്കുഴി, പുന്നക്കുന്നത്തുശ്ശേരി
288. മെറിൻ മാത്തുക്കുട്ടി, മണലിൽ, ഇളണകുളം
289. ആൽവിൻ മാത്തുക്കുട്ടി, മണലിൽ, ഇളണകുളം
290. പ്രവീൺ മാത്യു, ഇരുപ്പക്കാട്, എരുമേലി
291. പ്രദീപ് മാത്യു, ഇരുപ്പക്കാട്, എരുമേലി
292. രഞ്ചിത്ത് ജോസഫ്, പുഷ്പമംഗലം, തിരുവനന്തപുരം
293. സുർജിത്ത് ജോസഫ്, പുഷ്പമംഗലം, തിരുവനന്തപുരം
294. അജിത്ത് തോമസ്, ഒഴുകയിൽ, അതിരമ്പുഴ
295. അനൂപ് തോമസ്, ഒഴുകയിൽ, അതിരമ്പുഴ
296. രാജേഷ് ജോസഫ്, വാഴപ്പറമ്പിൽ, പുളിയൻകുന്ന്
297. സുരേഷ് ജോസഫ്, വാഴപ്പറമ്പിൽ, പുളിയൻകുന്ന്
298. റ്റോമിച്ചൻ ജോസഫ്, പുത്തൻപീടിക, ആലുവ
299. ജോജി പുത്തൻപീടിക, ആലുവ
300. ബീനാ തോമസ്, മഞ്ഞാടി ചിറക്കടവ്
301. ബിനോയി മഞ്ഞാടി ചിറക്കടവ്
302. റ്റീനാ ജോർജ്ജുകുട്ടി, കരിക്കംപള്ളി, ഡൽഹി
303. മിനി കരിക്കംപള്ളി, ഡൽഹി
304. സോണിയാമ്മ വർക്കി പുത്തൻപീടിക, ചെക്കിടിക്കാട്
305. സോബിച്ചൻ വർക്കി പുത്തൻപീടിക, ചെക്കിടിക്കാട്
306. നിൽസി ബേബിച്ചൻ ഇടയാടി കരുമാടി
307. നിക്ഷി ബേബിച്ചൻ ഇടയാടി കരുമാടി
308. ഷാനോ മാത്യു, പുത്തൻപീടിക ബറോഡ
309. യെദു ഫിലിപ്പ് പടനിലം, വാഴപ്പള്ളി
401. റോബിൻ ചെറിയാൻ, പുത്തൻപറമ്പ് 27ൽ എടത്വാ
402. സോനു ചെറിയാൻ പുത്തൻപറമ്പ് 27ൽ എടത്വാ
403. മരിയാ ജോർജ്ജ്, കരിക്കംപള്ളിൽ. എറണാകുളം
404. ടോണി ജോർജ്ജ്, കരിക്കംപള്ളിൽ. എറണാകുളം
405. ജിതു ജോർജ്ജ്, കരിക്കംപള്ളിൽ. എറണാകുളം
407. മിനു മോൻസി, പത്തിപ്പറമ്പ്, പാണ്ടങ്കരി
408. അരുൺ മോൻസി, പത്തിപ്പറമ്പ്, പാണ്ടങ്കരി
409. അലൻ മോൻസി, പത്തിപ്പറമ്പ്, പാണ്ടങ്കരി
410. സൂര്യ ജിജോ, കരിക്കംപള്ളി, തൃക്കാക്കര
411. കിരൺ ജിജോ, കരിക്കംപള്ളി, തൃക്കാക്കര
412. കുര്യച്ചൻ ടോമി, മേപ്രത്തു വൈശ്യംഭാഗം
413. ഹാന്റച്ചൻ ടോമി, മേപ്രത്തു വൈശ്യംഭാഗം
414. ഗ്രിഗറി ടോമി, മേപ്രത്തു വൈശ്യംഭാഗം
415. കൃസ്റ്റീന ടോമി, മേപ്രത്തു വൈശ്യംഭാഗം
416. മെറീന ടോമി, മേപ്രത്തു വൈശ്യംഭാഗം
417. ഫേബാമോൾ, അനിയൻ കൈലാത്ത് തലവടി
418. എസ്തേർ കൈലാത്ത് തലവടി
419. നാൻസിമോൾ മോൻസി ചിറേപ്പറമ്പ് മുട്ടാർ
420. സനത്ത് സാജു, വല്യകളം, ചെക്കിടിക്കാട്
421. മോളി സാജു, വല്യകളം, ചെക്കിടിക്കാട്
422. ബെപ്പോ മാത്യു ഓച്ചാലിൽ, തിരുവല്ല
423. ബഞ്ചി മാത്യു ഓച്ചാലിൽ, തിരുവല്ല
424. ജിമ്മി ടോം, കരിക്കംപള്ളിൽ എറണാകുളം
425. ചാൾസ് ചാക്കോ കടുംകുന്നേൽ എരുമേലി
426. ഷാനിയ ജോസഫ്, പോളച്ചിറ
427. ഡോണിയാ ജോസഫ്, പോളച്ചിറ
428. സൗമ്യ ജോയിച്ചൻ പായിപ്പാട്
429. ജിതിൻ ജോയിച്ചൻ പായിപ്പാട്
430. സ്നേഹ ജോയിച്ചൻ പായിപ്പാട്
431. വിപിൻ ടോമിച്ചൻ പോളയ്ക്കൽ, പായിപ്പാട്
432. റിബിൻ ടോമിച്ചൻ പോളയ്ക്കൽ, പായിപ്പാട്
433. ലിനോ ലാലിച്ചൻ, കടുക്കാത്തറ, ചമ്പക്കുളം
434. ജീനാ ബാബു, കളീക്കപ്പറമ്പ്, ചെക്കിടിക്കാട്
435. ജിസ് ബാബു, കളീക്കപ്പറമ്പ്, ചെക്കിടിക്കാട്
436. സുബിൻ സാബു, കളീക്കപ്പറമ്പ്, ചെക്കിടിക്കാട്
437. മുത്തു ജയിംസ്, പുല്ലാമഠം, കൊടുപ്പുന്ന
438. മനു ജയിംസ്, പുല്ലാമഠം, കൊടുപ്പുന്ന
439. മാഗി ജയിംസ്, പുല്ലാമഠം, കൊടുപ്പുന്ന
440. ഡയാന ജോയി, പുത്തൻവീട്ടിൽ, തത്തംമ്പള്ളി
441. സുസ്മിത പയസ്, ഗോവ
442. സാധന പയസ്, ഗോവ

## ഔസേപ്പ് കളീക്കപ്പറമ്പിൽ (1873 - 1918)

കളപ്പുരയ്ക്കൽ ഔസേപ്പിന്റെയും കത്രീനയുടെയും മൂത്തമകനാണ് ഔസേപ്പ് കളീക്കപ്പറമ്പിൽ. നല്ലൊരു കൃഷിക്കാരനായിരുന്നു ഔസേപ്പ്. കണ്ടങ്കരി ആമ്പക്കാട്ടു മറിയാമ്മയെ വിവാഹം കഴിച്ചു. ഇവരുടെ ജീവിതം പ്രാർത്ഥനയുടെയും സഹനത്തിന്റെയും ഉദാത്തമാതൃകയായിരുന്നു. 1918 ഫെബ്രുവരി മാസത്തിൽ 45-ാം മത്തെ വയസ്സിൽ ഔസേപ്പും അതേ മാസത്തിൽതന്നെ ഭാര്യ മറിയാമ്മയും കർത്താവിൽ നിദ്രപ്രാപിച്ചു. ഇരുവരെയും എടത്വാപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ വക്കച്ചൻ, കറിയാച്ചൻ, ഗ്രിഗറി, ഔതക്കുട്ടി, മത്തായിച്ചൻ, തോമ്മാച്ചി. മകൻ ഫാ. ഗ്രിഗറി കരിക്കംപള്ളിയെ കൂടാതെ കൊച്ചുമക്കളായ 4 വൈദികരും 3 കന്യാസ്ത്രീകളും ദൈവത്തിന് സമർപ്പിക്കപ്പെട്ടവരാണ്.

## 1. വക്കച്ചൻ

ഔസേപ്പ് കളീക്കപ്പറമ്പിലിന്റേയും മറിയാമ്മയുടെയും മൂത്തമകനാണ് വക്കച്ചൻ



മാതാപിതാക്കളുടെ അകാലവിയോഗം മൂലം വക്കച്ചനിൽ വന്നു ചേർന്ന ഭാരിച്ച ഉത്തരവാദിത്വം സത്യസന്ധമായി നിർവഹിക്കുവാൻ കഴിഞ്ഞ വ്യക്തിയാണ് വക്കച്ചൻ. കൃഷിയിലും ബിസിനസ്സിലും തല്പരനായിരുന്ന വക്കച്ചൻ പച്ച തെക്കെകൊതില വീട്ടിൽ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. മക്കൾ- 101.വക്കച്ചൻ, 102.തോമ്മാച്ചി, 103.കുഞ്ഞച്ചൻ, 104.ചാക്കോച്ചി, 105.ജോർജ്ജുകുട്ടി, 106.ബേബിച്ചൻ, 107.കുട്ടപ്പൻ, 108.മത്തച്ചൻ.

## 2. കറിയാച്ചൻ

ഔസേപ്പ് കളീക്കപ്പറമ്പിലിന്റേയും മറിയാമ്മയുടെയും രണ്ടാമത്തെ പുത്രനാണ്



കറിയാച്ചൻ. കഠിനാദ്ധ്വാനംവഴി ജീവിതം കരുപ്പിടിപ്പിക്കാനുള്ള തീവ്രശ്രമം ജീവിതത്തിൽ ഉടനീളം ഉണ്ടായിരുന്നു. തേങ്ങാവെട്ട് , പാട്ടകൃഷി ഒക്കെ ജീവിതമാർഗ്ഗമായി തെരഞ്ഞെടുത്തു.

പ്രാർത്ഥനയ്ക്കു മുൻതൂക്കമുള്ള ജീവിതം. എടത്വാപള്ളി പെരുന്നാൾ കൈസ്ഥാനം ലഭിച്ച അപൂർവ്വം കുടുംബങ്ങളിൽ ഒരാൾ. എടത്വാ കോളജിന്റെ സ്ഥാന നിർണ്ണയത്തിൽ ഫാ. സക്കറിയാസ് പുന്നപാടത്തിന്റെ വലംകൈയ്യായി പ്രവർത്തിച്ചു. എടത്വാ പലത്തിനോടു ചേർന്നുള്ള സ്ഥലം പള്ളിയ്ക്ക് പുനസ്ഥാപിച്ചുകിട്ടുന്നതിന് ഏറെ പരിശ്രമിച്ചിട്ടുണ്ട്. ഭൂനിയമം വന്നപ്പോൾ പാട്ടകൃഷി ചെയ്തിരുന്നഭൂമി സ്വന്തമാക്കാൻ പഴുതുകൾ ഉണ്ടായിരുന്നിട്ടും ഉടമകൾക്ക് തിരികെ കൊടുക്കാൻ സന്മനസ് കാണിച്ച കുട്ടനാട്ടിലെ അപൂർവ്വം കൃഷിക്കാരിൽ ഒരാളാണ് കറിയാച്ചൻ. ഭക്തസംഘടനകളിൽ പ്രവർത്തിക്കുക അതിന്റെ നിയമപ്രകാരമുള്ള ജീവിതക്രമം അനുഷ്ഠിക്കുക, എത്ര കഷ്ടപ്പെട്ടിട്ടായാലും അർഹതയുള്ളവരെ വാക്കുകൊണ്ടും പ്രവർത്തികൊണ്ടും സഹായിക്കുകയും ചെയ്തിരുന്നു. എടത്വായിൽ ദർശന സമൂഹത്തിലും വിൻസെന്റ് ഡി പോളിലും ഫ്രാൻസിസ്ക്കൻ മൂന്നാം സഭയിലും പ്രവർത്തിച്ചു. പിടിയരി പിരിച്ച് രഹസ്യമായി അർഹതപ്പെട്ടവരിൽ എത്തിച്ചിരുന്നു. ഏകാന്ത ധ്യാനത്തിനും സെമിനാറുകളിലും പങ്കെടുത്ത് അവിടെ ലഭിക്കുന്ന പുസ്തകങ്ങൾ വാങ്ങി ചെറിയൊരു ലൈബ്രറി സ്വന്തമായി സൂക്ഷിച്ചിരുന്നു. എടത്വാ മകരപ്പെരുന്നാൾ ഏറ്റെടുത്ത് നടത്തിയ വ്യക്തിയാണ് കറിയാച്ചൻ. ചങ്ങംങ്കരി നീലികാട് കുടുംബാഗംമായ ക്ലാരമ്മയാണ് ഭാര്യ. മക്കൾ അപ്പച്ചൻ, കുഞ്ഞുവർക്കി, അച്ചാമ്മ, ജോർജ്ജുകുട്ടി, ബേബിച്ചൻ, ജോണമ്മ, കുഞ്ഞൂഞ്ഞ്, ജയിംസ്കുട്ടി. 1985 ൽ കറിയാച്ചനും 1991-ൽ ക്ലാരമ്മയും ഇഹലോകവാസംവെടിഞ്ഞു.

## 3. ഫാ. ഗ്രിഗറി കരിക്കംപള്ളി

ഔസേപ്പ് കളീക്കപറമ്പിലിന്റേയും മറിയാമ്മയുടേയും മൂന്നാമത്തെ മകനായി 22-2-1902-ൽ കുഞ്ഞച്ചൻ എന്ന ഗ്രിഗറി ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം



1921-ൽ വൈദീക പഠനത്തിനായി പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. 19-12-1931 ൽ ശ്രേഷ്ഠമായ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു. തീഷ്ണമായ വിശ്വാസപാരമ്പര്യം കാത്തു സൂക്ഷിക്കുന്ന ക്രൈസ്തവ വിശ്വാസികളുടെ പ്രതീക്ഷക്കൊത്തുയർന്ന വൈദീക ശ്രേഷ്ഠനാണ് വെരി. റവ. ഫാ. ഗ്രിഗറി കരിക്കംപള്ളിൽ സന്യാസി - വൈദീക പാരമ്പര്യത്തിന്റെ പിൻതുടർച്ചയെന്നവണ്ണം ഇടവക വൈദീക പാരമ്പര്യത്തിന്റെ തുടക്കകാരനാകുവാൻ കഴിഞ്ഞ ശ്രേഷ്ഠ വൈദീകനാണ് ഫാ. ഗ്രിഗറി കരിക്കംപള്ളി. സുറിയാനി ഭാഷയിൽ അഗാധപണ്ഡിതനായിരുന്ന ഫാ. ഗ്രിഗറി കരിക്കംപള്ളി ചങ്ങനാശ്ശേരി എസ്. ബി. കോളേജിലെ സുറിയാനി പ്രൊഫസറായിരുന്നു. കേരള യൂണിവേഴ്സിറ്റിയുടെ സിറിയക് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായിരുന്നു. ചങ്ങനാശ്ശേരി എസ്. ബി. കോളേജിന്റെ ബറസാറായി ഫാ. ഗ്രിഗറി കരിക്കംപള്ളിയുടെ സേവനം നിത്യസ്മരണീയമാണ്. പ്രാർത്ഥനാ നിരതമായ ജീവിതത്തിലൂടെ വൈദീകജീവിതത്തിന് നവ്യമായ മാതൃക കാണിച്ച ഫാ. കരിക്കംപള്ളി 1994 ജൂലൈ 5 ന് നിത്യപുരോഹിതനായ ക്രിസ്തുനാഥന്റെ പക്കലേക്ക് യാത്രയായി.

## 4. ഔസക്കുട്ടി

ഔസേപ്പ് കളിക്കംപറമ്പിലിന്റേയും മറിയാമ്മയുടേയും നാലാമത്തെ മകനായ ഔസക്കുട്ടി മുട്ടാർ ശ്രാമ്പിക്കൽ



കണിച്ചേരിൽ മറിയാമ്മയെ വിവാഹം കഴിച്ചു. കൃഷി, തേങ്ങാവെട്ട് എന്നീ തൊഴിൽ സ്വീകരിച്ചു. സൗമ്യപ്രകൃതക്കാരനും പരോപകാരിയുമായിരുന്നു ഔസക്കുട്ടി. കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി നന്നായി പരിശ്രമിച്ചു. നല്ല അദ്ധ്വാനി ആയിരുന്നു ഏവർക്കും പ്രിയങ്കരനും. മക്കൾ 117.കുട്ടപ്പൻ, 118.കറിയാച്ചൻ, 119.കുഞ്ഞമ്മ, 120.ചിന്നമ്മ, 121.പാപ്പച്ചൻ, 122.ബേബിച്ചൻ, 123.ടോമിച്ചൻ. ഔസക്കുട്ടി 49-ാം വയസ്സിൽ 1955 ൽ നിര്യാതനായി. ഭാര്യ മറിയാമ്മ 1974 ൽ മരിച്ചു.

## 5. മറിയാമ്മ

ഔസേപ്പ് കളീക്കപ്പറമ്പിലിന്റേയും മറിയത്തിന്റേയും



ഏകമകളാണ് മറിയക്കുട്ടി. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ മറിയക്കുട്ടിയെ മുട്ടാർ മണലിൽ മാണിച്ചൻ വിവാഹം

ചെയ്തു. മുട്ടാറ്റിലെ കർഷകപ്രമുഖരിൽ ഒരാളായിരുന്നു മാണിച്ചൻ. 199... ൽ മാണിച്ചനും, 199... മറിയക്കുട്ടിയും അന്ത്യവിധിക്കായി പ്രയാണം ആരംഭിച്ചു.. മക്കൾ 124. തൊമ്മിക്കുഞ്ഞ് 125. മോണിക്കാമ്മ, 126.ത്രേസ്യമ്മ, 127. ജോസുകുട്ടി, 128.ജോർജ്ജുകുട്ടി, 129.ഒറോമ്മ, 130.മറിയാമ്മ, 131. ആനിമ്മ, 132.മാത്തുക്കുട്ടി.

## 6. കെ.ജെ. മാത്യു

കരിക്കംപള്ളിൽ പുഷ്പമംഗലം ഔസേഫ് മറിയം ദമ്പ



തികളുടെ മകനായി 1909 ൽ ജനിച്ച മത്തായിച്ചന് 9 വയസുണ്ടായിരുന്നപ്പോൾ മാതാപിതാക്കളുടെ വേർപാട് സൃഷ്ടിച്ച പ്രതിസന്ധിയെ തന്റേടത്തോടെ നേരിടുവാൻ കഴിഞ്ഞു. മൂത്ത സഹോദരന്മാരുടെ സംരക്ഷണയിൽ എടത്വ സെന്റ് അലോഷ്യസ് ഹൈസ്ക്കൂൾ , മാന്നാനം സെന്റ് എഫ്രേം, എന്നീ പ്രശസ്ത വിദ്യാലയങ്ങളിൽ സ്കൂൾ പഠനം നടത്തി. തുടർന്ന് ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ നിന്നും ബിരുദപഠനം പൂർത്തിയാക്കി. കേരള ഗവൺമെന്റ് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. കൽക്കട്ടായിൽ നിന്നും പ്രശ്ത നിലയിൽ ഡി.എസ്. ഡബ്ലിയു പാസ്സായി. അക്കാലത്താരംഭിച്ച ലേബർ ഡിപ്പാർട്ടുമെന്റിൽ ഓഫീസറായി. ഔദ്യോഗിക ജീവിതത്തിനിടയിൽ പല പ്രധാനപ്പെട്ട തൊഴിൽ തർക്കങ്ങളും പരിഹരിക്കാൻ പ്രധാനപ്പെട്ട പങ്കു വഹിച്ചിട്ടുണ്ട്. 1964 ൽ ഡപ്യൂട്ടി ലേബർ കമ്മീഷണറും, തൊഴിലാളി വിദ്യാഭ്യാസകേന്ദ്രത്തിന്റെ ഡയറക്ടറും ആയിരിക്കെ സർവ്വീസിൽ നിന്നും മത്തായിച്ചൻ വിരമിച്ചു. അഴിമതിരഹിത ഔദ്യോഗികജീവിതം അന്തസായി പൂർത്തിയാക്കിയ മത്തായിച്ചൻ ഗവ: സർവ്വീസുകളിൽ വരുന്ന ഒഴിവുകൾ നാട്ടുകാരെ അറിയിക്കുന്നതിൽ ശ്രദ്ധവച്ചിരുന്നു. എടത്വ സെന്റ് അലോഷ്യസ് കോളേജിന്റെ ഭരണ നിർവ്വഹണസമിതി അംഗം, ആലപ്പുഴ ഭൂപണയ ബാങ്ക് ഭരണ സമിതി അംഗം, കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വ പദവിയിലുള്ള പ്രവർത്തനം തുടങ്ങി മത്തായിച്ചൻ പ്രവർത്തിച്ചിരുന്ന രംഗങ്ങൾ പൊതുപ്രവർത്തകർക്ക് ഇന്നും നല്ല മാതൃകയാണ്. തികഞ്ഞ ഈശ്വരവിശ്വാസിയും മതാനുഷ്ഠാനങ്ങളിൽ കണിശക്കാരനുമായിരുന്ന മത്തായിച്ചൻ ആണ് പിതാമഹന്റെ സഹോദരൻ ഫാ. ഗ്രിഗോറിയോസ് സി.എം.ഐ എഴുതിയ കുടുംബചരിത്രം പകർത്തി എഴുതി സൂക്ഷിച്ചിരുന്നത്. വിശദമായ കുടുംബചരിത്ര രചനയ്ക്ക് വഴി തെളിച്ചത് മത്തായിച്ചൻ സൂക്ഷിച്ചിരുന്ന ഈ രേഖകളാണ്. 1994 ൽ മത്തായിച്ചൻ നിര്യാതനായി. ഭാര്യ കാവാലം വാക്കശ്ശേരി റോസമ്മ, കുറച്ചുകാലം അദ്ധ്യാപികയായിരുന്നു. 1996 ൽ റോസമ്മയും നിര്യാതയായി. മക്കൾ ലിസമ്മ, ഗ്രേസമ്മ, അപ്പച്ചൻ, തങ്കച്ചി.

## 7. ജോസഫ് തോമസ് (തോമ്മാച്ചി)

കരിക്കംപള്ളിയിൽ കളീക്കപറമ്പിൽ ഔസേഫ് മറിയം



ദമ്പതികളുടെ ഇളയ മകനാണ് തോമ്മാച്ചി ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൃഷിക്കൊപ്പം പലചരക്ക് കടയും നടത്തി. അദ്ധ്യാത്മിക ജീവിതം മറ്റുള്ളവർക്ക് അനുകരണീയമായ തരത്തിൽ നയിക്കുവാൻ തോമ്മാച്ചിക്ക് കഴിഞ്ഞു. ബഹു.ഫാ. ഗ്രിഗരി കരിക്കംപള്ളിയുടെ അന്ത്യകാലത്ത് കൂടെനിന്നു ശുശ്രൂഷിക്കുവാൻ ഭാഗ്യം സിദ്ധിച്ച ആളാണ് തോമ്മാച്ചി. കുടുംബാംഗങ്ങളോ ബന്ധുമിത്രാദികളോ മരിക്കുമ്പോൾ ആ വീട്ടിൽ ഓടിയെത്തി പ്രർത്ഥനാ ശുശ്രൂഷക്ക് നേതൃത്വം കൊടുക്കുവാൻ ബദ്ധശ്രദ്ധനായിരുന്ന തോമ്മാച്ചി പള്ളിക്ക് ദശാംശം കൊടുക്കുന്നതിലും ഉത്സുകനായിരുന്നു. ഭാര്യ തുരുത്തി നേര്യം പറമ്പിൽ ത്രേസ്യാമ്മയാണ്. 1999 ൽ തോമ്മാച്ചിയും 2002 ൽ ത്രേസ്യാമ്മയും നല്ല ഓട്ടം പൂർത്തിയാക്കി. മക്കൾ ജോസുകുട്ടി, മേരിമ്മ, തോമസുകുട്ടി, ജോർജ്ജുകുട്ടി, ജോബച്ചൻ, .വർക്കിച്ചൻ, വത്സമ്മ, ജോയിച്ചൻ, ആൻസമ്മ, ലൈസാമ്മ.

## 101. വക്കച്ചൻ

കരിക്കംപള്ളിൽ കളീക്കപറമ്പ് വക്കച്ചന്റെയും ത്രേസ്യാമ്മയുടെയും മൂത്ത പുത്രനാണ് വക്കച്ചൻ. വളരെ ചെറുപ്പത്തിലെ വക്കച്ചൻ കർത്താവിൽ നിദ്രപ്രാപിക്കുകയും എടത്വ സെന്റ് ജോർജ്ജ് ദേവാലയത്തിൽ അടക്കപ്പെടുകയും ചെയ്തു.

## 102. കുഞ്ഞോമ്മാച്ചി

കരിക്കംപള്ളിൽ കളീക്കപറമ്പ് വക്കച്ചന്റേയും ത്രേസ്യാമ്മയുടേയും രണ്ടാമത്തെ മകൻ തോമസ്



(കുഞ്ഞോമ്മാച്ചി) 1942 ാമാണ്ട് ഏപ്രിൽ മാസം 7 നു ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം വളരെ ചെറുപ്പത്തിൽ തന്നെ സ്വന്തമായി തുണി നെയ്ത്, ജവുളി വ്യാപാരം എന്നിവ അരംഭിച്ച് എടത്വായിൽ കുടുംബജീവിതം നയിച്ചു. തുടർന്ന് മൂത്തമകൻ ജോർജ്ജുകുട്ടിയോടൊത്തു എറണാകുളം, തൃക്കാക്കരയിൽ താമസിച്ചു വരവേ 1995 മാണ്ട് ഫെബ്രുവരി മാസം 12-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. ഭാര്യ ചമ്പക്കുളം വേലംകളത്തിൽ മേരിക്കുട്ടി. മക്കൾ ഫാൻസി, സി. ജസ്സി, ജോർജ്ജ്, ആൻസമ്മ, .ജിജോ, .സിസമ്മ.

## 103. കുഞ്ഞച്ചൻ

കരിക്കംപള്ളിൽ കളീക്കപറമ്പ് വക്കച്ചന്റെയും ത്രേസ്യാമ്മയുടെയും മൂന്നാമത്തെ പുത്രനാണ് കുഞ്ഞ



ച്ചൻ പഠനത്തിനു ശേഷം പിതാവിനെ സഹായിച്ച് കൃഷിയിലേർപ്പെട്ട കുഞ്ഞച്ചൻ പിതാവിന്റെ കാലശേഷവും കാർഷിക ജീവിതം തുടരുന്നു. തുരുത്തി ആലഞ്ചേരി കുടുംബാഗമായ മറിയാമ്മയാണ് ഭാര്യ 1965-ൽ മറിയാമ്മ നിര്യാതയായി. മക്കൾ തങ്കച്ചി, റീത്താമ്മ

## 104. ചാക്കോച്ചി

കരിക്കംപള്ളിൽ കളീക്കപറമ്പ് വക്കച്ചന്റെയും



ത്രേസ്യാമ്മയുടെയും നാലാമത്തെ പുത്രനാണ് ചാക്കോച്ചി. കുടുംബത്തിന്റെ പരമ്പരാഗത തൊഴിലായ കൃഷിയോടൊപ്പം നെല്ലുസംസ്കരണ ജോലിയിലും ഏർപ്പെട്ടിരിക്കുന്ന ചാക്കോച്ചി വല്യകളത്തിൽ പുരയിടത്തിൽ താമസിക്കുന്നു. ഹരിപ്പാട്ടു കടവിൽ വടതക്കേതിൽ കുടുംബാംഗമായ പൊന്നമ്മയാണ് ഭാര്യ. മക്കൾ 209. സാലിമ്മ 210 സാജു.

## 105. റവ. ഫാ ആൻണി കരിക്കംപള്ളി

കരിക്കംപള്ളിൽ കളീക്കപറമ്പ് വക്കച്ചന്റേയും



ത്രേസ്യാമ്മയുടെയും അഞ്ചാമത്തെ മകനാണ് ജോർജ്ജുകുട്ടി. 1934 സെപ്റ്റംബർ 22ന് ജനിച്ച ജോർജ്ജ്കുട്ടി 1955 ൽ ഊട്ടി രൂപതയ്ക്കുവേണ്ടി ദൈവീകാർത്ഥിയായി. 1978 ജൂലൈ 5-ാം തീയതി പുരോഹിതനായി ആഭിഷിക്തനായി. ദുഷ്കരമായ പൗരോഹിത്യ പാതയിലെ വെല്ലുവിളികൾ സധൈര്യം നേരിട്ടുകൊണ്ട് പൗരോഹിത്യ ജീവിതത്തിന് ഉത്തമമായ മാതൃകകാണിച്ച ശ്രേഷ്ഠ വ്യക്തിയാണ് ഫാ. ആന്റണി കരിക്കംപള്ളി. നിരവധി യൂറോപ്യൻ രാജ്യങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. ഊട്ടി രൂപതയുടെ സോഷ്യൽ സെന്ററിന്റെ മാനേജരായി മുപ്പതു വർഷത്തോളം സേവനം അനുഷ്ടിച്ചു. സത്യദീപത്തിലും കുടുംബദീപത്തിലും ഫാ. ആൻണി എഴുതിയ ലേഖനങ്ങൾ അനുവാചകരുടെ ശ്രദ്ധപിടിച്ചുപറ്റിയിരുന്നു. വീരപ്പന്റെ നാട്ടിലെ മലയാളി എന്ന പേരിൽ ദീപികയിൽ പ്രസിദ്ധീകരിച്ച ഫാ. ആൻണിയെക്കുറിച്ചുള്ള ലേഖനം പൗരോഹിത്യമിഷനറി സേവനത്തിന്റെ മകുടോദാഹരണമാണ്. ഇപ്പോൾ ഗൂഡല്ലൂരിൽ തലവടി അന്നൈ വേളാങ്കണ്ണിപള്ളിയിലെ വികാരിയായി സേവനം അനുഷ്ടിക്കുന്നു. 2003-ൽ വൈദീകപട്ടത്തിന്റെ രജത ജൂബിലി ആഘോഷിച്ചു.

## 106. ബേബിച്ചൻ

കരിക്കംപള്ളിൽ കളീക്കപറമ്പൽ വക്കച്ചന്റെയും



ത്രേസ്യാമ്മയുടെയും അഞ്ചാമത്തെ പുത്രനാണ് ബേബിച്ചൻ കൃഷിക്കാരനായ ബേബിച്ചൻ കരുമാടി കളത്തിപ്പറമ്പ് റോസമ്മയെ വിവാഹം കഴിച്ചു കളീക്കപറമ്പ് തറവാട്ടിൽ താമസിക്കുന്നു. മക്കൾ ബിനു, ബീന, ബിജൂ.

"എന്തു ഭക്ഷിക്കും എന്ന് ജീവനെപ്പറ്റിയോ എന്തു ധരിക്കും എന്ന് ശരീരത്തെപ്പറ്റിയോ ആകുലരാകേണ്ട, എന്തെന്നാൽ ജീവൻ ഭക്ഷണത്തിനും ശരീരം വസ്ത്രത്തിനും ഉപരിയാണ്."

ലൂക്കാ:12:22-23

## 107. കുട്ടപ്പൻ

കരിക്കംപള്ളിൽ കളീക്കപ്പറമ്പിൽ വക്കച്ചന്റെ യും



ത്രേസ്യാമ്മയുടെയും ഏഴാമത്തെ മകനാണ് കുട്ടപ്പൻ. കുട്ടനാട്ടിലെ പമ്പിംഗ് കരാറുകാരനായ കുട്ടപ്പൻ കൃഷി അനുബന്ധവ്യവസായത്തിലും തല്പരനാണ്. പുറക്കാട് മാവുങ്കൽ തെക്കേടം ത്രേസ്യാമ്മയാണ് ഭാര്യ മക്കൾ 214 ഷില്ലോ, 215. ഷിന്റോ, 216. ഷോളേ, 217. ഷിനോ.

## 108. മത്തച്ചൻ

കരിക്കംപള്ളിൽ കളീക്കപറമ്പ് വക്കച്ചന്റെയും



ത്രേസ്യാമ്മയുടെയും ഇളയ പുത്രനാണ് മത്തച്ചൻ. സ്കൂൾ ഫൈനൽ വിദ്യാഭ്യാസത്തിനുശേഷം ഐ. ടി. ഐ യിൽ നിന്ന് ഇലക്ട്രീഷ്യൻ ട്രേഡ് പാസായി. ചിങ്ങവനത്ത് ഒരു സ്വകാര്യ കമ്പനിയിൽ ജോലി നോക്കി. ഇപ്പോൾ മരിയ എന്റർപ്രൈസസ് എന്ന പേരിൽ കുനന്താനത്ത് ബിസിനസ്സ് നടത്തുന്നു. ചങ്ങനാശ്ശേരി പായിക്കാട് കുടുംബാഗമായ അച്ചാമ്മയാണ് ഭാര്യ. ചെത്തിപ്പുഴ പ്ലാസിഡ് വിഹാർ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ അദ്ധ്യാപികയാണ് അച്ചാമ്മ. കുടുംബസമേതം കൂനന്താനത്ത് താമസം. ഏക മകൻ 218 അജിത്ത്.

## 109. അപ്പച്ചൻ

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ കറിയാച്ചന്റെയും



ക്ലാരമ്മയുടെയും മൂത്തപുത്രനാണ് 1928-ൽ ജനിച്ച അപ്പച്ചൻ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ അപ്പച്ചൻ കരസേനയിൽ സുബേയ്ദാറായി ദീർഘകാലം ഡെറാഡൂണിൽ സേവനം അനുഷ്ഠിച്ചു. പുളികുന്നു പുന്നകുന്നത്തുശ്ശേരി വിത്തുവട്ടിക്കൽ റോസ്മേരിയാണ് സഹധർമ്മിണി. അപ്പച്ചൻ സർവ്വീസിൽ നിന്നും വിരമിച്ച് വിശ്രമ ജീവിതം നടത്തി വരവെ 1985 മാർച്ചു മാസം 27-ാം തീയതി തന്റെ പൂർവ്വപിതാക്കൻമാരോട് ചേർന്നു. റോസ്മേരിയും കുടുംബവും എറണാകുളം തമ്മനത്തു താമസിക്കുന്നു. മക്കൾ 219. ജോജി, 220. മേഴ്സി, 221. ഷാം, 222. ഗീത, 223. സണ്ണി, 224. വിജി.

## 110. കുഞ്ഞുവർക്കി

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ കറിയാച്ചന്റെയും ക്ലാരമ്മയുടെയും രണ്ടാമത്തെ പുത്രനാണ് കുഞ്ഞുവർക്കി. നന്നേ ചെറുപ്പത്തിൽ ഭാഗ്യമരണം പ്രാപിച്ച കുഞ്ഞുവർക്കിയെ എടത്വാ പള്ളി സിമിത്തേരിയിൽ അടക്കം ചെയ്തു.

## 111. അച്ചാമ്മ

കരിക്കംപള്ളിൽ പുതുച്ചിറയ്ക്കൽ കറിയാച്ചന്റെയും



ക്ലാരമ്മയുടെയും മൂത്ത പുത്രി യാണ് അച്ചാമ്മ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ അച്ചാമ്മയെ പായിപ്പാട് വെട്ടിക്കാട് പോളച്ചിറ തോമ്മാച്ചൻ വിവാഹം കഴിച്ചു. കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ അക്കൗണ്ട് ആഫീസറായിരുന്ന തോമ്മാച്ചൻ സർവ്വീസിൽ നിന്നും വിരമിച്ച് സകുടുംബം പായിപ്പാട് താമസിക്കുന്നു. മക്കൾ 225. ജോസ്, 226. ജോയിച്ചൻ 227. ടോമിച്ചൻ 228. ടെസ്സി.

## 112. ഫാ തോമസ് മൂർ സി. എം. ഐ.

കരിക്കംപള്ളി പുതുച്ചിറയ്ക്കൽ കറിയാച്ചന്റെയും ക്ലാര



മ്മയുടെയും മൂന്നാമത്തെ മകനാണ് ജോർജ്ജുകുട്ടി. 1936 മെയ്മാസം 10-ാം തീയതി ജനിച്ച ജോർജ്ജുകുട്ടി 1954 ൽ സി. എം. ഐ വൈദികാർത്ഥിയായി ചേർന്നു. 1956 ൽ ആദ്യവൃതവാഗ്ദാനവും 1959 ൽ നിത്യ വൃതവാഗ്ദാനവും നടത്തി. 1963 ൽ തിരുപ്പട്ടം സ്വീകരിച്ചു മാന്നാനം സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യാളായിരിക്കെ റോമിൽ ഉപരിപഠനത്തിനു പോയി. ഗ്രാമ പുനർനിർമ്മണത്തിൽ പരിശീലനം നേടി തിരിച്ചെത്തി ദൈവദത്തമായ തന്റെ കഴിവുകളും സിദ്ധികളും എല്ലാവിഭാഗം ജനങ്ങൾക്കും പ്രയോജനപ്പെടണം എന്നുള്ള ബോദ്ധ്യത്തിൽ കുട്ടനാട് ഇന്റഗ്രൽ ഡവലപ്പ്മെന്റ് സൊസൈറ്റി രൂപീകരിച്ചു. ആലപ്പുഴ കളർകോടുള്ള കെ. ഐ. ഡി. എസിന്റെ സെക്രട്ടറിയാണിപ്പോൾ അതീവ ദുർഗ്രഹങ്ങളായ ദൈവശാസ്ത്രതത്ത്വങ്ങൾ സാധാരണക്കാരിൽ സാധാരണക്കാരായ ആളുകൾക്കു പോലും ഗ്രഹിക്കത്തക്കവിധത്തിൽ വ്യാഖ്യാനിക്കുവാൻ കഴിയുന്ന ഭാഷാശൈലിക്കുടമയാണ് ഫാ തോമസ് മൂർ സി. എം. ഐ. മൂർ അച്ചന്റെ ധ്യാനപ്രസംഗങ്ങൾ ഒരിക്കൽ ശ്രവിക്കുന്ന ആളുകളുടെ മനസ്സിൽ പോലും മറക്കാത്തെ അനുഭവമായിരിക്കും. നീതിക്കുവേണ്ടിയുള്ള നിരന്തരമായ പോരാട്ടത്തിലെ മുന്നണി പോരാളിയായ മൂർ അച്ചൻ അറിയപ്പെടുന്ന പത്രപ്രവർത്തകൻ കൂടിയാണ്. കുടുംബത്തിൽ നടക്കുന്ന ചടങ്ങുകളിൽ തന്റെ സജീവസാന്നിദ്ധ്യം കൊണ്ട് ധന്യമാക്കുന്ന ഫാ തോമസ് മൂർ ഏവർക്കും പ്രിയങ്കരനാണ്. ജർമ്മനി, ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, അമേരിക്ക, ഗൾഫ്, തുടങ്ങിയ നിരവധി രാജ്യങ്ങളിൽ സന്ദർശനവും ധ്യാന പ്രസംഗങ്ങളും നടത്തിയിട്ടുണ്ട്.

## 113. എസ്. ബേബി (ബേബിച്ചൻ)



കരിക്കംപള്ളി പുതുചിറയ്ക്കൽ കറിയാച്ചന്റെയും ക്ലാരമ്മയുടെയും നാലാമത്തെ മകനാണ് എസ്. ബേബി എന്നറിയപ്പെടുന്ന ബേബിച്ചൻ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ബേബിച്ചൻ വിതുരയിൽ പ്ലാന്റേഷൻ മേഖലയിൽ ദീർഘകാലം പ്രവർത്തിച്ച അനുഭവജ്ഞാനവുമായി നാട്ടിലെത്തി പൊതുപ്രവർത്തന രംഗത്ത് വ്യാപൃതനായി. 1980-ൽ തകഴി പഞ്ചായത്ത് മെമ്പറായ ബേബിച്ചൻ ചെക്കിടിക്കാടിന്റെ സമഗ്ര വികസനത്തിനുള്ള അടിത്തറ പാകിയ വ്യക്തിയാണ്. ചെക്കിടിക്കാട് ദേവീക്ഷേത്രം റോഡ്, വായനശാല റോഡ് എന്നിവ ബേബിച്ചന്റെ ശ്രമഫലമായി നിർമ്മിക്കപ്പെട്ട പ്രധാന റോഡുകളാണ്. ഊർജ്ജസ്വലനായ ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ സമൂഹമദ്ധ്യത്തിൽ നിറഞ്ഞു നിൽക്കുന്ന ബേബിച്ചൻ വ്യാപാരി വ്യവസായി ഏകോപന സമിതി എടത്വാ പ്രസിഡന്റ്, എടത്വാ റോട്ടറി ക്ലബ്ബ് പ്രസിഡന്റ്, എടത്വാ പള്ളിക്കമ്മറ്റി അംഗം എന്ന നിലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ കർഷക യൂണിയൻ ജില്ലാ പ്രസിഡന്റ്, ഗ്രാമവികസന ഫാക്കൽട്ടി, കേരള ലൈബ്രറി കൗൺസിൽ മെമ്പർ, കേരള ക്രൈസ്തവ മേലദ്ധ്യക്ഷന്മാർ രൂപംകൊടുത്ത ജോയിന്റ് ഇക്കോളജിക്കൽ ഭരണസമിതി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു വരുന്നു. ഭാര്യ മങ്കൊമ്പ് എഴുകാട്ടിൽ കുടുംബാംഗമായ ലീലാമ്മയാണ്. മക്കൾ 229. ജോമോൻ, 230. ജിജിക്കുട്ടൻ, 231. ആഷ, 232. ജിജോ.

## 114. ജോണമ്മ

കരിക്കംപള്ളി പുതുചിറയ്ക്കൽ കറിയാച്ചന്റെയും ക്ലാര



മ്മയുടെയും അഞ്ചാമത്തെ മകനാണ് ജോണമ്മ. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും കാൺപൂർ യൂണിവേഴ്സിറ്റിയിൽ നിന്നു ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും മാസ്റ്റർ ബിരുദവും നേടി. എടത്വാ സെന്റ് അലോഷ്യസ് കോളേജിലും കോട്ടയം സി.എം.എസ് കോളേജിലും ഇംഗ്ലീഷ് അദ്ധ്യാപകനായി ജോലി ചെയ്തു. കാനഡയിലേക്ക് കുടിയേറി അവിടെ കമ്പ്യൂട്ടർ ഗ്രാഫിക്സ്, അക്കൗണ്ടിംഗ്, ബിസിനസ് മാനേജ്മെന്റ് എന്നിവ പഠിച്ചു. വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തു. കുറെക്കാലം അദ്ധ്യാപകനായി പ്രവർത്തിച്ചു. ഹാമിൾട്ടണിലെ നാരോഫ്ളക്സ് കമ്പനിയിൽ ജോലിയിലിരിക്കെ നാട്ടിലെത്തി 1993 നവംബർ 25 നു നിര്യാതനായി. പച്ച - ചെക്കിടിക്കാട് ലൂർദ്ദ് പള്ളി സിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. ഭാര്യ- കുഞ്ഞമ്മ, അയ്മനം പത്തിൽ കുടുംബാംഗമാണ്. 30 വർഷത്തെ നഴ്സിംഗ് സേവനത്തിനു ശേഷം 2001 ൽ ജോലിയിൽ നിന്നും വിരമിച്ച് കാനഡയിലെ ഹാമിൾട്ടണിൽ താമസിക്കുന്നു. മക്കൾ 223. സാബു, 234. ജോൺസൺ, 235. ജിമ്മി.

## 115. ഡോ. സ്കറിയ സക്കറിയ എം. എ. പി.എച്ച്.ഡി. (കുഞ്ഞൂഞ്ഞ്)

കരിക്കംപള്ളി പുതുച്ചിറയ്ക്കൽ കറിയാച്ചന്റെയും,



ക്ലാരമ്മയുടെയും 6-ാമത്തെ മകനാണ് കുഞ്ഞൂഞ്ഞ്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ മലയാള വിഭാഗം പ്രഫസർ,

വകുപ്പാധ്യക്ഷൻ, സ്കൂൾ ഓഫ് കൾച്ചറൽ സ്റ്റഡീസ് ഡയറക്ടർ കേരള, കോഴിക്കോട്, മധുര, പോണ്ടിച്ചേരി സർവകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗം. മഹാത്മാഗാന്ധി, ശ്രീശങ്കരാചാര്യ സർവകലാശാലകളിൽ പി.എച്ച്.ഡി. തലത്തിൽ ഗവേഷണ മാർഗ്ഗദർശി. ജർമ്മനിയിലെ ട്യൂബിങ്ങൻ യൂണിവേഴ്സിറ്റി, അമേരിക്കയിലെ ടെക്സാസ് യൂണിവേഴ്സിറ്റി ഇസ്രായേലിലെ ഹീബ്രു യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ വിസിറ്റിംഗ് പ്രഫസറായും ഗവേഷണ പ്രഫസറായും പ്രവർത്തിക്കുന്നു. ചങ്ങനാശ്ശേരി സെന്റ്ബർക്കുമാൻസ് കോളേജിൽ 25 വർഷം (1969-1994) അദ്ധ്യാപകനായിരുന്നു. 1994 ൽ സംസ്കൃത സർവ്വകലാശാലാ സർവ്വീസിൽ പ്രവേശിച്ചു. കേരള സർവകലാശാലയിൽ നിന്നു സചിവോത്തമ ഷഷ്ട്യബ്ദപൂർത്തി സ്വർണ്ണമെഡലും എ.ഐ.എ.സി.എച്ച്.ഇ.യിൽ നിന്നു മികച്ച കോളേജദ്ധ്യാപകനുള്ള അവാർഡും ലഭിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ അല്മായ സെക്രട്ടറി. മലയാളം, ഇംഗ്ലീഷ്, ജർമ്മൻ ഭാഷകളിലായി മുപ്പതോളം പുസ്തകങ്ങളും അമ്പതോളം ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാര്യ മേരിക്കുട്ടി, പാലാ കലേക്കാട്ടിൽ കുടുംബാംഗം. സിൻഡിക്കേറ്റ് ബാങ്കിൽ 30 വർഷത്തെ സേവനത്തിനുശേഷം 2001 ൽ മുൻകൂറായി ജോലിയിൽനിന്ന് വിരമിച്ചു. മക്കൾ 236. സുമ, 237. അരുൾ.

## 116. ജയിംസ്കുട്ടി

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ കറിയാച്ചന്റെയും



ക്ലാരമ്മയുടെയും ഇളയ പുത്രനാണ് ജെയിംസുകുട്ടി. കേരള യൂണിവേഴ്സിറ്റിയിൽ നിന്നും എം. എസ്. ഡബ്ല്യു. പാസായ ജയിംസുകുട്ടി കാനഡയിൽ ജോലി ചെയ്യുന്നു. വായ്പൂർ പെരിഞ്ചേരി മഞ്ഞിൽ കുടുംബാഗമായ കുഞ്ഞമ്മയാണ് ഭാര്യ. മക്കൾ 238. ക്രിസ്റ്റി, 239. മാർട്ടിൻ

## 117. കുട്ടപ്പൻ

കരിക്കംപള്ളിൽ കളീക്കപറമ്പ് ഔസക്കുട്ടിയുടെയും



മറിയാമ്മയുടെയും മൂത്ത പുത്രനാണ് കുട്ടപ്പൻ. കാർഷിക മേഖലയിൽ വ്യാപൃതനായ കുട്ടപ്പൻ ഒഴിവുസമയങ്ങളിൽ ആദ്ധ്യാത്മിക കാര്യങ്ങളിൽ തന്റെ ശേഷി യും ശേമുഷിയും വിനിയോഗിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന ആളാണ്. ഗാർഹിക സഭയായ കുടുംബത്തെ കൂട്ടായ്മയിലൂടെ ഒന്നിപ്പിക്കുന്ന ആത്മായ പ്രേഷിതത്വത്തിൽ സജീവ പങ്കാളിത്തം വഹിക്കുന്ന കുട്ടപ്പൻസ്വന്തം കുടുംബ ബന്ധങ്ങൾ അറിയുന്നതിലും നിലനിർത്തുന്നതിലും ബദ്ധശ്രദ്ധനാണ്. ഭാര്യ കേളമംഗലം പടിഞ്ഞാറേടത്ത് അഞ്ചിൽ ത്രേസ്യാമ്മ (തെയ്യാമ്മ). ത്രേസ്യാമ്മ 1986 ൽ 52-ാം വയസ്സിൽ അലസതകൂടാതെ ചെയ്ത സൽകൃത്യങ്ങളുമായി ദൈവ തിരുമുമ്പിലേക്ക് യാത്രയായി. മക്കൾ ബാബുക്കുട്ടി, സാബു, റീത്താമ്മ സൈജി, ഷീലമ്മ.

## 118. കറിയാച്ചൻ (ജോളികുമാർ)

കരിക്കംപള്ളിൽ കളീക്കപറമ്പ് ഔസക്കുട്ടിയുടെയും



മറിയാമ്മയുടെയും രണ്ടാമത്തെ പുത്രനാണ് കറിയാച്ചൻ വിദ്യാഭ്യാസകാലത്ത് കലാസാഹിത്യ രംഗങ്ങളിൽ തിളക്കമുള്ള താരമായി പ്രശോഭിച്ചിരുന്ന ആളാ ണ് ജോളികുമാർ എന്നറിയപ്പെടുന്ന കറിയാച്ചൻ.ഹാസ്യകഥാ പാത്രത്തെ അവതരിപ്പിക്കുന്നതിൽ മികവു പുലർത്തിയിരുന്ന കറിയാച്ചൻ കരോൾ ഗാനങ്ങൾ രചിക്കുന്നതിൽ സമർത്ഥനായിരുന്നു. എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ മലയാളം അദ്ധ്യാപകൻ എന്ന നിലയിൽ ആദരണീയനായിരുന്ന കറിയാച്ചൻ പാണ്ടി കാഞ്ഞുപമ്പിൽ എത്സമ്മയെ വിവാഹം ചെയ്തു. മക്കൾ 245. ഷെർളി 246.ഡയാന 247. ബീനാക്കുട്ടി. 248. ഷൈനി 249. ജൂലി 250. മോനിച്ചൻ 251. വക്കച്ചൻ(എഡ്വിൻ)

## 119. കുഞ്ഞമ്മ

കരിക്കംപള്ളിൽ കളീക്കപറമ്പ് ഔസക്കുട്ടിയുടെയും



മറിയാമ്മയുടെയും മൂത്ത പുത്രിയാണ് കുഞ്ഞമ്മ. തൃക്കൊടിത്താനം പതാരംചിറ കുഞ്ഞുട്ടി വിവാഹം ചെയ്തു. അറിയപ്പെടുന്ന കർഷക പ്രമുഖനാണ് കുഞ്ഞുകുട്ടി. മക്കൾ കുഞ്ഞുമോൻ, സണ്ണി, 254 കൊച്ചുറാണി, പ്രകാശ്, കുസുമം, കുമാരി, താര, പ്രദീപ്.

## 120. ചിന്നമ്മ

കരിക്കംപള്ളിൽ കളീക്കപറമ്പ് ഔസക്കുട്ടിയുടെയും



മറിയാമ്മയുടെയും ഇളയ മകളാണ് ചിന്നമ്മ. ദീപിക ദിനപത്രത്തിൽ ജീവനക്കാരനായിരുന്ന കുടമാളൂർ തെക്കേടത്ത് പാപ്പൂട്ടിയാണ് ഭർത്താവ്. മക്കൾ 260 കൊച്ചുമോൻ 261 ലൈസാമ്മ.

## 121. പാപ്പച്ചൻ

കരിക്കംപള്ളിൽ കളീപറമ്പ് ഔസക്കുട്ടിയുടെയും മറി



യാമ്മയുടെയും മൂന്നാമത്തെ മകനാണ് പാപ്പച്ചൻ. കാർഷിക വിപണന രംഗത്ത് പ്രവർത്തിക്കുന്നതിനോടൊപ്പം കൃഷികാര്യങ്ങളിലും ശ്രദ്ധേയനാണ് പാപ്പച്ചൻ. കണ്ണാടിച്ചിറയിൽ മംഗലപ്പള്ളി കുടുംബാഗമായ അന്നമ്മയാണ് സഹധർമ്മിണി. മക്കൾ 262റിനി, 263. കൊച്ചുറാണി, 264. റോയി, 265. ജസമ്മ, 266. റോണി.

## 122. ബേബിച്ചൻ

കരിക്കംപള്ളിൽ കളീക്കപറമ്പ് ഔസക്കുട്ടിയുടെയും



മറിയാമ്മയുടെയും നാലാമത്തെ പുത്രനാണ് ബേബിച്ചൻ. ദുബായിൽ ജോലിയുള്ള ബേബിച്ചന്റെ ഭാര്യ കുടമാളൂർ മണത്ര കുടുംബാഗമായ തങ്കമ്മയാണ്. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിന്റെ വേറിട്ട ശബ്ദമാണ് ബേബിച്ചൻ. കുടുംബസമേതം ദുബായിൽ താമസിക്കുന്നു. മക്കൾ 267. ബിജ, 268. ഡേവിഡ്, 269. എസ്തേർ.

## 123. ടോമിച്ചൻ

കരിക്കംപള്ളിൽ കളീക്കപറമ്പ് ഔസക്കുട്ടിയുടെയും



മറിയാമ്മയുടെയും ഇളയ പുത്രനാണ് ടോമിച്ചൻ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ടോമിച്ചൻ അരുണാചൽപ്രദേശ് സി. ആർ. പി. എഫിൽ ഉദ്യോഗസ്ഥനാണ്. കൂത്താട്ടുകുളം കടവുമാക്കൽ ഏലിക്കുട്ടിയാണ് ഭാര്യ. അരുണാചൽപ്രദേശ് പൊതുമരാമത്ത് വകുപ്പിൽ ജീവനക്കാരിയാണ് ഏലിയാമ്മ. മക്കൾ 270. ടെൽമ്മ, 271. ടെസ്സി.

## 124. ഫാ. തോമസ് മണലിൽ

കരിക്കംപള്ളിൽ കളീക്കപറമ്പ് മറിയക്കുട്ടിയുടേയും



മണലിൽ മാണിച്ചന്റെയും പുത്രനായി 1930 ജൂൺ 5-ാം തീയതി ജനിച്ചു. 1950 ജൂൺ മാസം 15-ാം തീയതി പാറേൽ മൈനർ സെമിനാരിയിൽ അംഗമായി. 1959 മാർച്ച് മാസം 14-ാം തീയതി ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ടിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ചങ്ങനാശ്ശേരി അതിരൂപതയിലെ വെരൂർ, പായിപ്പാട്, പൊടിപ്പാറ, പച്ച-ചെക്കിടിക്കാട് തുടങ്ങി നിരവധി പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. തന്നിൽ ഭരമേൽപ്പിക്കപ്പെട്ടിരുന്ന അജഗണങ്ങളെ എന്നും നേർവഴി നയിക്കുവാൻ ഉത്സുകനായിരുന്ന ഇടയനായിരുന്നു ഫാ തോമസ് മണലിൽ. 1998 ൽ തന്റെ കർമ്മനിരതമായ ജീവിതം അവസാനിക്കുന്നതുവരെ കുടുംബാഗങ്ങളോട് പ്രത്യേക മമത പുലർത്തുവാൻ ഫാ തോമസ് ശ്രദ്ധിച്ചിരുന്നു.

> "ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കുന്ന പ്രധാന പുരോഹിതൻ ദൈവീകകാര്യങ്ങൾക്ക് നിയമിക്കപ്പെടുന്നത് പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കാനാണ്".
>
> ഹെബ്രാ: 5:1

## 125. സി. ലിയോണി സി.എം.സി.

കരിക്കംപള്ളിൽ കളീക്കപറമ്പ് മറിയക്കുട്ടിയുടേയും



മണലിൽ മാണിച്ചന്റെയും മൂത്തമകളാണ് മോണിക്കാമ്മ. 1933 ഡിസംബർ 28ാം തീയതി ജനിച്ച മോണിക്കാമ്മ 1953 മെയ് മാസം 18-ാം തീയതി കർമ്മലീത്ത സഭാംഗമായി. 1954 മെയ് 19 നു ആദ്യ വ്യതവാഗ്ദാനവും 1959 മെയ് 19 നു നിത്യവൃതവാഗ്ദാനവും നടത്തി. അദ്ധ്യാപകപരിശീലനത്തിനു ശേഷം ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഹൈസ്കൂളിൽ അദ്ധ്യാപികയായി വിദ്യാർത്ഥികളുടെ ആത്മിയവും ബുദ്ധിപരവുമായ വികസനം ലക്ഷ്യമാക്കി അദ്ധ്യാപനം നടത്തിയവ്യക്തിയാണ് സി. ലിയോണി. സർവ്വീസിൽ നിന്നും വിരമിച്ചു എങ്കിലും പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിൽ ഇപ്പോഴും ശ്രദ്ധപതിപ്പിക്കുന്നു.

## 126. ത്രേസ്യാമ്മ

കരിക്കംപള്ളിൽ കളിക്കപറമ്പ് മറിയക്കുട്ടിയുടെയും



മണലിൽ മാണിച്ചന്റെയും രണ്ടാമത്തെ പുത്രിയാണ് ത്രേസ്യാമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ത്രേസ്യാമ്മയെ മാന്നാനത്തു പഴയകരിയിൽ പാപ്പച്ചനാണ് വിവാഹം കഴിച്ചത്. കർഷക പ്രമുഖനാണ് പാപ്പച്ചൻ. മക്കൾ 272. തങ്കച്ചൻ, 273. ജസ്സി.

## 127. ഒറോമ്മ

കരിക്കംപള്ളിൽ കളീക്കപറമ്പ് മറിയക്കുട്ടിയുടെയും



മണലിൽ മാണിച്ചന്റെയും മൂന്നാമത്തെ പുത്രിയാണ് ഒറോമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഒറോമ്മയെ കുറുമ്പനാടം ഓവേലിൽ അപ്പച്ചൻ വിവാഹം കഴിച്ചു. കാർഷികമേഖലയിൽ വ്യാപൃതനാണ് അപ്പച്ചൻ. മക്കൾ 274. ജോൺസൺ, 275. ജോളി, 276. ജോജൻ, 277. ജോഷി.

## 128. മറിയാമ്മ

കരിക്കംപള്ളിൽ കളീക്കപറമ്പ് മറിയക്കുട്ടിയുടെയും



മണലിൽ മാണിച്ചന്റെയും നാലാമത്തെ പുത്രിയാണ് മറിയാമ്മ. അദ്ധ്യാപക പരിശീലനം നേടിയ മറിയാമ്മയെ മണിമല ചെങ്ങലിക്കുടിയിൽ കുട്ടപ്പൻ വിവാഹം കഴിച്ചു. ദീർഘകാലത്തെ ആദ്ധ്യാപക സേവനത്തിനു ശേഷം കുട്ടപ്പനും മറിയാമ്മയും സർവ്വീസിൽ നിന്നും വിരമിച്ച് മണിമലയിൽ താമസിക്കുന്നു. മക്കൾ 278. ജോർസി, 279. റ്റെസ്സി.

## 129. ജോസുകുട്ടി

കരിക്കംപള്ളിൽ കളീക്കപറമ്പ് മറിയക്കുട്ടിയുടെയും



മണലിൽ മാണിച്ചന്റെയും രണ്ടാമത്തെ പുത്രനാണ് ജോസുകുട്ടി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോസുകുട്ടി മാടപ്പള്ളി കൂടത്തിൽ അമ്മിണിയെ വിവാഹം കഴിച്ചു. കുട്ടനാട്ടിലെ കർഷക പ്രമുഖരിൽ ഒരാളായ ജോസുകുട്ടി മണലിൽ തറവാട്ടിൽ താമസിക്കുന്നു. മക്കൾ 280. മോൻസി, 281. സാബു, 282. സുജ, 284. സാജു.

## 130. ജോർജ്ജ്കുട്ടി

കരിക്കംപള്ളിൽ കളിക്കപറമ്പ് മറിയാമ്മയുടെയും



മണലിൽ മാണിച്ചന്റെയും മൂന്നാമത്തെ പുത്രനാണ് ജോർജ്ജുകുട്ടി. കേരളായൂണിവേഴ്സിറ്റിയിൽ നിന്നും സയൻസിൽ ബിരുദം നേടിയിട്ടുള്ള ജോർജ്ജുകുട്ടി ഇഡ്യൻ പോസ്റ്റൽ സർവ്വീസിൽ ചങ്ങനാശ്ശേരി ബ്രാഞ്ചിലെ ഉദ്യോഗസ്ഥനാണ്. മാടപ്പള്ളി പ്രാക്കുഴി വത്സമ്മയാണ് സഹധർമ്മിണി. ബിരുദവും സഹകരണത്തിൽ ഹയർ ഡിപ്ലോമയും നേടിയിട്ടുള്ള വത്സമ്മ കോട്ടയം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഡപ്യൂട്ടി ജനറൽ മാനേജറാണ്. മക്കൾ 284. സുനിൽ, 285. സുരേഷ്, 286. സുനീഷ്.

## 131. അന്നമ്മ

കരിക്കംപള്ളിൽ കളിക്കപറമ്പ് മറിയക്കുട്ടിയുടെയും



മണലിൽ മാണിച്ചന്റെയും അഞ്ചാമത്തെ മകളാണ് അന്നമ്മ. കേരളായൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടിയ അന്നമ്മയെ പുളിങ്കുന്നു ചേപ്പില ജോയിച്ചൻ വിവാഹം കഴിച്ചു. മക്കൾ 287. റ്റോം, 288. റ്റൈനി, 289. റ്റോണി.

## 132. മാത്തുക്കുട്ടി

കരിക്കംപള്ളിൽ കളിക്കപറമ്പ് മറിയക്കുട്ടിയുടെയും



മണലിൽ മാണിച്ചന്റെയും ഇളയ പുത്രനാണ് മാത്തുക്കുട്ടി. ബിരുദവും സഹകരണത്തിൽ ഹയർ ഡിപ്ലോമയും നേടിയിട്ടുള്ള മാത്തുക്കുട്ടി കാഞ്ഞിരപ്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ജോലി ചെയ്യുന്നു. തോട്ടയ്ക്കാട് കരിമ്പിൽ കുടുപ്പിൽ തങ്കമ്മയാണ് ഭാര്യ. ഇളംങ്കുളം സ്കൂളിലെ അദ്ധ്യാപികയാണ് തങ്കമ്മ. മക്കൾ 290. മെറിൻ, 291. ആൽബിൻ.

## 133. ലിസമ്മ

കരിക്കംപള്ളിൽ പുഷ്പമംഗലം മത്തായിച്ചന്റെയും



റോസമ്മയുടെയും മൂത്ത മകൾ ലിസമ്മ. കോളേജ് വിദ്യഭ്യാസത്തിനു ശേഷം കുറുമ്പനാടം വാറ്റുപറമ്പിൽ ജോസഫ് (കുഞ്ഞ്)വിവാഹം കഴിച്ചു. AG's ഓഫീസിൽ ഉദ്യോഗസ്ഥനായ കുഞ്ഞ് സർവ്വീസിൽ നിന്നും വിരമിച്ച് ഇപ്പോൾ കുറുമ്പനാടത്ത് താമസിക്കുന്നു. മക്കൾ 292 രാജേഷ്, 293 സുരേഷ്.

## 134. ഗ്രേസമ്മ

കരിക്കംപള്ളിൽ പുഷ്പമംഗലം മത്തായിച്ചന്റെയും



റോസമ്മയുടെയും രണ്ടാമത്തെ മകൾ ഗ്രേസമ്മ. എടത്വ സെന്റ് അലോഷ്യസ് കോളേജിൽ രസതന്ത്ര വിഭാഗം മേധാവിയായി സർവ്വീസിൽ നിന്നും വിരമിച്ചു. അതിരുമ്പുഴ ഒഴുകയിൽ തോമാച്ചനാണ് ഭർത്താവ്. ബിരുദാനന്തരബിരുദധാരിയായ തോമ്മാച്ചൻ K.S.E.B. യിൽ അക്കൗണ്ട് ഓഫീസറായി വിരമിച്ച് അതിരുമ്പുഴയിൽ താമസിക്കുന്നു. മക്കൾ അജിത്ത്, അനൂപ്.

## 135. അപ്പച്ചൻ

കരിക്കംപള്ളിൽ പുഷ്പമംഗലം മത്തായിച്ചന്റെയും



റോസമ്മയുടെയും ഏകമകൻ അപ്പച്ചൻ ചങ്ങനാശ്ശേരി S.B.കോളേജിൽ നിന്നും ഊർജ്ജതന്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയിട്ടുള്ള ആളാണ്. AG's ഓഫീസിൽ ഔദ്യോഗികജീവിതം തുടരുന്നു. കുടുംബബന്ധങ്ങൾ ഊഷ്മളമായി നിലനിർത്തുന്നതിൽ ബദ്ധശ്രദ്ധനാണ് അപ്പച്ചൻ. ഭാര്യ ക്ലാരമ്മ M.Sc. മണിമല തീമ്പലങ്ങാട് കുടുംബാഗം. AG's ഓഫീസിൽ ജോലി ചെയ്യുന്നു. അപ്പച്ചനും ക്ലാരമ്മയും തിരുവനന്തപുരത്ത് താമസിക്കുന്നു. മക്കൾ രഞ്ചു,എബി.

## 136 തങ്കച്ചി

കരിക്കംപള്ളിൽ പുഷ്പമംഗലം മത്തായിച്ചന്റെയും



റോസമ്മയുടെയും മൂന്നാമത്തെ മകൾ തങ്കച്ചി ബിരുദാനന്തരബിരുദവും ബി. എഡ്ഡും നേടി. ഭർത്താവ് എരുമേലി ഇരുപ്പക്കാട്ട് പാപ്പച്ചൻ ഇരുവരും സെക്രട്ടറിയേറ്റിൽ ഡപ്യൂട്ടി സെക്രട്ടറിമാരാണ്. തിരുവനന്തപുരത്ത് താമസം. മക്കൾ 298 പ്രവീൺ, 299 പ്രദീപ്.

## 137. ജോസുകുട്ടി

കളീക്കപറമ്പ് പുത്തൻപീടിക തോമ്മാച്ചിയുടേയും



ത്രേസ്യാമ്മയുടേയും മുത്ത മകനാണ് ജോസുകുട്ടി. ചങ്ങനാശ്ശേരി എസ്.ബി കോളേജിൽ നിന്നും ബി.എസ്‌സി ബിരുദം നേടിയ ജോസുകുട്ടി ആലുവ എഫ്.എ.സി.റ്റി., ബോംബെ നോസിൽ എന്നീ കമ്പനികളിൽ സേവനം അനുഷ്ഠിച്ച ശേഷം ആലുവായിലെ സ്യൂഡ് ഇന്ത്യാ കെമിക്കലിൽ ജോലിയിൽ പ്രവേശിച്ചു. ഈ കാലയളവിൽ പൊളിറ്റിക്സിൽ ബിരുദാനന്തര ബിരുദവും പേഴ്സണൽ മാനേജ്മെന്റ് ആൻഡ് ഇൻഡസ്ട്രിയൽ റിലേഷണിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമയും നേടിയ ജോസുകുട്ടി റിസേർച്ച് മാനേജരായി സർവ്വീസിൽ നിന്ന് വിരമിച്ചു. ഇപ്പോൾ ആലുവയിൽ താമസിക്കുന്നു. ഭാര്യ പച്ച പനയ്ക്കപറമ്പിൽ ആലീസാണ്. മക്കൾ - 300. റ്റോമി, 301. ജോജി.

## 138. മേരിമ്മ

കളിക്കപറമ്പ് പുത്തൻപീടിക തോമാച്ചിയുടേയും



ത്രേസ്യാമ്മയുടേയും മൂത്ത പുത്രിയാണ് മേരിമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മേരിമ്മയെ ചിറക്കടവ് മഞ്ഞാടിയിൽ തോമ്മച്ചൻ വിവാഹം ചെയ്തു. മക്കൾ 302. ബീന, 303. ബിനോയി.

## 139. തോമസ്കുട്ടി

കളിക്കപറമ്പ് പുത്തൻപീടിക തോമ്മാച്ചിയുടേയും ത്രേസ്യമ്മായുടേയും രണ്ടാമത്തെ പുത്രൻ തോമസ്കുട്ടി 1974 -ൽ 28-ാമത്തെ വയസ്സിൽ അകാലചരമമടഞ്ഞു.

## 140 . ജോർജ്ജുകുട്ടി

കളീക്കപറമ്പ് പുത്തൻപീടിക തോമ്മച്ചിയുടേയും



ത്രേസ്യമ്മയുടേയും മൂന്നാമത്തെ മകൻ. ജോർജ്ജുകുട്ടി. സാങ്കേതികവിദ്യാഭ്യാസം പൂർത്തിയാക്കിയ ജോർജ്ജുകുട്ടി ഡൽഹി സ്റ്റോക്ക് എക്സേഞ്ചിൽ ജോലി ചെയ്യുന്നു. എടത്വാ വാണിയപുരയ്ക്കൽ റോസിയാണ് ഭാര്യ. ഡൽഹി വാസ്തുകലാ കേന്ദ്രം സൂപ്പർവൈസറാണ് റോസി. ഡൽഹിയിൽ താമസിക്കുന്നു മക്കൾ - 304. റ്റീന, 305. മിനി.


ആശംസകൾ....



**മാതാ ടെയിലറിംഗ്**

ചെക്കിടിക്കാട് -പച്ച, എടത്വാ.

ഫോൺ:2214175


## 141. ഫാ. ജോബ് കരിക്കംപള്ളി - എം.എസ്. എഫ്.എസ്.

കളീക്കപറമ്പ് പുത്തൻപീടിക തോമ്മച്ചിയുടേയും ത്രേസ്യാമ്മയുടേയും നാലാ



മത്തെ പുത്രനായി 28-5-1953 -ൽ ജോബച്ചൻ ജനിച്ചു. മാതാപിതാക്കളുടെ സമർപ്പിതമായ ആദ്ധ്യാമിക ജിവിതചര്യയിൽ ആകൃഷ്ടനായി ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവിതം മാറ്റിവച്ച വ്യക്തിയാണ് ജോബച്ചൻ . മിഷനറി ഓഫ് സെയിന്റ് ഫ്രാൻസിസ് സാലസ് സന്യാസ സമൂഹത്തിൽ ചേർന്നു 6-6-1973 ൽ നൊവിഷ്യേറ്റും നിത്യവ്രതവാഗ്ദാനവും നടത്തി. 1983 ഏപ്രിൽ മാസം 14-ാം തീയ്യതി പൗരോഹിത പദവിയിലേക്ക് ഉയർത്തപെട്ടു. അദ്ധ്യാപകപരിശീലനം നേടിയ ഫാ.ജോബ് കിരക്കംപള്ളി 14 വർഷത്തോളം ഡോൺബോസ്കോസ്കൂളിന്റെ പ്രിൻസിപ്പലായി അസമിൽ സേവനമനുഷ്ഠിച്ചു. 1996 ൽ അമേരിക്കയിലും യൂറോപ്പിലും പര്യടനം നടത്തി. സഭാസമൂഹം തന്നിൽ ഏല്പ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടെയും വിശ്വസ്തതയോടെയും നിർവഹിക്കുന്ന ആളാണ് ഫാ.ജോബ് കരിക്കംപള്ളി. വിശുദ്ധ ഫ്രൻസിസ് സാലസിന്റെ ജീവിതദൗത്യം നിറവേറ്റുവാൻ തന്റെ ശിഷ്ട ജിവിതവും കഴിവുകളും വിനിയോഗിക്കണം എന്നുള്ള ആഗ്രഹംകൊണ്ടു ഫാ. ജോബ് കരിക്കംപള്ളി ദക്ഷിണാഫ്രിക്കയിൽ മിഷൻ പ്രവർത്തനത്തിനായി പോയിരിക്കുന്നു.

## 142. കെ.റ്റി. വർക്കി (വർക്കിച്ചൻ)



കളീക്കപറമ്പ് പുത്തൻപീടിക തോമ്മാച്ചിയുടേയും ത്രേസ്യാമ്മയുടേയും അഞ്ചാമാത്തെ പുത്രനാണ് വർക്കിച്ചൻ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മസ്കറ്റിൽ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ മാതാ ടെയിലറിംഗ് എന്ന സ്ഥാപനം ചെക്കിടിക്കാട്ട് നടത്തുന്നു. എ.കെ.റ്റി.യു കുട്ടനാട് താലൂക്ക് സെക്രട്ടറിയാണ് വർക്കിച്ചൻ. കൈനകരി വട്ടപറമ്പിൽ ആനിമ്മയാണ് ഭാര്യ. മക്കൾ - 306. സോണിയ, 307. സോബിച്ചൻ

## 143. വത്സമ്മ

കളീക്കപറമ്പ്പുത്തൻപീടിക തോമ്മച്ചിയുടേയും



ത്രേസ്യാമ്മയുടേയും രണ്ടാമത്തെ പുത്രിയാണ് വത്സമ്മ. ഫരീദാബാദിൽ സ്റ്റെനേഗ്രാഫറായി ജോലിചെയ്തിരുന്നു. പടഹാരം ഇടയാടി ബേബിച്ചനാണ് ഭർത്താവ്.ബ്രൂണൈൽ ജോലിയാണ് മക്കൾ - 308. നിൻസി. 309. നിഷി

## 144. ജോയിച്ചൻ

കളീക്കപറമ്പ് പുത്തൻപീടിക തോമ്മാച്ചിയുടെയും,



ത്രേസ്യാമ്മ്യുടെയും ഇളയപുത്രനാണ് ജോയിച്ചൻ. സാങ്കേതിക വിദ്യാഭ്യാസത്തിനുശേഷം ബഹറിനിൽ ഫാബ്രീകേറ്ററായി ജോലി ചെയ്യുന്നു. ആലപ്പുഴ പടിഞ്ഞാറേ വീട്ടിൽ ഷീബയാണ് ഭാര്യ. ഗുജറാത്തിൽ ജിയോ ലൈറ്റിംഗ് കമ്പനിയിൽ സ്റ്റെനോയായി ജോലിചെയ്യുന്നു. മകൻ -310 ഷാനോ

## 145. ആൻസമ്മ

കളീക്കപറമ്പ് പുത്തൻപീടിക തോമ്മാച്ചിയുടെയും



ത്രേസ്യാമ്മയുടേയും മൂന്നാമത്തെ പുത്രിയാണ് ആൻസമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ആൻസമ്മയെ വാഴപ്പള്ളി പടനിലം ഫിലിപ്പുകുട്ടി വിവാഹം കഴിച്ചു. ഫിലുപ്പുകുട്ടി വാച്ചു വിപണനരംഗത്ത് പ്രവർത്തിക്കുന്നു. മക്കൾ - 311. യദു, 312 ശ്രുതി.

## 146. സി.റീനാ മേരി എസ്.ഡി (ലൈസാമ്മ)

കളീക്കപറമ്പ് പുത്തൻപീടിക തോമ്മച്ചിയുടെയും



ത്രേസ്യാമ്മയുടേയും മകളായി 1967 മെയ് മാസം 5-ാം തീയതി ലൈസാമ്മ ജനിച്ചു. അർപ്പിത ജീവിതത്തോടുള്ള അദ്യമമായ താല്പര്യം കൊണ്ട് അഗതികളുടെ സഹോദരിമാർ എന്ന സന്യാസിനി സമൂഹത്തിൽ ചേർന്നു. 3-7-1987 ൽ നോവിഷേറ്റ്യും 11-1-90 ൽ ആദ്യവൃത വാദഗ്ദാനവും 20-1-1996 ൽ നിത്യവൃത വാഗ്ദാനവും നടത്തി. ചെത്തിപ്പുഴ നേഴ്സിംഗ് ഹോമിലും ചങ്ങനാശ്ശേരി അതിരൂപതയുടെ ഫാമിലി അപ്പോസ്റ്റോലിക് ആനിമേറ്ററായും സോഷ്യൽസർവ്വീസ് സൊസൈറ്റിയുടെ ഹോംനേഴ്സിംഗ് ഇൻചാർജ്ജായും സേവനമനുഷ്ഠിച്ചു. ഇപ്പോൾ പൊടിപ്പാറ നൊവിഷേറ്റ് ഹൗസിന്റെ സുപ്പീരിയറാണ്.

## 201. ഫാൻസി

എടത്വാ കരിക്കംപള്ളിൽ തോമ്മാച്ചിയുടേയും മേരി



ക്കുട്ടിയുടെയും മൂത്തമകളാണ് ഫാൻസി. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ഫാൻസിയെ എടത്വാ പുത്തൻപറമ്പിൽ 27 ൽ ചെറിയാൻ വിവാഹം കഴിച്ചു. എയർഫോഴ്സിലായിരുന്ന ചെറിയാൻ സർവീസിൽ നിന്ന് വിരമിച്ച് കളമശ്ശേരിയിലുള്ള സ്വകാര്യ കമ്പനിയുടെ ജനറൽ മാനേജരായി പ്രവർത്തിക്കുന്നു. ഫാൻസി കുടുംബസമേതം എറണാകുളം കളമശ്ശേരി ചങ്ങമ്പുഴ നഗറിലുള്ള സ്വന്തം വീട്ടിൽ താമസിക്കുന്നു. മക്കൾ 313.റോബിൻ 314.സോനു.

## 202. സിസ്റ്റർ ജസി കരിക്കംപള്ളി

എടത്വാ കരിക്കംപള്ളിയിൽ തോമാച്ചിയുടേയും മേരി



ക്കുട്ടിയുടേയും രണ്ടാമത്തെ മകളാണ് 9-1-1958 ൽ ജനിച്ച ജസി. ബിരുദ പഠനം പൂർത്തിയാക്കിയ ജസി 10-6-1977 ൽ മംഗലാപുരത്തുള്ള ചെറുപുഷ്പ ബദനി സന്യാസസമൂഹത്തിൽ ചേർന്നു. 10-5-1979 ൽ ആദ്യ വൃതവാഗ്ദാനവും 6-5-1985 ൽ നിത്യവൃതവാഗ്ദാനവും നടത്തി. തുടർന്ന് എം. എ., ബി. എഡ്. പാസായ ജസി തോമസ് കൽപ്പറ്റയിലുള്ള സെന്റ് ജോസഫ് മഠത്തിന്റെ സുപ്പീരിയരും മഠംവക സ്കൂളിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു വരുന്നു. 2004-ൽ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ആഘോഷിച്ചു.

## 203. ജോർജ്ജുകുട്ടി

എടത്വാ കരിക്കംപള്ളിയിൽ തോമാച്ചിയുടേയും മേരി



ക്കുട്ടിയുടേയും മൂത്തമകനാണ് ജോർജ്ജുകുട്ടി. കേരള യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദം നേടിയ ജോർജ്ജുകുട്ടി 1980 മുതൽ എറണാകുളത്തുള്ള ഭഗീരഥ എഞ്ചിനിയറിംഗ് ലിമിറ്റഡിന്റെ. ഡയറക്ടറാണ്. ചാലക്കുടി പുത്തൻചിറയിൽ താക്കോൽക്കാരൻ വീട്ടിൽ ജെസിയാണ് ഭാര്യ. ജോർജ്ജുക്കുട്ടി കുടുംബസമേതം തൃക്കാക്കരയിൽ താമസിക്കുന്നു. മക്കൾ: 403.മരിയ, 404. ടോണി 405. ജിത്തു.

## 204. ആൻസമ്മ

എടത്വാ കരിക്കംപള്ളിയിൽ തോമാച്ചിയുടേയും മേരിക്കുട്ടിയുടേയും മൂന്നാമത്തെ മകളാണ് ആൻസമ്മ.



അദ്ധ്യാപനത്തിൽ ബിരുദം നേടിയ ആൻസമ്മയെ എടത്വാ പത്തിപ്പറമ്പിൽ മോൻസി വിവാഹം ചെയ്തു. ഏലൂർ ഇന്ത്യൻ റെയർ എർത്ത്സിൽ ജോലിക്കാരനാണ് മോൻസി. കളമശ്ശേരിയിൽ താമസിക്കുന്നു മക്കൾ: 406. മിനു, 407. അരുൺ, 408. അലൻ.

## 205. ജിജോച്ചൻ

എടത്വാ കരിക്കംപള്ളിയിൽ തോമാച്ചിയുടേയും മേരി



ക്കുട്ടിയുടേയും രണ്ടാമത്തെ മകനാണ് ജിജോച്ചൻ. പുന്നപ്ര കാർമ്മൽ പോളിടെക്നിക്കിൽ നിന്നും മെക്കാനിക്കൽ ഡിപ്ലോമ പാസ്സായ ജിജോച്ചൻ ഹൈദ്രാബാദിൽ അലിൻഡ് എന്ന

സ്ഥാപനത്തിൽ മാർക്കറ്റിംഗ് എഞ്ചിനീയറായും, വെല്ലൂർ, മദ്രാസ് എന്നിവടങ്ങളിൽ ലാർസർ ആന്റ് ട്യൂബോ എന്ന സ്ഥാപനത്തിലും പ്രവർത്തിച്ചു. ഇപ്പോൾ എറണാകുളം ഇടപ്പള്ളിയിലുള്ള സ്വകാര്യസ്ഥാപനമായ ടെക്നി ഭാരതി പ്രൈ ലിമിറ്റഡിൽ ജോലി ചെയ്യുന്നു. അങ്കമാലി അരീക്കൽ വീട്ടിൽ ഷിബിയാണ് ഭാര്യ. ഇടപ്പള്ളിയിൽ താമസിക്കുന്നു. മക്കൾ: 409. സൂര്യ, 410. കിരൺ.

## 206. സിസമ്മ

എടത്വാ കരിക്കംപള്ളിയിൽ കുഞ്ഞോമ്മാച്ചിയുടേയും



മേരിക്കുട്ടിയുടേയും നാലാമത്തെ മകളാണ് സിസമ്മ. കേരള യൂണിവേഴ്സിറ്റിയിൽനിന്നും കൊമേഴ്സ് ബിരുദം നേടിയ സിസമ്മയെ എരുമേലി കിഴുകണ്ടിയിൽ ഷമ്മി വിവാഹം ചെയ്തു. കെമിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ നേടിയ ഷമ്മി എറണാകുളത്ത് ഫിലിപ്സ് കാർബൺ ബ്ലാക്ക് കമ്പനിയിലും സിസമ്മ ഇടപ്പള്ളിയിലുള്ള ടെക്നി ഭാരതിയിലും ജോലി ചെയ്യുന്നു. കളമശ്ശേരിയിൽ താമസിക്കുന്നു. മകൾ 411. സാന്ദ്ര.

## 207. തങ്കച്ചി

കരിക്കംപള്ളി കളീക്കപറമ്പ് കുഞ്ഞച്ചന്റെയും മറിയാ



മ്മയുടെയും മൂത്ത പുത്രിയാണ് തങ്കച്ചി. ബിരുദവും സഹകരണത്തിൽ ഡിപ്ലോമയും നേടിയിട്ടുള്ള തങ്കച്ചിയെ വൈശംഭാഗം മേപ്പറത്ത് ടോമിച്ചനാണ് വിവാഹം കഴിച്ചത്. മക്കൾ-412. കുര്യച്ചൻ, 413. ആന്റ്ച്ചൻ, 414. ഗ്യഗറി, 415. ക്രിസ്റ്റീന, 416. മെറീന.

## 208. റീത്താമ്മ

കരിക്കംപള്ളി കളീക്കപറമ്പ് കുഞ്ഞച്ചന്റെയും മറിയാ



മ്മയുടെയും രണ്ടാമത്തെ പുത്രിയാണ് റീത്താമ്മ. കോളേജ് വിദ്യാഭ്യാസവും നേഴ്സറി ട്രയിനിംഗും പൂർത്തിയാക്കിയ റീത്തമ്മയെ തലവടി കൈലാത്ത് അനിയൻ വിവാഹം കഴിച്ചു. മക്കൾ 417. ഫേബ, 418. എസ്തേർ

## 209. സാലിമ്മ

കരിക്കംപള്ളിൽ കളീക്കപറമ്പ് ചാക്കോച്ചിയുടെയും



പൊന്നമ്മയുടെയും മൂത്തപുത്രിയാണ് സാലിമ്മ. ബിരുദവും ഹിന്ദി വിദ്വാനും പാസായ സാലിമ്മ ബാംഗ്ലൂരിൽ അദ്ധ്യാപികയാണ്. മുട്ടാർ ചിറേപ്പറമ്പിൽ മോൻസിയാണ് സാലിമ്മയെ വിവാഹം കഴിച്ചത്. ഇരുവരും കുടുംബസമേതം ഹൈദ്രബാദിൽ താമസിക്കുന്നു. മക്കൾ 419. സാൻസി. 420. സാംസൺ.

## 210. സാജു

കരിക്കംപള്ളിൽ കളീക്കപറമ്പ് ചാക്കോച്ചിയുടെയും



പൊന്നമ്മയുടെയും ഏകമകനാണ് സാജു. എടത്വാ ഐ. റ്റി. ഐയിൽ നിന്നും ഇലക്ട്രിക്കൽ സാങ്കേതിക പഠനം പൂർത്തിയാക്കിയ സാജു ടെക്നി ഭാരതി ലിമിറ്റഡിലെ ജോലിക്കാരനാണ്. നെടുമ്പ്രം മാമൂട്ടിൽ കുടുംബാഗം സാലിമ്മയാണ് ഭാര്യ. മക്കൾ സജിത്ത്, സിജി.

## 211. ബിനു



കരിക്കംപള്ളിൽ കളീക്കപറമ്പ് ബേബിച്ചന്റെയും റോസമ്മയുടേയും മൂത്തപുത്രനാണ് ബിനു. എടത്വാ ഐ. റ്റി. ഐയിൽ നിന്നും ഡ്രാഫ്റ്റ്മാൻ സിവിൽ പാസായ ബിനു ആസാം ജോർഹാട്ട് പോളിടെക്നിക്കിൽനിന്ന് ആർക്കിടെക്ട് ഡിപ്ലോമയും കംപ്യൂട്ടറും കഴിഞ്ഞ് അരുണാചൽ പ്രദേശ് പി.എച്ച്.ഇ.ഡിയിൽ ജോലി ചെയ്യുന്നു.

## 212. ബീന

കരിക്കംപള്ളിൽ കളീക്കപറമ്പ് ബേബിച്ചന്റെയും



റോസമ്മയുടേയും ഏക പുത്രിയാണ് ബീന. നേഴ്സിംഗിൽ ഡിപ്ലോമയും പാസായ ബീനായെ പാണ്ടി തോട്ടുവേലിൽ ലാലിച്ചൻ വിവാഹം ചെയ്തു. ഇരുവരും മാലിദ്വീപിൽ ജോലി ചെയ്യുന്നു. മകൾ ജോതിസ് റോസ്.

## 213. ബിജു



കരിക്കംപള്ളിൽ കളീക്കപറമ്പ് ബേബിച്ചന്റെയും റോസമ്മയുടേയും ഇളയ മകൻ ബിജു. എടത്വാ പയസ് ടെൻത് ഐ. റ്റി. ഐയിൽനിന്നും ഇലക്ട്രീഷൻ പാസായി എറണാകുളത്ത് ടെക്നി ഭാരതി ലിമിറ്റഡിൽ ജോലിചെയ്യുന്നു.

## 214. ഷില്ലോ



കരിക്കംപള്ളിൽ കളീക്കപറമ്പ് കുട്ടപ്പന്റെയും ത്രേസ്യാമ്മയുടെയും മൂത്തമകനാണ് ഷില്ലോ. സാങ്കേതിക പഠനത്തിനു ശേഷം ഫരിദാബാദിൽ കമ്പനി ജോലിക്കാരനാണ് ഷില്ലോ.

## 215. ഷിന്റോ



കരിക്കംപള്ളിൽ കളീക്കപറമ്പ് കുട്ടപ്പന്റെയും ത്രേസ്യാമ്മയുടെയും രണ്ടാമത്തെ മകനാണ് ഷിന്റോ. എടത്വാ സെന്റ് അലോഷ്യസ് കോളേജിലെ ബികോം വിദ്യാർത്ഥിയാണ് ഷിന്റോ.

## 216. ഷോളോ



കരിക്കംപള്ളിൽ കളീക്കപറമ്പ് കുട്ടപ്പന്റെയും ത്രേസ്യാമ്മയുടെയും മകളാണ് ഷോളോ. ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥിനിയാണ് ഷോളോ.

## 217. ഷിനോ



കരിക്കംപള്ളിൽ കളീക്കപറമ്പ് കുട്ടപ്പന്റെയും ത്രേസ്യാമ്മയുടെയും ഇളയ മകനാണ് ഷിനോ. പച്ച-ചെക്കിടിക്കാട് ലൂർദ്ദുമാതാ ഹൈസ്കൂൾ വിദ്യാർത്ഥിയാണ് ഷിനോ.

## 218. അജിത്ത്



കരിക്കംപള്ളിൽ കളീക്കപറമ്പ് മത്തച്ചന്റെയും അച്ചാമ്മയുടെയും ഏകമകൻ അജിത്ത്. ഭാരതിയാർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ടിൽ ബി. എസി കമ്പ്യൂട്ടർ സയൻസ് പഠനത്തിനു ശേഷം കോയമ്പത്തൂരിൽ എം. ബി.എയ്ക്ക് പഠിക്കുന്നു.

## 219. ജോജി

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ അപ്പച്ചന്റെയും



റോസ്മേരിയുടെയും മൂത്ത പുത്രനാണ് ജോളി. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ജോളി ബിസിനസ് കാര്യങ്ങൾ ശ്രദ്ധിച്ചു വരവെ ഇരുപത്തിയേഴാം വയസ്സിൽ 1978 നവംബർ 13 ന് കർത്താവിൽ നിദ്ര പ്രാപിച്ചു.

## 220. മേഴ്സി

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ അപ്പച്ചന്റെയും



റോസ്മേരിയുടെയും മൂത്തപുത്രിയാണ് മേഴ്സി. ഗാർവാഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ധനതത്വശാസ്ത്രത്തിൻ ബിരുദാനന്തരബിരുദം നേടിയ മേഴ്സി ഡെറാഡൂണിലെ കാർമ്മൽ പബ്ലിക് സ്കൂളിലെ അദ്ധ്യാപികയാണ്. തിരുവല്ല കറ്റോട്ട് ഓച്ചാലിൽ മാത്യുവാണ് ഭർത്താവ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോളിയത്തിലെ ജീവനക്കാരനാണ് മാത്യു. മക്കൾ. 422. ബെപ്പോ, 423. ബെൻജി.

## 221. ഷാം

കരിക്കംപള്ളിൽ പുതുച്ചിറയ്ക്കൽ അപ്പച്ചന്റെയും



റോസ്മേരിയുടെയും രണ്ടാമത്തെ പുത്രനാണ് ഷാം. മെക്കാനിക്ക് എൻജിനിയറിംഗിൽ ഡിപ്ലോമ നേടിയിട്ടുള്ള ഷാം ബാഗ്ലൂരിൽ ഓട്ടോമൊബൈൽ ഇൻഡസ്റ്ററി നടത്തിവരുന്നു. ആലപ്പുഴ വടക്കേക്കളം സൂസമ്മയാണ് ഭാര്യ. തിരുവനന്തപുരം സെൻട്രൽ സ്കൂളിലെ അദ്ധ്യാപികയാണ് സൂസമ്മ. മകൻ. 424. ജിൻസൺ.

## 222. ഗീത

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ അപ്പച്ചന്റെയും



റോസ്മേരിയുടെയും രണ്ടാമത്തെ പുത്രിയാണ് ഗീത. ഗാർവാർഡ് യൂണിവേഴ്സിറ്റിയിൽനിന്നും സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം നേടിയ ഗീതയെ എരുമേലി കടുകകുന്നേൽ ചാക്കോ വിവാഹം കഴിച്ചു. ബൽഗാമിലെ ഹിന്ദുസ്ഥാൻ പെട്രോളിയത്തിലെ ജീവനക്കാരനാണ് ചാക്കോ. മക്കൾ. 425. കുട്ടൂസ്.

## 223. സണ്ണി



കരിക്കംപള്ളിൽ പുതുചിറയ്ക്കൽ അപ്പച്ചന്റെയും റോസ്മേരിയുടെയും മൂന്നാമത്തെ പുത്രനാണ് സണ്ണി. ഹോട്ടൽ മാനേജ്മെന്റിൽ ബിരുദം നേടിയ സണ്ണി കുറേക്കാലം ദുബായിൽ ജോലി ചെയ്തു. ഇപ്പോൾ ഉപരിപഠനത്തിനായി ഓസ്ട്രേലിയായിൽ താമസിക്കുന്നു.

ആശംസകൾ:
**കരിക്കംപള്ളി കയർ വർക്ക്സ്**
എടത്വ, ഫോൺ: 0477-2215249

## 224. വിജി

കരിക്കംപള്ളിൽ പുതുച്ചിറയ്ക്കൽ അപ്പച്ചന്റെയും



റോസ്മേരിയുടെയും ഇളയ മകനാണ് വിജി. ബിസിനസ് മാനേജ്മെന്റൽ മാസ്റ്റർ ബിരുദം നേടിയ വിജി കുവൈറ്റിൽ ഓട്ടോമോട്ടീവ് സെന്ററിലെ മാനേജരാണ്. തങ്കശ്ശേരി ഗ്രേവ് കുടുംബാഗമായ മീരയാണ് ഭാര്യ. കുവൈറ്റ് എയർവേസിലെ എയർഹോസ്റ്റസാണ് മീര.

## 225. ജോസ് തോമസ് ബികോം, ഐ.സി.ഡബ്ലിയു.എ. (ജോസ്കുഞ്ഞ്)

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ അച്ചാമ്മയയുടെയും വെട്ടിക്കാട് പോളച്ചിറ തോമാച്ചന്റെയും മൂത്തമകനാണ്



ജോസ്കുഞ്ഞ്. കോസ്റ്റ് ആൻന്റ് വർക്ക്സ് അക്കൗണ്ടൻസ് പാസായ ജോസ്കുഞ്ഞ് ദീർഘകാലം ആൻന്ധ്രാ ബാങ്കിൽ മാനേജരായിരുന്നു. ഇപ്പോൾ എച്ച്. ഡി. എഫ്. സിയിൽ കേരളാ റീജിയൻന്റെ തലവനാണ്. അദ്ധ്യാപികയായ ചേർത്തല തുരുത്തിക്കാട് മേഴ്സിയാണ് സഹധർമ്മിണി. മക്കൾ ഷാനിയ, ഡോണിയ.

## 226. ഡോ. സഖറിയാസ് തോമസ് എംകോം, പി. എച്ച്. ഡി (ജോയിച്ചൻ).

കരിക്കംപള്ളിൽ പുതുച്ചിറയ്ക്കൽ ആച്ചാമ്മയുടെയും



വെട്ടിക്കാട് പോളച്ചിറ തോമാച്ചന്റെയും രണ്ടാമത്തെ പുത്രനാണ് ജോയിച്ചൻ. കൊമേഴ്സിൽ കേരളയൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ട്രേറ്റ് നേടിയ ജോയിച്ചൻ എടത്വാ സെന്റ് അലോഷ്യസ് കോളേജിലെ പ്രൊഫസറാണ്. എറണാകുളം കാഞ്ഞിരത്തും മൂട്ടിൽ കുടുംബാഗമായ ലിസമ്മയാണ് സഹധർമ്മിണി. സൗത്തിൻഡ്യൻ ബാങ്ക് മല്ലപ്പള്ളി ബ്രാഞ്ചിലെ ജീവനക്കാരിയാണ് ലിസമ്മ. മക്കൾ സൗമ്യ, ജിതിൻ, സ്നേഹ.

## 227. റ്റോമിച്ചൻ

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ അച്ചാമ്മയുടെയും



വെട്ടിക്കാട് പോളച്ചിറ തോമാച്ചന്റെയും ഇളയ പുത്രനാണ് റ്റോമിച്ചൻ. ബിരുദപഠനത്തിനു ശേഷം ദമാമിൽ ജോലിചെയ്യുന്നു. ചങ്ങനാശ്ശേരി ഒളശ്ശയിൽ കുടുംബാഗമായ റെമിയാണ് ഭാര്യ. ദമാമിൽ അദ്ധ്യാപികയാണ് റെമി. മക്കൾ ബിബിൻ, റിതിൻ.

## 228. ടെസ്സി

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ അച്ചാമ്മയുടെയും



വെട്ടിക്കാട് പോളച്ചിറ തോമാച്ചന്റെയും ഏകപുത്രിയാണ് ടെസ്സി. വിദ്യാഭ്യാസത്തിനു ശേഷം ചമ്പക്കുളം കടുക്കാത്ര ലാലിച്ചൻ വിവാഹം ചെയ്തു. ചമ്പക്കുളത്ത് ബിസിനസ്സ് നടത്തിവരുന്നു ലാലിച്ചൻ. മക്കൾ 434. ലിനോ, 435

## 229. ജോമോൻ

കരിക്കംപള്ളിൽ പുതുചിറയ്ക്കൽ ബേബിച്ചന്റെയും



ലീലാമ്മയുടെയും മൂത്തപുത്രനാണ് ജോമോൻ. മെക്കാനിക്കൽ എൻജിനിയറിംഗിൽ ഐ. റ്റി. ഐ. പാസായ ജോമോൻ മസ്ക്കറ്റിൽ ജോലി ചെയ്യുന്നു. പൂഞ്ഞാർ ഞണ്ടുകുഴിയിൽ കുടുംബാഗമായ ജസ്സിയാണ് ഭാര്യ. നേഴ്സിംഗ് ഡിപ്ലോമ നേടിയിട്ടുള്ള ജസ്സി കുറച്ചുകാലം സൗദിയിൽ സേവനം അനുഷ്ഠിച്ചിരുന്നു. മകൻ. ജറോൺ.

## 230. ജിജിക്കുട്ടൻ



കരിക്കംപള്ളിൽ പുതുചിറയ്ക്കൽ ബേബിച്ചന്റെയും ലീലാമ്മയുടെയും രണ്ടാമത്തെ പുത്രനാണ് ജിജിക്കുട്ടൻ. പഠനത്തിനു ശേഷം 'മാതാ ഫുഡ് പ്രോഡക്റ്റ് ' എന്ന സ്ഥാപനം നടത്തിവരുന്നു.

## 231. ആശാമോൾ

കരിക്കംപള്ളി പുതുചിറയ്ക്കൽ ബേബിച്ചന്റെയും



ലീലാമ്മയുടെയും ഏകമകളാണ് ആഷ. നേഴ്സിംഗിൽ ഡിപ്ലോമ നേടിയ ആഷ സിംഗപ്പൂരിൽ ജോലിചെയ്യുന്നു. മുതലക്കോടം അധികാരത്തിൽ കുടുംബാഗമായ സിജോയാണ് ഭർത്താവ്. രണ്ടു പേരും ഇംഗ്ലണ്ടിൽ ജോലി നോക്കുന്നു. മകൾ സിയാ.

## 232. ജിജോമോൻ



കരിക്കംപള്ളി പുതുചിറയ്ക്കൽ ബേബിച്ചന്റെയും ലീലാമ്മയുടെയും ഇളയ പുത്രനാണ് ജിജോ. ബാംഗ്ലൂരിൽ മെയിൽ നേഴ്സിംഗ് വിദ്യാർത്ഥിയാണ് ജിജോമോൻ.

## 233. ജോസഫ് സ്കറിയ (സാബു)



കരിക്കംപള്ളി പുതുചിറയ്ക്കൽ ജോണമ്മയുടെ മൂത്ത മകൻ. കാനഡയിലെ കൂബർക്കൽ നാരോഫ്ളക്സ് കമ്പനിയുടെ പ്രാദേശിക പ്രതിനിധിയായി ജോലി ചെയ്യുന്നു. മാക്മാസ്കറ്റർ യൂണിവേഴ്സിറ്റിയിൽ ബിസിനസ് മാനേജ്മെന്റ് പഠിച്ചു. കമ്പ്യൂട്ടർ സയൻസിലും പരിശീലനം നേടി. ഭാര്യ അനറ്റ് (ജോളി) പാലാ മുത്തോലി ചാത്തനാട്ട് കുടുംബാഗമാണ്. ഇംഗ്ലീഷിൽ സാഹിത്യത്തിൽ മാസ്റ്റർ ബിരുദവും ബി.എസ്. ഡിഗ്രിയുമുള്ള അനറ്റ് ഇപ്പോൾ ഗോവയിൽ ഇംഗ്ലീഷ് അദ്ധ്യാപികയാണ്. സോക്കർ, ബാസ്കറ്റ് ബോൾ, എന്നിവയിൽ സമർത്ഥമായ പ്രകടനം നടത്തി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. പ്രസംഗ മത്സരങ്ങളിലും സമ്മാനാർഹയായി.

## 234. ജോൺസൺ സ്കറിയ (സോണി)



കരിക്കംപള്ളി പുതുചിറയ്ക്കൽ ജോണമ്മയുടെ രണ്ടാമത്തെ മകൻ. മക്മാസ്റ്ററിൽ സയൻസ് പഠിച്ചു, ബി.എസ്.എൻ ബിരുദമെടുത്തു. അമേരിക്കയിൽ നഴ്സായി ജോലി ചെയ്യുന്നു. പഠനകാലത്ത് സോക്കർ, ബാസ്കറ്റ് ബോൾ, പ്രഭാഷണം എന്നിവയിൽ പ്രശംസനീയമായ നേട്ടങ്ങളുണ്ടാക്കി.

## 235. ജിമ്മി സ്കറിയ (ജിമ്മി)



കരിക്കംപള്ളി പുതുചിറയ്ക്കൽ ജോണമ്മയുടെ മൂന്നാമത്തെ മകൻ. കാനഡയിലെ യൂണിവേഴ്സിറ്റി ഓഫ് ലണ്ടനിൽ നിന്നു ഫിലോസഫിയിലും ചരിത്രത്തിലും ബിരുദം. മൂന്നു വർഷം നാരോഫ്ളക്സ് കമ്പനിയിൽ ജോലി ചെയ്ത ശേഷം അമേരിക്കയിലെ ബഫലോ യൂണിവേഴ്സിറ്റിയിൽ നിന്നു വിദ്യാഭ്യാസത്തിൽ ബിരുദം നേടി. ഇപ്പോൾ കാനഡയിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. സോക്കർ, ബാസ്കറ്റ്, പ്രഭാഷണം എന്നിവയിൽ അതീവ തല്പരനാണ്. പല സമ്മാനങ്ങളും നേടിയിട്ടുണ്ട്.

## 236. സുമ സ്കറിയ



കരിക്കംപള്ളി പുതുചിറയ്ക്കൽ കുഞ്ഞൂഞ്ഞിന്റെ മകൾ. ചങ്ങനാശ്ശേരിയിലെ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം എറണാകുളം സെന്റ് തെരേസാസ് കോളേജ് ചങ്ങനാശ്ശേരി എസ്.ബി. കോളേജ് എന്നിവടങ്ങളിൽ പഠിച്ച് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം ഹൈദ്രാബാദ് കേന്ദ്രസർവകലാശാലയിൽ നിന്ന് എം.ഫിൽ ബിരുദം. ഇപ്പോൾ അതേ സർവകലാശാലയിൽ ഡോക്ടർ ബിരുദത്തിന് ഗവേഷണ പഠനം നടത്തുന്നു. കുട്ടനാടൻ കാർഷിക സമ്പദ്ഘടനയാണ് ഒരു മേഖല.

## 237. അരുൾ ജോർജ്ജ് സ്കറിയ



കരിക്കംപള്ളി പുതുച്ചിറയിൽ കുഞ്ഞൂഞ്ഞിന്റെ മകൻ. ചങ്ങനാശ്ശേരിയിലെ സ്കൂൾ വിദ്യാഭ്യാസവും, എസ്.ബി. കോളേജിലെ പ്രി.ഡിഗ്രി പഠനത്തിനു ശേഷം എറണാകുളം ലോകോളേജിൽ പഞ്ചവർഷ എൽ.എൽ.ബി. കോഴ്സിനു പഠിക്കുന്നു.

## 238. ക്രിസി



കരിക്കംപള്ളി പുതുചിറയ്ക്കൽ ജയിംസ്കുട്ടിയുടേയും കുഞ്ഞമ്മയുടെയും മൂത്തപുത്രിയാണ് ക്രിസി. അമേരിക്കയിൽ ജോർജ് ടൗൺ യൂണിവേഴ്സിറ്റിയിൽ ബിരുദാനന്തര പഠനം നടത്തുന്നു.

## 239. മാർട്ടിൻ



കരിക്കംപള്ളി പുതുചിറയ്ക്കൽ ജയിംസ്കുട്ടിയുടേയും കുഞ്ഞമ്മയുടെയും ഏകമകനാണ്. അമേരിക്കയിലെ ചിക്കാഗോയിലെ നോവൽ വെസ്റ്റ് യൂണിവേഴ്സിറ്റിയിൽ ബിരുദ പഠനം നടത്തുന്നു.

## 240. ബാബുകുട്ടി



കരിക്കംപള്ളിൽ കളീക്കപറമ്പ് കുട്ടപ്പന്റെയും തെയ്യാമ്മയുടെയും മൂത്ത പുത്രനാണ് ബാബുകുട്ടി. സാങ്കേതിക വിദ്യാഭ്യാസത്തിനു ശേഷം ഗൾഫിൽ ജോലിചെയ്യുന്ന ബാബുകുട്ടിയുടെ ഭാര്യ പച്ച ചുരപ്പറമ്പിൽ കുടുംബാഗമായ കുഞ്ഞുമോളാണ്. മക്കൾ ജീന, ജിസ്.

## 240. റീത്താമ്മ



കരിക്കംപള്ളിൽ കളീക്കപറമ്പ് കുട്ടപ്പന്റെയും ത്രേസ്യാമ്മയുടെയും ഏകമകളാണ് റീത്താമ്മ. ഹൈസ്കൂൾ പഠനം കഴിഞ്ഞ് റീത്താമ്മയെ ചമ്പക്കുളം വണ്ടകത്തിൽ കുഞ്ഞുമോൻ വിവാഹം കഴിച്ചു. മകൻ ജിക്കു.

## 241. സാബു

കരിക്കംപള്ളിൽ കളീക്കപറമ്പ് കുട്ടപ്പന്റെയും ത്രേസ്യാമ്മയുടെയും രണ്ടാമത്തെ മകനാണ് സാബു. ഇൻഡ്യൻ മിലിട്ടറി സർവ്വീസിൽ ജോലിക്കാരനാണ് സാബു. എടത്വാ കുളങ്ങര കളത്തിൽചിറ കുടുംബാഗമായ റൂബിയാണ് ഭാര്യ. മകൻ 440. സുബിൻ.



## 242. സജി

കരിക്കംപള്ളിൽ കളീക്കപറമ്പ് കുട്ടപ്പന്റെയും ത്രേസ്യാമ്മയുടെയും ഇളയ മകനാണ് സജി. സൗദി അറേബ്യയായിൽ ജോലി ചെയ്യുന്ന സജി ചമ്പക്കുളം കിഴക്കും വേലിത്ര ജയമ്മയെ വിവാഹം കഴിച്ചു. സൗദിയിൽ നേഴ്സാണ് ജയമ്മ.



## 243. റവ. സി. മരീസ എസ്.എ.ബി.എസ്.

കരിക്കംപള്ളി കളീക്കപറമ്പ് കുട്ടപ്പന്റേയും ത്രേസ്യാമ്മയുടേയും ഇളയ മകളായി 1973 ഫെബ്രുവരി 9 നു ഷീലമ്മ ജനിച്ചു. 1988 ജൂൺ 2-ാം തീയതി ആരാധനാ സഭാസമൂഹത്തിൽ അംഗമായി ചേർന്നു. 1994 ഏപ്രിൽ 14 നു ആദ്യവൃതവാഗ്ദാനവും. 1998 ൽ നിത്യവൃതവാഗ്ദാനവും നടത്തി. T.T.C. പാസായ മരീസ ഫാത്തിമാപുരം B.T.K L.P.S-ൽ അദ്ധ്യാപികയാണ്. വിദ്യാഭ്യാസജീവിതത്തിന് അടിത്തറയിടുന്ന പ്രൈമറിതലത്തിൽ സി. മരീസയെപ്പോലുള്ള അദ്ധ്യാപകരുടെ ശിക്ഷണം ലഭിക്കുക ഭാഗ്യമാണ്.



## 244. ഷെർലി

കരിക്കംപള്ളി കളീക്കപറമ്പ് കറിയാച്ചന്റെയും എത്സമ്മയുടെയും മൂത്തപുത്രിയാണ് ഷെർലി. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ഷേർലിയെ കൊടുപ്പുന്ന പുല്ലാമഠം ജയിംസ് വിവാഹം ചെയ്തു. അറിയപ്പെടുന്ന രാഷ്ട്രീയ പ്രവർത്തക കൂടിയാണ് ഷേർലി. മക്കൾ 441. മുത്തു, 442. മാഗി.



> "നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല, ചീത്ത വൃക്ഷം നല്ല ഫലങ്ങളും".
>
> ലൂക്കാ: 6:43

## 245. ഡയാന

കരിക്കംപള്ളി കളീക്കപറമ്പിൽ കറിയാച്ചന്റേയും എത്സമ്മയുടേയും രണ്ടാമത്തെ മകളാണ് ഡയാന. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ തത്തംപള്ളി പീടികയിൽ പുത്തൻ വീട്ടിൽ ജോയിക്കുട്ടി വിവാഹം കഴിച്ചു ഇലക്ട്രിക്കൽ കോൺട്രാക്ടറാണ് ജോയിക്കുട്ടി. മക്കൾ.അനീറ്റാ, അലീനാ.



## 246. ബീനാക്കുട്ടി

കരിക്കംപള്ളി കളീക്കപറമ്പിൽ കറിയാച്ചന്റേയും എത്സമ്മയുടേയും മൂന്നാമത്തെ മകളാണ് ബീനാക്കുട്ടി. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ബീനാക്കുട്ടിയെ കണ്ണൂർ കൊല്ലംകുളം ബൈസപ്പൻ വിവാഹം കഴിച്ചു. മകൻ. പൊന്നുക്കുട്ടൻ.



## 247. ഷൈനിക്കുട്ടി

കരിക്കംപള്ളി കളീക്കപറമ്പിൽ കറിയാച്ചന്റേയും എത്സമ്മയുടേയും നാലാമത്തെ മകളാണ് ഷൈനിക്കുട്ടി. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ഷൈനിക്കുട്ടിയെ അച്ചുഭവനത്തിൽ ബാബു വിവാഹംകഴിച്ചു. മക്കൾ. അനുക്കുട്ടി, അച്ചു.



## 248. ജൂലി

കരിക്കംപള്ളി കറിയാച്ചന്റേയും എത്സമ്മയുടേയും ഇളയമകളാണ് ജൂലി. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ജൂലിയെ മുട്ടം പത്തനംതിട്ട സുനിൽ ഭവനത്തിൽ സുനിൽ വിവാഹം കഴിച്ചു. ദുബായിൽ ജോലിക്കാരനാണ് സുനിൽ.



## 249. ജോസ്



കരിക്കംപള്ളി കളീക്കപറമ്പിൽ കറിയാച്ചന്റേയും എത്സമ്മയുടേയും മൂത്തമകനാണ് ജോസ്. കോളേജ് വിദ്യാഭ്യാസത്തിനുശേഷം എക്സ്റേ, സിറ്റി സ്കാൻ എന്നിവയിൽ ഡിപ്ലോമാ നേടിയ വ്യക്തിയാണ് ജോസ്.

## 250 എഡ്വിൻ



കരിക്കംപള്ളി കളീക്കപറമ്പിൽ കറിയാച്ചന്റേയും എത്സമ്മയുടേയും ഇളയമകനാണ് എഡ്വിൻ കോളേജ് വിദ്യാഭ്യാസത്തിനു ശേഷം മാവേലിക്കര സ്വാതി തിരുനാൾ സംഗീതകോളേജിൽ നിന്നും ഗാനഭൂഷണം പാസായ എഡ്വിൻ ഇപ്പോൾ ബി.പി.എ 3-ാം വർഷം വിദ്യാർത്ഥിയാണ്.

## 251. കുഞ്ഞുമോൻ

കളീക്കപറമ്പ് കുഞ്ഞമ്മയുടേയും കുഞ്ഞൂട്ടിയുടേയും



മൂത്ത മകനാണ് കുഞ്ഞുമോൻ കോളേജ് വിദ്യാഭ്യാസത്തിനു ശേഷംഇന്ഡ്യൻ ആർമിയിൽ ജോലി സ്വീകരിച്ച കുഞ്ഞുമോൻ ഫിസിക്കൽ എഡ്യൂക്കേഷൻ ഓഫീസറായി ദീർഘകാലം സേവനമനുഷ്ഠിച്ചു. സർവ്വീസിൽ നിന്നും വിരമിച്ച കുഞ്ഞുമോൻ ഡൽഹിയിൽ ബിസിനസ്സ് നടത്തി വരുന്നു. പായിപ്പാട് കുഴിമണ്ണിൽ തെങ്ങുപള്ളിയിൽ ലൈസാമ്മയാണ് ഭാര്യ. എം.കോം ബിരുദധാരിയായ ലൈസാമ്മ കമ്പനിയിൽ ജോലി ചെയ്യുന്നു. ഇരുവരും കുടുംബ സമേതം ഡൽഹിയിൽ താമസിക്കുന്നു. മക്കൾ ലിഡ, ഡാനി.

## 252 സണ്ണി

കളീക്കപറമ്പ് കുഞ്ഞമ്മയുടേയും കുഞ്ഞൂട്ടിയുടേയും



രണ്ടാമത്തെ പുത്രനാണ് സണ്ണി. സാങ്കേതിക വിദ്യാഭ്യാസത്തിനു ശേഷം 10 വർഷം ഗൾഫിൽ ജോലി നോക്കിയ സണ്ണി തിരികെ വന്നു കൃഷി കാര്യങ്ങളുമായി കഴിയുന്നു. കുറുമ്പനാടം കുന്നുംപുറം വത്സമ്മയാണ് ഭാര്യ. ഫിസിക്കൽ എഡ്യൂക്കേഷനിൽ ബിരുദം നേടിയ വത്സമ്മ തിരുവല്ല എം.ജി.എം. ഹൈസ്കൂളിലെ അദ്ധ്യാപികയാണ്. മക്കൾ: ജോയൽ. ജൂലിയ, ജോവൻ

## 253. റാണി

കളീക്കപ്പറമ്പ് കുഞ്ഞമ്മയുടേയും, കൂഞ്ഞൂട്ടിയുടേയും



മൂത്ത പുത്രിയാണ് റാണി. ബിരുദപഠനത്തിനു ശേഷം ലാബ് ടെക്നീഷ്യൻ കോഴ്സ് പാസായി. പുനലൂർ മുളവില ജോണിയാണ് ഭർത്താവ്. രണ്ടുപേരും മസ്കറ്റിൽ ജോലി ചെയ്യുന്നു. മക്കൾ ജോനാഥ്, ക്രിസ്റ്റി.

> "സഹോദരർഏകമനസ്സായി ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ഠവും സന്തോഷപ്രദവുമാണ്".
>
> സങ്കീ: 133:1

## 254. റവ. സി. കുസുമം

കളീപക്കപറമ്പ് കുഞ്ഞമ്മയുടേയും കുഞ്ഞൂട്ടിയുടേയും



രണ്ടാമകത്തെ പുത്രിയായ് ജനിച്ച കുസുമം പി.ഡി.സി പാസ്സായശേഷം 19.82ൽ സെന്റ് അഗസ്റ്റ്യൻ സന്യാസിസമൂഹത്തിൽ അംഗമായി ചേർന്നു. 1986 ൽ ആദ്യവ്യത വാഗ്ദാനവും 199 നിത്യവ്യതവാഗ്ദാനവും നടത്തി. ബാഗ്ലൂരിൽ നിന്നും തിയോളജിൽ ഫസ്റ്റ് റാങ്കോടു കൂടി പാസാകാൻ കഴിഞ്ഞ കുസുമം ഉപരിപഠനത്തിനായി ബൽജിയത്താണ്. 2 വർഷം ജർമ്മനിയിലും സേവനം ചെയ്തിരുന്നു സി.കുസുമം.

## 255. റവ. സി. സൂന (കുമാരി)

കളീക്കപറമ്പ് കുഞ്ഞമ്മയുടേയും കുഞ്ഞൂട്ടിയുടേയും



മൂന്നാമത്തെ പുത്രിയാണ് കുമാരി. 1965 ൽ ജനിച്ച കുമാരി പി.ഡി.സി പാസ്സായ ശേഷം 1982 ൽ കർമ്മലീത്ത സന്യാസിനി സഭാംഗമായി ചേർന്നു. 1989 ൽ ആദ്യവ്യത വാഗ്ദാനവും 1993 ൽ നിത്യവ്യത വാഗ്ദാനവും നടത്തി. ആഗ്രായിൽ നിന്നും ഹിന്ദിയിൽ അദ്ധ്യാപികബിരുദം കരസ്ഥമാക്കിയ സി. സൂന കുറച്ചുകാലം സെന്റ്പോൾസ് കോൺവെന്റ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്നു. ഇപ്പോൾ കാർമ്മലീത്ത സഭയുടെ ഉജ്ജയിനിൽ ജോലി ചെയ്യുന്നു.

## 256. പ്രകാശ്

കളീക്കപറമ്പ് കുഞ്ഞമ്മയുടേയും കുഞ്ഞൂട്ടിയുടേയും



മൂന്നാമത്തെ പുത്രനാണ് പ്രകാശ് പി.ഡി.സി പഠനത്തിനുശേഷം ബിസിനസ് നടത്തുന്നു പായിപ്പാട് കുഴിമണ്ണിൽ തെക്കേൽ മെറീനയാണ് ഭാര്യ മകൾ. പൂജ

## 257. താര

കളീക്കപറമ്പ് കുഞ്ഞമ്മയുടേയും കുഞ്ഞൂട്ടിയുടേയും



നാലാമത്തെ പുത്രിയാണ് താര ആർട്ടിസിൽ ബിരുദവും കമ്പ്യൂട്ടറിൽ ഡിപ്ലോമയും നേടിയിട്ടുള്ള താരയെ മല്ലപള്ളി ആനിക്കാട് പുതുപ്പറമ്പിൽ സജി വിവാഹം കഴിച്ചു. സിവിൽ എൻജീനിയറിംഗ് പാസായ സജി എറണാകുളത്ത് സ്വന്തമായി ബിസ്നസ്സ് നടത്തി വരുന്നു. മക്കൾ യോഹൻ, ക്രിസ്റ്റീന

> "വിശ്വാസം എന്നത് പ്രത്യാശ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്".
>
> ഹെബ്രാ: 11:1

## 258. പ്രദീപ്

കളീക്കപറമ്പ് കുഞ്ഞമ്മയുടേയും കൂഞ്ഞൂട്ടിയുടേയും



നാലാമത്തെ പുത്രനാണ് പ്രതീപ്. ലിറ്ററേച്ചിൽ ബിരുദവും കമ്പ്യൂട്ടറിൽ ഡിപ്ലോമോയും നേടിയിട്ടുള്ള പ്രതീപ് ഉത്തരപ്രദേശിൽ എൻ.റ്റി. പി.സി യുടെ സ്കൂളിലെ അദ്ധ്യാപകനാണ്. മാമ്മൂട് പനക്കേഴം റാണിയാണ് ഭാര്യ. ഹൈദ്രബാദ്. യു.എം.സി.സി ആശുപത്രി നേഴ്സാണ് റാണി.

## 259. ലൈസാമ്മ

കരിക്കംപള്ളിൽ കളീക്കപറമ്പ് ചിന്നമ്മയുടെയും



തെക്കേടത്ത് പാപ്പൂട്ടിയുടെ മൂത്ത മകളാണ് ലൈസാമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ലൈസാമ്മയെ തൃക്കിടിത്താനം —— വീട്ടിൽ ജോസുകുട്ടി വിവാഹം ചെയ്തു. ജോസുകുട്ടി ടെക്സ്റ്റൈൽ ബിസിനസ് നടത്തുന്നു. മക്കൾ സ്റ്റെഫി, സ്റ്റിജോ.

## 260. കൊച്ചുമോൻ

കരിക്കംപള്ളിൽ കളീക്കപറമ്പ് ചിന്നമ്മയുടെയും തെക്കേടത്ത് പാപ്പൂട്ടിയുടെ മൂത്ത മകനാണ് കൊച്ചു



മോൻ. സാങ്കേതിക പഠനത്തിനു ശേഷം ഖത്തറിൽ ജോലി ചെയ്യുന്നു. കുറിച്ചി ---വീട്ടിൽ കുടുംബാംഗമായ ലിസിയാണ് ഭാര്യ. ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസായ ലിസി അദ്ധ്യാപികയാണ്. മക്കൾ ഡറിക്, ഡേവിഡ്.

## 261. റിനി

കരിക്കംപള്ളിൽ കളീക്കപറമ്പ് പാപ്പച്ചന്റെയും അന്ന



മ്മയുടെയും മൂത്ത മകളാണ് റിനി. ബി. എസ്സി നേഴ്സിംഗ് പാസായ റിനിയെ ഗോവയിലെ അശോക് പയസ് ഡിക്കോസ്റ്റ വിവാഹം കഴിച്ചു. ഇരുവരും ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു. മക്കൾ സുസ്മിത, സാധന, ശ്യാമിലി

> "നിങ്ങൾ വചനം കേൾക്കുമാത്രം ചെയ്യുന്ന ആത്മ വഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ".
>
> യാക്കോ: 1:22

## 262. കൊച്ചുറാണി

കരിക്കംപള്ളിൽ കളീക്കപറമ്പ് പാപ്പച്ചന്റെയും അന്ന



മ്മയുടെയും രണ്ടാമത്തെ മകളാണ് കൊച്ചുറാണി. കോളേജ് പഠനത്തിനു ശേഷം കൊച്ചുറാണിയെ തത്തംപള്ളി താന്നിക്കാട് മോനിച്ചൻ വിവാഹം ചെയ്തു. മോനിച്ചൻ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് നടത്തിവരുന്നു. മകൻ അമൽ.

## 263. റോയി

കരിക്കംപള്ളിൽ കളീക്കപറമ്പ് പാപ്പച്ചന്റെയും അന്ന



മ്മയുടെയും മൂത്തമകനാണ് റോയി. സാങ്കേതിക പഠനത്തിനു ശേഷം കുവൈറ്റിൽ ജോലിചെയ്യുന്നു. കുടമാളൂർ കാവിൽ ബിനുവാണ് ഭാര്യ. കുവൈറ്റിൽ നേഴ്സാണ് ബിനു.

## 264. ജസമ്മ

കരിക്കംപള്ളിൽ കളീക്കപറമ്പ് പാപ്പച്ചന്റെയും അന്നമ്മയുടെയും ഇളയ മകളാണ് ജസമ്മ. പാരാമെഡിക്കൽ



കോഴ്സ് പൂർത്തിയാക്കിയ ജസമ്മ കുറച്ചുനാൾ ഷാർജയിൽ ജോലിചെയ്തു. ഇപ്പോൾ അമ്പലപ്പുഴ സെന്റ് ഉൗർസുല ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. തൃക്കൊടിത്താനം മധുപ്പുറം സിറിയക്കാണ് ഭർത്താവ്. സിറിയക് ഷാർജയിൽ ജോലി ചെയ്യുന്നു.

## 265. റോണി



കരിക്കംപള്ളിൽ കളീക്കപറമ്പ് പാപ്പച്ചന്റെയും അന്നമ്മയുടെയും ഇളയ മകനാണ് റോണി. എം. ബി. എയ്ക്ക് ശേഷം ഇപ്പോൾ പോപ്പുലർ മോട്ടോഴ്സിൽ ജോലി ചെയ്യുന്നു. മികച്ച സംഘാടകനും നേതൃത്വപാടവുമുള്ള റോണി സാമൂഹിക പ്രവർത്തന രംഗത്തും സജീവമായി പ്രവർത്തിക്കുന്നു.

## 266. ബിനുമോൻ



കരിക്കംപള്ളിൽ കളീക്കപറമ്പ് ബേബിച്ചന്റെയും തങ്കമ്മയുടെയും മൂത്തപുത്രനാണ് ബിനുമോൻ. ദുബായിൽ ജോലിയുള്ള ബിനുമോന്റെ ഭാര്യ ------കുടുംബാംഗമായ ----- ആണ്.

## 267. ഡേവിഡ്



കരിക്കംപള്ളിൽ കളീക്കപറമ്പ് ബേബിച്ചന്റെയും തങ്കമ്മയുടെയും രണ്ടാമത്തെ പുത്രനാണ് ഡേവിഡ്. ബാംഗ്ലൂരിൽ ജേർണലിസം കോഴ്സിന് പഠിക്കുന്നു.

## 268. എസ്തേർ



കരിക്കംപള്ളിൽ കളീക്കപറമ്പ് ബേബിച്ചന്റെയും തങ്കമ്മയുടെയും ഇളയ മകളാണ് എസ്തേർ. ദുബായിൽ ഹൈസ്കൂളിൽ പഠിക്കുന്നു.

## 269. ടെൽമ്മ



കരിക്കംപള്ളിൽ കളീക്കപറമ്പ് ടോമിച്ചന്റെയും ഏലിയാമ്മയുടെയും മൂത്ത മകളാണ് ടെൽമ. എം. ടെക് ബിരുദധാരിയാണ് ടെൽമ. അരുണാചൽ പ്രദേശിൽ ജോലി ചെയ്യുന്നു.

## 270. ടെസ്സി



കരിക്കംപള്ളിൽ കളീക്കപ്പറമ്പ് ടോമിച്ചന്റെയും ഏലിയാമ്മയുടെയും രണ്ടാമത്തെ പുത്രിയാണ് ടെസ്സി. +2വിൽ പഠിക്കുന്നു.

## 271. തങ്കച്ചൻ

മാന്നാനത്ത് പഴയകരിയിൽ പാപ്പച്ചന്റെയും മണലിൽ ത്രേസ്യാമ്മയുടെയും മൂത്തപുത്രനാണ് തങ്കച്ചൻ. എം. എ. ബി. എഡ്. പാസായ തങ്കച്ചൻ ഐക്കരച്ചിറ സ്കൂളിലെ അദ്ധ്യാപകനാണ്. കുടുംബാഗമായ മിനി എം. എസ്സി. ബി. എഡ്. ആണ് ഭാര്യ. മകൻ നിഖിൽ.

> "ദരിദ്രരോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും".
>
> സങ്കീ: 41:1

## 272. ജസ്സി

മാന്നാനത്ത് പഴയകരിയിൽ പാപ്പച്ചന്റെയും മണലിൽ ത്രേസ്യാമ്മയുടെയും മൂത്ത പുത്രിയാണ് ജസ്സി. അദ്ധ്യാപനത്തിൽ ബിരുദം നേടിയ ജസ്സിയെ പാറമ്പുഴ കല്ലേപ്പള്ളി ജോൺസൺ വിവാഹം ചെയ്തു. മക്കൾ ജിമലു, അമലു.

## 273. ജോൺസൺ



ഓവേലിൽ അപ്പച്ചന്റെയും ഒറോമ്മയുടെയും മൂത്ത പുത്രനാണ് ജോൺസൺ. സാങ്കേതി പഠനം പൂർത്തിയാക്കിയ ജോൺസൺ ഇലക്ട്രിക്കൽ കോൺട്രാക്ടറാണ്. ചെക്കിടിക്കാട് വല്ലിശ്ശേരിൽ സാലിമ്മയാണ് ഭാര്യ. മക്കൾ ജിതിൻ, ജിബിൻ.

## 274. ജോളി

ഓവേലിൽ അപ്പച്ചന്റെയും മണലിൽ ഒറോമ്മയുടെയും രണ്ടാമത്തെ പുത്രനാണ് ജോളി. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ജോളി സൗദി അറേബ്യയായിൽ ജോലി ചെയ്യുന്നു. പായിപ്പാട്ട് തുണ്ടിയിൽ മേഴ്സിയാണ് ഭാര്യ. മക്കൾ ജിനു, ജിജു.

## 275. ജോജൻ



ഓവേലിൽ അപ്പച്ചന്റെയും മണലിൽ ഒറോമ്മയുടെയും മൂന്നാമത്തെ പുത്രനാണ് ജോജൻ. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ബറോഡയിൽ ഹോട്ടൽ ബിസിനസ്സ് നടത്തി വരുന്നു ജോജൻ. കുരിശുംമൂട് കൊച്ചിത്ര ജയയാണ് ഭാര്യ. മകൻ ജോയൽ.

## 276. ജോഷി



ഓവേലിൽ അപ്പച്ചന്റെയും മണലിൽ ഒറോമ്മയുടെയും നാലാമത്തെ പുത്രനാണ് ജോഷി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോഷി ചങ്ങനാശ്ശേരി സെന്റ് ജോസഫ ബുക്ക്സ്റ്റാളിലെ ജീവനക്കാരനാണ്. മടുക്കുംമൂട് മണമയിൽ വിൻസിയാണ് ഭാര്യ. മക്കൾ മെറിൻ, മെർളിൻ, മെൽവിൻ.

## 277. ജോർസി

ചെങ്ങാലിക്കുടിയിൽ കുട്ടപ്പന്റെയും മണലിൽ മറിയാമ്മയുടെയും മൂത്ത പുത്രനാണ് ജോർസി. കോതമംഗലം അത്താനേഷ്യസ് എൻജിനിയറിംഗ് കോളേജിൽ നിന്നും ബി.ടെക്. ബിരുദം നേടിയ ജോർസി എരുമേലിൽ അറയ്ക്കൽ ബ്രൈറ്റിയെ വിവാഹം കഴിച്ചു. മകൻ ജോബിൻ.



## 278. റെസ്സി

ചെങ്ങാലിക്കുടിയിൽ കുട്ടപ്പന്റെയും മണലിൽ മറിയാമ്മയുടെയും മൂത്ത പുത്രിയാണ് റെസ്സി. ബിരുദവും സഹകരണത്തിൽ ഡിപ്ലോമയും നേടിയ ടെസ്സിയെ പെരുമ്പനച്ചി പുല്ലുകാട് റ്റോമിച്ചൻ വിവാഹം കഴിച്ചു. മക്കൾ പൊന്നി, മുത്തു.



## 279. മോൻസി

മണലിൽ ജോസുകുട്ടിയുടെയും അമ്മിണിയുടെയും മൂത്ത പുത്രനാണ് മോൻസി. കൊമേഴ്സ് ബിരുദധാരിയായ മോൻസി ബറോഡയിൽ ജോലി ചെയ്യുന്നു. പത്തിച്ചിറകുടുംബാഗം കുഞ്ഞുമോളാണ് ഭാര്യ. മക്കൾ മാർട്ടിൻ, അപ്പു.



## 280. സാബു

മണലിൽ ജോസുകുട്ടുയുടെയും അമ്മിണിയുടെയും രണ്ടാമത്തെ പുത്രനാണ് സാബു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം ബറോഡയിൽ കമ്പനിയിൽ ജോലി ചെയ്യുന്നു. പൗളിനാണ് ഭാര്യ. മകൻ അലൻ.



## 281. സുജ

മണലിൽ ജോസുകുട്ടുയുടെയും അമ്മിണിയുടെയും മൂത്തപുത്രിയാണ് സുജ. എം. എ. ബി. എഡ്. പാസായ സുജ സെന്റ് അലോഷ്യസ് സ്കൂളിലെ അദ്ധ്യാപികയാണ്. അരുവിത്തറ വല്യവീട്ടിൽ ബിനോയി വിവാഹം കഴിച്ചു. അദ്ധ്യാപകനാണ് ബിനോയി. മക്കൾ അലീന.



## 282. ബ്രദർ സാജു



മണലിൽ ജോസുകുട്ടിയുടെയും അമ്മിണിയുടെയും മൂന്നാമത്തെ മകനാണ് സാജു. ബിരുദധാരിയായ സാജു റോമിൽ ഉപരിപഠനം നടത്തിവരുന്നു. വിയന്നായിലെ ഫ്രാൻസിസ്കൻ കോൺഗ്രിഗേഷനിൽ വൈദീക വിദ്യാർത്ഥിയാണ്.

## 283. സുനിൽ

മണലിൽ ജോർജ്ജ്കുട്ടിയുടെയും വത്സമ്മയുടെയും മൂത്ത പുത്രനാണ് സുനിൽ. കൊമേഴ്സ് ബിരിദധാരിയായ സുനിൽ കോ: ഓപ്പറേറ്റിവ് ബാങ്കിൽ ഉദ്യോഗസ്ഥനാണ്. നടയ്ക്കപ്പാടം മാമൂട്ടിൽ കുടുംബാഗമായ ഡാർളിയാണ് ഭാര്യ. ഹൈസ്കൂൾ അദ്ധ്യാപികയാണ് ഡാർളി. മകൻ അമൽ.



## 284. സുരേഷ്

മണലിൽ ജോർജ്ജുകുട്ടിയുടെയും വത്സമ്മയുടെയും രണ്ടാമത്തെ പുത്രനാണ് സുരേഷ്. ബിരുദപഠനം പൂർത്തിയാക്കിയ സുരേഷ് പോസ്റ്റ് ഓഫീസിൽ ജോലി ചെയ്യുന്നു. താഴത്തു വടകര വടക്കേപ്പുറത്ത് കുടുംബാഗമായ ബീനയാണ് ഭാര്യ. അതിരമ്പുഴ സെന്റ് അലോഷ്യസ് ഹയർസെക്കണ്ടറി സ്കൂളിലെ അദ്യാപികയാണ് ബീന. മകൾ ഐറിൻ.



## 285. സുനീഷ്



മണലിൽ ജോർജ്ജ്കുട്ടിയുടെയും വത്സമ്മയുടെയും ഇളയ പുത്രൻ സുനീഷ്. ചങ്ങനാശ്ശേരി യുവദീപ്തി കോളേജിൽ ബികോം വിദ്യാർത്ഥിയാണ് സുനീഷ്.

## 286. റ്റോം



പുളിംകുന്ന് ചെപ്പില ജോയിച്ചന്റെയും മണലിൽ അന്നമ്മയുടെയും മൂത്തപുത്രനാണ് റ്റോം. കൊമേഴ്സിൽ മാസ്റ്റർ ബിരുദം നേടിയ റ്റോം കൊഡാക്ക് ഇൻഷറൻസ് കമ്പനിയിൽ ഉദ്യോഗസ്ഥനാണ്. ബറോഡയിൽ ജോലിചെയ്യുന്നു.

## 287. സി. റ്റൈനി



പുളിംങ്കുന്ന് ചേപ്പില ജോയിച്ചന്റെയും മണലിൽ അന്നമ്മയുടെയും മൂത്തമകളാണ് റ്റൈനി. ഗുജറാത്തിലെ അങ്കലേശ്വറിൽ സേവനം ചെയ്യുന്നു.

## 288. റ്റോണി



പുളിംങ്കുന്ന് ചേപ്പില ജോയിച്ചന്റെയും മണലിൽ അന്നമ്മയുടെയും ഇളയ പുത്രനാണ് റ്റോണി. ഇപ്പോൾ എം.എയ്ക്ക് പഠിക്കുന്നു

## 289. മെറിൻ



മണലിൽ മാത്തുക്കുട്ടിയുടെയും തങ്കമ്മയുടെയും മൂത്തമകളാണ് മെറിൻ. മാന്നാനം കെ. ഇ. കോളേജിൽ എം. എസ്സി വിദ്യാർത്ഥിനിയാണ് മെറിൻ.

## 290. ആൽവിൻ



മണലിൽ മാത്തുക്കുട്ടിയുടെയും തങ്കമ്മയുടെയും ഇളയ മകളാണ് ആൽബവിൻ. മംഗലാപുരം ഫാ. മുള്ളർ നേഴ്സിംഗ് കോളജിലെ വിദ്യാർത്ഥിനിയാണ് ആൽവിൻ.

## 291 രാജേഷ്

കരിക്കംപള്ളിൽ പുഷ്പമംഗലം ലിസമ്മയുടെയും കുറുമ്പനാടം വാറ്റുപറമ്പിൽ കുഞ്ഞിന്റെയും മൂത്തമകൻ രാജേഷ്, റവന്യൂ വകുപ്പിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ അതിരമ്പുഴ കൊല്ലപ്പള്ളിൽ ഷിൻസി ഉഴവൂർ സെന്റ് സ്റ്റീഫൻ H.S.S. അദ്ധ്യാപികയാണ്



## 292 സുരേഷ്



കരിക്കംപള്ളിൽ പുഷ്പമംഗലം ലിസമ്മയുടെയും വാറ്റുപറമ്പിൽ കുഞ്ഞിന്റെയും രണ്ടാമത്തെ മകൻ സുരേഷ് റവന്യു വകുപ്പിൽ ഉദ്യോഗസ്ഥനാണ്.

## 293. അജിത്ത്

കരിക്കംപള്ളിൽ പുഷ്പമംഗലം ഗ്രേസമ്മയുടെയും അതിരമ്പുഴ ഒഴുകയിൽ തോമാച്ചന്റെയും മൂത്തപുത്രൻ അജിത്ത് കോഴിക്കോട് REC യിൽ നിന്നും B.Tech പാസായശേഷം അമേരിക്കയിൽ BITS ൽ നിന്നും MS ബിരുദം നേടി, മാരികോ ഇൻഡസ്ട്രിയിൽ മാനേജരായി സേവനം അനുഷ്ഠിക്കുന്നു. ചാലക്കുടി അരീക്കാടൻ കുടുംബാംഗമായ ഷീൻ ആണ് ഭാര്യ. ഷെങ്കർ ഇന്ത്യ പ്രൈ. ലിമിറ്റഡ് ഡൽഹിയിലെ ജോലിക്കാരിയാണ് എം.ബി.എക്കാരിയായ ഷീൻ.



## 294. ഡോ. അനൂപ് തോമസ് എം.എസ്.



കരിക്കംപള്ളിൽ പുഷ്പമംഗലം ഗ്രേസമ്മയുടെയും ഒഴുകയിൽ തോമ്മാച്ചന്റെയും രണ്ടാമത്തെ പുത്രൻ അനൂപ് കോട്ടയം MCH ൽ വൈദ്യശാസ്ത്രത്തിൽ ബിരുദം നേടി. ഇപ്പോൾ മധുര മെഡിക്കൽ കോളേജിൽ M.S. വിദ്യാർത്ഥിയാണ്.

## 295 രഞ്ജിത്ത്



കരിക്കംപള്ളിൽ പുഷ്പമംഗലം അപ്പച്ചന്റെയും ക്ലാരമ്മയുടെയും മൂത്തമകൻ രഞ്ജിത്ത്. തിരുവനന്തപുരം CE 7 യിൽ നിന്നും സാങ്കേതിക ശാസ്ത്രത്തിൽ ബിരുദം നേടിയശേഷം അമേരിക്കയിലെ വിർജിനിയ യൂണിവേഴ്സിറ്റിയിൽ നിന്നും M.S. ബിരുദം നേടി. ഇപ്പോൾ സിസ്റ്റം അനലിസ്റ്റായി വാൻഗാർഡ്, ഫിലാഡൽഫിയായിൽ ജോലി നോക്കുന്നു.

## 296 എബി



ടെയും ഇളയ മകനാണ് സിബിച്ചൻ. ബി.കോം. എച്ച്.ഡി.സി. പാസായ സിബിച്ചൻ ചെക്കിടിക്കാട് അപ്കോസ് സെക്രട്ടറിയായി. പച്ച കോലത്തുപുരയ്ക്കൽ ജസിന്തയെ വിവാഹം ചെയ്തു. അമേരിക്കയിൽ നേഴ്സാണ് ജസിന്ത. സിബിച്ചനും കുറച്ചുനാൾ ഗൾഫിൽ ജോലി ചെയ്തിരുന്നു. മകൻ സാവിയോ.

## 135. ദേവസ്യാച്ചൻ

തൊള്ളായിരത്തിൽ മറിയക്കുട്ടിയുടെയും കളരിക്കൽ



കുര്യന്റെയും മകനാണ് ദേവസ്യാച്ചൻ. സിവിൽ എൻജിനിയറിംഗ് ഡിപ്ലോമ നേടിയ ദേവസ്യാച്ചൻ കേരളാ പൊതുമരാമത്തു വകുപ്പിൽ സൂപ്രണ്ടായി ജോലിയിൽ പ്രവേശിച്ചു. ഡപ്യൂട്ടേഷനിൽ ഇൻഡ്യ. ചൈന അതിർത്തിയിലെ കാരക്കോറം ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സഹകരിച്ചു.പൊതുമരാമത്ത് വകുപ്പിൽ കൊട്ടാരക്കര, ചവറ, തിരുവല്ല എന്നിവിടങ്ങളിൽ ജോലി ചെയ്തു. കുന്നംത്താനത്തുനിന്നും സീനിയർ സൂപ്രണ്ടായി വിരമിച്ചു. ചങ്ങനാശ്ശേരി നെടിയകാലാപ്പറമ്പ് ലില്ലിക്കുട്ടിയാണ് ഭാര്യ. 1999 ഫെബ്രുവരി

26 നു ദേവസ്യാച്ചൻ നിത്യനിദ്രയിലായി. മക്കൾ സിമ്മി, സിഡ്ഡു, സിസ്സി, സ്മിത.

### 136. സി.ബോർജ്ജിയ എസ്.എ.ബി.എസ്. (വത്സമ്മ)



തൊള്ളായിരത്തിൽ മറിയക്കുട്ടിയുടെയും കളരിക്കൽ കുര്യന്റെയും ഏകമകളാണ് വത്സമ്മ 1938 ജനുവരി 24 നു ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം റ്റി.റ്റി.സി പാസായി ചങ്ങനാശ്ശേരി കോപ്പറേറ്റ് മാനേജ്മെന്റ് സ്കൂളിൽ അദ്ധ്യാപികയായിരിക്കെ 1960 ഒക്ടോബർ മാസം 17ാം തീയതി അർപ്പിത ജീവിതത്തിനുള്ള ഉൾവിളി ശ്രവിച്ചുകൊണ്ട് ആരാധനാ സന്യാസിനി സഭയിൽ അംഗമായി ചേർന്നു.1962 ഏപ്രിൽ മാസം 25-ാം തീയതി ആദ്യവ്രതവാഗ്ദാനവും 1966 മെയ് മാസം 24-ാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തി. ചങ്ങനാശ്ശേരി പ്രൊവിൻസിന്റെ പ്രൊക്യുറേറ്ററായിരുന്ന സിസ്റ്റർ ബോർജിയ ഓസ്ട്രേലിയായിലെ ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ ആറുവർഷക്കാലം സേവനം അനുഷ്ഠിച്ചു. തന്നെ ഏല്പിക്കുന്ന ഏത് ഉത്തരവാദിത്തവും നിറഞ്ഞ മനസ്സോടെയും സമർപ്പണമനോഭാവത്തോടെയും പൂർത്തിയാക്കുന്ന സി.ബോർജിയ ആഗ്രാമിഷനിൽ പ്രവർത്തിച്ചശേഷം ഇപ്പോൾ ചമ്പക്കുളം മഠത്തിന്റെ മദറായി സേവനമനുഷ്ഠിക്കുന്നു.

### 137. കുഞ്ഞമ്മ



തൊള്ളായിരത്തിൽ തെയ്യാമ്മയുടെയും വല്യശ്ശേരിൽ വാവച്ചന്റെയും ഏക മകളാണ് കുഞ്ഞമ്മ. മാതാവിന്റെ അകാല നിര്യാണത്തെ തുടർന്ന് തൊള്ളായിരത്തിൽ കുടുംബത്തിൽ വളർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ കുഞ്ഞമ്മയെ കേളമംഗലം പടിഞ്ഞാറേപ്പറമ്പിൽ ജോയിച്ചൻ വിവാഹം ചെയ്തു. തികഞ്ഞ സഹൃദയനും ആദിത്യമര്യാദയുള്ളവനും കുടുംബബന്ധങ്ങളിൽ തല്പരനും ഔദ്യോഗിക കാര്യങ്ങളിൽ തികഞ്ഞ കണിശക്കാരനുമായ ജോയിച്ചൻ എസ്.ബി.ടിയിൽ സീനിയർ മാനേജരായി മല്ലപ്പള്ളി ശാഖയിൽ നിന്നും വിരമിച്ചു. കേളമംഗലത്ത് താമസിക്കുന്നു. മക്കൾ. 304 രാജു, 305 കൊച്ചുറാണി, 306 ബീന, 307 സിഡ്ഡു.


Best compliments from:

**MADONA SPLINTS INDUSTRIES**

**Athirampuzha**

**Kottayam**


### 201. വത്സമ്മ



മങ്കൊമ്പു കൊട്ടാരത്തിന്റേയും വക്കമ്മയുടേയും തങ്കമ്മയുടേയും മൂത്തപുത്രിയാണ് വത്സമ്മ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ വത്സമ്മയെ നെടുംകണ്ടം പ്ലാന്തോട്ടത്തിൽ മാത്യു വിവാഹം കഴിച്ചു. കൃഷിക്കാരനാണ് മാത്യു. മക്കൾ.സജി, റ്റിൻസി.

### 202 മേരിമ്മ



കൊട്ടാരത്തിൽ വക്കമ്മയുടേയും തങ്കമ്മയുടേയും രണ്ടാമത്തെ മകളാണ് മേരിമ്മ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ മറിയാമ്മയെ നെടുംകണ്ടം പച്ചടിവാതുക്കൽ നല്ലൂർ ജോയി വിവാഹം കഴിച്ചു. മക്കൾ നിഷ, ആഷ, റിജോ

### 203. പാപ്പച്ചൻ



കൊട്ടാരത്തിൽ വക്കമ്മയുടേയും തങ്കമമയുടേയും മൂത്തപുത്രനാണ് പാപ്പച്ചൻ. ഹൈസ്കൂൾ പഠനത്തിനുശേഷം ഗൾഫിൽ ഒരു കമ്പിനിയിൽ ജോലി ചെയ്യുന്നു പാപ്പച്ചൻ. നെടുകണ്ടം മുക്കാട്ടുതറ കുടുംബാംഗമായ ജാൻസിയാണ് ഭാര്യ. മക്കൾ റോമൽ.

### 204 ആനിമ്മ



കൊട്ടാരത്തിൽ വക്കമ്മയുടേയും തങ്കമ്മയുടേയും മൂന്നാമത്തെ പുത്രിയാണ് ആനിമ്മ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ആനിമ്മയെ കോതമംഗലത്ത് തട്ടേക്കടവിൽ പുളിച്ചമാക്കിൽ അഗസ്റ്റിൻ വിവാഹം ചെയ്തു. മക്കൾ ചിന്നു, ഉണ്ണി.

"ഹൃദയാനന്ദം ഒരവന്റെ ജീവനും സന്തോഷം അവന്റെ ആയുസ്സും ആണ്"

പ്രഭ. 30:22

## 205. തോമസുകുട്ടി



കൊട്ടാരത്തിൽ വക്കമ്മയുടേയും തങ്കമ്മയുടേയും രണ്ടാമത്തെ പുത്രനാണ് തോമസുകുട്ടി. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ തോമസുകുട്ടി മധുരയിൽ ബിസിനസ്സ് നടത്തി വരുന്നു. ആൻസിയാണ് ഭാര്യ. മക്കൾ എബി, ബിബി.

## 206. സാബു



കൊട്ടാരത്തിൽ കുറിയാക്കോച്ചന്റേയും ആഗസിന്റേയും മൂത്ത പുത്രനാണ് സാബു. എം. എ. ബി.എഡ് പാസ്സായ സാബു പി.എസ്. സിയിൽ സീനിയർ അസിസ്റ്റന്റാണ് ഇരട്ടയാർ അടിച്ചിലാക്കൽ കുടുംബാംഗമായ സിനിയാണ് ഭാര്യ. കുമളി ഗവ. സ്കൂളിൽ അദ്ധ്യാപികയാണ് സിനി. മകൻ അസോൺ.

## 207. മിനു



കൊട്ടാരത്തിൽ കുറിയാക്കോച്ചന്റേയും ആഗസിന്റേയും രണ്ടാമത്തെ പുത്രനാണ് മിനു. എം.എസി. ബിഎഡ് പാസായ മിനു ഐ. എച്ച്. ആർ. ഡി. യിൽ പ്രസൻസിപ്പലായി സേവനം അനുഷ്ഠിക്കുന്നു. ഭാര്യ ഹോമിലി എം. ബോബി പൊൻകന്നം വെള്ളാപ്പള്ളി കുടുബാംഗമാണ്..

## 208. ബിജു



കൊട്ടാരത്തിൽ കുറിയാക്കോച്ചന്റേയും ആഗസിന്റേയും മൂന്നാമത്തെ പുത്രനാണ് ബിജു. പ്രിന്റിംഗ് ടെക്നോളജിയിൽ ഡിപ്ലോമാ നേടിയ ബിജു എറണാകുളത്ത് കമ്പനിയിൽ ജോലിചെയ്യുന്നു.

## 209. ബ്ലസി



കൊട്ടരത്തിൽ കുറിയാക്കോച്ചന്റേയും ആഗസിന്റേയും ഏകപുത്രിയാണ് ബ്ലസി. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപികയാണ്. പാലാ- മുത്തോലി നെല്ലികുന്നേൽ സാജുവാണ് ഭർത്താവ്.. മകൻ ആൽഫിൻ.

## 210 ജോസുകുട്ടി



കൊട്ടാരത്തിൽ കുറിയാക്കോച്ചന്റേയും ആഗസിന്റേയും ഇളയമകനാണ് ജോസുകുട്ടി. കംപ്യൂട്ടർ എൻജിനിയറിംഗിൽ ബിടെക് പാസായ ജോസുകുട്ടി എറണാകുളത്ത് സോഫ്റ്റ് വെയർ കൺസൾട്ടന്റാണ്.

## 211. ജോളി



കൊട്ടാരത്തിൽ തോമാച്ചന്റെയും ഈത്തമ്മയുടെയും മൂത്തപുത്രിയാണ് ജോളി. ലബോറട്ടറി ടെക്നീഷ്യൻ പാസ്സായ ജോളി സൂറ്റിൽ ജോലി ചെയ്യുന്നു. ആലപ്പുഴ പൂങ്കാവ് വെളിമ്പറമ്പിൽ കുടുംബാംഗമായ സിബിയാണ് ഭർത്താവ്.

## 212. ജോജി



കൊട്ടാരത്തിൽ തോമാച്ചന്റെയും ഈത്തമ്മയുടെയും മൂത്ത പുത്രനാണ് ജോജി. ബി.കോം പാസ്സായി. ജെംഷഡ്പൂരിൽ സീനിയർ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു.

## 213. ജെസ്സി



കൊട്ടാരത്തിൽ തോമാച്ചന്റെയും ഈത്തമ്മയുടെയും രണ്ടാമത്തെ പുത്രി ജെസി. ലാബ് ടെക്കനീഷ്യൻ പാസ്സായി.

## 214. ജാൻസി



കൊട്ടാരത്തിൽ തോമാച്ചന്റെയും ഈത്തമ്മയുടെയും മൂന്നാമത്തെ പുത്രി ജാൻസി നേഴ്സിംഗിന് പഠിക്കുന്നു.

## 215. ജോബി



കൊട്ടാരത്തിൽ തോമാച്ചന്റെയും ഈത്തമ്മയുടെയും രണ്ടാമത്തെ പുത്രൻ കോളേജിൽ പഠിക്കുന്നു.

## 216. ഹാപ്പി

ജോണച്ചന്റെ മൂത്തപുത്രൻ ഹാപ്പി മിലിട്ടറിയിൽ



സേവനം അനുഷ്ഠിക്കുന്നു. (നഴ്സിംഗ് അസ്റ്റിസ്റ്റന്റായി). ഭാര്യ ബിന്ദു പൂമറ്റം കട്ടപ്പന (നേഴ്സ്).

## 217. ബിനോയി



ജോണച്ചന്റെ രണ്ടാമത്തെ പുത്രൻ എം.സി.എ. പസ്സായി. കുവൈറ്റിൽ ജോലി നോക്കുന്നു.

## 218. ദീപാ



ജോണച്ചന്റെ മൂത്തപുത്രി ദീപാ നഴ്സിംഗിന് പഠനത്തിനുശേഷം സൗദിഅറേബ്യയിൽ ജോലി നോക്കന്നു..

## 219. ജൂലി



ജോണച്ചന്റെ രണ്ടാമത്തെ പുത്രി ജൂലി ബി.എസ്.സി. നേഴ്സിംഗിന് പഠിക്കുന്നു

## 220. തങ്കമ്മ

കരിക്കംപള്ളിൽ വാച്ചാലിൽ വക്കമ്മയുടെയും മാർഗ



രറ്റിന്റെയും മൂത്ത മകളാണ് തങ്കമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ജർമ്മനിയിൽ നേഴ്സിംഗ് പഠനത്തിനായി 1965 ൽ പോയി. ജർമ്മൻ ഭാക്ഷയിൽ നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ തങ്കമ്മ സെന്റ് വിൻസെന്റ് ഹോസ്പിറ്റൽ കോളോണിൽ ജോലിയിൽ പ്രവേശിച്ചു. ചങ്ങനാശ്ശേരി മാറാട്ടുകളത്തിൽ കുഞ്ഞച്ചൻ തങ്കമ്മയെ വിവാഹം ചെയ്തു. ബിരുദാനന്തരബിരുദധാരിയായ കുഞ്ഞച്ചൻ ജർമ്മനിയിൽ മെയിൽ നേഴ്സിംഗ് പഠനത്തിനു ശേഷം ജോലി നേടി. നല്ലൊരു റബർ പ്ലാന്റർ കൂടിയാണ് കുഞ്ഞച്ചൻ. ഇംഗ്ലണ്ട്, അമേരിക്ക, റോം തുടങ്ങിയ രാജ്യങ്ങളിൽ ഈ ദമ്പതികൾ പര്യടനം നടത്തിയിട്ടുണ്ട്. മക്കൾ. അനില, അനിൽ, അനീഷ്.

## 221. ജോസ് വാച്ചാലിൽ

കരിക്കംപള്ളി വാച്ചാലിൽ വക്കമ്മയുടെയും മാർഗര



റ്റിന്റെയും മൂത്തമകനാണ് ജോസ്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പയസ് 10th ഐ.റ്റി.സിയിൽ നിന്നും ഫിറ്റിംഗിൽ ട്രേഡ് സർട്ടിഫിക്കറ്റ് നേടി. തുടർന്ന് എടത്വായിൽ ജെ.ജെ.ട്രേഡിംഗ് കമ്പനി എന്ന പാട്ണർഷിപ്പ് സ്ഥാപനം നടത്തി. അതിനു ശേഷം തിരുവല്ല കുരിശുകവലയിൽ അനില സൈക്കിൾ സ്റ്റോഴ്സ് എന്ന പ്രശസ്ത സ്ഥാപനം ഒരു വ്യാഴവട്ടക്കാലം നടത്തി. ഓൾ കേരളാ സൈക്കിൾ ഡീലേഴ്സ് അസോസിയേഷൻ രൂപീകരിക്കുവാൻ മുൻകൈയ്യെടുത്തു. തന്റെ സഹായം തേടിയെത്തുന്നവർക്ക് പണവും കഴിവും ഉപയോഗിച്ച് സഹായിക്കുന്നതിൽ തൽപരനായിരുന്നു ജോസ്. നെടുംകുന്നം തത്തകാട് കുടുംബാംഗമായ ഡെയ്സിയാണ് ഭാര്യ. മക്കൾ. കിരൺ, അരുൺ, വരുൺ. കച്ചവടത്തേക്കാൾ കൃഷിയാണ് തന്റെ കർമ്മ രംഗമെന്ന് തിരിച്ചറിഞ്ഞ ജോസ് ഇപ്പോൾ നല്ലൊരു കർഷകനാണ്. കുടുംബാംഗങ്ങളെയും കുടുംബബന്ധങ്ങളെയും ഏറെ വിലമതിക്കുന്ന ജോസ് തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബ ഡയറക്ടറിയുടെ എഡിറ്റോറിയൽ ബോർഡ് അംഗമാണ്.

## 222. മറിയക്കുട്ടി

കരിക്കംപള്ളി വാച്ചാലിൽ വക്കമ്മയുടെയും മർഗരറ്റി



ന്റെയും രണ്ടാമത്തെ മകളാണ് മറിയക്കുട്ടി. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ മറിയക്കുട്ടി ജർമ്മനിയിൽ നേഴ്സിംഗ് പഠനത്തിനായി പോയി. ജർമ്മൻ ഭാഷയിൽ നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ മറിയക്കുട്ടി അവിടെ ജോലിയിൽ പ്രവേശിച്ചു. മിത്രക്കരി പുത്തൻപുരയ്ക്കൽ പി.ഡി.ജോസഫ് വിവാഹം ചെയ്തു. ജന്തു ശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം റാങ്കോടുകൂടി പാസായ ഔസേപ്പച്ചൻ എൽ.എൽ.ബി. ബിരുദധാരികൂടിയാണ്. എ.ജി.എസ്.ഓഫീസിൽ ഉദ്യോഗസ്ഥനായിരുന്ന ഔസേപ്പച്ചൻ ഭാര്യയുമൊത്തു ജർമ്മനിയിൽ താമസിക്കുന്നു. മക്കൾ. ജൂലിയ, ജറിൻ.

## 223. സെലിൻ

കരിക്കംപള്ളി വാച്ചാലിൽ വക്കമ്മയുടെയും മാർഗ്ഗര



റ്റിന്റെയും മൂന്നാമത്തെ മകളാണ് സെലിൻ ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ സെലിൻ ജർമ്മനിയിൽ നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ സെലിൻ. ഹോസ്പിറ്റലിൽ ജോലിയിൽ പ്രവേശിച്ചു. പുളിങ്കുന്ന് കണ്ണാടി പുത്തൻകളത്തിൽ സണ്ണി വിവാഹം ചെയ്തു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദധാരിയായ സണ്ണി കേരളയൂണിവേഴ്സിറ്റിയിൽ ഉദ്യോഗസ്ഥനാണ്. ഇരുവരും ജർമ്മനിയിൽ താമസിക്കുന്നു. മക്കൾ. സോണിയ, സിന്ധു, സിസി.

## 224. സെബാസ്റ്റ്യൻജോർജ്ജ് (ജോളി)

കരിക്കംപള്ളി വാച്ചാലിൽ വക്കമ്മയുടെയും മാർഗരറ്റിന്റെയും ഇളയ മകനാണ് ജോളി. തിരുവല്ല മാർത്തോമ്മ കോളേജിൽ നിന്നും ഗണിതശാസ്ത്രത്തിൽ ബിരുദം നേടിയ ജോളി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സർവ്വീസിൽ പ്രവേശിച്ചു. കൃത്യനിഷ്ഠയോടെയും ഉത്തരവാദിത്തബോധത്തോടു കൂടിയും ഔദ്യോഗിക ജോലികൾ നിർവ്വഹിക്കുന്ന സെബാസ്റ്റ്യൻ സെക്ഷൻഓഫീസർ പദവിയിലിരിക്കെ നീണ്ടൂർ ആക്കൽ വീട്ടിൽ മേഴ്സിയെ വിവാഹം ചെയ്തു. നഴ്സായ മേഴ്സി സ്വിറ്റ്സർലന്റിൽ ജോലി ചെയ്യുന്നു. മകൻ. റോയി. ജോളി കുടുംബസമേതം സ്വിറ്റ്സർലന്റിൽ താമസിക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതയുടെ മാർത്തോമ്മനികേതനിൽ നിന്നും ആത്മായ ദൈവശാസ്ത്രത്തിൽ ഡിപ്ലോമ നേടി. തെക്കേക്കലയ്ക്കൽ കരിക്കംപള്ളി കുടുംബത്തിൽ വ്യതിരിക്തമായ സ്വത്വത്തിൽ അഭിമാനം കൊള്ളുന്ന വ്യക്തിയാണ് സെബാസ്റ്റ്യൻ. വിദേശത്തായിരിക്കുമ്പോഴും കുടുംബങ്ങളുടെ ക്ഷേമാശ്വര്യത്തിൽ അതീവ ശ്രദ്ധാലുവാണ് ജോളി.



## 225. തെയ്യാമ്മ

കരിക്കംപള്ളി വാച്ചാലിൽ വക്കമ്മയുടെയും മാർഗരറ്റിന്റെയും ഇളയ മകളാണ് തെയ്യാമ്മ. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ നിന്നും സസ്യശാസ്ത്രത്തിൽ ബിരുദ കോഴ്സ് പൂർത്തിയാക്കിയ തെയ്യാമ്മയെ തൃക്കൊടിത്താനം കൊടിനാട്ടുകുന്നേൽ അമ്പാട്ടു പയസ്സ് വിവാഹം ചെയ്തു. ഹോമിയോ ഡോക്ടറായ പയസ് പാദുവാ ഹോമിയോ ക്ലിനിക് എന്ന സ്ഥാപനം നടത്തുന്നു. സഹോദരൻ സണ്ണിയുടെ ആകസ്മിക നിര്യാണത്തെത്തുടർന്ന് തിരുപ്പൂരിലുള്ള കമ്പനിയും ഡോ.പയസിന്റെ ചുമതലയിലാണ്. മക്കൾ. ആകാശ്, മേഘ, വർഷ.




PADUA

HOMOEO HOUSE

Kodinattumkunnu

Dr. Pius T. Ambattu

Phone: 2441656


## 226. ജോമി

കരിക്കംപള്ളി കുഴുവേലിക്കളത്തിൽ തൊമ്മിക്കുഞ്ഞിന്റെയും മേരിക്കുട്ടിയുടെയും മൂത്തപുത്രനാണ് ജോമി. ഹൈസ്കൂൾ വിദ്യാഭ്യാസത്തെ തുടർന്ന് എടത്വാ സെന്റ് അലോഷ്യസ് കോളേജിൽ പ്രീഡിഗ്രിക്കു ചേർന്ന ജോമി എൻ.സി.സിയിൽ തുടർന്നു. റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുവാൻ കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അപൂർവ്വം വിദ്യാർത്ഥികളിൽ ഒരാളായിരുന്നു ജോമി. തുടർന്ന് സാങ്കേതിക പഠനം പൂർത്തിയാക്കി ഗൾഫിൽ ജോലി നേടി. തിരികെ നാട്ടിലെത്തിയ ജോമി എച്ച്.ഡി.എഫ്.സിയുടെ കൺസൾട്ടറാണ്. ചങ്ങനാശ്ശേരി തൂമ്പുങ്കൽ കൂടുംബാഗമായ ലീലാമ്മയാണ് ഭാര്യ. അമലഗിരി ബി.കെ. കോളേജിൽ ധനതത്വശാസ്ത്ര പ്രൊഫസറാണ്. മക്കൾ ലിജോ, മൃദുല.



## 227. ജോജി

കരിക്കംപള്ളി കുഴുവേലിക്കളത്തിൽ തൊമ്മികുഞ്ഞിന്റെയും മേരിക്കുട്ടിയുടെയും രണ്ടാമത്തെ പുത്രനാണ് ജോജി. ഹൈസ്കൂൾ പഠനത്തിനു ശേഷം കരിക്കംപള്ളി ട്രേഡേഴ്സ് എന്ന സ്ഥാപനം പിതാവിൽ നിന്നും ഏറ്റെടുത്ത് വിജയകരമായി നടത്തുന്നു. എടത്വാ വ്യാപാരി വ്യവസായ ഏകോപന സമിതി പ്രസിഡന്റായിരുന്ന ജോജി അറിയപ്പെയുന്ന പൊതുപ്രവർത്തകൻ കൂടിയാണ്. കേരളാ കോൺഗ്രസ് ജില്ലാ സെക്രട്ടറി കൂടിയായ ജോജി എടത്വാ പഞ്ചായത്തിലെ 11-ാം വാർഡ് മെമ്പറാണ്. കുറമ്പനാടം കിഴക്കേചെത്തിപ്പുഴ ലിസമ്മയാണ് ഭാര്യ. മക്കൾ ജസ്വിൻ, ചിപ്പി.



## 228. ജോസ്ന

കരിക്കംപള്ളി കുഴുവേലിക്കളം തൊമ്മികുഞ്ഞിന്റെയും മേരിക്കുട്ടിയുടെയും മൂത്തമകളാണ് ജോസ്ന. ബിരുദപഠനത്തിനു ശേഷം ചങ്ങംങ്കരി വെള്ളാപ്പള്ളി ജയിംസുകുട്ടി വിവാഹം കഴിച്ചു. ബിസിനസുകാരനായ ജയിംസുകുട്ടി നല്ലൊരു റബ്ബർ കർഷകൻ കൂടിയാണ്. മക്കൾ ജെസ്സിയ, ജറിൻ, ജഫിൻ.




കരിക്കംപള്ളിൽ

ട്രേഡേഴ്സ്

മാർക്കറ്റ് റോഡ്, എടത്വാ

## 229. ജോബൻ

കരിക്കംപള്ളി കുഴിവേലിക്കളം തൊമ്മിക്കുഞ്ഞി



ന്റെയും മേരിക്കുട്ടിയുടെയും ഇളയമകനാണ് ജോബൻ ബിരുദപഠനത്തിനു ശേഷം കളമശ്ശേരിയിലെ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമാ നേടി. സൗദി അറേബ്യയിൽ നാലു വർഷത്തോളം ജോലിയിലായിരുന്ന ജോബൻ തിരികെ വന്ന് കരിക്കംപള്ളി പെയിന്റ് ഹൗസ് എന്ന സ്ഥാപനം നല്ല നിലയിൽ നടത്തി. തണ്ണീർമുക്കം പണിക്കാംപറമ്പിൽ കിളിയാന്ത്രറ കുടുംബാഗമായ ലൗലിയെ വിവാഹം ചെയ്തു. നേഴ്സായ ലൗലിയോടൊപ്പം ഇപ്പോൾ ഇംഗ്ലണ്ടിലാണ്.

## 230. ജോമോൾ

കരിക്കംപള്ളി കുഴുവേലിക്കളം തൊമ്മിക്കുഞ്ഞി



ന്റെയും മേരിക്കുട്ടിയുടെയും ഇളയ മകളാണ് ജോമോൾ. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം എടത്വാ പയസ് 10th ഐ.റ്റി.സിയിൽ നിന്നും ഡി.സിവിൽ പാസായി അവിടെത്തന്നെ അദ്ധ്യാപികയായി ജോലി നോക്കുന്നു. പുളിംകുന്ന് തയ്യിൽ കുടുംബാഗമായ ബന്നിച്ചനാണ് ഭർത്താവ്. മികച്ച ഏലം കർഷകനാണ് ബന്നിച്ചൻ.മക്കൾ. 423 സോനു, 424 മനു.

## 231. റ്റെസ്സി



കരിക്കംപള്ളി തൊള്ളായിരത്തിൽ ജോർജ്ജുകുട്ടിയുടെയും എത്സമ്മയുടെയും മൂത്ത മകളാണ് റ്റെസി. ആസ്ട്രേലിയായിലെ സിഡ്നി യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിൽ നിന്നും അഡൽറ്റ് എഡ്യൂക്കേഷനിൽ ഗ്രാഡുവേറ്റ് സർട്ടിഫിക്കറ്റ് നേടിയ റ്റെസി വർക്ക് പ്ലെയ്സ് ട്രെയനർ ആന്റ് അസ്സസ്മെന്റ് പഠിക്കുന്നു.

## 232. ആൻസി.



കരിക്കംപള്ളി തൊള്ളായിരത്തിൽ ജോർജ്ജുകുട്ടിയുടേയും ഏത്സമ്മയുടേയും രണ്ടാമത്തെ പുത്രിയാണ് ആൻസി. സിഡ്നിയൂണിവേഴ്സിറ്റിയിൽ നിന്നും അക്കൗണ്ടൻസിയിലും കമ്പ്യൂട്ടറിലും ഡിഗ്രി നേടിയ ശേഷം സിഡ്നി ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും സിസ്റ്റം അനാലിസിസിൽ സർട്ടിഫിക്കറ്റും നേടിയ ആൻസി സിഡ്നിയിൽ ജോലി ചെയ്യുന്നു.

> "സ്വന്തം അനുഭവങ്ങൾക്ക് ഓരോരുത്തരും കൊടുക്കുന്ന പേരാണ് അനുഭവം"
>
> ഓസ്കാർ വൈൽഡ്

## 233. ലിസ

കരിക്കംപള്ളിതൊള്ളായിരത്തിൽ ജോർജ്ജുകുട്ടിയു



ടേയും എത്സമ്മയുടേയും മൂന്നാമത്തെ പുത്രിയാണ് ലിസ. സിഡ്നി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും ഓഫീസ് അഡ്മിനിസ്ട്രേഷനിലും ഇൻഫർമേഷൻ ടെക്നോളജിയിലും സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട് ലിസാ. സിഡ്നിയിൽ ജോലി ചെയ്യുന്ന ഇൻഡ്യൻ വംശജനായ കീത്ത് ആണ് ഭർത്താവ്

## 234. കരോളിൻ



കരിക്കംപള്ളിതൊള്ളായിരത്തിൽ ജോർജ്ജ്കുട്ടിയുടേയും എത്സമ്മയുടേയും ഇളയമകളാണ് കരോളിൻ. സിഡ്നിയിലെ മക്വറി യൂണിവേഴ്സിറ്റി കോളേജ് ഓഫ് ഡ്രാമാറ്റിക ആർട്ടസ് വിദ്യാർത്ഥിയാണ് കരോളിൻ

## 235. ജേക്കബ്ബ് ചാക്കോ എം.ബി.ബി.എസ്. എം.എഡ്



തൊള്ളായിരത്തിൽ മേരിക്കുട്ടിയുടെ മൂത്ത മകൻ സാബു നൈജീരീയായിലെ ജോസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.ബി.എസ്. പാസ്സായി. ന്യൂയോർക്കിലെ കോർണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ഡി. യും റ്റൂസണിലെ അരിസോണാ മെഡിക്കൽ സെന്ററിൽ നിന്ന് പൾമണോളജിയിലും ക്രിട്ടിക്കൽ കെയറിലും ഫെലോഷിപ്പും നേടിയിട്ടുണ്ട്. ഇപ്പോൾ റ്റൂസണിലെ അരിസോണയിൽ ജോലിചെയ്യുന്നു.

## 237. ഡോ. സാജു (ജോർജ്ജ് ചാക്കോ)

മേരിക്കുട്ടിയുടെ രണ്ടാമത്തെ മകൻ സാജു നൈജീ



രീയായിലെ ജോസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ബി.ബി.എസ്. പാസ്സായി. കാനഡായിലെ ടൊറന്റോ മെഡിക്കൽ സെന്ററിൽ നിന്നും ന്യൂയോർക്കിലെ കോർണൽ യൂണിവേഴ്സിറ്റിയിൽ നിന്നും എം.ഡി.യും റ്റൂസണിലെ അരിസോണാ മെഡിക്കൽ സെന്ററിൽ നിന്നും ന്യൂയോർക്കിലെ കോർണൽ യൂണിവേഴ്സിറ്റിയിൽ നിന്നും പോസ്റ്റ് ഗ്രാജ്വേഷനും നേടി. ഇപ്പോൾ ന്യൂയോർക്കിലെ ബ്രൂക്ക്ലിനിൽ സ്റ്റേറ്റ്ഡൗൺ ഹോസ്പിറ്റലിൽ ജോലിചെയ്യുന്നു. എടത്വാ മെതിക്കളത്തിൽ ഡോ. ബ്ലസിയെ സാജു വിവാഹം കഴിച്ചു. ഇരുവരും അമേരിക്കയിലാണ്.

## 238. മാർട്ടിൻ



മേരിക്കുട്ടിയുടെ മൂന്നാമത്തെ മകൻ മാർട്ടിൻ നൈജീരീയായിലെ ഇഫേയൂണിവേഴ്സിറ്റിയിൽ നിന്ന് എൻജിനീയറിംഗ് പാസ്സായി. ആസ്ട്രേലിയായിലെ വിക്ടോറിയാ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഗ്രാജ്വേഷൻ കഴിഞ്ഞു. വിക്ടോറിയാ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിൽ ഡോക്ടറേറ്റ് ചെയ്യുന്നു.

## 239. ജസ്സി

തൊള്ളായരത്തിൽ ലില്ലിക്കുട്ടിയുടേയും തെങ്ങുംമൂട്ടിൽ ഉണ്ണിക്കുട്ടന്റേയും മൂത്ത മകളാണ് ജസ്സി.



ഇഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്ത ബിരുദം നേടിയ ജസ്സിയെ കോതമംഗലം ഇലഞ്ഞിക്കൽ ഷാജു വിവാഹം കഴിച്ചു. കാത്തലിക് സിറിയൻ ബാങ്കിലെ ഉദ്യോഗസ്ഥനാണ് ഷാജു. എറണാകുളത്ത് താമസിക്കുന്നു. മക്കൾ . നോയൽ, എൽസ.

## 240. അഡ്വ. ജോണി ജോസഫ് എൽ.എൽ.ബി

തൊള്ളായിരത്തിൽ ലില്ലിക്കുട്ടിയുടേയും തെങ്ങുംമൂട്ടിൽ ഉണ്ണക്കുട്ടന്റേയും ഏക മകനാണ് ജോണി.



മഹാത്മ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും എൽ . എൽ . ബി പാസായി ജോണി കോട്ടയം ബാറിലെ അഭിഭാഷകനാണ്. തുരുത്തി നേര്യംപറമ്പിൽ കുടുംബാംഗമായ ലെനിയാണ് ഭാര്യ മക്കൾ ട്രീസാ, ജോയൽ.

## 241. ആൻസി

തൊള്ളായിരത്തിൽ വത്സമ്മയുടേയും കിഴക്കേമുട്ടം അപ്പച്ചന്റേയും മൂത്ത മകളാണ് ആൻസി.



കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ആൻസിയെ എലിക്കുളം കാഞ്ഞിരക്കാട്ട് സാബു വിവാഹം കഴിച്ചു. നെടുംകുന്നത്ത് റെഡിമെയ്ഡ് ഷോപ്പ് നടത്തിവരുന്നു സാബു. മകൾ മീര

## 242. ലിൻസി

തൊള്ളായിരത്തിൽ വത്സമ്മയുടേയും കിഴക്കേമുട്ടം അപ്പച്ചന്റേയും രണ്ടാമത്തെ മകളാണ് ലിൻസി.



കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ലിൻസിയെ നെടുംകുന്നം കാട്ടൂർ കുടുംബംഗമായ സാജൻ വിവാഹം കഴിച്ചു. മക്കൾ. അപ്പു, ഔസ.

> "നമ്മൾ എത്രകാലം ജീവിച്ചിരിക്കുമെന്നതല്ല എങ്ങനെ ജീവിക്കുമെന്നതാണ് കാതലായ കാര്യം"
>
> ബെയ്ലി

## 243. ജോൺസി

തൊള്ളായിരത്തിൽ വത്സമ്മയുടേയും കിഴക്കേമുട്ടം അപ്പച്ചന്റേയും ഏക മകനാണ് ജോൺസി.



സാഹിത്യത്തിൽ ബിരുദാനന്തരബിരുദധാരിയായ ജോൺസി +2 അദ്ധ്യാപകനാണ്. കൈനടി പുതുവീട്ടിൽ കുടുംബാംഗമായ സിന്ധ്യാമ്മയാണ് ഭാര്യ. മകൻ ഉണ്ണി

## 244. ടെസ്സി



തൊള്ളായിരത്തിൽ വത്സമ്മയുടേയും കിഴക്കേമുട്ടം അപ്പച്ചന്റേയും ഇളയമകളാണ് ടെസ്സി. എം.സി.എ പാസ്സായ ടെസ്സി തിരുവന്തപുരം ഐ.റ്റി പാർക്കിൽ ജോലിചെയ്യുന്നു,

## 245. അനു

തൊള്ളായിരത്തിൽ ഗ്രേസിമോളുടേയും പുത്തൻപുരമാമച്ചന്റേയും മൂത്തമകളാണ് അനു.



ന്യൂഡൽഹി ഓൾ ഇൻഡ്യ മെഡിക്കൽ സയൻസ്സിൽ നിന്നും നേഴ്സിംഗ് ബിരുദവും ബാഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നു ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ബിരുദാനന്തരബിരുദവും നേടിയ അനുവിനെ ആദിത്യപുരം കരിമുണ്ടയ്ക്കൽ രകേഷ് വിവാഹം കഴിച്ചു. സീനിയർ മീഡിയ എക്സികുട്ടീവായ രാകേഷ്നൊപ്പം അനു ദുബായിൽ സേവനം ചെയ്യുന്നു.

## 246. കുക്കു

തൊള്ളായിരത്തിൽ ഗ്രേസിമോളുടേയും പുത്തൻപുരമാമച്ചന്റേയും രണ്ടാമത്തെ മകളാണ് കുക്കു.



കുട്ടിക്കാനം മരിയൻ കോളേജിൽ നിന്നു ബിസിഎയും കൊംഗു എൻജിനിയറിംഗ് കോളേജിൽ നിന്നു എം.സി.എയും പാസായ കുക്കുവിനെ ആർപ്പൂക്കര കളത്തിൽ കെവിൻ വിവാഹം കഴിച്ചു. ദൂബായിൽ ജോലി ചെയ്യുന്നു.

## 247. ടോമിച്ചൻ



തൊള്ളായിരത്തിൽ ഗ്രേസിമോളുടേയും പുത്തൻരയ്ക്കൽ മാമച്ചന്റേയും ഏകമകനാണ് ടോമിച്ചൻ. ചെങ്ങന്നൂർ ഗവ: എൻജി.കോളേജിലെ രണ്ടാം വർഷ വിദ്യർത്ഥിയാണ് ടോമിച്ചൻ.

## 248. ഷേർളി

കരിക്കംപള്ളി തൊള്ളായിരത്തിൽ കുഞ്ഞാമ്മയുടേയും ശീവേലിത്ര ചാക്കപ്പന്റേയും മൂത്തമകളാണ് ഷേർളി. കോളേജ് വിദ്യാഭ്യാസത്തിനുശേഷം സ്റ്റെനോഗ്രാഫി കോഴ്സ് പാസായ ഷേർളി ബോംബെയിൽ സ്റ്റെനോഗ്രാഫറാണ്. കിടങ്ങറ ചക്കാലയിൽ കുടുംബാംഗമായ മോൻസിയാണ് ഭർത്താവ്. ബോംബെയിൽ ട്രാവൽ ഏജൻസി നടത്തിവരുന്നു. മക്കൾ മെർലിൻ, മെലീസ.



## 249. ഷോയി

കരിക്കംപള്ളി തൊള്ളായിരത്തിൽ കുഞ്ഞാമ്മയുടേയും ശീവേലിത്ര ചാക്കപ്പന്റേയും ഏക മകനാണ് ഷോയി. ഏസി & റെഫ്രിജറേഷൻ കോഴ്സ് പൂർത്തിയാക്കിയ ഷോയി ദുബായിൽ ജോലിക്കാരനാണ്. കരുവാറ്റ കണ്ടത്തിപറമ്പിൽ റാണിയാണ് ഭാര്യ. നേഴ്സിംഗ് പാസായ റാണി കുറച്ചുനാൾ കുവൈറ്റിൽ ജോലിചെയ്തിരുന്നു. മക്കൾ ഏഞ്ചൽ. എമിലിൻ



## 250. ഷെണി

കരിക്കംപള്ളി തൊള്ളായിരത്തിൽ കുഞ്ഞാമ്മയുടേയും ശീവേലിത്ര ചാക്കപ്പന്റേയും രണ്ടാമത്തെ മകളാണ് ഷെണി കോളേജ് വിദ്യാഭ്യാസത്തിനുശേഷം ലാബ്ടെക്നീഷ്യൻ കോഴ്സ പൂർത്തിയാക്കിയ ഷെണി ലാബ്ടെക്നീഷ്യനായി കുറച്ചുകാലം ബോംബെയിൽ ജോലി ചെയ്തു.പടഹാരം കാട്ടിൽ കുടുംബാംഗമായ തോമസാണ് ഭർത്താവ്. ഗൾഫിൽ ജോലിക്കാരനാണ് ഭർത്താവ് . മക്കൾ. ആൽവിൻ, ആൻസൻ



## 251. ഷീജ

കരിക്കംപള്ളിൽ തൊള്ളായിരത്തിൽ കുഞ്ഞാമ്മയുടേയും ശീവേലിത്ര ചാക്കപ്പന്റേയും ഇളയമകളാണ് ഷീജ. നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ ഷീജയെ കൈനകരി ചീരംവേലിൽ ജോർജ്ജ് വിവാഹം കഴിച്ചു. ഇരുവരും ഗൾഫിൽ ജോലിചെയ്യുന്നു. മകൻ ചാക്കോച്ചൻ.



St.George Automobiles
Main Road, Erattupetta

## 252. ജീനോ

കരിക്കംപള്ളി തൊള്ളായിരത്തിൽ ബേബിച്ചന്റേയും തങ്കമ്മയുടേയും ഏകമകനാണ് ജീനോ. ബിരുദവും, പി.ജി.ഡി.സി.എ. യും പാസായ ജീനോ കുറച്ചുകാലം ദീപിക ദിനപത്രത്തിൽ ജോലിചെയ്തു. ഇപ്പോൾ കോട്ടയത്ത് സ്വന്തമായി കളർപാർക്ക് എന്ന പേരിൽ കമ്പ്യൂട്ടർ സെന്റർ നടത്തുന്നു. ജീനോയാണ് തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബഡയറ്കടറിയുടെ ഡി.റ്റി.പി.യും ലേ ഔട്ടും നിർവഹിച്ചിരിക്കുന്നത്. കണ്ടംകരി കളീക്കൽ കുടുംബാംഗമായ ജീമോളാണ് സഹധർമ്മിണി. കൊമേഴ്സിൽ ബിരുദാനന്തരബിരുദധാരിണിയാണ് ജീമോൾ. മകൾ ജൂഡിത്ത്.



## 253. ബീനോ

കരിക്കംപള്ളിൽ തൊള്ളായിരത്തിൽ ബേബിച്ചന്റേയും തങ്കമ്മയുടേയും ഇരട്ട പുത്രിമാരിൽ മൂത്തമകളാണ് ബീനോ. അമലഗിരികോളേജിൽ ബിരുദത്തിനു പഠിക്കുമ്പോൾ കോളേജ് യൂണിയൻ കൗൺസിലറാകുവാൻ ഭാഗ്യം സിദ്ധിച്ച തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബത്തിലെ ഏകവ്യക്തിയാണ് ബീനോ. അതിരമ്പുഴ ഞൊങ്ങിണിയിൽ ബിനുവാണ് ഭർത്താവ്. കൊമേഴ്സിൽ ബിരുദാനന്തരബിരുദധാരിയായ ബിനു കോട്ടയത്തെ പ്രമുഖ വ്യവസായിമാരിൽ ഒരാളാണ്. മഡോണ സ്പിന്റ് ഇൻഡസ്റ്ററീസിന്റെ മാനേജിംഗ് ഡയറക്ടറാണ് ബിനു. മകൻ കുര്യൻ.



## 254. റീനോ

കരിക്കംപള്ളി തൊള്ളായിരത്തിൽ ബേബിച്ചന്റേയും തങ്കമ്മയുടേയും ഇരട്ടപുത്രിമാരിൽ ഇളയമകളാണ് റീനോ. ബിരുദവും ഹോമിയോപതിക് ഫാർമസിയിൽ ഡിപ്ലോമായും നേടിയ റീനോയെ പ്ലാന്തോട്ടത്തിൽ ഔസേപ്പ്കുട്ടി വിവാഹം ചെയ്തു. സാങ്കേതിക പഠനവും പൂർത്തിയാക്കിയ ഔസേപ്പുകുട്ടി ഈരാറ്റുപേട്ടയിൽ ഓട്ടോമൊബൈൽ ബിസിനസ് നടത്തിവരുന്നു. മക്കൾ അമൽ, ആൻ.



Color Park
Computer Center
DTP. Screen Printing, Offset Printing, Training
R. No. 203, Triveny Complex
Kottayam. Ph: 2582107

## 255. വിൻസി

കരിക്കംപള്ളി തൊള്ളായിരത്തിൽ വത്സമ്മയുടേയും



പുത്തൻപുരയ്ക്കൽ വക്കപ്പിയുടേയും മൂത്തമകളാണ് വിൻസി. നേഴ്സിംഗിൽ ഉന്നതമാർക്കോടെ ഡിപ്ലോമാ പാസായി വിൻസി സ്കോട്ട്ലണ്ടിൽ നഴ്സാണ്. ചമ്പക്കുളം കുര്യാളശ്ശേരിൽ അപ്പച്ചനാണ് ഭർത്താവ്. ഇരുവരും സ്കോട്ട്ലണ്ടിൽ ജോലി ചെയ്യുന്നു. മകൾ ക്രിസ്.

## 256. പ്രിൻസി

കരിക്കംപള്ളി തൊള്ളായിരത്തിൽ വത്സമ്മയുടേയും



വക്കപ്പിയുടേയും രണ്ടാമത്തെ പുത്രിയായ പ്രിൻസി സകോട്ലണ്ടിലെ ഗ്ലാസ്ഗോയിൽ എൻ.എച്ച്. എസ്. ആശുപത്രിയിൽ നേഴ്സാണ്. പ്രിൻസിയെ ചങ്ങനാശേരി കൂടിയാട്ട് കുടുംബാംഗമായ സുജിത്ത് വിവാഹം കഴിച്ചു. ഇരുവരും സ്കോട്ലണ്ടിൽ ജോലിചെയ്യുന്നു.

## 257. റിറ്റ്സി



കരിക്കംപള്ളിതൊള്ളായിരത്തിൽ വത്സമ്മടേയും വക്കപ്പിയുടേയും മൂന്നാമത്തെ പുത്രിയാണ് റിറ്റ്സി. പ്രി.ഡിഗ്രിയും സ്റ്റെനോഗ്രാഫിയിൽ ഡിപ്ലോമായും പാസ്സായ റിറ്റ്സി ബോംബെയിൽ സ്റ്റെനോഗ്രാഫറാണ്.

## 258. ജിസി



കരിക്കംപള്ളി തൊള്ളായിരത്തിൽ വത്സമ്മയുടേയും വക്കപ്പിയുടേയും നാലാമത്തെമകളാണ് ജിസി. ബിരുദവും എച്ച്.ഡി.സിയും പാസ്സായ ജിസി കുന്നുമ്മ സർവ്വീസ് സഹകരണ ബാങ്കിൽ ജോലിചെയ്യുന്നു.

## 259. ബെറ്റ്സി



കരിക്കംപള്ളി തൊള്ളായിരത്തിൽ വത്സമ്മയുടേയും വക്കപ്പിയുടേയും ഇളയമകളാണ് ബെറ്റ്സി. നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ ബെറ്റ്സി സ്കോട്ട്ലണ്ടിൽ ജോലിചെയ്യുന്നു.

## 260. റിയ

കരിക്കംപള്ളിയിൽ തൊള്ളായിരത്തിൽ കുട്ടിയമ്മയുടേയും



പതിനഞ്ചിൽ ജോയിച്ചന്റേയും ഏകമകളാണ് റിയ എം.ബി.എ പഠനത്തിന് ശേഷം ഡൽഹി റാൻബാക്സിയിൽ സീനിയർ മാനേജറായ റിയയെ എടത്വാ ചന്ദ്രത്തിൽ ലിജോ വിവാഹം ചെയ്തു. ലിജോ ഡൽഹിയിൽ സോഫ്റ്റ് വെയർ എൻജിനീയറാണ്

## 261. റിറ്റോ



കരിക്കംപള്ളിൽ തൊള്ളായിരത്തിൽ കുട്ടിയമ്മയുടേയും പതിനഞ്ചിൽ ജോയിച്ചന്റേയും ഏകമകനാണ് റിറ്റോ ചെന്നയിലെ ജി.കെ.എം എൻജിനിയറിംഗ് കോളേജിലെ വിദ്യാർത്ഥിനിയാണ് റിറ്റോ.

## 262. ദീപ്തി



കരിക്കംപള്ളിതൊള്ളായിരത്തിൽ തറമ്മയുടേയുംചാരങ്കാട് ജോയിച്ചന്റേയും മൂത്തമകളാണ് ദീപ്തി. ബിരുദപഠനത്തിനോടൊപ്പം ഐ.ററി.എൻ.ഐ.ററി ഡിഗ്രി വിദ്യാർത്ഥികൂടിയാണ് ദീപ്തി. ഇപ്പോൾ റിലയൻസിൽ ജോലി നോക്കുന്നു.

## 263. ദീപ



കരിക്കംപള്ളിതൊള്ളായിരത്തിൽ തറമ്മയുടേയും ചാരങ്കാട്ട് ജോയിച്ചന്റേയും ഇളയമകളാണ് ദീപ. ബോംബെയിൽ ബിരുദത്തോടൊപ്പം I.C.W.A വിദ്യാർത്ഥിനികൂടിയാണ് ദീപ.

## 264. എലിസബത്ത്



കരിക്കംപള്ളിതൊള്ളായിരത്തിൽ കുഞ്ഞുമോളുടേയും മൈലോട്ടുപനയ്ക്കൽ തങ്കച്ചന്റേയും മൂത്ത മകൾ എലിസബത്ത് എൻജിനിയറിംഗ് വിദ്യാർത്ഥിനിയാണ്.

## 265. ചിക്കു



കരിക്കംപള്ളിതൊള്ളായിരത്തിൽ കുഞ്ഞുമോളുടേയും മൈലോട്ട് പനയ്ക്കൽ തങ്കച്ചന്റേയും രണ്ടാമത്തെമകളാണ് ചിക്കു. +1 വിദ്യാർത്ഥിനിയാണ്.

## 266. ആലീസ്



കരിക്കംപള്ളിതൊള്ളായിരത്തിൽ കുഞ്ഞുമോളുടേയും മൈലോട്ടുപനയ്ക്കൽ തങ്കച്ചന്റേയും ഇളയമകളാണ് ആലീസ്. എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 267. ടോണി



കരിക്കംപള്ളി തൊള്ളായിരത്തിൽ അൽഫോൻസാമ്മയുടേയും മുണ്ടൻകുന്നേൽ ജോസിന്റേയും മൂത്തമകനാണ് ടോണി. 8-ാം ക്ലാസ് വിദ്യാർത്ഥിയാണ്. പെയിന്റിംഗിലും, പൊതുവിജ്ഞാനത്തിലും തല്പരനായ ടോണി ജില്ലാതലത്തിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

## 268. ടോജി



കിരക്കംപള്ളിതൊള്ളായിരത്തിൽ അൻഫോൻസാമ്മയുടേയും മുണ്ടൻകുന്നേൽ ജോസിന്റേയും രണ്ടാമത്തെ മകനാണ് ടോജി. 4-ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 269. ടോണില



കരിക്കംപള്ളിതൊള്ളായിരത്തിൽ അൽഫോൻസാമ്മയുടേയും മുണ്ടൻകുന്നേൽ ജോസിന്റേയും ഏകമകളായ ടോണില ഒന്നാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 270. റോജ



കരിക്കംപള്ളിതൊള്ളായിരത്തിൽ മോൻസിയുടേയും ഷീലയുടേയും മൂത്തമകളാണ് റോജ. 6-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 271. വക്കച്ചൻ (റോഷൻ)



കരിക്കംപള്ളിതൊള്ളായിരത്തിൽ മോൻസിയുടേയും ഷീലയുടേയും ഏകമകനായ വക്കച്ചൻ രണ്ടാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 272. റോഷിനി



കരിക്കംപള്ളിതൊള്ളായിരത്തിൽ മോൻസിയുടേയും ഷീലയുടേയും ഇളയമകളാണ് റോഷ്നി.

## 273. സെബു



തൊള്ളായിരത്തിൽ പാപ്പച്ചന്റേയും ലില്ലിക്കുട്ടിയുടേയും മൂത്തമകനാണ് സെബു. ബിരുദപഠനത്തിനുശേഷം ഡൽഹിയിൽ ജോലി ചെയ്യുന്നു.

## 274. സാജി

തൊള്ളായിരത്തിൽ പാപ്പച്ചന്റേയും ലില്ലിക്കുട്ടിയുടേയും



മൂത്തമകളാണ് സാജി. ബിരുദപഠനം പൂർത്തിയാക്കിയ സാജിയെ തിരുവന്തപുരം ................ കുടുംബാംഗമായ മാത്യു വിവാഹം കഴിച്ചു. ഇരുവരും ഡൽഹിയിൽ ജോലിചെയ്യുന്നു.

## 275. സുനിൽ



തൊള്ളായിരത്തിൽ പാപ്പച്ചന്റേയും ലില്ലിക്കുട്ടിയുടേയും രണ്ടാമത്തെ പുത്രനാണ് സുനിൽ. കോളേജി വിദ്യാഭ്യാസത്തിനുശേഷം ജമ്മുക്ശ്മീരിൽ സർക്കാർ സർവ്വീസിൽ ജോലി പ്രവേശിച്ച സുനിൽ ഉദം പുരിൽ ജോലി ചെയ്യുന്നു.

## 276. സിമ്മി



തൊള്ളായിരത്തിൽ പാപ്പച്ചന്റേയും ലില്ലിക്കുട്ടിയുടേയും രണ്ടാമത്തെ മകളാണ് സിമ്മി. കോമേഴ്സിൽ ബിരുദത്തിനുശേഷം ഉദംപൂരിൽ ആദ്യാപികയായി ജോലി നോക്കുന്നു സിമ്മി.

## 277. സാബു

തൊള്ളായയിരത്തിൽ ജോയിച്ചന്റേയും കുഞ്ഞമ്മയുടേയും മൂത്തമകനാണ്



സാബു. കോളേജി വിദ്യാഭ്യാസത്തിനുശേഷം കാമ്പിനി ജോലിക്കാരനായ സാബു ഷേർളിയെ. വിവാഹം കഴിച്ചു. റെയിൽവേയിൽ സ്റ്റാഫ് നേഴ്സാണ് മുറാദാബാദിൽ സ്ഥിരതാമസമാണ്. മകൻ ഷാബിൻ.

> ജ്ഞാനിയായ മകൻ പിതാവിന് ആനന്ദമണയ്ക്കുന്നു. ഭോഷനായ മകനാകട്ടെ അമമയ്ക്കു ദുഃഖവും
>
> സുഭാ 10:1

## 278. സെബു

തൊള്ളായിരത്തിൽ ജോയിച്ചന്റേയും കുഞ്ഞമ്മയുടേയും രണ്ടാമത്തെ മകനാണ് സെബു. മെക്കാനിക്കൽ എൻജിനിയറിംഗിൽ ഡിപ്ലോമാ നേടിയ സെബു. കോൺട്രാക്ടറാണ്. തൃശൂർ തട്ടിൽ കുടുംബാംഗമായ നിമ്മിയാണ് ഭാര്യ ഒറീസായിൽ സ്ഥിരതാമസം.



## 279. സിബു



തൊള്ളായിരത്തിൽ ജോയിച്ചന്റേയും കുഞ്ഞമ്മയുടേയും മൂന്നാമത്തെ മകനാണ് സിബു. ബിരുദധാരിയായ സിബു ഒറീസാ ഗവൺമെന്റിൽ ജീവനക്കാരനാണ്.

## 280. ടോമി



തൊള്ളായിരത്തിൽ ജോയിച്ചന്റേയും കുഞ്ഞമ്മയുടേയും നാലാമത്തെ മകനാണ് ടോമി. ഒറീസായിൽ ബിരുദാനന്തരബിരുദ വിദ്യാർത്ഥിയാണ് ടോമി.

## 281. ജോസി



തൊള്ളായിരത്തിൽ ജോയിച്ചന്റേയും കുഞ്ഞമ്മയുടേയും അഞ്ചാമത്തെ മകനാണ് ജോസി. ഒറീസായിൽ ബിരുദാനന്തരബിരുദവിദ്യാർത്ഥിയാണ് ജോസി.

## 282. സുരേഷ്

തൊള്ളായിരത്തിൽ ജോയിച്ചന്റേയും കുഞ്ഞമ്മയുടേയും ആറാമത്തെ മകനാണ് സുരേഷ്. ഒറീസായിൽ എൻജിനീയറാണ് സുരേഷ്.

> സൗമ്യമായ മറുപടി ക്രോധം ശമിപ്പിക്കുന്നു
>
> പരുഷമാ വാക്ക് കോപം ഇളക്കിവിടുന്നു.
>
> സുഭ. 15:1

## 283. സുനിൽ



തൊള്ളായിരത്തിൽ ജോയിച്ചന്റേയും കുഞ്ഞമ്മയുടേയും ഇളയ മകനാണ് സുനിൽ. ഒറീസായിൽ ബിരുദ വിദ്യാർത്ഥിയാണ് സുനിൽ.

## 284. ഷാം

തൊള്ളായിരത്തിൽ ഈയോച്ചന്റേയും ലില്ലിക്കുട്ടിയുടേയും മൂത്തമകനാണ് ഷാം. മാലി ദ്വീപിൽ അദ്ധ്യാപകനായി സേവനം ചെയ്യുന്നു. ചങ്ങനാശേരി വലിയകളത്തിൽ തൈച്ചിറയിൽ നീതു ആണ് ഭാര്യ.



## 285. ഷൈജു



തൊള്ളായിരത്തിൽ ഈയോച്ചന്റേയും ലില്ലിക്കുട്ടിയുടേയും ഇളയമകനായ ഷൈജു +2 വിദ്യാർത്ഥിയാണ്.

## 286. സെബിൻ



തൊള്ളായിരത്തിൽ അപ്പച്ചിയുടേയും ജാൻസിയുടേയും മൂത്തമകനായ സെബിൻ ബിരുദ വിദ്യാർത്ഥിയാണ്.

## 287. മെറിൻ



തൊള്ളായിരത്തിൽ അപ്പച്ചിയുടേയും ജാൻസിയുടേയും മൂത്തമകളായ മെറിൻ 10-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 288. കുറിൻ



തൊള്ളായിരത്തിൽ അപ്പച്ചിയുടേയും ജാൻസിയുടേയും ഇളയമകനായ കുറിൻ 7-ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 289. രശ്മി



തൊള്ളായിരത്തിൽ കുഞ്ഞച്ച ന്റേയും റോസിയുടേയും മൂത്തമക ളായ രശ്മി ബി.കോം ബിരുദത്തിന് ശേഷം ബോംബെയിൽ ഐ.സി.ഐ. സി.ഐ. ബാങ്കിൽ ജോലി ചെയ്യുന്നു.

## 290. പിങ്കി



തൊള്ളായിരത്തിൽ കുഞ്ഞച്ച ന്റേയും റോസിയുടേയും ഇളയമക ളായ പിങ്കി പത്താം ക്ലാസ് വിദ്യാർത്ഥി നിയാണ്.

## 291. സൂരജ്



തൊള്ളായിരത്തിൽ ഫ്രാൻസി യുടേയും കുഞ്ഞമ്മയുടേയും മൂത്ത മകനായ സൂരജ് ബി.എസ്സി കമ്പ്യൂ ട്ടർ സയൻസ് വിദ്യാർത്ഥിയാണ്.

## 292. റോസ്മി



തൊള്ളായിരത്തിൽ ഫ്രാൻസി യുടേയും കുഞ്ഞൂഞ്ഞമ്മയുടേയും ഏക മകളായ റോസ്മി +2 വിദ്യാർത്ഥിനിയാണ്.

## 293. ടോം



തൊള്ളായിരത്തിൽ ഫ്രാൻസിയു ടേയും കുഞ്ഞൂഞ്ഞമ്മയുടേയും ഇള യപുത്രനാണ് ടോം 10-ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 294. ജിസ്



തൊള്ളായിരത്തിൽ മോളിക്കുട്ടിയു ടേയും കിളിരൂർ ഔസേപ്പച്ചന്റേയും മൂത്ത മകനായ ജിസ് 9-ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 295. ഡിസ്



തൊള്ളായിരത്തിൽ മോളിക്കു ട്ടിയുടേയും കിളിരൂർ ഔസേപ്പച്ച ന്റേയും ഇളയമകനായ ഡിസ് 6-ാം ക്ലാസിൽ പഠിക്കുന്നു.

## 296. സന്ദേശ്



തൊള്ളായിരത്തിൽ മാത്യുച്ച ന്റേയും ആനിയമ്മയുടേയും മൂത്ത മകനാണ് സന്ദേശ്. അമേ രിക്കയിൽ ആറാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 297. മെറിൻ



തൊള്ളായിരത്തിൽ മാത്യു ച്ചന്റേയും ആനിയമ്മയുടേയും മൂത്തമകളാണ് മെറിൻ. ഒന്നാം ക്ലാസിൽ പഠിക്കുന്നു.

## 298. ദീപ



തൊള്ളായിരത്തിൽ സൂസമ്മയു ടേയും കൊഴുപ്പക്കളത്തിൽ മാത്തുക്കു ട്ടിയുടേയും മൂത്തമകളായ ദീപ 6-ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 299. ഡോണ



തൊള്ളായിരത്തിൽ സൂസമ്മയു ടേയും കൊഴുപ്പക്കളത്തിൽ മാത്തു ക്കുട്ടിയുടേയും ഇളയമകളാണ് ഡോണ.3-ാം ക്ലാസ് വിദ്യാർത്ഥിയാ ണ്.

## 300. സാവിയോ



തൊള്ളായിരത്തിൽ സിബിച്ച ന്റേയും ജസീന്തയുടേയും മൂത്തമ കനായ സാവിയോ യു.കെ.ജി. വിദ്യാർത്ഥിയാണ്.

## 301. ലീമാ



തൊള്ളായിരത്തിൽ സിബിച്ച ന്റേയും ജസീന്തയുടേയും മകൾ ലീമാ റോസ്

## 302. സിമ്മി

കളരിക്കൽ ദേവസ്യാച്ചന്റേയും ലില്ലിക്കുട്ടിയുടേയും



മൂത്ത പുത്രിയാണ് സിമ്മി. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ സിമ്മിയെ പുളിങ്കുന്ന് കൊച്ചുപാലത്തിങ്കൽ സജി വിവാഹം കഴിച്ചു. സിവിൽ എൻജിനിയറിംഗിൽ ഡിപ്ലോമ നേടിയിട്ടുള്ള സജി ചങ്ങനാശ്ശേരിയിൽ സാജ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം നടത്തിവരുന്നു. മക്കൾ. സ്നേഹ, മേഘ, ഡേവിസ്

## 303. സിന്ധു

കളരിക്കൽ ദേവസ്യാച്ചന്റേയും ലില്ലിക്കുട്ടിയുടേയും



രണ്ടാമത്തെ മകളാണ് സിന്ധു. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ സിന്ധു പിന്നെ മാമ്മൂട് ചെത്തിപ്പുഴ കുടുംബാഗമായ തങ്കച്ചൻ വിവാഹം കഴിച്ചു. റബ്ബർ ബിസിനസ്സുകാരനാണ്. മകൻ അമൽ.

## 304. സിസ്സി

കളരിക്കൽ ദേവസ്യാച്ചന്റേയും ലില്ലിക്കുട്ടിയുടേയും



മൂന്നാമത്തെ മകളാണ് സിസ്സി. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം ജർമ്മനിയിൽ നിന്നും നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ സിസ്സിയെ ചേർത്തല പഞ്ഞിക്കാരൻ കുടുംബാഗമായ ജസ്ലിൻ വിവാഹം കഴിച്ചു. ഇരുവരും ഓസ്ട്രിയായിൽ സേവനം അനുഷ്ടിക്കുന്നു. മകൻ ജന്നിഫർ.

## 305. സ്മിത



കളരിക്കൽ ദേവസ്യാച്ചന്റേയും ലില്ലിക്കുട്ടിയുടേയും ഇളയ മകളാണ് സ്മിത. കാരിത്താസ് ഹോസ്പിറ്റലിൽ ഡയറ്റീഷനായി ജോലി നോക്കുന്നു........ കുടുംബാംഗമായ ............. വിവാഹം കഴിച്ചു.

## 306. രാജു

പടിഞ്ഞാറേപ്പറമ്പിൽ ജോയിച്ചന്റേയും കുഞ്ഞമ്മയു



ടേയും ഏകമകനാണ് രാജു. മികച്ച സ്പോർട്ട്സ്മാനും സംഘാടകനുമാണ് രാജു. നിരവധി മെഡലുകൾ നേടിയുട്ടുള്ള രാജു എടത്വാ സെന്റ് അലോഷ്യസ് കോളേജിൽ ഡിഗ്രിക്ക് പഠിക്കുമ്പോൾ കോളേജ് യൂണിയൻ ചെയർമാനായിരുന്നു. ബിരുദത്തിന് ശേഷം ഷാർജയിൽ ജോലി നേടിയ രാജു ചമ്പക്കുളം മാടമ്പിത്തെ കുടുംബാഗമായ സോളിയെ വിവാഹം കഴിച്ചു ഷാർജയിൽ നേഴ്സാണ് ഷോളി. മക്കൾ റെയ്മാൻ, ആരോൺ.

## 307. കൊച്ചുറാണി

പടിഞ്ഞാറേപ്പറമ്പിൽ ജോയിച്ചന്റേയും കുഞ്ഞമ്മയു



ടേയും മൂത്തമകളാണ് കൊച്ചുറാണി. ബി.എസ്.സി. ബി.എഡ്. പാസായ കൊച്ചുറാണി മലപ്പുറത്ത് അദ്ധ്യാപികയായി സേവനം ചെയ്യുന്നു. മുട്ടാർ ചീരംവേലിൽ കുടുംബാഗമായ ബോബനാണ് ഭർത്താവ്. മക്കൾ ചിന്നു, ചിപ്പി.

## 308. ബീന

പടിഞ്ഞാറേപ്പറമ്പിൽ ജോയിച്ചന്റേയും കുഞ്ഞമ്മയു



ടേയും രണ്ടാമത്തെ മകളാണ് ബീന. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ബീനയെ ഇത്തിത്താനം അരീക്കത്തിൽ മോൻ വിവാഹം കഴിച്ചു. ബിസിനസ്സ് രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു മോൻ. മക്കൾ മോനു, മുത്ത്.

## 309. സിന്ധു

പടിഞ്ഞാറേപ്പറമ്പിൽ ജോയിച്ചന്റേയും കുഞ്ഞമ്മയു



ടേയും ഇളയമകളാണ് സിന്ധു. അദ്ധ്യാപികയായ സിന്ധുവിനെ മാവുങ്കൽ ഷാജൻ വിവാഹം കഴിച്ചു ഗൾഫിൽ ജോലിക്കാരനാണ് ഷാജൻ. മകൻ അലൻ.

## 401. അനില



വാച്ചാലിൽ തങ്കമ്മയുടേയും മാറാട്ടുകളത്തിൽ കുഞ്ഞച്ചന്റേയും മൂത്ത മകളാണ് അനില. കംപ്യൂട്ടർ വിദ്യാർത്ഥിനിയാണ്.

## 402. അനിൽ



വാച്ചാലിൽ തങ്കമ്മയുടേയും മാറാട്ടുകളത്തിൽ കുഞ്ഞച്ചന്റേയും മൂത്തമകനാണ് അനിൽ കംമ്പ്യൂട്ടർ വിദ്യാർത്ഥിയാണ് അനിൽ.

## 403. അനീഷ്



വാച്ചാലിൽ തങ്കമ്മയുടേയും മാറാട്ടുകളത്തിൽ കുഞ്ഞച്ചന്റേയും ഇളയ മകനാണ് അനീഷ്. ജർമ്മനിയിൽ വിദ്യാർഥിയാണ്.

## 404. കിരൺ



വാച്ചാലിൽ ജോസിന്റേയും ഡെയ്സിയുടേയും മൂത്ത മകനാണ് കിരൺ. ഇലക്ട്രോണിക്സിൽ സാങ്കേതിക പഠനം പൂർത്തിയാക്കിയ കിരൺ കേബിൾ നെറ്റ് വർക്കിംഗ് മേഖലയിൽ ജോലി ചെയ്യുന്നു.

## 405. അരുൺ



വാച്ചലിൽ ജോസിന്റേയും ഡെയ്സിയുടേയും രണ്ടാമത്തെ മകനാണ് അരുൺ. ഓപ്പറേഷൻ തീയറ്റർ കോഴ്സ് കഴിഞ്ഞ് കാരിത്താസ് ആശുപ്രയിൽ ഒ.ടി. ടെക്നീഷനായി ജോലി ചെയ്യുന്നു.

## 406. വരുൺ



വാച്ചാലിൽ ജോസിന്റേയും ഡയ്സിയുടേയും ഇളയമകനായ വരുൺ +2 വിദ്യാർത്ഥിയാണ്.

## 407. ജൂലിയ



വാച്ചാലിൽ മറിയക്കുട്ടിയുടേയും പുത്തൻപുര ഔസേപ്പച്ചന്റേയും മൂത്ത മകളാണ് ജൂലിയ. ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എസ്സി. കംമ്പ്യൂട്ടർ സയൻസ്സിൽ ഒന്നാം റാങ്കു നേടിയ ജൂലിയ എറണാകുളത്ത് ജോലി ചെയ്യുന്നു.

## 408. ജെറിൻ



വാച്ചാലിൽ മറിയക്കുട്ടിയുടേയും പുത്തൻപുര ഔസേപ്പച്ചന്റേയും മൂത്തമകനാണ് ജെറിൻ. എറാണാകുളം രാജഗിരി എൻജിനിയറിംഗ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥിയാണ് ജെറിൻ.

## 409. സോണിയ



വാച്ചാലിൽ സെലീന്റേയും പുത്തൻകളത്തിൽ സണ്ണിയുടേയും മൂത്തമകളാണ് സോണിയ. ജർമ്മൻ യൂണിവേഴ്സിറ്റിൽ ഡിഗ്രി വിദ്യാർത്ഥിനിയാണ് സോണിയ.

## 410. സിന്ധു



വാച്ചാലിൽ സെലീന്റേയും പുത്തൻകളത്തിൽ സണ്ണിയുടേയും രണ്ടാമത്തെ മകളാണ് സിന്ധു. ജർമ്മൻ യൂണിവേഴിസിറ്റിൽ ഡിഗ്രി വിദ്യാർത്ഥിനിയാണ് സിന്ധു.

## 411. സിസ്സി



വാച്ചാലിൽ സെലീന്റേയും പുത്തൻകളത്തിൽ സണ്ണിയുടേയും ഇളയമകളായ സിസ്സി ജർമ്മിനിയിൽ സ്കൂൾ വിദ്യാർത്ഥിനിയാണ്.

## 412. റോയി



കരിക്കംപള്ളി വാച്ചാലിൽ ജോളിയുടേയും മേഴ്സിയുടേയും മൂത്തമകനാണ് റോയി.

## 413. ആകാശ്



വാച്ചാലിൽ തെയ്യാമ്മയുടേയും അമ്പാട്ട് പയസ്സിന്റേയും മൂത്ത മകനായ ആകാശ്. ആറാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 414. മേഘ



വാച്ചാലിൽ തെയ്യാമ്മയുടേയും അമ്പാട്ട് പയസ്സിന്റേയും മൂത്തമകളായ മേഘ നാലാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 415. വർഷ



വാച്ചാലിൽ തെയ്യാമ്മയുടേയും അമ്പാട്ട് പയസ്സിന്റേയും ഇളയമകളാണ് വർഷ.

## 416. ലിജോ



തൊള്ളായിരത്തിൽ ജോമിയുടേയും ലീലാമ്മയുടേയും മൂത്തമകനായ ലിജോ നാഗർകോവിൽ എൻജിനിയറിംഗ് വിദ്യാർത്ഥിയാണ്.

## 417. മൃദുല



തൊള്ളായിരത്തിൽ ജോമിയുടേയും ലീലാമ്മയുടേയും ഏകമകളായ മൃദുല ഹൈസ്കൂൾ വിദ്യാർത്ഥിനിയാണ്.

## 418. ജസ്വിൻ



തൊള്ളായിരത്തിൽ ജോജിയുടേയും ലിസമ്മയുടേയും മൂത്ത മകനായ ജസ്വിൻ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 419. ചിപ്പി



തൊള്ളായിരത്തിൽ ജോജിയുടേയും ലിസമ്മയുടേയും ഏകമകളാണ് ചിപ്പി. 5-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 420.. ജസിയ



തൊള്ളായിരത്തിൽ ജോസ്നായുടേയും വെള്ളാപ്പള്ളി ജെയിംസ്കുട്ടിയുടേയും മൂത്തമകളായ ജസിയ. നഴ്സിംഗ് വാദ്യാർത്ഥിനിയാണ്.

## 421. ജറിൻ



തൊള്ളായിരത്തിൽ ജോസ്നായുടേയും വെള്ളാപ്പള്ളി ജെയിംസ്കുട്ടിയുടേയും മൂത്തമകനായ ജറിൻ. യു.പി.സ്കൂൾ വിദ്യാർത്ഥിയാണ്.

## 422. ജഫിൻ



തൊള്ളായിരത്തിൽ ജോസ്നായുടേയും വെള്ളാപ്പള്ളി ജെയിംസ്കുട്ടിയുടേയും ഇളയമകനാണ് ജഫിൻ. എൽ.പി സ്കൂൾ വിദ്യാർത്ഥിയാണ്.

## 423. സോനു



തൊള്ളായിരത്തിൽ ജോമോളുടേയും തയ്യിൽ ബെന്നിച്ചന്റെയും മൂത്ത മകനാണ് സോനു.

## 424. മനു



തൊള്ളായിരത്തിൽ ജോമോളുടേയും തയ്യിൽ ബെന്നിച്ചന്റേയും രണ്ടാമത്തെ പുത്രനാണ് മനു.

## 425. ജൂ. കിത്ത്

തൊള്ളായിരത്തിൽ ലിസമ്മയുടേയും കിത്തിന്റേയും മകനാണ് കിത്ത്.

## 426. നോയൽ



ഇലഞ്ഞിക്കൽ ഷാജു ജസ്സി ദമ്പതികളുടെ മൂത്തമകനായ നോയൽ കളമശ്ശേരി രാജഗിരി സ്കൂളിൽ 6-ാം ക്ലാസ്സിൽ പഠിക്കുന്നു.

## 427. എത്സ



ഇലഞ്ഞിക്കൽ ഷാജു ജസ്സി ദമ്പതികളുടെ മൂത്ത മകളാണ് എത്സ. കളമശ്ശേരി രാജഗിരി സ്കൂളിൽ 4-ാം ക്ലാസിൽ പഠിക്കുന്നു.

## 428. ട്രീസാ



തെങ്ങുംമൂട്ടിൽ ജോണിയുടേയും ലൈനിയുടേയും മൂത്ത മകളാണ് ട്രീസാ. കോട്ടയം ലൂർദ്ദ് സ്കൂളിൽ യു.കെ.ജി യിൽ പഠിക്കുന്നു.

## 429. ജോയേൽ



തെങ്ങുംമൂട്ടിൽ ജോണിയുടേയും ലൈനിയുടേയും മൂത്തമകനാണ് ജോയേൽ.

## 430. മീര



കിഴക്കേമുട്ടം ആൻസി സാബു ദമ്പതികളുടെ മകൾ മീര.

## 431. അപ്പു



കിഴക്കേമുട്ടം ലിൻസി സാജൻ ദമ്പതികളുടെ മകൻ അപ്പു

## 432 . ഔസ



കിഴക്കേമുട്ടം ലിൻസി സാജൻ ദമ്പതികളുടെ മകൻ ഔസ

## 433. ഉണ്ണി



കിഴക്കേമുട്ടം ജോൺസിയുടേയും സിന്ധ്യായുടേയും മകൻ ഉണ്ണി

## 434. മെർളിൻ



ശീവേലിത്ര ഷേർളി മോൻസി ദമ്പതികളുടെ മൂത്ത മകൾ മെർളിൻ 3-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 435. മെലീസ



ശീവേലിത്ര ഷേർളി മോൻസി ദമ്പതികളുടെ രണ്ടാമത്തെ പുത്രിയാണ് മെലീസ.

## 436. ഏഞ്ചൽ



ശീവേലിത്ര ഷോയിയുടേയും റാണിയുടേയും മൂത്ത പുത്രിയാണ് ഏഞ്ചൽ..

## 437. എമിലിൻ



ശീവേലിത്ര ഷോയിയുടേയും റാണിയുടേയും രണ്ടാമത്തെ പുത്രിയാണ് എമിലിൻ.

## 438. ആൽവിൻ



ശീവേലിത്ര ഷെണി തോമസ് ദമ്പതികളുടെ മൂത്ത മകനാണ് ആൽവിൻ.

## 439. ആൻസൺ



ശീവേലിത്ര ഷെണി തോമസ് ദമ്പതികളുടെ മകനാണ് ആൻസൺ.

## 440. ചാക്കോച്ചൻ



ശീവേലിത്ര ഷീജാ ഓച്ചപ്പൻ ദമ്പതികളുടെ മൂത്ത മകനാണ് ചാക്കോച്ചൻ.

## 441. ജൂഡിത്ത്



കരിക്കംപള്ളിൽ ജീനോയുടേയും ജീമോളുടേയും മൂത്തമകളാണ് ജൂഡിത്ത്. എൽ.കെ.ജി.യിൽ പഠിക്കുന്നു.

## *442. കുര്യൻ*



കരിക്കംപള്ളി ബീനോ ബിനു ദമ്പതികളുടെ മൂത്ത മകനാണ് കുര്യൻ.

## 443. അമൽ



കരിക്കംപള്ളി റീനോ ഷിജു ദമ്പതികളുടെ മൂത്ത മകനാണ് അമൽ.

## 444. ആൻ



കരിക്കംപള്ളി റീനോ ഷിജു ദമ്പതികളുടെ മകളാണ് ആൻ.

## 445...

തൊള്ളായിരത്തിൽ സാജിയുടേയും മാത്യുവിന്റേയും മകൻ.

## 446. സ്നേഹ



കളരിക്കൽ സിമ്മി സജി ദമ്പതികളുടെ മകൾ സ്നേഹ ഏഴാം ക്ലാസിൽ പഠിക്കുന്നു.

## 447. മേഘ



കളരിക്കൽ സിമ്മി സജി ദമ്പതികളുടെ മകൾ മേഘ ഒന്നാം ക്ലാസിൽ പഠിക്കുന്നു

## 448. ഡേവിസ്



കളരിക്കൽ സിമ്മി സജി ദമ്പതികളുടെ മകനാണ് ഡേവിസ്.

## 449. അമൽ



കളരിക്കൽ സിന്ധു തങ്കച്ചൻ ദമ്പതികളുടെ മകൻ അമൽ രണ്ടാം ക്ലാസിൽ പഠിക്കുന്നു.

## 450. ജന്നിഫർ



കളരിക്കൽ സിസ്സി ജസ്ലിൻ ദമ്പതികളുടെ മകളാണ് ജന്നിഫർ.

## 451. റെയ്മൺ



പടിഞ്ഞാറേപറമ്പ് രാജു സോളി ദമ്പതികളുടെ മകൻ റെയ്മൺ.

## 452. ആരോൺ



പടിഞ്ഞാറേപറമ്പ് രാജു സോളി ദമ്പതികളുടെ മകൻ ആരോൺ.

## 453. ചിന്നു



പടിഞ്ഞാറേപറമ്പ് കൊച്ചുറാണി ബോബൻ ദമ്പതികളുടേ മകൾ ചിന്നു.

## 454. ചിപ്പി



പടിഞ്ഞാറേപറമ്പ് കൊച്ചുറാണി ബോബൻ ദമ്പതികളുടേ മകൾ ചിപ്പി.

## 455. മോനു



പടിഞ്ഞാറേപറമ്പ് ബീന മോൻ ദമ്പതികളുടെ മകൻ മോനു

## 456. മുത്ത്



പടിഞ്ഞാറേപറമ്പ് ബീന മോൻ ദമ്പതികളുടെ മകൻ മുത്ത്

## 457. അലൻ



പടിഞ്ഞാറേപറമ്പ് സിന്ധു ഷാജൻ ദമ്പതികളുടെ മകൻ അലൻ

## പാവനസ്മരണയ്ക്ക്



**ഔതച്ചൻ** **ക്ലാരമ്മ (അമ്മ)**

**വാച്ചാലിൽ, കരിക്കംപള്ളി, ചെക്കിടിക്കാട്**



**മാർഗരറ്റ് (അമ്മായി)**

**വാച്ചാലിൽ, കരിക്കംപള്ളി, ചെക്കിടിക്കാട്**

## പാവനസ്മരണയ്ക്ക്



**ടി.വി. ചാക്കോ B.A. L.T.** **കുഞ്ഞമ്മ**

**(റിട്ട. ഹെഡ്മാസ്റ്റർ)**

**കരിക്കംപള്ളി, തൊള്ളായിരത്തിൽ, എടത്വ**

# പാവനസ്മരണയ്ക്ക്



**ടി. വി. ദേവസ്യാ**

കരിക്കംപള്ളി, തൊള്ളായിരത്തിൽ, ചെക്കിടിക്കാട്



**ജോയിച്ചൻ**

കരിക്കംപള്ളി, തൊള്ളായിരത്തിൽ, ഒറീസ

Best compliments from:

# MADONA SPLINTS INDUSTRIES

## Athirampuzha

## Kottayam

Best compliments from:

# ST. GEORGE AUTOMOBILES

## Main Road, Erattupetta

*Best Compliments from:*

***We undertake***

***Erection, Testing & Commissioning of Protective Relays, L.T. H.T & E.H.T Equipment in Substations & Power plants***

# M.N.S. ASSOCIATES

**CONSULTING ENGINEERS & CONTRACTORS**

**657/111 Thrikkakara P.O., Navajyothi,**
**Convent Junction, M.E.C. Road, Kochi - 682 021**
**Ph: 0484 425221, Mobile 9846085431**
**Fax: 0484 540108**
**Email:mns99@hotmail.com, www.mnsassociates.com**

**Managed by**
**Qualified & Experienced Engineers**

# കരിക്കംപള്ളിൽ ഇലഞ്ഞിപ്പറമ്പ് കുടുംബം തലമുറകളിലൂടെ



# കരിക്കംപള്ളിൽ ഇലഞ്ഞിപ്പറമ്പ് കുടുംബം തലമുറകളിലൂടെ

101. മറിയാമ്മ തോമസ് (കുഞ്ഞച്ചൻ) പടിഞ്ഞാറേ നെല്ലുവേലി
102. ജയിംസ് (പാപ്പച്ചൻ) ജോസഫ് ഇലഞ്ഞിപ്പറമ്പ് വേഴപ്ര, ചെക്കിടിക്കാട്
103. ത്രേസ്യാമ്മ ഐസക്ക് മുളയ്ക്കൽ, തൈക്കാട്ടുശ്ശേരി, ചേർത്തല
104. വത്സമ്മ തോമസ്, കുന്നുംപുറത്ത്, ചേർത്തല
105. തോമ്മാച്ചൻ ജോസഫ്, ഇലഞ്ഞിക്കൽ, ചെക്കിടിക്കാട്
106. ലിസമ്മ തോമസ്, നേര്യംപറമ്പ് തുരുത്തി
107. ജോയിച്ചൻ വർക്കി (തൊമ്മിക്കുഞ്ഞ്) കരിക്കംപള്ളി
108. ജയിംസ്കുട്ടി വർക്കി (തൊമ്മിക്കുഞ്ഞ്) കരിക്കംപള്ളി, തൃക്കാക്കര
109. ജേക്കബ് സെബാസ്റ്റ്യൻ, കരിക്കംപള്ളി, പുത്തൻവീട്
110. ജോൺസൺ സെബാസ്റ്റ്യൻ, കരിക്കംപള്ളി, പുത്തൻവീട്, മുബൈ

201. മാത്തുക്കുട്ടി തോമസ് പടിഞ്ഞാറേ നെല്ലുവേലി, വേഴപ്ര
202. ആനിമ്മ ജോണി മറ്റത്തിൽ, മാനുള്ളിൽ, കുറവിലങ്ങാട്
203. തങ്കച്ചൻ തോമസ് പടിഞ്ഞാറേ നെല്ലുവേലി, വേഴപ്ര
204. ജോയിച്ചൻ തോമസ് പടിഞ്ഞാറേ നെല്ലുവേലി, വേഴപ്ര
205. സാലിമ്മ ടോമിച്ചൻ, പാലയ്ക്കൽ, ചേന്നംങ്കരി
206. ജിജിമോൻ തോമസ് പടിഞ്ഞാറേ നെല്ലുവേലി, വേഴപ്ര
207. ചാക്കേച്ചൻ തോമസ് പടിഞ്ഞാറേ നെല്ലുവേലി, വേഴപ്ര
208. നാൻസി സുനിൽ കുര്യാളശ്ശേരി, ചമ്പക്കുളം
209. മിനി തോമസ് കുര്യാളശ്ശേരി, ചമ്പക്കുളം
210. ജോമോൻ ജയിംസ് ഇലഞ്ഞിപ്പറമ്പ്
211. ജിമ്മി ജയിംസ് ഇലഞ്ഞിപ്പറമ്പ്
212. ജസി ചാക്കോ കൊളപ്പൻപറമ്പ് ഉഴുവാ, ചേർത്തല
213. ജിജി അനിൽ മലിയിൽ, ആർപ്പൂക്കര
214. ജോമി ഐസക്ക് മുളയ്ക്കൽ, തൈക്കാട്ടുശ്ശേരി
215. ബ്ലസി വർഗീസ്, പൂനുള്ളിൽ, ഇടപ്പള്ളി
216. ബ്ലൂബൽ തോമസ് (സിസ്റ്റർ) കുന്നുംപുറം, ചേർത്തല
217. രമ്യ തോമസ്, കുന്നുംപുറം, ചേർത്തല
218. ജേക്കബ് തോമസ്, ഇലഞ്ഞിക്കൽ, ചെക്കിടിക്കാട്
219. എവുസേബിയോസ് (എബി) ഇലഞ്ഞിക്കൽ
220. എൽസമ്മ തോമസ് ഇലഞ്ഞിക്കൽ, ചെക്കിടിക്കാട്
221. ട്രീസാ തോമസ് ഇല്ലിപ്പറമ്പിൽ, ആലപ്പുഴ
222. റ്റീനാ ജോൺസൺ കാച്ചിപ്പള്ളി, ചമ്പന്നൂർ
223. സ്മിതാ ജോയ്സൺ കരിക്കംപള്ളിൽ
224. റോഷൻ ജോയ്സൺ കരിക്കംപള്ളിൽ
225. മെറീനാ ജോയ്സൺ കരിക്കംപള്ളിൽ
226. ജോജോ ജെയിംസൺ, കരിക്കംപള്ളിൽ, തൃക്കാക്കര
227. ജാസ്മിൻ ജെയിംസൺ, കരിക്കംപള്ളിൽ, തൃക്കാക്കര
228. റോസ് ജേക്കബ് പുത്തൻവീട്, ചെക്കിടിക്കാട്
229. അന്ന ജേക്കബ് പുത്തൻവീട്, ചെക്കിടിക്കാട്
230. സെബിൻ ജോൺസൺ, കരിക്കംപള്ളിൽ (മുബൈ) പുത്തൻവീട്

401. കിഷോർ മാത്യു, പടിഞ്ഞാറേ നെല്ലുവേലിൽ
402. കിരൺ മാത്യു, പടിഞ്ഞാറേ നെല്ലുവേലിൽ
403. അലൻ മാത്യു, പടിഞ്ഞാറേ നെല്ലുവേലിൽ
404. സീമാ ജോണി, മറ്റത്തിൽ മാനുള്ളിൽ, കുറവിലങ്ങാട്
405. ബോൻസാ ജോണി, മറ്റത്തിൽ മാനുള്ളിൽ, കുറവിലങ്ങാട്
406. ആൽവിൻ ജോസഫ്, പടിഞ്ഞാറേ നെല്ലുവേലിൽ, വേഴപ്ര
407. അലിനാ ജോസഫ്, പടിഞ്ഞാറേ നെല്ലുവേലിൽ, വേഴപ്ര
408. ജിത്തു ടോമി, പാലയ്ക്കൽ, ചേന്നംങ്കരി
409. നീനു ടോമി, പാലയ്ക്കൽ, ചേന്നംങ്കരി
410. അലൻ തോമസ് കുര്യാളശ്ശേരി, അമ്പ്യായം. ചമ്പക്കുളം
411. അലക്സ് തോമസ് കുര്യാളശ്ശേരി, അമ്പ്യായം, ചമ്പക്കുളം
412. ജയിംസ് ജോമോൻ ഇലഞ്ഞിപ്പറമ്പ്
413. അർച്ചന ചാക്കോ, കൊളപ്പൻപ്പറമ്പ് ഉഴുവാ, ചേർത്തല
414. അഭിഷേക് ചാക്കേ, കൊളപ്പൻപ്പറമ്പ് ഉഴുവാ, ചേർത്തല
415. അമൽ ചാക്കോ, കൊളപ്പൻപ്പറമ്പ് ഉഴുവാ, ചേർത്തല
416. ജോസഫ് അനിൽ മാലിയിൽ ആർപ്പൂക്കര
417. ആനി തോമസ്, ഇല്ലിപ്പറമ്പ്, ആലപ്പുഴ
418. പോൾ ജോൺസൺ കാച്ചിപ്പള്ളി, ചെമ്പന്നൂർ, അങ്കമാലി

## ചാക്കോ ഇലഞ്ഞിപ്പറമ്പ്

കളപ്പുരയ്ക്കൽ ഔസേപ്പിന്റെയും ഇത്തിത്താനം



ചക്കുവായിൽ കത്രീനയുടേയും മൂന്നാമത്തെ മകനാണ് ചാക്കോ. മിതഭാഷിയും സഹോദരസ്നേഹവുമുള്ളവനുമായ ചാക്കോ വൈദീകപഠനത്തിനു പോയെങ്കിലും പൂർത്തീകരിച്ചില്ല. എടത്വാ പീടികയിൽ അന്നമ്മയെ വിവാഹം ചെയ്തു. അന്നമ്മയുടെ അകാലചരമത്തെ തുടർന്ന് മിത്രക്കരി പുന്നമൂട്ടിൽ റോസമ്മയെ വിവാഹം ചെയ്തു. കുട്ടപ്പൻ,തൊമ്മക്കുഞ്ഞ്,ദേവസ്യാച്ചൻ എന്നിവർ മക്കളാണ്. കർശനമായ സാമ്പത്തിക അച്ചടക്കം ജീവതത്തിലുടനീളം പുലർത്തുവാൻ കഴിഞ്ഞ വ്യക്തിയാണ് ചക്കോ. സഹോദർന്മാർക്ക് മികച്ച വിദ്യാഭ്യാസത്തിന് പ്രോത്സാഹനവും സാമ്പത്തിക സഹായവും നിർലോഭമായി നൽകുന്നതിന് പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. 1923 മാർച്ച് മാസം 31-ാം തീയതി ചാക്കോയും 1964 ഫെബ്രുവരി 3-ാം തീയതി ഭാര്യ റോസമ്മയും പൂർവ്വപിതാക്കന്മാർക്കൊപ്പം ചേരുവാൻ യാത്രയായി.

### 1. കുട്ടപ്പൻ (ജോസഫ്)

ഇലഞ്ഞിപറമ്പിൽ ചാക്കോച്ചന്റേയും മിത്രക്കരി പുന്നമൂട്ടിൽ റോസമ്മയുടേയും മൂത്ത പുത്രനാണ് ചാക്കോ ജോസഫ് എന്ന കുട്ടപ്പൻ. ജനനം 1910 നവംബർ 14. പ്രമുഖ കർഷകൻ, പാടശേഖര കമ്മറ്റി കൺവീനർ, പച്ച-ചെക്കിടിക്കാട് ലൂർദ്ദ്മാതാപള്ളി ട്രസ്റ്റി, പച്ച-ചെക്കിടിക്കാട് പള്ളിയുടെ സിൽവർ ജൂബിലി ആഘോഷ കമ്മറ്റിയുടെ കൺവീനർ, ഇ. ജോൺ ജേക്കബ് എം.എൽ.എ നയിച്ച കർഷക സമരസമിതിയുടെ തകഴി പഞ്ചായത്ത് കമ്മറ്റി കൺവീനർ എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു കുട്ടപ്പൻ. സംസ്കൃത ഭാഷയിൽ പാണ്ഡിത്യമുണ്ടായിരുന്ന കുട്ടപ്പൻ കഥാപ്രസംഗം, കഥകളി എന്നീ കലകളിൽ തികഞ്ഞ ആസ്വാദകനായിരുന്നു. നന്നെ ചെറുപ്പത്തിലേ അപ്പൻ മരിച്ചതിനാൽ പിതൃസ്ഥാനത്തുനിന്ന് അനുജന്മാരെ വളർത്തി വലുതാക്കിയ സഹോദരസ്നേഹത്തിന്റെ മാതൃകകൂടിയായ കുട്ടപ്പൻ നല്ല കുടുംബസ്നേഹിയും ധാരാളം



സുഹൃത്ത് ബന്ധങ്ങളുടെ ഉടമയും കൂടിയാണ്. ഭാര്യ: ഏലിയാമ്മ (കുഞ്ഞമ്മ) തായങ്കരി പാലപ്പറമ്പിൽ കുടുംബാംഗം. മക്കൾ: മറിയമ്മ, പാപ്പച്ചൻ, ത്രേസ്യാമ്മ, വത്സമ്മ, തോമ്മാച്ചൻ, ലിസമ്മ. 1996 ജൂലൈ 30-ാം തീയതി ചാക്കോ ജോസഫ് കർത്താവിൽ നിദ്രപ്രാപിച്ചു.

### 2.വർക്കി (തൊമ്മിക്കുഞ്ഞ്)

ഇലഞ്ഞിപ്പറമ്പിൽ ചാക്കോച്ചന്റെയും -റോസമ്മയുടെയും രണ്ടാമത്തെ പുത്രനാണ് 1914 ൽ ഭൂജാതനായ തൊമ്മിക്കുഞ്ഞ്. ചമ്പക്കുളം വേലംകളം കുടുംബാംഗമായ ത്രേസ്യാമ്മയെ ജീവിത സഖിയാക്കി. കാലഘട്ടത്തിന്റെ മാറ്റങ്ങളെ ഉൾകൊള്ളുവാനും അതനുസരിച്ച് ജീവിത ശൈലി സ്വീകരിക്കുവാനും കഴിഞ്ഞ തൊമ്മിക്കുഞ്ഞ് ഭൂസ്വത്തുക്കൾ സമ്പാദിക്കുവാനും അതുവഴി ശക്തമായ സാമ്പത്തിക അടിത്തറ കുടുംബത്തിന് ഉണ്ടാക്കുവാനും പരിശ്രമിച്ച് വിജയിച്ച ആളാണ്. പച്ച-ചെക്കിടിക്കാട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ്, കുട്ടനാടൻ കർഷസംഘം ബോർഡുമെംബർ, എടത്വാപള്ളിയുടേയും പച്ച-ചെക്കിടിക്കാട്ട് പള്ളിയുടേയും ട്രസ്റ്റി, എടത്വാ കോളേജിന്റെ ഭരണനിർവഹണ സമിതി അംഗം എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ച്ചവയ്ക്കുവാൻ തൊമ്മിക്കുഞ്ഞിനു കഴിഞ്ഞു.1956 മുതൽ 2002 ജൂലൈ 1 ന് ഭൗതീകദേഹം വെടിയുന്നതിവരെ കരിക്കംപള്ളി മൂലകുടംബത്തിൽ താമസിക്കുന്നതിന് ഭാഗ്യം സിദ്ധിച്ച ആളാണ് തൊമ്മിക്കുഞ്ഞ്. മക്കൾ: ജോയിച്ചനും, ജെയിംസുകുട്ടി.



### 3.ദേവസ്യാച്ചൻ

ഇലഞ്ഞിപറമ്പിൽ ചാക്കോച്ചന്റെയും -റോസമ്മയുടെയും ഇളയപുത്രനായി 1918 ൽ ദേവസ്യാച്ചൻ ജനിച്ചു. കാർഷികജീവിതത്തിൽ ആനന്ദം കണ്ടെത്തുന്ന ദേവസ്യാച്ചൻ നിരന്തരം ഉള്ള വായനയിലൂടെ നേടിയെടുക്കുന്ന അറിവുകൾ മറ്റുള്ളവരുമായി പങ്കു വയ്ക്കുന്നതിൽ ഉത്സുകനാണ്. ദേവസ്യാച്ചന്റെ വീക്ഷണങ്ങളും അഭിപ്രായങ്ങളും വെട്ടിത്തുറന്നു പറയുമ്പോൾ കുടുംബത്തിലെ ഏറ്റവും പ്രായംചെന്ന ആൾ എന്ന നിലയിൽ അത് ശ്രദ്ധിക്കപ്പെടുന്നു. പച്ച കോലത്തുപുരയ്ക്കൽ കുടുംബാംഗമായ റോസമ്മയാണ് സഹധർമ്മിണി. മക്കൾ ജേക്കബ്, ജോൺസൺ. 1996 ഒക്ടോബർ 1 ന് റോസമ്മ സ്വർഗ്ഗകവാടത്തിലേയ്ക്ക് യാത്രയായി.



## 101. മറിയാമ്മ തോമസ്

കരിക്കംപള്ളി ഇലഞ്ഞിപ്പറമ്പിൽ കുട്ടപ്പന്റെയും



ഏലിയാമ്മയുടെയും മൂത്ത മകൾ മറിയാമ്മ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം വേഴപ്ര പടിഞ്ഞാറെ നെല്ലിവേലി മാത്തൻ തോമ്മസ് (കുഞ്ഞച്ചൻ) വിവാഹം ചെയ്തു. ആർമി മെഡിക്കൽ കോറിൽ 25 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം വിരമിച്ച കുഞ്ഞച്ചൻ കൃഷികാര്യങ്ങളിൽ മേൽനോട്ടം വഹിച്ചുകഴിയവെ 2000-ാമാണ്ടിൽ കർത്താവിൽ നിദ്രപ്രാപിച്ചു. മക്കൾ: മാത്യു, ആനി, തങ്കച്ചൻ, ജോയിച്ചൻ, സാലിമ്മ, ജിജുമോൻ, ചാക്കോച്ചൻ, നാൻസി.

## 102. ജയിംസ് ജോസഫ് (പാപ്പച്ചൻ)

ഇലഞ്ഞിപ്പറമ്പിൽ കുട്ടപ്പന്റെയും ഏലിയാമ്മയു



ടെയും മൂത്തപുത്രനാണ പാപ്പച്ചൻ. ഹൈസ്കൂൾ വിദ്യാഭ്യാസ കാലത്ത് "വരിക വരിക സഹജരേ സഹന സമര സമയമായ്" എന്ന തുടങ്ങുന്ന സ്വാതന്ത്ര്യസമര മന്ത്രത്തിൽ ആകൃഷ്ടനായി ദേശീയ സ്വാതന്ത്ര്യ സമരത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിഞ്ഞു. ദീപിക DCL ലീഡർ, ഓർഗനൈസർ, ക്യാമ്പ മാസ്റ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പൊതുപ്രവർത്തനം ആരംഭിച്ച ജയിംസ് ജെ. ഇലഞ്ഞിപ്പറമ്പിൽ എന്ന പേരിൽ അക്കാലക്കട്ടങ്ങളിൽ കുട്ടികളുടെ ദീപിക, കർമ്മലകുസുമം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ എഴുതിയ ലേഖനങ്ങൾ അനുവാചക ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. വേഴപ്ര നടുച്ചിറയിൽ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. മക്കൾ മിനിമോൾ, ജോമോൾ, ജിമ്മിച്ചൻ.

## 103. ത്രേസ്യാമ്മ ഐസക്ക്

ഇലഞ്ഞിപ്പറമ്പിൽ കുട്ടപ്പന്റെയും ഏലിയാമ്മയു



ടെയും രണ്ടാമത്തെ മകളായ ത്രേസ്യാമ്മ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം വളവി കുടുംബാംഗവും ഇപ്പോൾ തൈയ്ക്കാട്ടുശ്ശേരി മുളയ്ക്കൽ താമസമാക്കിയ ഐസക്ക് വിവാഹം ചെയ്തു. കേരള പി.ഡബ്ല്യു.ഡി.യിൽ സൂപ്രണ്ടായിരുന്നു ഐസക് 1995-ൽ വിരമിച്ചു. മക്കൾ ജസ്സി, ജിജി, ജോമി.

## 104. വത്സമ്മ തോമസ്

ഇലഞ്ഞിപ്പറമ്പിൽ കുട്ടപ്പന്റെയും ഏലിയാമ്മയു



ടെയും മക്കളിൽ നാലാമത്തെ പുത്രിയാണ് വത്സമ്മ. ചികിത്സാ നൈപുണ്യം കൊണ്ട് ഹോമിയോപ്പതിയിൽ ശ്രദ്ധേയയായ വത്സമ്മയെ ചേർത്തല കുന്നുംപുറത്ത് തോമസാണ് വിവാഹം ചെയ്തത്. തേവര എസ്.എച്ച്. കോളജിലെ ജന്തുശാസ്ത്രം വിഭാഗം മേധാവിയും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ബിരുദാനന്തര ബിരുദ ബോർഡ് അംഗവും ആയ പ്രൊഫ. കെ.ഇ. തോമസ്, മുപ്പതോളം ശാസ്ത്രലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറ്റവും നല്ല പ്രസിദ്ധീകരണത്തിനുള്ള ഡോക്ടർ ഡാൻ തോട്ടക്കര അവാർഡ് 2001-ൽ പ്രൊഫ തോമസിന് ലഭിച്ചിട്ടുണ്ട്. സ്തുത്യർഹമായ അദ്ധ്യാപക സേവനരംഗത്തുനിന്നും വിരമിച്ച പ്രൊഫ. തോമസ് ചേർത്തലയിൽ ബയോസ് കോച്ചിംഗ് സെന്റർ നടത്തുന്നു. മക്കൾ ബ്ലസ്സി, ബ്ലുബെൽ, രമ്യ എന്നിവരാണ്.

## 105. തോമസ് ജോസഫ് (തോമ്മാച്ചൻ)

ഇലഞ്ഞിപ്പറമ്പിൽ കുട്ടപ്പന്റെയും എലിയാമ്മയു



ടെയും ഇളയമകൻ കോളജ് വിദ്യാഭ്യാസത്തിനുശേഷം കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നതോടൊപ്പം രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. കേരള കോൺഗ്രസ് (ജേക്കബ്) തകഴി മണ്ഡലം പ്രസിഡന്റ്, ജില്ലാ കമ്മറ്റി മെമ്പർ, തകഴി കൃഷിഭവൻ അഡ്വൈസറി കമ്മറ്റി അംഗം, തകഴി ഗ്രാമപഞ്ചായത്ത് സെക്ടറൽ കമ്മറ്റി അംഗം, യു.ഡി.എഫ്. ഏകോപന സമിതി വൈസ് ചെയർമാൻ, പാടശേഖരം ഭരണസമിതിയംഗം, പച്ച-ചെക്കിടികാട് വായനശാല ഭരണസമിതി വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ പ്ലെസ്മെന്റ് സെയിൽസ് & സർവീസസ് കമ്പനിയിൽ ഇൻസ്പെക്ടറായി പ്രവർത്തിക്കുന്നു. എടത്വാപള്ളി പെരുന്നാൾ കമ്മറ്റി ഭാരവാഹിയായും, പച്ച-ചെക്കിടിക്കാട് ലൂർദ്മാതാ പള്ളി കമ്മറ്റിയംഗമായും, പച്ച-ചെക്കിടിക്കാട് മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി ഭരണസമിതി അംഗമായും തോമസ് ജോസഫ് പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ റോസമ്മ ബി.കോം., ചമ്പക്കുളം വൈപ്പംമഠം കുടുംബാംഗം. മക്കൾ ജേക്കബ്, എബി, എൽസ.

## 106. ലിസമ്മ തോമസ്



ഇലഞ്ഞിപ്പറമ്പിൽ കുട്ടപ്പന്റെയും ഏലിയാമ്മയുടെയും അഞ്ചാമത്തെ മക്കളിൽ ഇരട്ടകളിൽ ഇളയയാളായ ലിസമ്മ ചങ്ങനാശ്ശേരി തുരുത്തിയിൽ നേര്യംപറമ്പിൽ തോമ്മാച്ചൻ വിവാഹം ചെയ്തു. ബിസിനസ് രംഗത്ത് സ്വതസിദ്ധമായ വൈഭവംകൊണ്ട് ശ്രദ്ധേയനായ വ്യക്തിയാണ് തോമ്മാച്ചൻ. ഇപ്പോൾ ബോംബെഡൈയിംഗ് ചങ്ങനാശ്ശേരി ഷോറൂമിൽ മാനേജരാണ്.

## 107. ജോയിച്ചൻ വർക്കി(ജോയിസൺ)



കരിക്കംപള്ളിൽ ഇലഞ്ഞിപ്പറമ്പിൽ തൊമ്മിക്കുഞ്ഞിന്റെയും ചമ്പക്കുളം വേലംകളം ത്രേസ്യാമ്മയുടെയും മൂത്തമകനായ ജോയിച്ചൻ. ചങ്ങനാശേരി സെന്റ് ബർക്ക്മൻസ് കോളജിൽ നിന്ന് ഊർജതന്ത്രത്തിൽ ബിരുദം നേടിയശേഷം മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ നിന്ന് B.Ed പരിശീലനം പൂർത്തിയാക്കി. തുടർന്ന് കൈനകരി സെന്റ് മേരീസ് ഹൈസ്കൂളിൽ 1964 ൽ അധ്യാപകനായി നിയമിതനായി. 1966 ൽ എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂളിലേക്ക് മാറ്റം ലഭിക്കുകയും 1990 വരെ അധ്യാപകനായി അവിടെ തുടരുകയും ചെയ്തു. 1990 ജൂൺ മാസത്തിൽ തത്തംപള്ളി സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽ പ്രഥമാധ്യാപകനായി. 1993 മുതൽ 1995 വരെ എടത്വാ സെന്റ് അലോഷ്യസ് ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായും 1995 മുതൽ 1997 വരെ മുട്ടാർ സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിച്ചു. 1997 മാർച്ച് 31 ന് റിട്ടയർ ചെയ്തു. എടത്വാസെന്റ് അലോഷ്യസ് ഹൈസ്കൂളിന്റെ ശതാബ്ദി ആഘോഷം 1994 - 95 വർഷം നടന്നു. ശതാബ്ദി ആഘോഷവേളയിൽ കരിക്കംപള്ളി കുടുംബത്തിൽ നിന്നുമുള്ള കെ.വി ജോയിസൺ, ഹെഡ്മാസ്റ്ററായി ഇരുന്നുകൊണ്ട് ശതാബ്ദി ആഘോഷങ്ങൾക്ക് നേതൃത്വം നൽകുവാൻ കഴിഞ്ഞതും കുടുംബാംഗങ്ങൾക്ക് വളരെയേറെ അഭിമാനാർഹമായ വസ്തുതയാണ്. ഭാര്യ - റോസമ്മ (അമ്മിണിക്കുട്ടി) മഠത്തിപ്പറമ്പിൽ ചങ്ങനാശേരി. മക്കൾ: ട്രീസാ, റ്റീനാ, സ്മിത, റോഷൻ, മെറിനാ.

## 108. ജയിംസ്കുട്ടി വർക്കി (ജയിംസൺ)



കരിക്കംപള്ളിൽ ഇലഞ്ഞിപ്പറമ്പിൽ തൊമ്മിക്കുഞ്ഞിന്റെയും ചമ്പക്കുളം വേലംകളം ത്രേസ്യാമ്മയുടെയും ഇളയ പുത്രനായ ജയിംസ്കുട്ടി ആലപ്പുഴ കാർമൽ പോളിടെക്നിക്കിൽനിന്നും ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ ഡിപ്ലോമ നേടിയശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ശബരിഗിരി പവർ സ്റ്റേഷനിൽ 1966-ൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് പള്ളം, കളമശ്ശേരി ട്രാൻസ്മിഷൻ ഡിവിഷനുകളിലും, മൂലമറ്റം പവർ ജനറഷൻ ഡിവിഷൻ, കോഴിക്കോട് മീറ്റർ ടെസ്റ്റിംഗ് ഡിവിഷൻ എന്നിവിടങ്ങളിലും സ്തുത്യർഹമായ സേവനത്തിനുശേഷം 1999 ൽ കളമശ്ശേരി ഇലക്ട്രിക്കൽ ഡിവിഷനിൽനിന്നും അസി. എക്സി. എൻജിനീയറായി വിരമിച്ചു. തികഞ്ഞ കുടുംബസ്നേഹിയും പരോപകാരിയുമായ ജയിംസുകുട്ടി എറണാകുളം തൃക്കാക്കരയിൽ മോഡൽ എൻജിനീയറിംഗ് കോളജിനു സമീപം സകുടുംബം കഴിയുന്നു. കറുകച്ചാൽ പനയംപാല തായപ്രയിൽ കാട്ടുകുന്നേൽ എൽസമ്മയാണ് ഭാര്യ. മക്കൾ ജോജോ, ജാസ്മിൻ.

## 109. ജേക്കബ് സെബാസ്റ്റ്യൻ



ഇലഞ്ഞിപ്പറമ്പിൽ ദേവസ്യാ -റോസമ്മ ദമ്പതികളുടെ മൂത്തപുത്രൻ ജേക്കബ് എന്ന കുഞ്ഞുകുഞ്ഞ് 1954-ൽ ജനിച്ചു. സാങ്കേതിക വിദ്യാഭ്യാസത്തിൽ പ്രാവീണ്യം നേടി, മെക്കാനിക്കൽ ചാർജ്മാനായി ദീർഘകാലം ഇറാക്കിൽ ജോലി ചെയ്തു. കാർഷിക കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിലെ പാരമ്പര്യ കൃഷിരീതികളിൽ നിന്ന് വ്യത്യസ്തമായി നൂതനമായ ഒരു ശൈലി സ്വീകരിച്ച കർഷകപ്രമുഖനാണ് കുഞ്ഞൂഞ്ഞ്. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ നൂതന ജൈവകൃഷിരീതിവികസിപ്പിച്ച് ജൈവകർഷകസമിതിയുടെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞ വ്യക്തിയാണ്. ജൈവകൃഷിയുടെ കുട്ടനാട്ടിലെ സമാരംഭകൻ എന്ന ഖ്യാതി ദൃശ്യ-ശ്രാവ്യ-മാധ്യമങ്ങൾ ഏറെ പുകഴ്ത്തിയിട്ടുണ്ട് ജൈവകാർഷിക രീതിയുടെ കേരളത്തിലെ ഉപജ്ഞാതാക്കളിൽ വ്യത്യസ്തനും ശ്രദ്ധേയനുമായ ശ്രീ കുഞ്ഞുകുഞ്ഞിന് ജൈവകർഷക സമിതി 2001 ൽ അവാർഡു നൽകി ആദരിച്ചു. രാസവളങ്ങളിൽ നിന്നും കീടനാശിനികളിൽനിന്നും വിമുക്തമായ കുട്ടനാടൻ കാർഷിക മേഖലയ്ക്ക് വേണ്ടി പരീക്ഷണ നിരീക്ഷണങ്ങളിൽ വ്യാപൃതനാണ് കുഞ്ഞൂഞ്ഞ്. പുളിങ്കുന്ന് വാച്ചാപറമ്പിൽ പാറശ്ശേരിൽ കുടുംബാംഗമായ ആൻസിയാണ് ഭാര്യ. മക്കൾ റോസ്, അന്ന.

## 110. ജോൺസൺ സെബാസ്റ്റ്യൻ

കരിക്കപള്ളിൽ ഇലഞ്ഞിപറമ്പിൽ ദേവസ്യാ-റോസമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രനാണ് ജോൺസൺ 1964 ൽ ജനിച്ചു. ഇലക്ട്രിക്കൽ എഞ്ചിനിയറിംങ്ങിൽ ബിരുദം നേടിയ ജോൺസൺ ഇന്ത്യൻ



എയർലൈൻസിൽ സീനിയർ എഞ്ചിനീയറായി മുംബയിൽ സേവനമനുഷ്ഠിക്കുന്നു. നാഗരിക ജീവിതത്തിന്റെ തിരക്കുകളിൽ ആമഗ്നനാകുമ്പോഴും കുടുംബ താല്പര്യവും ആത്മീയ ജീവിതവും പുലർത്തുന്നതിൽ പ്രത്യേകം നിഷ്ഠ പുലർത്തുന്ന ആളാണ് ജോണിച്ചൻ. പാല കാടൻകാവിൽ പൗളിൽ മരിയയാണ് ജീവിതസഖി. മുംബൈ എയർപോർട്ട് അതോർട്ടിയിൽ മാനേജരാണ് എൻജിനീയറിംഗ് ബിരുദധാരിയായ പൗളിൻ. മകൻ സെബാസ്റ്റ്യൻ.

## 201. മാത്യൂസ് തോമസ് (മാത്തുക്കുട്ടി)

പടിഞ്ഞാറേ നെല്ലവേലിൽ മാത്തൻ തോമസിന്റെയും കരിക്കംപള്ളി മറിയാമ്മ തോമസിന്റെയും മൂത്തപുത്രനാണ് മാത്തുക്കുട്ടി. വേഴപ്രയിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന മാത്തുക്കുട്ടി



അറിയപ്പെടുന്ന ഒരു കർഷകനും തികഞ്ഞ കുടുംബസ്നേഹിയുമാണ്. കാർഷികവൃത്തിക്കൊപ്പം സാമൂഹിക സേവനവും പൊതുപ്രവർത്തനവും ജീവിതവ്രതമാക്കിയിരിക്കുന്ന മാത്തുക്കുട്ടി ചമ്പക്കുളം പുതുമനയിൽ ലിസമ്മയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. മാത്തുക്കുട്ടി രമാങ്കരി കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഡയറക്ടർ ബോർഡിൽ ദീർഘകാലം മെമ്പറായിരുന്നു. വേഴപ്രസെന്റ് പോൾസ് ചർച്ചിന്റെ കൈക്കാരനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മക്കൾ കിഷോർ, കിരണ് അലൻ.

## 202. ആനി ജോൺ (ചിന്നമ്മ)

പടിഞ്ഞാറേ നെല്ലു വേലിൽ കുഞ്ഞച്ചന്റെ യും മറിയാമ്മയുടെയും മൂത്ത പുത്രി ചിന്നമ്മ കോളജ് വിദ്യാഭ്യാസത്തിനു ശേഷം കുറവിലങ്ങാട് മറ്റത്തിൽ മാന്നുള്ളിൽ ജോണിജോസഫ് (ജോണിച്ചൻ)



വിവാഹം ചെയ്തു. മക്കൾ സീമാ, ബോൺസാ.

## 203. ജോസഫ് തോമസ് (തങ്കച്ചൻ)

പടിഞ്ഞാറേ നെല്ലുവിൽ കുഞ്ഞച്ചന്റെ യും മറിയാമ്മയുടെയും രണ്ടാമത്തെ പുത്രനായ തങ്കച്ചൻ രസതന്ത്രത്തിൽ ചങ്ങനാശ്ശേരി എസ്.ബി കോളജിൽനിന്നും ബിരുദം നേടിയ



ശേഷം അബുദാബിയിൽ ബിസിനസ്സ് നടത്തുന്നു. മൂവാറ്റുപുഴ വാഴക്കുളം കൂവേലികളപ്പുരയ്ക്കൽ ഇൻഫന്റിനെ വിവാഹം ചെയ്തു. ഇൻഫന്റ് അബുദാബിയിൽ സ്റ്റാഫ് നഴ്സാണ്. മക്കൾ ആൽവിൻ, അലീനാ.

## 204. സെബാസ്റ്റ്യൻ തോമസ് (ജോയിച്ചൻ)

പടിഞ്ഞാറെ നെല്ലുവേലിൽ കുഞ്ഞച്ചന്റെയും മറിയാമ്മയുടെയും മൂന്നാമത്തെ പുത്രൻ ജോയിച്ചൻ കോളജ് വിദ്യാഭ്യാസത്തിനുശേഷം അബുദാബിയിൽ



ജോലി ചെയ്യുന്നു. അബുദാബിയിൽ സ്റ്റാഫ് നഴ്സായ കാഞ്ഞിരപ്പള്ളിൽ പുതിയാപറമ്പിൽ മോളിയാണ് ഭാര്യ. ഈപ്പൻ എൽവിൻ. ക്ലെയർ.

## 205. സാലി (സാലിമ്മ)

പടിഞ്ഞാറേ നെല്ലുവേലിൽ കുഞ്ഞച്ചന്റെ യും മറിയാമ്മയുടെയും രണ്ടാമത്തെ പുത്രി സാലിമ്മ കോളജ് വിദ്യാഭ്യാസത്തിനു



ശേഷം ആലപ്പുഴ എയ്ഞ്ചൽ ജൂവലേഴ്സ് ആൻഡ് ഫൈനാൻസിയേഴ്സ ഉടമ ചേന്നങ്കരി പാലയ്ക്കൽ പയ്യംപള്ളിൽ ടോമി വിവാഹം ചെയ്തു. മക്കൾ ജിത്തു, നീനു.

## *206. ജോബ് (ജിജി മോൻ)*

പടിഞ്ഞാറേ നെല്ലുവേലിൽ കുഞ്ഞച്ചന്റെയും മറിയാമ്മയുടെയും നാലാമത്തെ പുത്രൻ ജിജിമോൻ കോളജ് വിദ്യാഭ്യാസത്തിനു



ശേഷം അബുദാബിയിൽ ബിസിനസ് നടത്തുന്നു. അബുദാബിയിൽ സ്റ്റാഫ് നഴ്സായ മൂവാറ്റുപുഴ കൊറ്റത്തിൽ സിജിയാണ് ഭാര്യ.

## 207. ജേക്കബ് തോമസ് (ചാക്കോച്ചൻ)

പടിഞ്ഞാറേ നെല്ലുവേലിൽ കുഞ്ഞച്ചന്റെയും മറിയാമ്മയുടെയും അഞ്ചാമത്തെ പുത്രൻ ചാക്കോച്ചൻ കോളജ് വിദ്യാഭ്യാസത്തിനു ശേഷം സൈനിക സേവനം അനുഷ്ഠിക്കുന്നു.



തിരുവനന്തപുരത്ത് അദ്ധ്യാപികയായ ചങ്ങനാശ്ശേരി കുട്ടംപേരൂർ എത്സമ്മയാണ് ഭാര്യ. മകൻ ഡോണി.

## 208. നാൻസി (നാൻസിമോൾ)

പടിഞ്ഞാറെ നെല്ലുവേലിൽ കുഞ്ഞച്ചന്റെയും മറിയാമ്മയുടെയും ഇളയപുത്രിയാണ് നാൻസിമോൾ കോളജ് വിദ്യാഭ്യാസത്തിനു ശേഷം ചമ്പക്കുളം കുര്യാളശ്ശേരിൽ സിറിയക് ജോസഫ്



(സുനി) വിവാഹം ചെയ്തു. കുര്യാളശ്ശേരി തറവാട്ടിന്റെ ഇന്നത്തെ അവകാശിയായ സുനി കൃഷിയിലും ബിസിനസിലും മുഴുകി കഴിയുന്നു. മക്കൾ ചെൽസി, ആന്റണി

## 209. മിനി തോമസ്

ഇലഞ്ഞിപ്പറമ്പിൽ പാപ്പച്ചൻ -ത്രേസ്യാമ്മ ദമ്പതികളുടെ ഏകമകളാണ് മിനി. പി. ഡി. സിയും ഹിന്ദി പ്രവീണും പാസായ മിനിയെ ചമ്പക്കുളത്ത് കുര്യാളശ്ശേരി അമ്പ്യായത്ത് തോമസ്



ആന്റണി (അപ്പച്ചൻ) വിവാഹം കഴിച്ചു. അപ്പച്ചൻ ബഹറിനിൽ ജോലി ചെയ്യുന്നു. മക്കൾ. അലൻ, അലകസ്.

## 210. ജോമോൻ ജയിംസ്

ഇലഞ്ഞിപ്പറമ്പിൽ പാപ്പച്ചൻ ത്രേസ്യാമ്മ ദമ്പതികളുടെ മൂത്തമകൻ ജോമോൻ സാങ്കേതികവിദ്യാഭ്യാസത്തിനുശേഷം ഇന്ത്യയിലെ പ്രമുഖ കമ്പനിയായ ഭഗീരഥ എൻജിനീയറിംഗ് ആൻഡ് സ്ട്രക്ചറൽ ലിമിറ്റഡിൽ സീനിയർ സൂപ്പർവൈസറായി എറണാകുളത്ത് ജോലിചെയ്യുന്നു. അദ്ധ്യാപികയായ ആലപ്പുഴ ഒറ്റതെങ്ങുങ്കൽ ജിൻസിയാണ് ഭാര്യ. മക്കൾ. ജോതിസ്, സാന്ദ്ര.



## 211. ജിമ്മി ജയിംസ്

ഇലഞ്ഞിപ്പറമ്പിൽ പാപ്പച്ചൻ ത്രേസ്യാമ്മ ദമ്പതികളുടെ ഇളയ മകനായ ജിമ്മി കോളജ് വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസത്തിനും ശേഷം മദ്യപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ ജോലി നോക്കി. മികച്ച സംഘാടകനും കുടുംബസ്നേഹിയുമാണ്. ഇപ്പോൾ പിതാവിനോടൊപ്പം കാർഷികമേഖലയിൽ പ്രവർത്തിക്കുന്നു.



## 212. ജസി ചാക്കോ

ഇലഞ്ഞിപ്പറമ്പിൽ ത്രേസ്യാമ്മ- ഐസക്ക് ദമ്പതികളുടെ മൂത്തപുത്രി ജസ്സി അദ്ധ്യാപക ബിരുദത്തിനു ശേഷം തൈക്കാട്ടുശ്ശേരി എസ്.എം.എസ്.ജെ ഹൈസ്കൂൾ അദ്ധ്യാപികയാണ്. സി.എം.എസ് കോളജ് അദ്ധ്യാപകനായ ചേർത്തല ഉഴുവയിൽ പട്ടശ്ശേരി ഡോ. പി.ജെ. ചാക്കോയാണ് ഭർത്താവ്. മക്കൾ അർച്ചന, അഭിഷേക്, അമല.



## 213. ജിജി അനിൽ

ഇലഞ്ഞിപ്പറമ്പിൽ ത്രേസ്യാമ്മ- ഐസക്ക് ദമ്പതികളുടെ രണ്ടാമത്തെ മകളാണ് ജിജി. ഫാർമസിയിലും കംപ്യൂട്ടറിലും ഡിപ്ലോമ നേടിയ ജിജിയെ ചെക്കിടിക്കാട് മാലിപുത്തൻപുരയിൽ അനിൽ വിവാഹം ചെയ്തു. ബിരുദധാരിയും കംപ്യൂട്ടറിൽ ഡിപ്ലോമയുമുള്ള അനിൽ ഗ്രാമപഞ്ചായത്തു സെക്രട്ടറിയായി ജോലിചെയ്യുന്നു. സ്വന്തമായി കംപ്യൂട്ടർ സെന്ററും ഉണ്ട്. ഇപ്പോൾ കോട്ടയത്ത് ആർപ്പൂക്കരയിൽ സ്ഥിരതാമസം. മക്കൾ ജോസ്, തെരേസ.



## 214. ജോമി ഐസക്ക്

ഇലഞ്ഞിപ്പറമ്പിൽ ത്രേസ്യാമ്മ- ഐ സക്ക് ദമ്പതികളുടെ ഏകമകൻ ജോമി. കാരുണ്യ എൻജിനീയറിംഗ് കോളജിൽ നിന്ന് സിവിൽ എൻജിനീയറിംഗിൽ ബി.ടെക് പാസായി. ഇപ്പോൾ യു.എ.ഇയിൽ ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നു. കുഴിപ്പള്ളി ഞാറയ്ക്കാട്ട് കുടുംബാംഗം മേരിയാണ് ഭാര്യ. ബിരുദാനന്തര ബിരുദധാരിയായ മേരിയും യു.എ.ഇയിൽ ജോലിക്കാരിയാണ്.



## 215. ബ്ലസി വർഗീസ്

ഇലഞ്ഞിപ്പറമ്പിൽ വത്സമ്മ- തോമസ് ദമ്പതികളുടെ



മൂത്തപുത്രിയാണ് ബ്ലസി. കൊമേഴ്സിൽ ബിരുദാനന്തരബിരുദധാരിയായ ബ്ലസി ഇപ്പോൾ ടാക്സ് കൺസൾട്ടന്റായി പ്രാക്ടീസ് ചെയ്യുന്നു. എറണാകുളം ഇടപ്പള്ളിൽ പൂന്നുള്ളിൽ പി.ജെ. വർഗീസാണ് ഭർത്താവ്. എം.ടെക് ബിരുദധാരിയായ വർഗീസ് വോൾട്ടാസിൽ സീനിയർ എൻജിനീയറായി ജോലി നോക്കുന്നു. അമേരിക്കയിൽ നിന്നും വിദഗ്ധപരിശീലനം ലഭിച്ചിട്ടുള്ള വ്യക്തിയാണ് വർഗീസ്. മകൾ ജൂബി.

## 216. സിസ്റ്റർ ബല്ലാമരിയ(ബ്ലൂബൽ തോമസ്)



ഇലഞ്ഞിപ്പറമ്പിൽ വത്സമ്മ- തോമസ് ദമ്പതികളുടെ രണ്ടാമത്തെ പുത്രിയായ ബ്ലൂബൽ അദ്ധ്യാപക ബിരുദത്തിനുശേഷം സമർപ്പിത ജീവിതത്തോടുള്ള അധമ്യമായ ആഗ്രഹംകൊണ്ട് പ്രേക്ഷിത സഭാംഗമായി ചേർന്നു. ........... വർഷത്തിൽ നോവിഷേറ്റും, –– വർഷത്തിൽ ആദ്യ വ്രതവാഗ്ദാനവും –– വർഷത്തിൽ നിത്യവ്രതവാഗ്ദാനവും നടത്തി. ഇപ്പോൾ ദേവഗിരി സെന്റ് ജോസഫ് കോളജിൽ ബിരുദാനന്തര പഠനം നടത്തുന്നു.

## *217. രമ്യ തോമസ്*



ഇലഞ്ഞിപ്പറമ്പിൽ വത്സമ്മ- തോമസ് ദമ്പതികളുടെ ഇളയപുത്രിയാണ് രമ്യ. മാതാവിന്റെ ആതുരസേവന പ്രവർത്തനങ്ങളിൽ ആകൃഷ്ടയായി അതേ വൈദ്യശാഖയിൽതന്നെ (ഹോമിയോ) ബിരുദത്തിന് പഠിക്കുന്നു.

## 218. ജേക്കബ് തോമസ്



ഇലഞ്ഞിപ്പറമ്പിൽ തോമസ് -റോസമ്മ ദമ്പതകളുടെ മൂത്തമകനായ ജേക്കബ് (ചാക്കോച്ചൻ) ആറാം ക്ലാസിൽ പഠിക്കുന്നു.

## 219. എവുസേബിയോസ്



ഇലഞ്ഞിപ്പറമ്പിൽ തോമസ് -റോസമ്മ ദമ്പതകളുടെ രണ്ടാമത്തെ മകൻ എവുസേബിയോസ്(എബി) മൂന്നാം ക്ലാസിൽ പഠിക്കുന്നു.

## 220. എൽസ



ഇലഞ്ഞിപ്പറമ്പിൽ തോമസ് -റോസമ്മ ദമ്പതികളുടെ മൂത്ത മകൾ എൽസ ഒന്നാം ക്ലാസിൽ പഠിക്കുന്നു

## 221. ട്രീസാ തോമസ്

ജോയിച്ചൻ അമ്മിണികുട്ടി ദമ്പതികളുടെ



മുത്തമകളാണ് ട്രീസ. ബിരുദാനന്തരബിരുദവും അദ്ധ്യാപക ബിരുദത്തിനുശേഷം ഇപ്പോൾ പച്ച-ചെക്കിടിക്കാട് ലൂർദ്മാതാ ഹയർസെക്കൻഡറി സ്കൂളിൽ അദ്ധ്യാപികയായി ജോലി നോക്കുന്നു. ആലപ്പുഴ ഇല്ലിപ്പറമ്പിൽ ഐ.സി തോമസ് വിവാഹം ചെയ്തു. മക്കൾ:ആനി മരിയ.

## 222. റ്റീനാ ജോൺസൺ



ജോയിച്ചൻ - അമ്മിണികുട്ടി ദമ്പതികളുടെ രണ്ടാമത്തെ പുത്രിയാണ് റ്റീന. ബിരുദ ധാരിയായ റ്റീനയെ അങ്കമാലി കാച്ചിപ്പള്ളിൽ ജോൺസൺ വിവാഹം ചെയ്തു. ഡി-പോൾ കംപ്യൂട്ടർ അക്കാഡമിയിൽ അദ്ധ്യാപികയാണ് റ്റീന. മകൻ ജോസഫ്.

## 223. സ്മിതാ ജോഷി



ജോയിച്ചൻ - അമ്മിണിക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ മകളാണ് സ്മിത. കേളജ് വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശ്ശേരി പുഴവാത് വള്ളിപ്പുരയ്ക്കൽ ജോഷി (മർട്ടിൻ) വിവാഹം ചെയ്തു. മകൾ : തെരേസാ.

## 224. റോഷൻ ജോയ്സൺ



ജോയിച്ചൻ - അമ്മിണി ക്കുട്ടി ദമ്പതികളുടെ നാലാമത്തെ പുത്രിയാണ് റോഷൻ.. ഫാർമസിയിൽ ഡിപ്ലോമാ (ഉന്നത വിജയം) കരസ്ഥമാക്കി എറണാകുളം ലേക്ഷോർ ആശുപത്രയിൽ ഫാർമസിസ്റ്റായി സേവനമനുഷ്ഠിക്കുന്നു.

## 225. മെറീനാ ജോയ്സൺ



ജോയിച്ചൻ - അമ്മണിക്കുട്ടി ദമ്പതികളുടെ ഇളയ പുത്രിയാണ് മെറീന.ഇപ്പോൾ മൈക്രോ ബോയളജിയിൽ ബിരുദാനന്തര ബിരുദത്തിന് കാലടിശ്രീ ശങ്കരാ കോളജിൽ പഠിക്കുന്നു.

## 226. ജോജോ ജെയിംസൺ



കരിക്കംപള്ളിൽ ജയിംസ്കുട്ടിയുടെയും എത്സമ്മയുടെയും ഏക മകനായ ജോജോ കോഴിക്കോട് സർവകലാശാലയിൽനിന്ന് ബി. ടെക് ബിരുദം നേടിയശേഷം സ്വന്തമായി ഇലക്ട്രിക്കൽ ടെസ്റ്റിംഗ് & കമ്മീഷനിംഗ് കമ്പനി നടത്തി. ഇപ്പോൾ ഓസ്ട്രേലിയയിൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിൽ എൻജിനീയറായി ജോലി ചെയ്യുന്നു. വരാപ്പുഴ പുത്തൻപള്ളി തളിയത്ത് മിനുവാണ് ഭാര്യ.

## 227. ജാസ്മിൻ ജെയിംസൺ



കരിക്കംപള്ളിൽ ജയിംസ്കുട്ടിയുടെയും എത്സമ്മയുടെയും ഏകമകളായ ജാസ്മിൻ ഇപ്പോൾ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം എടുത്തശേഷം എം.എൻ. എസ്. അസോസിയേറ്റ്സിൽ ഓഫീസ് മാനേജരാണ്. കൊച്ചി പുതുപ്പേലിപറമ്പിൽ സാജനാണ് ഭർത്താവ്.

## 228. റോസ് ജേക്കബ്



ഇലഞ്ഞിപ്പറമ്പിൽ ജേക്കബ്-ആൻസി ദമ്പതികളുടെ മൂത്ത മകൾ റോസ് പാലാ സെന്റ് തോമസ് കോളജിൽ ബി.എ. കമ്മ്യൂണിക്കേറ്റീവ് ഒന്നാം വർഷ വിദ്യാർത്ഥിയാണ്.

## 229. അന്ന ജേക്കബ്



ഇലഞ്ഞിപ്പറമ്പിൽ ജേക്കബ് ആൻസി ദമ്പതികളുടെ ഇളയ മകൾ റോസ് അഞ്ചാംക്ലാസ്സിൽ പഠിക്കുന്നു.

## 230. സെബാസ്റ്റ്യൻ ജോൺസൺ



ഇലഞ്ഞിപ്പറമ്പിൽ ജോൺസൺ- പൗളിൻ ദമ്പതികളുടെ മകൻ ഏഴാം ക്ലാസിൽ പഠിക്കുന്നു.

## 301. കിഷോർ മാത്യു



പടിഞ്ഞാറേ നെല്ലുവേലി മാത്തുക്കുട്ടിയുടെയും ലിസമ്മയുടെയും മൂത്തമകൻ കിഷോർ എസ്. എസ്.എൽ.സിയും പ്രീഡിഗ്രിയും ഡിസ്റ്റിംഗ്ഷനോടുകൂടി പാസായ ശേഷം തൃശൂർ മണ്ണുത്തി വെറ്ററിനറി കോളജിൽ അവസാന വർഷ വിദ്യാർത്ഥി യാണ്.

## 302. കിരൺ മാത്യു



പടിഞ്ഞാറേ നെല്ലുവേലി മാത്തുക്കുട്ടിയുടെയും ലിസമ്മയുടെയും രണ്ടാമത്തെ മകൻ കിരൺ അവസാന വർഷ ബി.കോം വിദ്യാർത്ഥിയാണ്.

## 303. അലൻ മാത്യു



പടിഞ്ഞാറേ നെല്ലുവേലി മാത്തുക്കുട്ടിയുടെയും ലിസമ്മയുടെയും മൂന്നാമത്തെ പുത്രൻ അലൻ മിഷൻ രൂപതയായ ജഗദൽപൂരിൽ വൈദിക വിദ്യാർത്ഥിയാണ്.

## 304. സീമാ ജോൺ



കുറവിലങ്ങാട് മറ്റത്തിൽ മാന്നുള്ളിൽ ജോണിച്ചന്റെയും ചിന്നമ്മയുടെയും മൂത്തമകൾ സീമാ അയർലണ്ടിൽ ആതുരശുശ്രൂഷാ രംഗത്ത് സേവനം അനുഷ്ഠിക്കുന്നു.

## 305. ബോൺസാ ജോൺ



കുറവിലങ്ങാട് മറ്റത്തിൽ മാന്നുള്ളിൽ ജോണിച്ചൻ്റെയും ചിന്നമ്മയുടെയും ഇളയമകൾ ബോൺസാ അവസാനവർഷ ബിരുദ വിദ്യാർത്ഥിയാണ്.

## 306. ആൽവിൻ ജോസഫ്



പടിഞ്ഞാറേ നെല്ലുവേലിൽ തങ്കച്ചൻ്റെയും ഇൻഫൻ്റിൻ്റെയും മകൻ ആൽവിൻ മൂന്നാം ക്ലാസിൽ പഠിക്കുന്നു.

## 307. അലീന ജോസഫ്



പടിഞ്ഞാറേ നെല്ലുവേലിൽ തങ്കച്ചൻ്റെയും ഇൻഫൻ്റിൻ്റെയും മകൾ അലീന എൽ.കെ.ജിയിൽ പഠിക്കുന്നു.

## 308. ഈപ്പൻ

പടിഞ്ഞാറേ നെല്ലുവേലി സെബാസ്റ്റ്യൻ -മോളി ദമ്പതികളുടെ മൂത്തമകൻ ഈപ്പൻ എൽ.കെ.ജിയിൽ പഠിക്കുന്നു.

## 309. എൽവിൻ

പടിഞ്ഞാറേ നെല്ലുവേലി സെബാസ്റ്റ്യൻ -മോളി ദമ്പതികളുടെ രണ്ടാമത്തെ മകൻ.

## 310. ജിത്തു ടോമി



പടിഞ്ഞാറേ നെല്ലുവേലി സാലിമ്മ-ടോമിച്ചൻ ദമ്പതികളുടെ മകൻ ജിത്തു ഒമ്പതാം ക്ലാസിൽ പഠിക്കുന്നു.

## 311. നീനു



പടിഞ്ഞാറേ നെല്ലുവേലി സാലിമ്മ-ടോമിച്ചൻ ദമ്പതികളുടെ മകൾ നീനു അഞ്ചാം ക്ലാസിൽ പഠിക്കുന്നു.

## 312. ചെൽസി



പടിഞ്ഞാറേ നെല്ലുവേലി നാൻസി-സിറിയക് ദമ്പതികളുടെ മകൾ എൽ.കെ.ജിയിൽ പഠിക്കുന്നു.

## 313. തോമസ്



പടിഞ്ഞാറേ നെല്ലുവേലി നാൻസി-സിറിയക് ദമ്പതികളുടെ മകൻ.

## 314. അലൻ



ഇലഞ്ഞിപറമ്പിൽ മിനി-അപ്പച്ചൻ ദമ്പതികളുടെ മകൻ മൂന്നാം ക്ലാസിൽ പഠിക്കുന്നു

## 315. അലക്സ്



ഇലഞ്ഞിപറമ്പിൽ മിനി-അപ്പച്ചൻ ദമ്പതികളുടെ രണ്ടാമത്തെ മകൻ ഒന്നാം ക്ലാസിൽ പഠിക്കുന്നു.

## 316. ജ്യോതിസ്



ഇലഞ്ഞിപ്പറമ്പിൽ ജോമോൻ-ജിൻസി ദമ്പതികളുടെ മൂത്തമകൻ ജ്യോതിസ് എടത്വാ ജോർജിയൻ പബ്ലിക് സ്കൂളിൽ പഠിക്കുന്നു.

## 317. സാന്ദ്ര



ഇലഞ്ഞിപ്പറമ്പിൽ ജോമോൻ ജിൻസി ദമ്പതികളുടെ മകൾ സാന്ദ്ര.

## 318. അർച്ചന



ചേർത്തല പട്ടശ്ശേരിൽ ചാക്കോ ജസി ദമ്പതികളുടെ മൂത്തമകളാണ് അർച്ചന.

## 319. അഭിഷേക്



ചേർത്തല പട്ടശ്ശേരിൽ ചാക്കോ ജസി ദമ്പതികളുടെ രണ്ടാമത്തെ മകനാണ് അഭിഷേക്.

## 320. അമൽ



ചേർത്തല പട്ടശ്ശേരിൽ ചാക്കോ -ജസി ദമ്പതികളുടെ മൂന്നാമത്തെ മകളാണ് അമൽ.

## 321. ജോസ്



ആർപ്പുക്കര മാലിയിൽ അനിൽ -ജിജി ദമ്പതികളുടെ മകൻ ജോസ്

## 322. തെരേസ

ആർപ്പുക്കര മാലിയിൽ അനിൽ -ജിജി ദമ്പതികളുടെ മകൾ തെരേസ.

## 322. ജൂബി



ചേർത്തല കുന്നുംപുറം ബ്ലസി -വർഗീസ് ദമ്പതികളുടെ മകൾ ജൂബി രണ്ടരവയസ്സ്.

## 323. ആനി



ആലപ്പുഴ ഇല്ലിപറമ്പിൽ തോമസ് -ട്രീസാ ദമ്പതികലുടെ മൂത്തമകൾ ആനി മൂന്നാം ക്ലാസിൽ പഠിക്കുന്നു.

## 324. മരിയാ റോസ്



ആലപ്പുഴ ഇല്ലിപറമ്പിൽ തോമസ് -ട്രീസാ ദമ്പതികളുടെ രണ്ടാമത്തെ മകൾ

## 325. ജോസഫ്



അങ്കമാലി ചെമ്പന്നൂർ കാച്ചിപ്പള്ളി ജോൺസൺ-റ്റീനാ ദമ്പതികളുടെ മകൻ ജോസഫ് യു.കെ. ജിയിൽ പഠിക്കുന്നു.

## 326. തെരേസ്സാ

ചങ്ങനാശ്ശേരി വള്ളപ്പുരയ്ക്കൽ ജോഷി -സ്മിത ദമ്പതികളുടെ മകൾ തെരേസ.

## 327. ജൂണിയർ ജയിംസൺ



ഇലഞ്ഞിപ്പറമ്പിൽ ജോജോ-മിനു ദമ്പതികളുടെ മകൻ ജൂണിയർ ജയിംസൺ

## പാവനസ്മരണയ്ക്ക്



**തൊമ്മിക്കുഞ്ഞ്** **ത്രേസ്യാമ്മ**

**കരിക്കംപള്ളിൽ, ഇലഞ്ഞിപ്പറമ്പ്, ചെക്കിടിക്കാട്**

## പാവനസ്മരണയ്ക്ക്



**ദേവസ്യാച്ചൻ** **റോസമ്മ**

**കരിക്കംപള്ളിൽ, ഇലഞ്ഞിപ്പറമ്പ്, ചെക്കിടിക്കാട്**

ആശംസകൾ!!

# ന്യൂഫിറ്റ് ഗാർമന്റ്സ്

എൻ.എസ്.എസ്. ബിൽഡിംഗ്
പച്ച, ചെക്കിടിക്കാട്

ആധുനിക രീതിയിലുള്ള എല്ലാവിധ തയ്യൽജോലികളും ഭംഗിയായി കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്.

തെക്കേത്തലയ്ക്കൽ
സാജു അട്ടിച്ചിറ
ഫോൺ: 2213272

ആശംസകൾ.....

# മാതാ ടെയ്‌ലറിംഗ്

ലേഡീസ് & ജെൻസ്

ചെക്കിടിക്കാട്, പച്ച

Phone: 2214175

Prop. വർക്കിച്ചൻ

# റവ. ഫാ. എവുസേബിയോസ് സി.എം.ഐ

## *കറിയാച്ചൻ* (1883–1962)

കളപ്പുരയിൽ ഔസേപ്പിന്റെ നാലാമത്തെ മകൻ കറിയാച്ചൻ 1883–ൽ ജനിച്ചു. സി.എം. ഐ. സഭയിൽ ചേർന്ന് എവുസേബിയൂസ് എന്ന പേരു സ്വീകരിച്ചു.



മാന്നാനം, വാഴക്കുളം, എൽത്തുരുത്ത്, പുളുങ്കുന്ന്, മുത്തോലി, ഐരൂർ, തലോർ, മുട്ടാർ എന്നിങ്ങനെ പലസ്ഥലങ്ങളിലുള്ള സി.എം.ഐ ആശ്രമങ്ങളുടെ ശ്രേഷ്ഠനായി സേവനമനുഷ്ടിച്ചിട്ടുണ്ട്. കൂടാതെ ചങ്ങനാശേരി അതിരൂപതയിലെ കന്യാകാസമൂഹങ്ങളുടെ പൊതു സുപ്പീരിയറായും നടത്തിയിട്ടുള്ള സേവനം സ്തുത്യർഹമായിരുന്നു. മിതഭാഷിയും ക്ഷമയുടെ മൂർത്തീഭാവമായിരുന്ന അച്ചനോട് ഒരിക്കലെങ്കിലും ഇടപെട്ടിട്ടുള്ളവരുടെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടുവാൻ ഇദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. എവുസേബിയോസച്ചൻ മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെ കുമ്പസാരക്കാരനായിരുന്നു. 23-8-1962 ൽ വാർദ്ധ്യക്യസഹജമായ അസുഖത്താൽ മുട്ടാർ ഗൊവേന്തയിൽവച്ച് മരണമടഞ്ഞു.

# റോസ (ഒറോമ്മ)



കളപ്പുരയ്ക്കൽ ഔസേപ്പിന്റെ മകൾ ഒറോമ്മയെ മാന്നാത്ത് ഇളമതയിൽ അന്തോണിച്ചൻ വിവാഹം ചെയ്തു. ഒറോമ്മ, ശാന്തയും കുടുംബസ്നേഹം ഉള്ളവളുമായിരുന്നു മക്കൾ പെണ്ണമ്മ, മറിയാമ്മ, കുട്ടിയച്ചൻ, ആപ്പച്ചൻ, അന്നമ്മ, കുഞ്ഞൂഞ്ഞ് എന്നിവരാണ്.



കുട്ടിയച്ചനും ഭാര്യ പെണ്ണമ്മയും



ആപ്പച്ചനും ഭാര്യ മറിയാമ്മയും



കുഞ്ഞൂഞ്ഞും ഭാര്യ അച്ചാമ്മയും

# അന്നമ്മ

കളപ്പുരയ്ക്കൽ ഔസേപ്പിന്റെ മകൾ അന്നമ്മയുടെ ഭർത്താവ് വടക്കേക്കളത്തിൽ ലോനിച്ചനാണ്. ആലപ്പുഴയിലെ വ്യവസായ പ്രമുഖനായിരുന്ന ഇദ്ദേഹം മദ്ധ്യപ്രായത്തിൽ മരിച്ചു. ഇവരുടെ ഏകമകൾ മറിയക്കുട്ടിയെ ചമ്പക്കുളത്ത് മാപ്പിളശ്ശേരിൽ ഉമ്മച്ച നാണ് വിവാഹം ചെയ്തത്.



ഉമ്മച്ചനും മറിയക്കുട്ടിയും

*Best Compliments from:*

# MAYEN NIRMAN (P) LTD

**BUILDERS AND CONTRACTORS**

**Reg. & HD: 33/245 A(2)**
**INDRAPRASHA**
**VENNALA P.O., KOCHI - 682028**
**Ph: 0484 - 806028, 806672**

# കരിക്കംപള്ളിൽ കളപ്പുരയ്ക്കൽ കുടുംബം തലമുറകളിലൂടെ



# കരിക്കംപള്ളിൽ കളപ്പുരയ്ക്കൽ കുടുംബം തലമുറകളിലൂടെ

101. മറിയാമ്മ സാന്റോച്ചൻ നെടുംപറമ്പിൽ, ഗോവാ (കാവാലം)
102. വത്സമ്മ തോമസ് (മാമച്ചൻ) മേവട മോനിപ്പള്ളി, പാലാ,(ഗോവാ)
103. മേരിമ്മ പോൾസൺ, വെള്ളാനിക്കാരൻ, ചാലക്കുടി
104. ജോസഫ് (ആന്റണി അപ്പച്ചൻ) മാലി മെതിക്കളം 20 -ൽ
105. ബേബിച്ചൻ ജോസഫ്,കളപ്പുരയ്ക്കൽ, ഇരിങ്ങാലക്കുട
106. ജോർജ്ജുകുട്ടി ജോസഫ്,കളപ്പുരയ്ക്കൽ, ചെക്കിടിക്കാട്
107. കറിയാച്ചൻ (സഖറിയ) ജോസഫ് കളപ്പുരയ്ക്കൽ
108. ആന്റണി(ബാബു)ജോർജ് കളപ്പുരയ്ക്കൽ (ആന്ധ്രാ)
109. ചാക്കോച്ചൻ ജോർജ് കളപ്പുരയ്ക്കൽ (ബാഗ്ലൂർ)
110. ജോസ് ജോർജ് കലപ്പുരയ്ക്കൽ (ഗൾഫ്)
111. ജോയിച്ചൻ ജോർജ് കളപ്പുർക്കൽ (ഗൾഫ്)

201. വിനോയി സാന്റോച്ചൻ നെടുംപറമ്പിൽ കാവാലം
202. ജോണി സാന്റോച്ചൻ നെടുംപറമ്പിൽ, കാവാലം
203. എമിലി സാന്റോച്ചൻ നെടുംപറമ്പിൽ, കാവാലം
204. വന്ദന തോമസ് മോനിപ്പള്ളി, മേവട, പാലാ
205. ചന്ദൻ തോമസ് മോനിപ്പള്ളി, മേവട, പാലാ
206. ഫാൻസി തോമസ് മോനിപ്പള്ളി, മേവട, പാലാ
207. നിനു പോൾസൺ വെള്ളാനിക്കാരൻ, ചാലക്കുടി
208 റോസ് പോൾസൺ വെള്ളാനിക്കാരൻ, ചാലക്കുടി
209. അനു പോൾസൺ വെള്ളാനിക്കാരൻ, ചാലക്കുടി
210. ജോൺ പോൾസൺ വെള്ളാനിക്കാരൻ, ചാലക്കുടി
211. ടെസി മാലി മെതിക്കളം, 20-ൽ ചെക്കിടിക്കാട്
212. ടോബിൻ മാലി മെതിക്കളം, 20-ൽ ചെക്കിടിക്കാട്
213. റ്റോജോ മാലി മെതിക്കളം, 20-ൽ ചെക്കിടിക്കാട്
214. റ്റിനു ആന്റണി കളപ്പുരയ്ക്കൽ, ഇരിങ്ങാലക്കുട
215. മിനു ആന്റണി കളപ്പുരയ്ക്കൽ, ഇരിങ്ങാലക്കുട
216. കൃപാ (ട്രീസാ) ജോർജ് കളപ്പുരയ്ക്കൽ
217. മുത്തു (മരിയ) ചാക്കോ കളപ്പുരയ്ക്കൽ
218 മെറിൻ ജോസ് കളപ്പുരയ്ക്കൽ
219 വക്കച്ചൻ ജോസ് കളപ്പുരയ്ക്കൽ
220 മേഘ ജോയി കളപ്പുരയ്ക്കൽ

## അന്തോനി കളപ്പുരയ്ക്കൽ

## (1892–1957)

കളപ്പുരയ്ക്കൽ ഔസേപ്പിന്റെ മകൻ അന്തോണി



കൊച്ചന്തോനി എന്ന് അറിയപ്പെട്ടിരുന്നു. പിതാവായ ഔസേപ്പിന്റെ ഇളയസഹോദരനും അന്തോനിയായിരുന്നല്ലോ. കൊച്ചന്തോനിയുടെ ഭാര്യ കണ്ടങ്കരി കളീക്കൽ അന്നമ്മ. ഇവർക്ക് പെണ്ണമ്മ, ഒറോമ്മ, ക്ലാരമ്മ എന്ന മൂന്നുപെൺമക്കളും ഔതക്കുട്ടി, വക്കമ്മ എന്ന രണ്ട് ആൺമക്കളും ഉണ്ടായി. അപ്പന്മാരിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ആളായിരുന്നു ഇദ്ദേഹം. സ്വന്തമായി കുറച്ചു കൃഷിയും കൊപ്രാക്കളവും ഉണ്ടായിരുന്നു. പ്രഗത്ഭനായിരുന്ന കൊച്ചന്തോനിയുടെ ദീർഘവീക്ഷണവും മിതവ്യയശീലവും ഏറെ പ്രശംസാർഹമാണ്. മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു കൊച്ചന്തോനി. മക്കൾ പെണ്ണമ്മ, ഒറോമ്മ, ക്ലാരമ്മ, ഔസക്കുട്ടി, വക്കമ്മ.

### 1. കത്രീനാമ്മ (പെണ്ണമ്മ)

കളപ്പുരയ്ക്കൽ അന്തോനിയുടെയും കണ്ടങ്കരി



കളീയിക്കൽ അന്നമ്മയുടെയും സീമന്തപുത്രി, എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ മലയാളം അദ്ധ്യാപികയായിരുന്നു. എക്സൈസ് കമ്മീഷണറായിരുന്ന ചേർത്തല കോയിക്കര തുരിത്തിക്കാട്ട് ജോൺ ആണ് ഭർത്താവ്. മറിയമ്മയും വത്സമ്മയുമാണ് മക്കൾ. 1989 ൽ കത്രീനാമ്മയും ഭർത്താവ് ജോണും കർത്താവിൽ ഭാഗ്യനിദ്രപ്രാപിച്ചു.

### 2. റോസമ്മ (ഒറോമ്മ) B.A., B.Ed

കളപ്പുരയ്ക്കൽ അന്തോനിയുടെയും കണ്ടങ്കരി



കളീയിക്കൽ അന്നമ്മയുടെയും രണ്ടാമത്തെ പുത്രി എറണാകുളം സെന്റ് തെരേസാസ് കോളജിൽ നിന്നും ബിരുദമെടുത്തു. ചങ്ങനാശ്ശേരി ഒളശ്ശയിൽ ഒ.വി. വർഗീസാണ് ഭർത്താവ്. പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയും പ്രശസ്തനായ നിയമ പണ്ഡിതനുമായിരുന്നു. റോസമ്മ ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഹൈസ്കൂൾ, വാഴപ്പള്ളി ഗേൾസ് ഹൈസ്കൂൾ എന്നീ പ്രശസ്ത വിദ്യാലങ്ങളിലെ അദ്ധ്യാപികയായും തുടർന്ന് മാമൂട് ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസായും സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്തു. മേരിമ്മ ഏകമകളാണ്. റോസമ്മ-വർഗീസ് ദമ്പതികൾ 1990-ൽ നിത്യനിദ്രയിൽ വലയംപ്രാപിച്ചു.

### 3. ക്ലാരമ്മ

കളപ്പുരയ്ക്കൽ അന്തോനിയുടെയും കണ്ടങ്കരി കളീ



ക്കൽ അന്നമ്മയുടെയും മൂന്നാമത്തെ പുത്രി ക്ലാരമ്മ, ചെക്കിടിക്കാട് മാലിയിൽ വക്കച്ചൻ വിവാഹം ചെയ്തു. പ്രസവത്തെതുടർന്ന ക്ലാരമ്മ നിര്യാതയായി. ഏക മകൻ അപ്പച്ചൻ.

### 4. ഔസക്കുട്ടി കളപ്പുരയ്ക്കൽ B.A B.L.

കളപ്പുരയ്ക്കൽ അന്തോനിയുടെയും കണ്ടങ്കരി



കളീക്കൽ അന്നമ്മയുടെയും മൂത്ത പുത്രനാണ് കെ.എ. ജോസഫ് (ഔസക്കുട്ടി). തൃശ്ശിനാപള്ളി സെന്റ് ജോസഫ് കോളജിൽ നിന്ന് ഇന്റർമീഡിയറ്റ് പാസ്സായ ഔസക്കുട്ടി ബിരുദപഠനം ചങ്ങനാശ്ശേരി എസ്.ബി. കോളജിലാണ് പൂർത്തീകരിച്ചത്. നിയമപഠനം എറണാകുളം ലോ-കോളജിൽനിന്നും. നീതിന്യായ രംഗത്ത് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച് ശ്രദ്ധേയനായ വ്യക്തിയാണ്. ഹൈക്കോടതിയിൽ രജിസ്ട്രാറായി നിയമിതനായി. പാലായിൽ മജിസ്ട്രേറ്റായും സേവനം ചെയ്തിട്ടുണ്ട്. മലബാർ ഭാഗങ്ങളിൽ ലാൻഡ് ട്രിബ്യൂണൽ ആയും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, തിരുവല്ല എന്നിവിടങ്ങളിൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റായും കായംകുളം, പാലാ എന്നിവിടങ്ങളിൽ മുൻസിഫായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. തുടർന്ന് എടത്വ സെന്റ് അലോഷ്യസ് കോളജിൽ ഭരണനിർവഹണ സമിതിയംഗവുമായിരുന്നു. 1987-ൽ അന്തരിച്ചു. ഭാര്യ മുട്ടാർ വെടികാട്ട് കുടുംബാഗമായ ത്രേസ്യാമ്മ. മക്കൾ ബേബിച്ചൻ, ജോർജ്ജ്കുട്ടി, കറിയാച്ചൻ.

## 5. വക്കച്ചൻ കളപ്പുരയ്ക്കൽ M.Sc

കളപ്പുരയ്ക്കൽ അന്തോനിയുടെയും കണ്ടങ്കരി കളീക്കൽ അന്നമ്മയുടെയും ദിദ്വീയപുത്രനാണ് കെ. എ. ജോർജ്ജ് (വക്കമ്മ).



വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമായ ആ കാലഘട്ടത്തിൽ തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളജിൽനിന്ന് ഇന്റർമീഡിയറ്റും ചങ്ങനാശ്ശേരി എസ്.ബി. കോളജിൽനിന്ന് ബിരുദവും തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽനിന്ന് സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തരബിരുദവും പൂർത്തിയാക്കി. കേരള ഗവൺമെന്റിന്റെ ഇക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. അഡീഷണൽ ഡയറക്ടറായി .സർവ്വീസിൽ നിന്നും വിരമിച്ചു. പാലാ ചേർപ്പുങ്കൽ മങ്കര കുടുംബാഗമായ മറിയക്കുട്ടിയാണ് ഭാര്യ. മക്കൾ ബാബു, ചാക്കോച്ചൻ, ജോസുകുട്ടി, ജോയിച്ചൻ.

## 101. മറിയാമ്മ

കത്രീനാമ്മയുടെയും ജോൺ തുരുത്തിക്കാടിന്റെയും മൂത്തമകൾ മറിയാമ്മ അദ്ധ്യാപികയായി ചേർത്തല സെന്റ് മേരീസ് സ്കൂളിൽ ജോലി നോക്കവെ കാവാലം നെടുംപറമ്പിൽ സ്കറിയാ ജെയിംസി (സാന്റോച്ചൻ)നെ വിവാഹം ചെയ്തു. ഗോവ പോർട്ട് ട്രസ്റ്റിൽ എൻജിനീയറായ ഭർത്താവിനോടൊപ്പം താമസിക്കുന്നതിന് ജോലി രാജിവച്ചു. സാന്റോച്ചൻ ചീഫ് എൻജിനീയർ പദവിയിൽ വിരമിച്ച് കുടുംബസമേതം ചങ്ങനാശ്ശേരിയിൽ വിശ്രമജീവിതം നയിക്കുന്നു. മക്കൾ ബിനു, ജോണി, എമിലി.



## 102. വത്സമ്മ

കത്രീനാമ്മയുടെയും ജോൺ തുരുത്തിക്കാടിന്റെയും രണ്ടാമത്തെ മകൾ വത്സമ്മ എം.എസ്സി, ബി.എഡ്. ഗോവയിൽ സമിതി ഹൈസ്കൂളിൽ പ്രധാന അദ്ധ്യാപികയാണ്. പാലാ മേവിട മോനിപ്പള്ളിൽ എം.എം. തോമസാണ് ഭർത്താവ്. വാഗ്ലേ ഹൈസ്കൂൾ ഗോവയിൽ പ്രധാനദ്ധ്യാപകനായി വിരമിച്ചു. മക്കൾ വന്ദന, ചന്ദൻ, ഫാൻസി.



## 103. മേരിമ്മ

റോസമ്മയുടെയും ഒ.വി. വറുഗീസിന്റെയും ഏകമകൾ മേരിമ്മ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദധാരിയാണ്. ചാലക്കുടി വെള്ളാനിക്കാരൻ പോൾസനാണ് ഭർത്താവ്. ചാർട്ടേഡ് അക്കൗണ്ടായി ചാലക്കുടിയിൽ പ്രാക്ടീസ് ചെയ്യുന്നു. മക്കൾ നീനു, റോസ്, അനു, ജോൺ.



## 104. എം.വി. ജോസഫ് (അപ്പച്ചൻ)

ക്ലാരമ്മയുടെയും വക്കച്ചന്റെയും ഏകമകൻ അപ്പച്ചൻ. മാർക്സിയൻ ചിന്താഗതിയുടെ മാനവികദർശനത്തിൽ ആകൃഷ്ടനായി. മാനവരാശിയുടെ സമഗ്രമായ വിമോചനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച സൈദ്ധാതികനായിരുന്നു. ഭാര്യ ലില്ലിക്കുട്ടി ചേന്നങ്കരി ഇഞ്ചിപ്പറമ്പിൽ കുടുബാംഗമാണ്. മക്കൾ ടെസ്സി, ടോബിൻ, ടോജോ.



## 105. ബേബിച്ചൻ

കളപ്പുരയ്ക്കൽ ഔസക്കുട്ടിയുടെയും മുട്ടാർ വെടികാട് ത്രേസ്യാമ്മയുടെയും മൂത്തമകൻ ബേബിച്ചൻ. രസതന്ത്രശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടി ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ രസതന്ത്ര വിഭാഗം അദ്ധ്യാപകനാണ്. ഭാര്യ റോസ്മേരി പഞ്ഞിക്കാരൻ ഐ.ഒ.ബിയിലെ ഉദ്യോഗസ്ഥയാണ്. മക്കൾ റ്റിനു, മിനു.



## 106. ജോർജ് ജോസഫ് (ജോർജ്ജ്കുട്ടി)

കളപ്പുരയ്ക്കൽ ഔസക്കുട്ടിയുടെയും മുട്ടാർ വെടികാട് ത്രേസ്യാമ്മയുടെയും രണ്ടാമത്തെ മകൻ ജോർജ്ജുകുട്ടി. ബിരുദാനന്തരബിരുദത്തിനു ശേഷം കാർഷിക മേഖലയാണ് തന്റെ കർമ്മമണ്ഡലം എന്ന ബോധ്യത്തിൽ പ്രവർത്തിക്കുന്നു. ഭാര്യ ഷോളി ചമ്പക്കുളം പുതിയാമഠം കുടുംബാംഗമാണ്. ഷോളി എംഎ. ബി.എഡ്ഡുകാരിയാണ് ഏക മകൾ കൃപ.



## 107. സഖറിയ ജോസഫ് (കറിയാച്ചൻ)



കളപ്പുരയ്ക്കൽ ഔസക്കുട്ടിയുടെയും മുട്ടാർ വെടികാട് ത്രസ്യാമ്മയുടെയും മൂന്നാമത്തെ മകൻ കറിയാച്ചൻ ബാംഗ്ലൂർ സർവകലാശാലയിലെ സാങ്കേതിക പഠനത്തിനു ശേഷം കരിക്കംപള്ളി കുടുംബത്തിന്റെ സമ്പന്നമായ അദ്ധ്യാത്മിക പാരമ്പര്യത്തിന് പുതിയ ഭാഷ്യം നൽകികൊണ്ട് അത്മായ പ്രേഷിതത്വത്തിനു സജീവസാന്നിദ്ധ്യം വഹിച്ച് മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ പ്രേഷിതനായി പ്രവർത്തിക്കുന്നു.

## 108. ബാബു ജോർജ്ജ് (ബാബുച്ചൻ)



കളപ്പുരയ്ക്കൽ വക്കമ്മയുടെയും പാലാ ചെമ്പ്ലാവ് മങ്കര വീട്ടിൽ മറിയക്കുട്ടിയുടെയും മൂത്ത മകൻ ബാബു ഭൗതിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദത്തിനുശേഷം കംപ്യൂട്ടർ പ്രൊഫഷണലായി സെക്കന്തറാബാദിൽ ജോലി ചെയ്യുന്നു. ഭാര്യ റാണി എം.എസ്സി, ബി.എഡ്. തൃക്കൊടിത്താനം തിനപ്പറമ്പിൽ കുടുംബാംഗമാണ്. സെക്കന്തറാബാദിൽ കേന്ദ്രീയ വിദ്യാലയത്തിൽ അദ്ധ്യാപികയാണ്.

## 109. ചാക്കോ ജോർജ്ജ് (ചാക്കോച്ചൻ)



കളപ്പുരയ്ക്കൽ വക്കമ്മയുടെയും പാലാ ചെമ്പ്ലാവ് മങ്കര വീട്ടിൽ മറിയക്കുട്ടിയുടെയും ദ്വിതീയ പുത്രൻ ചാക്കോച്ചൻ സാങ്കേതിക വിദ്യാഭ്യാസത്തിൽ ബിരുദം നേടിയശേഷം ഇൻഡ്യൻ റെയിൽവേയിൽ അസ്സി. എക്സിക്യൂട്ടീവ് എൻജിനീയറായി ഷൊർണൂറിൽ സേവനം അനുഷ്ഠിക്കുന്നു. ഇൻഡ്യൻ റെയിൽവേയുടെ ആധുനികവത്കരണത്തിന് തനതായ സംഭാവന നൽകിയ പ്രധാന വ്യക്തികളിൽ ഒരാളാണ് ചാക്കോച്ചൻ. ഭാര്യ എം. ഫിൽ ബിരുദധാരിയായ ലിജ നെടുങ്കുന്നം കുമ്പിളിവേലിൽ കുടുംബാംഗമാണ്. ചങ്ങനാശേരി അസംപ്ഷൻ കോളജിൽ അദ്ധ്യാപികയായിരുന്നു. മകൾ മുത്തു.

## 110. ജോസഫ് ജോർജ്ജ് (ജോസുകുട്ടി)



കളപ്പുരയ്ക്കൽ വക്കമ്മയുടെയും മറിയക്കുട്ടിയുടെയും മൂന്നാമത്തെ മകൻ ജോസുകുട്ടി സിവിൽ എൻജിനീയറിംഗിൽ ബിരുദ നേടിയശേഷം ഗൾഫിൽ ജോലി ചെയ്യുന്നു. ഭാര്യ കൊച്ചുറാണി തുരുത്തി നേര്യംപറമ്പിൽ കുടുംബാംഗമാണ്. മക്കൾ മെരിയം, വക്കച്ചൻ.

## 111. ജോർജ് ജി. കരിക്കംപള്ളി (ജോയിച്ചൻ)



കളപ്പുരയ്ക്കൽ വക്കമ്മയുടെയും മറിയക്കുട്ടിയുടെയും നാലാമത്തെ പുത്രനായ ജോർജ്ജ് ഈ കുടുംബത്തിലെ ഏക ചാർട്ടേർഡ് അക്കൗണ്ടന്റാണ്. ഇപ്പോൾ ഖത്തർ കോമേഴ്സ്യൽ ബാങ്കിലെ ഇന്റേണൽ ഓഡിറ്ററായി ജോലിചെയ്യുന്നു. ഭാര്യ മിലൻ എം.എസ്സി എംഫിൽ, ആലപ്പുഴ ഇടയാടി കുടുംബാംഗമാണ്. ഗൾഫ് ന്യൂസിൽ സേവന മനുഷ്ഠിക്കുന്നു.

## 201. ബിനു



കാവാലം നെടുപറമ്പ് സാന്റോച്ചന്റെയും മറിയാമ്മയുടെയും മകൻ വിനോയി (28 വയസ്സ്) എം.എം.എസ് (ഗോവ യൂണിവേഴ്സിറ്റി) പാസ്സായ ശേഷം മണിപ്പാൽ സിക്കിം യൂണിവേഴ്സിറ്റിയിൽ എം.എസ്സി (ഐടി) പഠിക്കുന്നു.

## 202 ജോണി



കാവാലം നെടുപറമ്പ് സാന്റോച്ചന്റെയും മറിയാമ്മയുടെയും രണ്ടാമത്തെ മകൻ ജോണി(26വയസ്സ്) ഗോവ യൂണിവേഴ്സിറ്റിയിൽ നിന്നും എൻജിനീയറിംഗ് ഡിഗ്രി നേടിയ ശേഷം എം.ആർ.എഫിൽ (എക്സപോർട്ട്) എക്സിക്യൂട്ടീവ് ആയി ജോലി നോക്കുന്നു.

## 203. എമിലി



കാവാലം നെടുപറമ്പ് സാന്റോച്ചന്റെയും മറിയാമ്മയുടെയും മകൾ എമിലി(24 വയസ്സ്) മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ നിന്നും എം. ഫാം പാസ്സായ ശേഷം എറണാകുളം

ലിസ്സി ഹോസ്പിറ്റലിൽ അദ്ധ്യാപികയായി (ഫാർമസി ഇൻസ്റ്റിറ്റ്യൂട്ട്) ജോലി നോക്കി. ഇപ്പോൾ അമേരിക്കയിൽ ഉപരിപഠനം നടത്തുന്നു.

## 204. വന്ദന



പാലാ മേവിട മോനിപ്പള്ളി തോമസിന്റെയും വത്സമ്മയുടെയും മകൾ വന്ദന (26 വയസ്സ്) ഗോവ യൂണിവേഴ്സിറ്റിയിൽ നിന്നും ബി. ഇ പാസ്സായ ശേഷം അമേരിക്കയിൽ ചിക്കാഗോ യൂണിവേഴ്സിറ്റിയിൽ നിന്നും പോസ്റ്റ് ഗ്രാഡ്വേറ്റ് നേടി. ടെക്സാസിൽ സോഫ്റ്റ് വെയർ എൻജിനീയർ ആയി ജോലി നോക്കുന്നു.

## 205. ചന്ദൻ



പാലാ മേവിട മോനിപ്പള്ളി തോമസിന്റെയും വത്സമ്മയുടെയും മകൻ ചന്ദൻ (24) ഗോവായിൽ ഫാർമസ്യൂട്ടിക്കൽ കമ്പനിയിൽ ശാസ്ത്രജ്ഞനായി സേവനമനുഷ്ഠിക്കുന്നു.

## 206. ഫാൻസി



പാലാ മേവിട മോനിപ്പള്ളി തോമസിന്റെയും വത്സമ്മയുടെയും മകൾ ഫാൻസി. (21) ഗോവാ യൂണിവേഴ്സിറ്റിയിൽ ബി. ഫാമിനു പഠിക്കുന്നു.

## 207. നീനു



ചാലക്കുടി വെള്ളാനിക്കാരൻ പോൾസന്റെയും മേരിമ്മയുടെയും മൂത്തമകൾ നീനു. കംപ്യൂട്ടർ എൻജിനീയറിംഗിന് പഠിക്കുന്നു.

## 208. റോസ്



ചാലക്കുടി വെള്ളാനിക്കാരൻ പോൾസന്റെയും മേരിയാമ്മയുടെയും രണ്ടാമത്തെ മകൾ റോസ് പത്താം ക്ലാസിൽ പഠിക്കുന്നു.

## 209. അനു



ചാലക്കുടി വെള്ളാനിക്കാരൻ പോൾസണിന്റെയും മേരിമ്മയുടെയും മൂന്നാമത്തെ മകൾ അനു ഏഴാം ക്ലാസിൽ പഠിക്കുന്നു.

## 210. ജോൺ



ചാലക്കുടി വെള്ളാനിക്കൽ പോൾസണിന്റെയും മേരിമ്മയുടെയും നാലാമത്തെ മകൻ ജോൺ എൽ.കെ.ജിയിൽ പഠിക്കുന്നു.

## 211. ടെസ്സി



ചെക്കിടിക്കാട്ട് മാലിയിൽ അപ്പച്ചന്റെയും ലില്ലിക്കുട്ടിയുടെയും മൂത്ത മകൾ ടെസ്സി ബാംഗ്ലൂരിൽ ബി. എസ്സി നഴ്സിംഗിന് പഠിക്കുന്നു.

## 212. ടോബിൻ



ചെക്കിടിക്കാട് മാലിയിൽ അപ്പച്ചന്റെയും ലില്ലിക്കുട്ടിയുടെയും മൂത്തമകൻ ടോബിൻ +1 ന് ക്ലാസിൽ പഠിക്കുന്നു.

## 213. ടോജോ



ചെക്കിടിക്കാട് മാലിയിൽ അപ്പച്ചന്റെയും ലില്ലിക്കുട്ടിയുടെയും രണ്ടാമത്തെമകൻ ടോജോ അഞ്ചാം ക്ലാസിൽ പഠിക്കുന്നു.

## 214. ടിനു



കളപ്പുരയ്ക്കൽ ബേബിച്ചന്റെയും റോസ്മേരിയുടെയും മൂത്തമകൾ ടിനു പത്താം ക്ലാസിൽ പഠിക്കുന്നു.

## 215. മിനു



കളപ്പുരയ്ക്കൽ ബേബിച്ചന്റെയും റോസ് മേരിയുടെയും രണ്ടാമത്തെ മകൾ ഏഴാം ക്ലാസിൽ പഠിക്കുന്നു.

**216. കൃപ**



കളപ്പുരയ്ക്കൽ ജോർജ്ജുകുട്ടിയുടെയും ഷോളിയുടെയും മകൾ കൃപ എൽ.പി. സ്കൂളിൽ പഠിക്കുന്നു

**217. മുത്തു**



കളപ്പുരയ്ക്കൽ ചാക്കോച്ചന്റെയും ലിജയുടെയും മകൾ മുത്തു യു.കെ.ജിയിൽ പഠിക്കുന്നു.

**218. മെറിൻ**



കളപ്പുരയ്ക്കൽ ജോസുകുട്ടിയുടെയും കൊച്ചുറാണിയുടെയും മകൾ മെറിൻ

**219. വക്കച്ചൻ**



കളപ്പുരയ്ക്കൽ ജോസുകുട്ടിയുടെയും കൊച്ചുറാണിയുടെയും മകൻ വക്കച്ചൻ

**220. മേഘ**



കളപ്പുരയ്ക്കൽ ജോയിച്ചന്റെയും മിലന്റെയും മകൾ മേഘ

**221. വക്കച്ചൻ**



കളപ്പുരയ്ക്കൽ ജോയിച്ചന്റെയും മിലന്റെയും മകൻ വക്കച്ചൻ

*Best Compliments from*

**CHETHIPUZHA RUBBERS**
**CHETHIPUZHA HARWARES**
**&**
**CHETHIPUZHA SUPER MARKET**

**Chethipuzha Building**
**Mammoodu - 686 553**
**Ph: 0481 - 2475626, 2475004**
**2473347(R)**

# പാവനസ്മരണയ്ക്ക്



**കെ.എ. ജോസഫ് B.A. B.L.**

**കളപ്പുരയ്ക്കൽ, ചെക്കിടിക്കാട്**

# നന്നാട്ടുമാലിൽ

## നന്നാട്ടുമാലിൽ ചാക്കോ (1852-1873)

വർക്കിയുടെ രണ്ടാമത്തെ പുത്രനും കളപ്പുരയ്ക്കൽ ഔസേപ്പിന്റെ അനുജനുമാണ് നന്നാട്ടുമാലിൽ ചാക്കോ. ഭാര്യ പരുമൂട്ടിൽ കത്രീന. ഇവരുടെ മകനാണ് തോമ്മാ. തോമ്മായ്ക്ക് ഒരു വയസ്സായപ്പോൾ ചാക്കോ ദീനം പിടിപ്പെട്ട് 1873ൽ 21-ാമത്തെ വയസ്സിൽ മരിച്ചു.

*Only the fittest will survive*

**KARICKAMPALLIL BANKERS**

**AMBALAPPUZHA**

*Has survived two decades*

WE ACCEPT DEPOSITS
ON ATTRACTIVE RATES
ALSO
SLASHED OUR INTEREST RATES
CONSIDENRABLY FOR
GOLD LOANS
TEL : 0477- 2272850

---

**JACOB CHACKO & CO**

A-Class Govt, Contractors, Builders & material suppliers.
**CHEKKIDICKADU P.O., EDATHUA.**

*contact for hire*

**H. M. PLANT**

**TEL 0477 - 2212276, 0477 - 2212376**

# കരിക്കംപള്ളി പുത്തൻപറമ്പു നന്നാട്ടുമാലി കുടുംബം തലമുറകളിലൂടെ



# കരിക്കംപള്ളി പുത്തൻപറമ്പു നന്നാട്ടുമാലി കുടുംബം തലമുറകളിലൂടെ

101. മേരിക്കുട്ടി ചാക്കോ നന്നാട്ടുമാലി
102. തൊമ്മിക്കുഞ്ഞ് ചാക്കോ നന്നാട്ടുമാലി കാട്ടാംപള്ളി
103. ചാച്ചൻ ചാക്കോ നന്നാട്ടുമാലി വാണിയപ്പുരയ്ക്കൽ
104. ഔസക്കുട്ടി ചാക്കോ
105. ദേവസ്യാച്ചൻ ചാക്കോ കരിക്കംപള്ളി തിരുവനന്തപുരം
106. റവ.ഫാ. ജോർജ് (വക്കമ്മ) കരിക്കംപള്ളി
107. മാത്യു ചാക്കോ നന്നാട്ടുമാലി
108. തങ്കമ്മ സേവ്യർ (കുട്ടപ്പൻ) വാളൻപറമ്പ്
109. കുട്ടിയമ്മ (ജോർജ്ജിറ്റാ) ചുണങ്ങുവേലി
110. കുഞ്ഞമ്മ വക്കച്ചൻ തെക്കേച്ചിറ നന്നാട്ടുമാലി
111. രാജമ്മ പാപ്പച്ചൻ താഴമൺ
112. തോമസുകുട്ടി തെക്കേച്ചിറ
113. ത്രേസ്യാമ്മ ചാക്കോച്ചി ഒറ്റതെങ്ങ്
114. കുഞ്ഞൂഞ്ഞ്അച്ചൻ വക്കച്ചൻ തെക്കേച്ചിറ
115. ലിസ്സമ്മ കുട്ടപ്പൻ മേലോട്ടുകൊച്ചി
116. അപ്പച്ചൻ അന്തോനിക്കുട്ടി പുത്തൻപുരയ്ക്കൽ (മരിച്ചു)
117. അമ്മിണി ജോണിക്കുട്ടി ഉണളുറപ്പൻ
118. കുഞ്ഞുമോൻ അന്തോനികുട്ടി പുത്തൻപുരയ്ക്കൽ
119. ജോയിച്ചൻ അന്തോനിക്കുട്ടി
120. അപ്പച്ചൻ വാവച്ചൻ കാട്ടുങ്കൽ, കരിക്കംപള്ളി
121. തങ്കമണി Do Do
122. ചാക്കോച്ചൻ Do Do
123. ജോർജ്ജുകുട്ടി കൂട്ടുങ്കൽ, പാലാ Do
124. അമ്മിണി ബേബിച്ചൻ ഇളന്തോട്ടം മണിമല
125. തങ്കമ്മ രാജൻ പീലിയാനിയ്ക്കൽ നെടുങ്കുന്നം
126. തെറമ്മ ഔതച്ചൻ പൂണോലിയ്ക്കൽ
127. ജോണിച്ചൻ വാവച്ചൻ കാട്ടുങ്കൽ
128. മാത്തുകുട്ടി വാവച്ചൻ കാട്ടുങ്കൽ
129. ലൂയിച്ചൻ വാവച്ചൻ ചെക്കിടിക്കാട്
130. ലീലാമ്മ കുട്ടപ്പൻ പുത്തൂർ
131. മണിയമ്മ അപ്പച്ചൻ പുരയ്ക്കൽ കളത്തിൽ
132. തങ്കമ്മ കുഞ്ഞുകുട്ടി കോഴിമണ്ണിൽ മല്ലപ്പള്ളി
133. ബേബി തോമസുകുട്ടി (മരിച്ചു)
134. തങ്കച്ചൻ ശൗരിച്ചൻ കളത്തിൽ
135. കുഞ്ഞുമോൾ ജയിംസ് വെങ്ങാലി യു.എസ്.എ.
136. പോൻസമ്മ ലാലിച്ചൻ തെങ്ങിൽ ഓസ്ട്രിയ
137. റുബിച്ചൻ ശൗരിച്ചൻ കളത്തിൽ യു.എസ്.എ.
138. താര പീറ്റർ ഐസക്ക് ഇരശ്ശേരിൽ
139. തങ്കച്ചി ബേബിച്ചൻ ചാവടി ആലപ്പുഴ
140. കുട്ടപ്പൻ ദേവസ്യാച്ചൻ തിരുവനന്തപുരം
141. തോമാച്ചൻ കറിയാച്ചൻ തെക്കേത്തലയ്ക്കൽ
142. കുഞ്ഞുമോൻ സ്കറിയാ തെക്കേത്തലയ്ക്കൽ
143. മോളമ്മ അച്ചൻകുഞ്ഞ് ആഞ്ഞിലവേലിൽ
144. മാത്തുകുട്ടി കറിയാച്ചൻ തെക്കേത്തലക്കൽ
145. തങ്കമ്മ കുട്ടപ്പൻ തോട്ടുകടവിൽ തകഴി
146. ലൈസാമ്മ സിബിച്ചൻ ചെറുശ്ശേരി നെടുംകുന്നം
147. കുഞ്ഞുമോൾ കുര്യച്ചൻ തുമ്പേച്ചിറ ചമ്പക്കുളം
148. രഞ്ചനാ ജോസ് (ജോക്കപ്പൻ) മുക്കാടൻ
149. റോഷൻ(സിസിലി) മത്തായി കരിക്കംപള്ളി
തത്തംപള്ളി
150. തങ്കച്ചൻ തോമസ്
151. സണ്ണിപ്പൻ മൈക്കിൾ

201. ജയിംസ് തോമസ് തൊമ്മികുഞ്ഞ് കരിക്കംപള്ളി
ചങ്ങനാശ്ശേരി
202. വത്സമ്മ ജോർജ്ജ് കരുവനാട്, തിരുവനന്തപുരം
203. കുഞ്ഞുമോൻ തോമസ് കരിക്കംപള്ളി
204. സിബിച്ചൻ തോമസ് കരിക്കംപള്ളി തിരുവനന്തപുരം
205. കുസുമം ചാക്കപ്പൻ മാളിയേപ്പുരയ്ക്കൽ
206. ജോമിച്ചൻ തോമസ് കാട്ടാംപള്ളി
207. സൂസമ്മ അപ്പച്ചൻ വെട്ടിക്കാട്ട് പായിപ്പാട്
208. ബേബിച്ചൻ ചാച്ചൻ
209. ലില്ലിക്കുട്ടി തെക്കേമുറി
210. കുട്ടപ്പൻ ചാച്ചൻ വാണിയപ്പുര
211. വക്കമ്മ ചാച്ചൻ വാണിയപ്പുര
212. മോളമ്മ ജോയി മെറ്റതാങ്കൽ
213. ജിമ്മിച്ചൻ ചാച്ചൻ
214. ജിജോ ചാച്ചൻ
215. റെജി മനോജ് ചക്കാല ചമ്പക്കുളം
216. ജോയിച്ചൻ ഔസക്കുട്ടി പുത്തൻപുര
217. ഫലിപ്പുകുട്ടി ഔസകുട്ടി
218. സണ്ണിപ്പൻ ഔസകുട്ടി പുത്തൻപുര
219. നിർമ്മലാ ടോമിച്ചൻ ചാലയ്ക്കൽ
220. ലൈസമ്മ രാജു പള്ളിത്താനം പാണ്ടി
221. റോസ്‌ലിൻ സാജു പൂവത്തുംമൂട്ടിൽ
222. ജിജമ്മ രാജു വന്ന്യംപറമ്പിൽ
223. സുരേഷ് ദേവസ്യാച്ചൻ കരിക്കംപള്ളി
തിരുവനന്തപുരം
224. റോയി ദേവസ്യാച്ചൻ
225. റോബി ദേവസ്യാച്ചൻ
226. ആഷലി സണ്ണി പഴുവാക്കളം
227. പുഞ്ചിരി സാജൻ കാട്ടാംപള്ളി
228. സിസിൽ മാത്യു നന്നാട്ടുമാലി
229. ജിമ്മിച്ചൻ സേവ്യർ വള്ളംപറമ്പ് ചങ്ങങ്കരി
230. മോളിമ്മ കുര്യൻ മാപ്പിളശ്ശേരി ചമ്പക്കുളം
231. സാലിമ്മ ബേബി തിരുവല്ല
232. ജസ്സമ്മ ജിമ്മി കുറുങ്കാട്ടുമൂല എടത്വാ
233. ജോജി സേവ്യർ വാളംപറമ്പ് U.S.A
234. ജോ സേവ്യർ Do Do
235. ലിറ്റീഷ സാബു കുളത്തുമുറി
236. ജോഷി സേവ്യർ വാളംപറമ്പ് ചങ്ങങ്കരി
237. ഡോളമ്മ തോമസ് താഴാമൺ
238. ഡിൻസാമ്മ ജയിംസ്
239. ഡർലികുട്ടി തോമസ് താഴാമൺ
240. വിനോദ് ജോർജ്ജ് തോമസ് സായൂജ്യ
തിരുവനന്തപുരം
241. ലീമാ റോസ് തോമസ്
242. ബിജു ജേക്കബ് ഒറ്റതെങ്ങിൽ
243. ബീനാ Do Do
244. ബിനു ദേവസ്യ ഈരേത്ര
245. ബിബു ജേക്കബ് Do
246. ജോജു ജോർജ്ജ് ജേക്കബ് കുഞ്ഞൂഞ്ഞ് തെക്കേച്ചിറ
247. ജിജി റോസിലി ജേക്കബ് തെക്കേച്ചിറ
248. സുരേഷ് കുട്ടപ്പൻ മേലോട്ടുകൊച്ചി
249. റവ.ഫാ. സതീഷ് ബാംഗ്ലൂർ
250. മോനു ജോണി ഉള്ളുപറമ്പിൽ
251. ബോബി ജോണി കടയ്നിക്കാട്
252. മോബിൻ ജോയിച്ചൻ പുത്തൻപുരക്കൽ
253. മിനു Do കരിക്കംപള്ളി
254. മിത്തു Do
255. ജോബി അപ്പച്ചൻ കാട്ടുങ്കൽ
256. ജിനോ
257. മിനി
258. റ്റെസി
259. രേഖാ തങ്കമണി കാട്ടുങ്കൽ
260. ജോപ്പൻ തങ്കമണി കാട്ടുങ്കൽ
261. നിതാ ചാക്കോ കാട്ടുങ്കൽ ദുബായി
262. നാൻസി ചാക്കോ മാംഗ്ലൂർ
263. നിഖിൽ ചാക്കോ ദൂബായി
264. ബസ്സി ജോർജ്ജ് മാംഗ്ലൂർ
265. ബക്കി ജോർജ്ജ് ദുബായ്
266. ബോബി ബേബിച്ചൻ മണിമല- ഇളംതോട്ടം
267. ജൂബി
268. സോബി
269. ടിജോ രാജൻ പീലിയാനിക്കൽ
270. രജ്ഞിത്ത് Do Do നെടുംകുന്നം
271. തേജസ് ഔതച്ചൻ പൂണലി ഡൽഹി
272. എൽസി Do Do
273. ജിൻസി ജോൺ കാട്ടുങ്കൽ ദുബായി
274. ജിതിൻ ജോൺ Do
275. റോസന മാത്യു കരിക്കപള്ളി യു.എസ്.എ കാട്ടുങ്കൽ
276. അജിത്ത്. ലൂയിച്ചൻ കാട്ടുങ്കൽ
277. അനു ലൂയിച്ചൻ കാട്ടുങ്കൽ
278. ബോബിച്ചൻ കുട്ടപ്പൻ പുത്തൂർ
279. സിൽവിച്ചൻ Do Do
280. റ്റിബി Do Do
281. ഷിനോ അപ്പച്ചൻ പുരയ്ക്കൽ കളത്തിൽ
282. അനീഷ് Do Do Do
283. നിഷാന്ത് ഫിലിപ്പ് കോഴിമണ്ണിൽ
284. നിധിൻ Do Do
285. നിബു Do Do
286. റൂഡി തോമസ് കുന്നുപുറത്ത് Do
287. റാറ്റാ Do Do
288. ജിബിൻ ജയിംസ് വെങ്ങാലി
289. ജിമ്മി Do Do
290. ഏലിയാമ്മ റൂബി കളത്തിൽ യു.എസ്
291. അരുൺ പീറ്റർ ഐസക് എരശ്ശേരിൽ
292. ഷീബാ Do Do Do
293. ഹേമാ Do Do Do
294. രജ്ഞിത്ത് Do Do Do
295. സ്വപ്നാ ജോസഫ് ചാവടി ആലപ്പുഴ
296. സെബാസ്റ്റ്യൻ Do
297. സഹിൽ കുട്ടപ്പൻ ഗുലാസ് വലിയതുറ
298. സനീഷ് കുട്ടപ്പൻ Do Do
299. സ്മിതാ തോമാച്ചൻ തെക്കേത്തലയ്ക്കൽ
300. സോണിയാ
301. സുബിൻ
302. സീനാ കുഞ്ഞുമോൻ തെക്കേത്തലയ്ക്കൽ
303. സുബീനാ കുഞ്ഞുമോൻ Do
304. ജിമ്മി അച്ചൻകുഞ്ഞ് ആഞ്ഞിലിവേലി
തൃക്കടിത്താനം
305. ജസ്റ്റിൻ
306. ജോസഫ്കുഞ്ഞ്
307. ലിന്റോ കുട്ടപ്പൻ തോട്ടുകടവ് കമ്പലോടി
308. ലിജോ
309. ലിബി
310. ലിൻസി
311. ഷിന്റോ സിബിച്ചൻ ചെറുശ്ശേരി നെടുംകുന്നം
312. മാളു
313. അപ്പു
314. തോമസുകുട്ടി കുര്യൻ തുമ്പേച്ചിറ ചമ്പക്കുളം
315. അരുൺ ജോസ് മുക്കാടൻ വാഴൂർ
316. വേണു Do Do
317. റോസ് മൈക്കിൾ കരിക്കംപള്ളി തത്തംപള്ളി
401. റ്റീന ജോർജ്ജ് കരവനാട്
402. ലീനാ ജോർജ്ജ് Do
403. ഗ്രേസിമോൾ Do നന്നാട്ടുമാലി
403 A ടോം ജോസഫ് നന്നാട്ടുമാലി
404. അമ്മു സിബിച്ചൻ കാട്ടാംപള്ളി എറണാകുളം
405. ടോണി Do Do
406. അനു ചാക്കപ്പൻ മാളിയം പുരയ്ക്കൽ
407. മിനു Do Do
408. മീരാ ടോമിച്ചൻ കാട്ടാംപള്ളി
409. സുജാ ജോസ് കിഴക്കേത്തലയ്ക്കൽ
410. സുമാ അപ്പച്ചൻ വെട്ടിക്കാട്
411. ടിറ്റോ Do Do
412. സോമാ Do Do
413. പ്രവീൺ ചാക്കോ ബേബിച്ചൻ നന്നാട്ടുമാലി
414. പ്രീയ Do Do
415. ജോൺ Do Do
416. ടോമി Do Do
417. മാത്തുക്കുട്ടി മോൻ തെക്കേമുറി
418. യമുനാ Do Do
419. യാമിനി Do Do
420. ചാക്കോച്ചൻ വക്കമ്മ വാണിയപ്പുര
421. ജിയോ Do Do
422. മുത്തു ജോയി പിത്തത്താങ്കൽ
423. ട്രീസാ ട്രീസാ Do
424. ജയിംസ് ജിമ്മിച്ചൻ കരിക്കംപള്ളി ചങ്ങനാശ്ശേരി
425. ആന്റണി Do Do
426. ജസ്സമ്മ ജിജോ,വാണിയപ്പുരയ്ക്കൽ
427. ട്രീസാ മനോജ് ചക്കാല
428. തനൂജാ ജോയി പുത്തൻപുര
429. ജോസഫ് ജോയി പുത്തൻപുര
430. മേരികുഞ്ഞ് പുത്തൻപുര ചെക്കിടിക്കാട്
431. ജോസഫ് പുത്തൻപുര ചെക്കിടിക്കാട്
432. ജൂഡ് തൊമ്മച്ചൻ ചാലയ്ക്കൽ
433. ജോണി Do Do
434. ജിജു രാജു പള്ളിത്താനത്തു പാണ്ടി
435. മരിയ സാജു പൂമുഖത്തുമൂട്ടിൽ കൂത്രപ്പള്ളി
437. അഭിലാഷ് രാജു വന്ന്യംപറമ്പ് തത്തംപള്ളി
438. അനുഷ് Do Do
439. അപ്പു Do Do
440. A. സുനിതാ സുരേഷ്, കരിക്കംപള്ളി,
തിരുവനന്തപുരം
B. സുനിൽ സുരേഷ്, Do Do
C. സെലീനാ സുരേഷ്, Do Do
D. റബേക്കാ റോബി, Do Do
441. അക്കു സണ്ണി പഴുവാക്കളം തകഴി
442. അച്ചു
443. ചാക്കോച്ചൻ സാജൻ കാട്ടാംപള്ളിൽ
443 A. പിയാക്കുട്ടി ചാക്കോച്ചൻ, നന്നാട്ടുമാലി
444. സാനു സുരേഷ് മേലോട്ടുകൊച്ചി ബാംഗ്ലൂർ
445. ധനുഷാ മോനു ഉള്ളുരപ്പിൽ
446. ജോൺ മോനു ഉള്ളുരപ്പിൽ
447. മണിക്കുട്ടി ബോബിച്ചൻ പുത്തൂർ
448. തൊമ്മച്ചൻ
449. നെൽസൺ സൽവിച്ചൻ പുത്തൂർ, ആസ്ട്രിയാ
450. നിൽസ്
451. അപ്പു റ്റിബി പുത്തൂർ

## തോമ്മാ നന്നാട്ടുമാലി (1874 – 1946)

കരിക്കംപള്ളി നന്നാട്ടുമാലിയിൽ ചാക്കോ യുടേയും തലവടി പറുമൂട്ടിൽ കത്രീനയുടേയും എകമകനാണ് നന്നാട്ടുമാലി തോമ്മ. അപ്പന്റെ അകാല വിയോഗം മൂലം തോമ്മായുടെ ബാല്യകാല സംരക്ഷണം പിതൃസഹോദരൻ കളപ്പുരയ്ക്കൽ ഔസേഫിനായിരുന്നു. കൃഷികാര്യങ്ങളിൽ മികവു നേടുവാൻ തോമ്മായെ സഹായിച്ചത് ഔസേഫ് ആയിരുന്നു. അമ്മയുടെ സ്നേഹസ്യമണമായ സംരക്ഷണയും ബന്ധുജനങ്ങളുടെ അകമഴിഞ്ഞ പ്രോത്സാഹനവും തോമ്മായെ ഔന്നത്യത്തിന്റെ പടവുകളിൽ എത്തിച്ചു. പച്ച പുരയ്ക്കൽ മറിയാമ്മയെ തോമ്മാ വിവാഹം ചെയ്തു. ചാക്കോച്ചൻ, വക്കച്ചൻ, അന്തോനി, വാവച്ചൻ, ശൗരിച്ചൻ, ഔസേഫ്, ദേവസ്യച്ചൻ, കറിയാച്ചൻ, മാത്തായികുഞ്ഞ് എന്നിവരാണ് മക്കൾ.

ഉദാരമനസ്കനും, നിറഞ്ഞ സഹൃദയനും, ആയിരുന്ന തോമ്മാ ജനങ്ങൾക്ക് പ്രീയപ്പെട്ടവനായിരുന്നു. അർഹിക്കുന്ന ആളുകൾക്കും സ്ഥാപനങ്ങൾക്കും ഉദാരമായ സംഭാവന ചെയ്യുന്നതിന് തോമ്മാ ബദ്ധശ്രദ്ധനായിരുന്നു. പച്ച ചെക്കിടിക്കാട് ലൂർദ്ദമാതാപള്ളിയുടെ സ്ഥാപനത്തിൽ മുഖ്യപങ്കുവഹിച്ച വ്യക്തി എന്ന നിലയിൽ ഇടവകസമൂഹം കൃതജ്ഞതയോടെ തോമ്മായെ സ്മരിക്കുന്നു 1946 ഫെബ്രുവരി 23 ന് തോമ്മാ സ്വർഗ്ഗപിതാവിന്റെ പക്കലേയ്ക്ക് പോയി.

### 1. ചാക്കോച്ചൻ (അത്തായി)

കരിക്കംപള്ളി നന്നാട്ടുമാലി തോമ്മായുടേയും പുരയ്ക്കൽ മറിയാമ്മയുടേയും മുത്ത പുത്രനാണ് അത്തായി എന്നറിയപ്പെട്ടിരുന്ന ചാക്കോച്ചൻ.



ആകാര സൗഷ്ഠവും, ശബ്ദഗാംഭീര്യവും, വരദാനമായികിട്ടിയ അത്തായി, കാർഷിക മേഖലയിൽ നൂറുമേനിവിളയിച്ച ഭാഗ്യവാനായിരുന്നു.ചമ്പക്കുളം, വേലകലം അച്ചാമ്മയെ ആണ് പരിണയിച്ചത് കുട്ടനാട് ബാങ്ക്, പയനീർകോർപ്പറേഷൻ, കുട്ടനാട് കർഷക സംഘം എന്നിവയുടെ സ്ഥാപക അംഗമായിരുന്നു. എടത്വാപള്ളി പ്രതിപുരുഷയോഗം സംഘടിപ്പിക്കുന്നതിൽ നേതൃത്വവും നൽകി. അറിയപ്പെടുന്ന വ്യവഹാരികൂടിയായിരുന്നു അത്തായി. 1967 മാർച്ച് 26 ന് അത്തായി നിത്യശാന്തിയിൽ ലയിച്ചു. മക്കൾ മേരികുട്ടി, തൊമ്മികുഞ്ഞ്, ചാച്ചൻ, ഔസകുട്ടി, ദേവസ്യാച്ചൻ, വക്കമ്മ, മത്തമ്മ, തങ്കമ്മ, കുട്ടിയമ്മ.

### 2. വക്കച്ചൻ

കരിക്കംപള്ളി നന്നാട്ടുമാലി തോമ്മായുടേയും പുരയ്ക്കൽ മറിയാമ്മയുടേയും രണ്ടാമത്തെ പുത്രനാണ്. വക്കച്ചൻ.



വസ്തു സംബന്ധമായ വ്യവഹാരങ്ങളിൽ മുഴുകികഴിഞ്ഞിരുന്ന ജേഷ്ഠസഹോദരൻ അത്തായിക്ക് കൃഷികാര്യങ്ങൾ ശ്രദ്ധിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തികൊണ്ടിരുന്ന വക്കച്ചന്റെ ചുമലിൽ കൃഷികാര്യങ്ങൾ വന്നു ഭവിച്ചു. രണ്ടാം ലോകമഹായുദ്ധകാലത്ത് മലബാർമേഖലയിലേക്കുള്ള ക്രൈസ്തവകുടിയേറ്റത്തിൽ ആകൃഷ്ടനായി വക്കച്ചൻ മലബാറിലേയ്ക്ക് പോയി. അജാനുബാഹുവായിരുന്ന വക്കച്ചന് കായിക അഭ്യാസത്തിൽ താല്പര്യം സ്വതസിദ്ധമായിരുന്നു. മലബാറിലെ പ്രശസ്തമായ കളരിഅഭ്യാസങ്ങളിൽ ആകൃഷ്ടനായി അടിതടവുകൾ അഭ്യസിച്ചു. ആക്രമിക്കുന്നതിനേക്കാൾ കൂടുതൽ പ്രതിരോധത്തിന് മുൻതൂക്കം കൊടുത്ത കായികഅഭ്യാസിയായിരുന്ന വക്കച്ചൻ ഉളുക്കും, ചതവും. മുറിവും, ചികിത്സിച്ച് സുഖപ്പെടുത്തിയിരുന്നു. ഭാര്യ കുട്ടിയമ്മ മുട്ടാർ ശ്രാമ്പിക്കൽ കുടുംബാംഗമാണ്. മക്കൾ. കുഞ്ഞമ്മ, രാജമ്മ, തോമസ്സുകുട്ടി, ത്രേസ്യാമ്മ, കുഞ്ഞൂഞ്ഞച്ചൻ. 1965 ൽ ക്ഷണഭംഗുരമായ ലോകത്തിന്റെ ജഢികാശങ്ങളിൽ നിന്നും വക്കച്ചൻ മോചിതനായി. 2003 മാർച്ച് 28ന് കുട്ടിയമ്മയും യാത്രയായി.

### 3. അന്തോനികുട്ടി

കരിക്കംപള്ളി നന്നാട്ടുമാലി തോമ്മായുടേയും പുരയ്ക്കൽ മറിയാമ്മയുടേയും മൂന്നാമത്തെ മകനാണ് അന്തോനിക്കുട്ടി. ഹൈസ്കൂൾ വിദ്യാഭ്യാസം



പൂർത്തിയാക്കിയ അന്തോനിക്കുട്ടി കച്ചവടത്തിലേയ്ക്ക് ശ്രദ്ധതിരിച്ചു. ചെക്കിടിക്കാട്ടുള്ള തെക്കേത്തലയ്ക്കൽ പീടിക ആളുകളുടെ സ്മരണയിൽ ഇന്നും നിലനിൽക്കുന്നു. പായിപ്പാട്ടു തെക്കേക്കര കുടുംബത്തിലെ സാറാമ്മയെ വിവാഹം ചെയ്ത അന്തോനിക്കുട്ടി എടത്വായിൽ കുടുംബവക കെട്ടിടത്തിൽ പലചരക്ക് മൊത്ത വ്യാപാരം നടത്തി വരവെ 1953 ൽ ഇഹലോക ജീവിതം പൂർത്തിയാക്കി. മക്കൾ: ലിസ്സമ്മ, അപ്പച്ചൻ, അമ്മിണി, കുഞ്ഞുമോൾ, ജോയിച്ചൻ.

### 4. ഔസേപ്പച്ചൻ

കരിക്കംപള്ളി നന്നാട്ടുമാലി തോമ്മായുടേയും പുരയ്ക്കൽ മറിയാമ്മയുടേയും നാലാമത്തെ മകനായ ഔസേപ്പച്ചൻ വളരെ ചെറുപ്പത്തിൽ(1932) മരണയാഥാർത്ഥ്യത്തിനു കീഴടങ്ങി.

## 5. വാവച്ചൻ



കരിക്കംപള്ളി നന്നാട്ടുമാലിയിൽ തോമ്മായുടേയും പുരയ്ക്കൽ മറിയാമ്മയുടെയും അഞ്ചാമത്തെ മകനാണ് വാവച്ചൻ. കുടുംബത്തിന്റെ ഓഹരി വിഹിതമായി കിട്ടിയ എഴുന്നൂറ്, പോച്ച 400 എന്നീ നിലങ്ങളിലെ കൃഷിക്കൊപ്പം സഹോദരൻ അന്തോനികുട്ടിയുടെ തെക്കേത്തലയ്ക്കൽ. പീടികയിൽ റേഷൻവ്യാപാരവും ആരംഭിച്ചു. അരിയ്ക്കും, തുണിയ്ക്കും കർശ്ശനമായ റേഷനിങ്ങുള്ള അക്കാലത്ത് ലെവിനെല്ല് അളക്കുന്നതിനുള്ള കരാറും നേടുവാൻ വാവച്ചന് കഴിഞ്ഞു. ജീവിതായോധനമത്സരത്തിൽ മുൻപന്തിയിൽ നിൽക്കുവാൻ എപ്പോഴും ശ്രമിച്ച വ്യക്തിയാണ് വാവച്ചൻ. പൊതുപ്രവർത്തനത്തിൽ തല്പരനായിരുന്ന വാവച്ചൻ എടത്വാ പഞ്ചായത്തിലേയ്ക്ക് നടന്ന പ്രഥമ തെരെഞ്ഞെടുപ്പിൽ മത്സരിച്ചു വിജയിച്ചു. കൃഷി കച്ചവടം പൊതുപ്രവർത്തനം എന്നീ രംഗങ്ങളിൽ സജീവമായി നിറഞ്ഞുനിന്നിരുന്ന ആ വ്യക്തിത്വം 1994-ൽ നിര്യാതനായി. ഭാര്യ വാഴപ്പള്ളി പടിഞ്ഞാറേക്കളം ചിന്നമ്മയാണ്. മക്കൾ, അപ്പച്ചൻ, തങ്കമണി, ചാക്കോച്ചൻ, ജോർജുക്കുട്ടി, അമ്മിണി, തങ്കമ്മ, തെറമ്മ, ജോണിച്ചൻ, മാത്തുകുട്ടി, ലൂയിച്ചൻ.

## 6. ശൗരിച്ചൻ



കരിക്കംപള്ളി നന്നാട്ടുമാലിയിൽ തോമ്മായുടെയും പുരയ്ക്കൽ മറിയാമ്മയുടേയും ആറാമത്തെമകനായി ശൗരിച്ചൻ എന്ന പി.റ്റി. സേവ്യർ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായി. ദിക്കെങ്ങും സ്വാതന്ത്ര്യസമരപ്പോരാളികൾക്കൊപ്പം സഞ്ചരിച്ചു. ദേശത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ശൗരിച്ചൻ നടത്തിയ ധീരമായ പോരാട്ടങ്ങളെ മാനിച്ചുകൊണ്ട് സ്വാതന്ത്ര്യസമര പെൻഷൻ മരണം വരെ ലഭിച്ച ധീരനായ സ്വാതന്ത്ര്യസമരഭടനായിരുന്നു. ശൗരിച്ചൻ. തന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന രാഷ്ട്രീയ സാമുദായിക, സാംസ്കാരിക നേതാക്കന്മാരുമായുള്ള ചിരന്തന സൗഹൃദം അഭംഗുരം കാത്തുസൂക്ഷിച്ച ആളാണ് ശൗരിച്ചൻ. കൈനകരി ചാവറ കുഞ്ഞമ്മയെ ആണ് വിവാഹം ചെയ്തത്. വ്യക്തിബന്ധങ്ങൾ നിലനിർത്തുന്നതിൽ നയചാതുരനായിരുന്നു ശൗരിച്ചൻ. ഔദ്യോഗിക തലത്തിൽ ശൗരിച്ചനുണ്ടായിരുന്ന ബന്ധവും, സ്വാധീനവും കുടുബാംഗങ്ങൾക്ക് വളരെയേറെ സഹായകരമായിട്ടുണ്ട്. 1983-ൽ കുഞ്ഞമ്മയും 1998 ൽ ശൗരിച്ചനും നിര്യാതരായി. മക്കൾ: ലീലാമ്മ, മണിയമ്മ, തങ്കമ്മ, ബേബി, തങ്കച്ചൻ, കുഞ്ഞുമോൾ, പോൻസമ്മ, റൂബിച്ചൻ.

## 7. അഡ്വ. പി. ടി. ദേവസ്യാ(ദേവസ്യാച്ചൻ)



കരിക്കംപള്ളി നന്നാട്ടുമാലിയിൽ തോമ്മയുടേയും പുരയ്ക്കൽ മറിയാമ്മയുടേയും ഏഴാമത്തെ മകനായി ദേവസ്യാച്ചൻ ജനിച്ചു. പ്രകൃതി സൗന്ദര്യം കൊണ്ട് ദൈവത്തിന്റെ സ്വന്തം കൈയൊപ്പുള്ള നാടെന്നു മാലോകർ വാഴ്ത്തുന്ന കുട്ടനാട്ടിലെ ജനങ്ങളുടെ കാർഷികാഭിമുഖ്യത്തിൽനിന്ന് വ്യതിചലിച്ച് നിയമപഠനത്തിന് പോയ വ്യക്തിയാണ് ദേവസ്യാച്ചൻ. തിരുവനന്തപുരം ലോ കോളേജിൽ നിന്നും നിയമബിരുദം നേടുമ്പോൾ കുടുംബത്തിലെ ആദ്യനിയമബിരുദധാരി എന്ന ബഹുമതിക്ക് ദേവസ്യാച്ചൻ അർഹനായി. തിരുവനന്തപുരത്ത് പ്രാക്ടീസ് ആരംഭിച്ച പി.റ്റി. ദേവസ്യ ബി.എ. ബി.എൽ തിരു വനന്തപുരം വലിയതുറ സിന്ധ്യാ ഗുലാസിനേയാണ് ജീവിതപങ്കാളിയാക്കിയത്. പൊതുപ്രവർത്തനത്തോടുള്ള അടങ്ങാത്ത അഭിനിവേശം ദേവസ്യാച്ചനെ, അന്നുണ്ടായിരുന്ന തകഴി നിയോജക മണ്ഡലത്തിൽ നിന്നും അസംബ്ലിയിലേക്ക് മത്സരിക്കുവാൻ പ്രേരിപ്പിച്ചു. തിരഞ്ഞെടുപ്പിൽ നിന്നും പിന്മാറിയാൽ മജിസ്ട്രേട്ടു പദവി ഉൾപ്പെടെ വാഗ്ദാനം ചെയ്തെങ്കിലും മത്സരരംഗത്ത് ഉറച്ചു നിൽക്കുവാൻ ദേവസ്യാച്ചൻ തീരുമാനിച്ചു. തിരഞ്ഞെടുപ്പിൽ പരാജിതനായ ദേവസ്യാച്ചൻ കൽക്കട്ടയിലേക്ക് പോകുകയും അവിടെ പ്രശസ്തമായ നിലയിൽ അഭിഭാഷകവൃത്തി തുടരുകയും ചെയ്തു. അവിടെ നിന്നും ആൻഡമാൻ നിക്കോബാർ ദീപുകളിലേക്ക് കുടിയേറിയ ദേവസ്യാച്ചൻ അവിടുത്തെ ആദ്യവക്കീൽ എന്ന ഖ്യാതിനേടി. ആൻഡമാനിൽ അഭിഭാഷകവൃത്തിക്കൊപ്പം കാർഷിക മേഖലയിലേക്കും ശ്രദ്ധതിരിക്കുവാൻ ദേവസ്യാച്ചനു കഴിഞ്ഞു. തുടർന്ന് തിരുവനന്തപുരത്തേയ്ക്ക് മടങ്ങിഎത്തിയ ദേവസ്യാച്ചൻ 1965ൽ ബന്ധുമിത്രാദികളുടെ ഓർമ്മകളിൽ നിത്യസ്മരണയായി. മക്കൾ താര, തങ്കച്ചി, കുട്ടപ്പൻ.

## 8. കറിയാച്ചൻ



കരിക്കംപള്ളി നന്നാട്ടുമാലി തോമായുടേയും പുരയ്ക്കൽ മറിയാമ്മയുടേയും എട്ടാമത്തെ മകനായി കറിയാച്ചൻ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം കുറച്ചുനാൾ സൈനീക സേവനം അനുഷ്ഠിച്ചു. തിരികെ വന്ന് തെക്കേത്തലയ്ക്കൽ പെരുമാൾ അപ്പൂപ്പൻ വാങ്ങിയ സ്ഥലത്ത് താമസിച്ചുകൊണ്ട് കൃഷികാര്യങ്ങളിൽ ഏർപ്പെട്ടു അതോടൊപ്പം കൊപ്രാവ്യാപാരം ഭേദപ്പെട്ട നിലയിൽ നടത്തി. കോൺഗ്രസ്സ് സേവാദളിന്റെ സജീവപ്രവർത്തകനായിരുന്ന കറിയാച്ചൻ വള്ളംകളിയിലും തൽപരനായിരുന്നു. ചങ്ങനാശ്ശേരി വലിയപറമ്പിൽ ചിന്നമ്മയാണ് സഹധർമ്മിണി. തോമ്മാച്ചൻ, കുഞ്ഞുമോൻ, മോളിമ്മ, മാത്തുകുട്ടി, ലൈലാമ്മ, കുഞ്ഞുമോൾ, എന്നിവരാണ് മക്കൾ. 2000 ത്തിൽ കറിയാച്ചൻ കാർത്താവിൽ നിദ്രപ്രാപിച്ചു.

## 9. അഡ്വ. കെ. റ്റി. മത്തായി(മത്തായിക്കുട്ടി)



കരിക്കംപള്ളി നന്നാട്ടുമാലി തോമ്മായുടേയും പച്ചപുരയ്ക്കൽ മറിയാമ്മയുടേയും ഇളയമകനായി 1925-ൽ മത്തായിക്കുട്ടി ജനിച്ചു. 1943-ൽ എടത്വാ സെന്റ് അലോഷ്യസ് ഇംഗ്ലീഷ് ഹൈസ്കൂളിൽ നിന്നും ഇ.എസ്.എസ്.എൽ.സി. പാസായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ ഇന്റർ മീഡിയറ്റിന് പഠിക്കുന്ന അവസരത്തിൽ IATIC കോഴ്സ് പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റ് വൈസ് എയർമാർഷലിൽനിന്ന് സ്വീകരിച്ചു. മദ്രാസ് ലയോള കോളജിൽനിന്ന് ബി.എ. പാസായി. തുടർന്ന് മത്തായിക്കുട്ടി ലക്നൗ യൂണിവേഴ്സിറ്റിയിൽനിന്ന് ബി.കോം + എൽ.എൽ.ബി. 1951-ൽ പാസായി. മുൻ രാഷ്ട്രപതി ഡോ. ശങ്കർദയാൽ ശർമ്മയുടെ അരുമശിഷ്യനായിരുന്നു മത്തായിക്കുട്ടി. 1954-ൽ ജൂൺമാസം 24-ാം തീയതി തിരുവിതാകൂർ-കൊച്ചി ബാർ കൗൺസിലിൽ എൻറോൾ ചെയ്യുകയും അഭിഭാഷക വൃദ്ധി തുടരുകയും ചെയ്തു. വിദ്യാഭ്യാസ കാലഘട്ടത്തിൽ അറിയപ്പെടുന്ന വോളിബോൾ താരമായിരുന്നു മത്തായിക്കുട്ടി. പച്ച- ചെക്കിടിക്കാട് സെന്റ് മേരീസ് വായനശാലയുടെ സ്ഥാപകഅംഗംകൂടിയായിരുന്നു അഡ്വ. കെ. ടി. മത്തായി. കക്ഷികളെ അനുരഞ്ജന മാർഗത്തിൽകൊണ്ടുവരാൻ ആദ്യം ശ്രമിച്ചശേഷം നിയമവഴിയിലൂടെ പ്രശ്നപരിഹാരം കണ്ടെത്തുന്നതിൽ വിദഗ്ധനായിരുന്നു. കുടുംബബന്ധങ്ങളുടെ ഊഷ്മളത കണ്ടെത്തുന്നതിൽ എന്നു ബദ്ധശ്രദ്ധാലുവായിരുന്നു മത്തായിക്കുട്ടി. നന്നാട്ടുമാലിൽ ചാക്കോ-തോമ്മായുടെ വംശാവലിയും ജീവചരിത്ര സംക്ഷേപവും എന്ന ലഘുജീവചരിത്ര ഗ്രന്ഥകർത്താവുകൂടിയായിരുന്നു മത്തായിക്കുട്ടി. ചങ്ങനാശ്ശേരി പണിക്കരേടം റോസമ്മയാണ് സഹധർമ്മിണി. മക്കൾ രഞ്ചന, റോഷൻ, തങ്കച്ചൻ, സണ്ണി.

## 101. മേരിക്കുട്ടി ചാക്കോ

നന്നാട്ടുമാലി പുത്തൻപറമ്പ് അത്തായിയുടേയും അച്ചാമ്മയുടേയും മൂത്ത പുത്രി മേരിക്കുട്ടി എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ നിന്ന് ഇ.എസ്.എസ്. എൽ.സി പാസായി. 19-ാമത്തെ വയസ്സിൽ അകാലചരമമഞ്ഞു.

## 102. തൊമ്മികുഞ്ഞ്



കരിക്കംപള്ളി നന്നാട്ടുമാലി പുത്തൻപറമ്പ് അത്തായിയുടേയും അച്ചാമ്മയുടേയും മൂത്ത പുത്രനാണ് തൊമ്മികുഞ്ഞ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ബി.എ.ബിരുദം നേടി. തുടർന്ന് വരുമാന നികുതി വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. 1982 ൽ ഇൻകം ടാക്സ് ഓഫീസറായി തിരുവല്ലയിൽ നിന്നും വിരമിച്ചു. എടത്വാ പാണ്ടങ്കരി കാട്ടാമ്പള്ളി കുടുംബാഗമായ ഗ്രേസ്കുട്ടിയാണ് ഭാര്യ. മക്കൾ ജയിംസ്കുട്ടി, വത്സമ്മ, കുഞ്ഞുമോൻ, സിബി, കുസുമം, ജോമിച്ചൻ. 1995 ജൂൺ 11-ാം തീയതി ഗ്രേസികുട്ടിയും, 2001 ജനുവരി 13-ാം തീയതി തൊമ്മികുഞ്ഞും ഇഹലോകവാസം വെടിഞ്ഞു.

## 103. ചാച്ചൻ



കരിക്കംപള്ളി നന്നാട്ടുമാലി അത്തായിയുടെയും അച്ചാമ്മയുടെയും രണ്ടാമത്തെ മകൻ ചാച്ചൻ സ്കൂൾ വിദ്യാഭ്യാസകാലത്ത് കാർഷികമേഖലയിൽ പ്രവേശിച്ചു. കർഷകവൃത്തിയിൽ ഇന്നും അഭിമാനവും ആനന്ദവും കണ്ടെത്തുന്ന വ്യക്തിയാണ്. പാടത്ത് വെള്ളം വറ്റിച്ച് വിത്തു വിതച്ച് കൊയ്ത് എടുക്കുന്നതുവരെ ബന്ധപ്പെടുന്ന കർഷകതൊഴിലാളികളോട് ഇണക്കവും പിണക്കവും നടിച്ച് നൂറുമേനി വിളയിക്കുന്നു. കുട്ടനാട്ടിലെ കർഷകപ്രമാണികൾക്ക് ജീവിക്കുന്ന മാതൃകയാണ് നന്നാട്ടുമാലി ചാച്ചൻ. പച്ച - ചെക്കിടിക്കാട് ഇടവകയിലെ മാതൃകാ കർഷകനായി വി.എം. സുധീരൻ എംപിയിൽ നിന്ന് പൊന്നാട ലഭിച്ചിട്ടുണ്ട്. കൂടാതെ തകഴി പഞ്ചായത്തിലെ മികച്ച കർഷകനെന്ന ബഹുമതിയും ലഭിച്ചു. ഭാര്യ ചമ്പക്കുളം മോഴൂർ മഠത്തിലാക്കൽ ത്രേസ്യാമ്മ. കുടുംബ ബന്ധങ്ങളുടെ ഊഷ്മളത നിലനിർത്തുന്നതിൽ ആഢ്യത്വത്തോടുകൂടി പെരുമാറാൻ കഴിയുന്ന ത്രേസ്യാമ്മ കുടുംബാംഗങ്ങൾക്ക് മാതൃകയാണ്. മക്കൾ സൂസമ്മ, ബേബിച്ചൻ, ലില്ലിക്കുട്ടി, കുട്ടപ്പൻ, വക്കമ്മ, മോളി, ജിമ്മിച്ചൻ, ജിജോ, റജി.

## 104. ഔതക്കുട്ടി



കരിക്കംപള്ളി നന്നാട്ടുമാലി അത്തായി അച്ചാമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനാണ് ഔതക്കുട്ടി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കാർഷിക മേഖലയിൽ തന്റെ

പ്രാഗത്ഭ്യം തെളിയിച്ചു. ആധുനിക കൃഷി സമ്പ്രദായങ്ങൾ പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും പ്രത്യേക ശ്രദ്ധിച്ചിരുന്നു. സർക്കാരിന്റെ കാർഷിക വികസനപരിപാടികളുമായി നിരന്തരം സഹകരിച്ചിരുന്ന ആളാണ് ഔസക്കുട്ടി. പച്ച-ചെക്കിടിക്കാട് കോ-ഓപറേറ്റീവ് സൊസൈറ്റി ബോർഡ് മെമ്പർ, അപ്പർ കുട്ടനാട് കർഷകസംഘത്തിന്റെ ഭാരവാഹി, കുട്ടനാട് കർഷക സംഘത്തിന്റെ ഭരണസമിതി അംഗം എന്നീ നിലകളിലും ഓതക്കുട്ടി ജനമനസുകളിൽ നിറഞ്ഞുനിൽക്കുന്നു. കുടുംബബന്ധം കാത്തുസൂക്ഷിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന വ്യക്തിയാണ് ഔസക്കുട്ടി. 1996ൽ ഔസക്കുട്ടി കർമ്മ മണ്ഡലങ്ങളിൽ നിന്ന് മോചിതനായി. ചങ്ങനാശ്ശേരി പാലത്ര കുടുംബാംഗം മേരിക്കുട്ടി(കുട്ടിയമ്മ)യാണ് ഭാര്യ. മക്കൾ ജോയിച്ചൻ, ഫിലിപ്പുകുട്ടി, സണ്ണിക്കുട്ടി, നിർമ്മല, ലൈസാമ്മ, റോസിലി.

## 105 ദേവസ്യാച്ചൻ



കരിക്കംപള്ളി നന്നാട്ടുമാലി അത്തായിയുടെയും വേലങ്കളം അച്ചാമ്മയുടെയും നാലാമത്തെ പുത്രൻ ദേവസ്യാച്ചൻ വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമായിരുന്ന കാലഘട്ടത്തിൽ തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളജിൽ ചേർന്നു പഠിക്കാൻ ഭാഗ്യം കിട്ടിയ ആളാണ്. ധനതത്വശാസ്തരത്തിൽ ബിരുദം നേടിയ ശേഷം സർക്കാർ ജോലിയോടുള്ള ആഗ്രഹംകൊണ്ട് ഗവർമെന്റ് സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ചു. നീതിനിഷ്ഠമായ ഔദ്യോഗിക ജീവിതം പൂർത്തിയാക്കി ജോയിന്റ് സെക്രട്ടറി തസ്തികയിൽ വിരമിച്ചു. സ്വന്തക്കാർക്കു നാട്ടുകാർക്കും ബന്ധുക്കൾക്കും അവരുടെ ഔദ്യോഗികാവശ്യങ്ങളിൽ അത്താണിയായിരുന്നു ദേവസ്യാച്ചൻ. ഭാര്യ ലീലാമ്മ രാമങ്കരി മണലാടി വേലക്കളത്തിൽ പുത്തൻപുരയിൽ കുടുംബാംഗം. മക്കൾ ജീജമ്മ, സുരേഷ്, റോയി, റോബി.

## 106. റവ. ഡോ.കെ.സി. ജോർജ്(വക്കമ്മ)



കരിക്കംപള്ളി നന്നാട്ടുമാലി അത്തായിയുടെയും വേലങ്കളം അച്ചാമ്മയുടെയും അഞ്ചാമത്തെ പുത്രനാണ് വക്കമ്മ. 1930 നവംബർ 24-ന് ജനിച്ച വക്കമ്മ 17-5-1954 ൽ ഈശോ സഭയിൽ അംഗമായി ചേർന്നു.31-5-1956-ൽ ആദ്യവ്യതവാഗ്ദാനവും 1-12-1975-ൽ നിത്യവൃതവാഗ്ദാനവും നടത്തി. 17-3-1965 പുരോഹിത ശ്രേണിയിലെ അംഗമായി. തീർത്ഥാടന കേന്ദ്രമായ എടത്വാ ഇടവകയിൽനിന്നും ഈശോസഭയിൽ ചേർന്ന ആദ്യ വൈദീകനാണ് ഫാ. കെ.സി. ജോർജ്. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തരബിരുദം നേടിയ ഫാ. കെ.സി. ജോർജ് മൈസൂർ യൂണിവേഴ്സിറ്റിനിന്നും നിന്നം പി.എച്ച്ഡി കരസ്ഥമാക്കി. മദ്രാസ് ലയോള കോളജിൽ പ്രഫസറായും തുടർന്ന് മാർ ഗ്രീഗോറിയോസ് കോളജിന്റെ പ്രിൻസിപ്പലാണ്. അരുണാചൽ പ്രദേശിലും നാഗാലാന്റിലും രണ്ടു വർഷക്കാലം മിഷനറിയായി പ്രവർത്തിച്ചിട്ടുണ്ട്.

## 107. മാത്യു (മത്തമ്മ)

കരിക്കംപള്ളി നന്നാട്ടുമാലി അത്തായിയുടെയും വേലങ്കളം അച്ചാമ്മയുടെയും ഇളയ മകനാണ് മത്തമ്മ. തിരുവനന്തപുരം മാർ ഈവാനിയോസ് കോളജിൽ നിന്നും



ബി.എസ്സി ബിരുദം നേടി. കേരള പൊതുമരാമത്തു വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിലിരിക്കെ എടത്വാ സെന്റ് ജോർജ്ജ് ഫൊറോന പള്ളിയിലെ പ്രതിപുരുഷാംഗമായി 10 വർഷം പ്രവർത്തിച്ചു. കൂടാതെ പച്ച-ചെക്കിടിക്കാട് ലൂർദ്ദമാതാ പള്ളികമ്മറ്റിയിലും പ്രവർത്തിച്ചിട്ടുണ്ട്. 1989 സർവ്വീസിൽ നിന്നും വിരമിച്ചു കുടുംബത്തിൽ താമസിക്കുന്നു. എല്ലാ കാര്യങ്ങളിലും സ്വന്തമായ അഭിപ്രായഗതിയും വീക്ഷണവും വച്ചു പുലർത്തുന്ന ആളാണ് മത്തമ്മ. എടത്വ വാണിയപ്പുരയ്ക്കൽ ത്രസ്യാമ്മ (കുഞ്ഞുമോൾ)യാണ് ഭാര്യ. മക്കൾ ആഷ്ലി, പുഞ്ചിരി, ചാക്കോച്ചൻ.

## 108. തങ്കമ്മ

കരിക്കംപള്ളി നന്നാട്ടുമാലി അത്തായിയുടെയും വേലങ്കളം അച്ചാമ്മയുടെയും രണ്ടാമത്തെ മകളാണ് തങ്കമ്മ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ തങ്കമ്മയെ ചങ്ങംകരി വാളംപറമ്പിൽ



സേവ്യർ വി. മാത്യു (കുട്ടപ്പൻ) വിവാഹം കഴിച്ചു. എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും ദീർഘകാലം സേവനമനുഷ്ഠിച്ച കുട്ടപ്പൻ 1986 ൽ സർവ്വീസിൽ നിന്ന് വിരമിച്ചു. എടത്വാ പഞ്ചായത്ത് മെമ്പറുകൂടിയായിരുന്നു കുട്ടപ്പൻ. മക്കൾ ജിമ്മിച്ചൻ, മോളിമ്മ, സാലിമ്മ, ജസമ്മ, ജോജി, ജോ, ലിറ്റി, ജോഷി.

## 109. സിസ്റ്റർ ജോർജിറ്റ (കുട്ടിയമ്മ)

കരിക്കംപള്ളി നന്നാട്ടുമാലി അത്തായിയുടെയും വേലങ്കളം അച്ചാമ്മയുടെയും ഇളയ മകളായി 1939 ഡിസംബർ 30-ന് കുട്ടിയമ്മ ജനിച്ചു. 1959 -ൽ അഗതികളുടെ സന്യാസസമൂഹത്തിൽ അംഗമായി ചേർന്നു. 1961 ജനുവരി 7-ന് ആദ്യ വ്രതവാഗ്ദാനവും 1964 ജൂലൈ 26-ന് നിത്യവ്രതവാഗ്ദാനവും നടത്തി. 1964 സെപ്റ്റംബർ 1-ന് അഗതി ശുശ്രൂഷയ്ക്കായി ജർമ്മനിയിൽ



പോയി. ഏകദേശം 10 വർഷക്കാലം അവിടെ സേവനം അനുഷ്ഠിക്കുകയും നേഴ്സിംഗ് പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് കേരളത്തിൽ വിവിധ സ്ഥാപനങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. ഇപ്പോൾ സിസ്റ്റർ ജോർജിറ്റ മംഗലാപുരത്തെ ബൽത്തങ്ങാടി രൂപതയിൽ സേവനം അനുഷ്ഠിക്കുന്നു.

## 110 കുഞ്ഞമ്മ



കരിക്കംപള്ളി നന്നാട്ടുമാലിയിൽ (തെക്കേച്ചിറ) വക്കച്ചന്റെയും കുട്ടിയമ്മയുടെയും മൂത്തപുത്രി കുഞ്ഞമ്മ ഇളയസഹോദരൻ കുഞ്ഞൂഞ്ഞച്ചന്റെ കൂടെ തറവാട്ടിൽ താമസിക്കുന്നു.

## 111 രാജമ്മ

കരിക്കംപള്ളി നന്നാട്ടുമാലിൽ (തെക്കേച്ചിറ) വക്കച്ചന്റെയും കുട്ടിയമ്മയുടെയും രണ്ടാമത്തെ പുത്രിയാണ് രാജമ്മ. കോഴഞ്ചേരി അയിരൂർ താഴമൺ പാപ്പച്ചൻ വിവാഹം ചെയ്തു. വ്യോമസേനയിൽ ഉദ്യോഗസ്ഥനായിരുന്ന പാപ്പച്ചൻ 1988 ൽ ഓർമ്മയായി. മക്കൾ ഡോളമ്മ, ഡെൻസമ്മ, ഡർലിക്കുട്ടി.



## 112. പി. വി. തോമസ് IPS (തോമസ്കുട്ടി)

കരിക്കംപള്ളിൽ നന്നാട്ടുമാലിൽ (തെക്കേചിറ) വക്കച്ചന്റേയും കുട്ടിയമ്മയുടെയും മൂത്തമകനായി 1939 ൽ തോമസുകുട്ടി ജനിച്ചു. എടത്വാ സെന്റ് അലോഷ്യസ്, എഴുകോൺ ഇരുമ്പനങ്ങാട്ട് എച്ച്.എസ്. തിരുവനന്തപുരം, മാർ ഇവാനിയോസ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനുശേഷം കേരള പോലീസ് സർവ്വീസിൽ സബ് ഇൻസ്പെക്ടറായി പ്രവേശിച്ചു. വിശിഷ്ടസേവനത്തിന് 1990 ൽ ഇന്ത്യൻ പ്രസിഡന്റിന്റെ പോലീസ് മെഡലിന് അർഹനായി. പോലീസ് സർവ്വീസിലുള്ള ശ്രദ്ധേയമായ സേവനം മുൻനിർത്തി 1998 ൽ IPS ലഭിച്ചു. കരിക്കംപള്ളി കുടുംബത്തിൽ IPS നേടിയ ആദ്യവ്യക്തിയാണ് തോമസുകുട്ടി. മികച്ച കായികതാരം കൂടിയായ തോമസ്സുകുട്ടി കേരള സർവ്വകലാശാല വോളിബോൾ ടീം ക്യാപ്റ്റനും അതലറ്റുമായിരുന്നു. 1961-69 കാലയളവിൽ കേരള പോലീസ് ടീമിലും കേരള സ്റ്റേറ്റ് ടീമിലും വോളിബോൾ താരമായിരുന്നു. 1965 ലും 69 ലും പോലീസ് അത്‌ലറ്റിക് വ്യക്തിഗത ചാമ്പ്യൻകൂടിയായിരുന്നു തോമസ്സുകുട്ടി. ഭാര്യ കൂത്താട്ടുകുളം പാറപ്പുറത്തു പുത്തൻപുരയിൽ മേരി.പി.അഗസ്റ്റിൻ (രാജമ്മ) തിരുവനന്തപുരം RLO അസി.മാനേജറാണ്. മക്കൾ വിനോദ്, ലീമ റോസ് (വിനീത).



## 113. ത്രേസ്യാമ്മ

കരിക്കംപള്ളി നന്നാട്ടുമാലി (തെക്കേച്ചിറ) വക്കച്ചന്റെയും കുട്ടിയമ്മയുടെയും 3-ാമത്തെ പുത്രിയാണ് ത്രേസ്യാമ്മ. ആലപ്പുഴ ഒറ്റത്തെങ്ങിൽ ചാക്കോച്ചിയാണ് ഭർത്താവ്. സൗത്ത് ഇൻഡ്യൻ ബാങ്കിൽ മാനേജരായി ചാക്കോച്ചി വിരമിച്ചു. മക്കൾ ബിജു, ബീന, ബിനു, ബിബു. ചാക്കോച്ചി 2003 നവംബർ 23-നും ത്രേസ്യാമ്മ 2003 ഡിസംബർ 3നും നിര്യാതരായി.



## 114. കുഞ്ഞൂഞ്ഞച്ചൻ

കരിക്കംപള്ളി നന്നാട്ടുമാലി (തെക്കേച്ചിറ) വക്കച്ചന്റെയും കുട്ടിയമ്മയുടെയും ഇളയ മകൻ കുഞ്ഞൂഞ്ഞച്ചൻ കൃഷിയും പലചരക്കുവ്യാപാരവുമായി കഴിയുന്നു. തുരുത്തി നേര്യംപറമ്പിൽ ലിസമ്മയേയാണ് വിവാഹം ചെയ്തിരിക്കുന്നത്. മക്കൾ ജോജു, ജിജി.



## 115. ലിസ്സമ്മ

നന്നാട്ടുമാലി പുത്തൻപുരയ്ക്കൽ അന്തോനിക്കുട്ടിയുടേയും സാറാമ്മയുടേയും മൂത്തപുത്രിയാണ് ലിസ്സമ്മ. സ്റ്റെനോ ഗ്രാഫറായ ലിസമ്മയെ കുളത്തൂർ മേലേട്ടു കൊച്ചി കുട്ടപ്പൻ വിവാഹം കഴിച്ചു. ഇരുവരും മദ്ധ്യപ്രദേശ് ഇലക്ട്രിസിറ്റി ബോർഡിൽ സേവനമനുഷ്ഠിച്ചു. വിശുദ്ധ നാടുകളിൽ സകുടുംബം തീർത്ഥാടനം നടത്തിയ കുട്ടപ്പനും ലിസ്സമ്മയും ചങ്ങനാശ്ശേരി കുരിശുംമൂട്ടിൽ താമസിക്കുന്നു. മക്കൾ : സുരേഷ്, സതീഷ്.



## 116. അപ്പച്ചൻ



നന്നാട്ടുമാലി പുത്തൻപുരയ്ക്കൽ അന്തോനിക്കുട്ടിയുടേയും സാറാമ്മയുടേയും മൂത്തപുത്രനാണ് അപ്പച്ചൻ. സാങ്കേതിക പഠനം പൂർത്തിയാക്കിയ അപ്പച്ചൻ തന്റെ 25-ാമത്തെ വയസ്സിൽ ജബൽപൂരിൽ 1968 ജൂൺ 13 ന് അനന്തതയിൽ ലയിച്ചു.

## 117. അമ്മിണി

നന്നാട്ടുമാലി പുത്തൻപുരയ്ക്കൽ അന്തോനികുട്ടിയുടേയും സാറാമ്മയുടേയും രണ്ടാമത്തെ പുത്രിയാണ് അമ്മിണി. സ്റ്റെനോഗ്രാഫിപാസായ അമ്മിണിയെ കടയനിക്കാട് ഉള്ളുരുപ്പിൽ ജോണിയാണ് വിവാഹം കഴിച്ചത് ഇൻഡ്യൻ റെയിൽവേയിൽ ജോലിക്കാരായിരുന്ന അമ്മിണിയും ജോണിയും സർവ്വീസിൽ നിന്നും വിരമിച്ച് എറണാകുളത്ത് താമസിക്കുന്നു. മക്കൾ മോനു, ബോബിൻ.



## 118. കുഞ്ഞുമോൻ



നന്നാട്ടുമാലി പുത്തൻപുരയ്ക്കൽ അന്തോനിക്കുട്ടിയുടേയും സറാമ്മയുടേയും രണ്ടാമത്തെ പുത്രനാണ് കുഞ്ഞുമോൻ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ കുഞ്ഞുമോൻ എടത്വായിൽ സ്വന്തം കെട്ടിടത്തിൽ സെന്റ് ആന്റണീസ് വീഡിയോസ് എന്ന സ്ഥാപനം നടത്തി വരുന്നു.

## 119. ജോയിച്ചൻ

നന്നാട്ടുമാലി പുത്തൻപുരയ്ക്കൽ അന്തോനിക്കുട്ടുയുടേയും സാറാമ്മയുടേയും ഇളയ പുത്രനാണ് ജോയിച്ചൻ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ജോയിച്ചൻ പിതാവിന്റെ കാലടികൾ പിൻതുടർന്നു ബേക്കറി വ്യാപാരത്തിൽ പ്രവേശിച്ചു. എടത്വായിലെ പ്രശസ്തമായ ക്യൂൻസ് ബേക്കറിയുടെ ഉടമയാണ് ജോയിച്ചൻ. മുട്ടാർ ശ്രാമ്പിക്കൽ കുടുംബാംഗമായ ബേബിക്കുട്ടിയാണ് ഭാര്യ. മക്കൾ മോബിൻ, മിനു, മിട്ടു.



## 120. അപ്പച്ചൻ

നന്നാട്ടുമാലി കാട്ടുങ്കൽ വാവച്ചൻ ചിന്നമ്മ ദമ്പതികളുടെ മൂത്തമകനാണ് അപ്പച്ചൻ. ഹൈ സ്കൂൾപഠനത്തിനു ശേഷം കോൺട്രാക്ടറായി പ്രവർത്തിക്കുന്നു. പൊതുപ്രവർത്തനത്തിൽ വളരെ തൽപരനാണ് അപ്പച്ചൻ. കോട്ടാങ്കൽ കൂട്ടുങ്കൽ ആനിമ്മയെയാണ് അപ്പച്ചൻ വിവാഹം കഴിച്ചിരിക്കുന്നത്. മക്കൾ ജോബി, ജിനോ, മിനി, ടെസ്സി.



## 121. തങ്കമണി

നന്നാട്ടുമാലി കാട്ടുങ്കൽ വാവച്ചന്റെയും ചിന്നമ്മയുടെയും രണ്ടാമത്തെ പുത്രനാണ് തങ്കണി. പഠനത്തിൽ സമർത്ഥനായിരുന്ന തങ്കമണി കുടുംബത്തിൽ ആദ്യത്തെ എൻജിനിയറിംഗ് ബിരുദധാരിയാണ്. തുടർന്ന് എൻജിനീയറായി ജോലിയിൽ പ്രവേശിച്ചു. പച്ച പുത്തൂർ കൊച്ചുത്രസ്യാമ്മയെ വിവാഹം ചെയ്തു. കൊച്ചുത്രസ്യമ്മ എൻജിനിയറിംഗ് ബിരുദധാരിയാണ്. ഗൾഫിൽ ജോലിചെയ്തുവരവെ അകാലത്തിൽ പൊലിഞ്ഞ തങ്കമണിയുടെ ഓർമ്മകളുമായി കൊച്ചുത്രസ്യമ്മ മക്കൾ രേഖയും, ജോയുമായി ചെക്കിടിക്കാട്ട് താമസിക്കുന്നു. പുന്നപ്ര കാർമ്മൽ പോളിടെക്നിക്കിൽ ലക്ചററായിരുന്ന കൊച്ചുത്രസ്യമ്മ 2003 മാർച്ചിൽ ജോലിയിൽ നിന്ന് വിരമിച്ചു..



## 122. ചാക്കോച്ചൻ

നന്നാട്ടുമാലി കാട്ടുങ്കൽ വാവച്ചന്റെയും ചിന്നമ്മയുടെയും മൂന്നാമത്തെ പുത്രനാണ് ചാക്കോച്ചൻ. പുന്നപ്ര കാർമൽ പോളിടെക്നിക്കിൽ നിന്നും മെക്കാനിക്കൽ എൻജിനീയറിംഗിൽ ഡിപ്ലോമ നേടിയ ചാക്കോച്ചൻ ബോംബയിൽ ഉദ്യോഗത്തിൽ പ്രവേശിച്ചു. സാഹസിക ജീവിതത്തിൽ തൽപരനായിരുന്ന ചാക്കോച്ചൻ ദുബായിൽ എത്തിച്ചേർന്നു. മല്ലപ്പള്ളി കൊല്ലാകുന്നേൽ തങ്കമ്മയെ വിവാഹം ചെയ്തു. ദുബായിൽ ദീർഘകാലം സേവനം ചെയ്ത ചാക്കോച്ചൻ ചങ്ങനാശ്ശേരിയിൽ താമസിക്കുന്നു. മക്കൾ നീതാ, നാൻസി, നിവിൽ.



## 123. ജോർജ്ജ്കുട്ടി

നന്നാട്ടുമാലി കാട്ടുങ്കൽ വാവച്ചന്റെയും ചിന്നമ്മയുടെയും നാലാമത്തെ പുത്രനാണ് ജോർജ്ജ്കുട്ടി. കോഓപ്പറേറ്റീവ് ട്രെയിനിംഗ് പാസായ ജോർജ്ജ്കുട്ടി ചിറക്കടവ് സർവ്വീസ് സഹകരണ ബാങ്കിന്റെ ആദ്യകാല സെക്രട്ടറിമാരിൽ ഒരാളായിരുന്നു. ഇപ്പോൾ ദുബായിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ ചിന്നമ്മ പാല കണ്ണാട്ടുകുന്നേൽ കുടുബാംഗമാണ്. പാലായിൽ ബി.ബി.സി 2000 എന്ന സ്ഥാപനത്തിന്റെ ഉടമയാണ്. മക്കൾ ബെസി, ബെക്കി.



## 124. അമ്മിണി

നന്നാട്ടുമാലി കാട്ടുങ്കൽ വാവച്ചന്റെയും ചിന്നമ്മയുടെയും മൂത്തപുത്രിയാണ് അമ്മിണി. മണിമല ഇളംതോട്ടത്തിൽ ജയിംസ് വിവാഹം ചെയ്തു. ഇലക്ട്രിസിറ്റി ബോർഡിൽ ഉദ്യോഗസ്ഥനാണ് ജയിംസ് മക്കൾ, ബോബി, ജൂബി, സോബി.



104. ജോമ്മ & തോമസ് എട്ടിൽ, കായൽപുറം, പുളിംകുന്ന്
105. തോമ്മസുകുട്ടി മത്തായിച്ചൻ & ലൈലമ്മ മുണ്ടവേലികുന്നേൽ
106. ഗ്രേസി കുട്ടി & പാപ്പച്ചൻ മുണ്ടുവേലികുന്നേൽ, കാഞ്ഞിരപ്പള്ളി
107. ബാബു-ജോസഫ് ദോഹ & ഓമന, കല്ലുകളം, ചങ്ങനാശ്ശേരി
108. ജംയിസ് ജോസഫ് & മാഗി, കിളിരൂർ ചിറ, കാഞ്ഞിരപ്പള്ളി
109. സിബി ജോസഫ് ദോഹ & എൽസ മുക്കട കുറുമ്പനാടം
110. മോളിക്കുട്ടി & ജോയിച്ചൻ, വാരിയത്തുകാല (തലയോലപ്പറമ്പ്)
111. ജോളിമ്മ & ബെന്നിച്ചൻ മുണ്ടയ്ക്കൽ, കിടങ്ങറ
112. ജോയി ജോസഫ് ദോഹ & റീനാ ചിറതോട്ടുപുറം, വടയാർ
113. ജോജോ ജോസഫ് ദോഹ & ജിൻസി ചാലുങ്കൽ, പുന്നവേലി
114. മേഴ്സി & തോമ്മസ് കുന്നത്ത്, കൂവപ്പള്ളി, ഖത്തർ
115. ചാക്കപ്പൻ ജോർജ് & മേരീസ്, കാളാശ്ശേരി
116. സണ്ണി-ജോർജ്ജ് & മേഴ്സി പുല്ലുകാട്ട്
117. ജോഷി ജോർജ് & സൂസി വേഴംപറമ്പ്, മസ്കറ്റ്
118. മാത്യു ജോർജ് & ആലീസ് വെള്ളംകുഴി (റാന്നി) സ്വിറ്റ്സ്വർലണ്ട്
119. ബിനോയ് ജോർജ് & ദീപ പാലത്തിനാൽ, ഖത്തർ
120. മേബിൾ & ജോബി, നെടുംതകിടി
121. അലൻ മാത്യു & റ്റെസി, കോയിപ്പള്ളി
122. ആലീസ് & ഡോ. ജോയിഷ് പുറപ്പത്താനം തീകോയി
123. അനിൽ മാത്യു & പ്രേമാ ചേരപ്പാടൻ, മാള
124. അലക്സ് മാത്യു & ദീപാ കൈതോളിൽ തൃപ്പൂണിത്തറ
125. അമല & ജയിസൺ, ബി.ഇ.ചക്കലയ്ക്കൽ
126. അനിത & ജോസി എ.ഡി.എ.വേരാനിക്കൽ, തൊടുപുഴ
127. ടെസി & മാത്യു പൊങ്കത്തിൽ പാല
128. ബെറ്റി & ജോയി പുതുശ്ശേരി, അതിരമ്പുഴ
129. റെജി & തോമ്മാ കിഴക്കേപ്പറമ്പ്, കറുകച്ചാൽ
130. മിനി & രാജു ചങ്ങംങ്കരി, ചങ്ങനാശ്ശേരി
131. ഷെറി & ജയിസപ്പൻ ചിറ്റേട്ട് തൃക്കൊടിത്താനം
132. ജിജോ ജോസ് ബി.ഇ. പീടികയിൽ അതിരമ്പുഴ
201. ഷേർലി & മോൻസി, ചക്കാലയ്ക്കൽ
202. ഷോയി ചാക്കപ്പൻ & റാണി കണ്ടത്തിപ്പറമ്പ്, കരുവാറ്റ
203. ഷെണി & തോമ്മസ്, കാട്ടിൽ, തകഴി
204. ഷീജാകുട്ടി & ഒച്ചപ്പൻ ചീരംവേലി, കൈനകരി
205. അലൻ & ഷോളാ (അപ്പുക്കുട്ടൻ) വാണിയപ്പുഴ
206. ആൽവിൻ അപ്പുക്കുട്ടൻ & ഷോളി യു.എസ്.
207. ആൻസൺ അപ്പുക്കുട്ടൻ & ആഷാ
208. ഷെറിൻ & ജോണി ബി.ഇ അക്കര
209. ജോബ് തോമ്മസ് & കുഞ്ഞുമോൾ
210. ജയിംസ് തോമ്മസ്
211. റെസി തോമ്മസ് എട്ടിൽ
212. സീമാ തോമ്മസ് ശീവേലിത്തറ
213. സ്മിതാ തോമ്മസ് ശീവേലിത്തറ
214. സെറിൻ തോമ്മസ് ശീവേലിത്തറ
215. നിതിൻ തോമ്മസ് ശീവേലിത്തറ
216. ജയിസൺ പാപ്പച്ചൻ മുണ്ടുവേലികുന്നേൽ
217. ജിതിൻ പാപ്പച്ചൻ മുണ്ടുവേലികുന്നേൽ
218. ഷെറി ബാബു വാണിയപ്പുരയ്ക്കൽ
219. ടെറി ബാബു വാണിയപ്പുരയ്ക്കൽ
220. ഷീനാ ബാബു വാണിയപ്പുരയ്ക്കൽ
221. ജിം ജയിംസ് വാണിയപ്പുരയ്ക്കൽ
222. ജെറി ജയിംസ് വാണിയപ്പുരയ്ക്കൽ
223. ജീനാ ജയിംസ് വാണിയപ്പുരയ്ക്കൽ
224. എബി സിബി വാണിയപ്പുരയ്ക്കൽ
225. മെറിറ്റാ സിബി വാണിയപ്പുരയ്ക്കൽ
226. ബിജി ജോയിച്ചൻ വാരിയത്തുകാലാ, തലയോലപ്പറമ്പ്
227. വിനു ജോയിച്ചൻ വാരിയത്തുകാലാ, തലയോലപ്പറമ്പ്
228. മനു ജോയിച്ചൻ വാര്യത്തുകാല
229. ബൻസി ബെന്നിച്ചൻ മുണ്ടയ്ക്കൽ
230. ജെറിൽ ജോയി വാണിയപ്പുരയ്ക്കൽ
231. മരിയാ ജോജോ വാണിയപ്പുരയ്ക്കൽ
232. ജോസ് തോമ്മസ് കുന്നത്ത്
233. ജോർജ്ജ് തോമ്മസ് കുന്നത്ത്
234. ജയിക്കബ് തോമ്മസ് കുന്നത്ത്
235. മെർലി ചാക്കപ്പൻ വാണിയപ്പുരയ്ക്കൽ
236. റോസിലി ചാക്കപ്പൻ വാണിയപ്പുരയ്ക്കൽ
237. ബെർലി ചാക്കപ്പൻ വാണിയപ്പുരയ്ക്കൽ
238. എമിലി ചാക്കപ്പൻ വാണിയപ്പുരയ്ക്കൽ
239. സാമിൻ സണ്ണി വാണിയപ്പുരയ്ക്കൽ
240. സുസ്മി സണ്ണി വാണിയപ്പുരയ്ക്കൽ
241. സ്റ്റീവു സണ്ണി വാണിയപ്പുരയ്ക്കൽ
242. ജോർജ്ജ് ജോഷി വാണിയപ്പുരയ്ക്കൽ
243. റിയാമാത്യു വാണിയപ്പുരയ്ക്കൽ
244. നോറാ മാത്യു വാണിയപ്പുരയ്ക്കൽ
245. സാന്ദ്രാ ബിനോയി വാണിയപ്പുരയ്ക്കൽ
247. ബ്രിജീത്താ ബിനോയി വാണിയപ്പുരയ്ക്കൽ
248. ജോസൺ ജോബി നെടുംതകിടി
249. ജോബൻ ജോബി നെടുംതകിടി
250. ആൻവിൻ അലൻ വാണിയപ്പുരയ്ക്കൽ
251. അൻസൺ അലൻ വാണിയപ്പുരയ്ക്കൽ
252. അർജുൻ അലൻ വാണിയപ്പുരയ്ക്കൽ
253. മീലു ജോയിഷ് പുറപ്പത്താനം
254. മിനു ജോയിഷ് പുറപ്പത്താനം
255. അഞ്ജലി അനിൽ വാണിയപ്പുരയ്ക്കൽ
256. ആന്റിയ അനിൽ വാണിയപ്പുരയ്ക്കൽ
257. അഞ്ചലാ അനിൽ വാണിയപ്പുരയ്ക്കൽ
258. മാത്യു അലക്സ് വാണിയപ്പുരയ്ക്കൽ
259. അനു അലക്സ് വാണിയപ്പുരയ്ക്കൽ
260. നീന ജയിസൺ ചക്കാലയ്ക്കൽ
261. അരുണാ ജയിസൺ ചക്കാലയ്ക്കൽ
262. മിനു ജയിസൺ ചക്കാലയ്ക്കൽ
263. ചാക്കോ ജോസി വേറാനിക്കൽ
264. മിലി ജോസി വെറാനിക്കൽ
265. അമറീഷ് മാത്യു പൊങ്കത്തിൽ, പാല
266. അശ്വിൻ മാത്യു പൊങ്കത്തിൽ, പാല
267. അരവിന്ദ് മാത്യു പൊങ്കത്തിൽ, പാല
268. ജേഷ്മാ ജോയി പുതുശ്ശേരി അതിരമ്പുഴ
269. ജബീൻ ജോയി പുതുശ്ശേരി അതിരമ്പുഴ
270. അന്നമ്മ ജോയി പുതുശ്ശേരി
271. റിറ്റോ തോമ്മസ് കിഴക്കേപ്പറമ്പ്, കറുകച്ചാൽ
272. റിയാ തോമ്മസ് കിഴക്കേപ്പറമ്പ്, കറുകച്ചാൽ
273. അയറിൻ രാജു, ചങ്ങംങ്കരി, ചങ്ങനാശ്ശേരി
274. ജോസഫ് രാജു ചങ്ങംങ്കരി, ചങ്ങനാശ്ശേരി
275. മാർഗരറ്റ് ജയിസൺ ചിറ്റേട്ട, തൃക്കൊടിത്താനം

## വാണിയപ്പുരയ്ക്കൽ ശാഖ

### കുട്ടിച്ചൻ 1881-1974

തെക്കേതലയ്ക്കൽ വാണിയപുരയ്ക്കൽ വർക്കിയുടേയും ചെറുകാട് ത്രേസ്യാമ്മയുടേയും ഇളയ മകനാണ് കുട്ടി എന്നറിയപ്പെടുന്ന ചാക്കോ.



ചെക്കിടിക്കാട് ദീർഘകാലം കർഷകനായി ജീവിച്ച കുട്ടിച്ചൻ വാണിജ്യ രംഗത്ത് ക്രൈസ്തവർക്ക് ആധിപത്യമുണ്ടായിരുന്ന ചങ്ങനാശ്ശേരി പട്ടണത്തിലേക്ക് കുടിയേറുകയും അതിപ്രശസ്തമായ നിലയിൽ വളർന്ന വാണിയപുരയ്ക്കൽ സ്ഥാപനങ്ങൾക്ക് അടിത്തറപാകുകയും ചെയ്തു. അജാനുബാഹുവും നർമ്മരസപ്രിയനുമായ കുട്ടിച്ചൻ മാമ്പുഴക്കരിയിൽ പുരയശ്ശേരിയിൽ ഈത്തമ്മയെ വിവാഹം കഴിച്ചു. ജപമാല ഭക്തയായിരുന്ന ഈത്തമ്മ പ്രാർത്ഥനയിൽ അധിഷ്ഠിതമായ ജീവിതമാണ് നയിച്ചിരുന്നത്. കുടുംബാംഗങ്ങളുടെ ഐക്യം നിലനിർത്തിക്കൊണ്ട് ഏതു പ്രതിസന്ധികളും തന്റേടത്തോടെ നേരിടുവാൻ മക്കളെ പ്രാപ്തരാക്കിയത് ഈത്തമ്മയുടെ പരിശീലനം ഒന്നുകൊണ്ടു മാത്രമാണ്. 1963-ൽ ഈത്തമ്മയും 1970-ൽ കുട്ടിച്ചനും നിത്യ നിദ്രയിൽ ലയിച്ചു. മക്കൾ: ത്രേസ്യാമ്മ, ഔതക്കുട്ടി, ജോർജ്ജുകുട്ടി, പെണ്ണമ്മ, മത്തച്ചൻ, അന്നമ്മ.

### 1. ത്രേസ്യാമ്മ

വാണിയപ്പുരയ്ക്കൽ കുട്ടിച്ചന്റേയും ഈത്തമ്മയുടേയും മൂത്തമകളാണ് ത്രേസ്യാമ്മ.



പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ത്രേസ്യാമ്മയെ കൈനകരി ശീവേലിത്തറ മത്തായിച്ചൻ വിവാഹം കഴിച്ചു. ജൗളി വ്യാപാരവും തയ്യലും തൊഴിലായി സ്വീകരിച്ചിരുന്ന മത്തായിച്ചൻ കൃഷിയിലും തല്പരനായിരുന്നു. കുടുംബബന്ധങ്ങൾ ഊഷ്മളതയോടെ നിലനിർത്തുന്നതിൽ ത്രേസ്യാമ്മ എക്കാലവും ശ്രദ്ധാലുവായിരുന്നു. 1978 മേയ് 20-ന് 65-ാമത്തെ വയസ്സിൽ ത്രേസ്യാമ്മയും, 1980 ഫെബ്രു. 15-ന് 75-ാം വയസ്സിൽ മത്തായിച്ചനും കർത്താവിൽ നിദ്രപ്രാപിച്ചു. മക്കൾ 101. ചാക്കോച്ചൻ, 102. അപ്പുക്കുട്ടൻ, 103. തങ്കമ്മ, 104. ജോമ്മ, 105. തോമസ്സ്കുട്ടി, 106. ഗ്രേസി.

### 2. ഔതക്കുട്ടി



വാണിയപ്പുരക്കൽ കുട്ടിച്ചന്റേയും ഈത്തമ്മയുടെയും മൂത്ത പുത്രനാണ് ഔതക്കുട്ടി. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ജൗളി വ്യാപാര രംഗത്ത് പ്രവേശിച്ച ഔതക്കുട്ടി ദീർഘകാലം ആ രംഗത്ത് പ്രവർത്തിച്ച പെരുമ്പനച്ചി മുരിയംകാവുങ്കൽ കുട്ടിയമ്മയെയാണ് ഔതക്കുട്ടി വിവാഹം കഴിച്ചത്. 1999 ൽ ഔതക്കുട്ടി പൂർവ്വപിതാമഹന്മാരുടെ പക്കലേക്ക് യാത്രയായി. മക്കൾ : 107 ബാബു, 108 ജയിംസ്, 109 സിബി, 110 മോളിക്കുട്ടി, 111 ജോളിമ്മ, 112 ജോയി, 113 ജോജോ.

### 3. ജോർജ്ജുകുട്ടി

വാണിയപ്പുരയ്ക്കൽ കുട്ടിച്ചന്റെയും ഈത്തമ്മയുടയും രണ്ടാമത്തെ പുത്രനാണ് ജോർജ്ജുകുട്ടി.



ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ജോർജ്ജ്കുട്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലിക്കാരനായി. പെരുമ്പനച്ചി മരങ്ങാട്ട് കുടുംബാംഗമായ മേരിക്കുട്ടിയാണ് ഭാര്യ. 1-12-67 ൽ സർവ്വീസിലിരിക്കെ ആകസ്മികമായി തന്റെ നല്ല ഓട്ടം പൂർത്തിയാക്കിയ ജോർജ്ജ്കുട്ടിയെ കുറമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ: 114 മേഴ്സി, 115 ചാക്കപ്പൻ, 116 സണ്ണി, 117 ജോഷി, 118 മാത്യു, 119 ബിനോയി.

### 4. പെണ്ണമ്മ

വാണിയപ്പുരയ്ക്കൽ കുട്ടിച്ചന്റെയും ഈത്തമ്മയുടെയും രണ്ടാമത്തെ മകളാണ് പെണ്ണമ്മ.



ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ പെണ്ണമ്മ മദ്രാസിൽ നേഴ്സിംഗ് ഡിപ്ലോമ കരസ്ഥമാക്കി. ഗൾഫിൽ ജോലിചെയ്തു. സഹോദരങ്ങളെ സഹായിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു പെണ്ണമ്മ. ചേർപ്പുങ്കൽ ഐക്കര കുടുംബാംഗമായ ഔസേപ്പച്ചനാണ് ഭർത്താവ്. ഇരുവരും ഗൾഫിൽ ജോലി ചെയ്തു വരവെ പെട്ടന്നുള്ള അസുഖത്തെ തുടർന്ന് 1981 ൽ പെണ്ണമ്മ കർത്താവിൽ നിദ്രപ്രാപിച്ചു. ഏക മകൾ : 120 മേബിൾ

### 5. മത്തച്ചൻ

വാണിയപ്പുരയ്ക്കൽ കുട്ടിച്ചന്റെയും ഈത്തമ്മയുടെയും ഇളയമകനാണ് മത്തച്ചൻ.



കുട്ടനാടിന്റെ കാർഷികകേന്ദ്രമായ എടത്വായിലെ പച്ച ചെക്കിടിക്കാട് പ്രദേശത്തുനിന്നുമാണ് വി.സി.മാത്യു എഴുപത്തിയഞ്ച് സംവത്സരങ്ങൾക്കുമുമ്പ് വാണിജ്യകേന്ദ്രമായ ചങ്ങനാശ്ശേരിയിൽ എത്തിയത്. കാർഷികമേഖലയിൽ ലയിച്ചുകിടന്ന കുടുംബപാരമ്പര്യത്തിൽ നിന്നും വാണിജ്യവ്യവസാ

യത്തിലേയ്ക്ക് വി.സി.മാത്യു ചുവടുവച്ചത് 1960 കളിലായിരുന്നു. കേരളത്തിന് പ്രിയങ്കരമായ സ്വർണ്ണവിപണന കേന്ദ്രം വാണിയപ്പുരയ്ക്കൽ ജൂവലേഴ്സ് ചങ്ങനാശ്ശേരി നഗരത്തിൽ അദ്ദേഹം സ്ഥാപിച്ചു. അന്നു മുതലായിരുന്നു വാണിജ്യവ്യവസായരംഗങ്ങളിൽ വാണിഗ്രൂപ്പിന്റെ വിജയ പ്രയാണത്തിന്റെ തുടക്കവും......ടൂറിസം മേഖലയിൽ ഹോട്ടൽ വാണിയും വിദ്യാഭ്യാസരംഗത്ത് ഹോട്ടൽ മാനേജ്മെന്റ് സ്കൂളും വീട്ടുപകരണങ്ങൾക്ക് വിപണിയൊരുക്കി വാണിഹോം അപ്ലയൻസും, വാണി ഡിസ്ട്രിബ്യൂഷനും, വാണിയപ്പുരയ്ക്കൽ ഫാഷൻ ജുവലേഴ്സും നിർമ്മാണരംഗത്ത് വാണികൺസ്ട്രക്ഷനും, പാർപ്പിടരംഗത്ത് വാണിഗാർഡൻസും, കാർഷികമേഖലയിൽ വാണി പ്ലാന്റേഷനും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമാരംഭം കുറിച്ചു. ജീവിതത്തിന്റെ പതനാഭ്യുന്നതികളിൽ എന്നും ശുഭ പ്രതീക്ഷകൾ നിലനിർത്തിയ ശ്രീ. വി.സി.മാത്യു ലളിതജീവിതത്തിന്റെ ശ്രേഷ്ഠ മാതൃകയാണ്. വ്യവസായ വാണിജ്യപാതകളിൽ നിസ്വാർത്ഥതയുടെ നവദർശനങ്ങളുമായി വിളങ്ങുന്ന വാണിഗ്രൂപ്പ് സ്ഥാപനങ്ങൾ വി.സി. മാത്യു, വാണിയപ്പുരയ്ക്കലിന്റെ സ്നേഹസ്മരണയുടെ പ്രതീകമാണ്. പുളിങ്കുന്ന് വയലാത്ത് അഞ്ചിൽ ഈത്തമ്മയാണ് ഭാര്യ. 1998 ജൂലൈ 9ന് മത്തച്ചൻ നിത്യതയിലേക്ക് യാത്രയായി. മക്കൾ : 121 അലൻ, 122 ആലീസ്, 123 അനിൽ, 124 അലക്സ്, 125 അമല, 126 അനിത.

## 6. അന്നമ്മ



വാണിയപ്പുരയ്ക്കൽ കുട്ടിച്ചന്റെയും ഈത്തമ്മയുടെയും ഇളയ മകളാണ് അന്നമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അന്നമ്മയെ അതിരമ്പുഴ പീടികയിൽ വീട്ടിൽ ജോസഫ് വിവാഹം കഴിച്ചു. ദീർഘകാലം ഗൾഫിൽ ജോലിചെയ്തിരുന്ന ജോസഫ് ജോലി രാജി വച്ച് തിരികെ നാട്ടിൽ വരുകയും മൂന്നാറിലുള്ള വയലാറ്റു ഗ്രൂപ്പ് എസ്റ്റേറ്റിന്റെ ജനറൽ മാനേജരായി സേവനമനുഷ്ടിക്കുകയും ചെയ്യുന്നു. മക്കൾ: 127 ടെസ്സി, 128 ബെറ്റി, 129 റെജി, 130മിനി, 131 ഷെറി, 132 ജിജോ.

## 101. ചാക്കപ്പൻ

വാണിയപ്പുരയ്ക്കൽ ത്രേസ്യാമ്മയുടെയും കൈനകരി



ശീവേലിത്തറ മത്തായിടേയും മൂത്ത മകനാണ് ചാക്കപ്പൻ. എറണാകുളം, ആലപ്പുഴ, കൈനകരി എന്നിവിടങ്ങളിൽ ദീർഘകാലം ജൗളി റെഡിമെയ്ഡ് ബിസിനസ് നടത്തി. കരിക്കംപള്ളി തൊള്ളായിരത്തിൽ കുഞ്ഞാമ്മയാണ് ഭാര്യ. 1999 മാർച്ച് 14-ന് ചാക്കപ്പൻ നിത്യതയിലേക്ക് യാത്രയായി. മക്കൾ : 201 ഷേർലി, 202 ഷോയി, 203 ഷെണി, 204. ഷീജ.

## 102. റവ. സിസ്റ്റർ ഹെലനിറ്റ എസ്.എ.ബി.എസ്

വാണിയപ്പുരയ്ക്കൽ ത്രേസ്യാമ്മയുടെയും കൈനകരി



ശീവേലിത്തറ മത്തായിടേയും മൂത്ത മകളാണ് 1935 ൽ ജനിച്ച തങ്കമ്മ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ തങ്കമ്മ ആതുരസേവനത്തിൽ തല്പരയായി നേഴ്സിംഗ് പഠനം പൂർത്തിയാക്കി. അർപ്പിതജീവിതത്തോടുള്ള ആദമ്യമായ ആഗ്രഹം മൂലം 1-6-1962 ൽ ആരാധനസഭാംഗമായി ചേർന്നു. 1-6-1964 ൽ ആദ്യവൃത വാഗ്ദാനവും 1-6-1968 ൽ നിത്യവൃത വാഗ്ദാനവും നടത്തി മഠംവക നിരവധി ആശുപത്രികളിൽ നേഴ്സിംഗ് സൂപ്രണ്ടായി സേവനം അനുഷ്ഠിച്ചു.

## 103. അപ്പുകുട്ടൻ

വാണിയപ്പുരയ്ക്കൽ ത്രസ്യാമ്മയുടേയും ശീവേലിത്ര



മത്തായിച്ചന്റേയും രണ്ടാമത്തെ മകനാണ് അപ്പുകുട്ടൻ. ആലപ്പുഴ എസ്.ഡി. കോളേജിൽ നിന്ന് കൊമോഴ്സിൽ ബിരുദവും കൽക്കട്ടാ യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദവും കരസ്ഥമാക്കിയ അപ്പുകുട്ടൻ ഗൾഫിൽ ബ്രിട്ടീഷ് ബാങ്കിന്റെ അസി.മാനേജരായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. കാവാലം കളത്തിപ്പറമ്പ് അന്നകുട്ടിയാണ് ഭാര്യ. ഗൾഫിൽ നഴ്സായി ജോലി ചെയ്തിരുന്ന അന്നകുട്ടിയും അപ്പുകുട്ടനും സർവ്വീസിൽ നിന്നും വിരമിച്ച് കുടംബസമേതം ബാംഗ്ലൂരിൽ താമസിക്കുന്നു. മക്കൾ. 205.അലൻ, 206. എൽവിൻ, 207. ആൻസൻ, 208.ഷെറിൻ

## 104. ജോമ്മ

വാണിയപ്പുരയ്ക്കൽ ത്രസ്യാമ്മയുടേയും ശീവേലിത്ര



മത്തായിച്ചന്റെയും രണ്ടാമത്തെ പുത്രിയാണ് ജോമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോമ്മയെ കായൽപുറം എട്ടിൽ തൊമ്മിക്കുഞ്ഞ് വിവാഹം കഴിച്ചു. കുട്ടനാട്ടിലെ കായൽകൃഷിക്കാരിൽ ഒരാളാണ് തൊമ്മികുഞ്ഞ്. ജോമ്മ ബന്ധുക്കൾക്കും സ്നേഹിതഗണത്തിനും ഓർമ്മയായി ദൈവസന്നദിയിലേക്ക് യാത്രയായി. മക്കൾ 209. ആനിറ്റ്, 210.ജോസ്, 211.ജോയി, 212. ജസി

## 105. തോമസുകുട്ടി

വാണിയപ്പുരയ്ക്കൽ ത്രസ്യാമ്മയുടേയും ശീവേലിത്ര



മത്തായിച്ചന്റേയും ഇളയമകനാണ് തോമസുകുട്ടി. ഹൈസ്കൂൾ പഠനത്തിനുശേഷം ബിസിനസ് രംഗത്ത് പ്രവേശിച്ച തോമസുകുട്ടി ചങ്ങനാശ്ശേരി സൈക്കിൾ വ്യാപാരരംഗത്ത് പ്രമുഖനാണ്. വ്യാപാരരംഗത്ത് തന്റേതായ വീക്ഷണം പുലർത്തുന്ന തോമസുക്കുട്ടി അലൻ സൈക്കിൾ സ്റ്റോർ എന്ന പേരിൽ ചങ്ങനാശ്ശേരിയിലും പെരുന്നയിലും, മാന്നാറിലും സ്ഥാപനങ്ങളുണ്ട്. കാഞ്ഞിരപ്പള്ളി മുണ്ടുവേലിക്കുന്നേൽ ലൈലാമ്മയാണ് സഹധർമ്മിണി. മക്കൾ. സീമ, സ്മിത, സെറിൻ, നിധിൻ

## 106. ഗ്രേസി

വാണിയപ്പുരയ്ക്കൽ ത്രസ്യാമ്മയുടേയും ശീവേലിത്ര



മത്തായിച്ചന്റേയും ഇളയമകളാണ് ഗ്രേസി. കോളേജ് വിദ്യഭ്യാസത്തിനു ശേഷം ദോഹയിലെ കേബിൾ & വയർലസ് കമ്പനിയിലെ ഉദ്യോഗസ്ഥയായ ഗ്രേസിയെ കാഞ്ഞിരപ്പള്ളി മുണ്ടുവേലിക്കുന്നേൽ പാപ്പച്ചൻ വിവാഹം ചെയ്തു. കൊമേഴ്സിൽ ബിരുദാനന്തരബിരുദധാരിയായ പാപ്പച്ചൻ ദോഹയിലെ സ്റ്റേറ്റ് മെഡിക്കൽ ഹോസ്പിറ്റലിൽ ഓഡിറ്ററായി സേവനം അനുഷ്ഠിക്കുന്നു. മക്കൾ. ജസ്സു, ജിതിൻ

## 107. ബാബു

വാണിയപ്പുരയ്ക്കൽ ഔതകുട്ടിയുടേയും കുട്ടിയമ്മയു



ടേയും മൂത്ത പുത്രനാണ് ബാബു. കോളേജ് വിദ്യാഭ്യാസത്തിനു ശേഷം ദോഹയിലെ കമ്പനിയിൽ സെയിൽസ് മാനേജരായി ജോലി ചെയ്യുന്നു. ചങ്ങനാശ്ശേരി കല്ലുകളത്തിൽ ഓമനയാണ് ഭാര്യ. ദോഹയിലെ ഹമാദ് ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിക്കുന്നു ഓമന. മക്കൾ 219. ഷെറി, 220. ടെറി, 221. ഷീനാ.

## 108. ജയിംസ്

വാണിയപ്പുരയ്ക്കൽ ഔതകുട്ടിയുടേയും കുട്ടിയമ്മയു



ടേയും രണ്ടാമത്തെ പുത്രനാണ് ജയിംസ്. സിവിൽ എൻനീയറിംഗിൽ ഡിപ്ലോമ നേടിയ ജയിംസ് വാണിയപ്പുരയ്ക്കൽ ഗ്രൂപ്പിന്റെ ബിസിനസ് പാരമ്പര്യം പിന്തുടർന്ന് ചങ്ങനാശ്ശേരിയിൽ ബേക്കറി വ്യാപരത്തിലേക്ക് കടന്നു. പ്രശസ്തമായ വാണിയപ്പുരയ്ക്കൽ ഫുഡ് സെന്ററിന്റെ ഉടമയാണ് ജയിംസ്. എടത്വാ കിളിരൂർചിറയിൽ മാഗിയാണ് ഭാര്യ. സാമ്പത്തികശാസ്ത്രത്തിൽ ബിരുദാനന്തരബിരുദധാരിണിയാണ് മാഗി. മക്കൾ. 222.ജിം, 223. ജെറി, 224.ജീനാ.

## 109. ഷെവ. സിബി വാണിയപ്പുരയ്ക്കൽ

വാണിയപ്പുരയ്ക്കൽ ഔതക്കുട്ടിയുടെയും കുട്ടിയമ്മ



യുടെയും മൂന്നാമത്തെ മകനായി സിബി. വിദ്യാഭ്യാസത്തിനുശേഷം ഖത്തറിലെ ടെലികോമിൽ സി.എം.എസ്. സിസ്റ്റം അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്യുന്നു. ഖത്തറിൽ എത്തിചേർന്നനാൾ മുതൽ അവിടുത്തെ കത്തോലിക്കാസഭാ സമൂഹത്തിന് സിബി നൽകിവരുന്ന സേവനങ്ങൽ ഒട്ടനവധിയാണ്. ആദിമക്രൈസ്തവസഭാ ചൈതന്യത്തെ അനുസ്മരിപ്പിക്കുന്ന വിധം തന്റെ ക്രൈസ്തവ സ്നേഹിതന്മാരുമായി ചേർന്ന് ലഘു പ്രാർത്ഥനാ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനും പ്രാർത്ഥനായോഗങ്ങളിൽ നേതൃത്വം വഹിക്കുന്നതിലും അദ്ദേഹം നൽകിയ അതുല്യ നേതൃത്വം ഇന്നത്തെ ഖത്തർ-സീറോ മലബാർ സഭാ സമൂഹത്തിന്റെ വളർച്ചയിലെ അടിസ്ഥാന ശിലകളാണ്. അങ്ങനെ രൂപം കൊണ്ട പ്രാർത്ഥനാ കൂട്ടായ്മയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി ഖത്തറിലുള്ള വിവിധ രാജ്യക്കാരായ കത്തോലിക്കാ സഭാവിശ്വാസികൾ ഈ കൂട്ടായ്മകളോടു യോജിക്കുകയും അതേതുടർന്ന് ഖത്തറിലെ കത്തോലിക്കാ വിശ്വാസ സമൂഹത്തിന് പ്രതിവാര ദിവ്യബലി അർപ്പിക്കുന്നതിന് വേദിയൊരുങ്ങുകയും ചെയ്തു. റോമൻ കാത്തലിക്ക് മിഷൻ ഖത്തറിൽ സ്ഥാപിതമായപ്പോൾ മലയാള ഭാഷ സംസാരിക്കുന്ന കത്തോലിക്കാ വിശ്വാസികൾക്ക് പ്രത്യേകമായി വിശുദ്ധകുർബ്ബാനയ്ക്കും ഇതരകൂദാശാനുഷ്ഠാനങ്ങൾക്കും ഒരു പ്രത്യേക വേദിയുണ്ടാവണം എന്നാഗ്രഹത്തിൽ സിബിയുടെ നേതൃത്വത്തിൽ ശ്രമം നടത്തുകയും അതു സാധിതമാവുകയും ചെയ്തു. 1986 മുതൽ 1999 വരെ സീറോ-മലബാർ സഭാസമൂഹത്തിന്റെ രൂപീകരണം വരെ സിബി മലയാളി കാത്തലിക്ക് അസോസിയേഷന്റെ പ്രസിഡന്റ് എന്ന പദവി അലങ്കരിച്ചിരുന്നു. ഖത്തറിലെ സഭാസമൂഹത്തിന് അദ്ദേഹം നൽകിവന്നിട്ടുള്ള നിസ്തുല സേവനങ്ങളെ അംഗീകരിച്ചുകൊണ്ട് 1995 ൽ പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ അദ്ദേഹത്തിന് **"KNIGHTHOOD OF ST.SILVESTRI PAPPA"** എന്ന പദവി നൽകുകയുണ്ടായി. സിബി ഖത്തർ സീറോ മലബാർ സഭയുടെ പ്രസിഡന്റ്, മലയാളി അസ്സോസിയേഷൻ കോൺഫെഡറേഷന്റെ എക്സിക്യൂട്ടീവ് മെമ്പർ, ദോഹയിലെ ഇന്ത്യൻ കൾച്ചറൽ സെന്ററിന്റെ ഉപദേശകസമിതി അംഗം, സീറോ മലബാർ സഭയുടെ ഗൾഫ് കോ-ഓർഡിനേഷൻ കമ്മിറ്റി മെമ്പർ, ഇന്ത്യൻ കമ്മ്യൂണിറ്റി ബനവലന്റ് ഫണ്ട് അംഗം, യുവദീപ്തി കുറുമ്പനാടം യൂണിറ്റ് പ്രസിഡന്റ് തുടങ്ങിയ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. കുറുമ്പനാടത്ത് മുക്കടയിൽ എൽസമ്മയാണ് ഭാര്യ. മക്കൾ 225.എബി, 226. മെരിറ്റാ.

## 110. മോളി

വാണിയപ്പുരയ്ക്കൽ ഔതകുട്ടിയുടേയും കുട്ടിയമ്മയുടേയും മൂത്തമകളാണ് മോളി.



ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മോളിയെ തലയോലപ്പറമ്പു വാരിയത്തുകാലായിൽ ജോയിച്ചൻ വിവാഹം കഴിച്ചു. ബിരുദധാരിയായ ജോയിച്ചൻ തലയോലപ്പറമ്പിൽ തടി വ്യാപാരരംഗത്ത് അറിയപ്പെടുന്ന വ്യക്തിയാണ്. മക്കൾ. 227. വിജി, 228. വിനു, 229.മനു.

## 111. ജോയി

വാണിയ്പ്പുരയ്ക്കൽ ഔതകുട്ടിയുടേയും കുട്ടിയമ്മയുടേയും നാലാമത്തെ മകനാണ് ജോയി.



കൊമേഴ്സിൽ ബിരുദധാരിയായ ജോയി ഖത്തറിൽ പരസ്യക്കമ്പനിയുടെ മാനേജരാണ്. വടയാർ ചിറത്തോട്ടുപുരം റീനയാണ് ഭാര്യ. ഇരുവരും കുടുംബസമേതം ഖത്തറിൽ കഴിയുന്നു. മക്കൾ. 230. ജറിൽ

## 112. ജോളി

വാണിയപ്പുരയ്ക്കൽ ഔതകുട്ടിയുടേയും കുട്ടിയമ്മയുടേയും ഇളയ മകളാണ് ജോളി.



ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോളിയെ കിടങ്ങറ മുണ്ടയ്ക്കൽ ബന്നിച്ചൻ വിവാഹം കഴിച്ചു. ബിരുദധാരിയായ ബന്നിച്ചൻ ദോഹയിൽ ഓഫീസ് സെക്രട്ടറിയായി ജോലി ചെയ്യുന്നു. മകൻ 231. ബോണി.

## 113. ജോജോ

വാണിയപ്പുരയ്ക്കൽ ഔതകുട്ടിയുടേയും കുട്ടിയമ്മയുടേയും അഞ്ചാമത്തെ പുത്രനാണ് ജോജോ.



ഇലക്ട്രിക്കലിൽ ഡിപ്ലോമ നേടിയ ജോജോ ദോഹയിൽ ഇലക്ട്രിസിറ്റി & വാട്ടർസപ്ലൈ ഡിപ്പാർട്ട്മെന്റിൽ ജോലിക്കാരനാണ്. പുന്നവേലി ചാലുങ്കൽ കുടുംബാംഗമായ ജിൻസിയെ വിവാഹം കഴിച്ചു. ദോഹയിൽ നേഴ്സാണ് ജിൻസി. ഇരുവരും ദോഹയിൽ താമസിക്കുന്നു. മകൾ 232. മരിയ.

## 114. മേഴ്സി

വാണിയപ്പുരയ്ക്കൽ ജോർജ്ജുകുട്ടിയുടേയും മേരിക്കുട്ടിയുടേയും മൂത്തമകളാണ് മേഴ്സി.



കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ മേഴ്സി ദോഹയിൽ ഖത്തർ ടെലിഫോൺസിൽ ജോലി ചെയ്യുന്നു. കാഞ്ഞിരപ്പള്ളി കൂവപ്പള്ളി കുന്നത്ത് കുടുംബാഗമായ തോമസാണ് ഭർത്താവ്. മെക്കാനിക്കൽ ഡിപ്ലോമ പാസായ തോമസ് ഖത്തർ പെട്രോളിയം കമ്പനിയിലെ ജോലിക്കാരനാണ്. ഇരുവരും കുടുംബസമേതം ദോഹയിൽ കഴിയുന്നു. മക്കൾ. 233. ജോസ്, 234. ജോർജ്ജ്, 235. ജയിക്കബ്ബ്.

## 115. ചാക്കപ്പൻ

വാണിയപ്പുരയ്ക്കൽ ജോർജ്ജുകുട്ടിയുടേയും മേരികുട്ടിയുടേയും മൂത്തപുത്രനാണ് ചാക്കപ്പൻ.



സാങ്കേതികപഠനത്തിനു ശേഷം കുറച്ചുനാൾ ഗൾഫിൽ ജോലി നോക്കിയ ചാക്കപ്പൻ തിരികെ നാട്ടിലെത്തി ടെക്സ്റ്റൽ വ്യാപാരരംഗത്ത് പ്രവേശിച്ചു. ചങ്ങനാശ്ശേരിയിലെ ആവണി ഫേബ്രിക്സിന്റെ ഉടമയാണ് ചാക്കപ്പൻ കൈനകരി കാളാശ്ശേരി കുടുംബാഗമായ മേരീസാണ് ഭാര്യ. മക്കൾ. 236.റോസ്‌ലി, 237.മെർളി, 238.ബെർലി, 239.എമിലി.

## 116. സണ്ണി

വാണിയപ്പുരയ്ക്കൽ ജോർജ്ജുകുട്ടിയുടേയും മേരിക്കുട്ടിയുടേയും രണ്ടാമത്തെ മകനാണ് സണ്ണി.



ഹൈസ്കൂൾ പഠനത്തിനു ശേഷം ഫൈനാൻസിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സണ്ണി ചങ്ങനാശ്ശേരി പുല്ലാട് കുടുംബാഗമായ മേഴ്സിയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. മക്കൾ. 240. സമിൻ, 241. സുസ്മി, 242. സ്റ്റീവ്.

## 117. ജോഷി

വാണിയപ്പുരയ്ക്കൽ ജോർകുട്ടിയുടേയും മേരിക്കുട്ടിയുടേയും മൂന്നാമത്തെ മകനാണ് ജോഷി. സാങ്കേതിക പഠനത്തിനു ശേഷം മസ്കറ്റിൽ ജോലിക്കാരനാണ് ജോഷി. കോട്ടയം വേഴംപറമ്പിൽ സൂസിയാണ് ഭാര്യ.



കോട്ടയം കോടിമത കോ.ഓപ്പറേറ്റീവ് ബാങ്കിൽ ഉദ്യോഗസ്ഥയാണ് സൂസി. മകൻ. 243. ജോർജ്ജി.

## 118. അഡ്വ. മാത്യു ജോർജ്ജ് എൽ.എൽ.ബി.

വാണിയപ്പുരയ്ക്കൽ ജോർജ്ജുകുട്ടിയുടേയും മേരിക്കുട്ടിയുടേയും നാലാമത്തെ മകനാണ് മാത്യു. പൂനായൂണിവേഴ്സിറ്റിയിൽ നിന്നും എൽ.എൽ.ബി. പാസ്സായ മാത്യു കുറച്ചു കാലം ബോംബെ ഹൈകോർട്ടിൽ



പ്രാക്ടീസ് ചെയ്തു. റാന്നി വെള്ളംകുഴി കുടുംബാഗമായ ആലീസാണ് ഭാര്യ. സ്വിറ്റ്സർലണ്ടിൽ നേഴ്സായ ആലീസിനോടൊപ്പം അവിടെ ജോലി ചെയ്യുന്നു മാത്യു. മക്കൾ. 244. റിയ, 245. നോറ,

## 119. ബിനോയി

വാണിപ്പുരയ്ക്കൽ ജോർജ്ജുകുട്ടിയുടേയും മേരിക്കുട്ടിയുടേയും ഇളയ മകനാണ് ബിനോയി. മെക്കാനിക്കൽ എൻജിനിയറിംഗിൽ ഡിപ്ലോമ നേടിയ ബിനോയി ദോഹയിലെ വാട്ടർ ഡിപ്പാർട്ടുമെന്റിൽ ജോലിക്കാരനാണ്.



കോട്ടയം പാലത്തിനാൽ കുടുംബാഗമായ ദീപയാണ് ഭാര്യ. ദോഹയിൽ ആരോഗ്യ വകുപ്പിൽ നേഴ്സാണ് ദീപ. മക്കൾ. 246. സാന്ദ്ര, 247. അമ്മു, 248.കുക്കു.

## 120. മേബിൾ

വാണിയപ്പുരയ്ക്കൽ പെണ്ണമ്മയുടേയും ഐക്കര ഔസേപ്പച്ചന്റേയും ഏകമകളാണ് മേബിൾ. ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ മേബിളിനെ പാലാ നെടുതകിടിയിൽ ഡോ. ജോബി വിവാഹം കഴിച്ചു.



മക്കൾ. 249. ജോസൻ, 250. ജോബൻ.

## 121. അലൻ

വാണിഗ്രൂപ്പ് സ്ഥാപനങ്ങളുടെ വളർച്ചയിൽ വി.സി. മാത്യു വാണിയപ്പുരയ്ക്കലിന് പിൻബലമായി നിലകൊണ്ടാണ് അലൻ വാണിജ്യവ്യവസായരംഗങ്ങളിൽ ശ്രദ്ധേയനായത്. വാണിജ്യരംഗത്ത് ഒട്ടേറെ നൂതന പ്ര



വർത്തനങ്ങൾ ചങ്ങനാശ്ശേരിക്കു പരിചയപ്പെടുത്തുവാൻ വാണിഗ്രൂപ്പിന്റെ സാരഥികളിലൊരാളായ അലന് സാധിച്ചിട്ടുണ്ട്. വ്യാപാരമേഖലയ്ക്കൊപ്പം പൊതുരംഗത്തും സ്വന്തം കാഴ്ചപ്പാടുകൾ നിലനിർത്തി സേവനസന്നദ്ധത പ്രകടിപ്പിച്ചാണ് അലൻ മികവുകാട്ടിയത്. വ്യാപാരി വ്യവസായി യൂത്ത് വിംഗിന്റെ ചങ്ങനാശ്ശേരിയിലെ പ്രസിഡന്റായി പൊതുജീവിതത്തിന് തുടക്കമിട്ട അലൻ ജില്ലാ പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി, സംസ്ഥാനപ്രസിഡന്റ്, എന്നീ പദവികളിലേക്ക് ഉയർന്നു. വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ സെക്രട്ടറി, വ്യാപാരി വ്യവസായി സഹകരണസംഘം പ്രസിഡന്റ്, എ.കെ.സി.സി.അതിരൂപതാ പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി, ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്റർ കൗൺസിൽ അംഗം, ജില്ലാ സ്പോർട്സ് കൗൺസിൽ മെമ്പർ തുടങ്ങി വിവിധ സാമൂഹിക സാംസ്കാരിക സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നു. ചങ്ങനാശ്ശേരി കോയിപ്പള്ളിൽ കുടുംബാംഗമായ ടെസിയാണ് ഭാര്യ. മക്കൾ. 251. ആൽവിൻ, 252. ആൻസൺ, 253. അർജുൻ.

## 122. ആലീസ്

വാണിയപ്പുരയ്ക്കൽ മത്തച്ചന്റേയും ഈത്തമ്മയുടേയും മൂത്തമകളാണ് ആലീസ്. ബിരുദധാരിയായ ആലീസിനെ തീക്കോയി പുറപ്പന്താനം കുടുംബാഗമായ ജോതിഷ് വിവാഹം ചെയ്തു. വൈദ്യശാസ്ത്ര



ത്തിൽ ബിരുദാനന്തര ബിരുദധാരിയാണ് ജോതിഷ്. മക്കൾ. 254. മീലു, 255. മിന്റു.

## 123. അനിൽ

വാണിയപ്പുരയ്ക്കൽ മത്തച്ചന്റേയും ഈത്തമ്മയുടേയും രണ്ടാമത്തെ പുത്രനാണ് അനിൽ. ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിൽ നിന്നും കൊമേഴ്സിൽ ബിരുദാനന്തര ബിരുദം നേടിയ അനിൽ



ചങ്ങനാശ്ശേരിയിലെ പ്രശസ്തമായ വാണിയപ്പുരയ്ക്കൽ ജൂവലേഴ്സിന്റെ ഉടമയാണ്. നല്ലോരു സ്പോർട്ട്സ്മാൻ കൂടിയായ അനിൽ മാള പേരേപ്പാടൻ കുടുംബാഗമായ പ്രീമയെയാണ് വിവാഹം കഴിച്ചത്. മക്കൾ. 256. അഞ്ജലി, 257. ആന്റിയ, 258. അഞ്ചല.

## 124. അലക്സ്

വാണിയപ്പുരയ്ക്കൽ മത്തച്ചന്റേയും ഈത്തമ്മയുടേയും ഇളയ പുത്രനാണ് അലക്സ്.



രാഷ്ട്രതന്ത്രത്തിൽ ബിരുദധാരിയായ അലക്സ് ജെം & ജൂവലറി എക്സ്പോർട്ട പ്രമോഷൻ കൗൺസിൽ ബോംബയിൽ നിന്നും ജൂവലറി ഡിസൈനിംഗിൽ സർട്ടിഫിക്കറ്റും നേടി. ഡിസ്ട്രിബ്യൂഷൻ രംഗത്തും, ഹോം അപ്ലയൻസ് രംഗത്തും തന്റെ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തിയാണ് അലക്സ്. തൃപ്പൂണിത്തുറ കൈതോളിൽ ചോയിസ് വില്ലേജ് ദീപ ആണ് ഭാര്യ. സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദധാരിയാണ് ദീപ. മക്കൾ. 259. മാത്യു, 260. ആസു.

## 125. അമല

വാണിയപ്പുരയ്ക്കൽ മത്തച്ചന്റേയും ഈത്തമ്മയുടേയും രണ്ടാമത്തെ മകളാണ് അമല.



ബി.ടെക് ബിരുദം പൂർത്തിയാക്കിയ അമലയെ അതിരമ്പുഴ ചാക്കാലയ്ക്കൽ ജയിസൺ വിവാഹം ചെയ്തു. എൻജിനിയറിംഗിൽ ബിരുദധാരിയായ ജയിസൺ സ്വന്തമായി കൺസ്ട്രക്ഷൻ ജോലി ചെയ്യുന്നു. മക്കൾ. 261. നീന, 262. അരുണ, 263. മീനു, 264. റ്റോം.

## 126. അനിത

വാണിയപ്പുരയ്ക്കൽ മത്തച്ചന്റേയും ഈത്തമ്മയുടേയും ഇളയ മകളാണ് അനിത.



ബിരുദം പൂർത്തിയാക്കിയ അനിതയെ തൊടുപുഴ വേരാനിക്കൽ ജോസി വിവാഹം കഴിച്ചു. തൊടുപുഴ ബാറിലെ അറിയപ്പെടുന്ന അഭിഭാഷകരിലൊരാളാണ് ജോസി. മക്കൾ. 264. ചാക്കോ, 265. മിലി.

## 127. ടെസ്സി

വാണിയപ്പുരയ്ക്കൽ അന്നമ്മയുടേയും പീടികയിൽ ജോസഫിന്റേയും മൂത്ത പുത്രിയാണ് ടെസി.



നേഴ്സിംഗ് ഡിപ്ലോമ പാസായ ടെസി പാലാ പൊങ്ങത്തിൽ മാത്യു വിവാഹം കഴിച്ചു. പാലായിൽ ബിസിനസ് നടത്തുന്നു. മക്കൾ. 266. അമരീഷ്, അശ്വിൻ, അരവിന്ദ്.

## 128. ബെറ്റി

വാണിയപ്പുരയ്ക്കൽ അന്നമ്മയുടേയും പീടികയിൽ ജോസഫിന്റേയും രണ്ടാമത്തെ മകളാണ് ബെറ്റി.



നേഴ്സിംഗ് ഡിപ്ലോമ പാസ്സായ ബെറ്റിയെ അതിരമ്പുഴ പുതുശ്ശേരി ജോയി വിവാഹം കഴിച്ചു. ബിസിനസ് നടത്തുന്നു. മക്കൾ. ജോഷ്മ, ജഫീൻ, അന്നമ്മ..

## 129. റെജി

വാണിയപ്പുരയ്ക്കൽ അന്നമ്മയുടേയും പീടികയിൽ ജോസഫിന്റേയും മൂന്നാമത്തെ പുത്രിയാണ് റെജി.



ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ റെജിയെ കറുകച്ചാൽ കിഴക്കേപ്പറമ്പിൽ തോമസ് വിവാഹം കഴിച്ചു. തോമസ് ഷിപ്പിംഗ് കോർപറേഷനിൽ ജോലി നോക്കുന്നു. മക്കൾ. റിറ്റോ, റിയ.

## 130. മിനി

വാണിയപ്പുരയ്ക്കൽ അന്നമ്മയുടേയും പീടികയിൽ ജോസഫിന്റേയും നാലാമത്തെ പുത്രിയാണ് മിനി.



ഹൈസ്കൂൾ പഠനത്തിനം പൂർത്തിയാക്കിയ മിനിയെ ചങ്ങനാശ്ശേരി ചങ്ങംങ്കരിയിൽ രാജു വിവാഹം കഴിച്ചു. രാജു കൺസ്ട്രക്ഷൻ കമ്പനി നടത്തുന്നു. മക്കൾ. അയറിൻ, ജോസഫ്.

## 131. ഷെറി



വാണിയപ്പുരയ്ക്കൽ അന്നമ്മയുടേയും പീടികയിൽ ജോസഫിന്റേയും ഇളയ പുത്രിയാണ് ഷെറി. ഷെറിയെ തൃക്കൊടിത്താനം ചിറ്റേട്ട് ജയിസൺ വിവാഹം കഴിച്ചു. മക്കൾ. 276. മാർഗരറ്റ്.

## 131. ജിജോ



വാണിയപ്പുരയ്ക്കൽ അന്നമ്മയുടേയും പീടികയിൽ ജോസഫിന്റേയും ഏകമകനാണ് ജിജോ. ബാംഗ്ലൂരിൽ ഐ.ടി. എൻജിനീയറായി ജോലി ചെയ്യുന്നു. മണിമല പുള്ളോലിക്കൽ മെറിറ്റാണ് ജിജോയുടെ ഭാര്യ.

## 201. ഷേർളി

ശീവേലിത്ര ചാക്കപ്പന്റേയും കുഞ്ഞാമ്മയുടേയും



മൂത്ത മകളാണ് ഷേർളി. സ്റ്റെനോഗ്രാഫറായ ഷേർളിയെ കിടങ്ങര ചക്കാലയിൽ മോൻസി വിവാഹം കഴിച്ചു. ട്രാവൽ ഏജൻസി നടത്തി വരുന്ന മോൻസിയും ഷേർലിയും ബോംബെയിൽ സ്ഥിരതാമസമാണ്. മക്കൾ. 301. മോർലിൻ, 302. മെറിൻ.

## 202. ഷോയി

ശീവേലിത്ര ചാക്കപ്പന്റേയും കുഞ്ഞാമ്മയുടേയും



ഏക മകനാണ് ഷോയി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഏ.സി & റെഫ്രിജറേഷൻ ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ ഷോയി ബോംബെയിൽ കമ്പനി ജോലിക്കാരനാണ്. കരുവാറ്റ കണ്ടത്തിപ്പറമ്പിൽ റാണിയാണ് ഭാര്യ. മക്കൾ. ഏഞ്ചൽ,

## 203. ഷെണി

ശീവേലിത്ര ചാക്കപ്പന്റേയും കുഞ്ഞാമ്മയുടേയും രണ്ടാമത്തെ മകളാണ് ഷെണി. ബിരുദവും ലാബ് ടെക്നിഷ്യൻ കോഴ്സും



പൂർത്തിയാക്കിയ ഷെണി ബോംബെയിൽ കുറച്ചുകാലം ലാബ് ടെക്നീഷ്യനായിരുന്നു. പടഹാരം കാട്ടിൽ കുടുംബാഗമായ തോമസാണ് ഭർത്താവ്. ഗൾഫിൽ ജോലിക്കാരനാണ് തോമസ്. മകൻ. ആൽവിൻ, ആൻസൻ.

## 204. ഷീജ

ശീവേലിത്ര ചാക്കപ്പന്റേയും കുഞ്ഞാമ്മയുടേയും ഇളയ മകളാണ് ഷീജ. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ഷീജയെ കൈനകരി ചീരംവേലിൽ ജോർജ്ജുകുട്ടി വിവാഹം കഴിച്ചു.



ഗൾഫിൽ ജോലിക്കാരനാണ് ജോർജ്ജുകുട്ടി. ഇരുവരും കുടുംബസമേതം ഗൾഫിൽ കഴിയുന്നു. മകൻ. 305. ചാക്കോച്ചൻ

## 205. അലൻ

ശീവേലിത്ര അപ്പുക്കുട്ടന്റേയും അന്നക്കുട്ടിയുടേയും



മൂത്ത മകനാണ് അലൻ. കമ്പ്യൂട്ടറിൽ പോസ്റ്റ്ഗ്രാജുവേറ്റ് ഡിപ്ലോമ നേടിയ അലൻ ഗൾഫ് എയറിന്റെ അസി.മാനേജരായി ദീർഘകാല സേവനത്തിനു ശേഷം മുൻകൂറായി വിരമിച്ചു. ബാഗ്ലൂരിൽ താമസിക്കുന്നു. ചങ്ങനാശ്ശേരി കാവാലം കുടുംബാഗമായ ശോഭനയാണ് ഭാര്യ. സയൻസിൽ ബിരുദാനന്തര ബിരുദധാരിണിയായ ശോഭ ഗൾഫിൽ ബ്രിട്ടീഷ് ബാങ്കിൽ ജോലിക്കാരിയാണ്.

## 206. എൽവിൻ

ശീവേലിത്ര അപ്പുക്കുട്ടന്റേയും അക്കുട്ടിയുടേയും



രണ്ടാമത്തെ മകനാണ് എൽവിൻ. ബാംഗ്ലൂർ എൻജിനിയറിംഗ് കോളേജിൽ നിന്നും ഇലക്ട്രോണിക്സിൽ ബിരുദം നേടിയ എൽവിൻ യു.എസ്. എയിൽ സേവനം ചെയ്യുന്നു. ----------കുടുംബാഗമായ ഷാലിയാണ് ഭാര്യ.

## 207. ഡോ. ആൻസൺ. എം.ഡി.

ശീവേലിത്ര അപ്പുക്കുട്ടന്റേയും അന്നക്കുട്ടയുടേയും



മൂന്നാമത്തെ മകനാണ് ആൻസൺ. ബാംഗ്ലൂർ മെഡിക്കൽ കോളേജിൽ നിന്നും മെഡിസിനിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കിയ ആൻസൺ യു.എസ്.എയിൽ ഡോക്ടറായി സേവനം ചെയ്യുന്നു. ------കുടുംബാഗമായ ഡോക്ടർ ആഷ എ.ഡിയാണ് ഭാര്യ. മക്കൾ.

## 208. ഷെറിൻ

ശീവേലിത്ര അപ്പുക്കുട്ടന്റേയും അന്നക്കുട്ടിയുടേയും



ഏകമകളാണ് ഷെറിൻ. മൈക്രോബൈയോളജിയിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കിയ ഷെറിനെ തൃശൂർ അക്കര കുടുംബാഗമായ ജോണി വിവാഹം കഴിച്ചു. ഇലക്ട്രോണിക്സ് എൻജിനിയറായ ജോണി കൽകട്ട എയർപോർട്ടിൽ ഗ്രൗണ്ട് എൻജിനിയറായി സേവനം അനുഷ്ടിക്കുന്നു. മക്കൾ.

## 209. ആനിറ്റ്

എട്ടിൽ തൊമ്മിക്കുഞ്ഞിന്റേയും ജോമ്മയുടേയും മൂത്ത മകളാണ് ആനിറ്റ്. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ആനിറ്റിനെ മിത്രക്കരി കുഞ്ഞച്ചൻ വിവാഹം കഴിച്ചു. മിത്രക്കരിയിൽ സ്റ്റേഷനറി ബിസിനസുകാരനാണ് കുഞ്ഞച്ചൻ.

## 210. ജോസ്

എട്ടിൽ തൊമ്മിക്കുഞ്ഞിന്റേയും ജോമ്മയുടെയും മൂത്ത പുത്രനാണ് ജോസ്. ഹൈസ്കൂൾ പൂർത്തിയാക്കിയ ജോസ് പുളിംകുന്നിൽ കച്ചവടം നടത്തി വരുന്നു. ------കുടുംബാഗമായ കുഞ്ഞുമോളിയാണ് ഭാര്യ. മക്കൾ. 316. 317

## 211. ജെയിംസ്

എട്ടിൽ തൊമ്മിക്കുഞ്ഞിന്റേയും ജോമ്മയുടേയും രണ്ടാമത്തെ പുത്രനാണ് ജെയിംസ്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം സെയിൽസ്മാനായി ജോലി ചെയ്യുന്നു ജെയിംസ്. ----------കുടുംബാഗമായ -----ഭാര്യ. മക്കൾ. 318. 319.

## 212. ജസ്സി

എട്ടിൽ തൊമ്മിക്കുഞ്ഞിന്റേയും ജോമ്മയുടേയും ഇളയ പുത്രിയാണ് ജസ്സി. ബാഗ്ലൂരിൽ നേഴ്സാണ് ജസ്സി.

## 213. സീമ

ശീവേലിത്ര തോമസ്കുട്ടിയുടേയും ലൈലാമ്മയുടേയും മൂത്ത പുത്രിയാണ് സീമ.



ബാംഗ്ലൂരിൽ നിന്നും നേഴ്സിംഗ് ഡിപ്ലോമ പാസായ സീമയെ കമ്പ്യൂട്ടർ പ്രഫഷണലായ കായൽപ്പുറം പുന്നശ്ശേരിയിൽ സിബി വിവാഹം കഴിച്ചു. ദുബായിൽ ജോലിക്കാരനാണ് സിബി.

## 214. സ്മിത

ശീവേലിത്ര തോമസ്കുട്ടിയുടേയും ലൈലാമ്മയുടേയും രണ്ടാമത്തെ പുത്രിയാണ് സ്മിത.



ബാംഗ്ലൂരിൽ നിന്നും നേഴ്സിംഗിൽ ഡിപ്ലോമ നേടിയ സ്മിത ഡൽഹിയിലെ രാജീവ് ഗാന്ധി റിസേർച്ച് & മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ജോലിക്കാരിയാണ്.

## 215. സെറിൻ



ശീവേലിത്ര തോമസ്കുട്ടിയുടേയും ലൈലാമ്മയുടേയും മൂന്നാമത്തെ പുത്രിയാണ് സെറിൻ. ബാംഗ്ലൂർ കിംസ് മെഡിക്കൽ കോളേജിൽ ബി.എസ്സി പിസിയോതെറാപ്പി 3-ാം വർഷ വിദ്യാർത്ഥിനിയാണ്.

## 216. നിധിൻ



ശീവേലിത്ര തോമസ്കുട്ടിയുടേയും ലൈലാമ്മയുടേയും ഏക മകനാണ് നിധിൻ. 10-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

## 217. ജസ്സു



മുണ്ടുവേലികുന്നേൽ പാപ്പച്ചന്റേയും ഗ്രേസിയുടേയും മൂത്ത മകനാണ് ജസ്സു. സ്വിറ്റ്സർലന്റിൽ നിന്നും ഹോട്ടൽ മാനേജ്മെന്റിൽ ബിരുദം നേടിയ ജസ്സു ദോഹയിലെ അമേരിക്കൻ ഹോട്ടലിൽ മാനേജരായി സേവനം അനുഷ്ഠിക്കുന്നു.

## 218. ഡോ. ജിതിൻ ജോസ്. ബി.ഡി.എസ്.



മുണ്ടുവേലികുന്നേൽ പാപ്പച്ചന്റേയും ഗ്രേസിയുടേയും ഇളയ മകനാണ് ജിതിൻ. ബാംഗ്ലൂർ കിംസ് മെഡിക്കൽ കോളേജിൽ ബി.ഡി.എസ്. ബരുദമെടുത്ത് ബാംഗ്ളൂരിൽ പ്രാക്ടീസ് ചെയ്യുന്നു ജിതിൻ.

## 219. ഷെറി



വാണിയപ്പുരയ്ക്കൽ ബാബുവിന്റേയും ഓമനയുടേയും മൂത്ത മകളാണ് ഷെറി.

## 220. ടെറി



വാണിയപ്പുരയ്ക്കൽ ബാബുവിന്റെയും ഓമനയുടേയും മകനാണ് ടെറി.

## 221. ഷീന



വാണിയപ്പുരയ്ക്കൽ ബാബുവിന്റേയും ഓമനയുടേയും മകളാണ് ഷീന.

## 222. ജിം



വാണിയപ്പുരയ്ക്കൽ ജയിംസിന്റേയും മാഗിയുടേയും മൂത്തമകനാണ് ജിം. ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളജിൽ കംപ്യൂട്ടർ എൻജിനീയറിംഗിന് പഠിക്കുന്നു.

## 223. ജെറി



വാണിയപ്പുരയ്ക്കൽ ജയിംസിന്റേയും മാഗിയുടേയും രണ്ടാമത്തെ മകനാണ് ജെറി. ചെത്തിപ്പുഴ ക്രിസ്തുജോതി സ്കൂളിൽ പ്ലസ്ടു വിദ്യാർത്ഥിയാണ്.

## 224. ജീന



വാണിയപ്പുരയ്ക്കൽ ജയിംസിന്റേയും മാഗിയുടേയും മകളാണ് ജീന. കോട്ടയം വടവാതൂർ ജവഹർ നവോദയ സ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുന്നു.

## 225. എബി



വാണിയപ്പുരയ്ക്കൽ സിബിയുടേയും എത്സമ്മയുടേയും മൂത്തപുത്രനായ എബി എൻജിനിയറിംഗ് വിദ്യാർത്ഥിയാണ്.

## 226. മെരിറ്റ



വാണിയപ്പുരയ്ക്കൽ സിബിയുടേയും എത്സമ്മയുടേയും മകളാണ് മെരിറ്റ.

## 227. വിജി

വാണിയപ്പുരയ്ക്കൽ മോളിക്കുട്ടി ജോയിച്ചൻ ദമ്പതികളുടെ മൂത്ത മകളാണ് വിജി.

## 228. വിനു

വാണിയപ്പുരയ്ക്കൽ മോളിക്കുട്ടി ജോയിച്ചൻ ദമ്പതികളുടെ മൂത്ത മകനാണ് വിനു.

## 229. മനു

വാണിയപ്പുരയ്ക്കൽ മോളിക്കുട്ടി ജോയിച്ചൻ ദമ്പതികളുടെ ഇളയ മകനാണ് മനു.

## 230. ബോണി



വാണിയപ്പുരയ്ക്കൽ ജോളിമ്മ ബന്നിച്ചൻ ദമ്പതികളുടെ മൂത്ത മകനാണ് ബോണി.

## 231. ജറിൽ



വാണിയപ്പുരയ്ക്കൽ ജോയിയുടേയും റീനയുടേയും മകനാണ് ജറിൽ.

## 232. മരിയ



വാണിയപ്പുരയ്ക്കൽ ജോജോയുടേയും ജിൻസിയുടേയും മൂത്ത മകളാണ് മരിയ.

## 233. ജോസ്



വാണിയപ്പുരയ്ക്കൽ മേഴ്സിയുടേയും കുന്നത്ത് തോമസിന്റേയും മൂത്ത മകനാണ് ജോസ് കുട്ടിക്കാനം മരിയൻ കോളേജിൽ ബി.കോം. വിദ്യാർത്ഥിയാണ്.

## 234. ജോർജ്ജ്



വാണിയപ്പുരയ്ക്കൽ മേഴ്സിയുടേയും കുന്നത്ത് തോമസിന്റേയും രണ്ടാമത്തെ മകനാണ് ജോർജ്ജ്. എറണാകുളം രാജഗിരി എൻജിനിയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥിയാണ്.

## *235. ജേക്കബ്*



വാണിയപ്പുരയ്ക്കൽ മേഴ്സിയുടേയും കുന്നത്ത് തോമസിന്റേയും മൂന്നാമത്തെ മകനാണ് ജയിക്കബ്. 9-ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 236. റോസ്‌ലി



വാണിയപ്പുരയ്ക്കൽ ചാക്കപ്പന്റേയും മേരീസിന്റേയും മകളാണ് റോസ്‌ലി. കോളാർ മെഡിക്കൽ കോളേജിൽ ബി.എസ്സി നേഴ്സിംഗ് വിദ്യാർത്ഥിനിയാണ് റോസ്‌ലി.

## 237. മെർളി



വാണിയപ്പുരയ്ക്കൽ ചാക്കപ്പന്റേയും മേരീസിന്റേയും മകളാണ് മെർളി. ബി.എസ്സി നേഴ്സിംഗ വിദ്യാർത്ഥിനിയാണ്.

## 238. ബർലി



വാണിയപ്പുരയ്ക്കൽ ചാക്കപ്പന്റേയും മേരീസിന്റേയും മൂന്നാമത്തെ മകളായ ബർലി 11-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്.

## 239. എമിലി



വാണിയപ്പുരയ്ക്കൽ ചാക്കപ്പന്റേയും മേരീസിന്റേയും ഇളയ മകളായ എമിലി 9-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്.

## 240. സമിൻ



വാണിയപ്പുരയ്ക്കൽ സണ്ണിയുടേയും മേഴ്സിയുടേയും മൂത്തമകനായ സമിൻ 12-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

## 241. സുസ്മി



വാണിയപ്പുരയ്ക്കൽ സണ്ണിയുടേയും മേഴ്സിയുടേയും മകളായ സുസ്മി 10-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്.

## 242. സ്റ്റീവ്



വാണിയപ്പുരയ്ക്കൽ സണ്ണിയുടേയും മേഴ്സിയുടേയും ഇളയ മകനായ സ്റ്റീവ് യു.കെ.ജി. വിദ്യാർത്ഥിയാണ്.

## 243. ജോർജ്ജി



വാണിയപ്പുരയ്ക്കൽ ജോഷിയുടേയും സൂസിയുടേയും ഏക മകൻ ജോർജ്ജി 7-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

## 244. റിയ



വാണിയപ്പുരയ്ക്കൽ മാത്യുവിന്റേയും ആലീസിന്റേയും മൂത്ത മകളാണ് റിയ. യു.കെ.ജി വിദ്യാർത്ഥിയാണ്.

## 245. നോറ



വാണിയപ്പുരയ്ക്കൽ മാത്യുവി ന്റേയും ആലീസിന്റേയും രണ്ടാമത്തെ മകളാണ് നോറ.

## 246. സാന്ദ്ര



വാണിയപ്പുരയ്ക്കൽ ബിനോയിയുടേയും ദീപയുടേയും മൂത്തമകളാണ് സാന്ദ്ര.

## 247. അമ്മു



വാണിയപ്പുരയ്ക്കൽ ബിനോയിയുടേയും ദീപയുടേയും രണ്ടാമത്തെ മകളാണ് അമ്മു.

## 248. കുക്കു



വാണിയപ്പുരയ്ക്കൽ ബിനോയിയുടേയും ദീപയുടേയും ഇളയ മകളാണ് കുക്കു.

## 249. ജോസൻ



നെടുംതകിടി ജോബി മേബിൾ ദമ്പതികളുടെ മൂത്ത മകനാണ് ജോസൻ.

## 250. ജോബൻ



നെടുംതകിടി ജോബി മേബിൾ ദമ്പതികളുടെ രണ്ടാമത്തെ മകനാണ് ജോബൻ.

## 251. അൽവിൻ



വാണിയപ്പുരയ്ക്കൽ അലന്റേയും റെറ്റസിയുടേയും മൂത്തമകനായ അൽവിൻ 10-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

## 252. ആൽസൺ



വാണിയപ്പുരയ്ക്കൽ അലന്റേയും റെറ്റസിയുടേയും രണ്ടാമത്തെ മകനാണ് ആൻസൺ.

## 253. അർജുൻ



വാണിയപ്പുരയ്ക്കൽ അലന്റേയും റെറ്റസിയുടേയും മൂന്നാമത്തെ പുത്രനാണ് അർജുൻ.

## 254. മിലു



വാണിയപ്പുരയ്ക്കൽ ആലീസ് ജോതിഷ് ദമ്പതികളുടെ മൂത്ത മകളാണ് മീലു.

## 255. മിനു



വാണിയപ്പുരയ്ക്കൽ ആലീസ് ജോതിഷ് ദമ്പതികളുടെ രണ്ടാമത്തെ മകനാണ് മിന്റു.

## 256. അഞ്ജലി



വാണിയപ്പുരയ്ക്കൽ അനിലിന്റേയും പ്രീമയുടേയും മൂത്ത മകളാണ് അഞ്ജലി.

## 257. ആൻഡ്രിയ



വാണിയപ്പുരയ്ക്കൽ അനിലിന്റേയും പ്രീമയുടേയും രണ്ടാമത്തെ മകളാണ് ആൻഡ്രിയ.

## *258. അഞ്ചലാ*



വാണിയപ്പുരയ്ക്കൽ അനിലിന്റേയും പ്രേമയുടേയും മൂന്നാമത്തെ മകളാണ് അഞ്ചലാ.

## 259. മാത്യു



വാണിയപ്പുരയ്ക്കൽ അലക്സിന്റേയും ദീപയുടേയും മൂത്തമകനാണ് മാത്യു.

## 260. ആനു



വാണിയപ്പുരയ്ക്കൽ അലക്സിന്റേയും ദീപയുടേയും മൂത്തമകളാണ് ആനു.

## 261. നീന



വാണിയപ്പുരയ്ക്കൽ അമല ജയ്സൺ ദമ്പതികളുടെ മൂത്തമകളാണ് നീന.

## 262. അരുണ



വാണിയപ്പുരയ്ക്കൽ അമല ജയ്സൺ ദമ്പതികളുടെ രണ്ടാമത്തെ മകളാണ് അരുണ.

## 263. മീനു



വാണിയപ്പുരയ്ക്കൽ അമല ജയ്സൺ ദമ്പതികളുടെ മകളാണ് മിനു.

## 264. റ്റോം



വാണിയപ്പുരയ്ക്കൽ അമല ജയ്സൺ ദമ്പതികളുടെ മകളാണ് മിനു.

## 264. ചാക്കോ



വാണിയപ്പുരയ്ക്കൽ അനിത ജോസി ദമ്പതികളുടെ മൂത്ത മകനാണ് ചാക്കോ.

## 265. മിലി



വാണിയപ്പുരയ്ക്കൽ അനിത ജോസി ദമ്പതികളുടെ മൂത്ത മകളാണ് മിലി.

## 266. അമരീഷ്



കട്ടച്ചിറ പൊങ്കത്തിൽ മാത്യു ടെസി ദമ്പതികളുടെ മൂത്ത മകനാണ് അമരീഷ് 9-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

## 267. അശ്വിൻ



കട്ടച്ചിറ പൊങ്കത്തിൽ മാത്യു ടെസി ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ അശ്വിൻ 8-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

## 268. അരവിന്ദ്



കട്ടച്ചിറ പൊങ്കത്തിൽ മാത്യു ടെസി ദമ്പതചികളുടെ ഇളയ പുത്രനാണ് അരവിന്ദൻ യു. കെ. ജി. വിദ്യാർത്ഥിയാണ്.

## 269. ജേഷ്മ



അതിരമ്പുഴ പുതുശ്ശേരി ജോയി ബെറ്റി ദമ്പതികളുടെ മൂത്ത മകളാണ് ജേഷ്മ 7-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്.

## 270. ജഫിൻ



അതിരമ്പുഴ പുതുശ്ശേരി ജോയി ബെറ്റി ദമ്പതികളുടെ രണ്ടാമത്തെ മകനായ ജഫിൻ 2-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

## 271. അന്നമ്മ



അതിരമ്പുഴ പുതുശ്ശേരി ജോയി ബെറ്റി ദമ്പതികളുടെ ഏകമകളായ അന്നമ്മ.

## 272. റിറ്റോ



കറുകച്ചാൽ കിഴക്കേപ്പറമ്പ് തോമസിന്റേയും റെജിയുടേയും മൂത്തമകനായ റിറ്റോ 3-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

## 273. റിയാ



കറുകച്ചാൽ കിഴക്കേപ്പറമ്പിൽ തോമസിന്റേയും റെജിയുടേയും ഇളയ മകളായ റിയ എൽ.കെ.ജി. വിദ്യാർത്ഥിനിയാണ്.

## 274. അയറിൻ



ചങ്ങനാശ്ശേരി ചങ്ങംങ്കരി രാജുവിന്റേയും മിനിയുടേയും മൂത്തമകനായ അയറിൻ 2-ാം ക്ലാസ്സ് വിദ്യാർത്ഥിയാണ്.

## 275. ജോസിൻ



ചങ്ങനാശ്ശേരി ചങ്ങംങ്കരി രാജുവിന്റേയും മിനിയുടേയും രണ്ടാമത്തെ മകനാണ് ജോസിൻ.

## 276. മാർഗരറ്റ്



തൃക്കൊടിത്താനം ചിറ്റേട്ട് ജയിസൺ ഷെറി ദമ്പതികളുടെ മൂത്തമകളാണ് മാർഗരറ്റ്.

## 301. മെർലിൻ



ശീവേലിത്ര ഷേർലി മോൻസി ദമ്പതികളുടെ ഇളയമകളാണ് മെറിൻ.

## 302. മെറിൻ



ശീവേലിത്ര ഷേർലി മോൻസി ദമ്പതികളുടെ ഇളയ മകനാണ് മെറിൻ

## 303. ഏഞ്ചൽ



ശീവേലിത്ര ഷോയിയുടേയും റാണിയുടേയും മൂത്ത പുത്രിയാണ് ഏഞ്ചൽ..

## 304. എമിലിൻ



ശീവേലിത്ര ഷോയിയുടേയും റാണിയുടേയും രണ്ടാമത്തെ പുത്രിയാണ് എമിലിൻ.

## 305. ആൽവിൻ



ശീവേലിത്ര ഷെണി തോമസ് ദമ്പതികളുടെ മൂത്ത മകനാണ് ആൽവിൻ.

## 306. ആൻസൺ



ശീവേലിത്ര ഷെണി തോമസ് ദമ്പതികളുടെ മകനാണ് ആൻസൺ.

## 307. ചാക്കോച്ചൻ



ശീവേലിത്ര ഷീജ ജോർജ്ജുകുട്ടി ദമ്പതികളുടെ മൂത്തപുത്രനാണ് ചാക്കോച്ചൻ.

# VANIAPURACKAL FOOD CENTRE

Perunna, Changanacherry, Ph : 2427378, (2423078)

**Proprietor: James Joseph**

# HOTEL VANI

**CENTRAL JUNCTION, CHANGANACHERRY, Ph : 2422403**

# VANI SCHOOL OF HOTEL

## CATERING MANAGMENT

**HOTEL VANI BUILDING, CHANGANACHERRY, Ph - 2422803**

# VANI CONSTRUCTIONS

**HOTEL VANI BUILDING, CHANGANACHERRY. Ph - 2422807**

# VANI EARTH MOVERS

**HOTEL VANI BUILDING, CHANGANACHERRY, PH : 2421803**

# AVANI FABRICS

Changanacherry - 1, Phone - 2422703 (s)

# വാണി ഹോം അപ്ലയൻസസ്

**ഹോട്ടൽ വാണി ബിൽഡിംഗ്സ്, ചങ്ങനാശ്ശേരി, ഫോൺ: 3951620, 2425403**

# ALLEN STORE

## CYCLE DEALER

**MARKET ROAD, CHANGANACHERRY, MAIN ROAD, MANANAR**

Phone. Res. 0481-242393, 2429105 Office : 0481 - 2420793, 0479 - 2312336

**Prop. : Thomas kutty, Chivelethara**




# വി.സി.മാത്യു (മത്തച്ചൻ)

വാണിയപ്പുരയ്ക്കൽ
ചങ്ങനാശ്ശേരി

സ്ഥാപകൻ

## വാണിയപ്പുരയ്ക്കൽ ജൂവലറി

മാർക്കറ്റ് റോഡ്, ചങ്ങനാശ്ശേരി
ഫോൺ-0481-2420403

# പാവനസ്മരണയ്ക്ക്



## കെ.ജെ. ജോസഫ് (കൊച്ചേട്ടൻ)

പീടികയിൽ,

അതിരമ്പുഴ, കോട്ടയം

# അന്നമ്മ

ചാക്കോയുടെ മകൾ അന്നമ്മയെ പടഹാരം കൊച്ചുതറയിൽ .......... വിവാഹം കഴിച്ചു. ഇവർക്ക് അഞ്ചു മക്കളുണ്ടായി.

# പോത്തൻ

ചാക്കോയുടെ മകൻ പോത്തൻ എടത്വാ വാഴപ്പറമ്പ് മറിയത്തെ വിവാഹം ചെയ്തു. ഇവർക്ക് ത്രേസ്യ, മറിയം, അന്നമ്മ, ക്ലാര, ഔസേഫ്, ഏലി എന്നി മക്കൾ ഉണ്ടായി. ഔസേഫ് അട്ടിച്ചിറയിൽ താമസമാക്കി.

# തെക്കേത്തലയ്ക്കൽ അട്ടിച്ചിറ കുടുംബം തലമുറകളിലൂടെ



# തെക്കേത്തലയ്ക്കൽ അട്ടിച്ചിറ കുടുംബം തലമുറകളിലൂടെ

101. മേരിക്കുട്ടി ചാക്കോ - മുളന്താനത്ത് - കുടമാളൂർ.
102. ഏലിക്കുട്ടി മാത്യു - കണ്ണത്തുശ്ശേരി - കൈനകരി.
103. കുഞ്ഞുമോൻ - അന്നമ്മ - 10-ൽചിറ - കരുമാടി.
104. തോമസ് (കൊച്ച്)- അന്നമ്മ - വല്ല്യാറ - കൈനകരി.
105. വക്കച്ചൻ - അന്നമ്മ - വാലേൽ - പടഹാരം.
106. ഡൊമനിക്ക് - ത്രേസ്യാമ്മ - അറയ്ക്കൽ - മാമ്മൂട്.
107. ലിസ്സമ്മ മാത്തുക്കുട്ടി - അട്ടിച്ചിറ, ചെക്കിടിക്കാട്
108. കുഞ്ഞമ്മ ജോയിച്ചൻ - മാളേയ്ക്കൽ - എടത്വാ.
109. അമ്മിണി ബാബു - ചക്കാലയ്ക്കൽ - എടത്വാ.
110. റ്റോമി - അട്ടിച്ചിറ - തെക്കേത്തലയ്ക്കൽ.
111. കുഞ്ഞമ്മ ഫ്രാൻസിസ് - പതിനാറിൽചിറ-ചമ്പക്കുളം.
112. അപ്പച്ചൻ-ലീലാമ്മ-മെതിക്കളത്തിൽചിറ-തകഴി.
113. കുഞ്ഞുഞ്ഞ് - മെതിക്കളത്തിൽച്ചിറ - അമ്മിണി - ആശാംപറമ്പ്
114. ജോസ്-മെതിക്കളത്തിൽച്ചിറ (തൃശൂർ) കുഞ്ഞുമോൾ
115. ദേവസ്യാച്ചൻ ആശാംപറമ്പ്, ചങ്ങങ്കരി - തങ്കമ്മ, ആശാംപറമ്പ്
116. ജോസഫ് പീറ്റർ - പുളിക്കപറമ്പിൽ - എടത്വാ
117. ക്ലാരമ്മ സണ്ണി- മണത്തലച്ചിറ - ആർപ്പൂക്കര(കോട്ടയം).
118. ബേബിച്ചൻ - ജെസ്സി- തുണ്ടുപറമ്പിൽ - പരുമല
119. അപ്പച്ചൻ - കുഞ്ഞുമോൾ - തെന്നടി
120. സൂസ്സമ്മ കുഞ്ഞുമോൻ - കുഴുക്കാട്ടും പള്ളിയിൽ - ഊരിക്കരി.
121. ബിജു - ജോളി - തകഴി.
112. സാജു - മേഴ്സി - എഴുക്കാട്ടിൽ - കരുമാടി.
123. ബിന്ദു ഫിൽജി.
201. ഷാജി (ഫിലിപ്പോസ് ജോസഫ്) (കുഞ്ഞുമോന്റെ മക്കൾ)
202. ഷാലിനി (ഏലിക്കുട്ടി ജോസഫ്) (കുഞ്ഞുമോന്റെ മക്കൾ)
203. ഷൈനി (ഏലിക്കുട്ടി തോമസ്) (കൊച്ചിന്റെ മക്കൾ)
204. ഷൈജി (ബ്രിജിറ്റ് തോമസ്) (കൊച്ചിന്റെ മക്കൾ)
205. ഷിജോ (വർഗ്ഗീസ് തോമസ്) (കൊച്ചിന്റെ മക്കൾ)
206. മജീഷ് (പീലിപ്പോസ് വർഗ്ഗീസ്) (വക്കച്ചന്റെ മക്കൾ)
207. വിജീഷ് (തോമസ് വർഗ്ഗീസ്) (വക്കച്ചന്റെ മക്കൾ)
208. ലൂർദ്ദ് വർഗ്ഗീസ്സ് (വക്കച്ചന്റെ മക്കൾ)
209. ഡിജോ (പീലിപ്പോസ് ഡൊമനിക്ക്) (ഡൊമിനിക്കിന്റെ മക്കൾ)
210. ഡോളി (ഏലിക്കുട്ടി ഡൊമനിക്ക്) (ഡൊമിനിക്കിന്റെ മക്കൾ)
211. കുഞ്ഞുമോൻ (കുഞ്ഞൂഞ്ഞമ്മയുടെ മക്കൾ)
212. വക്കച്ചൻ (കുഞ്ഞൂഞ്ഞമ്മയുടെ മക്കൾ)
213. മണി (കുഞ്ഞൂഞ്ഞമ്മയുടെ മക്കൾ)
214. അൽഫോൻസ് (കുഞ്ഞൂഞ്ഞമ്മയുടെ മക്കൾ)
215. ബേബിച്ചൻ (അപ്പച്ചന്റെ മക്കൾ)
216. ബന്നിച്ചൻ (അപ്പച്ചന്റെ മക്കൾ)
217. ബൻസി (അപ്പച്ചന്റെ മക്കൾ)
218. ഷിജു (കുഞ്ഞൂഞ്ഞിന്റെ മക്കൾ)
219. ബിനു (കുഞ്ഞൂഞ്ഞിന്റെ മക്കൾ)
220. തോമസ് (കുഞ്ഞൂഞ്ഞിന്റെ മക്കൾ)
221. ജോഷി (ജോസ് മക്കൾ)
222. ജോബി (ജോസ് മക്കൾ)
223. ജോമോൻ (ദേവസ്യാച്ചന്റെ മക്കൾ)
224 ജോമോൾ (ദേവസ്യാച്ചന്റെ മക്കൾ)
225. ബൽസിമോൾ (ബേബിച്ചന്റെ മക്കൾ)
226 ബറ്റിമോൾ (ബേബിച്ചന്റെ മക്കൾ)
227. അനു (അപ്പച്ചന്റെ മക്കൾ)
228. മനു (അപ്പച്ചന്റെ മക്കൾ)
229. വിനു (അപ്പച്ചന്റെ മക്കൾ)

## തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ശാഖ

## 1. ഔസേഫ്

തെക്കേത്തലയ്ക്കൽ പോത്തന്റെയും എടത്വാ വാഴപ്പറമ്പിൽ മറിയത്തിന്റെയും ഏകമ നാണ് ഔസേഫ്. തെക്കേത്തലയ്ക്കൽ പൂർവ്വപിതാമഹനായ പെരുമാൾചാക്കോ വന്നു താമസിച്ച തെക്കേത്തലയ്ക്കൽ പുരയിടത്തിന്റെ 10 സെന്റ് അവകാശിയും വിരുത്തി 10 പറ നിലവും കൃഷിചെയ്തു ജീവിതം തുടങ്ങിയ ഔസേഫ് കൂടുതൽ സ്വത്തുകൾ നേടിയെടുത്തു. കോയിൽമുക്ക് കന്നയിൽ മറിയത്തെ ഔസേഫ് വിവാഹം ചെയ്തു. മക്കൾ പീലിപ്പോസ്, മത്തക്കുട്ടി, പെണ്ണമ്മ, ചിന്നമ്മ, പത്രോച്ചൻ, പൗലോച്ചൻ. തുടർച്ചയായി ഉണ്ടായ കൃഷിപിഴവുകളും അക്കാലങ്ങളിൽ പ്രചരിച്ച കറുപ്പു വ്യാപാരംമൂലം ഔസേഫിന് തന്റെ പൂർവ്വസ്വത്തുകൾ നഷ്ടപ്പെടുകയും അട്ടിച്ചിറയിലേക്ക് മാറിതാമസിക്കേണ്ടിവരുകയും ചെയ്തു. തുടർന്ന് മക്കളോടൊപ്പം ദീർഘകാലം സ്വസ്തം ജീവിക്കുകയും മരിച്ച് എടത്വാപള്ളി സിമിത്തേരിയിൽ അടക്കം ചെയ്തു.

## 1. പീലിപ്പോസ്

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ഔസേഫിന്റെയും



കോയിൽമുക്ക് കന്നയിൽ മറിയത്തിന്റെയും മൂത്തപുത്രനാണ് കുഞ്ഞംപീലി എന്നറിയപ്പെടുന്ന പീലിപ്പോസ്. പള്ളിക്കാര്യങ്ങളിൽ സജീവമായി പങ്കെടുത്തിരുന്ന കുഞ്ഞംപീലി ഒരു തികഞ്ഞ കലാകാരൻകൂടിയായിരുന്നു. പരിചമുട്ടുകളിയും നാടൻകലകളും പള്ളിപരിപാടികളിൽ സ്ഥിരമായി അവതരിപ്പിക്കുമായിരുന്നു കുഞ്ഞംപീലി. ഒരു നല്ല നാടകനടൻ കൂടിയായിരുന്നു. കുഞ്ഞംപീലിയുടെ 'ചാക്കോച്ചന്റെ പുനർവിവാഹം' എന്ന നാടകത്തിലെ അഭിനയം അനുവാചക ശ്രദ്ധ ഏറെപിടിച്ചുപറ്റിയ ഒന്നായിരുന്നു. പുളിങ്കുന്ന് കാപ്പിൽ അറുപതിൽചിറ കുടുംബാംഗമായ ഏലിക്കുട്ടിയാണ് ഭാര്യ. ഒരു നല്ല കുടുംബനാഥയും ഈശ്വരഭക്തയുമായിരുന്നു ഏലിക്കുട്ടി. 1983 ജനുവരിമാസം 6-ാം തീയതി ഏലിക്കുട്ടിയും 1992 മെയ്മാസം 7-ാം തീയതി കുഞ്ഞംപീലിയും നിത്യവിശ്രമത്തിനായി കർത്താവിന്റെ പക്കലേക്ക് യാത്രയായി. മക്കൾ 101. മേരിക്കുട്ടി, 102. സിസിലി 103 കുഞ്ഞുമോൻ, 104. കൊച്ച്, 105. വക്കച്ചൻ, 106. ഡൊമിനിക്ക്.

## 2. മത്തക്കുട്ടി

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ഔസേഫിന്റെയും കന്നയിൽ മറിയത്തിന്റെയും രണ്ടാമത്തെ മകനാണ് മത്തക്കുട്ടി. കൃഷിയിലും അനുബന്ധ പ്രവർത്തനത്തിലും ഏർപ്പെട്ടിരുന്ന മത്തക്കുട്ടി തകഴി തെന്നടി പത്തിൽ കുടുംബാംഗമായ മറിയാമ്മയെ വിവാഹം കഴിച്ചു. മക്കൾ 107. ലിസമ്മ, 108. കുഞ്ഞമ്മ, 109. അമ്മിണി, 110. ടോമി. ക്ഷണികമായ ഇഹലോകജീവിതം നേരത്തെ പൂർത്തിയാക്കിയ മത്തക്കുട്ടിയുടെയും മറിയത്തിന്റെയും ഭൗതീകശരീരം എടത്വാപള്ളി സിമിത്തേരിയിൽ അടക്കം ചെയ്തു.

## 3. പെണ്ണമ്മ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ഔസേഫിന്റെയും കന്നയിൽ മറിയത്തിന്റെ മൂത്ത പുത്രിയാണ് പെണ്ണമ്മ. ചെക്കിടിക്കാട് മെതിക്കളത്തിൽചിറ കറിയാച്ചനാണ് പെണ്ണമ്മയെ വിവാഹം ചെയ്തത്. മക്കൾ 111. ചിന്നമ്മ, 112. അപ്പച്ചൻ, 113. കുഞ്ഞൂഞ്ഞ്, 114. ജോസ്. 198.... ൽ കറിയാച്ചനും 19..... ൽ പെണ്ണമ്മയും ഇഹലോകവാസം വെടിഞ്ഞു. കറിയാച്ചനെയും പെണ്ണമ്മയെയും എടത്വാ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

## 4. ചിന്നമ്മ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ഔസേഫിന്റെയും കന്നയിൽ മറിയത്തിന്റെയും രണ്ടാമത്തെ പുത്രിയാണ് ചിന്നമ്മ. ചങ്ങംകരി ആശാംപറമ്പിൽ കുരുവിള സ്കറിയയാണ് വിവാഹം കഴിച്ചത്. മകൻ. 115. തങ്കച്ചൻ. തങ്ങളുടെ നല്ല ഓട്ടം പൂർത്തിയാക്കിയ ചിന്നമ്മയും കറിയാച്ചനും നിത്യവിശ്രമത്തിനായി കർത്താവിന്റെ പക്കലേക്ക് യാത്രയായി. ഇരുവരെയും എടത്വാപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

## 5. പത്രോച്ചൻ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ഔസേഫിന്റെയും



കന്നയിൽ മറിയത്തിന്റെയും ഇരട്ടപുത്രന്മാരിൽ മൂത്തയാളാണ് പത്രോച്ചൻ. എടത്വായിലെ ആദ്യാകാല മിഷൻ തയ്യൽക്കാരിൽ ഒരാളായിരുന്നു പത്രോച്ചൻ. എടത്വാ പുളിക്കപ്പറമ്പിൽ ത്രേസ്യാമ്മയാണ് ഭാര്യ. എടത്വായിൽ താമ

സിക്കുന്നു. മക്കൾ 116. തങ്കച്ചൻ, 117. ക്ലാരമ്മ. 1962 ഏപ്രിൽ 29 ന് ത്രേസ്യാമ്മ അകാല ചരമമടഞ്ഞതിനെതുടർന്ന് കഠിനാദ്ധ്വാനം ചെയ്ത് മക്കളെ നല്ല നിലയിൽ എത്തിക്കുവാൻ പത്രോച്ചന് കഴിഞ്ഞു.

## 6. പൗലോച്ചൻ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ഔസേഫിന്റെയും കന്നയിൽ മറിയത്തിന്റെയും ഇരട്ടപുത്രന്മാരിൽ ഇളയ ആളാണ് പൗലോച്ചൻ. കൃഷിയും അനുബന്ധ ജോലികളുമായിരുന്നു പ്രധാന തൊഴിൽ. കൈനകരി ചെട്ടുപറമ്പ് കുടുംബാംഗമായ മറിയക്കുട്ടിയാണ് ഭാര്യ. മക്കൾ 118. ബോബിച്ചൻ, 119. അപ്പച്ചൻ, 120. സൂസമ്മ, 121. ബിജു, 122. സാജു 123. ബിന്ദു.



## 101. മേരിക്കുട്ടി

തെക്കേത്തലയ്ക്കൽ പീലിപ്പോസിന്റെയും ഏലിക്കുട്ടിയുടെയും മൂത്തമകളാണ് മേരിക്കുട്ടി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മേരിക്കുട്ടിയെ കുടമാളൂർ മുളന്താനത്ത് ചാക്കോച്ചൻ വിവാഹം കഴിച്ചു. കർഷക പ്രമുഖനായിരുന്ന ചാക്കോച്ചൻ കുടുംബവുമായി മലബാറിലേക്ക് കുടിയേറുകയും കണ്ണൂർ ജില്ലയിലെ ഇരിട്ടിയിൽ താമസമാക്കുകയും ചെയ്തു. ഇപ്പോഴും ആ മേഖലയിലെ കർഷകപ്രമുഖരിൽ ഒരാളായിരുന്നു ചാക്കോച്ചൻ. 2003 മെയ് മാസത്തിൽ ചാക്കോച്ചൻ കർത്താവിൽ നിദ്രപ്രാപിച്ചു. മക്കൾ. 201. മോനിച്ചൻ, രാജു, തങ്കച്ചൻ, കിലുക്കാമ്മ, മനോമണി, ഡൊമിനിക്.



## 102. സിസിലി

തെക്കേത്തലയ്ക്കൽ പീലിപ്പോസിന്റെയും ഏലിക്കുട്ടിയുടെയും രണ്ടാമത്തെ മകളാണ് സിസിലി. വിദ്യാഭ്യാസത്തിനു ശേഷം സിസിലിയെ കൈനകരി വല്യാറ കുടുംബാംഗമായ മാത്യു വിവാഹം കഴിച്ചു. അറിയപ്പെടുന്ന പെയിന്റിംഗ് കോൺട്രാക്ടറും ഫർണിച്ചർ ബിസിനസുകാരനുമാണ് മാത്യു. മക്കൾ ഡിൻസൺ, ജിജി, ജോപ്പൻ, റജി, ജിജോ, സിജൻ.

## 103. കുഞ്ഞുമോൻ

തെക്കേത്തലയ്ക്കൽ പീലിപ്പോസിന്റെയും ഏലിക്കുട്ടിയുടെയും മൂത്തമകനാണ് കുഞ്ഞുമോൻ. റോഡുമുഖേനയുള്ള ചരക്കുനീക്കം കുട്ടനാട്ടിൽ ആരംഭിക്കുന്നതിനു മുമ്പ് ജലമാർഗ്ഗം ചരക്കുനീക്കം നിയന്ത്രിച്ചിരുന്ന വ്യക്തിയായിരുന്നു കുഞ്ഞുമോൻ. തന്മൂലം ആലപ്പുഴ, ചങ്ങനാശ്ശേരി, എടത്വാ മാർക്കറ്റുകളിൽ അറിയപ്പെടുന്ന ആളാണ്. ഇപ്പോൾ പള്ളിക്കാര്യങ്ങളിലും നവീകരണ പ്രസ്ഥാനങ്ങളിലും സജീവമായി പ്രവർത്തിക്കുന്നു. കരുമാടി പത്തിൽചിറ അന്നമ്മയാണ് ഭാര്യ. മക്കൾ ഷാജി, ഷാലിനി.



## 104. തോമസ് (കൊച്ച്)

തെക്കേത്തലയ്ക്കൽ പീലിപ്പോസിന്റെയും ഏലിക്കുട്ടിയുടെയും രണ്ടാമത്തെ മകനാണ് കൊച്ച് എന്നറിയപ്പെടുന്ന തോമസ്. കൃഷിയും അനുബന്ധ ജോലികളും ചെയ്തുവരുന്ന കൊച്ച് കുടുംബബന്ധങ്ങൾ ഊഷ്മളതയോടെ ഊട്ടി ഉറപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനാണ്. കൈനകരി വല്യാറ കുടുംബാംഗമായ കുഞ്ഞമ്മയാണ് ഭാര്യ. മക്കൾ ഷൈനി, ഷൈജി, ഷിജോ, ഷിജി.



## 105. വക്കച്ചൻ

തെക്കേത്തലയ്ക്കൽ പീലിപ്പോസിന്റെയും ഏലിക്കുട്ടിയുടെയും മൂന്നാമത്തെ മകനാണ് വക്കച്ചൻ. കുട്ടനാട്ടിലെ കാർഷികമേഖലയിലെ യന്ത്രവൽകൃത കൃഷിരീതിയുടെ തുടക്കക്കാരിൽ ഒരാളാകുവാൻ വക്കച്ചനു കഴിഞ്ഞു. കൃഷിയന്ത്രങ്ങളുമായി മദ്ധ്യകേരളത്തിലെ ഉൾപ്രദേശങ്ങളിലും സഞ്ചരിച്ചിട്ടുള്ളതിനാൽ ആപ്രദേശങ്ങളിലെ സാംസ്കാരിക സാമൂഹിക ജീവിത രീതികളിൽ എന്നും ഏറെ അറിവു സമ്പാദിക്കുവാൻ വക്കച്ചനു കഴിഞ്ഞിട്ടുണ്ട്. പടഹാരം വാലേൽ സിസിലിയാണ് ഭാര്യ. മക്കൾ മജീഷ്, വിജീഷ്, സിൻഡ്രല്ല.



## 106. ഡൊമിനിക്

തെക്കേത്തലയ്ക്കൽ പീലിപ്പോസിന്റെയും ഏലിക്കുട്ടിയുടെയും ഇളയമകനാണ് ഡൊമിനിക്. ഊട്ടിയിലെ ഓർഡിനൻസ് ഫാക്ടറിയിൽനിന്നും സാങ്കേ



തികപഠനം പൂർത്തിയാക്കിയ ഡൊമിനിക് അവിടെതന്നെ ഉദ്യോഗത്തിൽ പ്രവേശിച്ചു. ഇപ്പോൾ മദ്ധ്യപ്രദേശിലെ ഓർഡിനൻസ് ഫാക്ടറിയിൽ ഉന്നതോദ്യാഗസ്ഥനാണ്. ചങ്ങനാശ്ശേരി മാമ്മൂട് അറയ്ക്കൽ കുടുംബാംഗമായ ത്രേസ്യാമ്മയാണ് സഹധർമ്മിണി. ഇപ്പോൾ കുടുംബസമേതി മദ്ധ്യപ്രദേശിലെ ഇറ്റാർസിയിൽ തമാസിക്കുന്നു. മക്കൾ ഡിജോ, ഡോളി.

## 107. ലിസമ്മ



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ മത്തക്കുട്ടിയുടെയും മറിയാമ്മയുടെയും മൂത്തമകളാണ് ലിസമ്മ. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ലിസമ്മയെ ചെക്കിടിക്കാട് വേളപ്പറമ്പിൽ മത്തക്കുട്ടി വിവാഹം കഴിച്ചു. മക്കൾ ജിജോ, ജോർജ്ജുകുട്ടി, ജിൻസി, ജിജി.

## 108. കുഞ്ഞമ്മ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ മത്തക്കുട്ടിയുടെയും മറിയാമ്മയുടെയും രണ്ടാമത്തെ മകളാണ് കുഞ്ഞമ്മ. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ കുഞ്ഞമ്മയെ എടത്വാ മാളിയേക്കൽ ജോയിച്ചൻ വിവാഹം കഴിച്ചു. മക്കൾ ഷാന്റി, ഷിബു.

## 109. അമ്മിണി

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ മത്തക്കുട്ടിയുടെയും മറിയാമ്മയുടെയും മൂന്നാമത്തെ മകളാണ് അമ്മിണി. വിദ്യാഭ്യാസം പൂർത്തിയാക്കിയ അമ്മിണിയെ എടത്വാ ചക്കാലയ്ക്കൽ ബാബു വിവാഹം കഴിച്ചു. മക്കൾ ബിജു, ബിനു.

## 110. റ്റോമി

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ മത്തക്കുട്ടിയുടെയും മറിയാമ്മയുടെയും ഏകമകനാണ് റ്റോമി. പൊതു ജനസേവനത്തിൽ സന്നദ്ധനായ റ്റോമി അവിവാഹിതനാണ്. അട്ടിച്ചിറ വീട്ടിൽ കഴിയുന്നു.

## 111. ചിന്നമ്മ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പെണ്ണമ്മയുടെയും മെതിക്കളത്തിൽചിറ കറിയാച്ചന്റെയും മൂത്തമകളാണ് ചിന്നമ്മ. ...... കുടുംബാംഗമായ ഫ്രാൻസിസാണ് ഭർത്താവ്.

## 112. അപ്പച്ചൻ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പെണ്ണമ്മയുടെയും മെതിക്കളത്തിൽചിറ കറിയാച്ചന്റെയും മൂത്തമകനാണ് അപ്പച്ചൻ. ..... കുടുംബാംഗമായ ലീലാമ്മയാണ് ഭാര്യ.

## 113. കുഞ്ഞൂഞ്ഞ്

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പെണ്ണമ്മയുടെയും മെതിക്കളത്തിൽചിറ കറിയാച്ചന്റെയും രണ്ടാമത്തെ മകനാണ് കുഞ്ഞൂഞ്ഞ്. നല്ലൊരു കർഷകനാണ് കുഞ്ഞൂഞ്ഞ്. പുതുക്കരി ആശാംപറമ്പിൽ കുടുംബാംഗമായ അമ്മിണിയാണ് ഭാര്യ.

## 114. ജോസ്

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പെണ്ണമ്മയുടെയും മെതിക്കളത്തിൽചിറ കറിയാച്ചന്റെയും ഇളയമകനാണ് ജോസ്. .... കുടുംബാഗമായ കുഞ്ഞുമോളാണ് ഭാര്യ.

## 115. തങ്കച്ചൻ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ചിന്നമ്മയുടെയും ചങ്ങങ്കേരി ആശാംപറമ്പിൽ കറിയാച്ചന്റെയും ഏകമകനാണ് തങ്കച്ചൻ. കുട്ടനാട് ബ്ലോക്ക് കോൺഗ്രസ് കമ്മറ്റിയുടെ ജനറൽ സെക്രട്ടറിയായ തങ്കച്ചൻ അറിയപ്പെ



ടുന്ന പൊതുപ്രവർത്തകനാണ്. എടത്വാ കുളങ്ങര കല്ലു പുരയ്ക്കൽ കുടുംബാംഗമായ തങ്കമ്മയാണ് ഭാര്യ. മക്കൾ ജോമോൻ, ജോമോൾ.

## 116. തങ്കച്ചൻ



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പത്രോച്ചന്റെയും ത്രേസ്യാമ്മയുടെയും ഏകമകനാണ് തങ്കച്ചൻ.

## 117. ക്ലാരമ്മ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പത്രോച്ചന്റെയും



ത്രേസ്യാമ്മയുടെയും ഏകമകളാണ് ക്ലാരമ്മ. കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ക്ലാരമ്മയെ ആർപ്പൂക്കര മണത്തലച്ചിറ സണ്ണിച്ചൻ വിവാഹം കഴിച്ചു. മക്കൾ സുമി, സുബിൻ.

## 118. ബേബിച്ചൻ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പൗലോച്ചന്റെയും മറി



യക്കുട്ടിയുടെയും മൂത്തമകനാണ് ബേബിച്ചൻ. ചെക്കിടിക്കാട് പച്ച ജംഗ്ഷനിൽ ദീർഘകാലമായി പച്ചക്കറി ബിസിനസ് നടത്തി വരുകയാണ് ബേബിച്ചൻ. പരുമല തുണ്ടുപറമ്പിൽ കുടുംബാംഗമായ ജസ്സിയെ ബേബിച്ചൻ വിവാഹം കഴിച്ചു. മക്കൾ ബൻസിമോൾ, ബറ്റിമോൾ.

## 119. അപ്പച്ചൻ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പൗലോച്ചന്റെയും മറി



യക്കുട്ടിയുടെയും രണ്ടാമത്തെ മകനാണ് അപ്പച്ചൻ. സഞ്ചരിക്കുന്ന സ്റ്റേഷനറി ബിസിനസിനോടൊപ്പം കുത്തകപാട്ട കൃഷിക്കാരൻകൂടിയാണ് അപ്പച്ചൻ. തകഴി തെന്നടി മാവിലാക്കൽച്ചിറയിൽ കുഞ്ഞുമോളാണ് ഭാര്യ. മക്കൾ അനു, മനു, ബിനു.

## 120. സൂസമ്മ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പൗലോച്ചന്റെയും മറി



യക്കുട്ടിയുടെയും മൂത്തമകളാണ് സൂസമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സൂസമ്മയെ ഊരുക്കരി കുഴിക്കാട്ടുംപള്ളിൽ കുഞ്ഞുമോൾ വിവാഹം കഴിച്ചു. മക്കൾ

## 121. ബിജു

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പൗലോച്ചന്റെയും മറി



യക്കുട്ടിയുടെയും മൂന്നാമത്തെ മകനാണ് ബിജു. സാങ്കേതിക പഠനം പൂർത്തിയാക്കി ഗൾഫിൽ ജോലി ചെയ്യുന്നു. ബിജു തകഴി-തെന്നടി പൂരപ്പറിൽ ജോളിയെ വിവാഹം കഴിച്ചു. മകൻ

## 122. സാജു

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പൗലോച്ചന്റെയും മറി



യക്കുട്ടിയുടെയും ഇളയമകനാണ് സാജു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സാജു തയ്യൽ രംഗത്ത് അറിയപ്പെടുന്ന വ്യക്തിയാണ് സാജു. ന്യൂ ഫിറ്റ് ഗാർമെന്റ്സ് എന്ന ഫാഷൻ ഡിസൈനിംഗ് സ്ഥാപനം പച്ച ചെക്കിടിക്കാട് ജംഗ്ഷനിൽ നടത്തിവരുന്നു. പാരീഷ് കൗൺസിൽ അംഗവും പ്രാർത്ഥനാഗ്രൂപ്പിന്റെ ലീഡറുമാണ് സാജു. അമ്പലപ്പുഴ എഴുകാട്ടിൽ കുടുംബാംഗമായ മേഴ്സിയാണ് ഭാര്യ.

## 123. ബിന്ദു

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ പൗലോച്ചന്റെയും മറി



യക്കുട്ടിയുടെയും ഇളയമകളാണ് ബിന്ദു. കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ബിന്ദുവിനെ ചേന്നങ്കരി കളത്തിൽ ഫിൽജി വിവാഹം കഴിച്ചു. ഡൽഹിയിൽ നേഴ്സാണ് ബിന്ദു. ഫിൽജി ഷാർജിയിൽ ജോലി ചെയ്യുന്നു. മകൻ ഫിബിൻ.

## 201. മോനച്ചൻ

അട്ടിച്ചിറ മേരിക്കുട്ടിയുടെയും മുളന്താനത്ത് ചാക്കോച്ചന്റെ മൂത്തമകനാണ് മോനച്ചൻ.

## 202. രാജു

അട്ടിച്ചിറ മേരിക്കുട്ടിയുടെയും മുളന്താനത്ത് ചാക്കോച്ചിയുടെയും രണ്ടാമത്തെ മകനാണ് രാജു.

## 203. തങ്കച്ചൻ

അട്ടിച്ചിറ മേരിക്കുട്ടിയുടെയും മുളന്താനത്ത് ചാക്കോച്ചന്റെയും മൂന്നാമത്തെ മകനാണ് തങ്കച്ചൻ

## 204. കിലുക്കാമ്മ

അട്ടിച്ചിറ മേരിക്കുട്ടിയുടെയും മുളന്താനത്ത് ചാക്കോച്ചന്റെയും മൂത്തമകളാണ് കിലുക്കാമ്മ.

## 205. മനോമണി

അട്ടിച്ചിറ മേരിക്കുട്ടിയുടെയും മുളന്താനത്ത് ചാക്കോച്ചന്റെയും ഇളയ മകളാണ് മനോമണി.

## 206. ഡൊമിനിക്

അട്ടിച്ചിറ മേരിക്കുട്ടിയുടെയും മുളന്താനത്ത് ചാക്കോച്ചന്റെയും ഇളയ മകനാണ് ഡൊമിനിക്.

## 207. ഡിൻസൻ

അട്ടിച്ചിറ ഏലിക്കുട്ടിയുടെയും വല്യാറയിൽ മാത്യുവിന്റെയും മൂത്ത മകനാണ് ഡിൻസൻ

## 208. ജിജി

അട്ടിച്ചിറ ഏലിക്കുട്ടിയുടെയും വല്യാറയിൽ മാത്യുവിന്റെയും മൂത്ത മകളാണ് ജിജി.

## 209. ജോപ്പൻ

അട്ടിച്ചിറ ഏലിക്കുട്ടിയുടെയും വല്യാറയിൽ മാത്യുവിന്റെയും രണ്ടാമത്തെ മകനാണ് ജോപ്പൻ.

## 210. റെജി

അട്ടിച്ചിറ ഏലിക്കുട്ടിയുടെയും വല്യാറയിൽ മാത്യുവിന്റെയും മൂന്നാമത്തെ മകനാണ് റെജി.

## 211. ജിജോ

അട്ടിച്ചിറ ഏലിക്കുട്ടിയുടെയും വല്യാറയിൽ മാത്യുവിന്റെയും നാലാമത്തെ മകനാണ് ജിജോ.

## 212. സിജൻ

അട്ടിച്ചിറ ഏലിക്കുട്ടിയുടെയും വല്യാറയിൽ മാത്യുവിന്റെയും ഇളയ മകനാണ് സിജൻ.

## 213. ഷാജി



തെക്കേത്തലയ്ക്കൽ അട്ടിച്ചിറയിൽ കുഞ്ഞുമോന്റെയും അന്നമ്മയുടെയും മൂത്തമകനാണ് ഷാജി. കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമ നേടിയിട്ടുള്ള ഷാജി ഏഴു വർഷക്കാലത്തോളം മലബാർ മേഖലയിൽ ജോലി ചെയ്തു. ഇപ്പോൾ തമിഴ്നാട്ടിലെ ട്രിച്ചിയിൽ കിംഗ് പ്രോട്ടീൻ ഫുഡ്സിന്റെ (റോക്ഫോർട്ട്) മദ്ധ്യകേരളത്തിലെ സെയിൽ സൂപ്പർവൈസറാണ്.

## 214. ശാലിനി

തെക്കേത്തലയ്ക്കൽ അട്ടിച്ചിറയിൽ കുഞ്ഞൂമോന്റെയും അന്നമ്മയുടെയും ഏകമകളാണ് ശാലിനി.



ഡ്രാഫ്റ്റ്സ്മാൻ സിവിൽ സർട്ടിഫിക്കറ്റും കമ്പ്യൂട്ടറിൽ പ്രാവീണ്യവും നേടിയിട്ടുള്ള ഷാലിനി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ കുറച്ചുനാൾ സേവനം ചെയ്തിരുന്നു. മികച്ച കലാകാരികൂടിയാണ് ശാലിനി. സ്കൂൾ തലത്തിൽ നിരവധി സമ്മാനങ്ങളും നേടിയിട്ടുള്ള ശാലിനിയെ കോട്ടയം പാക്കിൽ കൊച്ചുതോപ്പിൽ ആൽബർട്ട് വിവാഹം കഴിച്ചു. കോട്ടയത്തുള്ള എ.വി.ജെ മോട്ടേഴ്സിലെ ജീവനക്കാരനാണ് ആൽബർട്ട്.

## 215. ഷൈനി

തെക്കേത്തലയ്ക്കൽ അട്ടിച്ചിറയിൽ കൊച്ചിന്റെയും



കുഞ്ഞമ്മയുടെയും മൂത്തമകളാണ് ഷൈനി. നേഴ്സിംഗിൽ ഡിപ്ലോമ പാസായ ഷൈനി ഇപ്പോൾ ബോംബെയിലുള്ള ഫൗസിയെ ഹോസ്പിറ്റലിൽ സേവനം ചെയ്യുന്നു. ചങ്ങംകരി കുഴിവേലിക്കളത്തിൽ ജോളിയാണ് ഭർത്താവ്. തലവടിയിലുള്ള ഹൃദ്യ ആർട്സിന്റെ ഉടമയും അറിയപ്പെടുന്ന ആർട്ടിസ്റ്റുമാണ് ജോളി.

## 216. ഷൈജി



തെക്കേത്തലയ്ക്കൽ അട്ടിച്ചിറയിൽ കൊച്ചിന്റെയും കുഞ്ഞമ്മയുടെയും രണ്ടാമത്തെ പുത്രിയാണ് ഷൈജി. കോളജ് വിദ്യാഭ്യാസത്തിനു ശേഷം ഡ്രാഫ്റ്റ്സ്മാൻ സിവിലും കംപ്യൂട്ടർ ട്രെയിനിംഗും പാസായ ഷൈജി ഇപ്പോൾ ന്യൂബോംബെയിലെ വാഗിയിൽ ഗോവിന്ദരാജ് ആർക്കിടെക് കമ്പനിയിലെ ഡ്രോയിംഗ് സെക്ഷനിൽ ജോലിചെയ്യുന്നു.

## 217. ഷിജോ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറയിൽ കൊച്ചിന്റെയും



കുഞ്ഞമ്മയുടെയും മൂത്തമകനാണ് ഷിജോ. കോളജ് വിദ്യാഭ്യാസത്തിനുശേഷം ഡ്രാഫ്റ്റ്സ്മാൻ സിവിൽ സർട്ടിഫിക്കറ്റ് നേടിയ ഷിജോ ബോംബെയിലെ കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി ചെയ്യുന്നു. ഗ്രന്ഥശാല പ്രസ്ഥാനങ്ങളിൽ സജീവപ്രവർത്തകനായിരുന്നു ഷിജോ.

## 218. മജീഷ്



തെക്കേത്തലയ്ക്കൽ വക്കച്ചന്റെയും സിസിലിയുടെയും മൂത്ത മകനാണ്. മജീഷ് ഹയർ സെക്കന്ററിക്കുശേഷം ഐ.ടി.ഐ ഇലക്ട്രീഷൻ ഗ്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ മജീഷ് ഇപ്പോൾ ബോംബെയിലുള്ള കമ്പനിയിൽ ഇലക്ട്രീഷ്യനായി ജോലി ചെയ്യുന്നു. മികച്ച സ്പോർട്സ്മാനായിരുന്ന മജീഷ് ആലപ്പുഴ ജില്ലാ വോളിബോൾ ടീം അംഗം എന്ന നിലയിൽ നാട്ടിൽ പ്രശസ്തനായിരുന്നു മജീഷ്. അതൊടൊപ്പം തന്നെ നാടൻ കായികമത്സരങ്ങളിലും മജീഷ് തന്റെ സജീവസാന്നിദ്ധ്യംകൊണ്ട് സമ്പുഷ്ടമാക്കുമായിരുന്നു.

## 219. വിജീഷ്



തെക്കേത്തലയ്ക്കൽ വക്കച്ചന്റെയും സിസിലിയുടെയും രണ്ടാമത്തെ മകനാണ്. വിജീഷ് ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ വിജീഷ് ഇപ്പോൾ ബോംബെയിലുള്ള കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലിക്കാരനാണ്. മകിച്ച സ്പോർട്സ്മാനായ വിജീഷ് ബോംബെയിലെ കമ്പനി വോളിബോൾ ടീം അംഗമാണ്. തികഞ്ഞ കുടുംബ സ്നേഹിയും കുടുംബ ബന്ധങ്ങൾ ഊട്ടിഉറപ്പിക്കുന്നതിലും എന്നും താൽപര്യം കാണിക്കുന്ന വ്യക്തിയാണ് വിജീഷ്.

## 220. ലൂർദ്ദ് (സിൻഡ്രല്ല)



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ വക്കച്ചന്റെയും സിസിലിയുടെയും ഏകമകളാണ് ലൂർദ്ദ് എന്നറിയപ്പെടുന്ന സിൻഡ്രല്ല. ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയാണ് ലൂർദ്ദ്. പച്ച-ചെക്കിടിക്കാട് ലൂർദ്ദ് മാതാ ഹോസ്പിറ്റലിൽ ആദ്യം പിറന്ന കുട്ടിയായിരുന്നതിനാൽ ബഹു. കന്യാസ്ത്രീകളാണ് ലൂർദ്ദ് എന്ന നാമകരണം നടത്തിയത്.

## 221. ഡിജോ



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ഡൊമിനിക്കിന്റെയും ത്രേസ്യാമ്മയുടെയും മൂത്തമകനാണ് ഡിജോ. മദ്ധ്യപ്രദേശിലെ ഇറ്റാർസി ഓർഡിനൻസ് ഫാക്ടറി എസ്റ്റേറ്റിലെ കേന്ദ്രീയ വിദ്യാലത്തിൽ 11ാം ക്ലാസ് വിദ്യാർത്ഥിയാണ് ഡിജോ.

## 222. ഡോളി



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ഡൊമിനിക്കിന്റെയും ത്രേസ്യാമ്മയുടെയും ഏകമകളായ ഡോളി ഇറ്റാർസിലെ കേന്ദ്രീയ വിദ്യാലയത്തിലെ 2ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 223. ജിജോ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ലിസമ്മയുടെയും വേളേപ്പറമ്പിൽ മത്തക്കുട്ടിയുടെയും മൂത്തമകനാണ് ജിജോ. എടത്വായിലെ പരിചയ സമ്പന്നനായ സൈക്കിൾ റിപ്പയറിംഗ്കാരനാണ് ജിജോ. മങ്കൊമ്പ് ....... കുടുംബാംഗമായ........ ഭാര്യ.

## 224. റോസമ്മ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ലിസമ്മയുടെയും വേളേപ്പറമ്പിൽ മത്തക്കുട്ടിയുടെയും ഏകമകളാണ് റോസമ്മ. കോളജ് വിദ്യാഭ്യാസവും നഴ്സിംഗ് ട്രെയിനിംഗും പൂർത്തിയാക്കിയ റോസമ്മയെ ....... വീട് ...... വിവാഹം കഴിച്ചു.

## 225. ജോർജ്ജുകുട്ടി

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ലിസമ്മയുടെയും വേളേപ്പറമ്പിൽ മത്തക്കുട്ടിയുടെയും ഇളയമകനാണ് ജോർജ്ജുകുട്ടി കോളജ് വിദ്യാഭ്യാസത്തിനുശേഷം പൊതുപ്രവർത്തനവുമായി കഴിയുന്ന ജോർജ്ജുകുട്ടി.

## 226......

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ കുഞ്ഞമ്മയുടെയും മാളിയേക്കൽ ജോയിച്ചന്റെയും...

## 227. ......

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ കുഞ്ഞമ്മയുടെയും മാളിയേക്കൽ ജോയിച്ചന്റെയും പുത്രൻ...

## 228. .......

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ അമ്മിണിയുടെയും ചക്കാലയ്ക്കൽ ബാബുവിന്റെയും മകൻ

## 229. ....

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ അമ്മിണിയുടെയും ചക്കാലയ്ക്കൽ ബാബുവിന്റെയും

## 230. ജോമോൻ



തെക്കേത്തലയ്ക്കൽ പുളിക്കപ്പറമ്പിൽ ക്ലാരമ്മയുടെയും ആർപ്പൂക്കര മണത്തലച്ചിറ സണ്ണിയുടെയും മൂത്തമകനാണ് ജോമോൻ.

## 231. ജോമോൾ



തെക്കേത്തലയ്ക്കൽ പുളിക്കപ്പറമ്പിൽ ക്ലാരമ്മയുടെയും ആർപ്പൂക്കര മണത്തലച്ചിറ സണ്ണിയുടെയും മകളാണ് ജോമോൾ.

## 232. ബെൻസിമോൾ



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ബേബിച്ചന്റെയും ജസിയുടെയും മൂത്തമകളായ ബെൻസിമോൾ പച്ച-ചെക്കിടിക്കാട് ലൂർദ്ദമാതാ ഹയർ സെക്കൻഡറി സ്കൂളിലെ +2 വിദ്യാർത്ഥിനിയാണ്.

## 233. ബെറ്റിമോൾ



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ബേബിച്ചന്റെയും ജസിയുടെയും ഇളയമകളാണ് ബെറ്റിമോൾ. പച്ച-ചെക്കിടിക്കാട് ലൂർദ്ദ് മാതാ ഹൈസ്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 234. അനു



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ അപ്പച്ചന്റെയും കുഞ്ഞഅഞ്ഞുമോളുടെയും മൂത്തമകനാണ് അനു. ആറാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 235. മനു



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ അപ്പച്ചന്റെയും കുഞ്ഞുമോളുടെയും രണ്ടാമത്തെ മകനാണ് മനു. 2ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 236. വിനു



തെക്കേത്തലയ്ക്കൽ അട്ടിച്ചിറ അപ്പച്ചന്റെയും കുഞ്ഞുമോളുടെയും മൂന്നാമത്തെ പുത്രനാണ് വിനു.

## 237. സുബിൻ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ സൂസമ്മയുടെയും കുഴിക്കാട്ടുംപള്ളി കുഞ്ഞുമോന്റെയും മൂത്തമകനാണ് സുബിൻ. സുബിൻ ഏഴാം ക്ലാസിൽ പഠിക്കുന്നു.

## 238. സുബിനി

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ സൂസമ്മയുടെയും കുഴിക്കാട്ടുംപള്ളി കുഞ്ഞുമോന്റെയും മകളാണ് സുബിനി. മൂന്നാം ക്ലാസിൽ പഠിക്കുന്നു.

## 239. സുജി

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ സൂസമ്മയുടെയും കുഴിക്കാട്ടുംപള്ളി കുഞ്ഞുമോന്റെയും ഇളയമകൾ സുജി യു.കെ.ജിയിൽ പഠിക്കുന്നു.

## 240. ...............

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ബിജുവിന്റെയും ജോളിമ്മയുടെയും മകൻ

## 241. ഫിബിൻ

തെക്കേത്തലയ്ക്കൽ അട്ടിച്ചിറ ബിന്ദുവിന്റെയും കളത്തിൽ ഫിൽജിയുടെയും മകൻ ഫിബിൻ എൽ.കെ.ജിയിൽ പഠിക്കുന്നു.

# ത്രേസ്യ

ചാക്കോയുടെ മകൾ ത്രേസ്യയെ പാണ്ടങ്കരി പനപ്പറമ്പിൽ ........... വിവാഹം കഴിച്ചു. ഇവർക്ക് ഒരാണും മൂന്നു പെൺമക്കളും ഉണ്ടായി.

# ഔസേഫ്

ചാക്കോയുടെ ഇളയമകനാണ് ഔസേഫ്. ചാക്കോ പുന്നക്കുന്നത്തുശ്ശേരി കാപ്പിൽ മറിയത്തെ വിവാഹം കഴിച്ചു. ഇവർക്ക് അഞ്ച് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ടായി. ഔസേഫ് മൂല-നാലുപറയിലും, ചാക്കോ കളത്തിപ്പറമ്പിലും, വർക്കി പുത്തൻപുരയിലും, ദേവസ്യ തെക്കേത്തലയ്ക്കലിലും അന്തോനി നന്നാട്ടും താമസിച്ചു.

# തെക്കേത്തലയ്ക്കൽ (മൂലയിൽ) കുടുംബം തലമുറകളിലൂടെ



# തെക്കേത്തലയ്ക്കൽ (മൂലയിൽ) കുടുംബം തലമുറകളിലൂടെ

101 വക്കച്ചൻ, 4-പറ, റോസമ്മ, ചുണ്ടാപള്ളി, തായങ്കരി.
102 അച്ചാമ്മ ഈപ്പച്ചൻ, കാരയാട്ട്, പുതുക്കരി.
103 അന്നമ്മ അന്തോനിച്ചൻ, പുത്തൻപുരയ്ക്കൽ, ചെക്കിടിക്കാട്.
104 അപ്പച്ചൻ, 4-പറ, മറിയകുട്ടി, കുഞ്ചായിചിറയിൽ, പരുത്തിയ്ക്കൽ, പാണ്ടങ്കരി.
105 ചിന്നമ്മ കുട്ടപ്പൻ, പൂമംഗലം, കേളമംഗലം.
106 സിസ്സിലി വാവച്ചൻ, കണിയാം പറമ്പ്, ചമ്പക്കുളം.
107 കുട്ടപ്പൻ, പഴയചിറ, അന്നക്കുട്ടി, കിഴക്കേകുറ്റ്, വെച്ചൂർ.
108 തെയ്യാമ്മ അപ്പച്ചൻ, പറപ്പള്ളിൽ, എടത്വാ.
109 അന്തോനിച്ചൻ, പഴയചിറ, ലില്ലിക്കുട്ടി, താരേകാട്, പുതുക്കരി.
110 കുട്ടപ്പൻ(മൂലയിൽ), അന്നമ്മ, കാനാശ്ശേരി, വെളിയനാട്.
111 മറിയാമ്മ ചാക്കോച്ചൻ, കറുകയിൽ, വെളിയനാട്.
112 തോമ്മാച്ചി, പെണ്ണമ്മ, പരുമൂട്, എടത്വാ.
113 ദേവസ്യാച്ചൻ, മറിയാമ്മ, സ്രാമ്പിയ്ക്കൽ, കരിക്കംപറമ്പിൽ, കൈനകരി.
114 തെയ്യാമ്മ വാവച്ചൻ, പുത്തൻപുരയ്ക്കൽ, തെങ്ങണ.
115 Fr. ജെയിംസ് തെക്കേത്തലയ്ക്കൽ, C.M.I ജനനം : 1936, മരണം : 15-1-2002.
116 അന്തോനിക്കുട്ടി, കുഞ്ഞമ്മ, വലിയവീട്, പുന്നക്കുന്നത്തുശ്ശേരി.
117 റോസമ്മ തോമ്മാച്ചൻ, എർണാകരി, മാടപ്പള്ളി.
118 അന്നമ്മ പാപ്പച്ചൻ, 46-ൽ തായങ്കരി.
119 മേരിക്കുട്ടി തോമസ്, പാക്കള്ളിൽ, പുത്തൻപുരയ്ക്കൽ, ചെക്കിടിക്കാട്.
120 അപ്പച്ചൻ, പുത്തൻപുരയ്ക്കൽ, പടഹാരം, തകഴി - PO, PH : 274341.
121 തൊമ്മിക്കുഞ്ഞ്, പുത്തൻപുരയ്ക്കൽ, പടഹാരം, തകഴി - PO, PH : 274315.
122 അന്തമ്മ, പുത്തൻപുരയ്ക്കൽ, പടഹാരം, തകഴി - PO.
123 ചാക്കമ്മ, പുത്തൻപുരയ്ക്കൽ, പടഹാരം, തകഴി - PO, PH : 274190
124 മറിയാമ്മ (തങ്കമ്മ), തോമസ്, പുത്തൻവീട്, കളത്തിപ്പാലം, കരുമാടി, PH :270102.
125 തങ്കച്ചൻ, പുത്തൻപുരയ്ക്കൽ, പടഹാരം, തകഴി (ഷാർജ) U.A.E
126 ത്രേസ്യാമ്മ (കുട്ടിയമ്മ) ജോയി, ജോസിഭവൻ, പടഹാരം, തകഴി, PO, PH : 274640
127 കുട്ടച്ചൻ, കുഞ്ഞമ്മ, എഴുനൂറ്റിൽ, രണ്ടുപറയിൽ, ചെക്കിടിക്കാട്.
128 തോമാച്ചൻ, ത്രേസ്യാമ്മ, എഴുനൂറ്റിൽ, രണ്ടുപറയിൽ, ചെക്കിടിക്കാട്.
129 Fr. R.C. ചാക്കോ രണ്ടുപറയിൽ S.J. (BIHAR)
130 ദേവസ്യാച്ചൻ, ആലീസ്.
131 ജോർജ്ജുകുട്ടി, കൊച്ചുത്രേസ്യാമ്മ.
201 ജോർജ്ജുകുട്ടി, വത്സമ്മ, 40-ൽ, പുതുക്കരി.
202 കുഞ്ഞമ്മ, അന്തോനിച്ചൻ, തട്ടാശ്ശേരി, കരുമാടി.
203 തങ്കച്ചൻ, കുഞ്ഞമ്മ, പുത്തൻപുരയ്ക്കൽ, ആനപറമ്പിൽ.
204 ജോണിച്ചൻ, ലൈസാമ്മ, കറുകയിൽ, കോയിൽമുക്ക്.
205 കുഞ്ഞച്ചൻ, ഗ്രേസമ്മ, കൂലിപ്പുരയ്ക്കൽ, ചമ്പക്കുളം.
206 കുഞ്ഞുമോൻ, ജൂലിമോൾ, നടുവിലേപ്പറമ്പ്, കാരിച്ചാൽ.
207 ആന്റപ്പൻ, ആൻസമ്മ, മൂഴുകുന്നം, ചമ്പക്കുളം.
208 സിബി, സാലി, കൊട്ടാരവളപ്പിൽ, കുറത്തിയാട്
209 കുഞ്ഞുമോൾ വിജു, വാഴയിൽ, വെളിയനാട്.
210 റെജി
211 മോൻസി, കുഞ്ഞുമോൾ, കൈതക്കാട്, കോട്ടയം.
212 കുഞ്ഞുമോൾ റ്റോമിച്ചൻ, എഴുവന്താനം, പായിപ്പാട്.
213 ലാൽസി ബെന്നിച്ചൻ, പാലമുറി, കുരിശുംമൂട്, ചങ്ങനാശ്ശേരി.
214 രാജു
215 കുഞ്ഞുമോൻ, മിനി, പുത്തൻവീട്, കൂടൽ.
216 സുമോൻ, ഷീബ, നിർമ്മൽ നിവാസ്, തായങ്കരി.
217 സുനി ബെന്നിച്ചൻ, കേളഞ്ചേരി, തായങ്കരി.
218 മോനിച്ചൻ
219 ബന്നച്ചൻ
220 റെന്നിച്ചൻ
221 മേരിക്കുട്ടി ജോർജ്ജുകുട്ടി, ചക്കാലയിൽ, ചങ്ങനാശ്ശേരി.
222 കുഞ്ഞമ്മ ജിക്കുട്ടി, കുറുന്തോട്ടിയ്ക്കൽ, പനയംമ്പാല.
223 ഗ്രേസിക്കുട്ടി തങ്കച്ചൻ, ചെത്തിക്കളം, ചെക്കിടിക്കാട്.
224 ജോയിച്ചൻ, അമ്മിണി, തൈത്ര, ചമ്പക്കുളം.
225 കുഞ്ഞമ്മ മാത്തുക്കുട്ടി, കന്നേക്കോണിൽ, എടത്വാ.
226 മേരിക്കുട്ടി ഔസേപ്പച്ചൻ, കറുകയിൽ, ഇരുപത്താറിൽ, കോയിൽമുക്ക്.
227 കുട്ടിയമ്മ കുഞ്ഞച്ചൻ, കൊച്ചുപുരയ്ക്കൽ, മിത്രക്കരി.
228 അക്കാമ്മ കുഞ്ഞുമോൻ, കന്നേക്കോണിൽ, നെടുമുടി.
229 ഏലമ്മ ഷാജി, കൊല്ലൂർ, കായിൽപുറം, പുളിംകുന്ന്.
230 സാബു, ആൻസി, അഞ്ചിൽ, പുതുക്കരി.
231 ഷിബു, ഷൈനി, ആത്തപ്പള്ളി, പ്രസന്നപുരം, ആലുവാ.
232 ജോജി
233 ജെയിംസ്, ഫിലോമിന, ഒളശ്ശ, ചങ്ങനാശ്ശേരി.
234 ജോസഫ്, മറിയാമ്മ, ശ്രാമ്പിക്കയ്ൽ, മുട്ടാർ.
235 അമ്മിണി കുഞ്ഞുമോൻ, പുളിക്കകളം, മുട്ടാർ.
236 തങ്കമ്മ ബേബിച്ചൻ, നെല്ലിയ്ക്കൽ, തോട്ടയ്ക്കാട്.
237 കുഞ്ഞച്ചൻ, സൂസമ്മ, നെല്ലിയ്ക്കൽ, തോട്ടയ്ക്കാട്.
238 സൂസ്സമ്മ ജോൺസി, പ്രക്കാട്മണ്ണം, നെടുംകുന്നം.
239 Fr. തോമസ് തെക്കേത്തലയ്ക്കൽ, C.M.I (റ്റോമിച്ചൻ).
240 ജെയിംസ്, ബെറ്റി, ശ്രാമ്പിയ്ക്കൽ, മുട്ടാർ.
241 കുഞ്ഞുമോൾ റ്റോമി, പടിഞ്ഞാറേക്കര, നീണ്ടപാറ.
242 മിനി ജോളി, ആമ്പക്കാട്, കുറിച്ചി.
243 ബിജു
244 ജോമോൻ
245 ജോയിച്ചൻ (അപ്പച്ചന്റെ മക്കൾ)
246 ജോസഫ് "
247 മാമ്മച്ചൻ "
248 ബേബിച്ചൻ "
249 തോമാച്ചൻ "
250 ജോൺസൺ "
251 റോസമ്മ "
252 ആൻസമ്മ "
253 കുഞ്ഞുമോൻ (തൊമ്മികുഞ്ഞിന്റെ മക്കൾ)
254 തങ്കച്ചൻ "
255 ദേവസ്യാച്ചൻ "
256 ഔസേപ്പച്ചൻ "
267 കുഞ്ഞുമോൾ "
258 കൊച്ചുമോൾ "
259 ഫിലിപ്പ് ആന്റണി (അന്തമ്മയുടെ മക്കൾ)
260 ഷെർലി "
261 ഗ്രിഗറി ചാക്കോ (ചാക്കമ്മയുടെ മക്കൾ)
262 ലിസമ്മ "
263 ലിജമ്മ "
264 ഗ്രീസാമ്മ (കുട്ടച്ചന്റെ മക്കൾ)
265 ക്രിസ്റ്റി "
266 ജോമോൻ "
267 ബിനു (തോമ്മാച്ചന്റെ മക്കൾ)
268 ബീനാ "
269 ബിജു "
270 ജിസ്മോൾ (ദേവസ്യാച്ചന്റെ മക്കൾ)
271 ജീനാ "
272 ജിനോ "
273 ജൂണിയാ "
274 കൊച്ചുമോൾ (ജോർജ്ജുകുട്ടിയുടെ മക്കൾ)
275 ജിബിൻ "
276 ജഫി "
277 ജസ്‌ലിൻ "
301 ജോജോമോൻ (4-പറ ജോർജ്ജിന്റെ മക്കൾ)
302 Sr. നിർമ്മലാമോൾ "
303 ജോക്കുട്ടൻ "
304 ലിശാമണി "
305 ജയേഷ് (4-പറ തങ്കച്ചന്റെ മക്കൾ)
306 ആശിഷ് "
307 അഭിലാഷ് "
308 റ്റിജോമോൻ (4-പറ ജോണിച്ചന്റെ മക്കൾ)
309 റ്റീനാ മോൾ (4-പറ ജോണിച്ചന്റെ മക്കൾ)
310 അജുമോൾ (4-പറ കുഞ്ഞച്ചന്റെ മക്കൾ)
311 റ്റിജു "
312 സിജോ "
313 റോസ്മേരി (4-പറ കുഞ്ഞുമോന്റെ മകൾ)
314 അജോ (4-പറ ആന്റപ്പന്റെ മകൻ)
315 സിജോ (4-പറ സിബിയുടെ മകൻ)
316 ജീനാ (മൂലയിൽ ജോയിയുടെ മക്കൾ)
317 ജിൽസൺ "
318 എലിസബത്ത് (മൂലയിൽ ജോയിയുടെ മകൾ)
319 ജെഫി (മൂലയിൽ ജെയിംസിന്റെ മക്കൾ )
320 ജെസി "
321 ജോമിൽ (മൂലയിൽ ജോസഫിന്റെ മക്കൾ)
322 ജിൽസി "
323 സെബിൻ (മൂലയിൽ കുഞ്ഞച്ചന്റെ മക്കൾ)
324 സുബിൻ "
325 ഷിബിൻ "
326 ജെബിൻ ജെയിംസ് (മൂലയിൽ ജെയിംസിന്റെ മകൻ)

# തെക്കേത്തലയ്ക്കൽ

## നാലുപറ – മൂലയിൽ ശാഖ

## ഓസേഫ്

തെക്കേത്തലയ്ക്കൽ ഔസേഫിന്റെയും പുന്നക്കുന്നത്തുശ്ശേരി കാപ്പിൽ കോയിപ്പള്ളിൽ മറിയത്തിന്റെയും മൂത്തമകനാണ് ഔസേഫ് എന്ന കൊച്ചുപാപ്പൻ. നല്ല കുടുംബസ്നേഹിയായിരുന്നു കൊച്ചുപാപ്പൻ. കിഴക്കൻ നാടുമായുള്ള കച്ചവടവും കൃഷിയും മാറിമാറി ചെയ്തിരുന്നു കൊച്ചുപാപ്പൻ. പുതുക്കരികമ്മളത്ത് കുടുംബാംഗമായ മറിയത്തിനെ ഔസേഫ് വിവാഹം കഴിച്ചു. മക്കൾ കുട്ടിച്ചൻ, ചാക്കോച്ചൻ, പെണ്ണമ്മ, ഈത്തമ്മ, ത്രേസ്യാമ്മ. 1956 ൽ ഔസേഫും 1965 ൽ മറിയവും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഇരുവരുടെയും ഭൗതീകശരീരം എടത്വാ പള്ളി സിമിത്തേരിയിൽ അടക്കം ചെയ്തു.

### 1. കുട്ടിച്ചൻ നാലുപറ

തെക്കേത്തലയ്ക്കൽ ഔസേഫിന്റെയും മറിയത്തിന്റെയും മൂത്തമകനാണ് കുട്ടിച്ചൻ.



കൃഷിയും വിളവെടുപ്പുകാലങ്ങളിൽ പലചരക്കു കച്ചവടവും നടത്തിവന്നിരുന്നു കുട്ടിച്ചൻ. മിതഭാഷിയും പരിശ്രമശാലിയുമായിരുന്ന കുട്ടിച്ചൻ ചെക്കിടിക്കാട് കൊച്ചുമെതിക്കളത്തിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. മക്കൾ വക്കച്ചൻ, അച്ചാമ്മ, അന്നമ്മ, അപ്പച്ചൻ. 1969 ഒക്ടോബർ 9ന് ഏലിയാമ്മയും 1982 ജനുവരി 9ന് കുട്ടിച്ചൻ നിത്യപിതാവിന്റെ പക്കലേക്ക് യാത്രയായി.

### 2. ചാക്കോച്ചൻ മൂലയിൽ

തെക്കേത്തലയ്ക്കൽ ഔസേഫിന്റെയും മറിയത്തിന്റെയും രണ്ടാമത്തെ മകനാണ് ചാക്കോച്ചൻ മൂലയിൽ.



അജാനബാഹുവും ബുദ്ധിജീവിയും നല്ല സംഘാടകനുമായിരുന്ന ചാക്കോയ്ക്ക് ഏതു വിഷമം പിടിച്ച പ്രശ്നങ്ങളും വിദഗ്ധമായി കൈകാര്യം ചെയ്യുവാൻ കഴിഞ്ഞിരുന്നു. നന്നാട്ടുമാലി ചാക്കോയുടെ വലംകൈയ്യായി പ്രവർത്തിച്ച് കുടുംബത്തിന്റെ യശസ്സ് ഉയർത്തുന്നതിലും ചാക്കോ ശ്രദ്ധിച്ചിരുന്നു. കൂടാതെ കൃഷികാര്യങ്ങളിലും വ്യാപൃതനായിരുന്നു. എടത്വാ കല്ലൂപ്പറമ്പ് കുടുംബാംഗമായ ഏലിക്കുട്ടിയെ ചാക്കോ വിവാഹം കഴിച്ചു. മക്കൾ കുട്ടപ്പൻ, മറിയാമ്മ, തോമ്മാച്ചി, ദേവസ്യാച്ചൻ, തെയ്യാമ്മ, ചാച്ചൻ, അന്തോനിക്കുട്ടി, റോസമ്മ, അന്നമ്മ. 1979 സെപ്റ്റംബർ 25 ന് ഏലിയാമ്മയും 1985 ഏപ്രിൽ 10ന് ചാക്കോയും സ്വർഗ്ഗീയ പിതാവിന്റെ പക്കലേക്ക് യാത്രയായി.

### 3. പെണ്ണമ്മ

തെക്കേത്തലയ്ക്കൽ ഔസേഫിന്റെയും മറിയത്തിന്റെയും മൂത്തമകളാണ്. പെണ്ണമ്മ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം. പെണ്ണമ്മയെ ചെക്കിടിക്കാട് പഴയചിറയിൽ കുഞ്ഞച്ചൻ വിവാഹം കഴിച്ചു. മക്കൾ ചിന്നമ്മ,



സിസ്സില, കുട്ടപ്പൻ, തെയ്യാമ്മ, അന്തോനിച്ചൻ. 1980 ജനുവരി 5 ന് കുഞ്ഞച്ചനും 1996 ജനുവരി 4 ന് പെണ്ണമ്മയും കർത്താവിന്റെ പക്കലേക്ക് യാത്രയായി.

### 4. ഈത്തമ്മ

തെക്കേത്തലയ്ക്കൽ ഔസേഫിന്റെയും മറിയത്തിന്റെയും രണ്ടാമത്തെ മകളാണ് ഈത്തമ്മ.



പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഈത്തമ്മയെ പടഹാരം പൂത്തൻപുരയ്ക്കൽ കാട്ടിൽ കുഞ്ഞച്ചൻ വിവാഹം കഴിച്ചു. മക്കൾ മേരിക്കുട്ടി, അപ്പച്ചൻ, തൊമ്മിക്കുഞ്ഞ്, അന്നമ്മ, ചാക്കമ്മ, തങ്കമ്മ, തങ്കച്ചൻ, കുട്ടിയമ്മ. 1976 ജൂൺ 14 ഈത്തമ്മയും 1989 ഫെബ്രുവരി 27 കുഞ്ഞച്ചനും കർത്താവിന്റെ പക്കലേക്ക് യാത്രയായി.

### 5. ത്രേസ്യാമ്മ

തെക്കേത്തലയ്ക്കൽ ഔസേഫിന്റെയും മറിയത്തിന്റെ ഇളയമകളാണ് ത്രേസ്യാമ്മ.



പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ത്രേസ്യാമ്മയെ ചെക്കിടിക്കാട് എഴുന്നൂറ്റിൽ രണ്ടു പറയിൽ ചാക്കോച്ചൻ വിവാഹം കഴിച്ചു.ചെക്കിടിക്കാട്ടെ ഏറ്റവും പഴക്കംചെന്ന എഴുന്നൂറ്റിൽ പീടികയുടെ സ്ഥാപകനാണ് കുഞ്ഞാക്കോച്ചൻ. മക്കൾ കുട്ടച്ചൻ, തോമ്മാച്ചൻ, ചാക്കോച്ചൻ, ദേവസ്യാച്ചൻ, ജോർജ്ജുകുട്ടി. 1988 സെപ്റ്റംബർ 24–ന് കുഞ്ഞാക്കോച്ചനും 1995 ഏപ്രിൽ 25–ന് ത്രേസ്യാമ്മയും എന്നന്നേക്കുമായി ഈ ലോകത്തോട് വിടപറഞ്ഞു. ഇരുവരുടെയും ഭൗതീക ശരീരം പച്ച–ചെക്കിടിക്കാട് ലൂർദ്ദ്മാതാ പള്ളി സെമിത്തേരിയിൽ അടക്കപ്പെട്ടു.

### 101. വക്കച്ചൻ നാലുപറയിൽ

തെക്കേത്തലയ്ക്കൽ നാലുപറയിൽ കുട്ടിച്ചന്റെയും ഏലിയാമ്മയുടെയും മൂത്തമകനാണ് വക്കച്ചൻ.



പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്ന വക്കച്ചൻ തായംങ്കരി ചൂണ്ടാപ്പള്ളിൽ റോസമ്മയെ വിവാഹം കഴിച്ചു. മക്കൾ ജോർജ്ജുകുട്ടി, കുഞ്ഞമ്മ, തങ്കച്ചൻ, ജോണിച്ചൻ, കുഞ്ഞച്ചൻ, കുഞ്ഞുമോൻ.

## 102. അച്ചാമ്മ

തെക്കേത്തലയ്ക്കൽ നാലുപറയിൽ കുട്ടിച്ചന്റെയും



ഏലിയാമ്മയുടെയും മൂത്തമകളാണ് അച്ചാമ്മ. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അച്ചാമ്മയെ പുതുക്കരി കാരക്കാട്ട് ഈപ്പച്ചൻ വിവാഹം കഴിച്ചു. മക്കൾ മേരിക്കുട്ടി, ചാക്കോച്ചൻ, ശോശാമ്മ, ജോസ്മോൻ, മറിയാമ്മ, ജിജിമോൻ. 1993ൽ ഈപ്പച്ചൻ നിത്യവിശ്രമത്തിനായി സ്വർഗ്ഗീയപിതാവിന്റെ പക്കലേയ്ക്ക് യാത്രയായി.

## 103. അന്നമ്മ

തെക്കേത്തലയ്ക്കൽ നാലുപറയിൽ കുട്ടിച്ചന്റെയും ഏലിയാമ്മയുടെയും രണ്ടാമത്തെ മകളാണ് അന്നമ്മ. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അന്നമ്മയെ ചെക്കിടിക്കാട് പുത്തൻപുരയ്ക്കൽ അന്തോനിച്ചൻ വിവാഹം കഴിച്ചു. മകൾ തങ്കമ്മ. 1968 ൽ അന്നമ്മ നിത്യവിശ്രമത്തിനായി സ്വർഗ്ഗപിതാവിന്റെ പക്കലേക്ക് യാത്രയായി.

## 104. അപ്പച്ചൻ

തെക്കേത്തലയ്ക്കൽ നാലുപറയിൽ കുട്ടിച്ചന്റെയും



ഏലിയാമ്മയുടെയും ഇളയമകനാണ് അപ്പച്ചൻ. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളിലേക്കു തിരിഞ്ഞ അപ്പച്ചൻ പാണ്ടംകരി പരുത്തിക്കൽ മറിയക്കുട്ടിയെ വിവാഹം കഴിച്ചു. മക്കൾ ആന്റപ്പൻ, സിബിച്ചൻ, കുഞ്ഞുമോൾ, റെജി.

## 105. കുട്ടപ്പൻ

തെക്കേത്തലയ്ക്കൽ മൂലയിൽ ചാക്കോയുടെയും



ഏലിക്കുട്ടിയുടെയും മൂത്ത മകനാണ് കുട്ടപ്പൻ. കൃഷിക്കാരനായിരുന്ന കുട്ടപ്പൻ വെളിയനാട് കാനാശ്ശേരി അന്നമ്മയെ വിവാഹം കഴിച്ചു. മക്കൾ മേരിക്കുട്ടി, കുഞ്ഞമ്മ, ഗ്രേസമ്മ. 9-1-2003 ൽ കുട്ടപ്പൻ നിത്യവിശ്രമത്തിനായി സ്വർഗ്ഗീയപിതാവിന്റെ പക്കലേക്കു യാത്രയായി. ഭൗതിക ശരീരം പച്ച- ചെക്കിടിക്കാട് ലൂർദ്ദ് മാതാപള്ളി സിമിത്തേരിയിൽ അടക്കം ചെയ്തു.

## 106. മറിയാമ്മ

തെക്കേത്തലയ്ക്കൽ മൂലയിൽ ചാക്കോയുടെയും



ഏലിക്കുട്ടിയുടെയും മൂത്തമകളാണ് മറിയാമ്മ. വിദ്യാഭ്യാസത്തിനുശേഷം മറിയാമ്മയെ വെളിയനാട് കറുകയിൽ ചാക്കോച്ചൻ വിവാഹം കഴിച്ചു. പമ്പിംഗ് കരാറുകാരനാണ് ചാക്കോച്ചൻ. മക്കൾ പാപ്പച്ചൻ, തോമസുകുട്ടി, കുഞ്ഞച്ചൻ, ലിസമ്മ, എത്സമ്മ, പെണ്ണമ്മ, തങ്കച്ചൻ. 2003 ഫെബ്രുവരി 15-ാം തീയതി ചാക്കോച്ചൻ ഇഹലോകവാസം വെടിഞ്ഞു.

## 107. തോമ്മാച്ചി

തെക്കേത്തലയ്ക്കൽ മൂലയിൽ ചാക്കോയുടെയും ഏലി



ക്കുട്ടിയുടെയും രണ്ടാമത്തെ മകനാണ് തോമ്മാച്ചി. വിദ്യാഭ്യാസത്തിനുശേഷം കൃഷിയിലേക്കും തുടർന്ന് റൈസ്മിൽ വ്യവസായത്തിലേക്കു കടന്ന തോമ്മാച്ചി തകഴി വില്ലേജിലെ ആദ്യകാല റൈസ്മില്ലുടമയായി മാറി. പമ്പിംഗ് കരാർ ഏറ്റെടുക്കുന്നതിലും തല്പരനായിരുന്നു തോമ്മാച്ചി. എടത്വാ പറുമൂട്ടിൽ പെണ്ണമ്മയാണ് ഭാര്യ. തോമ്മാച്ചി 17-2-2004 ൽ പിതാവിന്റെ പക്കലേക്ക് യാത്രയായി. മക്കൾ. ജോയിച്ചൻ, കുഞ്ഞമ്മ, മേരി, കുട്ടിയമ്മ, അക്കാമ്മ, ഏലാമ്മ, സാബു, ഷിബു, ജോജി.

## 108. ദേവസ്യാച്ചൻ

തെക്കേത്തല്ക്കൽ മൂലയിൽ ചാക്കോയുടെയും ഏലിക്കുട്ടിയുടെയും മൂന്നാമത്തെമകനാണ് ദേവസ്യാച്ചൻ.



ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷിയിലേക്കു തിരിഞ്ഞ ദേവസ്യാച്ചൻ അറിയപ്പെടുന്ന സംഗീതജ്ഞൻ കൂടിയായിരുന്നു. കൈനകരി ശ്രാമ്പിക്കൽ കുടുംബാംഗമായ മറിയാമ്മയാണ് ഭാര്യ. മക്കൾ ജയിംസ്, ജോസഫ്, അമ്മിണി, തങ്കമ്മ, കുഞ്ഞച്ചൻ, സൂസമ്മ, റ്റോമിച്ചൻ.

## 109. തെയ്യാമ്മ

തെക്കേത്തലയ്ക്കൽ മൂലയിൽ ചാക്കോയുടെയും ഏലിക്കുട്ടിയുടെയും രണ്ടാമത്തെ മകളാണ് തെയ്യാമ്മ. വിദ്യാ



ഭ്യാസം പൂർത്തിയാക്കിയ തെയ്യാമ്മയെ തെങ്ങണ കാട്ടിൽ പുത്തൻപുരയ്ക്കൽ വാവച്ചൻ വിവാഹം കഴിച്ചു. റൈസ്മിൽ ഉടമയായിരുന്നു വാവച്ചൻ. മക്കൾ കുഞ്ഞമ്മ, ജോസ്, തോമസ്, ബേബി, സണ്ണി, മോളി, വത്സമ്മ.

## 110. റവ. ഫാ. ജയിംസ് തെക്കേത്തലയ്ക്കൽ സി. എം. ഐ.



തെക്കേത്തലയ്ക്കൽ ചാക്കോച്ചന്റേയും ഏലിയാമ്മയുടേയും നാലാമത്തെ പുത്രനായി 1936 ഏപ്രിൽ മാസം 4-ാം തീയതി ജനിച്ചു. 1953 ൽ സി. എം.ഐ. സഭയിൽ ചേർന്നു. 1955 ഡിസംബർ 8-ാം തീയതി ആദ്യവ്രതവാഗ്ദാനവും 1958 ഡിസംബർ 8ാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തി. 1962 മെയ് മാസത്തിൽ പൗരോഹിത്യം സ്വീകരിച്ചു. മെക്കാനിക്കൽ എൻജിനിയറായ ഫാ ജയിംസ് തെക്കേത്തല ചെത്തിപ്പുഴ കാർമ്മൽ ടെക്നോക്രാഫ്റ്റ് ട്രയിനിംഗ് സെന്ററിന്റെ ഡയറക്ടറായിരുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിൽ തൽപരരായ യുവതി യുവാക്കൾക്ക് മികച്ചപരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിൽ തന്റെ സാങ്കേതിക പ്രാവീണ്യം പ്രയോജനപ്പെടുത്തി. അംഗവൈകല്യമുള്ള ആളുകൾക്ക് പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയ വ്യക്തിയാണ് ഫാ ജയിംസ് തെക്കേത്തലയ്ക്കൽ. ആന്ധ്രപ്രദേശിലെ പ്രശസ്തമായ 'ഈനാട്' ദിനപത്രത്തിന് തന്റെ സാങ്കേതിക പരിജ്ഞാനം രണ്ടു വർഷത്തോളം നല്കിയ ഫാ ജയിംസ് തെക്കേത്തല ഒൻപതു വർഷത്തോളം ദീപിക ദിനപത്രത്തിന്റെ പ്രൊഡക്ഷൻ മാനേജരായിരുന്നു. വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ നിരവധിതവണ പര്യടനം നടത്തിയ വ്യക്തിയാണ് ജയിംസ് തെക്കേത്തലയ്ക്കലച്ചൻ. 2002 ജനുവരി 15-ാം തീയതി നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പക്കലേയ്ക്ക് യാത്രയായി.

## 111. അന്തോനിക്കുട്ടി



തെക്കേത്തലയ്ക്കൽ മൂലയിൽ ചാക്കോയുടെയും ഏലിക്കുട്ടിയുടെയും ഇളയമകനാണ് അന്തോനിക്കുട്ടി വിദ്യാഭ്യാസത്തിനു ശേഷം കൃഷിയൊടൊപ്പം തന്നെ പമ്പിംഗ് കരാറുകളും ഏറ്റെടുത്തു നടത്തിവരുന്നു അന്തോനിക്കുട്ടി. പുന്നക്കുന്നത്തുശേരി വലിയവീട്ടിൽ കുഞ്ഞമ്മയാണ് ഭാര്യ. മക്കൾ ജയിംസ്, കുഞ്ഞുമോൾ, മിനി, ബിജു, ജോമോൻ.

## 112. റോസമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ ചാക്കോയുടെയും ഏലിക്കുട്ടിയുടെയും മൂന്നാമത്തെ മകളാണ് റോസമ്മ വിദ്യാഭ്യാസം പൂർത്തിയാക്കിയ റോസമ്മയെ മാടപ്പള്ളി എർണാകരി തോമ്മാച്ചൻ വിവാഹം കഴിച്ചു. കൃഷിക്കാരനാണ് തോമ്മാച്ചൻ. മക്കൾ ടോമി, ലിസമ്മ, മോനിച്ചൻ, ലാലിച്ചൻ.

## 113. അന്നമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ ചാക്കോയുടെയും ഏലിക്കുട്ടിയുടെയും ഇളയമകളാണ് അന്നമ്മ. വിദ്യാഭ്യസം പൂർത്തിയാക്കിയ അന്നമ്മയെ തായങ്കരി നാല്പത്താറിൽ പാപ്പച്ചൻ വിവാഹം കഴിച്ചു. സ്റ്റേഷനറി വ്യാപാരിയാണ് പാപ്പച്ചൻ. മക്കൾ ജസി, ടോമി, സോഫി, ലാലിച്ചൻ

## 114. ചിന്നമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ പെണ്ണമ്മയുടെയും ചെക്കിടിക്കാട് പഴയചിറയിൽ കുഞ്ഞച്ചന്റെയും മൂത്തമകളാണ് ചിന്നമ്മ. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ചിന്നമ്മയെ കേളമംഗലം പൂമംഗലത്ത് കുട്ടപ്പൻ വിവാഹം കഴിച്ചു. കുട്ടനാട്ടിലെ അറിയപ്പെടുന്ന കൃഷിക്കാരിലൊരാളാണ് കുട്ടപ്പൻ മക്കൾ വത്സമ്മ, ജോർജ്ജുകുട്ടി, ഫില്ലമ്മ, ജയിംസ്. 1991 ജനുവരി 15-ന് ചിന്നമ്മ കർത്താവിൽ നിദ്രപ്രാപിച്ചു.

## 115. സിസിലി



തെക്കേത്തലയ്ക്കൽ മൂലയിൽ പെണ്ണമ്മയുടെയും ചെക്കിടിക്കാട് പഴയചിറയിൽ കുഞ്ഞച്ചന്റെയും രണ്ടാമത്തെ മകളാണ് സിസിലി. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം സിസിലിയെ ചമ്പക്കുളം കണിയാപറമ്പിൽ വാവച്ചൻ വിവാഹം കഴിച്ചു. കുട്ടികളുടെ ട്യൂഷൻ മാസ്റ്ററായിരുന്നു വാവച്ചൻ. മക്കൾ തങ്കമ്മ, മേരിക്കുട്ടി, ബേബിച്ചൻ, ജയിംസ്, രാജു, അമ്മിണി, ജോസ്മോൻ.

## 116. കുട്ടപ്പൻ



തെക്കേത്തലയ്ക്കൽ മൂലയിൽ പെണ്ണമ്മയുടെയും ചെക്കിടിക്കാട് പഴയചിറയിൽ കുഞ്ഞച്ചന്റെയും മൂത്തമകനാണ് കുട്ടപ്പൻ. മലഞ്ചരക്ക് വ്യാപാരിയായിരുന്ന കുട്ടപ്പൻ വെച്ചൂർ കിഴക്കേകുറ്റ് കുടുംബാംഗമായ അന്നക്കുട്ടിയെ വിവാഹം കഴിച്ചു. മക്കൾ മോൻസി, കുഞ്ഞുമോൾ, ലാൻസി, രാജു, കുഞ്ഞുമോൻ.

## 117. തെയ്യാമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ പെണ്ണമ്മയുടെയും ചെക്കിടിക്കാട് പഴയ ചിറയിൽ കുഞ്ഞച്ചന്റെയും ഇളയമകളാണ് തെയ്യാമ്മ വിദ്യാഭ്യാസത്തിനു ശേഷം തെയ്യാമ്മയെ എടത്വാ പറപ്പള്ളിൽ അപ്പച്ചൻ വിവാഹം കഴിച്ചു. ഇലക്ട്രീഷനായിരുന്നു അപ്പച്ചൻ. വിശ്വാസപാരമ്പര്യത്തിന്റെ പിൻതുടർച്ചയെന്നവണ്ണം തന്റെ മൂന്നു മക്കളെ തിരുസഭയ്ക്ക് നല്കുവാൻ തെയ്യാമ്മയ്ക്കും അപ്പച്ചനും കഴിഞ്ഞു. മക്കൾ സിബിച്ചൻ, എത്സമ്മ, സാബു, ജാസ്മിൻ, സി. ഫിൻസിമരിയ, സി. സിസിമരിയ, സി. ടിൻസിമരിയ.

## 118. അന്തോനിച്ചൻ



തെക്കേത്തലയ്ക്കൽ മൂലയിൽ പെണ്ണമ്മയുടെയും ചെക്കിടിക്കാട് പഴയചിറയിൽ കുഞ്ഞച്ചന്റെയും ഇളയമകനാണ് അന്തോനിച്ചൻ. മലഞ്ചരക്കു വ്യാപാരിയായ അന്തോനിച്ചൻ പുതുക്കരി കാരേക്കാട് ലില്ലിക്കുട്ടിയെ വിവാഹം കഴിച്ചു. മക്കൾ സുമോൻ, സുനി, മോനിച്ചൻ, ബന്നിച്ചൻ, റെന്നിച്ചൻ.

## 119. മേരിക്കുട്ടി



തെക്കേത്തലയ്ക്കൽ ഈത്തമ്മയുടെയും തകഴി പടഹാരം കാട്ടിൽ പുത്തൻപുരയിൽ കുഞ്ഞച്ചന്റെയും മൂത്തപുത്രിയാണ് മേരിക്കുട്ടി. ചെക്കിടിക്കാട് പുത്തൻപുരയ്ക്കൽ പാക്കള്ളിൽ തോമ്മാച്ചിയാണ് ഭർത്താവ്. ജോസ്, കുട്ടിയമ്മ, ജോർജ്ജ്, കുഞ്ഞച്ചൻ, തങ്കച്ചൻ, അന്തമ്മ, കുഞ്ഞുമോൾ, ലിസമ്മ, മോനിച്ചൻ.

## 120. അപ്പച്ചൻ



തെക്കേത്തലയ്ക്കൽ ഈത്തമ്മയുടെയും പടഹാരം കാട്ടിൽ പുത്തൻപുരയിൽ കുഞ്ഞച്ചന്റെയും മൂത്തപുത്രനാണ് അപ്പച്ചൻ. സ്റ്റേഷനറി വ്യാപാരിയായിരുന്നു അപ്പച്ചൻ പുതുക്കരി ചിത്തനാട് പെണ്ണമ്മയെ വിവാഹം ചെയ്തു. മക്കൾ ജോയിച്ചൻ, ജോസഫ്, മാമ്മച്ചൻ, ബേബിച്ചൻ, തോമസ്, ആൻസമ്മ, ജോൺസൺ.

## 121. തൊമ്മിക്കുഞ്ഞ്



തെക്കേത്തലയ്ക്കൽ ഈത്തമ്മയുടെയും പടഹാരം കാട്ടിൽ പുത്തൻപുരയിൽ കുഞ്ഞച്ചന്റെയും രണ്ടാമത്തെ പുത്രനാണ് തൊമ്മിക്കുഞ്ഞ്. പുരാതനമായ കാട്ടിൽപീടിക പിതാവിന്റെ പക്കൽനിന്ന് ഏറ്റെടുത്ത് നടത്തിവരുന്ന തൊമ്മിക്കുഞ്ഞ് കൈനകരി പാണ്ടിശ്ശേരി വരമ്പേൽ കുടുംബാംഗമായ പെണ്ണമ്മയെ വിവാഹം കഴിച്ചു. മക്കൾ കുഞ്ഞുമോൻ, കുഞ്ഞുമോൾ, തങ്കച്ചൻ, ദേവസ്യാച്ചൻ, ഔസേപ്പച്ചൻ, കൊച്ചുമോൾ.

## 122. അന്തമ്മ



തെക്കേത്തലയ്ക്കൽ ഈത്തമ്മയുടെയും പടഹാരം കാട്ടിൽ പുത്തൻപുരയിൽ കുഞ്ഞച്ചന്റെയും മൂന്നാമത്തെ മകനാണ് അന്തമ്മ. മെട്രിക്കുലേഷനു ശേഷം ഫാർമസിയിൽ ഡിപ്ലോമനേടിയ അന്തമ്മ ബോംബെയിലെ സെന്റ് ജോർജ് ആശുപത്രിയിലും തുടർന്ന് വിക്ടർ ജനറൽ ആശുപത്രിയിലും സേവനം ചെയ്തു. ചങ്ങനാശ്ശേരിയിൽ തോപ്പിൽ കുടുംബാംഗമായ എത്സമ്മയാണ് ഭാര്യ. മക്കൾ ഷേർളി, സോണി. 1998 ൽ എത്സമ്മയുടെ അകാലാനിര്യാണത്തെതുടർന്ന് സർവ്വീസിൽ നിന്ന് വിരമിച്ച അന്തമ്മ മക്കളോടൊപ്പം ചങ്ങനാശ്ശേരിയിൽ താമസിക്കുന്നു.

## 123. ചാക്കമ്മ



തെക്കേത്തലയ്ക്കൽ ഈത്തമ്മയുടെയും പടഹാരം കാട്ടിൽ പുത്തൻ പുരയിൽ കുഞ്ഞച്ചന്റെയും നാലാമത്തെ മകനാണ് ചാക്കമ്മ. കുട്ടനാടൻ പാടശേഖരങ്ങളിലേക്ക് ആവശ്യമായ നീറ്റുകക്കയുടെ ഉത്പാദക വിപണരംഗത്ത് പ്രമുഖനും അറിയപ്പെടുന്ന കോൺഗ്രസ് പ്രവർത്തകനുമാണ്. പുളിങ്കുന്ന് വലിയതറ മറിയാമ്മയാണ് ഭാര്യ. മക്കൾ ലിസമ്മ, മോനിച്ചൻ, ലിജമ്മ.

## 124. തങ്കമ്മ



തെക്കേത്തലയ്ക്കൽ ഈത്തമ്മയുടെയും പടഹാരം കാട്ടിൽ പുത്തൻപുരയിൽ കുഞ്ഞച്ചന്റെയും നാലാമത്തെ മകളാണ് തങ്കമ്മ. കരുമാടി കളത്തിപ്പാലം പുത്തൻവീട്ടിൽ തോമസാണ് ഭർത്താവ് ജലഗതാവകുപ്പിലെ ജീവനക്കാരനായിരുന്നു തോമ്മാച്ചൻ. മക്കൾ സിബിച്ചൻ, ജിമ്മിച്ചൻ, മാത്തുക്കുട്ടി, അന്നമ്മ.

## 125. തങ്കച്ചൻ



തെക്കേത്തലയ്ക്കൽ ഈത്തമ്മയുടെയും പടഹാരം കാട്ടിൽ പുത്തൻപുരയിൽ കുഞ്ഞച്ചന്റെയും ഇളയമകനാണ് തങ്കച്ചൻ. ഷാർജയിൽ ജോലിക്കാനാണ് തങ്കച്ചൻ.

## 126. കുട്ടിയമ്മ

തെക്കേത്തലയ്ക്കൽ ഈത്തമ്മയുടെയും പടഹാരം



കാട്ടിൽ പുത്തൻ പുരയിൽ കുഞ്ഞച്ചന്റെയും ഇളയമകളാണ് കുട്ടിയമ്മ. കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടിയമ്മയെ പടഹാരം വേലംകളത്തിൽ ജോയി വിവാഹം കഴിച്ചു. കോൺട്രാക്ടുകാരനായ ജോയി കൃഷിയിലും തൽപരനാണ്. മക്കൾ ജോസി, ജോസ്മി, ജോസ്ന, ജോസ്ലി.

## 127. കുട്ടച്ചൻ

തെക്കേത്തലയ്ക്കൽ ത്രേസ്യാമ്മയുടെയും ചെക്കിടി



ക്കാട് എഴുന്നൂറ്റിൽ രണ്ടുപറയിൽ ചാക്കോച്ചന്റെയും മൂത്തമകനാണ് കുട്ടച്ചൻ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടച്ചൻ എറണാകുളത്ത് വർക്കേഴ്സ് എഡ്യൂക്കേഷൻ സെന്ററിൽ ജോലിക്കാരനായി ചേർന്നു. മുട്ടാർ വെട്ടുപറമ്പിൽ കുടുംബാംഗമായ കുഞ്ഞമ്മയാണ് സഹധർമ്മിണി. 35 വർഷത്തെ സുത്യർഹമായ സേവനത്തിനുശേഷം ഹെഡ് അക്കൗണ്ടന്റായി സർവ്വീസിൽ നിന്ന് വിരമിച്ച കുട്ടച്ചൻ ചെക്കിടിക്കാട്ട് വിശ്രമജീവിതം നയിക്കുന്നു. മക്കൾ ട്രീസ, മണിക്കുട്ടൻ, ജോമോൻ.

## 128. തോമ്മാച്ചൻ

തെക്കേത്തലയ്ക്കൽ ത്രേസ്യാമ്മയുടെയും ചെക്കിടി



ക്കാട് എഴുന്നൂറ്റിൽ രണ്ടുപറയിൽ ചാക്കോച്ചന്റെയും രണ്ടാമത്തെ മകനാണ് തോമാച്ചൻ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ തോമ്മാച്ചന് എടത്വാ സെന്റ് അലോഷ്യസ് കോളജിന്റെ ആദ്യകാല അക്കൗണ്ടന്റുമാരിൽ ഒരാളാകാൻ സാധിച്ചു. സർവ്വീസിൽ തന്റെ തനതായ വ്യക്തിത്വം പ്രകടമാക്കിയ തോമ്മാച്ചൻ 35 വർഷത്തെ സേവനത്തിനുശേഷം 1998 മാർച്ച് 31 ന് വിരമിച്ചു. സേവനതൽപരനായ തോമ്മാച്ചൻ ഇപ്പോൾ പച്ച-ചെക്കിടിക്കാട് ലൂർദ്ദ്മാതാ പള്ളിയുടെ പ്രതിപുരുഷയോഗ സെക്രട്ടറിയാണ്. തോമ്മാച്ചന്റെ സേവനതല്പരതയ്ക്ക് പിന്തുണയേകുന്ന ഭാര്യ ത്രേസ്യാമ്മ ചമ്പക്കുളം പൂവത്തിട്ടയിൽ കടുംബാംഗമാണ്. മക്കൾ ബിനു, ബീന, ബിജു.

## 129. റവ. ഫാ. ആർ.സി. ചാക്കോ രണ്ടുപറയിൽ

തെക്കേത്തലയ്ക്കൽ ത്രേസ്യാമ്മയുടെയും ചെക്കിടിക്കാട് എഴുന്നൂറ്റിൽ രണ്ടുപറയിൽ ചാക്കോച്ചന്റെയും മൂന്നാമത്തെ പുത്രനാണ് കൊല്ലവർഷം 1123 മകരം 11ന്



(1948 ജനുവരി 25) ജനിച്ച റവ.ഫാ. ആർ.സി. ചാക്കോ രണ്ടുപറയിൽ എന്നറിയപ്പെടുന്ന ബേബിച്ചൻ. പ്രാഥമിക വിദ്യാഭ്യാസം സ്വദേശമായ പച്ച-ചെക്കിടിക്കാട് സെന്റ് സേവ്യേഴ്സ് യു.പി.എസിലും തുടർന്ന് ഹൈസ്കൂൾ പഠനം ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിലും പൂർത്തിയാക്കിയ ബേബിച്ചൻ ഉയർന്ന മാർക്കോടെ എസ്.എസ്.എൽ.സി. പാസായി. 1963 ജൂൺ 5-ാം തീയതി ജസ്യൂട്ട് സഭയിൽ വൈദീകാർത്ഥിയായി ചേർന്നു. 1966 ജൂലൈ 16-ന് ആദ്യവ്യതവാഗ്ദാനം നടത്തി. 1981 ഏപ്രിൽ 25-ന് ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പൊലീത്തയായ അഭിവന്ദ്യ മാർ ആന്റണി പടിയറയിൽ നിന്നും വൈദീകപട്ടം സ്വീകരിച്ച ഫാ. ആർ.സി. ചാക്കോ രണ്ടുപറയിൽ പുരോഹിത ശ്രേണിയിൽ അംഗമായി. തുടർന്ന് പൂനയിലെ സെന്റ് സേവ്യേഴ്സിൽനിന്നും ബി.എസ്സി ഓണേഴ്സും ബോംബെ സെന്റ് സേവ്യേഴ്സിൽ നിന്നും അദ്ധ്യാപനത്തിൽ ബിരുദവും കരസ്ഥമാക്കിയ ഫാ. രണ്ടുപറയിൽ ഡൽഹിയിലുള്ള വിദ്യാജ്യോതി ഹൈസ്കൂളിൽ അദ്ധ്യാപകനായി ചേർന്നു. ഉപരിപഠനത്തിനായി അമേരിക്കയിലെ ചിക്കാഗോയിലേക്ക് പോയ ഫാ. ആർ.സി.ചാക്കോ ചിക്കാഗോ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തബിരുദം നേടി. തുടർന്ന് ആസ്ട്രേലിയ, ഇംഗ്ലണ്ട്, റോം, ജർമ്മനി, പോളണ്ട് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് തിരികെവന്ന് ബീഹാറിലെ ഹസാരിബാഗിൽ ധ്യാനഗുരു, അദ്ധ്യാപകൻ, പ്രൊവിൻഷ്യാൾ എന്നീ നിലകളിലും പാറ്റനായിലുള്ള ഈശോസഭാവൈദീകർക്കുള്ള ടെറിടറിയൽഷിപ്പ് അദ്ധ്യാപനത്തിന്റെ ഡയറക്ടർ ആയും സേവനം അനുഷ്ഠിച്ചുവരുന്നു. തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബപാരമ്പര്യത്തിന്റെ പിൻതുടർച്ചയെന്നവണ്ണം ബീഹാറിലെ ഹസാരിബാഗിൽ ആദിവാസികളുടെ അടിസ്ഥാന സാമൂഹിക വികസന പ്രവർത്തനങ്ങൾക്കായി അവരോടൊപ്പം അഹോരാത്രം പണിയെടുക്കുന്ന ഫാ. രണ്ടുപറയിൽ ഈ കുടുംബത്തിനും കുടുംബാംഗങ്ങൾക്കും എന്നും മാതൃകയും അഭിമാനത്തിന് വകനൽകുന്ന വ്യക്തിയുമാണ്.

## 130. ദേവസ്യാച്ചൻ

തെക്കേത്തലയ്ക്കൽ ത്യസ്യാമ്മയുടെയും ചെക്കിടിക്കാട് എഴുന്നൂറ്റിൽ രണ്ടുപറയിൽ ചാക്കോച്ചന്റെയും നാലാമത്തെ മകനാണ് ദേവസ്യാച്ചൻ.



കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ദേവസ്യാച്ചൻ പിതാവായ കുഞ്ഞാക്കോച്ചന്റെ കച്ചവടസ്ഥാപനത്തിന്റെ ചുമതലക്കാരനായി. തുടർന്ന് കൃഷിയിലും പൊതുപ്രവർത്തിലും ആകൃഷ്ടനായ ദേവസ്യാച്ചൻ തന്റെ തട്ടകം ആ മേഖലയെന്ന് കണ്ട് കച്ചവടസ്ഥാപനം സഹോദരനെ ഏല്പിക്കുകയും പൊതുപ്രവർത്തനത്തിൽ കർമ്മനിരതനാവുകയും ചെയ്തു. പച്ച-ചെക്കിടിക്കാട് ലൂർദ്ദ്മാതാ പള്ളി, സെന്റ് ജോസഫ് ചാപ്പൽ ഇവയുടെ കൈക്കാരൻ, തകഴി പഞ്ചായത്ത് കേര കർഷക സമിതി അംഗം, പാടശേഖര സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ച ദേവസ്യാച്ചൻ അറിയപ്പെടുന്ന കോൺഗ്രസ് പ്രവർത്തകനാണ്. കുടുംബ ബന്ധങ്ങൾ ഊഷ്മളതയോടെ ഊട്ടി ഉണർത്തുന്നതിന് എന്നു ഉത്സുകനായ ദേവസ്യാച്ചൻ തെക്കേത്തലയ്ക്കൽ കരിക്കംപള്ളി കുടുംബാഗങ്ങളുടെ സ്വന്തം ദേവസ്യാച്ചനാണ്. സുഖത്തിലും ദുഃഖത്തിലും ദേവസ്യാച്ചനോടൊപ്പം ജീവിത വിജയം നേടുന്നതിൽ ഉത്സുകയായ ഭാര്യ ആലീസ് ചങ്ങനാശ്ശേരി പുത്തൻപുര വെട്ടിത്തുരുത്ത് കുടുംബാംഗമാണ്. മക്കൾ ജിസ്, ജീന, ജിനോ, ജിൽഫ.

## 131. ജോർജ്ജുകുട്ടി

തെക്കേത്തലയ്ക്കൽ ത്യസ്യാമ്മയുടെയും ചെക്കിടിക്കാട് എഴുന്നൂറ്റിൽ രണ്ടുപറയിൽ ചാക്കോച്ചന്റെയും ഇളയമകനാണ് ജോർജ്ജുകുട്ടി.



ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോർജ്ജുകുട്ടി സഹോദരൻ ദേവസ്യാച്ചനിൽനിന്നും പിതാവിന്റെ നൂറ്റാണ്ട് പഴക്കമുള്ള കച്ചവടസ്ഥാപനം ഏറ്റെടുത്തു. തുടർന്ന് റൈസ് മിൽ രംഗത്തേക്ക് കടന്ന ജോർജ്ജുകുട്ടി കച്ചവടത്തോടൊപ്പം റൈസ്മില്ലും നടത്തിവരുന്നു. ഭാര്യ കോഴിമുക്ക് അഞ്ചിൽ കുടുംബാംഗമായ ത്രേസ്യാമ്മയാണ് ഭാര്യ. മക്കൾ കൊച്ചുമോൾ, ജിബിൻ, ജഫി, ജസിലിൻ.

## 201. ജോർജ്ജുകുട്ടി

തെക്കേത്തലയ്ക്കൽ നാലുപറയിൽ വക്കച്ചന്റെയും റോസമ്മയുടെയും മൂത്തമകനാണ് ജോർജ്ജുകുട്ടി.



പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കച്ചവടത്തിലേക്കു തിരിഞ്ഞ ജോർജ്ജുകുട്ടി പുതുക്കരി നാല്പതിൽ വത്സമ്മയെ വിവാഹം കഴിച്ചു. മക്കൾ ജിജോ, ജോജോ, നിർമ്മല, നിഷാ മോൾ.

## 202. കുഞ്ഞമ്മ

തെക്കേത്തലയ്ക്കൽ നാലുപറയിൽ വക്കച്ചന്റെയും റോസമ്മയുടെയും മൂത്ത മകളാണ് കുഞ്ഞമ്മ. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ കുഞ്ഞമ്മയെ കരുമാടി തട്ടാശ്ശേരിൽ അന്തോനിച്ചൻ വിവാഹം കഴിച്ചു. ഗൾഫിൽ കുറച്ചുനാൾ ജോലിചെയ്തിരുന്ന അന്തോനിച്ചൻ തിരികെ നാട്ടിൽവന്ന് കൃഷിക്കാരനായി കഴിയുന്നു. മക്കൾ റീന, ആന്റോച്ചൻ.

## 203. തങ്കച്ചൻ

തെക്കേത്തലയ്ക്കൽ നാലുപറയിൽ വക്കച്ചന്റെയും റോസമ്മയുടെയും രണ്ടാമത്തെ മകനാണ് തങ്കച്ചൻ.



ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എ. ബിരുദം പാസായ തങ്കച്ചൻ ഹിന്ദുസ്ഥാൻ ലാറ്റക്സ് കമ്പനിയിൽ പ്രൈവറ്റ് സെക്രട്ടറിയായി ജോലി ചെയ്യുന്നു. ആനപ്രമ്പാൽ കൊച്ചുപറമ്പിൽ കുഞ്ഞമ്മയാണ് ഭാര്യ. മക്കൾ ജയേഷ്, ആശീഷ്, അഭിലാഷ്.

## 204. ജോണിച്ചൻ

തെക്കേത്തലയ്ക്കൽ നാലുപറയിൽ വക്കച്ചന്റെയും റോസമ്മയുടെയും മൂന്നാമത്തെ മകനാണ് ജോണിച്ചൻ.



പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പലചരക്കു വ്യാപാരം നടത്തിവരുന്ന ജോണിച്ചൻ കോഴിമുക്കു കറുകയിൽ ലൈസാമ്മയെ വിവാഹം കഴിച്ചു. മക്കൾ റ്റിജോമോൻ, റ്റിനാമോൾ.

## 205. കുഞ്ഞച്ചൻ

തെക്കേത്തലയ്ക്കൽ നാലുപറയിൽ വക്കച്ചന്റെയും റോസമ്മയുടെയും നാലാമത്തെ മകനാണ് കുഞ്ഞച്ചൻ.



ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ കുഞ്ഞച്ചൻ കുട്ടനാട്ടിലെ അറിയപ്പെടുന്ന പമ്പിംഗ് കോൺട്രാക്ടറാണ്. ചമ്പക്കുളം കൂലിപ്പുരയ്ക്കൽ ഗ്രേസമ്മയാണ് ഭാര്യ. മക്കൾ അഞ്ചുമോൾ, ചിഞ്ചുമോൾ, സിജോമോൻ.

## 206. കുഞ്ഞുമോൻ



തെക്കേത്തലയ്ക്കൽ നാലുപറയിൽ വക്കച്ചന്റെയും റോസമ്മയുടെയും ഇളയമകനാണ് കുഞ്ഞുമോൻ. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ബോംബെയിലെത്തിയ കുഞ്ഞുമോൻ കോൺട്രാക്ടറായി പ്രവർത്തിക്കുന്നു. കാരിച്ചാൽ നടുവിലേപ്പറമ്പിൽ ജൂലിയാണ് ഭാര്യ. ബോംബെയിൽ കമ്പിനി അക്കൗണ്ടന്റാണ് ജൂലി. മകൾ റോസ്മേരി.

## 207. മേരിക്കുട്ടി



തെക്കേത്തലയ്ക്കൽ നാലുപറയിൽ അച്ചാമ്മയുടെയും പുതുക്കരി കാരക്കാട്ട് ഈപ്പച്ചന്റെയും മൂത്തമകളാണ് മേരിക്കുട്ടി. തകഴി നൂറുപറയിൽ ജോയിച്ചൻ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. മക്കൾ ജോമ, ജൂലി.

## 208. ചാക്കോച്ചൻ



തെക്കേത്തലയ്ക്കൽ നാലുപറയിൽ അച്ചാമ്മയുടെയും പുതുക്കരി കാരക്കാട്ട് ഈപ്പച്ചന്റെയും മൂത്തമകനാണ് ചാക്കോച്ചൻ. ഇലക്ട്രോണിക്സ് ബിസിനസ് ബോംബെയിൽ നടത്തുന്ന ചാക്കോച്ചൻ കോഴിമുക്ക് കന്നയിൽ റോസിയെ വിവാഹം കഴിച്ചു. മക്കൾ റോജോ.

## 209. ശോശാമ്മ



തെക്കേത്തലയ്ക്കൽ നാലുപറയിൽ അച്ചാമ്മയുടെയും പുതുക്കരി കാരക്കാട്ട് ഈപ്പച്ചന്റെയും രണ്ടാമത്തെ മകളാണ് ശോശാമ്മ. കൊടുപ്പുന്ന പോളയ്ക്കൽ കുഞ്ഞച്ചൻ ശോശാമ്മയെ വിവാഹം കഴിച്ചു. മക്കൾ റോബിൻ, ജോൺസൺ.

## 210. മറിയാമ്മ



തെക്കേത്തലയ്ക്കൽ നാലുപറയിൽ അച്ചാമ്മയുടെയും പുതുക്കരി കാരക്കാട്ട് ഈപ്പച്ചന്റെയും മൂന്നാമത്തെ മകളാണ് മറിയാമ്മ. രാമങ്കരി മണലാടി പൊറോടിക്കളം സിബിച്ചൻ മറിയാമ്മയെ വിവാഹം കഴിച്ചു. മക്കൾ സിജോ, ചിഞ്ചു.

## 211. ജോസ്മോൻ



തെക്കേത്തലയ്ക്കൽ നാലുപറയിൽ അച്ചാമ്മയുടെയും പുതുക്കരി കാരക്കാട്ട് ഈപ്പച്ചന്റെയും രണ്ടാമത്തെ മകനാണ് ജോസ്മോൻ. എടത്വാ കടുമത്തിൽ ഷേർളിയാണ് ഭാര്യ. മക്കൾ ജോസിലി, ജോസ്ബിൻ, ജോബിൻ.

## 212. ജിജിമോൻ



തെക്കേത്തലയ്ക്കൽ നാലുപറയിൽ അച്ചാമ്മയുടെയും പുതുക്കരി കാരക്കാട്ട് ഈപ്പച്ചന്റെയും മൂന്നാമത്തെ മകനാണ് ജിജിമോൻ. പുറമറ്റം എരുമപ്പെട്ടി റോസാണ് ഭാര്യ. ഇരുവരും ഗൾഫിൽ ജോലിചെയ്യുന്നു. മക്കൾ സിൻട്രല്ല, സിബി.

## 213. തങ്കമ്മ

തെക്കേത്തലയ്ക്കൽ നാലുപറയിൽ അന്നമ്മയുടെയും ചെക്കിടിക്കാട് പുത്തൻപുരയ്ക്കല അന്തോനിച്ചന്റെയും ഏകമകളാണ് തങ്കമ്മ. പുന്നക്കുന്നത്തുശ്ശേരി ........ വീട്ടിൽ കുട്ടപ്പായിയാണ് തങ്കമ്മയെ വിവാഹം കഴിച്ചത്.

## 214. ആന്റപ്പൻ

തെക്കേത്തലയ്ക്കൽ നാലുപറയിൽ അപ്പച്ചന്റെയും



മറിയക്കുട്ടിയുടെയും മൂത്തമകനാണ് ആന്റപ്പൻ. ഹൈസ്കൂൾ പഠനത്തിനുശേഷം സാങ്കേതികപഠനം പൂർത്തിയാക്കിയ ആന്റപ്പൻ ബോംബെയിൽ ടർണറായി ജോലി ചെയ്യുന്നു. ചമ്പക്കുളം മുഴുകുന്നം കുടുംബാംഗമായ ആൻസമ്മയാണ് ഭാര്യ. മക്കൾ അജോ, അലീന.

## 215. സിബി

തെക്കേത്തലയ്ക്കൽ നാലുപറയിൽ അപ്പച്ചന്റെയും



മറിയക്കുട്ടിയുടെയും രണ്ടാമത്തെ പുത്രനാണ് സിബി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഡൽഹിയിൽ കമ്പനി ജോലിക്കാരനാണ്. മാവേലിക്കര കുറിത്തികാട് കൊട്ടാരത്തിവിളയിൽ സാലിയെ വിവാഹം കഴിച്ചു. മക്കൾ സിജോ.

## 216. കുഞ്ഞുമോൾ

തെക്കേത്തലയ്ക്കൽ നാലുപറയിൽ അപ്പച്ചന്റെയും



മറിയക്കുട്ടിയുടെയും മൂത്തമകളാണ് കുഞ്ഞുമോൾ. ബിരുദവും ടൈപ്പ്റൈറ്റിംഗും പാസായ കുഞ്ഞുമോൾ ഡൽഹിയിൽ ജോലി ചെയ്യുന്നു. വെളിയനാട് വാഴയിൽ ബിജുവാണ് ഭർത്താവ്. ഇലക്ട്രിക്കൽ കോൺട്രാക്ടറാണ് ബിജു. മക്കൾ ബിജോ, ബിനോ.

## 217. റെജി

തെക്കേത്തലയ്ക്കൽ നാലുപറയിൽ അപ്പച്ചന്റെയും



മറിയക്കുട്ടിയുടെയും ഇളയമകളാണ് റെജി. നഴ്സിംഗ് പഠനം പൂർത്തിയാക്കിയ റെജി ഇപ്പോൾ അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിൽ സ്റ്റാഫ് നഴ്സാണ്.

## 218. മേരിക്കുട്ടി

തെക്കേത്തലയ്ക്കൽ മൂലയിൽ കുട്ടപ്പന്റെയും അന്ന



മ്മയുടെയും മൂത്തമകളാണ് മേരിക്കുട്ടി. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ മേരിക്കുട്ടി ജർമ്മനിയിൽ സ്റ്റാഫ് നഴ്സായി. കിടങ്ങറ ചക്കാലയിൽ ജോർജ്ജുകുട്ടിയാണ് മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇന്ത്യൻ എയർലൈൻസിൽ ജോലിക്കാരനായിരുന്നു ജോർജുക്കുട്ടി. ഇരുവരും കുടുംബസമേതം ചങ്ങനാശ്ശേരിയിൽ താമസിക്കുന്നു. മക്കൾ റ്റോജോ, റ്റിജോ.

## 219. കുഞ്ഞമ്മ

തെക്കേത്തലയ്ക്കൽ മൂലയിൽ കുട്ടപ്പന്റെയും അന്ന



മ്മയുടെയും രണ്ടാമത്തെ മകളാണ് കുഞ്ഞമ്മ. ബി. എസ് സി നഴ്സിംഗ് പാസായ കുഞ്ഞമ്മ ജർമ്മനിയിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. പനയംപാല കുറുന്തോട്ടിക്കൽ ജീക്കുട്ടിയാണ് കുഞ്ഞമ്മയെ വിവാഹം കഴിച്ചത്. ജർമ്മനിയിൽ ജോലിക്കാരനാണ് ജീക്കുട്ടി. മക്കൾ ജോളി, ജോജോ, ജോസിനി.

## 220. ഗ്രേസിക്കുട്ടി

തെക്കേത്തലയ്ക്കൽ മൂലയിൽ കുട്ടപ്പന്റെയും അന്ന



മ്മയുടെയും ഇളയമകളാണ് ഗ്രേസിക്കുട്ടി. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ഗ്രേസിക്കുട്ടിയെ ചെക്കിടിക്കാട് ചെത്തിക്കളത്തിൽ തങ്കച്ചൻ വിവാഹം കഴിച്ചു. കൃഷിക്കാരനാണ് തങ്കച്ചൻ. ഇരുവരും കുടുംബസമേതം മൂലയിൽ താമസിക്കുന്നു. മകൾ റ്റിജി.

## 221. പാപ്പച്ചൻ

തെക്കേത്തലയ്ക്കൽ മൂലയിൽ മറിയാമ്മയുടെയും വെളിയനാട് കറുകയിൽ ചാക്കോച്ചന്റെയും മൂത്തമക



നാണ് പാപ്പച്ചൻ. കായൽനിലങ്ങളിൽ അറിയപ്പെടുന്ന പമ്പിംഗ് കരാറുകാരനാണ് പാപ്പച്ചൻ. ഭാര്യ ആലീസ്.

## 222. തോമസ്സുകുട്ടി



തെക്കേത്തലയ്ക്കൽ മൂലയിൽ മറിയാമ്മയുടെയും വെളിയനാട് കറുകയിൽ ചാക്കോച്ചന്റെയും രണ്ടാമത്തെ മകനാണ് തോമസ്സുകുട്ടി.

## 223. കുഞ്ഞച്ചൻ



തെക്കേത്തലയ്ക്കൽ മൂലയിൽ മറിയാമ്മയുടെയും വെളിയനാട് കറുകയിൽ ചാക്കോച്ചന്റെയും മൂന്നാമത്തെ മകനാണ് കുഞ്ഞച്ചൻ.

## 224. ലിസമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ മറിയാമ്മയുടെയും വെളിയനാട് കറുകയിൽ ചാക്കോച്ചന്റെയും മൂത്തമകളാണ് ലിസമ്മ.

## 225. എൽസമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ മറിയാമ്മയുടെയും വെളിയനാട് കറുകയിൽ ചാക്കോച്ചന്റെയും രണ്ടാമത്തെ മകളാണ് എൽസമ്മ.

## 226. തങ്കച്ചൻ



തെക്കേത്തലയ്ക്കൽ മൂലയിൽ മറിയാമ്മയുടെയും വെളിയനാട് കറുകയിൽ ചാക്കോച്ചന്റെയും ഇളയമകനാണ് തങ്കച്ചൻ. ഭാര്യ സെലിനാമ്മ.

## 227. ജോയിച്ചൻ



തെക്കേത്തലയ്ക്കൽ മൂലയിൽ തോമ്മാച്ചിയുടെയും പെണ്ണമ്മയുടെയും മൂത്ത മകനാണ് ജോയിച്ചൻ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ജോയിച്ചൻ സി. ആർ. പി. എഫിൽ ചേർന്നു. അതിനുശേഷം കുട്ടനാട്ടിലെ കായൽ നിലങ്ങളിൽ പമ്പിംഗ് കരാറുകാരനായി. ചമ്പക്കുളം തൈത്രകുടുംബാംഗമായ അമ്മിണിയാണ് ഭാര്യ. മക്കൾ ജീന, ജൻസൺ.

## 228. കുഞ്ഞമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ തോമ്മാച്ചിയുടെയും പെണ്ണമ്മയുടെയും മൂത്ത മകളാണ് കുഞ്ഞമ്മ. ഓസ്ട്രിയായിൽ സ്റ്റാഫ് നഴ്സാണ്. എടത്വാ കന്നേക്കോണിൽ മാത്തുക്കുട്ടിയാണ് കുഞ്ഞമ്മയെ വിവാഹം കഴിച്ചത്. കെ.എസ്.ആർ.ടി.സിയിൽ ജോലിക്കാരനായിരുന്നു മാത്തുക്കുട്ടി ഇപ്പോൾ ഓസ്ട്രിയായിൽ യു.എൻ. IAEA ജോലി ചെയ്യുന്നു. മക്കൾ മെമ്മോദ്, മിനിത.

## 229. മേരിക്കുട്ടി



തെക്കേത്തലയ്ക്കൽ മൂലയിൽ തോമ്മാച്ചിയുടെയും പെണ്ണമ്മയുടെയും രണ്ടാമത്തെ മകളാണ് മേരിക്കുട്ടി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മേരിക്കുട്ടിയെ കോയിൽമുക്ക് കറുകയിൽ ഔസേപ്പച്ചൻ വിവാഹം കഴിച്ചു. കൃഷിക്കാരനാണ് ഔസേപ്പച്ചൻ. മക്കൾ ബിന്ദു, സിന്ധു, സിബിന, സിനു.

## 230. കുട്ടിയമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ തോമ്മാച്ചിയുടെയും പെണ്ണമ്മയുടെയും മൂന്നാമത്തെ മകളാണ് കുട്ടിയമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസംപൂർത്തിയാക്കിയ കുട്ടിയമ്മയെ മിത്രക്കരി കൊച്ചുപുരയ്ക്കൽ കുഞ്ഞച്ചൻ വിവാഹം കഴിച്ചു. കൃഷിക്കാരനാണ് കുഞ്ഞച്ചൻ. മക്കൾ ജൂണി, ജോൺ.

## 231. അക്കാമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ തോമ്മാച്ചിയുടെയും പെണ്ണമ്മയുടെയും നാലാമത്തെ മകളാണ് അക്കാമ്മ. ഓസ്ട്രിയായിൽ സ്റ്റാഫ് നഴ്സായ അക്കാമ്മയെ നെടുമുടി കക്കാട് കന്നേക്കോണിൽ കുഞ്ഞുമോൻ വിവാഹം കഴിച്ചു. ഓസ്ട്രിയായിൽ ജോലിചെയ്തതിനുശേഷം ചങ്ങനാശ്ശേരിയിലെ പ്രശസ്തമായ അനശ്വര ഡിജിറ്റൽ കളർലാബിന്റെ ഉടമയാണ് കുഞ്ഞുമോൻ. മക്കൾ മെൽബി, മേബി.

## 232. ഏലാമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ തോമ്മാച്ചിയുടെയും പെണ്ണമ്മയുടെയും ഇളയമകളാണ് ഏലാമ്മ. കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ഏലാമ്മയെ പുളിംകുന്ന് കായൽപുറം കൊല്ലൂർ ഷാജി വിവാഹം കഴിച്ചു. ഡൽഹിയിൽ ജോലിക്കാരനാണ് ഷാജി. മക്കൾ റോഷ്നി, റോഷൻ

## 233. സാബു



തെക്കേത്തലയ്ക്കൽ മൂലയിൽ തോമ്മാച്ചിയുടെയും പെണ്ണമ്മയുടെയും രണ്ടാമത്തെ മകനാണ് സാബു. കോളജ് വിദ്യാഭ്യാസത്തിനുശേഷം പ്രിന്റിംഗ് ടെക്നോളജി ഡിപ്ലോമ പാസായ സാബു ഓസ്ട്രിയായിൽ ജോലി ചെയ്യുന്നു. പുതുക്കരി അഞ്ചിൽ കുടുംബാംഗമായ ആൻസിയാണ് ഭാര്യ. മക്കൾ എലിസബത്ത്, തോമസ്.

## 234. ഷിബു



തെക്കേത്തലയ്ക്കൽ മൂലയിൽ തോമ്മാച്ചിയുടെയും പെണ്ണമ്മയുടെയും മൂന്നാമത്തെ മകനാണ് ഷിബു. പ്രിന്റിംഗ് ടെക്നോളജിയിൽ ഡിപ്ലോമ നേടിയ ഷിബു ഓസ്ട്രിയായിൽ ജോലി ചെയ്യുന്നു. ആലുവ പ്രസന്നപുരം ആത്തപ്പള്ളി കുടുംബാംഗമായ ഷൈനിയാണ് ഭാര്യ. മക്കൾ നിഡിൻ, സിഡിൻ.

## 235. ജോജി



തെക്കേത്തലയ്ക്കൽ മൂലയിൽ തോമ്മാച്ചിയുടെയും പെണ്ണമ്മയുടെയും ഇളയമകനാണ് ജോജി. കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോജി അനശ്വര കളർലാബിന്റെ മാനേജരായി ജോലി ചെയ്യുന്നു. അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകൻ കൂടിയാണ് ജോജി. വൈശംഭാഗം വഞ്ചിക്കൽ കുടുംബാംഗമായ മെർളിനാണ് ഭാര്യ.

## 236. ജയിംസ്



തെക്കേത്തലയ്ക്കൽ മൂലയിൽ ദേവസ്യാച്ചന്റെയും മറിയാമ്മയുടെയും മൂത്തമകനാണ് ജയിംസ്. കോളജ് വിദ്യാഭ്യാസത്തിനുശേഷം കേന്ദ്രഗവൺമെന്റ് സർവ്വീസിൽ ജോലിക്കാരനായ ജയിംസ് ഇപ്പോൾ ഡൽഹിയിലെ കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൽ ജോലി ചെയ്യുന്നു. ചങ്ങനാശ്ശേരി ഒളശ്ശ കുടുംബാഗമായ ഫിലോമിനയാണ് ഭാര്യ. ഇരുവരും കുടുംബസമേതം ഡൽഹിയിൽ താമസിക്കുന്നു. മക്കൾ ജഫി, ജന്നി.

## 237. ജോസഫ്



തെക്കേത്തലയ്ക്കൽ മൂലയിൽ ദേവസ്യാച്ചന്റെയും മറിയാമ്മയുടെയും രണ്ടാമത്തെ മകനാണ് ജോസഫ്. പ്രിന്റിംഗ് ടെക്നോളജി പാസായ ജോസഫ് ബോംബെയിൽ ഓഫ്സെറ്റ് പ്രിന്ററാണ്. മുട്ടാർ ശ്രാമ്പിക്കൽ മറിയാമ്മയെ ജോസഫ് വിവാഹം കഴിച്ചു. റെയിൽവേയിൽ ഉദ്യോഗസ്ഥയാണ് മറിയാമ്മ. മക്കൾ ജോമിൻ, ജിൻസി.

## 238. അമ്മിണി



തെക്കേത്തലയ്ക്കൽ മൂലയിൽ ദേവസ്യാച്ചന്റെയും മറിയാമ്മയുടെയും മൂത്ത മകളാണ് അമ്മിണി. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ അമ്മിണിയെ മുട്ടാർ പുളിക്കക്കളത്തിൽ കുഞ്ഞുമോൻ വിവാഹം കഴിച്ചു. കൃഷിക്കാരനാണ് കുഞ്ഞുമോൻ. മക്കൾ റസി, റിനി.

## 239. തങ്കമ്മ

തെക്കേത്തലയ്ക്കൽ മൂലയിൽ ദേവസ്യാച്ചന്റെയും മറിയാമ്മയുടെയും രണ്ടാമത്തെ മകളാണ് തങ്കമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ തങ്കമ്മയെ തോട്ടയ്ക്കാട് നെല്ലിയ്ക്കൽ ബേബിച്ചൻ വിവാഹം കഴിച്ചു. ഡൽഹിയിൽ മാരുതി സർവ്വീസ് കമ്പനിയിലെ ഉദ്യോഗസ്ഥനാണ് ബേബിച്ചൻ. മക്കൾ നെബി, നിത.

## 240. കുഞ്ഞച്ചൻ



തെക്കേത്തലയ്ക്കൽ മൂലയിൽ ദേവസ്യാച്ചന്റെയും മറിയാമ്മയുടെയും മൂന്നാമത്തെ മകനാണ് കുഞ്ഞച്ചൻ. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കാർഷിക മേഖലയിലേക്ക് തിരിഞ്ഞ കുഞ്ഞച്ചൻ അറിയപ്പെടുന്ന പമ്പിംഗ് കോൺട്രാക്ടറാണ്. കുറുമ്പനാടം ...... കുടുംബാംഗമായ സൂസമ്മയാണ് ഭാര്യ. മക്കൾ സെബിൻ, സുബിൻ, ഷിബിൻ.

## 241. സൂസമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ ദേവസ്യാച്ചന്റെയും മറിയാമ്മയുടെയും ഇളയമകളാണ് സൂസമ്മ. സ്റ്റെനോഗ്രഫറായി ഡൽഹിയിൽ ജോലി ചെയ്യുന്ന സൂസമ്മയെ നെടുംകുന്നം പ്രക്കാട്ട്മണ്ണം ജോൺസി വിവാഹം കഴിച്ചു. മക്കൾ സിമ്മ, സിന്ധുക്കുട്ടി.

## 242. റവ. ഫാ. തോമസ് തെക്കേത്തലയ്ക്കൽ സി.എം.ഐ.



തെക്കേത്തല മൂലയിൽ ദേവസ്യാച്ചന്റെയും മറിയാമ്മയുടെയും ഇളയമകനാണ് 1968 ഏപ്രിൽ 15-ാം തീയതി ജനിച്ച ടോമിച്ചൻ. എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി പാസായ ടോമിച്ചൻ 1983 ജൂൺ 7-ാം തീയതി സി.എം.ഐ സഭയിൽ വൈദീക പഠനത്തിനു ചേർന്നു. 1986 സെപ്റ്റംബർ മാസം 8-ാം തീയതി ആദ്യ വൃതവാഗ്ദാനവും 1988 മാർച്ച് 19 ന് നിത്യവൃതവാഗ്ദാനവും നടത്തി 1997 ഡിസംബർ മാസം 27-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. കരിക്കംപള്ളി കുടുംബത്തിലെ ആദ്യപുരോഹിതനായ ഫാ. ഗ്രിഗോറിയോസ് സി.എം.ഐയുടെ പിൻതുടർച്ച ഫാ. തോമസ് സി.എം.ഐയിലൂടെ അഞ്ചാംതലമുറയിൽ എത്തിനില്ക്കുന്നു. ഊർജ്ജസ്വലമായ വ്യക്തിത്ത്വത്തിന്റെ ഉടമയായ ഫാ തോമസ് സി.എം.ഐ. തന്റെ പൗരോഹിത്യദൗത്യം സി.എം.ഐ സഭയുടെ ബഹുമുഖമായ കർമ്മ പരിപാടികൾക്ക് ചൈതന്യം പകരുന്നതിന് സമർപ്പിച്ചിരിക്കുന്നു. ഇപ്പോൾ ജർമ്മനിയിൽ വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

## 243. കുഞ്ഞമ്മ



തെക്കേത്തലയ്ക്കൽ മൂലയിൽ തെയ്യാമ്മയുടെയും കാട്ടിൽ പുത്തൻപുരയ്ക്കൽ വാവച്ചന്റെയും മൂത്തമകളാണ് കുഞ്ഞമ്മ. നഴ്സിംഗ് പഠനത്തിനുശേഷം ജർമ്മനിയിൽ ജോലിനേടിയ കുഞ്ഞമ്മയെ പായിപ്പാട് വെട്ടികാട് കണ്ണംകരി ജോസുകുട്ടി വിവാഹം കഴിച്ചു. ഇരുവരും ജർമ്മനിയിൽ ജോലി ചെയ്യുന്നു. മക്കൾ ജീസൺ ജൻസി.

## 244. ജോസ്



തെക്കേത്തലയ്ക്കൽ മൂലയിൽ തെയ്യാമ്മയുടെയും കാട്ടിൽ പുത്തൻ പുരയ്ക്കൽ വാവച്ചന്റെയും മൂത്തമകനാണ് ജോസ്. ബോംബയിൽ കമ്പനി ജോലിക്കാരനാണ് ജോസ്. പടഹാരം മാലിശേരി കുടുംബാംഗമായ ലില്ലിയാണ് ഭാര്യ. മക്കൾ ത്രേസ്യ, അലക്സ്.

## 245. തോമസ്



തെക്കേത്തലയ്ക്കൽ മൂലയിൽ തെയ്യാമ്മയുടെയും കാട്ടിൽ പുത്തൻ പുരയ്ക്കൽ വാവച്ചന്റെയും രണ്ടാമത്തെ മകനാണ് തോമസ്. ബഹറി

നിൽ ജോലിചെയ്യുന്നു. തൃശൂർ ഇല്ലിമൂട്ടിൽ കുടുംബാംഗ മായ സൂസമ്മയാണ് ഭാര്യ. മക്കൾ ടീന, സോനു, എഡ് വിൻ.

## 246. ബേബി

തെക്കേത്തലയ്ക്കൽ മൂലയിൽ തെയ്യാമ്മയുടെയും



കാട്ടിൽ പുത്തൻ പുരയ്ക്കൽ വാവച്ച ന്റെയും മൂന്നാ മത്തെ മകനാണ് ബേബി. സാങ്കേ തിക പഠനത്തിനു ശേഷം ബോംബെ യിൽ ജോലി. ചമ്പ ക്കുളം ചാലുത്ര കുടുംബാംഗമായ മോളിക്കുട്ടിയാണ് ഭാര്യ. മക്കൾ മോബിൻ, ഡെനി.

## 247. സണ്ണി

തെക്കേത്തലയ്ക്കൽ മൂലയിൽ തെയ്യാമ്മയുടെയും



കാട്ടിൽ പുത്തൻ പുരയ്ക്കൽ വാവച്ച ന്റെയും നാലാ മത്തെ മകനാണ് സണ്ണി. സങ്കേതിക പഠനത്തിനുശേഷം ബഹറിനിൽ ജോലി ചെയ്യുന്നു. തായ ങ്കരി പത്തിച്ചിറ റജി യാണ് ഭാര്യ. ബഹറിനിൽ നഴ്സാണ് റജി. മക്കൾ ആഗ്ന സ്, ക്രിസ്റ്റി.

## 248. മോളി

തെക്കേത്തലയ്ക്കൽ മൂലയിൽ തെയ്യാമ്മയുടെയും



കാട്ടിൽ പുത്തൻ പുരയ്ക്കൽ വാവച്ച ന്റെയും രണ്ടാ മത്തെ മകളാണ് മോളി. ഹൈ സ്കൂൾ വിദ്യാഭ്യാ സത്തിനുശേഷം പുതുക്കരി ചാത്ത നാട്ട് കുടുംബാംഗ മായ ജോസുകുട്ടി വിവാഹം കഴിച്ചു. ജോസുകുട്ടി നേവി യിൽ ജോലിക്കാരനാണ്. മക്കൾ അനൂപ്, ദീപ.

## 249. വത്സമ്മ

തെക്കേത്തലയ്ക്കൽ മൂലയിൽ തെയ്യാമ്മയുടെയും



കാട്ടിൽ പുത്തൻ പുരയ്ക്കൽ വാവച്ച ന്റെയും മൂന്നാ മത്തെ മകളാണ് വത്സമ്മ. ഹൈ സ്കൂൾ പഠനം പൂർത്തിയക്കിയ വത്സമ്മയെ മുട്ടാർ ചീരംവേലി മോൻസി വിവാഹം കഴിച്ചു. സിവിൽ സപ്ലൈസ് കോർപ റേഷനിൽ ജോലിചെയ്യുന്നു. മക്കൾ മീനുക്കുട്ടി, റീനു, നെവിൽ.

## 250. ജയിംസ്

തെക്കേത്തലയ്ക്കൽ മൂലയിൽ അന്തോനിക്കുട്ടിയു



ടെയും കുഞ്ഞമ്മ യുടെയും മൂത്തമക നാണ് ജയിംസ്. പ്രിന്റിംഗ് ടെക്നോ ളജി പാസായ ജയിംസ് ബഹറി നിൽ ജോലിക്കാര നാണ്. മുട്ടാർ ശ്രാമ്പിക്കൽ കുടും ബാംഗമായ ബെറ്റിയാണ് ഭാര്യ. മകൻ ജെബിൻ.

## 251. കുഞ്ഞുമോൾ

തെക്കേത്തലയ്ക്കൽ മൂലയിൽ അന്തോനിക്കുട്ടിയു



ടെയും കുഞ്ഞമ്മ യുടെയും മൂത്തമക ളാണ് കുഞ്ഞു മോൾ. കോളജ് വിദ്യാഭ്യാസത്തിനു ശേഷം അക്കൗ ണ്ടന്റായി ഡൽഹി യിൽ ജോലി ചെയ്യുന്ന കുഞ്ഞുമോളെ നീണ്ടപാറ പടിഞ്ഞാറേക്കര റ്റോമി വിവാഹം കഴിച്ചു. മക്കൾ ആഷ്വിൻ, ആഷ്മി.

## 252. മിനി

തെക്കേത്തലയ്ക്കൽ മൂലയിൽ അന്തോനിക്കുട്ടിയു



ടെയും കുഞ്ഞുമ്മ യുടെയും രണ്ടാ മത്തെ മകളാണ് മിനി. ഷാർജയിൽ നഴ്സായി ജോലി ചെയ്യുന്ന മിനിയെ കുറിച്ചി ആമ്പക്കാട്ട് ജോളി വിവാഹം കഴിച്ചു. മക്കൾ ജയ്മി.

## 253. ബിജു



തെക്കേത്തലയ്ക്കൽ മൂല യിൽ അന്തോനിക്കുട്ടിയുടെയും കുഞ്ഞമ്മയുടെയും രണ്ടാമത്തെ മകനാണ് ബിജു. പ്രീഡിഗ്രിയും കംപ്യൂട്ടർ ടെക്നോളജിയും പാസായ ബിജു അബുദാബി യിൽ ജോലി ചെയ്യുന്നു.

## 254. ജോമോൻ



തെക്കേത്തലയ്ക്കൽ മൂല യിൽ അന്തോനിക്കുട്ടിയുടെയും കുഞ്ഞമ്മയുടെയും ഇളയമക നാണ് ജോമോൻ പ്ലസ്ടു പഠന ത്തിനുശേഷം ബോംബെയിൽ ജോലി ചെയ്യുന്നു.

## 255. ടോമി

തെക്കേത്തലയ്ക്കൽ മൂലയിൽ റോസമ്മയുടെയും



മാട പ്പള്ളി എർണാകരി തോമ്മാച്ചന്റെയും മൂത്ത മകനാണ് ടോമി. പ്രിന്റിംഗ് ടെക്നോളജിയിൽ ഡിപ്ലോമ നേടി ബോംബെയിൽ ജോലിചെയ്യുന്നു. മുട്ടാർ വാലുകളത്തിൽ ജസിയാണ് ഭാര്യ. മക്കൾ

## 256. ലിസമ്മ

തെക്കേത്തലയ്ക്കൽ മൂലയിൽ റോസമ്മയുടെയും



മാട പ്പള്ളി എർണാകരി തോമ്മാച്ചന്റെയും മൂത്ത മകളാണ് ലിസമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ലിസമ്മയെ മുട്ടാർ കൊല്ലംമാലി സണ്ണിയെ വിവാഹം കഴിച്ചു. ഇരുവരും ബോംബെയിൽ ജോലി ചെയ്യുന്നു.

## 257. മോനിച്ചൻ

തെക്കേത്തലയ്ക്കൽ മൂലയിൽ റോസമ്മയുടെയും



മാട പ്പള്ളി എർണാകരി തോമ്മാച്ചന്റെയും രണ്ടാമത്തെ മകനാണ് മോനിച്ചൻ. പ്രിന്റിംഗ് ടെക്നോളജി പാസായ മോനിച്ചൻ മസ്ക്കറ്റിൽ ജോലി ചെയ്യുന്നു. മാമ്മൂട് നെടുംപമ്പിൽ ബിൻസിയാണ് ഭാര്യ. മസ്ക്കറ്റിൽ നഴ്സായി ജോലിചെയ്യുന്നു.

## 258. ലാലിച്ചൻ

തെക്കേത്തലയ്ക്കൽ മൂലയിൽ റോസമ്മയുടെയും



മാട പ്പള്ളി എർണാകരി തോമ്മാച്ചന്റെയും രണ്ടാമത്തെ മകനാണ് ലാലിച്ചൻ. പ്രിന്റിംഗ് ടെക്നോളജി പാസായ ലാലിച്ചൻ അബുദാബിയിൽ ജോലി ചെയ്യുന്നു. കുമാരനല്ലൂർ സപ്രാംവേലിൽ ഷൈലയാണ് ഭാര്യ. മക്കൾ

## 259. ജസി

തെക്കേത്തലയ്ക്കൽ മൂലയിൽ അന്നമ്മയുടെയും



തായങ്കരി നാല്പത്താറിൽ പാപ്പച്ചന്റെയും മൂത്തമകളാണ് ജസി. പായിപ്പട് അടവിച്ചിറ രാജുവാണ് ഭർത്താവ്.

## 260. ടോമി

തെക്കേത്തലയ്ക്കൽ മൂലയിൽ അന്നമ്മയുടെയും



തായങ്കരി നാല്പത്താറിൽ പാപ്പച്ചന്റെയും മൂത്ത മകനാണ് ടോമി. സൗദിയിലാണ്. ഭാര്യകുറിച്ചി കാഞ്ഞിരംത്തുമൂട് മിനിയാണ് ഭാര്യ മിനി നഴ്സാണ്.

## 261. സോഫി

തെക്കേത്തലയ്ക്കൽ മൂലയിൽ അന്നമ്മയുടെയും



തായങ്കരി നാല്പത്താറിൽ പാപ്പച്ചന്റെയും രണ്ടാമത്തെ മകളാണ് സോഫി. എടത്വാ കപ്പുമാങ്കൽ തങ്കച്ചനാണ് ഭർത്താവ്. തങ്കച്ചൻ സൗദിയിലാണ്.

## 262. ലാലിച്ചൻ

തെക്കേത്തലയ്ക്കൽ മൂലയിൽ അന്നമ്മയുടെയും



തായങ്കരി നാല്പത്താറിൽ പാപ്പച്ചന്റെയും ഇളയമകനാണ് ലാലിച്ചൻ. സൗദിയിൽ ജോലി ചെയ്യുന്നു. ഭാര്യ സോഫിയ നഴ്സാണ്.

## 263. വത്സമ്മ



ചെക്കിടിക്കാട് പഴയറയിൽ ചിന്നമ്മയുടെയും കേളമംഗലം പൂമംഗലത്ത് കുട്ടപ്പന്റെയും മൂത്ത മകളാണ് വത്സമ്മ. എടത്വാ മുണ്ടുവേലിൽ ബേബിച്ചൻ വത്സമ്മയെ വിവാഹം കഴിച്ചു. മക്കൾ ജിജോ, ജൂലി.

## 264. ജോർജ്ജുകുട്ടി

ചെക്കിടിക്കാട് പഴയറയിൽ ചിന്നമ്മയുടെയും കേളമംഗലം പൂമംഗലത്ത് കുട്ടപ്പന്റെയും മൂത്ത മകനാണ് ജോർജ്ജുകുട്ടി. കുന്നുമ്മ സൊസൈറ്റിയിൽ ജീവനക്കാരനാണ്. പുറക്കാട് ബന്തിയാനിക്കൽ തങ്കമ്മയാണ് ഭാര്യ. മക്കൾ ടെൻസി, ടീന.

## 265. ഫില്ലമ്മ



ചെക്കിടിക്കാട് പഴയറയിൽ ചിന്നമ്മയുടെയും കേളമംഗലം പൂമംഗലത്ത് കുട്ടപ്പന്റെയും രണ്ടാമത്തെ മകളാണ് ഫില്ലമ്മ. മണിമല പ്ലാന്തോട്ടം അപ്പച്ചൻകുട്ടിയാണ് ഭർത്താവ്. ബിസിനസുകാരനാണ് അപ്പച്ചൻകുട്ടി. മക്കൾ ഫിക്സി, പെയ്സി.

## 266. ജയിംസ്



ചെക്കിടിക്കാട് പഴയറയിൽ ചിന്നമ്മയുടെയും കേളമംഗലം പൂമംഗലത്ത് കുട്ടപ്പന്റെയും ഇളയമകനാണ് ജയിംസ്. കൃഷിയിൽ തൽപരനായ ജയിംസ് കോഴിമുക്ക് കന്നയിൽ തോട്ടുകടവിൽ ജസിയെ വിവാഹം കഴിച്ചു. മക്കൾ ജറിൻ, ജറോം.

## 267. തങ്കമ്മ



ചെക്കിടിക്കാട് പഴയറയിൽ സിസിലിയുടെയും ചമ്പക്കുളം കണിയാംപറമ്പിൽ വാവച്ചന്റെയും മൂത്തമകളാണ് തങ്കമ്മ. കടുത്തുരുത്തി ചാമക്കാലയിൽ ജോർജ്ജാണ് ഭർത്താവ്. ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു. മക്കൾ റിജോ, ജോ.

## 268. മേരിക്കുട്ടി



ചെക്കിടിക്കാട് പഴയറയിൽ സിസിലിയുടെയും ചമ്പക്കുളം കണിയാംപറമ്പിൽ വാവച്ചന്റെയും രണ്ടാമത്തെ മകളാണ് മേരിക്കുട്ടി. പുളിങ്കുന്ന് ഒറ്റപുരയ്ക്കൽ ബേബിച്ചനാണ് ഭർത്താവ്. മക്കൾ മീര, മേബി.

## 269. ബേബിച്ചൻ



ചെക്കിടിക്കാട് പഴയറയിൽ സിസിലിയുടെയും ചമ്പക്കുളം കണിയാംപറമ്പിൽ വാവച്ചന്റെയും മൂത്തമകനാണ് ബേബിച്ചൻ. ആലപ്പുഴ ചുങ്കത്ത് തോപ്പിൽ വീട്ടിൽ ജാൻസിയാണ് ഭാര്യ. മക്കൾ ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു. മക്കൾ ബിപിൻ, ബിൻസി.

## 270. അമ്മിണി

ചെക്കിടിക്കാട് പഴയറയിൽ സിസിലിയുടെയും ചമ്പക്കുളം കണിയാംപറമ്പിൽ വാവച്ചന്റെയും മൂന്നാമത്തെ മകളാണ് അമ്മിണി. കോക്കമംഗലം പടുവയിൽവീട്ടിൽ കുട്ടപ്പനാണ് ഭർത്താവ്. ചെന്നെയിൽ താമസിക്കുന്നു. മക്കൾ നീതു, നിറ്റു.

## 271. ജയിംസ്



ചെക്കിടിക്കാട് പഴയറയിൽ സിസിലിയുടെയും ചമ്പക്കുളം കണിയാംപറമ്പിൽ വാവച്ചന്റെയും രണ്ടാമത്തെ മകനാണ് ജയിംസ്. പ്രിന്റിംഗ് ടെക്നോളജിസ്റ്റായ ജയിംസ് കുറച്ചുനാൾ മസ്ക്കറ്റിൽ ജോലി ചെയ്തു. കണ്ണൂർ .......... കുടുംബാംഗമായ സാലിയാണ് ഭാര്യ. ഇപ്പോൾ വടക്കാഞ്ചേരിയിൽ താമസിക്കുന്നു. മക്കൾ ജസ്ലിൻ, ജോയൻ.

## 272. രാജു



ചെക്കിടിക്കാട് പഴയറയിൽ സിസിലിയുടെയും ചമ്പക്കുളം കണിയാംപറമ്പിൽ വാവച്ചന്റെയും മൂന്നാമത്തെ മകനാണ് രാജു. കോളജ്

വിദ്യാഭ്യാസം പൂർത്തിയാക്കിയ രാജു ചാലക്കുടി ...... കുടുംബാംഗമായ ജയ്സിയെ വിവാഹം കഴിച്ചു. ഇരുവരും ലണ്ടനിൽ ജോലി ചെയ്യുന്നു.

## 273. ജോസുമോൻ

ചെക്കിടിക്കാട് പഴയറയിൽ സിസിലിയുടെയും ചമ്പക്കുളം കണിയാംപറമ്പിൽ വാവച്ചന്റെയും ഇളയ മകനാണ്. തുരുത്തിയിൽ .... കുടുംബാംഗമായ ലീനയാണ് ഭാര്യ. ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു.



## 274. മോൻസി

ചെക്കിടിക്കാട് പഴയറ കുട്ടപ്പന്റെയും അന്നക്കുട്ടിയുടെയും മൂത്തമകനാണ് മോൻസി. കോട്ടയം കൈതക്കാട്ട് കുടുംബാംഗമായ കുഞ്ഞുമോളാണ് ഭാര്യ. മക്കൾ



## 275. കുഞ്ഞുമോൾ

ചെക്കിടിക്കാട് പഴയറ കുട്ടപ്പന്റെയും അന്നക്കുട്ടിയുടെയും മൂത്തമകളാണ് കുഞ്ഞുമോൾ. പായിപ്പാട് എഴുവന്താനം ടോമിച്ചനാണ് ഭർത്താവ്. മക്കൾ



## 276. ലാൻസി

ചെക്കിടിക്കാട് പഴയറ കുട്ടപ്പന്റെയും അന്നക്കുട്ടിയുടെയും രണ്ടാമത്തെ മകളാണ് ലാൻസി. ചങ്ങനാശേരി കുരിശുമൂട് പാലമുറി ബന്നിച്ചനാണ് ഭർത്താവ്. മക്കൾ



## 277. കുഞ്ഞുമോൻ

ചെക്കിടിക്കാട് പഴയറ കുട്ടപ്പന്റെയും അന്നക്കുട്ടിയുടെയും രണ്ടാമത്തെ മകനാണ് കുഞ്ഞുമോൻ. കൂടൽ പുത്തൻവീട്ടിൽ മിനിയാണ് ഭാര്യ. മക്കൾ



## 278. സിബിച്ചൻ

ചെക്കിടിക്കാട് പഴയറ തെയ്യാമ്മയുടെയും പറപ്പള്ളി അപ്പച്ചന്റെയും മൂത്തമകനാണ് സിബിച്ചൻ. എടത്വായിൽ ഓട്ടോ പാർട്സ് ബിസിനസ് നടത്തിവരുന്നു സിബിച്ചൻ. എടത്വാ വാഴപ്പറമ്പ് ലൈസാമ്മയാണ് ഭാര്യ. മക്കൾ അൻസു, അഞ്ചു.



## 279. എത്സമ്മ

ചെക്കിടിക്കാട് പഴയറ തെയ്യാമ്മയുടെയും പറപ്പള്ളി അപ്പച്ചന്റെയും മൂത്തമകളാണ് എത്സമ്മ. പുതുക്കരി കാരക്കാട്ട് തങ്കച്ചനാണ് ഭർത്താവ്. എടത്വായിലെ അറിയപ്പെടുന്ന ബിസിനസുകാരനാണ് തങ്കച്ചൻ. മക്കൾ ക്രിസ്റ്റി. എബിൻ.



## 280. സാബു

ചെക്കിടിക്കാട് പഴയറ തെയ്യാമ്മയുടെയും പറപ്പള്ളി അപ്പച്ചന്റെയും രണ്ടാമത്തെ മകനാണ് സാബു. പുളിങ്കുന്നിൽ സൂപ്പൽലോട്ടോ ബിസിനസ് നടത്തി വരുന്നു സാബു. തുമ്പോളി മാംവീട്ടിൽ സീനയാണ് ഭാര്യ. മകൻ സിബിൻ.



## 281. ജാസ്മിൻ

ചെക്കിടിക്കാട് പഴയറ തെയ്യാമ്മയുടെയും പറപ്പള്ളി അപ്പച്ചന്റെയും രണ്ടാമത്തെ മകളാണ് ജാസ്മിൻ. കേളക്കൊമ്പ് വേലിക്കളത്തിൽ വറീച്ചനാണ് ഭർത്താവ്. കുവൈറ്റിൽ ജോലിക്കാരനാണ് വറീച്ചൻ. മക്കൾ ജിബിൻ, ജിനു.



## 282. സി. ഫിൽസി മരിയ എസ്.എ.ബി.എസ്

ചെക്കിടിക്കാട് പഴയറ തെയ്യാമ്മയുടെയും പറപ്പള്ളി അപ്പച്ചന്റെയും മൂന്നാമത്തെ മകളാണ് 1975 ഡിസംബർ 8-ാം തീയതി ബാജിമോൾ ജനിച്ചു. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ബാജിമോൾ 2-6-92 ൽ ആരാധന സന്യാസ സമൂഹത്തിൽ അംഗമായിചേർന്നു. 10-2-96-ൽ ആദ്യവ്യതവാഗ്ദാനവും



4-11-01 ൽ നിത്യവൃതവാഗ്ദാനവും നടത്തി. തുടർന്ന് ടി. ടി.സി. പാസായ സി. ഫിൽസി മരിയ തമിഴ്നാട്ടിലുള്ള മല്ലികപുറത്ത് അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുന്നു.

## 283. സി. സിസി മരിയ എസ്.എ.ബി.എസ്

ചെക്കിടിക്കാട് പഴയറ തെയ്യാമ്മയുടെയും പറപ്പള്ളി



അപ്പച്ചന്റെയും നാലാമത്തെ മകളാണ് 1977 മെയ് 5-ന ജനിച്ച സിന്ധുമോൾ. അർപ്പിത ജീവിതത്തോടുള്ളു ആഗ്രഹം മൂലം 1993 ജൂൺ 6-നു ആരാധന സന്യാസ സഭാംഗമായി ചേർന്ന സി. സിസി മരിയ 1-2-1997 ൽ ആദ്യവൃതവാഗ്ദാനവും 9-4-02 ൽ നിത്യവൃതവാഗ്ദാനവും നടത്തി. തുടർന്ന് കോയമ്പത്തൂരിൽ ഫിസിയോതെറാപ്പി ഡിപ്ലോമ വിദ്യാർത്ഥിനിയാണ് സി. സിസി മരിയ.

## 284. സി. ടിൻസി മരിയ എസ്.എ.ബി.എസ്

ചെക്കിടിക്കാട് പഴയറ തെയ്യാമ്മയുടെയും പറപ്പള്ളി



അപ്പച്ചന്റെയും ഇളയമകളാണ് 16-2-80 ൽ ജനിച്ച സാന്റിമോൾ. സേവനതൽപരയായ സാന്റിമോൾ മൂത്തസഹോദരിമാരുടെ പാത പിൻതുടർന്ന് 1996 ജൂൺ 2-ന് ആരാധന സന്യാസസമൂഹാംഗമായി ചേർന്നു. 3-1-2000 ൽ ആദയവൃതവാഗ്ദാനം നടത്തിയ സി. റ്റിൻസാമരിയ ബിരുദവിദ്യാർത്ഥിനിയാണ്.

## 285. സുമോൻ

ചെക്കിടിക്കാട് പഴയറ അന്തോനിച്ചന്റെയും ലില്ലിക്കു



ട്ടിയുടെയും മൂത്തമകനാണ് സുമോൻ. പ്രിന്റിംഗ് ഡിപ്ലോമ പാസായ സുമോൻ ഷാർജയിൽ ജോലി ചെയ്യുന്നു. തായങ്കരി നിർമ്മൽ നിവാസിൽ ഷീബയാണ് ഭാര്യ. ഷാർജയിൽ നഴ്സായി ജോലി ചെയ്യുന്നു.

## 286. സുനി

ചെക്കിടിക്കാട് പഴയറ അന്തോനിച്ചന്റെയും ലില്ലിക്കു



ട്ടിയുടെയും മൂത്ത പുത്രിയാണ് സുനി. നഴ്സിംഗ് പാസായ സുനിയെ തായങ്കരി കേളംചേരി ബന്നിച്ചൻ വിവാഹം കഴിച്ചു. ഇരുവരും ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

## 287. മോനിച്ചൻ

ചെക്കിടിക്കാട് പഴയറ അന്തോനിച്ചന്റെയും ലില്ലിക്കു



ട്ടിയുടെയും രണ്ടാമത്തെ മകനാണ് മോനിച്ചൻ. ബി.എസ്സി കംപ്യൂട്ടർ കഴിഞ്ഞ് ബോംബെയിൽ ജോലി ചെയ്യുന്നു. പച്ച കൂട്ടക്കര കുടുംബാംഗമായ സാലിയെ വിവാഹം കഴിച്ചു. സാലി ബോംബെയിൽ ലാബ് ടെക്നീഷനായി ജോലി ചെയ്യുന്നു.

## 288. ബന്നിച്ചൻ



ചെക്കിടിക്കാട് പഴയറ അന്തോനിച്ചന്റെയും ലില്ലിക്കുട്ടിയുടെയും മൂന്നാമത്തെ മകനാണ് ബന്നിച്ചൻ. പ്രിന്റിംഗ് ടെക്നോളജി പാസായ ബന്നിച്ചൻ ഷാർജയിൽ ജോലി ചെയ്യുന്നു.

## 289. റെന്നിച്ചൻ



ചെക്കിടിക്കാട് പഴയറ അന്തോനിച്ചന്റെയും ലില്ലിക്കുട്ടിയുടെയും ഇളയ മകനാണ് റെന്നിച്ചൻ. മൾട്ടീമീഡിയ പാസായ റെന്നിച്ചൻ ബോംബെയിൽ ജോലി ചെയ്യുന്നു.

## 290. ജോസ് പാക്കള്ളി

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടിയു



ടെയും പാക്കള്ളി തോമ്മാച്ചിയുടെയും മൂത്ത മകനാണ് ജോസ്. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം മലഞ്ചരക്കുവ്യാപരത്തിലേക്ക് തിരിഞ്ഞ ജോസ് പുതുക്കരി കാരക്കാട്ട് കുടുംബാംഗമായ ശാന്തമ്മയെ വിവാഹം കഴിച്ചു. മക്കൾ: ജോഷി, ഷോജൻ.

## 291. കുട്ടിയമ്മ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടിയു



ടെയും പാക്കള്ളി തോമ്മാച്ചിയുടെയും മൂത്തമകളാണ് കുട്ടിയമ്മ. കോളജ് വിദ്യാഭ്യാസത്തിനുശേഷം കോഴിമുക്ക് കിഴക്കേയറ്റം ബാബു വിവാഹം കഴിച്ചു. ബാബു ഗൾഫിൽ ജോലി ചെയ്യുന്നു. മക്കൾ ലൗലി, ലിനോ, ലിറ്റി, ലിന്റോ, ലിജോ.

## 292. ജോർജ്ജ്കുട്ടി

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടിയു



ടെയും പാക്കള്ളി തോമ്മാച്ചിയുടെയും രണ്ടാമത്തെ മകനാണ് ജോർജ്ജുകുട്ടി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നു. കേരള കോൺഗ്രസ് മാണി ഗ്രൂപ്പിന്റെ വാർഡ് പ്രസിഡന്റും അറിയപ്പെടുന്ന പൊതു പ്രവർത്തകനുമാണ്. ചെക്കിടിക്കാട് ചെക്കപറമ്പിൽ അൽഫോൻസാമ്മയാണ് ഭാര്യ. മക്കൾ ഷിജോ, ഷിന്റോ, ഷിജി.

## 293. കുഞ്ഞച്ചൻ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടിയു



ടെയും പാക്കള്ളി തോമ്മാച്ചിയുടെയും മൂന്നാമത്തെ മകനാണ് കുഞ്ഞച്ചൻ. സാങ്കേതിക വിദ്യാഭ്യാസത്തിന് ശേഷം ബോംബെയിലും തുടർന്ന് ദക്ഷിണാഫ്രിക്കയിലും ജോലി ചെയ്തശേഷം തിരികെ നാട്ടിൽവന്ന കുഞ്ഞച്ചൻ, ആംബെ കോർപറേഷന്റെ മാർക്കറ്റിംഗിൽ പ്രവർത്തിക്കുന്നു. തിരുവൻവണ്ടൂർ തെക്കേമൊമ്മൂട്ടിൽ റോസമ്മയാണ് ഭാര്യ. മക്കൾ ഡെയിസി, ഡിനു, ഡിജു.

## 294. തങ്കച്ചൻ

കാട്ടിൽപടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടിയുടെയും പാക്കള്ളി തോമ്മാച്ചിയുടെയും നാലാ



മത്തെ മകനാണ് തങ്കച്ചൻ. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ഭഗീരഥ കൺസ്ട്രക്ഷൻസിൽ ജോലി നോക്കിയശേഷം ഇപ്പോൾ ബോംബെയിൽ കമ്പനി ജോലിക്കാരനാണ് തങ്കച്ചൻ. ബോംബെയിൽ ....... കുടുംബാംഗമായ ഷേർളിയാണ് ഭാര്യ.

## 295. അന്നമ്മ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടിയു



ടെയും പാക്കള്ളി തോമ്മാച്ചിയുടെയും അഞ്ചാമത്തെ മകനാണ് അന്നമ്മ. സ്റ്റെനോഗ്രാഫറായ അന്നമ്മ സൗദിയിൽ ജോലി ചെയ്യുന്നു. ചങ്ങനാശ്ശേരി പുത്തൻപുര കുടുംബാംഗമായ ബീനയാണ് ഭാര്യ. ബീന ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് ഹൈസ്കൂൾ ജീവനക്കാരിയാണ് ബീന. മകൻ എബിൻ.

## 296. കുഞ്ഞുമോൾ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടിയു



ടെയും പാക്കള്ളി തോമ്മാച്ചിയുടെയും രണ്ടാമത്തെ മകളാണ് കുഞ്ഞുമോൾ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ കുഞ്ഞുമോളെ തത്തംപള്ളി കണ്ടത്തിൽ കുഞ്ഞുമോൻ വിവാഹം കഴിച്ചു. മക്കൾ സ്നേഹ, സെബിൻ

## 297. ലിസമ്മ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടിയു



ടെയും പാക്കള്ളി തോമ്മാച്ചിയുടെയും മൂന്നാമത്തെ മകളാണ് ലിസമമ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ലിസമ്മയെ എടത്വ മണിപ്പുഴ രാജു വിവാഹം കഴിച്ചു.

## 298. മോനിച്ചൻ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടിയു



ടെയും പാക്കള്ളി തോമ്മാച്ചിയുടെയും ഇളയ പുത്രനാണ് മോനിച്ചൻ. ഹൈസ്കൂൾ പഠനത്തിനു ശേഷം കുവൈറ്റിൽ ജോലി ചെയ്യുന്നു.

## 299. ജോയിച്ചൻ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അപ്പച്ചന്റെയും



ഫിലോമിനായുടെയും മൂത്തമകനാണ് ജോയിച്ചൻ. സാങ്കേതിക പഠനത്തിനു ശേഷം ഗൾഫിൽ ജോലി ചെയ്യുന്നു. ചങ്ങനാശ്ശേരി വേലിക്കളത്തിൽ ജയമ്മയാണ് ഭാര്യ. മക്കൾ ജസി, ജസ്റ്റിൻ, ജറിൻ.

## 300. റോസമ്മ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അപ്പച്ചന്റെയും



ഫിലോമിനായുടെയും മൂത്തമകളാണ് റോസമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ റോസമ്മയെ കൊല്ലം കല്ലടഗ്രീലാന്റിൽ തങ്കച്ചൻ വിവാഹം കഴിച്ചു. ഇരുവരും ബോംബെയിൽ ജോലി ചെയ്യുന്നു. മക്കൾ ടിൻസി, ടാൻസൺ.

## 301. ജോസഫ്

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അപ്പച്ചന്റെയും



ഫിലോമിനായുടെയും രണ്ടാമത്തെ മകനാണ് ജോസഫ്. സാങ്കേതിക പഠനത്തിനുശേഷം ഷാർജയിൽ ജോലി ചെയ്യുന്നു. ചിറ്റാർ തൂങ്ങുപാലായിൽ സാലിയാണ് ഭാര്യ. മക്കൾ ജോസ്‌ലിൻ, ജസ്‌ലിൻ.

## 302. മാമ്മച്ചൻ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അപ്പച്ചന്റെയും



ഫിലോമിനായുടെയും മൂന്നാമത്തെ മകനാണ് മാമ്മച്ചൻ. സാങ്കേതിക പഠനത്തിനുശേഷം സൗദിയിൽ ജോലി ചെയ്യുന്നു. തൃക്കടിത്താനം ചക്കാലയിൽ ടെസിയാണ് ഭാര്യ. അദ്ധ്യാപികയാണ് ടെസി. മക്കൾ ടോണി, ടീന.

## 303. ബേബിച്ചൻ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അപ്പച്ചന്റെയും



ഫിലോമിനായുടെയും നാലാമത്തെ മകനാണ് ബേബിച്ചൻ. സാങ്കേതിക പഠനത്തിനുശേഷം ദുബായിൽ ജോലി ചെയ്യുന്നു. ചെങ്ങളം ഇളംപുരയിടത്തിൽ മാഗിയാണ് ഭാര്യ. മക്കൾ റോബിൻ, റിച്ചാർഡ്.

## 304. തോമസ്

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അപ്പച്ചന്റെയും



ഫിലോമിനായുടെയും അഞ്ചാമത്തെ മകനാണ് തോമസ്. സാങ്കേതിക പഠനത്തിനു ശേഷം ദുബായിൽ ജോലി ചെയ്യുന്നു. കൈനകരി ശീവേലിത്രയിൽ ഷെണിയാണ് ഭാര്യ. മക്കൾ ആൽവിൻ. ആൻസൺ.

## 305. ആൻസമ്മ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അപ്പച്ചന്റെയും



ഫിലോമിനായുടെയും ഇളയമകളാണ് ആൻസമ്മ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ആൻസമ്മയെ തകഴി ചെട്ടിയാംപറമ്പ് സാബു വിവാഹം കഴിച്ചു. ഖത്തറിൽ ജോലിക്കാരനാണ് സാബു. മക്കൾ അക്കി, അനു.

## *306. ജോൺസൺ*

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അപ്പച്ചന്റെയും ഫിലോമിനായുടെയും ഇളയമകനാണ് ജോൺസൺ. സാങ്കേതിക വിദ്യാഭ്യാസത്തിനു ശേഷം ഫോട്ടോഗ്രാഫി പാസായ ജോൺസൺ അറിയപ്പെടുന്ന ഫോട്ടോഗ്രാഫറാണ്.

## 307. കുഞ്ഞുമോൻ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ തൊമ്മിക്കുഞ്ഞിന്റെയും



പെണ്ണമ്മയുടെയും മൂത്തമകനാണ് കുഞ്ഞുമോൻ. സാങ്കേതിക വിദ്യാഭ്യാസത്തിനു ശേഷം ന്യൂസ്പേപ്പർ പ്രിന്ററായി സൗദിയിൽ ജോലി

ചെയ്യുന്നു. ആലപ്പുഴ പാലാതൈപ്പറമ്പിൽ സുമിയാണ് ഭാര്യ. മക്കൾ റിയ, റിറ്റി.

## 308. കുഞ്ഞുമോൾ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ തൊമ്മിക്കു



ഞ്ഞിന്റെയും പെണ്ണമ്മയുടെയും മൂത്തമകളാണ് കുഞ്ഞുമോൾ. നഴ്സിംഗ് പാസായ കുഞ്ഞുമോളെ എടത്വാ കുളപ്പുരയ്ക്കൽ ജയ്മോൻ വിവാഹം കഴിച്ചു.

## 309. തങ്കച്ചൻ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ തൊമ്മിക്കു



ഞ്ഞിന്റെയും പെണ്ണമ്മയുടെയും രണ്ടാമത്തെ മകനാണ് തങ്കച്ചൻ. കേരളകൗമുദിയിൽ പ്രിന്ററായി ജോലി ചെയ്യുന്നു. തൃക്കടിത്താനം കണ്ണംകുളം സനിതയാണ് ഭാര്യ. മക്കൾ അലൻ, അലീന.

## 310. ദേവസ്യാച്ചൻ



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ തൊമ്മിക്കുഞ്ഞിന്റെയും പെണ്ണമ്മയുടെയും മൂന്നാമത്തെ മകനാണ് ദേവസ്യാച്ചൻ. ബി.കോം പാസായ ദേവസ്യാച്ചൻ ട്രാവൽ ആൻഡ് ടൂറിസം പാസായ ശേഷം ദുബായിൽ ജോലിചെയ്യുന്നു.

## 311. ഔസേപ്പച്ചൻ



കാട്ടിൽ തൊമ്മിക്കുഞ്ഞിന്റെയും പെണ്ണമ്മയുടെയും നാലമത്തെ മകനാണ് ഔസേപ്പച്ചൻ. കാർമ്മൽ പോളിടെക്നിക്കിൽനിന്നും മെക്കാനിക്കൽ എൻജിനീയറിംഗിൽ ഒന്നാം റാങ്ക് നേടിയ ഔസേപ്പച്ചൻ തുടർന്ന് ബി.ടെക് പാസായി ദുബായിൽ മെക്കാനിക്കൽ എൻജിനീയറായി ജോലി ചെയ്യുന്നു.

## 312. കൊച്ചുമോൾ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ തൊമ്മിക്കു



ഞ്ഞിന്റെയും പെണ്ണമ്മയുടെയും ഇളയമകളാണ് കൊച്ചുമോൾ. ഹൈസ്കൂൾ വിദ്യാഭ്യാസനത്തിനുശേഷം കൊച്ചുമോളെ കൈതവന കൊച്ചുവല്ലയിൽ ബിനോജ് വിവാഹം കഴിച്ചു. ബിസിനസ്സുകാരനാണ് ബിനോജ്.

## 313. ഷേർളി

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അന്തമ്മയുടെയും എൽസമ്മയുടെയും മൂത്തമകളാണ് ഷേർളി.



ബിരുദത്തിനുശേഷം കംപ്യൂട്ടർ ഡിപ്ലോമ പാസായ ഷേർളിയെ കുറുമ്പനാടം തൈപ്പറമ്പിൽ ജോസ് വിവാഹം കഴിച്ചു. സൗദിയിൽ കംപ്യൂട്ടർ ഓപ്പറേറ്ററായി ജോസ് ജോലിചെയ്യുന്നു. മക്കൾ ജോയൽ, സിസറിൻ.

## 314. സോണി



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ അന്തമ്മയുടെയും എൽസമ്മയുടെയും മകനാണ് സോണി. ബിരുദത്തിനുശേഷം കംപ്യൂട്ടറിലും പ്രിന്റിംഗിലും ഡിപ്ലോമ നേടിയ സോണി സൗദിയിൽ ജോലി ചെയ്യുന്നു.

## 315. ലിസമ്മ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ ചാക്കമ്മയു



ടെയും മറിയാമ്മയുടെയും മൂത്തമകളാണ് ലിസമ്മ. നഴ്സിംഗ് പാസായ ലിസമ്മയെ പടഹാരം മുപ്പതിൽചിറ തോമ്മാച്ചൻ വിവാഹം കഴിച്ചു. ഇരുവരും കുവൈറ്റിൽ ജോലി ചെയ്യുന്നു. മക്കൾ

## 316. മോനിച്ചൻ



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ ചാക്കമ്മയുടെയും മറിയാമ്മയുടെയും ഏകമകനായ മോനിച്ചൻ കോളജ് വിദ്യാഭ്യാസത്തിനുശേഷം സൗദിയിൽ ജോലി ചെയ്യുന്നു. കരുനാഗപ്പള്ളി പട്ടന്റെഅയ്യത്ത് ഷീജയാണ് ഭാര്യ. മകൾ ജീന.

## 317. ലിജമ്മ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ ചാക്കമ്മയുടെയും മറിയാമ്മയുടെയും ഇളയമകളാണ് ലിജമ്മ. നഴ്സിംഗ് പാസായ ലിജമ്മയെ ചമ്പക്കുളം പാലത്തിങ്കൽ വിൽസൺ വിവാഹം കഴിച്ചു. ബി.എസ്.എഫിൽ ജോലിക്കാരനും അറിയപ്പെടുന്ന നീന്തൽതാരവുമായിരുന്ന വിൽസൺ 2003 മെയ് 29-ന് അകാലചരമമടഞ്ഞു. ഏക മകൾ അനുമോൾ.

## 318. സിബിച്ചൻ



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ തങ്കമ്മയുടെയും കുരമാടി വെട്ടിത്തുരുത്തേൽ തോമ്മച്ചന്റെയും മൂത്തമകനാണ് സിബിച്ചൻ. സൗദിയിൽ ജോലിക്കാരനാണ് സിബിച്ചൻ. കൊല്ലം കൃപാലയത്തിൽ സുമയാണ് ഭാര്യ. അദ്ധ്യാപികയാണ് സുമ. മക്കൾ സിമി, ജോബി.

## 319. ജിമ്മിച്ചൻ



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ തങ്കമ്മയുടെയും കുരമാടി വെട്ടിത്തുരുത്തേൽ തോമ്മച്ചന്റെയും രണ്ടാമത്തെ മകനാണ് ജിമ്മിച്ചൻ. ഹൈസ്കൂൾ പഠനത്തിന് ശേഷം രാജസ്ഥാനിൽ കമ്പനി ജോലിക്കാരനാണ്. കൊച്ചമ്മനം ജിതിൻഭവനിൽ ആൻസമ്മയാണ് ഭാര്യ. മക്കൾ ജിതിൻ, ജിബിൻ.

## 320. മാത്തുക്കുട്ടി



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ തങ്കമ്മയുടെയും കുരമാടി വെട്ടിത്തുരുത്തേൽ തോമ്മച്ചന്റെയും മൂന്നാമത്തെ മകനാണ് മാത്തുക്കുട്ടി. ഹൈസ്കൂൾ പഠനത്തിന് ശേഷം സൗദിയിൽ ജോലി ചെയ്യുന്നു. പാലക്കാട് കുന്നേൽ കുടുംബാംഗമായ മിനിയാണ് ഭാര്യ. മക്കൾ ചിഞ്ചു, ചിപ്പി.

## 321. അന്നമ്മ

പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ തങ്കമ്മയുടെയും കുരമാടി വെട്ടിത്തുരുത്തേൽ തോമ്മച്ചന്റെയും ഏകമകളാണ് അന്നമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അന്നമ്മയെ പൊടിയാടി വടക്കേടത്ത് ജോസുകുട്ടി വിവാഹം കഴിച്ചു. ഇലക്ട്രിക്കൽ കോൺട്രാക്ടറാണ് ജോസുകുട്ടി. മക്കൾ ജോയ്സ്മോൻ, ജോസ്മോൻ, ചിപ്പി.

## 322. ജോസി



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ കുട്ടിയമ്മയുടെയും വേലംകളം ജോയിച്ചന്റെയും മൂത്തമകനാണ് ജോസി. ഊർജ്ജസ്വലനും ഉത്സുകനുമായിരുന്നു ജോസി. ക്ഷണികമായ ഈലോക ജീവിതത്തിൽ തന്റെ തനതായ വ്യക്തിത്വം പ്രദർശിപ്പിച്ച ജോസി 18-ാമത്തെ വയസ്സിൽ 1996 ഏപ്രിൽ 5-ാം തീയതി ഈ ലോകത്തിലെ തന്റെ ബന്ധുജനങ്ങളോടും സ്നേഹിതരോടും എന്നന്നേക്കുമായി യാത്രപറഞ്ഞു.

## 323. ജോസ്മി



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ കുട്ടിയമ്മയുടെയും വേലംകളം ജോയിച്ചന്റെയും മൂത്തമകളാണ് ജോസ്മി. എം.ബി.എ വിദ്യാർത്ഥിനിയാണ് ജോസ്മി.

## 324. ജോസ്ന



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ കുട്ടിയമ്മയുടെയും വേലംകളം ജോയിച്ചന്റെയും രണ്ടാമത്തെ മകളാണ് ജോസ്ന. ബി.എസ്സിനഴ്സിംഗ് വിദ്യാർത്ഥിനിയാണ് ജോസ്ന.

## 325. ജോസിലി



പടഹാരം കാട്ടിൽ പുത്തൻപുരയ്ക്കൽ കുട്ടിയമ്മയുടെയും വേലംകളം ജോയിച്ചന്റെയും ഇളയമകളാണ് ജോസിലി. എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ് ജോസിലി.

## 326. ട്രീസാമ്മ

എഴുന്നൂറ്റിൽ രണ്ടുപറയിൽ കുട്ടച്ചന്റെയും ത്രേസ്യാമ്മയുടെയും മൂത്തമകളാണ് ട്രീസാമ്മ.



നഴ്സിംഗ് പാസായ ഗ്രീസാമ്മയെ കുളത്തൂർ മാടത്തുംമുറി സിജിയെ വിവാഹം ചെയ്തു. സിജി കുവൈറ്റിൽ എൻജിനീയറായി ജോലി ചെയ്യുന്നു. മക്കൾ ഡോൺ, ഡാരൻ.

## 327. ക്രിസ്റ്റി (മണിക്കുട്ടൻ)

എഴുന്നൂറ്റിൽ രണ്ടുപറയിൽ കുട്ടച്ചന്റെയും ത്രേസ്യാമ്മയുടെയും മൂത്തമകനാണ് ക്രിസ്റ്റി.



ഹൈദരാബാദിൽ നിന്ന് ലെസർഡോട്ടിൽനിന്നും പൊസസിംഗ് ടെക്നോളജി പാസായ ക്രിസ്റ്റി പ്ലാനറായി മസ്കറ്റിൽ ജോലി ചെയ്യുന്നു. വൈശുംഭാഗം മണലാടി ജിഷയാണ് ഭാര്യ. മകൾ കരോളിൻ.

## 328. ജോമോൻ



എഴുന്നൂറ്റിൽ രണ്ടുപറയിൽ കുട്ടച്ചന്റെയും ത്രേസ്യാമ്മയുടെയും രണ്ടാമത്തെ മകനാണ് ജോമോൻ. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയശേഷം എസി ഡിപ്ലോമ പാസായ ജോമോൻ ഹൈദരാബാദിൽ എസി & റഫ്രിജറേഷൻ സ്ഥാപനം നടത്തുന്നു.

## 329. ബിനു

എഴുന്നൂറ്റിൽ രണ്ടുപറയിൽ തോമ്മാച്ചന്റെയും



ത്രേസ്യാമ്മയുടെയും മൂത്തമകനാണ് ബിനു. പുന്നപ്ര കാർമ്മൽ പോളിടെക്നിക്കിൽനിന്നും ഉന്നത മാർക്കോടുകൂടി സിവിൽ ഡിപ്ലോമ പാസായ ബിനു സൗദിയിലെ ദമാമിൽ സിവിൽ സ്റ്റീൽ കമ്പനിയിൽ ജോലിക്കാരനായി. പഠനത്തോടുള്ള അധമ്യമായ ആഗ്രഹംമൂലം ബി.ടെക് പാസായ ബിനു ഓട്ടോകാഡിലും പ്രാവീണ്യം നേടി. തുരുത്തി നെടുംപറമ്പിൽ കുടുംബാംഗമായ സോളിയാണ് ഭാര്യ. എം.എസ്സി, ബി.എഡുകാരിയായി സോളി സൗദിയിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഇരുവരും മകൾ ആൻട്രീസയോടൊപ്പം സൗദിയിൽ കുടുംബസമേതം താമസിക്കുന്നു.

## 330. ബീന

എഴുന്നൂറ്റിൽ രണ്ടുപറയിൽ തോമ്മാച്ചന്റെയും



ത്രേസ്യാമ്മയുടെയും ഏകമകളാണ് ബീന. നഴ്സിംഗ് പാസായ ബീന ലണ്ടനിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. തൃക്കടിത്താനം മണിമുറിയിൽ ബെൻസനാണ് ഭർത്താവ്. എൻജിനീയറിംഗ് ഡിപ്ലോമ പാസായ ബെൻസൻ കംപ്യൂട്ടർ സെന്ററിൽ സേവനം ചെയ്യുന്നു. മകൾ ക്രിസ്റ്റി.

## 331. ബിജു



എഴുന്നൂറ്റിൽ രണ്ടുപറയിൽ തോമ്മാച്ചന്റെയും ത്രേസ്യാമ്മയുടെയും ഇളയമകനാണ് ബിജു. ബിരുദപഠനത്തിനുശേഷം മറൈൻ എൻജിനീയറിംഗ് ബിരുദം നേടിയ ബിജു മദ്രാസിൽ മറൈൻ ഓഫീസേഴ്സ് പരിശീലനം പൂർത്തിയാക്കി ഷിപ്പിൽ ജോല ചെയ്യുന്നു.

## 332. ജിസ്മോൾ



എഴുന്നൂറ്റിൽ രണ്ടുപറയിൽ ദേവസ്യാച്ചന്റെയും ആലീസിന്റെയും മൂത്തമകളാണ് ജിസ്മോൾ. ബാംഗ്ളൂർ കൃപാനധി കോളജിൽ മൂന്നാംവർഷ ഡിപ്ലോമ വിദ്യാർത്ഥിനിയാണ് ജിസ്മോൾ.

## 333. ജീന



എഴുന്നൂറ്റിൽ രണ്ടുപറയിൽ ദേവസ്യാച്ചന്റെയും ആലീസിന്റെയും രണ്ടാമത്തെ മകളാണ് ജീന. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ ആദ്യസംരംഭമായ ഫാഷൻ ഡിസൈനിംഗ് ആൻഡ് ടെക്നോളജി കോഴ്സിലെ ആദ്യ വിദ്യാർത്ഥിനിയാകുവാൻ ഭാഗ്യം സിദ്ധിച്ച ആളാണ് ജീന. ഭാരതത്തിലെ പ്രത്യേകിച്ച് കേരളത്തിന്റെ തനതായ വസ്ത്രസങ്കല്പത്തിന് ചാരുതയകുവാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കുകയാണ് ജീന തന്റെ ഈ പഠനത്തിലൂടെ.

## 334. ജിനോ



എഴുന്നൂറ്റിൽ രണ്ടുപറയിൽ ദേവസ്യാച്ചന്റെയും ആലീസിന്റെയും ഏകമനകനാണ് ജീനോ. പ്ലസ്ടു വിദ്യാർത്ഥിയാണ് ജീനോ.

## 335. ജിൽഫ



എഴുന്നൂറ്റിൽ രണ്ടുപറയിൽ ദേവസ്യാച്ചന്റെയും ആലീസിന്റെയും ഇളയമകളാണ് ജിൽഫ. പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 336. കൊച്ചുമോൾ



എഴുന്നൂറ്റിൽ രണ്ടുപറയിൽ ജോർജ്ജുകുട്ടിയുടെയും ത്രേസ്യാമ്മയുടെയും മൂത്തമകളാണ് കൊച്ചുമോൾ. പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 337. ജിബിൻ



എഴുന്നൂറ്റിൽ രണ്ടുപറയിൽ ജോർജ്ജുകുട്ടിയുടെയും ത്രേസ്യാമ്മയുടെയും ഏകമകനാണ് ജിബിൻ. ഒമ്പതാം ക്ലാസിൽ പഠിക്കുന്നു.

## 338. ജെഫി



എഴുന്നൂറ്റിൽ രണ്ടുപറയിൽ ജോർജ്ജുകുട്ടിയുടെയും ത്രേസ്യാമ്മയുടെയും രണ്ടാമത്തെ മകളാണ് ജെഫി. എട്ടാം ക്ലാസിൽ പഠിക്കുന്നു.

## 339. ജെസ്ലിൻ



എഴുന്നൂറ്റിൽ രണ്ടുപറയിൽ ജോർജ്ജുകുട്ടിയുടെയും ത്രേസ്യാമ്മയുടെയും ഇളയമകളാണ് ജെസ്ലിൻ. യു.കെ.ജിയിൽ പഠിക്കുന്നു.


*ആശംസകൾ*

**വെട്ടിത്തുരുത്ത് പുത്തൻപുര കുടുംബയോഗം**

**ചങ്ങനാശ്ശേരി**

## 401. ജോജോ



തെക്കേത്തലയ്ക്കൽ നാലുപറയിൽ ജോർജ്ജുകുട്ടിയുടെയും വത്സമ്മയുടെയും മൂത്ത മകനാണ് ജോജോ.

## 402. റവ. സി. മരിയാ എലേന



തെക്കേത്തലയ്ക്കൽ നാലുപറയിൽ ജോർജ്ജുകുട്ടിയുടെയും വത്സമ്മയുടെയും മൂത്തമകളാണ് നിർമ്മല എന്നു വിളിക്കപ്പെടുന്ന സി. മരിയ എലേനാ. സ്പെയിനിൽ നേഴ്സറി ടീച്ചറായി സേവനം ചെയ്യുന്നു സി. മരിയ എലേന.

## 403. ജിജോ



തെക്കേത്തലയ്ക്കൽ നാലുപറയിൽ ജോർജ്ജ്കുട്ടിയുടെയും വത്സമ്മയുടെയും രണ്ടാമത്തെ മകനാണ് ജിജോ. പി.ഡി.സിയും ഐ.ടി.ഐ ട്രേഡ് സർട്ടിഫിക്കറ്റും നേടിയ ജിജോ ബോംബെയിൽ ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു.

## 404. നിഷാമോൾ



തെക്കേത്തലയ്ക്കൽ നാലുപറയിൽ ജോർജ്ജ്കുട്ടിയുടെയും വത്സമ്മയുടെയും ഇളയമകളാണ് നിഷാമോൾ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 405. ജയേഷ്



തെക്കേത്തലയ്ക്കൽ നാലുപറയിൽ തങ്കച്ചന്റെയും കുഞ്ഞമ്മയുടെയും മൂത്തമകനായ ജയേഷ് ഒന്നാം വർഷ എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്.

## 406. ആശിഷ്



തെക്കേത്തലയ്ക്കൽ നാലുപറയിൽ തങ്കച്ചന്റെയും കുഞ്ഞമ്മയുടെയും രണ്ടാമത്തെ മകനാണ് ആശിഷ്. പ്ലസ്ടു വിദ്യാർത്ഥിയാണ്.

## 407. അഭിലാഷ്



തെക്കേത്തലയ്ക്കൽ നാലുപറയിൽ തങ്കച്ചന്റെയും കുഞ്ഞാമ്മയുടെയും ഇളയമകനാണ് അഭിലാഷ് +2 വിദ്യാർത്ഥിയാണ്.

## 408. റ്റിജോമോൻ

തെക്കേത്തലയ്ക്കൽ നാലുപറയിൽ ജോണിച്ചന്റെയും ലൈസാമ്മയുടെയും മൂത്തപുത്രനായ റ്റിജോമോൻ ബാംഗ്ളൂരിൽ കമ്പനിയിൽ ജോലി ചെയ്യുന്നു.

## 409. റ്റീനാമോൾ

തെക്കേത്തലയ്ക്കൽ നാലുപറയിൽ ജോണിച്ചന്റെയും ലൈസാമ്മയുടെയും മകളായ റ്റീനാമോൾ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 410. അഞ്ചുമോൾ



തെക്കേത്തലയ്ക്കൽ നാലുപറയിൽ കുഞ്ഞച്ചന്റെയും ഗ്രേസമ്മയുടെയും മൂത്തമകളായ അഞ്ചുമോൾ 7-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 411. ചിഞ്ചുമോൾ



തെക്കേത്തലയ്ക്കൽ നാലുപറയിൽ കുഞ്ഞച്ചന്റെയും ഗ്രേസിമ്മയുടെയും രണ്ടാമത്തെ മകളായ ചിഞ്ചുമോൾ 5-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 412. സിജോമോൻ



തെക്കേത്തലയ്ക്കൽ നാലുപറയിൽ കുഞ്ഞച്ചന്റെയും ഗ്രേസിമ്മയുടെയും മൂത്തമകനാണ് സിജോമോൻ.

## 413. റോസ്മേരി



തെക്കേത്തലയ്ക്കൽ നാലുപറയിൽ കുഞ്ഞുമോന്റെയും ജൂലിയുടെയും മകളാണ് റോസ്മേരി.

## 414. അജോ



തെക്കേത്തലയ്ക്കൽ നാലുപറയിൽ ആന്റപ്പന്റെയും ആൻസമ്മയുടെയും മൂത്തമകനാണ് അജോ. ഒന്നാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 415. അലീന



തെക്കേത്തലയ്ക്കൽ നാലുപറയിൽ ആന്റപ്പന്റെയും ആൻസമ്മയുടെയും മുത്തമകളാണ് അലീന.

## 416. സിജോ



തെക്കേത്തലയ്ക്കൽ നാലുപറയിൽ സിബിയുടെയും സാലിയുടെയും മകളാണ് സിജോ.

## 417. ബിജോയി

തെക്കേത്തലയ്ക്കൽ നാലുപറയിൽ കുഞ്ഞമോളുടെയും വെളിയനാട് വാഴയിൽ ബിജുവിന്റെയും മൂത്തുപുത്രനാണ് ബിജോയി.

## 418. ബിനോ

തെക്കേത്തലയ്ക്കൽ നാലുപറയിൽ കുഞ്ഞുമോളുടെയും വെളിയനാട് വാഴയിൽ ബിജുവിന്റെയും രണ്ടാമത്തെ മകനാണ് ബിനോ

## 419. റ്റോജോ



തെക്കേത്തലയ്ക്കൽ മൂലയിൽ മേരിക്കുട്ടിയുടെയും കിടങ്ങറ ചക്കാലയിൽ ജോർജ്ജുകുട്ടിയുടെയും മൂത്തമകനായ റ്റോജോ ബി.കോം ബിരുദ വിദ്യാർത്ഥിയാണ്.

## 420. റ്റിജോ



തെക്കേത്തലയ്ക്കൽ മൂലയിൽ മേരിക്കുട്ടിയുടെയും ചക്കാലയിൽ ജോർജ്ജുകുട്ടിയുടെയും ഇളയമകനായ റ്റിജോ പ്ലസ്ടു വിദ്യാർത്ഥിയാണ്.

## 421. ജോളി



തെക്കേത്തലയ്ക്കൽ മൂലയിൽ കുഞ്ഞമ്മയുടെയും കുറുന്തോട്ടിക്കൽ ജീക്കുട്ടിയുടെയും മൂത്തമകളായ ജോളി. ജർമ്മനിയിൽ സ്റ്റാഫ് നഴ്സാണ് ജോളി.

## 422. ജോജോ



തെക്കേത്തലയ്ക്കൽ മൂലയിൽ കുഞ്ഞമ്മയുടെയും കുറുന്തോട്ടിക്കൽ ജീക്കുട്ടിയുടെയും മൂത്തമകനാണ് ജോജോ 13-ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 423 ജോസിനി



തെക്കേത്തലയ്ക്കൽ മൂലിയൽ കുഞ്ഞമ്മയുടെയും കുറുന്തോട്ടിക്കൽ ജീക്കുട്ടിയുടെയും ഇളയമകളായ ജോസ്നി രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 424. റ്റിജി



തെക്കേത്തലയ്ക്കൽ മൂലിയൽ ഗ്രേസിക്കുട്ടിയുടെയും ചെകിടിക്കാട് ചെത്തിക്കളത്തിൽ തങ്കച്ചന്റെയും ഏകമകളാണ് റ്റിജി. ഏഴാം ക്ലാസിൽ പഠിക്കുന്നു.

## 425. ജീന



തെക്കേത്തലയ്ക്കൽ മൂലയിൽ ജോയിയുടെയും അമ്മിണിയുടെയും മൂത്തമകളാണ് ജീനാ. ജനറൽ നഴ്സിംഗ് പാസായ ജീനാ ബിരുദത്തിനു പഠിക്കുന്നു.

## 426. ജൻസൺ



തെക്കേത്തലയ്ക്കൽ മൂലയിൽ ജോയിയുടെയും അമ്മിണിയുടെയും ഏകമകനായ ജൻസൺ മെക്കാനിക്കൽ എൻജിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥിയാണ്.

## 427. മെമ്മോദ്



തെക്കേത്തലയ്ക്കൽ മൂലയിൽ കുഞ്ഞമ്മയുടെയും കന്നേക്കോണിൽ മാത്തുക്കുട്ടിയുടെയും മൂത്തമകനാണ് മെമ്മോദ്. ഓസ്ട്രിയായിൽ ബിരുദത്തിനുശേഷം അവിടെ ജോലി ചെയ്യുന്നു.

## 428. മിനിത



തെക്കേത്തലയ്ക്കൽ മൂലയിൽ കുഞ്ഞമ്മയുടെയും കന്നേക്കോണിൽ മാത്തുക്കുട്ടിയുടെയും മകളാണ് മിനിത. ഓസ്ട്രിയായിൽ ജോലി ചെയ്യുന്നു.

## 429. ബിന്ദു



തെക്കേത്തലയ്ക്കൽ മൂലയിൽ മേരിക്കുട്ടിയുടെയും കറുകയിൽ ഔസേപ്പച്ചന്റെയും മൂത്തമകളാണ് ബിന്ദു. സ്റ്റാഫ് നഴ്സായ ബിന്ദുവിനെ ചേന്നങ്കരി മുരുവേലിൽ കുഞ്ഞുമോൻ വിവാഹം കഴിച്ചു.

## 430. സിന്ധു



തെക്കേത്തലയ്ക്കൽ മൂലയിൽ മേരിക്കുട്ടിയുടെയും കറുകയിൽ ഔസേപ്പച്ചന്റെയും രണ്ടാമത്തെ മകളായ സിന്ധു ഇൻഡോറിൽ കംപ്യൂട്ടർ ജോലി ചെയ്യുന്നു.

## 431. സിബിന



തെക്കേത്തലയ്ക്കൽ മൂലയിൽ മേരിക്കുട്ടിയുടെയും കറുകയിൽ ഔസേപ്പച്ചന്റെയും ഇളയമകളായ സിബിന പ്ലസ്ടു വിദ്യാർത്ഥിനിയാണ്.

## 432. സിനു



തെക്കേത്തലയ്ക്കൽ മൂലയിൽ മേരിക്കുട്ടിയുടെയും കറുകയിൽ ഔസേപ്പച്ചന്റെയും ഏകമകനായ സിനു ഹൈസ്കൂൾ വിദ്യാർത്ഥിയാണ്.

## 433 ജൂണി



തെക്കേത്തലയ്ക്കൽ മൂലയിൽ കുട്ടിയമ്മയുടെയും കൊച്ചുപുരയ്ക്കൽ കുഞ്ഞച്ചന്റെയും മൂത്തമകളായ ജൂണി ജനറൽ നഴ്സിംഗ് വിദ്യാർത്ഥിനിയാണ്.

## 434. ജോൺ



തെക്കേത്തലയ്ക്കൽ മൂലയിൽ കുട്ടിയമ്മയുടെയും കൊച്ചുപുരയ്ക്കൽ കുഞ്ഞച്ചന്റെയും മകനായ ജോൺ പ്ലസ്ടു വിദ്യാർത്ഥിയാണ്.

## 435. മെൽബി



തെക്കേത്തലയ്ക്കൽ മൂലയിൽ അക്കാമ്മയുടെയും കക്കാട് കന്നേക്കോണിൽ കുഞ്ഞുമോന്റെയും മൂത്തമകളായ മെൽബി 5ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 336. മേബി



തെക്കേത്തലയ്ക്കൽ മൂലയിൽ അക്കാമ്മയുടെയും കക്കാട് കന്നേക്കോണിൽ കുഞ്ഞുമോന്റെയും ഇളയമകളാണ് മേബി. രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 437. റോഷ്നി



തെക്കേത്തലയ്ക്കൽ മൂലയിൽ ഏലാമ്മയുടെയും കൊല്ലൂർ ഷാജിയുടെയും മൂത്തമകളാണ് റോഷ്നി. ഡൽഹിയിൽ പഠിക്കുന്നു

## 438. റോഷൻ



തെക്കേത്തലയ്ക്കൽ മൂലയിൽ ഏലാമ്മയുടെയും കൊല്ലൂർ ഷാജിയുടെയും മൂത്തമകനാണ് റോഷൻ. ഡൽഹിയിൽ പഠിക്കുന്നു

## 439. എലിസബത്ത്



തെക്കേത്തലയ്ക്കൽ മൂലയിൽ സാബുവിന്റെയും ആൻസിയുടെയും മൂത്തമകളാണ് എലിസബത്ത്.

## 440. ടോം

തെക്കേത്തലയ്ക്കൽ മൂലയിൽ സാബുവിന്റെയും ആൻസിയുടെയും മൂത്തമകനാണ് ടോം.

## 441. നിധിൻ



തെക്കേത്തലയ്ക്കൽ മൂലയിൽ ഷിബുവിന്റെയും ഷൈനിയുടെയും മൂത്തമകനാണ് നിധിൻ.

## 442. സിധിൻ

തെക്കേത്തലയ്ക്കൽ മൂലയിൽ ഷിബുവിന്റെയും ഷൈനിയുടെയും രണ്ടാമത്തെ മകനാണ് സിധിൻ.

## 443. ജഫി



തെക്കേത്തലയ്ക്കൽ മൂലയിൽ ജയിംസിന്റെയും ഫിലോമിനായുടെയും മൂത്തമകനായ ജഫി എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്.

## 444. ജനി

തെക്കേത്തലയ്ക്കൽ മൂലയിൽ ജയിംസിന്റെയും ഫിലോമിനയുടെയും മൂത്തമകളാണ് ജനി പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 445. ജോമിൻ



തെക്കേത്തലയ്ക്കൽ മൂലയിൽ ജോസഫിന്റെയും മറിയാമ്മയുടെയും മൂത്തമകനായ ജോമിൻ +1 വിദ്യാർത്ഥിയാണ്.

## 446. ജിൻസി



തെക്കേത്തലയ്ക്കൽ മൂലയിൽ ജോസഫിന്റെയും മറിയാമ്മയുടെയും മകളായ ജിൻസി നാലാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 447. റിസി



തെക്കേത്തലയ്ക്കൽ മൂലയിൽ അമ്മിണിയുടെയും പുളിക്കക്കളം കുഞ്ഞുമോന്റെയും മൂത്തമകളായ റിസി നഴ്സിംഗ് വിദ്യാർത്ഥിനിയാണ്.

## 448. റിനി



തെക്കേത്തലയ്ക്കൽ മൂലയിൽ അമ്മിണിയുടെയും പുളിക്കക്കളം കുഞ്ഞുമോന്റെയും ഇളയ മകളായ റിനി 6ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 449. നെബി

തെക്കേത്തലയ്ക്കൽ മൂലയിൽ തങ്കമ്മയുടെയും നെല്ലിക്കൽ ബേബിച്ചന്റെയും മൂന്നാമത്തെ പുത്രിയാണ് നെബി. പ്ലസ് വൺ വിദ്യാർത്ഥിയാണ്.

## 450. നിത

തെക്കേത്തലയ്ക്കൽ മൂലയിൽ തങ്കമ്മയുടെയും നെല്ലിക്കൽ ബേബിച്ചന്റെയും ഇളയമകളാണ് നിത. ആറാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 451. സെബിൻ



തെക്കേത്തലയ്ക്കൽ മൂലയിൽ കുഞ്ഞച്ചന്റെയും സൂസമ്മയുടെയും മൂത്തപുത്രനായ സെബിൻ പത്താം ക്ലാസ് വിദ്യാർത്ഥിയാണ്.

## 452. സുബിൻ



തെക്കേത്തലയ്ക്കൽ മൂലയിൽ കുഞ്ഞച്ചന്റെയും സൂസമ്മയുടെയും രണ്ടാമത്തെ പുത്രനായ സുബിൻ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 353. ഷിബിൻ

തെക്കേത്തലയ്ക്കൽ മൂലയിൽ കുഞ്ഞച്ചന്റെയും സൂസമ്മയുടെയും ഇളയമകനാണ് ഷിബിൻ.

## 354. സിമ്മി



തെക്കേത്തലയ്ക്കൽ മൂലയിൽ സൂസമ്മയുടെയും പ്രക്കാട്മണ്ണം ജോൺസിയുടെയും മൂത്തമകളാണ് സിമ്മി. 5-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 455. സിന്ധുക്കുട്ടി

തെക്കേത്തലയ്ക്കൽ മൂലയിൽ സൂസമ്മയുടെയും പ്രക്കാട്ടമണ്ണം ജോൺസിയുടെയും ഇളയമകളാണ് സിന്ധുക്കുട്ടി.

## 456. ജെബിൻ

തെക്കേത്തലയ്ക്കൽ മൂലയിൽ ജയിംസിന്റെയും ബെറ്റിയുടെയും മകനാണ് ജെബിൻ.,

## 457. ആഷ്വിൻ



തെക്കേത്തലയ്ക്കൽ മൂലയിൽ കുഞ്ഞുമോളുടെയും പടിഞ്ഞാറേക്കര റ്റോമിയുടെയും മൂത്തമകനാണ് ആഷ്വിൻ.

## 458. ആഷ്മി



തെക്കേത്തലയ്ക്കൽ മൂലയിൽ കുഞ്ഞുമോളുടെയും പടിഞ്ഞാറേക്കര റ്റോമിയുടെയും ഇളയമകളാണ് ആഷ്മി.

## 459. ജയ്മി



തെക്കേത്തലയ്ക്കൽ മൂലയിൽ മിനിയുടെയും ആമ്പക്കാട്ട് ജോളിയുടെയും മകളാണ് ജയ്മി.

ആശംസകൾ

# പുതിയാമഠം

## കുടുംബയോഗം

### ചമ്പക്കുളം

# തെക്കേത്തലയ്ക്കൽ കളത്തിപ്പറമ്പ് കുടുംബം തലമുറകളിലൂടെ



# തെക്കേത്തലയ്ക്കൽ കളത്തിപ്പറമ്പ് കുടുംബം തലമുറകളിലൂടെ

101 മറിയക്കുട്ടി & ബേബിച്ചൻ-ചാലേത്ര-ചമ്പക്കുളം
102 ഏലമ്മ & ജോയിച്ചൻ-16 പറ-കൈനകരി
103 കുട്ടിയമ്മ & ജോബ്-40ൽ ചിറ-കണ്ണാടി
104 ബേബിച്ചൻ & അച്ചാമ്മ-പുത്തൻപറമ്പ്-പുറക്കാട്
105 ത്രേസ്യാമ്മ & വാവച്ചൻ-പള്ളിച്ചിറ
106 ലില്ലിക്കുട്ടി & ജോണി മുതിരക്കാല-നെടുങ്കുന്നം
107 വക്കച്ചൻ & മറിയക്കുട്ടി-നാലുപറക്കളം-പുന്നക്കുന്നത്തുശ്ശേരി
108 ജോയിച്ചൻ & മേരിക്കുട്ടി-താളിപ്പറമ്പ്-കൈനകരി
109 തോമസ്സ് & ഗ്രേസി-വാണിയപ്പുരയ്ക്കൽ-പച്ച
110 ജോർജ്ജ്കുട്ടി & ഓമന-ഒട്ടത്തിൽ-പായിപ്പാട്
111 വത്സമ്മ & ജോസ്-മണത്തറ-ചമ്പക്കുളം
112 ജെയിംസ് & ലൈസാമ്മ-വാഴയിൽ-വെളിയനാട്
113 സൂസ്സമ്മ & ജോഷി - കാട്ടൂർ-നെടുംങ്കുന്നം
201 വിനീഷ് (ബേബിച്ചന്റെ മക്കൾ)
202 അനീഷ് (ബേബിച്ചന്റെ മക്കൾ)
203 മോളി & രാജു-കളപ്പുരയ്ക്കൽ-കണ്ടങ്കരി(വക്കച്ചന്റെ മക്കൾ)
204 ജാൻസി & ലാലു-കുന്നിൽ-കുമരകം
205 Sr. മെറീയറ്റ് S.A.B.S.
206 Sr. റോസിലറ്റ് S.A.B.S.
207 സാബു
208 കുഞ്ഞുമോൾ & പോൾ-തിരുവാമ്പാടി-ആലപ്പുഴ
209 സിജിമോൻ
210 സിബി & ഡെയിസി (ജോയിച്ചന്റെ മക്കൾ) ആലപ്പുഴ
211 വിജി & കുഞ്ഞുമോൻ-ഊരാംവേലിൽ-എടത്വ
212 സാന്റി & തങ്കച്ചൻ, മാടപ്പള്ളി
213 Sr. മെറീന
214 ഷേണായി
215 ലിസ്സിയാ & കുട്ടപ്പായി (തോമസിന്റെ മക്കൾ) മങ്കൊമ്പ്
216 റോസിലി & ജോയിച്ചൻ -കുന്നപ്പറമ്പ്-ആലപ്പുഴ
217 ബിനോയി
218 ബൈനി
219 കൊച്ചുമോൻ
220 ക്രിസ്റ്റ് (ജോർജ്കുട്ടിയുടെ മക്കൾ)
221 ക്രിറ്റി (ജോർജ്കുട്ടിയുടെ മക്കൾ)
222 ക്രിസ്റ്റേഫർ (ജോർജ്കുട്ടിയുടെ മക്കൾ)
223 ലിസ (ജെയിംസിന്റെ മക്കൾ)
224 ലീനാ (ജെയിംസിന്റെ മക്കൾ)

# കളത്തിപ്പറമ്പ് ശാഖ

## ചാക്കോ

തെക്കേതലയ്ക്കൽ ഔസേപ്പിന്റേയും പുന്നക്കുന്നത്തുശ്ശേരി കാപ്പിൽ കോയിപ്പള്ളിൽ മറിയത്തിന്റേയും രണ്ടാമത്തെ പുത്രനാണ് ചാക്കോ. കൃഷിയിലും തുടർന്ന് മലഞ്ചരക്ക് കച്ചവടത്തിലും പ്രാഗൽഭ്യം തെളിയിച്ച വ്യക്തിയായിരുന്നു ചാക്കോ. നല്ല ശബ്ദ ഗാംഭീര്യം ഉണ്ടായിരുന്നതിനാൽ കല്യാണഅടിയന്തരങ്ങൾ ശവസംസ്കാരചടങ്ങുകൾ തുടങ്ങിയവയിൽ സജീവസാന്നിദ്ധ്യവും, നേതൃത്വവും നല്കി മുമ്പിൽ നിൽക്കുവാൻ ചാക്കോ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. എടത്വാ ഊരാംവേലിൽ അന്നമ്മയെ ചാക്കോ വിവാഹം കഴിച്ചു. മക്കൾ.: കറിയാച്ചൻ, ഔസക്കുട്ടി. 1949 ആഗസ്റ്റ് 10 ന് ചാക്കോയും 1974 ആഗസ്റ്റ് 6 ന് ഭാര്യ അന്നമ്മയും ഇഹലോകവാസം വെടിഞ്ഞു. ഇരുവരുടേയും ഭൗതീക ശരീരം എടത്വാപള്ളി സിമിത്തേരിയിൽ അടക്കം ചെയ്തു.

## 1. കറിയാച്ചൻ

കളത്തിൽ പറമ്പിൽ ചാക്കോയുടേയും അന്നമ്മയുടേയും മൂത്ത മകനാണ് കറിയാച്ചൻ



അക്കാലങ്ങളിൽ പ്രസിദ്ധമായിരുന്ന മലഞ്ചരക്ക് കച്ചവടത്തിൽ പിതാവിനോടൊപ്പം പങ്കുചേർന്ന് ദീർഘകാലം നല്ല നിലയിൽ മലഞ്ചരക്ക് വ്യാപാരം നടത്തി. ക്രമേണ കച്ചവടം ലാഭകരമല്ലാതാവുകയും കൃഷി അനുബന്ധപ്രവർത്തനങ്ങളിലേക്ക് കറിയാച്ചൻ ശ്രദ്ധതിരിക്കുകയും ചെയ്തു. മുട്ടാർ മൺയ്ക്കൽ കുടുംബാംഗമായ അന്നമ്മയെ കറിയാച്ചൻ വിവാഹം കഴിച്ചു. മക്കൾ. മറിയക്കുട്ടി, ഏലമ്മ, ബേബിച്ചൻ, കുട്ടിയമ്മ, ത്രസ്യാമ്മ, ലില്ലിക്കുട്ടി, 1982 ൽ കറിയാച്ചനും 1984 ൽ ഭാര്യ അന്നമ്മയും ഇഹലോകത്തു നിന്നും പരലോകത്തേക്കു യാത്രയായി.

## 2. ഔസക്കുട്ടി

കളത്തിൽപറമ്പിൽ ചാക്കോയുടേയും അന്നമ്മയുടേയും ഇലയമകനാണ് ഔസക്കുട്ടി.



പിതാവിനോടും ജേഷ്ഠസഹോദരനോടുമൊപ്പം ചേർന്ന് മലഞ്ചരക്ക് കച്ചവടം നടത്തി എന്നാൽ ആരോഗ്യപ്രശ്നങ്ങളാൽ അധികാലം തുടർന്നില്ല. തുടർന്ന് കൃഷിയിലും, അരിസംസ്കരണത്തിലും ഏർപ്പെട്ട ഔസക്കുട്ടി പുന്നക്കുന്നത്തുശ്ശേരി കളത്തിൽ റോസമ്മയെ വിവാഹം കഴിച്ചു. മക്കൾ. വക്കച്ചൻ, ജോയിച്ചൻ, തോമസ്, ജോർജ്ജുക്കുട്ടി, വത്സമ്മ, ജയിംസ്, സൂസമ്മ. 1999 ഒക്ടോബർ 16 ന് 88ാം വയസ്സിൽ ഔസക്കുട്ടിയും 2002 ഡിസംബർ 16 നു ഭാര്യ റോസമ്മയും ഈ ലോകത്തുനിന്നും യാത്രയായി. ഇരുവരുടേയും ഭൗതീകശരീരങ്ങൾ പച്ച- ചെക്കിടിക്കാട് ലൂർദ്ദ്മാതാപള്ളി സിമിത്തേരിയിൽ അടക്കം ചെയ്തു.

## 101. മറിയക്കുട്ടി

കളത്തിപ്പറമ്പിൽ കറിയാച്ചന്റേയും അന്നമ്മയുടേയും



മൂത്തമകളാണ് മറിയക്കുട്ടി. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ മറിയക്കുട്ടിയെ ചമ്പക്കുളം നാരകത്ര കുടുംബാംഗമായ ബേബിച്ചൻ വിവാഹം കഴിച്ചു. മക്കൾ. ജീജമ്മ, കുഞ്ഞുമോൻ, ജോളി, മാർട്ടിൻ.

## 102. ഏലമ്മ

കളത്തിപ്പറമ്പിൽ കറിയാച്ചന്റേയും അന്നമ്മയുടേയും



രണ്ടാമത്തെ മകളാണ് ഏലമ്മ. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ഏലമ്മയെ കൈനകരി പതിനാറുപറയിൽ ജോയിച്ചൻ വിവാഹം കഴിച്ചു. മക്കൾ കുഞ്ഞുമോൻ,മിനി, അച്ചൻകുഞ്ഞ്, ജയിസൺ, ജിമ്മി.

## 103 ബേബിച്ചൻ

കളത്തിൽപറമ്പിൽ കറിയാച്ചന്റേയും അന്നമ്മയു



ടേയും ഏകമകനാണ് ബേബിച്ചൻ. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കുറച്ചുനാൾ കർണ്ണാടകയിലെ തോട്ടം മേഖലയിൽ പ്രവർത്തിച്ചു. തിരികെ നാട്ടിൽ വന്നു. ബേബിച്ചൻ അറിയപ്പെടുന്ന ക്ഷീരകർഷകനാണ്. പുറക്കാട് കുമരംതറ അച്ചാമ്മയെ ബേബിച്ചൻ വിവാഹം കഴിച്ചു. മക്കൾ ബിനീഷ്, അനീഷ്.

## 104. കുട്ടിയമ്മ

കളത്തിപ്പറമ്പിൽ കറിയാച്ചന്റേയും അന്നമ്മയുടേയും



മൂന്നാമത്തെ മകളാണ് കുട്ടിയമ്മ. വിദ്യാഭ്യാസത്തിനുശേഷം കുട്ടിയമ്മയെ കണ്ണാടി ചിറയിൽ ജോബ് വിവാഹം കഴിച്ചു. അറിയപ്പെടുന്ന കായൽ കൃഷിക്കാരനാണ് ജോബ്. മക്കൾ സുധീർ, സുനി, ഷാജി, ശാന്തി, ശാലിനി.

## 105. ത്രസ്യാമ്മ

കളത്തിപ്പറമ്പിൽ കറിയാച്ചന്റേയും അന്നമ്മയുടേയും



നാലമത്തെ മകളാണ് ത്രസ്യാമ്മ. ഹൈസ്കൂൾ പഠനത്തിനു ശേഷം ത്രസ്യാമ്മയെ കുന്നുമ്മ പള്ളിച്ചിറയിൽ വാവച്ചൻ വിവാഹം കഴിച്ചു. മക്കൾ. 218. ബിജോയി, സിജോയി, സജോയി, ജോമോൾ.

## 106. ലില്ലിക്കുട്ടി

കളത്തിപ്പറമ്പിൽ കറിയാച്ചന്റേയും അന്നമ്മയുടേയും



ഇളയ മകളാണ് ലില്ലിക്കുട്ടി. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ ലില്ലിക്കുട്ടിയെ നെടുകുന്നം മുതിരക്കാലായിൽ ജോണി വിവാഹം കഴിച്ചു. മക്കൾ 222. ജ്യോതിഷ്, ജോസ്മി, രതീഷ്.

## 107. വക്കച്ചൻ

കളത്തിപ്പറമ്പിൽ ഔസക്കുട്ടിയുടേയും റോസമ്മയു



ടേയും മൂത്തമകനാണ് വക്കച്ചൻ കൃഷിയും അനുബന്ധപ്രവർത്തനങ്ങളിലും മുഴിയിരിക്കുന്ന വക്കച്ചൻ പുന്നക്കുന്നത്തുശ്ശേരി നാലുപറക്കളത്തിൽ മറയിക്കുട്ടിയെ വിവാഹം കഴിച്ചു. തെക്കേത്തലയ്ക്കൽ കുടുംബത്തിന്റെ വിശ്വാസപാരമ്പര്യത്തിന്റെ പിൻതുടർച്ചയെന്നവണ്ണം തന്റെ രണ്ടു മക്കളെ തിരുസഭയ്ക്ക് നല്കുവാൻ വക്കച്ചനു കഴിഞ്ഞു. മക്കൾ. മോളി, ജാൻസി, മരിയറ്റ്, റോസ്‌ലെറ്റ്, സാബു, കുഞ്ഞുമോൾ, സിജിമോൻ.

## 108. ജോയിച്ചൻ

കളത്തിപ്പറമ്പിൽ ഔസക്കുട്ടിയുടേയും റോസമ്മയു



ടേയും രണ്ടാമത്തെ മകനാണ് ജോയിച്ചൻ. അരിസംസ്കരണപ്രവർത്തനങ്ങളിൽ കഠിനാദ്ധ്വാനം നടത്തിവന്നിരുന്ന ജോയിച്ചൻ മോഡേൺ റൈസ്മില്ലിന്റെ ആവിർഭാവത്തോടുകൂടി ചെറുകിടഅരിസംസ്കരണ യൂണിറ്റുകൾ ലാഭകരമല്ലാതാവുകയും തന്റെ പ്രവർത്തനങ്ങൾ കൃഷിയിലേക്ക് മാറ്റുകയും ചെയ്തു. കൈനകരി തളിപ്പറമ്പ് മേരിക്കുട്ടിയെ ജോയിച്ചൻ വിവാഹം കഴിച്ചു. മക്കൾ. സിബി, ബിജി, ഷാന്റി, മെറീനാ, ഷേണായി.

## 109. തോമസ്

കളത്തിപ്പറമ്പിൽ ഔസക്കുട്ടിയുടേയും റോസമ്മയു



ടേയും മൂന്നാമത്തെ മകനാണ് തോമസ്. കൃഷിയിലും അനുബന്ധപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന തോമസ് പച്ചവാണിയപ്പുരയ്ക്കൽ ഗ്രേസിക്കുട്ടിയെ വിവാഹം കഴിച്ചു. മക്കൾ. ലിസിയാമ്മ, റോസ്സിലി, ബൈനി, ബിനോയി, കൊച്ചുമോൻ.

## 110. ജോർജ്ജുക്കുട്ടി

കളത്തിപ്പറമ്പിൽ ഔസക്കുട്ടിയുടേയും റോസമ്മയു



ടേയും നാലാമത്തെ മകനാണ് ജോർജ്ജുക്കുട്ടി. സാങ്കേതിക പഠനത്തിനു ശേഷം ഇൻഡ്യൻ ടെലികമ്മ്യൂണിക്കേഷൻ വകുപ്പിൽ നാഗാലാന്റ് കോഹിമയിൽ ജോലി സ്വീകരിച്ചു. തിരികെ നാട്ടിലെത്തിയ ജോർജ്ജുകുട്ടി മല്ലപ്പള്ളി എക്സ്ചേഞ്ചിലും തുർന്ന് ഇടുക്കിയിലും ജോലി ചെയ്തു വരുന്നു. പായിപ്പാട്ട് ഒട്ടത്തിൽ ഓമനെയെ വിവാഹം കഴിച്ചു. ഇപ്പോൾ തിരുവല്ലയിൽ സ്ഥിരതാമസം. മക്കൾ. ക്രിസ്റ്റോ, ക്രിസ്റ്റി, ക്രിസ്റ്റഫർ.

## 111. വത്സമ്മ

കളത്തിപ്പറമ്പിൽ ഔസക്കുട്ടിയുടേയും റേസമ്മയു



ടേയും മൂത്തമകളാണ് വത്സമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ വത്സമ്മയെ ചമ്പക്കുളം മണത്തറ കുടുംബാംഗമായ ജോസ് വിവാഹം കഴിച്ചു. മണത്തറ ഡക്കറേഷൻ & കേറ്ററിംഗ് നടത്തിവരുന്ന ജോസ്. മക്കൾ. ജോപ്പൻ, കാർമ്മൽ, ജോസ്ന.

## 112. ജെയിംസ്

കളത്തിപ്പറമ്പ് ഔസക്കുട്ടിയുടേയും റോസമ്മയുടേയു



ഇളയമകനാണ് ജയിംസ്. സങ്കേതിക പഠനത്തിനും ശേഷം കുറച്ചുനാൾ ഗൾഫിൽ ജോലി ചെയ്തു. തുടർന്ന് നാട്ടിൽ തിരിച്ചെത്തി കൃഷിയിലും തുടർന്ന് പമ്പിംഗ് കോൺട്രക്ടിലും പ്രവർത്തിക്കുന്നു. വെളിയനാട് വാഴയിൽ ലൈസാമ്മയാണ് ഭാര്യ. മക്കൾ. ലിസ, ലീന.

## 113. സൂസമ്മ

കളത്തിപ്പറമ്പ് ഔസക്കുട്ടിയുടേയും റോസമ്മയുടേയും



ഇളമകളാണ് സൂസമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സൂസമ്മയെ നെടുകുന്നം കാട്ടൂർ കുടുംബാംഗമായ ജോഷി വിവാഹം കഴിച്ചു. മൊസൈക്ക് കോൺട്രാക്ടറാണ് ജോഷി. അറിയപ്പെടുന്ന കലാകാരിയാണ് സൂസമ്മ. തയ്യലിലും പ്രാവീണ്യം നേടിയിട്ടുണ്ട്. മക്കൾ. ജൂബി, ജിബിൻ.

## 201. ജീജമ്മ

കളത്തിപ്പറമ്പിൽ മറിയക്കുട്ടിയുടേയും ചമ്പക്കുളം നാരകത്ര ബേബിച്ചന്റേയും മൂത്തമകളാണ് ജീജമ്മ.



കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ജീജമ്മയെ വൈശ്യംഭാഗം ............ വീട്ടിൽ ജോയി വിവാഹം കഴിച്ചു. മകൾ ജിസി. 1998 മേയ് 4-ന് ജോയി ബന്ധുക്കളോടും സ്നേഹിതരോടും എന്നേക്കുമായി യാത്ര പറഞ്ഞു.

## 202. കുഞ്ഞുമോൻ



കളത്തിപ്പറമ്പിൽ മറിയക്കുട്ടിയുടേയും ചമ്പക്കുളം നാരകത്ര ബേബിച്ചന്റേയും മൂത്തമകനാണ് കുഞ്ഞുമോൻ. ബഹറിനിൽ ഓഫ്സെറ്റ് പ്രിന്ററായി ജോലി ചെയ്യുന്നു.

## 203. ജോളി



കളത്തിപ്പറമ്പിൽ മറിയക്കുട്ടിയുടേയും ചമ്പക്കുളം നാരകത്ര ബേബിച്ചന്റേയും രണ്ടാമത്തെ മകനാണ് ജോളി.

## 204. മാർട്ടിൻ

കളത്തിൽപ്പറമ്പിൽ മറിയക്കുട്ടിയുടേയും ചമ്പക്കുളം നാരകത്ര ബേബിച്ചന്റേയും ഇളയമകനാണ് മാർട്ടിൻ. കോളജ് വിദ്യാഭ്യാസത്തിനുശേഷം സൗദിയിൽ ജോലി ചെയ്യുന്നു.

## 205. കുഞ്ഞുമോൻ

കളത്തിപ്പറമ്പിൽ ഏലമ്മയുടേയും കൈനകരി പതിനാറുപറയിൽ ജോയിച്ചന്റേയും മൂത്തമകനാണ് കുഞ്ഞുമോൻ.

## 206. മിനി

കളത്തിപ്പറമ്പിൽ ഏലമ്മയുടേയും കൈനകരി പതിനാറുപറയിൽ ജോയിച്ചന്റേയും മൂത്തമകളാണ് മിനി.

## 207. അച്ചൻകുഞ്ഞ്

കളത്തിൽപറമ്പിൽ ഏലമ്മയുടേയും കൈനകരി



പതിനാറുപറയിൽ ജോയിച്ചന്റേയും രണ്ടാമത്തെ മകനാണ് അച്ചൻകുഞ്ഞ്. ഗൾഫിൽ ജോലിക്കാരനായ അച്ചൻകുഞ്ഞ് തിരുവനന്തപുരത്ത് ............. കുടുംബാംഗമായ അലീനയെ വിവാഹം കഴിച്ചു.

## 208. ജയിസൺ

കളത്തിപ്പറമ്പിൽ ഏലമ്മയുടെയും കൈനകരി പതി



നാറുപറയിൽ ജോയിച്ചന്റെയും മൂന്നാമത്തെ മകനാണ് ജയിസൺ.

## 209 ജിമ്മി

കളത്തിപ്പറമ്പിൽ ഏലമ്മയുടെയും കൈനകരി പതിനാറുപറയിൽ ജോയിച്ചന്റെയും ഇളയപുത്രനാണ് ജിമ്മി.

## 210 ബിനീഷ്



കളത്തിപ്പറമ്പിൽ ബേബിച്ചന്റെയും അച്ചാമ്മയുടെയും മൂത്തപുത്രനാണ് ബിനീഷ്. ഹൈസ്കൂൾ പഠനത്തിനുശേഷം ടർണിംഗ് മെഷ്യനിസ്ററ് പാസായിട്ടുണ്ട് ബിനീഷ്.

## 211. അനീഷ്



കളത്തിപ്പറമ്പിൽ ബേബിച്ചന്റെയും അച്ചാമ്മയുടെയും ഇളയപുത്രനാണ് അനീഷ് +1 വിദ്യാർത്ഥിയാണ്.

## 212. സുധീർ



കളത്തിപ്പറമ്പിൽ കുട്ടിയമ്മയുടെയും കണ്ണാടി നാൽപതിൽചിറ ജോബിന്റെയും മകനാണ് സുധീർ.

## 213. സുനി

കളത്തിപ്പറമ്പിൽ കുട്ടിയമ്മയുടെയും കണ്ണാടി നാൽപതിൽചിറ ജോബിന്റെയും മൂത്തമകളാണ് സുനി. ജർമ്മനിയിൽ നഴ്സാണ് സുനി.

## 214. ഷാജി



കളത്തിപ്പറമ്പമ്പിൽ കുട്ടിയമ്മയുടെയും കണ്ണാടി നാൽപതിൽചിറ ജോബിന്റെയും രണ്ടാമത്തെ മകനാണ് ഷാജി.

## 215. ശാന്തി



കളത്തിപ്പറമ്പിൽ കുട്ടിയമ്മയുടെയും കണ്ണാടി നാൽപതിൽചിറ ജോബിന്റെയും രണ്ടാമത്തെ മകളാണ് ശാന്തി.

## 216. ശാലിനി



കളത്തിപ്പറമ്പിൽ കുട്ടിയമ്മയുടെയും കണ്ണാടി നാൽപതിൽചിറ ജോബിന്റെയും മൂന്നാമത്തെ മകളാണ് ശാലിനി.

## 217. ലിനി

കളത്തിപ്പറമ്പിൽ കുട്ടിയമ്മയുടെയും കണ്ണാടി നാൽപതിൽചിറ ജോബിന്റെയും ഇളയമകളാണ് ലിന. ബി. എസ്സി നഴ്സിംഗ് വിദ്യാർത്ഥിനിയാണ് ലിനി.

## 218 ബിജോയി

കളത്തിപ്പറമ്പിൽ ത്രസ്യാമ്മയുടെയും കുന്നുമ്മ പള്ളിച്ചിറയിൽ വാവച്ചന്റെയും മൂത്തമകനാണ് ബിജോയി. സാങ്കേതിക പഠനം പൂർത്തിയാക്കിയ ബിജോയി ബോംബെയിൽ കമ്പനി ജോലിക്കാരനാണ്.

## 219. ഷിജോയി



കളത്തിപ്പറമ്പിൽ ത്രസ്യാമ്മയുടേയും കുന്നുമ്മ പള്ളിച്ചിറയിൽ വാവച്ചന്റേയും രണ്ടാമത്തെ മകനാണ് ഷിജോയി. കോളജ് വിദ്യാഭ്യാസത്തിനുശേഷം ആലപ്പുഴയിലുള്ള ഐ.സി.ഇ. കമ്പ്യൂട്ടർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

## 220. സജോയി



കളത്തിപ്പറമ്പിൽ ത്രസ്യാമ്മയുടേയും കുന്നമ്മ പള്ളിച്ചിറയിൽ വാവച്ചന്റേയും മൂന്നാമത്തെ മകനാണ് സജോയി. ബോംബെയിൽ കമ്പനി ജോലിക്കാരനാണ് സജോയി.

## 221. ജോമോൾ



കളത്തിപ്പറമ്പിൽ ത്രസ്യാമ്മയുടേയും കുന്നുമ്മ പള്ളിച്ചിറയിൽ വാവച്ചന്റേയും ഏക മകളാണ് ജോമോൾ. വി.എച്ച്.എസ്.സി പാസ്സായ ജോമോൾ ലാബ് ടെക്നീഷ്യനായി ജോലി ചെയ്യുന്നു.

## 222. ജ്യോതിഷ്



കളത്തിപ്പറമ്പിൽ ലില്ലിക്കുട്ടിയുടേയും നെടുംകുന്നം മുതിരക്കാലായിൽ ജോണിയുടെയും മൂത്തമകനാണ് ജ്യോതിഷ്.

## 223. ജോസ്മി



കളത്തിപ്പറമ്പിൽ ലില്ലിക്കുട്ടിയുടേയും നെടുംക്കുന്നം മുതിരക്കാലായിൽ ജോണിയുടെയും ഏകമളാണ് ജോസ്മി.

## 224. രതീഷ്



കളത്തിപ്പറമ്പിൽ ലില്ലിക്കുട്ടിയുടേയും നെടുംകുന്നം മുതിരക്കാലായിൽ ജോണിയുടെയും ഇളയമകനാണ് രതീഷ്.

## 225. മോളി

കളത്തിപ്പറമ്പിൽ വക്കച്ചന്റേയും മറിയാമ്മയുടേയും മൂത്ത മകളാണ് മോളി. പ്രീഡിഗ്രിക്കുശേഷം ലേബ്ടെക്നീഷ്യൻ കോഴ്സ് പാസായ മോളിയെ കണ്ടങ്കരി കളപ്പുരയ്ക്കൽ രാജു വിവാഹം കഴിച്ചു. മക്കൾ. രമ്യ, രഞ്ചന, റെനിക്കുട്ടൻ.

## 226. ജാൻസി

കളത്തിപ്പറമ്പിൽ വക്കച്ചന്റേയും മറിയാമ്മയുടേയും രണ്ടാമത്തെ മകളാണ് ജാൻസി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജാൻസിയെ ചമ്പക്കുളം കുന്നിൽ ലാലു വിവാഹം കഴിച്ചു. ഇരുവരും കുടുംബസമേതം കുമരകത്ത് താമസിക്കുന്നു. മക്കൾ. അച്ചു, അനു.

## 227. റവ. സി. മരിയറ്റ് എസ്.എ.ബി.എസ്



തെക്കേത്തലയ്ക്കൽ കളത്തിപ്പറമ്പു വക്കച്ചന്റേയും മറിയക്കുട്ടിയുടേയും മൂന്നാമത്തെ മകളാണ് 2-9-69 ൽ ജനിച്ച അമ്മിണി. ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ അമ്മിണി 23-3-89ൽ ആരാധനാസഭാസമൂഹത്തിൽ അംഗമായി ചേർന്നു. 10-4-91 ൽ ആദ്യ വ്രതവാഗ്ദാനവും, 20-3-97 ൽ നിത്യവ്രതവാഗ്ദാനവും നടത്തിയ സി.റോസിലറ്റ് ആന്ധ്രായിലെ വിശാഖപട്ടണത്ത് മിഷ്യൻ പ്രവർത്തനത്തിലേർപ്പെട്ടു. ആതുരസേവനത്തോടുള്ള സിസ്റ്റർ റോസിലറ്റിന്റെ താല്പര്യംമൂലം ഇപ്പോൾ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ നേഴ്സിംഗ് പഠിക്കുന്നു.

## 228. റവ. സി. റോസിലറ്റ് എസ്.എ.ബി.എസ്.



തെക്കേത്തലയ്ക്കൽ കളത്തിപ്പറമ്പിൽ വക്കച്ചന്റേയും മറിയക്കുട്ടിയുടേയും നാലാമത്തെ മകളാണ് 1969 ൽ ജൂലൈ 15 ന് ജനിച്ച ജീജമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജീജമ്മ 1983 ജൂലൈ 5-ാം തീയതി ആരാധന സഭാംഗമായി ചേർന്നു. 28-11-86 ൽ ആദ്യവ്രത വാഗ്ദാനവും, 31-1-93 ൽ നിത്യവ്രതവാഗ്ദാനവും നടത്തി. തുടർന്ന് ബി.എ ബിരുദവും കമ്പ്യൂട്ടറിൽ ഡിപ്ലോമായും കരസ്ഥമാക്കിയ സി. മരിയറ്റ് ചമ്പക്കുളത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുന്നു.

## 229. സാബു

കളത്തിപ്പറമ്പിൽ വക്കച്ചന്റേയും മറിയക്കുട്ടിയുടേയും മൂത്ത മകനാണ് സാബു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം പിതാവിനോടൊപ്പം കൃഷി കാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്ന സാബു തത്തംപള്ളി കൊച്ചുപറമ്പു കുടുംബാംഗമായ ജോളിയെ വിവാഹം കഴിച്ചു.



## 230. കുഞ്ഞുമോൾ

കളത്തിപ്പറമ്പിൽ വക്കച്ചന്റേയും മറിയക്കുട്ടിയുടേയും ഇളയ മകളാണ് കുഞ്ഞുമോൾ. ബിരുദപഠനം പൂർത്തിയാക്കിയ കുഞ്ഞുമോളെ ആലപ്പുഴ തിരുവമ്പാടി ഷാജി വിവാഹം കഴിച്ചു. ബ്ലൂഡയമൺസ് ഗാനമേള ട്രൂപ്പിന്റെ പാർട്ടണറും ആറിയപ്പെടുന്ന കലാകാരനുമാണ് ഷാജി. ഏകമകൻ അലൻ.

## 231. ഷിജി മോൻ

കളത്തിപ്പറമ്പിൽ വക്കച്ചന്റേയും മറിയക്കുട്ടിയുടേയും ഇളയമകനാണ് ഷിജിമോൻ. പ്രീഡിഗ്രി വിദ്യാഭ്യാസത്തിനു ശേഷം സാങ്കേതിക പഠനം പൂർത്തിയാക്കിയ ഷിജിമോൻ ഡൽഹിയിലെ ഒരു കമ്പനിയിൽ ജോലിചെയ്യുന്നു.

## 232. സിബി

കളത്തിപ്പറമ്പ് ജോയിച്ചന്റേയും മേരിക്കുട്ടിയുടേയും മൂത്ത മകനാണ് സിബി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കൃഷിയിൽ വ്യാപ്തനാണ് സിബി. വിളഞ്ഞത്തറ കുടുംബാംഗമായ ലൈസിയാണ് ഭാര്യ. ഹിന്ദി വിദ്വാൻ പാസ്സായിട്ടുണ്ട് ലൈസി. മകൾ. ഷെറിൻ.



## 233. ബിജി

കളത്തിപ്പറമ്പിൽ ജോയിച്ചന്റേയും മേരിക്കുട്ടിയുടേയും മൂത്ത മകളാണ് വിജി. എം.എ. ബി.എഡ് പാസ്സായ വിജിയെ പാണ്ടങ്കരി ഊരാംവേലിൽ കിഴക്കേപ്പുറം കുഞ്ഞുമോൻ വിവാഹം കഴിച്ചു. എടത്വാ ജോർജ്ജിയൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അദ്ധ്യാപികയാണ് ബിജി. സൗദിയിൽ സിറോക്സ്മിഷ്യൻ ഓപ്പറേറ്ററായി ജോലി ചെയ്യുന്നു കുഞ്ഞുമോൻ. മക്കൾ. ചിന്നുക്കുട്ടി, അമ്മു.



## 234. ഷാന്റി

കളത്തിപ്പറമ്പിൽ ജോയിച്ചന്റേയും മേരിക്കുട്ടിയുടേയും രണ്ടാമത്തെ മകളാണ് ഷാന്റി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഷാന്റിയെ പുല്ലങ്ങാടി മുട്ടേൽ തങ്കച്ചൻ വിവാഹം കഴിച്ചു. ഇപ്പോൾ ചമ്പക്കുളത്ത് താമസിക്കുന്നു. മക്കൾ അനു, അപ്പു.



## 235. റവ. സി. മെറീനാ



കളത്തിപ്പറമ്പിൽ ജോയിച്ചന്റേയും മേരിക്കുട്ടിയുടേയും മൂന്നാമത്തെ മകളാണ്. 1974 ൽ ജനിച്ച മെറീന. കേരളായൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദപഠനം പൂർത്തിയാക്കിയ മെറീന 1993ൽ ഡോട്ടേർസ് ഓഫ് മേരി സന്യാസസഭാംഗമായി 1994ൽ ആദ്യവ്യതവാഗ്ദാനവും 95ൽ നിത്യവ്രതവാഗ്ദാനവും നടത്തി. ഇപ്പോൾ ജർമ്മിനിയിൽ നേഴ്സിംഗ്പഠനം നടത്തിവരുന്നു.

## 236. ഷേണായി



കളത്തിപ്പറമ്പിൽ ജോയിച്ചന്റേയും മേരിക്കുട്ടിയുടേയും ഇളയ മകനാണ് ഷേണായി. പ്രീഡിഗ്രിയും ഇലക്ട്രീഷ്യൻ ട്രേഡ് സർട്ടിഫിക്കറ്റും കരസ്ഥമാക്കിയ ഷേണായി കൺസ്ട്രക്ഷൻ കമ്പിനിയിൽ ജോലിചെയ്യുന്നു.

## 237. ലിസിയാമ്മ



കളത്തിപ്പറമ്പിൽ തോമസിന്റേയും ഗ്രേസിക്കുട്ടിയുടേയും മൂത്തമകളാണ് ലൂസിയാമ്മ. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ലിസിയാമ്മയെ മങ്കൊമ്പു തെക്കേക്കര വാലയിൽചിറയിൽ കുട്ടപ്പായി വിവാഹം കഴിച്ചു. മക്കൾ. റോബൻ, റൂബിനു, റിറ്റി.

## 238. റോസ്ലി



കളത്തിപ്പറമ്പിൽ തോമസിന്റേയും ഗ്രേസിക്കുട്ടിയുടേയും രണ്ടാമത്തെ മകളാണ് റോസ്ലി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ റോസ്ലിയെ തത്തംപള്ളി കുന്നത്തു പറമ്പിൽ ജോയിച്ചൻ വിവാഹം കഴിച്ചു. കയർഫെഡിൽ ജീവനക്കാരനാണ് ജോയിച്ചൻ. മകൻ. ജറിൻ.

## 239. ബൈനി



കളത്തിപ്പറമ്പിൽ തോമസിന്റേയും ഗ്രേസിക്കുട്ടിയുടേയും മൂന്നാമത്തെ മകളാണ് ബൈനി. പ്രീഡിഗ്രിയും സ്റ്റെനോഗ്രാഫിയും പഠിച്ച ബൈനി സ്റ്റെനോഗ്രാഫറായി കുറച്ചുകാലം ബോംബെയിൽ ജോലി ചെയ്തു. പുളിങ്കുന്നു അരയശ്ശേരി കൊച്ചുകുറ്റിക്കൽ ജോസുകുട്ടിയാണ് ഭർത്താവ്.

## 240. ബിനോയി



കളത്തിപ്പറമ്പിൽ തോമസിന്റേയും ഗ്രേസിക്കുട്ടിയുടേയും മൂത്തമകനാണ് ബിനോയി. ഹൈസ്കൂൾ പഠനത്തിനു ശേഷം കൃഷിയിൽ വ്യാപൃതനാണ് ബിനോയി.

## 241. കൊച്ചുമോൻ



കളത്തിപ്പറമ്പിൽ തോമസിന്റേയും ഗ്രേസിക്കുട്ടിയുടേയും ഇളയമകനാണ് കൊച്ചുമോൻ. ഇലക്ട്രീഷ്യൻ ഗ്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ കൊച്ചുമോൻ ഇലക്ട്രിക്കൽ കോൺട്രാക്റ്റ് വർക്ക് നടത്തിവരുന്നു.

## 242. ക്രിസ്റ്റോ



കളത്തിപ്പറമ്പിൽ ജോർജ്ജുകുട്ടിയുടേയും ഓമനുയുടേയും മൂത്തമകനാണ് ക്രിസ്റ്റോ. മാവേലിക്കര എൻജിനിയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയാണ് ക്രിസ്റ്റോ.

## 243. ക്രിസ്റ്റി



കളത്തിപ്പറമ്പിൽ ജോർജ്ജുകുട്ടിയുടേയും ഓമനയുടേയും ഏകമളാണ് ക്രിസ്റ്റി.

## 244. ക്രിസ്റ്റഫർ



കളത്തിപ്പറമ്പിൽ ജോർജ്ജുകുടേടിയുടേയും ഓമനയുടേയും ഇളയമകനാണ് ക്രിസ്റ്റഫർ.

## 245. ജോപ്പൻ



കളത്തിപ്പറമ്പിൽ വത്സമ്മയുടെയും ചമ്പക്കുളം മണത്രയിൽ ജോസിന്റെയും മൂത്തമകനാണ് ജോപ്പൻ. കോളജ് വിദ്യാഭ്യാസത്തിനുശേഷം സാങ്കേതികപഠനത്തിൽ ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ ജോപ്പൻ ഇപ്പോൾ സൗദി അറോബ്യയിൽ എ.സി. മെക്കാനിക്കായി ജോലി ചെയ്യുന്നു.

## 246. റവ. സി. കാർമ്മൽ സി.എം.സി



കളത്തിപ്പറമ്പിൽ വത്സമ്മയുടെയും ചമ്പക്കുളം മണത്രയിൽ ജോസിന്റെയും മൂത്തമകളാണ് കാർമ്മൽ. 1982-ൽ ജനിച്ച കാർമ്മൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കി 1998 ൽ ഡി.എം.സി. സഭാംഗമായി. 2000 ൽ ആദ്യവ്രതവാഗ്ദാനം നടത്തി. ഇപ്പോൾ ടി.ടി.സി.ക്ക് മഹാരാഷ്ട്രയിൽ പഠിക്കുന്നു.

## 247. ജോസ്ന



കളത്തിപ്പറമ്പിൽ വത്സമ്മയുടെയും ചമ്പക്കുളം മണത്രയിൽ ജോസിന്റേയും ഇളയ മകളായ ജോസ്ന +2 വിദ്യാർത്ഥിനിയാണ്.

## 248. ലിസ



കളത്തിപ്പറമ്പിൽ ജയിംസിന്റേയും ലൈസാമ്മയുടേയും മൂത്തമകളാണ് ലിസ. മൂന്നാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 249. ലീനാ



കളത്തിപ്പറമ്പിൽ ജയിംസിന്റേയും ലൈസാമ്മയുടേയും ഇളയമകളായ ലീന 1 ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 250. ജൂബി

കളത്തിപ്പറമ്പിൽ സൂസമ്മയുടെയും നെടുങ്കുന്നം കാട്ടൂർ ജോഷിയുടെയും മൂത്തമകളായ ജൂബി 9-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

## 251. ജിബിൻ

കളത്തിപ്പറമ്പിൽ സൂസമ്മയുടെയും നെടുങ്കുന്നം കാട്ടൂർ ജോഷിയുടെയും മകനായ ജിബിൻ 9-ാം ക്ലാസ് വിദ്യാർത്ഥിയാണ്.

## 301. രമ്യ

കളത്തിപ്പറമ്പിൽ മോളിയുടേയും കണ്ടങ്കരി കളരപ്പുരയ്ക്കൽ രാജുവിന്റേയും മൂത്തമകളാണ് രമ്യ.

## 302. രഞ്ചുമോൾ

കളത്തിപ്പറമ്പിൽ മോളിയുടേയും കണ്ടംങ്കരി കളപ്പുരയ്ക്കൽ രാജുവിന്റേയും രണ്ടാമത്തെ മകളാണ് രഞ്ചുമോൾ.

## 303. റെണിക്കുട്ടൻ

കളത്തിപ്പറമ്പിൽ മോളിയുടേയും കണ്ടംങ്കരി കളപ്പുരയ്ക്കൽ രാജുവിന്റേയും ഏക മകനാണ് റെണിക്കുട്ടൻ.

## 304. അച്ചു

കളത്തിപ്പറമ്പിൽ ജാൻസിയുടേയും ചമ്പക്കുളം കുന്നിൽ ലാലുവിന്റേയും മൂത്തമകളാണ് അച്ചു.

## 305. അമ്മു

കളത്തിപ്പറമ്പിൽ ജാൻസിയുടേയും ചമ്പക്കുളം കുന്നിൽ ലാലുവിന്റേയും ഇളയമകളാണ് അമ്മു.

## 306. അലൻ

കളത്തിപ്പറമ്പിൽ കുഞ്ഞുമോളുടേയും ഷാജിയുടേയും മകനാണ് അലൻ.

## 307. മെറിൻ



കളത്തിപ്പറമ്പിൽ സിബിയുടേയും ലൈസിയുടേയും മൂത്തമകളാണ് മെറിൻ

## 308. ചിന്നുക്കുട്ടി



കളത്തിപ്പറമ്പിൽ വിജിയുടേയും ഊരാംവേലിൽ കുഞ്ഞുമോന്റേയും മൂത്തമകളാണ് ചിന്നുക്കുട്ടി.

## 309. അമ്മു



കളത്തിൽപറമ്പിൽ വിജിയുടേയും ഊരാംവേലിൽ കുഞ്ഞുമോന്റേയും ഇളയമകളാണ് അമ്മു.

## 310. റോബിൻ



കളത്തിപ്പറമ്പിൽ ലൂസിയാമ്മയുടേയും വാൽചിറയിൽ കുട്ടപ്പായിയുടേയും മൂത്തമകനാണ് റോബിൻ.

## 311. ജോബിൻ



കളത്തിപറമ്പിൽ ലൂസിയാമ്മയുടേയും വാൽചിറയിൽ കുട്ടപ്പായിയുടേയും രണ്ടാമത്തെ മകനാണ് റൂബിൻ.

## 312. റീനാ

കളത്തിപ്പറമ്പിൽ ലൂസിയാമ്മയുടേയും വാൽചിറയിൽ കുട്ടപ്പായിയുടേയും ഇളയമകളാണ് റീനാ.

## 313. ജറിൻ



കളത്തിപ്പറമ്പിൽ റോസിലിയുടേയും കുന്നത്ത് ജോയിച്ചന്റേയും മൂത്തമകനാണ് ജറിൻ.

## പാവനസ്മരണയ്ക്ക്



**ഏബ്രഹാം (കുട്ടപ്പൻ)**

**തത്തക്കാട്ട്, കങ്ങഴ**

# തെക്കേത്തലയ്ക്കൽ പുത്തൻപുര, പുറക്കാട് കുടുംബം തലമുറകളിലൂടെ



# തെക്കേത്തലയ്ക്കൽ പുത്തൻപുര, പുറക്കാട് കുടുംബം തലമുറകളിലൂടെ

101 അപ്പച്ചൻ - ക്ലരമ്മ, എടത്വാ.
102 മാമച്ചൻ - കുഞ്ഞമ്മ, വൈശംഭാഗം.
103 കുഞ്ഞച്ചൻ - കുഞ്ഞമ്മ, വൈശംഭാഗം.
104 തങ്കമ്മ ചാക്കോച്ചൻ, കളപ്പുരയ്ക്കൽ, പച്ച.
105 ശോശാമ്മ വക്കൻ, പുല്ലുശ്ശേരി, മാമ്പുഴക്കരി.
106 മറിയക്കുട്ടി പാപ്പി, മാമ്പുഴക്കരി.
107 ഏലിക്കുട്ടി കുട്ടപ്പൻ, കോമങ്കരി, മുട്ടാർ.
108 ക്ലാര കുട്ടപ്പൻ, അഞ്ചേരിയ്ക്കൽ, കരുമാടി.
109 അന്നമ്മ തോമച്ചൻ, കൂത്രപള്ളി.
110 ചിന്നമ്മ പീലി, കാപ്പിൽപറമ്പിൽ, ആലപ്പുഴ.
111 ചാക്കോ - അന്നമ്മ, ഇരുട്ടുവേലിച്ചിറ, വെളിയനാട്.
112 അപ്പായി - ത്രേസ്യാമ്മ, തേവേരിക്കളം, വെളിയനാട്.
113 കുട്ടിയമ്മ അന്തോനി, കുമരന്തറ, മങ്കോമ്പ്.
114 അമ്മിണി വക്കച്ചൻ, പട്ടന്റെപറമ്പ്, കരുവാറ്റ.
115 റോസമ്മ അപ്പച്ചൻ, തേരേടം, പുന്നക്കുന്നത്തുശ്ശേരി.
116 അന്തോനിച്ചൻ - ക്ലാരമ്മ, പനച്ചിങ്കൽ, തുരുത്തി.
117 ഔസേപ്പച്ചൻ - അമ്മിണി, മണ്ണാരുപറമ്പ്, ആലപ്പുഴ.
118 മറിയാമ്മ കുഞ്ഞച്ചൻ, 40-ാം കളം, വെളിയനാട്.
119 മണി അപ്പച്ചൻ, കൊച്ചുപറമ്പ്, ചങ്ങങ്കരി.
120 തോമ്മാച്ചൻ - മറിയക്കുട്ടി, കറുകയിൽ, പച്ച.
121 കുഞ്ഞമ്മ ജോസ്, മുട്ടുങ്കൽ, കരുവാറ്റ.
122 മേരിക്കുട്ടി ഔസേപ്പച്ചൻ, അത്തിക്കളം, പുല്ലങ്ങടി.
123 കുഞ്ഞച്ചൻ - ത്രേസ്യാമ്മ, കുന്നേൽ, കോയിൽമുക്ക്.
124 വക്കച്ചൻ - മറിയാമ്മ, പഴയമഠം, ചങ്ങങ്കരി, തകഴി.
125 തങ്കമ്മ സെബാസ്റ്റ്യൻ, കിഴക്കേപറമ്പ്, നെടുമുടി.
126 മറിയാമ്മ അപ്പച്ചൻ, കൊച്ചപറമ്പ്, മാമ്പുഴക്കരി.
127 കുഞ്ഞമ്മ ജോസുക്കുട്ടി, കരിപ്പാശ്ശേരി, കുന്നംങ്കരി.
128 കുട്ടപ്പൻ - തങ്കമ്മ, പട്ടാണി, കൈനകരി.
129 ക്ലാരമ്മ അപ്പച്ചൻ, പരുത്തിപറമ്പ്, ചേർത്തല.
201 ലൂസിയാമ്മ (അപ്പച്ചന്റെ മക്കൾ)
202 അന്തോനിച്ചൻ
203 റോസമ്മ
204 ജോയി
205 തോമ്മാച്ചൻ
206 ചാക്കേച്ചൻ
207 റ്റോമി
208 കൊച്ചുമോൾ
209 അനു
210 മിനി
211 മോനിച്ചൻ (മാമച്ചന്റെ മക്കൾ)
212 ജോളിമ്മ
213 Sr അൽഫോൻസാ ഗ്രേസ് D SFS
214 സാലിമ്മ, കാട്ടുങ്കൽ, തൈപ്പറമ്പ്, പച്ച.
215 സന്തോഷ്
216 സജിമോൻ
217 ഷിജിമോൻ
218 അപ്പച്ചൻ (കുഞ്ഞച്ചൻ മക്കൾ)
219 ബാബു
220 ജെയിംസ്
221 അൽഫോൻസ്സാമ്മ
222 റാണി
223 ലൈസാമ്മ
224 ഡെൽസി
225 പെണ്ണമ്മ (ചാക്കോച്ചന്റെ മക്കൾ)
226 കുഞ്ഞുമോൻ
227 ആനി
228 തങ്കച്ചൻ റെജി, വെളിയനാട്.
229 വണ്ണമ്മ
230 മോനിച്ചൻ ലിൻസി, വേഴപ്രാ.
231 കൊച്ചുമോൻ ജയമ്മ, പാണ്ടങ്കരി.
232 ഏലിയാമ്മ
233 ബാബു
234 തങ്കമ്മ (അപ്പായി മക്കൾ)
235 റോസമ്മ
236 കുഞ്ഞമ്മ
237 അപ്പച്ചൻക്കുട്ടി ദീപ ചെറുവള്ളിക്കാട്, കളർകോട്.
238 ലീലാമ്മ
239 ഷാജി (അന്തോനിച്ചന്റെ മക്കൾ)
240 സാബു
241 ഷൈനി
242 മിനി
243 റെജി (ഔസേപ്പച്ചന്റെ മക്കൾ)
244 ബിജി
245 ജിജി
246 സന്തോഷ് (തോമ്മാച്ചന്റെ മക്കൾ)
247 ബിന്ദു
248 ബിനു
249 ബീനാ
250 ജോയിച്ചൻ(കുഞ്ഞച്ചന്റെ മക്കൾ) ഗ്രേസി, തടത്തിൽപ്പറമ്പ്, ചിങ്ങവനം.
251 ബേബിച്ചൻ ശാന്തമ്മ, ആരാശ്ശേരിൽ, കരുവാറ്റ.
252 തങ്കച്ചൻ വത്സമ്മ, കൈനകരി
253 സാലിമ്മ തങ്കച്ചൻ, കോമളപുരം
254 ജോസ് ലാലിമ്മ, മുഹമ്മ.
255 ലൈസി സാജൻ, കാർത്തികപ്പള്ളി.
256 ഷാജി റെനി, കൈനരി.
257 ബിൽസി ജോയി,കൈനടി.
258 ലാലിച്ചൻ
259 എൽസമ്മ (വക്കച്ചന്റെ മക്കൾ) മാത്തുക്കുട്ടി,വാളംപ്പറമ്പ്, മുട്ടാർ
260 കുഞ്ഞുമോൻ എത്സമ്മ, ചാണയിൽ, ചേർത്തല
261 സാബു റെറ്റനി, തെക്കെപാലയ്ക്കൽ, പുന്നപ്ര.
262 റെജി റ്റോമി -അരശരക്കടവ്-പറവൂർ
263 ലാലി ഷാജി-15-ൽ-പടഹാരം
264 ജോബ് (കുട്ടപ്പന്റെ മക്കൾ) ജോളിമ്മ - ചേന്നങ്കരി
265 ജിനു (കുട്ടപ്പന്റെ മക്കൾ) തങ്കച്ചൻ - ചങ്ങനാശ്ശേരി
266 ജിൻസി (കുട്ടപ്പന്റെ മക്കൾ) റ്റോമിച്ചൻ - പടമുറ്റം-പുളിങ്കുന്ന്
267 ജിജി (കുട്ടപ്പന്റെ മക്കൾ)
268 ക്ലാരമ്മ (കുട്ടപ്പന്റെ മക്കൾ)

# കരിയിൽ പുത്തൻപറമ്പ് ശാഖ

## വർക്കി കരിയിൽ പുത്തൻപറമ്പ്

ഔസേഫ് തെക്കേത്തലയ്ക്കലിന്റേയും പുന്നകുന്നത്തുശ്ശേരി കാപ്പിൽ കോയിപ്പള്ളി ക്ലാരയുടേയും മൂന്നാമത്തെ പുത്രനാണ് വർക്കി. ഒത്ത ആറരഅടി ഉയരവും അതിനു തക്ക കായബലവും വർക്കിക്ക് ജന്മസിദ്ധമായി ലഭിച്ചിരുന്നു. പുറക്കാട്ട് പുത്തൻപറമ്പ് ത്രസ്യാമ്മയെ വർക്കി വിവാഹം കഴിച്ചു. നല്ല തന്റേടവും കായിക അഭ്യാസവും കൈമുതലായിരുന്ന വർക്കി ദത്താവകാശമായി ലഭിച്ചിരുന്ന കൃഷിഭൂമി കാര്യക്ഷമമായി വിനിയോഗിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നില്ല. ആയതിനാൽ പിൻകാലങ്ങളിൽ അവ നഷ്ടപ്പെടുന്നതിനും കാരണമായി. എങ്കിലും പ്രകൃതിയോടും പ്രതിയോഗികളോടും മല്ലിട്ടു ജീവിച്ചിരുന്ന വർക്കി 90-ാം വയസ്സിലും ഭാര്യ ത്രസ്യാമ്മ 80-ാമത്തെ വയസ്സിലും ഇഹലോകത്തു നിന്നും പരലോകത്തേയ്ക്കു യാത്രയായി. ഇരുവരുടേയും ഭൗതീക ശരീരം പുറക്കാട് മാർസ്ലീവപള്ളി സിമിത്തേരിയിലാണ് അടക്കം ചെയ്തിരിക്കുന്നത്. മക്കൾ മറിയാമ്മ, കൊച്ചുകുട്ടി, തോമ്മാച്ചി, വറീച്ചൻ.

### 1. മറിയാമ്മ

തെക്കേത്തലക്കയ്ക്കൽ കരിയിൽ പുത്തൻപറമ്പ് വർക്കിയുടേയും പുറക്കാട് പുത്തൻപറമ്പിൽ ത്രസ്യാമ്മയുടേയും ഏക മകളാണ് മറിയാമ്മ. പുറക്കാട് 60 ൽ-ചിറ ദേവസ്യാച്ചനാണ് മറിയാമ്മയെ വിവാഹം കഴിച്ചത്. മക്കൾ 101.അപ്പച്ചൻ, 102.മാമ്മച്ചൻ, 103. തങ്കമ്മ, 104.കുഞ്ഞച്ചൻ, 105. ശോശാമ്മ, 106. മറിയക്കുട്ടി, 107. ഏലിക്കുട്ടി, 108. ക്ലാരമ്മ, 109. അന്നമ്മ.

### 2. കൊച്ചുകുട്ടി

തെക്കേത്തലയ്ക്കൽ കരിയിൽ പുത്തൻപറമ്പ് വർക്കിയുടേയും പുറക്കാട് പുത്തൻപറമ്പ് ത്രസ്യാമ്മയുടേയും മൂത്തപുത്രനാണ് കൊച്ചുകുട്ടി. കരിനിലകൃഷിയിലും അനുബന്ധപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു



കൊച്ചുകുട്ടി കഠിനാദ്ധ്വാനിയായിരുന്നു. ആലപ്പുഴ കേരളസദനത്തിൽ ഏലിക്കുട്ടിയെ കൊച്ചുകുട്ടി വിവാഹം കഴിച്ചു. ഏലിക്കുട്ടിയുടെ അകാലചരമത്തെ തുടർന്ന് ചമ്പക്കുളം കാളുതറയിൽ ത്രസ്യാമ്മയെ വിവാഹം കഴിച്ചു. മക്കൾ 110 ചിന്നമ്മ, 111. ചാക്കോ,112. അപ്പായി, 113. ഒസേപ്പച്ചൻ, 114. അമ്മിണി, 115. റോസമ്മ, 116. അന്തോനിച്ചൻ, 117. ഔസേപ്പച്ചൻ, 118. മറിയാമ്മ, 119. മണി, 120. കുഞ്ഞമ്മ, 121. തോമാച്ചൻ.

### 3. തോമ്മാച്ചി

തെക്കേത്തലയ്ക്കൽ കരിയിൽ പുത്തൻപറമ്പ് വർക്കിയുടേയും പുറക്കാട് പുത്തൻപറമ്പ് ത്രസ്യാമ്മയുടേയും രണ്ടാമത്തെ പുത്രനാണ് തോമ്മാച്ചി. കരിനിലം കൃഷിയും അനുബന്ധപ്രവർത്തനങ്ങളിലും കഠിനാ



ധ്വാനം നടത്തിയിരുന്ന തോമ്മാച്ചി ചമ്പക്കുളം കുളപ്പള്ളിൽ ചാച്ചിയമ്മയെ വിവാഹം കഴിച്ചു. മക്കൾ 122. മേരിക്കുട്ടി, 123. കുഞ്ഞച്ചൻ, 124. വക്കച്ചൻ, 125. തങ്കമ്മ, 126. മറിയാമ്മ, 127. കുഞ്ഞമ്മ, 128. കുട്ടപ്പൻ, 129. ക്ലാരമ്മ, 1998 ജനുവരി 15 ന് തോമ്മാച്ചി നിത്യതയിലേക്ക് യാത്രയായി.

### 4. വറീച്ചൻ

തെക്കേത്തലയ്ക്കൽ കരിയിൽ പുത്തൻപറമ്പ് വർക്കിയുടേയും ത്രസ്യാമ്മയുടേയും ഇളയപുത്രനാണ് വറീച്ചൻ. അവിവാഹിതനാണ് വറീച്ചൻ.

### 101. അപ്പച്ചൻ

കരിയിൽ പുത്തൻപറമ്പ് മറിയാമ്മയുടേയും പുറക്കാട് അറുപതിൽച്ചിറ ദേവസ്യായുടേയും മൂത്ത പുത്രനാണ് അപ്പച്ചൻ. കരിനിലകൃഷിക്കാരനായ അപ്പച്ചൻ എടത്വാ വടശേരി വീട്ടിൽ ക്ലാരമ്മയെ വിവാഹം കഴിച്ചു.



മക്കൾ 201. ലൂസിയാമ്മ, 202. അന്തോനിച്ചൻ, 203. റോസമ്മ, 204. ജോയി, 205. തോമ്മാച്ചൻ, 206. ചാക്കോച്ചൻ, 207. റ്റോമി, 208. കൊച്ചുമോൾ, 209.അനു, 210. മിനി.

### 102. മാമ്മച്ചൻ

കരിയിൽ പുത്തൻപറമ്പ് മറിയാമ്മയുടേയും പുറക്കാട്ട് അറുപതിൽചിറ ദേവസ്യാച്ചന്റേയും രണ്ടാമത്തെ മകനാണ് മാമ്മച്ചൻ. കരിനിലകൃഷിക്കാരനാണ് മാമച്ചൻ. വൈശ്യംഭാഗം മുറിയാക്കൽ കുടുംബാഗമായ കുഞ്ഞമ്മ



യാണ് ഭാര്യ. മക്കൾ. മോനിച്ചൻ, ജോളിമ്മ, സി. അൽഫോൻസാ, സാലിമ്മ, സന്തോഷ്, സജിമോൻ, ഷിജിമോൻ.

## 103. തങ്കമ്മ

കരിയിൽ പുത്തൻപറമ്പ് മറിയാമ്മയുടേയും പുറക്കാട്ട് അറുപതിൽചിറ ദേവസ്യാച്ചന്റേയും മൂത്തമകളാണ് തങ്കമ്മ. പച്ചകളപ്പുരയ്ക്കൽ ചാക്കോച്ചനാണ് തങ്കമ്മയെ വിവാഹം കഴിച്ചത്. മക്കൾ. 216.മറിയാമ്മ, തെയ്യാമ്മ, വാവച്ചൻ, ഔസേപ്പച്ചൻ, വറീച്ചൻ, കുഞ്ഞമ്മ, അച്ചാമ്മ, അന്നമ്മ, റാണി, കുഞ്ഞുമോൻ.

## 104. കുഞ്ഞച്ചൻ

കരിയിൽ പുത്തൻപറമ്പ് മറിയാമ്മയുടേയും പുറക്കാട് 



അറുപതിൽചിറ ദേവസ്യാച്ചന്റേയും മൂന്നാമത്തെ മകനാണ് കുഞ്ഞച്ചൻ. കരിനിലകൃഷിക്കാരനാണ് കുഞ്ഞച്ചൻ. വൈശ്യംഭാഗം ആര്യങ്കരവീട്ടൽ കുഞ്ഞമ്മയാണ് ഭാര്യ. മക്കൾ. 211. അപ്പച്ചൻ, 212. ബാബു, 213. ജയിംസ്, 214. അൽഫോൻസാമ്മ, 215. റാണി, 216. ലൈസാമ്മ, 217. ഡെൽസി.

## 105. ശോശാമ്മ

കരിയിൽ പുത്തൻപറമ്പ് മറിയാമ്മയുടേയും പുറക്കാട് അറുപതിൽചിറ ദേവസ്യാച്ചന്റേയും രണ്ടാമത്തെ മകളാണ് ശോശാമ്മ. മാമ്പുഴക്കരി പുല്ലുശ്ശേരിൽ വക്കച്ചൻ ശോശാമ്മയെ വിവാഹം കഴിച്ചു് മക്കൾ. അപ്പച്ചൻ, കുഞ്ഞച്ചൻ, കുട്ടപ്പൻ, കുഞ്ഞൂഞ്ഞ്, തങ്കച്ചൻ, മത്തച്ചൻ, കുഞ്ഞുമോൻ, കുഞ്ഞമ്മ, മേരിക്കുട്ടി, സിബി

## 106. മറിയക്കുട്ടി

കരിയിൽ പുത്തൻപറമ്പ് മറിയാമ്മയുടേയും പുറക്കാട് അറുപതിൽചിറ ദേവസ്യാച്ചന്റേയും മൂന്നാമത്തെ പുത്രിയാണ് മറിയക്കുട്ടി. മാമ്പുഴക്കരി പുത്തൻപറമ്പിൽ കുടുംബാംഗമായ പാപ്പിച്ചനാണ് മറിയക്കുട്ടിയെ വിവാഹം കഴിച്ചത്. മക്കൾ. അച്ചാമ്മ, അവറാച്ചൻ, എൽസമ്മ, മോനിച്ചൻ.

## 107. ഏലിക്കുട്ടി

കരിയിൽ പുത്തൻപറമ്പ് മറിയാമ്മയുടേയു പുറക്കാട് അറുപതിൽചിറ ദേവസ്യാച്ചന്റേയും നാലാമത്തെപുത്രിയാണ് ഏലിക്കുട്ടി. മുട്ടാർ കേമങ്കരി കുട്ടപ്പനാണ് ഏലിക്കുട്ടിയെ വിവാഹം കഴിച്ചത്. മക്കൾ. ബേബിച്ചൻ, തങ്കച്ചൻ, അപ്പച്ചൻ, ത്രസ്യാമ്മ, ഗ്രേസി, സൂസൻ, ജോൺസൺ, റജി.

## 108. ക്ലാരമ്മ

കരിയിൽ പുത്തൻപറമ്പ് മറിയാമ്മയുടേയും പുറക്കാട് അറുപതിൽചിറ ദേവസ്യാച്ചന്റേയും അഞ്ചാമത്തെ മകളാണ് ക്ലാരമ്മ. കരുമാടി അഞ്ചേക്കറിൽ കുട്ടപ്പനാണ് ക്ലാരമ്മയെ വിവാഹം കഴിച്ചത്. മക്കൾ തങ്കച്ചൻ, ജോയിച്ചൻ, കുഞ്ഞുമോൻ, മോളി, കൊച്ചുമോൻ, അനു, ബേബിച്ചൻ, എത്സമ്മ, പുഷ്പമ്മ. 1988 ൽ കുട്ടപ്പൻ കർത്താവിൽ നിദ്രപ്രാപിച്ചു.

## 109. അന്നമ്മ

കരിയിൽ പുത്തൻപറമ്പ് മറിയാമ്മയുടേയും പുറക്കാട് അറുപതിൽ ചിറ ദേവസ്യാച്ചന്റേയും ഇളയമകളാണ് അന്നമ്മ. കൂത്രപള്ളി ഇലവംമൂട് കുടുംബാംഗമായ തോമ്മാച്ചൻ അന്നമ്മയെ വിവാഹം കഴിച്ചു. മക്കൾ കുക്കുമോൻ, ബേബിച്ചൻ, ബന്നി.

## 110. ചിന്നമ്മ

കരിയിൽ പുത്തൻപറമ്പ് നാല്പതിൽച്ചിറ കൊച്ചുകുട്ടിയുടേയും ത്രസ്യാമ്മയുടേയും മൂത്തമകളാണ് ചിന്നമ്മ. ആലപ്പുഴ കാപ്പിൽ പറമ്പിൽ പീലിച്ചനാണ് ചിന്നമ്മയെ വിവാഹം കഴിച്ചത്. മക്കൾ മറിയാമ്മ, ഏലിക്കുട്ടി, ക്ലാരമ്മ, ലില്ലിക്കുട്ടി, മേരിക്കുട്ടി, ബാബു, അപ്പച്ചൻകുഞ്ഞ്, കുഞ്ഞുമോൾ, മോനിച്ചൻ.

## 111. ചാക്കോച്ചൻ

കരിയിൽ പുത്തൻപറമ്പ് നാല്പതിൽചിറ കൊച്ചുകുട്ടിയുടേയും ത്രേസ്യാമ്മയുടേയും മൂത്ത മകനാണ് ചാക്കോച്ചൻ. കൃഷിക്കാരനായ ചാക്കോച്ചൻ വെളിയനാട് ഇരുട്ടുവേലിച്ചിറ അന്നമ്മയെ വിവാഹം കഴിച്ചു. മക്കൾ. പെണ്ണമ്മ, കുഞ്ഞുമോൻ, ആനി, തങ്കച്ചൻ, വത്സമ്മ, മോനിച്ചൻ, കൊച്ചുമോൻ, ഏലിയാമ്മ, ബാബു. 1998 ൽ ചാക്കോച്ചൻ കർത്താവിൽ നിദ്രപ്രാപിച്ചു.



## 112. അപ്പായി

കരിയിൽ പുത്തൻപറമ്പ് നാല്പതിൽച്ചിറ കൊച്ചുകുട്ടിയുടയും ത്രേസ്യാമ്മയുടേയും രണ്ടാമത്തെ മകനാണ് അപ്പായി. കൃഷിയിലും അനുബന്ധപ്രനവർത്തനങ്ങളിലും തല്പരനായിരുന്ന അപ്പായി വെളിയനാട് തേവേരിക്കളത്തിൽ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. മക്കൾ. തങ്കമ്മ, റോസമ്മ, കുഞ്ഞമ്മ, അപ്പച്ചൻകുട്ടി, ലീലാമ്മ, ലാലിമ്മ, കുഞ്ഞുമോൾ.



## 113. കുട്ടിയമ്മ

കരിയിൽ പുത്തൻപറമ്പ് നാല്പതിൽച്ചിറ കൊച്ചുകുട്ടിയുടേയും ത്രേസ്യാമ്മയുടേയും രണ്ടാമത്തെ മകളാണ്. കുട്ടിയമ്മ. മങ്കൊമ്പു കുമരന്തറ അന്തോനിച്ചനാണ് കുട്ടിയമ്മയെ വിവാഹം കഴിച്ചത്. മക്കൾ. കുട്ടപ്പൻ, ജോയി, ദേവസ്യാച്ചൻ, തെയ്യാമ്മ, അച്ചാമ്മ, റോസമ്മ, ആനി, എത്സമ്മ, മോനി.



## 114. അമ്മിണി

കരിയിൽ പുത്തൻപറമ്പ് നാല്പതിൽചിറ കൊച്ചുകുട്ടിയുടേയും ത്രേസ്യാമ്മയുടേയും മൂന്നാമത്തെ മകളാണ് അമ്മിണി. കരുവാറ്റ പട്ടന്റെപറമ്പിൽ വക്കച്ചനാണ് അമ്മിണിയെ വിവാഹം കഴിച്ചത്. മക്കൾ തങ്കമ്മ, തങ്കച്ചൻ, ആനി, എത്സമ്മ, കുഞ്ഞുമോൾ, സിബി.

## 115. റോസമ്മ

കരിയിൽ പുത്തൻപറമ്പ് നാല്പതിൽചിറ കൊച്ചുകുട്ടിയുടേയും ത്രേസ്യാമ്മയുടേയും നാലാമത്തെ മകളാണ് റോസമ്മ. പുന്നകുന്നത്തുശേരി തേരേടം അപ്പച്ചനാണ് റോസമ്മയെ വിവാഹം കഴിച്ചത്. മക്കൾ. റ്റോമി, ലീലാമ്മ, ത്രേസ്യാമ്മ, സി.കുഞ്ഞമ്മ.



## 116. അന്തോനിച്ചൻ

കരിയിൽപുത്തൻപറമ്പ് നാല്പതിൽചിറ കൊച്ചുകുട്ടിയുടേയും ത്രേസ്യാമ്മയുടേയും മൂന്നാമത്തെ പുത്രനാണ് അന്തോനിച്ചൻ. കൃഷിയിലും അനുബന്ധപ്രവർത്തനത്തിലും ഏർപ്പെട്ടിരിക്കുന്ന അന്തോനിച്ചൻ കുന്നമ്മ ഇടവകപള്ളിയിലെ കുടുംബകൂട്ടായ്മ ലീഡർകൂടിയാണ്. ---- കുടുംബാംഗമായ ക്ലാരമ്മയാണ് ഭാര്യ. തെക്കേത്തല്ക്കൽ കരിക്കംപള്ളി കുടുംബത്തിന്റെ കൂട്ടായ്മ ഊഷ്മളതയോടെ നിലനിർത്തുന്നതിൽ ബദ്ധശ്രദ്ധനാണ് അന്തോനിച്ചൻ. മക്കൾ ഷാജി, സാബു, ഷൈനി, മിനി.



## 117. ഒസേപ്പച്ചൻ

കരിയിൽ പുത്തൻപറമ്പ് നാല്പതിൽച്ചിറ കൊച്ചുകുട്ടിയുടേയും ത്രേസ്യാമ്മയുടേയും നാലാമത്തെ പുത്രനാണ് ഔസേപ്പച്ചൻ. ആലപ്പുഴ മണ്ണാരുപറമ്പിൽ അമ്മിണിയാണു ഭാര്യ. മക്കൾ. റെജി, വിജി, ജിജി, 1995 ൽ ഔസേപ്പച്ചൻ കർത്താവിൽ നിദ്രപ്രാപിച്ചു.



## 118. മറിയാമ്മ

കരിയിൽ പുത്തൻപറമ്പ് നാല്പതിൽചിറ കൊച്ചുകുട്ടിയുടേയും ത്രേസ്യാമ്മയുടേയും അഞ്ചാമത്തെ മകളാണ് മറിയാമ്മ. വെളിയനാട് നാല്പതാംകളത്തിൽ കുഞ്ഞച്ചനാണ് മറിയാമ്മയെ വിവാഹം കഴിച്ചത്. മക്കൾ

## 119. മണിയമ്മ

കരിയിൽ പുത്തൻപറമ്പ് നാല്പതിൽചിറ കൊച്ചുകുട്ടിയുടേയും ത്രസ്യാമ്മയുടേയും ആറാമത്തെ മകളാണ് മണിയമ്മ. ചങ്ങങ്കരി കൊച്ചുപറമ്പിൽ അപ്പച്ചനാണ് മറിയാമ്മയെ വിവാഹം കഴിച്ചത്. മക്കൾ. ഷാജി, ഓച്ചപ്പൻ, ആൻസി, സാബു, ബിജു.

## 120. കുഞ്ഞമ്മ

കരിയിൽ പുത്തൻപറമ്പ് നാല്പതിൽചിറ കൊച്ചുകുട്ടിയുടേയും ത്രസ്യാമ്മയുടേയും ഇളയ പുത്രിയാണ് കുഞ്ഞമ്മ. കരുവാറ്റ മുട്ടുങ്കൽ ജോസാണ് ഭർത്താവ്. മകൻ വിനോദ്

## 121. തോമ്മാച്ചൻ

കരിയിൽ പുത്തൻപറമ്പ് പുന്നക്കളം കൊച്ചുകുട്ടിയുടേയും ത്രേസ്യാമ്മയുടേയും ഇളയ പുത്രനാണ് തോമ്മാച്ചൻ. കരിനില കൃഷിക്കാരനാണ് തോമ്മച്ചൻ. പച്ച കറുകയിൽ മറിയകുട്ടിയാണ് ഭാര്യ. മക്കൾ. ബിനു, ബീനാ, സന്തോഷ്, ബിന്ദു.



## 122. മേരിക്കുട്ടി

